2. 31/1421

# കഥാചന്ദ്രിക

23·5
A

# കഥാചന്ദ്രിക

എൺപത്തിരണ്ടു ചെറുകഥകളുടെ സമാഹാരം.

2 31/1421

ACHARYA PALACKAL JEEVASS KENDRAM ALWAYE LIBRARY 17780
ST. ANTONY'S CARMELITE MONASTERY RAILWAY STATION ALWAYE ALWAYE, THAVANCORE

എസ്. എച്ച്. ലീഗ്.
മംഗലപ്പുഴ സെമ്മിനാരി, ആലുവാ.

1950.

കോപ്പി 1500] [വില. രൂ1—12ണ

Printed at the J. M. Press,
Apostolic Seminary,
Alwaye.

M/823.5
~~KAT~~ LEA

**Nihil Obstat.**

Fr. Aurelian O. C. D.,
Rector,
Ap. Seminary.

*Alwaye,*
*16th June 1950.*

**Imprimatur.**

† Joseph Attipetty,
*Ernakulam,* *Abp. Verapoly.*
*16th July 1950.*

ST. ANTONY'S CARMELITE MONASTERY ✣ ALWAYE,
S. I. RAILWAY STATION, ALWAYE, TRAVANCORE

# കത്തോലിക്കാകുടുംബത്തിന്റെ
# രജതജൂബിലിസ്മാരകം.

പാലാരൂപതയുടെ മെത്രാൻ നിതാന്തവന്ദ്യ
ദിവ്യശ്രീ വയലിൽ മാർ സെബസ്ത്യാനോസ്
ബി. എ., എൽ. ററി., ഡി. ഡി., തിരുമനസ്സിലെ

# അവതാരിക

ഒരുവൻെറ ശരീരസ്ഥിതി അവൻ കഴിക്കുന്ന ആഹാരത്തെ ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നു. അതുപോലെതന്നെ ഒരുവൻെറ ആധ്യാത്മികസംസ്കാരവും സാമാന്യമായി അവൻ വായിക്കുന്ന ഗ്രന്ഥങ്ങളുടെ സ്വഭാവത്തെയാണ് ആശ്രയിച്ചിരിക്കുക. ഇക്കാലത്ത് ഗഹനങ്ങളും ദീർഘങ്ങളുമായ ഗ്രന്ഥങ്ങൾ വായിക്കുവാൻ സാധാരണക്കാക്കു സമയമില്ല, ക്ഷമയുമില്ല. അധികം ക്ലേശം കൂടാതെ വായിച്ചു രസിക്കാവുന്ന ലഘുഗ്രന്ഥങ്ങളാണ് അവർ ഇഷ്ടപ്പെടുന്നത്. പുരോഗമനത്തിൻെറ പുതുമകൂടെയുണ്ടെങ്കിൽ അവയുടെ ആകർഷകത്വം അനേകമടങ്ങു വദ്ധിക്കുകതന്നെ ചെയ്യുന്നു. അതിനാലാണ് ഇന്നു ചെറുകഥകൾക്ക് അഭൂതപൂർവകമായ പ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്നത്.

ഒരു കഥയുടെ ഉള്ളടക്കം നല്ലതോ ചീത്തയോ എന്നു നോക്കാതെ അതിൻെറ സാഹിത്യഗുണത്തിലും രസാത്മകത്വത്തിലും മതിമയങ്ങിപ്പോകുന്നവരാണ് ആധുനികരായ അനുവാചകരിൽ അധികംപേരും. ഉപരിപ്ലവമായ ഈ അഭിരുചിയുടെ പശ്ചാത്തലത്തിൽ അസാന്മാർഗ്ഗികങ്ങളും അശ്ലീലങ്ങളുമായ അനേകം ചെറുകഥകൾ അനുദിനം പുറത്തുവന്നുകൊണ്ടിരിക്കുന്നു. വിഷം വമിക്കുന്ന അത്തരം കഥകൾ എത്രയെത്ര നിർമ്മലഹൃദയങ്ങളെ മലീമസമാക്കുന്നില്ല!

ആകയാൽ, ബഹുജനങ്ങളുടെ വിചാരവികാരങ്ങളെ പരിശുദ്ധവും സാന്മാർഗ്ഗികവുമായ ഒരന്തരീക്ഷത്തിലേക്ക് ഉയർത്ത

ണമെങ്കിൽ ആദർശസമ്പന്നങ്ങളും ആകർഷകങ്ങളുമായ ചെറുകഥകൾ ഉണ്ടായേ തീരൂ. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് മോഹനമായ ഈ ചെറുകഥാഗ്രന്ഥം പ്രസിദ്ധം ചെയ്യുവാൻ തയ്യാറായ എസ്. എച്ച്. ലീഗു ഭാരവാഹികളുടെ യത്നം തികച്ചും അഭിനന്ദനാർഹംതന്നെ. അശ്ലീലസാഹിത്യത്തിന്റെ മാരകമായ അടിയൊഴുക്കിനെ ആവുംവിധം തടയുകയും സഹൃദയന്മാർക്കു രസകരമായ ലഘുപാരായണത്തിനു വക നല്കുകയുമാണ് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം. അനുവാചകരെ ആഹ്ലാദിപ്പിക്കുന്നതിനോടൊപ്പം അവരുടെ അനുദിനജീവിതത്തോടു ബന്ധപ്പെട്ടുനില്ക്കുന്ന ചില മൗലികവിഷയങ്ങളെക്കുറിച്ച് അവർക്ക് ഉപരിജ്ഞാനം പ്രദാനം ചെയ്യുന്നതിനും ഈ പുസ്തകം ഉപകരിക്കുന്നതാണ്. ഉത്കൃഷ്ടമായ ആശയങ്ങളും അഭിലാഷങ്ങളും വായനക്കാരുടെ മനസ്സിൽ അങ്കുരിപ്പിച്ച് അവയെ പ്രായോഗികജീവിതത്തിലേക്കു പകർത്തുന്നതിന് ഈ കഥകൾ തീർച്ചയായും അവരെ പ്രേരിപ്പിക്കാതിരിക്കയില്ല.

കുട്ടികളുടെ മതാധ്യാപനത്തിൽ ഉൽസുകരായിരിക്കുന്ന മാതാപിതാക്കന്മാർക്കും ഗുരുജനങ്ങൾക്കും ഈ പുസ്തകം വലിയൊരനുഗ്രഹമായിരിക്കും. ചിത്രങ്ങളും കഥകളുംകൊണ്ടു ക്രിസ്തീയതത്വങ്ങളെ പ്രകാശിപ്പിക്കുകയാണെങ്കിൽ കുട്ടികളുടെ മനസ്സിൽ അവ അനായാസേന പതിയുകയും അങ്ങനെ മതപഠനം അവർക്കു രസകരവും ആകർഷകവുമായിത്തീരുകയും ചെയ്യും. ദിവ്യനാഥൻതന്നെ കഥകളും ഉപമകളും ഉപയോഗിച്ചാണല്ലോ തന്റെ ലോകോത്തരതത്വങ്ങൾ ജനാവലിക്കു പകർന്നുകൊടുത്തതു്. പിഞ്ചുഹൃദയങ്ങളിൽ ധാർമ്മികവും ഭക്തിപരവുമായ മായാത്ത ചിത്രങ്ങൾ വരയ്ക്കുവാൻ ഇതിലെ ചെറുകഥകൾ തികച്ചും പര്യാപ്തങ്ങളാണ്.

'കത്തോലിക്കാകുടുംബം' അതിന്റെ വിലയേറിയ സേവനം കേരളീയർക്കു നല്കുവാൻ തുടങ്ങിയിട്ട് ഇരുപത്തിയഞ്ചു വർഷങ്ങൾ ഇതാ പൂർത്തിയാകുന്നു. ഇപ്പോൾ അതിനു പ

ന്തീരായിരം പ്രതികൾ ചെലവാകുന്നുണ്ടെന്നുള്ളതുതന്നെ പൊതുജനങ്ങൾ അതിനു നല്കുന്ന ഹൃദ്യമായ സ്വീകരണത്തിന്റെ പ്രത്യക്ഷലക്ഷ്യമാണല്ലോ. അതിന്റെ ജൂബിലി സ്മാരകമായി ഈ ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു് ഏററം സന്ദർഭോചിതംതന്നെ.

ലോകത്തെ മുഴുവൻ വെള്ളിയിൽ മുക്കുന്ന ശീതളമായ പൂനിലാവു് എല്ലാവരുടേയും ഹൃദയത്തെ കുളിർപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ 'കഥാചന്ദ്രിക'യും കൈരളിയുടെ ഹൃദയത്തിനു കുളിർമ്മയും മനസ്സിനു പ്രകാശവും പ്രദാനം ചെയ്യട്ടെ. ഈ പ്രസിദ്ധീകരണത്തിനു കത്തോലിക്കാകേരളം സഹർഷം സുസ്വാഗതമരുളുമെന്നു നാം പ്രത്യാശിക്കുന്നു. ഗ്രന്ഥത്തിനും പ്രസാധകന്മാർക്കും അനുവാചകർക്കും ഹൃദയംഗമമായ ആശിസ്സുകൾ.

Palai
21-XII-1950.
Feast of St. Thomas.

† Sebastian Vayalil
Bishop of Palai

# പ്രസ്താവന

രണ്ടു കാര്യങ്ങളാണ് 'കഥാചന്ദ്രിക'യുടെ പ്രസിദ്ധീകരണത്തിനു ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളത്: മനുഷ്യന്റെ മതപരവും സാന്മാർഗ്ഗികവുമായ ജീവിതത്തെ 'ഷോക്ക്'ടിച്ചു മരവിപ്പിക്കുന്ന ചെറുകഥകളുടെ സ്ഥാനത്ത് ആദർശസുരഭിലങ്ങളായ കഥകൾ പ്രചരിപ്പിക്കുവാനുള്ള ആഗ്രഹം; 'കത്തോലിക്കുടുംബ'ത്തെ, വിശിഷ്യ അതിലെ ചെറുകഥകളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്ന അനുവാചകലോകത്തിന്റെ ആദർശശുദ്ധി.

ഇതിലെ മിക്ക കഥകളും ചരിത്രസംഭവങ്ങളിൽനിന്ന് ഉടലെടുത്തിട്ടുള്ളവയും 'കത്തോലിക്കാകുടുംബ'ത്തിൽ രൂപാന്തരേണ പ്രത്യക്ഷപ്പെട്ടിട്ടുള്ളവയുമാണ്.

വിജ്ഞേയവും വിലയേറിയതുമായ ഒരവതാരികവഴി 'കഥാചന്ദ്രിക'യെ സാഹിതീനഭസ്സിൽ ഉദയം ചെയ്യിപ്പിക്കുവാൻ കനിഞ്ഞ അഭിനവപാലാരൂപതാമെത്രാൻ റൈറ്റ്. റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ ബി. എ. എൽ. റ്റി. തിരുമേനിക്കു ഞങ്ങളുടെ ഹൃദയംഗമവും വിനീതവുമായ കൃതജ്ഞത.

യഥാർത്ഥമായ ആദർശത്തിലേയ്ക്കും ആനന്ദത്തിലേയ്ക്കും ആർക്കെങ്കിലും ഈ കൃതി വഴികാട്ടുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്,
സെമിനാരി, ആലുവാ.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| | അവതാരിക | iv |
| | പ്രസ്താവന | vii |
| 1. | കരക്കന്യാസ്ത്രീ. | 1 |
| 2. | നെപ്പോളിയന്റെ തോഴൻ. | 7 |
| 3. | പടുവൃദ്ധന്റെ പരിപാലനം. | 8 |
| 4. | മീശക്കാരൻ മിഷനറി. | 11 |
| 5. | റിക്ഷാക്കാരന്റെ രക്തം. | 14 |
| 6. | ചാർക്കോച്ചന്റെ മാ[illegible] | 18 |
| 7. | പരസ്യമാക്കിയ രഹസ്യം. | 20 |
| 8. | വയസ്സന്റെ വടംവലി. | 22 |
| 9. | അന്തിമോപഹാരം. | 25 |
| 10. | ആ വെള്ളയുടുപ്പ്. | 28 |
| 11. | വിരുന്നുകാരനോട്. | 31 |
| 12. | കിളിയുടെ മാതാവ്. | 33 |
| 13. | അങ്ങാടിയിൽനിന്ന്. | 36 |
| 14. | വിത്തിനൊത്ത വിളവ് | 40 |
| 15. | മാത്തച്ചന്റെ പൂന്തോട്ടം. | 42 |
| 16. | പെരുവഴിയിൽ. | 46 |
| 17. | ആ ഭീകരസത്വം. | 49 |
| 18. | പിശാചിന്റെ പിടിയിൽനിന്ന്. | 51 |
| 19. | ചെന്നായ് ചെമ്മരിയാടായി. | 53 |
| 20. | കമ്മ്യൂണിസ്റ്റിന്റെ മുൻപിൽ. | 60 |
| 21. | മൂർഖന്റെ വായിൽ. | 62 |
| 22. | കണ്ടവന്റെ പണം. | 65 |
| 23. | ആങ്ങളയും പെങ്ങളും. | 68 |
| 24. | മധുരസ്മരണങ്ങൾ. | 70 |
| 25. | മരണത്തിനു മറുമരുന്ന്. | 74 |

| | | |
|---|---|---|
| 26. | കർത്താവിൻെറ കണ്ണിലുണ്ണികൾ | 77 |
| 27. | കൂപ്പുകൈ. | 80 |
| 28. | മരണക്കിടക്കയിലെ മാനസാന്തരം. | 82 |
| 29. | അരുളിക്കായിലെ ആത്മനാഥൻ. | 85 |
| 30. | വിസ്മയം. | 87 |
| 31. | സുന്ദരദിനങ്ങൾ. | 88 |
| 32. | ആഹുതി. | 93 |
| 33. | ചുംബനം. | 97 |
| 34. | ആ ചോദ്യം. | 100 |
| 35. | കുരുടിത്തള്ള. | 103 |
| 36. | ഉദ്യമം സഫലമായി. | 105 |
| 37. | കരിഞ്ഞ ഞെട്ടിലെ വിരിഞ്ഞ പൂക്കൾ. | 107 |
| 38. | പത്രബാലൻ. | 113 |
| 39. | മാതാവിൻെറ റോസപ്പൂ. | 116 |
| 40. | തുടിക്കുന്ന ഹൃദയം. | 120 |
| 41. | അമ്മയ്ക്കുവേണ്ടി. | 124 |
| 42. | ആ ബ്രിട്ടീഷുരൂപാ. | 128 |
| 43. | പ്രതികാരം. | 131 |
| 44. | ജോസഫ് ദാസ്. | 134 |
| 45. | കൊമ്പൻകാള. | 140 |
| 46. | കളിപ്പാവ. | 143 |
| 47. | ചെറിപ്പുകത്തി. | 146 |
| 48. | കണ്ണാടിച്ചില്ല്. | 149 |
| 49. | കടപ്പുറത്തെ കുടിലിൽ | 152 |
| 50. | വള്ളംകളി. | 155 |
| 51. | കള്ളൻെറ കൗശലം. | 158 |
| 52. | ഒരു നല്ല സൂത്രം. | 161 |
| 53. | കൊമ്പുകുത്തിയ പ്രകൃതിപ്രക്ഷോഭം. | 164 |
| 54. | സത്യത്തിനു സമ്മാനം. | 167 |

55. ആ കറുത്ത സാധനം. 170
56. ആ സോഷ്യലിസ്ററുകാരൻ. 172
57. ഉദ്യോഗക്കയററം. 176
58. ആ സഹോദരന്മാർ. 180
59 രണ്ടാനമ്മ. 183
60. പുറംപൂച്ചുകൾ. 186
61. പാട്ടുകച്ചേരി. 191
62. കഥയുടെ കഥ. 194
63. ഈശോസഭയിലേക്ക് 198
64. മടിയശിരോമണി. 204
65. പ്രത്യാഗമനം. 207
66. അപ്പച്ചന്റെ ആലിംഗനം. 209
67. തിളങ്ങുന്ന കണ്ണ്. 213
68 അമ്മ. 217
69. കടൽപ്പന്നി. 220
70. തിരിച്ചടി. 223
71. ലില്ലിയുടെ റോസപ്പൂക്കൾ 226
72. ആസാമി. 230
73. തട്ടുംപുറത്ത്. 232
74. ഏഡ് കാൺസ്റ്റബിൾ 234
75. മൂന്നുരൂപായ്ക്കു രണ്ടാത്മാക്കൾ 237
76. സ്വത്തുവിഭജനം. 242
77. കുതിരകേററം. 248
78. കഴിഞ്ഞ കഥ. 252
79. മുന്നറിയിപ്പ്. 255
80. കുടിയന്റെ സമ്മതം. 260
81. കൊലപ്പള്ളി. 266
82. സേവനം. 270

# കഥാചന്ദ്രിക

## 1. കരക്കന്യാസ്ത്രീ

നാലുമണിക്കു കാനോനനമസ്കാരം കഴിഞ്ഞു ഫാ. ജോർജ് തന്റെ ഉദ്യാനത്തിൽ ഉലാത്തിക്കൊണ്ടിരിക്കുകയാണ്. "അച്ഛാ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ; പള്ളിയിൽനിന്നു പോകുമ്പോൾ അങ്ങയെ കണ്ടിട്ടു പോകണമെന്നു ജോയി പറഞ്ഞു." "കൊള്ളാം എലിസബെത്തെ, നിങ്ങളുടെ കാര്യത്തെപ്പററി ഞാൻ ചിന്തിക്കുകയായിരുന്നു. ഒരുപായംമാത്രമേ എനിക്കു തോന്നുന്നുള്ളു. കുഞ്ഞേ, നീ വളരെ സ്നേഹിക്കുന്ന ആ പുസ്തകങ്ങൾ കുറേക്കാലത്തേയ്ക്കു ഉപേക്ഷിക്കാതെ തരമില്ല." "അച്ഛാ," അവൾ സങ്കടത്തോടെ പറഞ്ഞു: "പരീക്ഷയ്ക്കു ഇനിയും നാലുമാസമേയുള്ളു. ഇപ്പോൾ പഠനം നിറുത്തിയാൽ ഒരു സന്യാസിനിയായി ദൈവശുശ്രൂഷ ചെയ്യുവാനുള്ള എന്റെ തീവ്രമായ ആഗ്രഹം സാധ്യമാകാതെ പോയേക്കുമെന്നു ഞാൻ ഭയപ്പെടുന്നു. ഹാ! അതു് എനിക്ക് ഓർക്കാൻപോലും വയ്യാ." "കുഞ്ഞേ, നീ ഇക്കൊല്ലം ഹയർ പരീക്ഷ പാസ്സായാൽ മഠത്തിൽനിന്നു നിന്നെ ട്രെയിനിംഗിന് അയച്ചുകൊള്ളാമെന്നും പിന്നീടു പാത്രമേനിക്കൂടാതെ മഠത്തിൽ സ്വീകരിച്ചുകൊള്ളാമെന്നും മററും ബ. ശ്രേഷ്ഠത്തിയമ്മ എന്നോടു പറയുകയുണ്ടായി. എന്നാൽ നിന്റെ കുടുംബത്തിന്റെ സ്ഥിതി ഒന്നു് ഓർത്തുനോക്കുക. നിന്റെ പിതാവിന്റെ മരണശേഷം ദുഃഖംനിമിത്തം രോഗിണിയായിത്തീർന്നിരിക്കുന്ന ഒരമ്മയും രണ്ടുമൂന്നു പിഞ്ചുകുഞ്ഞുങ്ങളും. അവർ എങ്ങനെ ജീവിക്കും? ആ കുഞ്ഞുങ്ങളെ ആരു വളർത്തും? കുഞ്ഞേ, ഞാൻ നിർബന്ധിക്കുന്നില്ല. നീ നല്ലപോലെ

ആലോചിച്ചു നിശ്ചയിക്കുക. സർവ്വോപരി ഈശോയുടെ തിരുഹൃദയത്തിൽ സമാശ്രയിക്കുക. അവിടുന്നു തോന്നിക്കുന്നതുപോലെ പ്രവർത്തിച്ചാലും. ഏതായാലും താമസിക്കുവാൻ സമയമില്ല; നാളെ കുർബ്ബാന കഴിഞ്ഞു തീരുമാനം പറയണം. നിന്റെ നിയോഗത്തിൽ ഞാൻ നാളെ ദിവ്യബലി അർപ്പിക്കാം.'' നിരാശയാലും ദുഃഖത്താലും പീഡിപ്പിക്കപ്പെട്ടുകയാൽ കുറച്ചുനേരം നിശ്ശബ്ദയായി നിന്നശേഷം അവർ അവിടെനിന്നു നമ്രമുഖിയായി നടകൊണ്ടു. പള്ളിയിൽ വീണ്ടും പ്രവേശിച്ച് ഈശോയുടെ തിരുഹൃദയരൂപത്തിങ്കൽ മുട്ടുകുത്തി അവർ വിങ്ങിവിങ്ങിക്കരഞ്ഞു. സൂര്യാസ്തമയത്തോടുകൂടി അവർ ഓടിക്കിതച്ചു വീട്ടിൽ എത്തി. ഒരു നല്ല ശകാരവർഷമാണ് അവർക്ക് അവിടെ കിട്ടിയതു്. "പെങ്ങൾ ഇന്നു പോരുന്നില്ലെന്നു ഞാൻ ഓർത്തു; ശ്രേഷ്ഠത്തിയമ്മ കാപ്പിയും മററും തന്നായിരിക്കും", ജോയി പറഞ്ഞുതീർക്കുന്നതിനുമുമ്പായി ഗ്രേസി ഓടിവന്നു: "ചേച്ചി, ഇത്രനേരമായിട്ട ഞങ്ങൾക്കു കാപ്പി കിട്ടിയില്ലല്ലോ; കുഞ്ഞ് ഇതുവരെയും കരച്ചിലായിരുന്നു." "എന്റെ ഗ്രേസിക്കുട്ടീ, നീ കുഞ്ഞിനെ പുറത്തോട്ടൊന്നു കൊണ്ടുപോകൂ. ഞാൻ ഇപ്പോൾ കാപ്പി ശരിപ്പെടുത്തിത്തരാം; ജോയി, അവിടെനിന്നു കുറച്ചു കപ്പ എടുത്തുകൊണ്ടുവാ; ഞാൻ അതു പറക്കുമ്പോഴേയ്ക്കു നീ തട്ടുംപുറത്തുനിന്നു് ആ പഴം കുറേ ഇരിഞ്ഞുകൊണ്ടുവരണം. അമ്മ ഇന്നു് ഇങ്ങോട്ടു് ഒട്ടും വന്നില്ലേ?"

കാപ്പിക്കു വെള്ളം അടുപ്പത്തു വച്ചശേഷം അമ്മയിരിക്കുന്ന മുറിയിലേയ്ക്കു് അവർ ഓടി. "അമ്മേ, അമ്മയിങ്ങനെയിരുന്നു കരഞ്ഞാൽപിന്നെ ഞങ്ങളെന്തു ചെയ്യും? അമ്മ അടുക്കളയിലേയ്ക്കു് ഒന്നു വരണേ; കിടുകിട വിറയ്ക്കുന്ന തണുപ്പുള്ളപ്പോൾ ഇങ്ങനെ ഇവിടെയെന്തിനാ ഇരിക്കുന്നതു്? ആ അടുപ്പിനരികേ വന്നിരുന്നാൽ. തീയും കായാം; ഞങ്ങൾക്കൊരു സന്തോഷവും ആയി. അമ്മ ഞങ്ങൾക്കു ഭക്ഷണം വിളമ്പിത്തന്നിട്ടു് എത്ര നാളായി." എലിസബത്തു് ഒരു വിധത്തിൽ അമ്മയെ താ

ങ്ങി അടുക്കളയിൽ കൊണ്ടുവന്നാക്കി. പത്തു മിനിട്ടിനുള്ളിൽ കാപ്പി തയ്യാറായി. അവർ അമ്മയുടെ ചുററും കൂടിയിരുന്നു വളരെ വിശപ്പോടെ കാപ്പി കുടിച്ചു. "ജോയീ", എലിസബെത്തു പറഞ്ഞു: "കാപ്പി കുടി കഴിഞ്ഞു ഗ്രേസിയും കുഞ്ഞും ഉറങ്ങാൻപോകുമ്പോൾ, അമ്മയുമൊന്നിച്ചിരുന്നു നമുക്കു ഗൗരവമായ ഒരു കാര്യം ആലോചിക്കുവാനുണ്ട്." ജോയി: "പെങ്ങളും അമ്മയുംകൂടി ആലോചിച്ചുകൊള്ളുക. അങ്ങേതിലെ ചാക്കോയുമൊന്നിച്ച് എനിക്കു സിനിമാ കാണുവാൻ പോകണം." "സിനിമാ കാണാൻ പോകരുതെന്നല്ലേ ബ. വികാരിയച്ചൻ പറഞ്ഞിരിക്കുന്നത്; ഇന്ന് ഏതായാലും ഒക്കുകയില്ല," എലിസബെത്തു കർശനമായിപ്പറഞ്ഞു. ജോയി മനസ്സില്ലാമനസ്സോടെ അവിടെയിരുന്നു. കുട്ടികൾ പോയപ്പോൾ എലിസബെത്തു തന്റെ പ്ലാൻ സവിസ്തരം അവരെ പറഞ്ഞുകേൾപ്പിച്ചു. ബ. ജോർജ്ജച്ചന്റെ ഉപദേശപ്രകാരം എങ്ങനെ തന്റെ പഠനം നിറുത്തി കുടുംബസംരക്ഷണത്തിനായി ഒരു തയ്യൽക്കട ഉടൻ ആരംഭിക്കണമെന്നും അതിനോടനുബന്ധിച്ച് ഒരു ചില്ലറക്കച്ചവടപ്പീടിക തുടങ്ങണമെന്നും അതിനു ജോയിയും അമ്മയും ഉള്ളഴിഞ്ഞു സഹായിച്ചാൽ തങ്ങളുടെ പാവപ്പെട്ട കുടുംബം നാശത്തിൽനിന്നും പട്ടിണിയിൽനിന്നും രക്ഷപെടുമെന്നും നെടുവീർപ്പിട്ടുകൊണ്ട് അവൾ പറഞ്ഞുകേൾപ്പിച്ചു. "പ്രിയ കുഞ്ഞേ, നിന്റെ ധൈര്യം അസാമാന്യമായിരിക്കുന്നു. എന്നാൽ എനിക്കു കച്ചവടത്തിൽ ഒന്നും പരിചയമില്ല. നിന്റെ അപ്പൻ ജീവിച്ചിരുന്നപ്പോൾ . . . . ." ആ സാധുവിധവ പൊട്ടിക്കരഞ്ഞുതുടങ്ങി "പെങ്ങൾക്കു മഠത്തിൽ പോകണ്ടേ?" ജോയി ചോദിച്ചു. "എന്റെ കുഞ്ഞാങ്ങളേ, ഈശോ എല്ലാം ശരിയാക്കും. അമ്മ ദുഃഖിച്ചു സുഖക്കേടു വർദ്ധിപ്പിക്കാതിരുന്നാൽ എല്ലാം ശുഭമാകും."

പിറേറന്നു രാവിലെ കർബാന കഴിഞ്ഞു് എലിസബെത്തു തന്റെ നിശ്ചയം വികാരിയച്ചനെ അറിയിച്ചു. അദ്ദേഹം പറ

ഞ്ഞു: "കുഞ്ഞേ, ഞാൻ വളരെ സന്തോഷിക്കുകയും നിന്നെ അ ഭിനന്ദിക്കുകയും ചെയ്യുന്നു. ഇതാ അജ്ഞാതനായ ഒരുപകാരി തന്ന ഈ ചെറിയതുകകൊണ്ടാരംഭിക്കുക; നൂറു രൂപായുണ്ട്. നിനക്കു തയ്യൽ അറിയാമല്ലോ. 'മെഷീനു' ഞാൻ ഉടനെ എഴുതാം. പണം തവണയായി അടച്ചുതീർത്താൽ മതി. ഭീരുതാംകൂടാതെ ഹൃദയപൂർവ്വം പരിശ്രമിക്കുക. ഈശോയുടെ തിരുഹൃദയത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചുകൊണ്ടു ക്ലേശങ്ങളെ ക്ഷമയോടെ സഹിക്കുക. "എന്റെ തിരുഹൃദയഭക്തരുടെ എല്ലാ ഉദ്യമങ്ങളേയും ഞാൻ ധാരാളമായി അനുഗ്രഹിക്കും." എന്നരുളിച്ചെയ്തിട്ടുള്ള ഈശോ നിന്റെ ഈ സംരംഭത്തെ വിജയത്തിലെത്തിക്കാതിരിക്കുകയില്ല." "അച്ചാ, അങ്ങയുടെ വാഴ്വ്" കണ്ണുനീർക്കണങ്ങൾ പൊഴിച്ചുകൊണ്ട് എലിസബെത്തു മുട്ടുകുത്തി.

ലോകത്തിന്റെ വക്രതകൾ ഒന്നും അറിഞ്ഞുകൂടാത്ത ഒരു പെൺകുട്ടിയും ഹസ്റ്റൂഫാറത്തിൽ പഠിക്കുന്ന ഒരു പയ്യനും കൂടി നടത്തുന്ന കടയുടെ സ്ഥിതി ഏതാണ്ട് ഊഹ്യമാണല്ലോ. പററുപടികൾ അപൂർവ്വം. കടം വാങ്ങിച്ചുകൊണ്ടു പോയവരെ പിന്നെ കാണാനില്ല. തയ്യൽവകയിൽക്കിട്ടുന്ന തുച്ഛമായ ലാഭം ജോയിക്കു ബീഡിവലിക്കാൻ തികയുകയുമില്ല. മിക്ക ശനിയാഴ്ചയും ബ. ജോർജ്ജച്ചൻ തന്റെ വൈകുന്നേരത്തെ നടപ്പുകഴിഞ്ഞു ആ ചില്ലറക്കടയിൽ കയറും. അന്നു സാമാനങ്ങൾക്കു നല്ല പിരിവാണ്. അവിടെയുള്ളതെല്ലാം വാങ്ങിക്കുവാനല്ല അദ്ദേഹത്തിന്റെ ഉദ്യമത്തിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുവാൻ എലിസബെത്തു കേണപേക്ഷിക്കേണ്ടിവരും. ഇങ്ങനെ കുറേനാൾ കഴിഞ്ഞു. ജോയിയുടെ ബീഡിവലി നിറുത്തുവാൻ അവൾ വളരെ കഷ്ടപ്പെടേണ്ടിവന്നു. അതിലുമധികം അമ്മയുടെ കരച്ചിൽനിറുത്തുവാൻ. ക്ഷമയും സഹനവും സർവ്വോപരി ഈശോയുടെ തിരുഹൃദയത്തിലുള്ള സമാശ്രയവുംകൊണ്ട് അവയൊക്കെ അവസരോചിതമായി അവൾ ജയിച്ചു. നിശ്ചയവില, കരാറുപാലിക്കുന്നതിലുള്ള നിഷ്ഠ, വ്യാപാരത്തിലു

ള്ള സത്യസന്ധത എന്നീ ഗുണങ്ങൾ അറിഞ്ഞ ഗ്രാമവാസികൾ കൂട്ടംകൂട്ടമായി പ്രസ്തുത കടയിൽ പററുപടിക്കാരായി. തയ്യൽക്കട ഒന്നു വിപുലമാക്കി, മൂന്നു നാലു് ആളുകളെ– തൊഴിൽ ഇല്ലാതെ നടന്ന ചില ബാലികമാരെ — ഏല്പിച്ചു് എലിസബത്തു് അതിന്റെ മേൽനോട്ടംമാത്രം വഹിച്ചു.

* * *

അന്നു ക്രിസ്മസിന്റെ തലേനാളായിരുന്നു. ക്രിസ്മസ് പടങ്ങളും മററും വാങ്ങിക്കാനായി ഫാ. ജോർജ്ജ് എലിസബത്തിന്റെ പരിഷ്കരിച്ച കടയിൽവന്നു. കടയുടെ മദ്ധ്യഭാഗത്തു നാലുപാടും പ്രഭ വിതറിക്കൊണ്ടു് ഒരു കൊത്തുരൂപം നിലകൊള്ളുന്നു. "അച്ചാ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. ഇന്നു് എന്റെ ഹൃദയം സംതൃപ്തമായിരിക്കുന്നു. പഴയ പടത്തിന്റെ സ്ഥാനത്തു് ഈ രൂപം എത്ര ശോഭിക്കുന്നു." "കൊള്ളാം എലിസബേത്ത്" ഫാ. ജോർജ്ജ് പ്രതിവചിച്ചു. "നിന്റെ ഹൃദയാഭിലാഷങ്ങളെല്ലാം സാധിച്ചുകാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈശോയുടെ കുഞ്ഞുപടയാളീ, തിരുഹൃദയം നിന്നെ അനുഗ്രഹിക്കട്ടെ."

ഇരുപതു കൊല്ലങ്ങൾ കടന്നുപോയി. ബ. ജോർജ്ജച്ചൻ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു. പഴയ ചില്ലറക്കടയുടെ സ്ഥാനത്തു രണ്ടുനിലയുള്ള പീടിക നിലകൊള്ളുന്നു. വാർദ്ധക്യത്തിലേക്കു പാദമൂന്നിയ ഒരു സ്ത്രീ അതിന്റെ ഒരു മുറിയിലിരുന്നു കണക്കുകൾ ശരിപ്പെടുത്തുന്നു. കടയുടെ പുറത്തു നടന്ന ഒരു സംഭാഷണം ശ്രദ്ധേയമാണു്. അതും ഏതാണ്ടിപ്രകാരമായിരുന്നു. വക്കി: "എടാ, ഈ പീടികയിൽനിന്നു സാമാനം വാങ്ങിച്ചാൽ അല്പം ആദായമുണ്ടു്." ചാക്കോ: "ആ കരക്കന്യാസ്ത്രീക്കു് ഒരു വിലമാത്രമേയുള്ളു. അതിൽ ഒട്ടും കുറയ്ക്കുകയില്ല. മററു പീടികയിൽ ആദ്യം പറയുന്നതിൽനിന്നു രണ്ടു ചക്രമെങ്കിലും കുറവു ചെയ്യാതിരിക്കുകയില്ല." പൈലോ: "ഇരട്ടി വില പറഞ്ഞതിന്റെ ശേഷം രണ്ടു ചക്രം കുറച്ചുകിട്ടുന്ന

താണു നിങ്ങൾക്കിഷ്ടം. എന്നാൽ നിങ്ങൾ സുകൃതിനിയായ ആ സ്ത്രീയെ കരക്കന്യാസ്ത്രീ എന്നു വിളിക്കുന്നതു് അവർക്കു വലിയ മനോവേദനയ്ക്കു കാരണമാകുവാൻ ഇടയുണ്ടു്. അവർ തന്റെ പിഞ്ചുസഹോദരർക്കുവേണ്ടി എത്ര വലിയ ത്യാഗമാണു കൈവരിച്ചതു്! അതിന്റെ ഫലമായി ഒരു വൈദികസത്തമൻ ഡിനാജ്പ്പൂർ മിഷനിൽ ദൈവത്തിനുവേണ്ടി ആത്മാക്കളെ സമ്പാദിക്കുന്നു. അതേ, പണ്ടത്തെ കൊച്ചുജോയി, ഇന്നു ദിവ്യപൂജയിൽ ഈ കരക്കന്യാസ്ത്രീയുടെ പേരുകൂടി ഓക്കുന്നുണ്ടു് എന്നുള്ള ചിന്തതന്നെ മിസ്സ് എലിസബത്തിനാശ്വാസകാരണമാണു്. പോരെങ്കിൽ അവൾക്കു സാധിക്കാതിരുന്നതും അവർ അത്യധികം ആഗ്രഹിച്ചിരുന്നതുമായ സ്ഥാനമല്ലേ അവളുടെ സഹോദരി ഗ്രേസി പ്രാപിച്ചിരിക്കുന്നതു്. അന്നു ദാരിദ്ര്യത്തിലും പട്ടിണിയിലും പെട്ടു നശിച്ചുപോകുമായിരുന്ന മുല്ലശ്ശേരിഭവനം ഇന്നിതാ കുഞ്ഞിന്റെ നായകത്വത്തിൽ സുകൃതത്തിന്റെയും സൗഭാഗ്യത്തിന്റെയും വിളനിലമായി പരിലസിക്കുന്നു. ഇതിനൊക്കെ കാരണക്കാരി ആരാണു്.?" ചാക്കോ: "നേരാണു് എന്റെ പൈലോച്ചേട്ടാ; മിണ്ടാതെ, അതാ ആ കരക്കന്യാസ്ത്രീ ഇങ്ങോട്ടു വരുന്നു."

ഒടുവിലത്തെ വാചകം ഭംഗിയായി എലിസബത്തു കേട്ടുവെങ്കിലും മന്ദസ്മിതം തൂകിക്കൊണ്ടു് അവർ അവക്കു വേണ്ട സാമാനങ്ങൾ കൊടുത്തു് അവരെ പറഞ്ഞയച്ചു. 'കരക്കന്യാസ്ത്രീ' എന്ന പേരു് ആരെങ്കിലും ഉച്ചരിച്ചുകേൾക്കുമ്പോൾ തന്റെ ഹൃദയത്തിലുണ്ടാകുന്ന ദുഃഖത്തെ പുറത്തുകാണിക്കാതെ, അവർ തന്റെ കണ്ണുകളെ തിരുഹൃദയരൂപത്തിങ്കലേക്കുയർത്തി പുതിയ പുതിയ ത്യാഗങ്ങളെ അവിടേത്തേയ്ക്കു സമർപ്പിച്ചുപോന്നു. അവർ പറയുക പതിവാണു്: "സാധുക്കൾ, അവർ എന്നെ എത്ര മാത്രം ബഹുമാനിക്കുന്നു! ഈശോയുടെ തിരുഹൃദയം അവരെ അനുഗ്രഹിക്കട്ടെ."

# 2. നെപ്പോളിയന്റെ തോഴൻ

യൂറോപ്പിനെ കിടുകിടെ വിറപ്പിച്ചു വിശ്വവിഖ്യാതി അർജ്ജിച്ച നെപ്പോളിയൻ ഒരിക്കൽ ഒരു നാടകശാലയിൽ കളി കണ്ടുകൊണ്ടിരിക്കുകയായിരുന്നു. നാടകം തകൃതിയായി നടന്നുകൊണ്ടിരുന്നുവെങ്കിലും ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തിന്റെ കണ്ണുകൾ നാടകശാലയുടെ നാലു ഭാഗത്തേക്കും പാഞ്ഞുകൊണ്ടാണിരുന്നതു്. കളിസ്ഥലത്തിരുന്നു രസിച്ചുകൊണ്ടിരുന്ന പല സ്നേഹിതന്മാരെ അദ്ദേഹം കണ്ടു. എങ്കിലും അല്പം അകലെയായി തന്റെ മുമ്പിലിരുന്ന ഒരു തോഴന്റെ ഇരുപ്പു് അദ്ദേഹത്തിന്റെ പ്രത്യേകശ്രദ്ധയെ ആകർഷിച്ചു.

നെപ്പോളിയനു് ആ ബാലതോഴനോടുണ്ടായിരുന്ന പ്രത്യേകവാത്സല്യത്തേക്കാൾ ഉപരിയായി മററു ചില കാരണങ്ങളാണു് അദ്ദേഹത്തിന്റെ ശ്രദ്ധയെ അവനിലേക്കാകഷിച്ചതു്. കുലീനവംശജനായ പ്രസ്തുത ബാലന്റെ പ്രകൃത്യാ സുന്ദരമായ മുഖം തദവസരത്തിൽ ഒരു ദിവ്യദീപ്തിയോടെ വിലസിയിരുന്നു. അവന്റെ കണ്ണുകൾ കളിസ്ഥലത്തേക്കു വല്ലപ്പോഴെങ്കിലും തിരിക്കുകപോലും അവൻ ചെയ്തിരുന്നില്ല. തല അല്പം താഴ്ത്തി ദൃഷ്ടി കീഴോട്ടാക്കി കരങ്ങൾ ഒരു കമ്പിളിവസ്ത്രത്തിന്റെ കീഴിൽ മറച്ചുകൊണ്ടുള്ള ഇരുപ്പു്, പ്രകാശമാനമായ മുഖം ഇവ ആരുടേയും ശ്രദ്ധയെ ആകഷിക്കുവാൻ പോരുന്നവയായിരുന്നു.

ബാലനിൽ പ്രത്യക്ഷമായ ഈവക പ്രത്യേകതകളുടെ കാരണം കണ്ടുപിടിക്കണമെന്നു കരുതി നെപ്പോളിയൻ അവന്റെ സമീപേ ചെന്നു കമ്പിളിവസ്ത്രത്തിൽ തട്ടിനോക്കി. അപ്പോൾ പ്രത്യക്ഷമായതു വെറും ഒരു കൊന്തമാത്രമാണു്.

“ഹാ, അഗുസ്റ്റോ, നിന്റെ വിദ്യ ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ ഒട്ടും ഭയപ്പെടേണ്ടാ. ഞാൻ തികച്ചും സന്തുഷ്ടനായിരിക്കുന്നു. ഈ രംഗത്തിലെ ചില്ലറക്കാഴ്ചകളെ അവഗണി

ച്ചു നീ ഗൗരവമായ കാര്യങ്ങളിൽ വ്യാപൃതനായിക്കാണുന്നതു് ആനന്ദകരംതന്നെ. ഭാവിയിൽ നീ ഒരു മഹാനായിത്തീരും" എന്നിങ്ങനെ പറഞ്ഞുകൊണ്ടു് അദ്ദേഹം കൊന്ത ബാലനു തിരിയെ കൊടുത്തു. "നീ നിന്റെ പ്രാർത്ഥന തുടർന്നുകൊള്ളുക. ഞാൻ ഇനി നിന്റെ ഏകാന്തതയെ ഭംഗപ്പെടുത്തുകയില്ല."

നെപ്പോളിയന്റെ പ്രവചനം പൂർത്തിയായി. നമ്മുടെ കഥാനായകനായ ബാലൻ ബെസങ്കോൺ എന്ന ദേശത്തിലെ കർദ്ദിനാൾ മെത്രാനായി, സുവിശ്രുതനായി ചരമഗതി പ്രാപിച്ചു. കളിസ്ഥലത്തുപോലും ഉണർന്നിരുന്നു ജപമാല എത്തിച്ച ഈ പിഞ്ചുബാലന്റെ മാതൃക എല്ലാ ദിവസവും ഭക്തിയോടുകൂടെ കൊന്ത ചൊല്ലുന്നതിനു നമ്മെ ഉത്തേജിപ്പിച്ചിരുന്നെങ്കിൽ!

# 3. പടുവൃദ്ധന്റെ പരിപാലനം

ഫ്രാൻസിൽ ചെറിയ ഒരു ഗ്രാമത്തിൽ ബ്രൂണോ എന്നു പേരായ ഒരാൾ താമസിച്ചുവന്നു. വിദൂരസ്ഥനായ ഒരു സ്നേഹിതനിൽനിന്നു് അയാൾക്കു കുറേ പണം കിട്ടാനുണ്ടായിരുന്നു. പണത്തിനു് ആവശ്യം നേരിടുകയാൽ വൃദ്ധനായ ബ്രൂണോ തന്റെ ഏകപുത്രനായ റോബർട്ടിനെ അതു വാങ്ങിക്കൊണ്ടുവരുവാനായി ഒരു കൂട്ടുകാരനോടുകൂടെ യാത്രയാക്കി. അവർ പണം വാങ്ങിച്ചു തിരികെ പോരുമ്പോൾ ഒരു അപരിചിതൻ അവരെ അനുഗമിച്ചു. ദീർഘസംഭാഷണങ്ങൾക്കുശേഷം അപരിചിതൻ അവരുടെ ആപ്തമിത്രവുമായി. റോബർട്ടു തന്റെ യാത്രോദ്ദേശ്യം പുതിയ സ്നേഹിതനെ ധരിപ്പിക്കുവാൻ അശേഷം ശങ്കിച്ചതുമില്ല. സ്വദേശത്തു് എത്തിച്ചേരുവാൻ അവർക്കിനിയും ധാരാളം സഞ്ചരിക്കേണ്ടതുണ്ടു്. ഇതറിഞ്ഞപ്പോൾ തന്റെ വീടു സമീപിച്ചിരിക്കുന്നുവെന്നും അവിടെ രാത്രി കഴിച്ചുകൂട്ടാമെന്നും

പുതിയ സ്നേഹിതൻ പറഞ്ഞതനുസരിച്ചു റോബർട്ടും കൂട്ടുകാരനും അയാളെ അനുഗമിച്ചു. അവർ ഒരു വിജനപ്രദേശത്തുവന്നു. ഉടനടി ആ പുതിയ ചങ്ങാതി വസ്ത്രത്തിന്നടിയിൽ ഒളിച്ചുവച്ചിരുന്ന ഒരു കഠാരിയെടുത്തു റോബർട്ടിന്റെ മാറിൽ നിഷ്ക്കരുണം കുത്തിയിറക്കി. 'ചതിച്ചല്ലോ' എന്നു പറഞ്ഞു റോബർട്ടു നിലത്തു വീണതും കൂട്ടുകാരൻ ഭയപ്പെട്ടു് ഓടിമറഞ്ഞതും ഒപ്പം കഴിഞ്ഞു. പണസഞ്ചി കൈക്കലാക്കി ആ വഞ്ചകനും അപ്രത്യക്ഷനായി. ഘാതകൻ പോയെന്നു കണ്ടപ്പോൾ കൂട്ടുകാരൻ അടുത്തുവന്നു പരിശോധിച്ചു. "ഹാ! റോബർട്ടു മരിച്ചിരിക്കുന്നു." അയാൾ നിലവിളിച്ചും നെഞ്ചത്തടിച്ചും സ്വദേശത്തേയ്ക്കോടി പുത്രന്റെ മരണവൃത്താന്തം മാതാപിതാക്കന്മാരെ അറിയിച്ചു. വത്സലപുത്രന്റെ അപമൃത്യു ആ വൃദ്ധദമ്പതികൾക്കു ബോധക്ഷയമുളവാക്കി. അയൽവാസികളിൽ ചിലർ മൃതശരീരം കണ്ടെടുക്കുവാൻ സംഭവസ്ഥലത്തേയ്ക്കു പുറപ്പെട്ടു. പക്ഷേ, ആ സ്ഥലത്തു മൃതശരീരം കാണാതെ അവർ ഭഗ്നാശരായി മടങ്ങിവന്നു.

ദിവസങ്ങൾ കുറെ കഴിഞ്ഞു. ഒരിക്കൽ ബ്രൂണോയും ഭാര്യയും തങ്ങൾക്കു നേരിട്ട ആ തീരാനഷ്ടത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ അതാ റോബർട്ട് ഒരു വൃദ്ധന്റെ അകമ്പടിയോടുകൂടി അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു! "ഇതെന്തു വിസ്മയം! നമ്മൾ സ്വപ്നലോകത്തിലോ!" ആ വൃദ്ധനേത്രങ്ങളിൽ അവർ അത്രവിശ്വസിച്ചില്ല. ബ്രൂണോ വീണ്ടും സൂക്ഷിച്ചുനോക്കി പരിഭ്രമിച്ചു നില്ക്കുകയിൽ റോബർട്ട് ഇപ്രകാരം പറഞ്ഞു: "പിതാവേ, അവിടുന്നു വ്യസനിക്കേണ്ട. അങ്ങുന്നു ഈ കാണുന്നതു മായയോ സ്വപ്നമോ അല്ല. അവിടുത്തെ പ്രിയ പുത്രനായ റോബർട്ടുതന്നെയാണു ഞാൻ. ഞാൻ മരിച്ചില്ല. ദൈവാനുഗ്രഹത്താൽ രക്ഷപെടുകയാണുണ്ടായതു്."

ബ്രൂണോ മകനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. "സംഭവിച്ചതെല്ലാം വിശദമായി പറയുക. ആരാണീ കൂട്ടുകാരൻ"

അയാൾ സകൌതുകം ചോദിച്ചു.

റോബർട്ട്: "ശത്രുവിൻെറ കുത്തേററു വീണതേ എനിക്കോർമ്മയുള്ളു. ബോധം വന്നപ്പോൾ ഞാൻ ഇദ്ദേഹത്തിൻെറ വീട്ടിൽ കിടക്കുന്നതായിട്ടാണു കണ്ടതു്. മഹാമനസ്കനായ ഈ വൃദ്ധൻെറ ത്യാഗപൂർണ്ണമായ ശുശ്രൂഷയാലാണു ഞാൻ സൌഖ്യം പ്രാപിച്ചതു്."

ബ്രൂണോ കൂട്ടുകാരനെ നോക്കി, "സ്നേഹിതാ, എപ്രകാരമാണു് അങ്ങയോടു നന്ദിപറയേണ്ടതെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങളുടെ കുടുംബം എന്നും അങ്ങയ്ക്കു കടപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു സന്തോഷാശ്രുക്കൾ പൊഴിച്ചു. അപ്പോൾ വൃദ്ധൻ, "റോബർട്ടു, ആ ദുഷ്ടൻ അപഹരിച്ചുകൊണ്ടുപോയ പണം ഇതാ" എന്നു പറഞ്ഞു തൻെറ വസ്ത്രത്തിന്നടിയിൽ സൂക്ഷിച്ചുവച്ചിരുന്ന പണസഞ്ചി എടുത്തുനീട്ടി. ഇതു കണ്ടു് എല്ലാവരും വിസ്മയഭരിതരായി. വൃദ്ധൻ തുടർന്നു: "ആ വഞ്ചകൻ തൻെറ ക്രൂരകൃത്യത്തിനുശേഷം പണവുമപഹരിച്ചു കാട്ടിൽ മറഞ്ഞപ്പോൾ ഞാനവനെ പിടികൂടി. ഉടനെ പണസഞ്ചി അവനിൽനിന്നു വാങ്ങിക്കുകയും മേലിൽ ഇപ്രകാരമുള്ള ക്രൂരകൃത്യങ്ങൾ ചെയ്യാതിരിക്കത്തക്കവണ്ണം വേണ്ട നടപടികൾ നടത്തുകയും ചെയ്തു. ഈ കുടുംബത്തിനു വി. യൌസേപ്പിനോടുള്ള പ്രത്യേകഭക്തിയാണു് ഈ അനുഗ്രഹം നിങ്ങൾക്കു സിദ്ധിക്കുവാൻ ഇടവരുത്തിയതു്. ഈ പുണ്യവാൻെറ സ്തുതിക്കായി നിങ്ങൾ പ്രതിദിനം ഒരു പ്രാവശ്യം ചൊല്ലിവരുന്ന "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ" എന്ന നമസ്കാരം ഒരിക്കലും മുടക്കരുതു്."

ഇത്രയും പറഞ്ഞുകഴിഞ്ഞതോടെ ആ വൃദ്ധൻെറ മുഖത്തു് ഒരു സ്വർഗ്ഗീയപ്രഭ പ്രത്യക്ഷപ്പെടുകയും ആ മുറി പ്രകാശപൂർണ്ണമാകുകയും ചെയ്തു. തൽക്ഷണം ആ ദിവ്യൻ അപ്രത്യക്ഷനായി. റോബർട്ടിനെ രക്ഷിച്ചതും പണസഞ്ചിയും പേറി വീട്ടിലേയ്ക്കവനെ ആനയിച്ചതും വി. യൌസേപ്പുതന്നെയാണെന്നു് അപ്പോഴാണു് അവർക്കു ബോധം വന്നതു്.

# 4. മീശക്കാരൻ മിഷനറി

സുന്ദരമായ സായംകാലം. കിഴക്കേവീട്ടിലെ മറിയാമ്മ വീടിന്റെ തിണ്ണയിലിരുന്ന് എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. സ്കൂൾ വിട്ടിട്ടും മകൻ വരാൻ ഇത്ര താമസിക്കുന്നതെന്താണെന്നുള്ള വിചാരം അവരെ അലട്ടുന്നുണ്ട്. ജോണിക്കുട്ടി മറിയാമ്മയുടെ ഏകസന്താനമാണ്. നാലാം ക്ലാസ്സിൽ പഠിക്കുന്ന അവൻ എത്ര നല്ല ചുണക്കുട്ടിയാണെന്നോ?

ജോണി തുള്ളിച്ചാടി ഓടിവരുന്നത് അവർ കണ്ടു. അമ്മയുടെ മുൻപിൽ വന്നുനിന്ന് അവൻ പറഞ്ഞുതീർത്തു, ഒരൊററ ശ്വാസത്തിൽ "എനിക്ക് അഞ്ചുരൂപാ വേണം."

"ഉടുപ്പുമാററാതെ രൂപയ്ക്കു വന്നിരിക്കുന്നു! ഇതേവരെ എവിടെയായിരുന്നു? എന്നാ ഈ ആവശ്യം? കൊച്ചുചെറുക്കന് അഞ്ചുരൂപാപോലും" അധികാരസ്വരത്തിൽ അമ്മ പ്രതിവചിച്ചു.

ജോണി: അമ്മച്ചീ, സൂത്രമൊന്നുമൊക്കേകല, രൂപാ തരണം; കാരണം ഞാൻ പറയാം."

അമ്മ: "പിന്നെ, രൂപാ പൊഴിക്കുന്ന മരമല്ല ഇവിടെയുള്ളത്! കൊഞ്ചാതെ നീ കാര്യം പറഞ്ഞേ."

ജോണി വിട്ടില്ല. തന്റേടത്തോടെ അവൻ പറഞ്ഞുതുടങ്ങി: "ഇന്നു ഞങ്ങളുടെ വേദപാഠക്ലാസ്സിൽ വികാരിയച്ചന്റെകൂടെ ഒരു മീശക്കാരനച്ചൻ വന്നു. അദ്ദേഹം വിശാഖപട്ടണം രൂപതയിൽ ജോലിചെയ്യുന്ന ഒരച്ചനാ. ആ അച്ചനു കൊടുക്കാനാ രൂപാ". അമ്മ ഹാസ്യരസത്തിൽ ഒന്നു ചിരിച്ചു.

ജോണി തുടർന്നു: "അമ്മേ, എന്താ കളിയാക്കി ചിരിക്കുന്നത്? അവിടെ വിശാഖപട്ടണത്ത് ഒത്തിരിപ്പേരുണ്ടമ്മേ, കത്തോലിക്കരല്ലാത്തവർ. എല്ലാം ഞങ്ങളോട് ആ അച്ചൻ പറഞ്ഞു. അവിടെയുള്ള കുട്ടികൾ കത്തോലിക്കരായി, ഈശോയെ

അറിയുന്നതിനും സ്നേഹിക്കുന്നതിനും പ്രാൎത്ഥിക്കുവാൻ അച്ചൻ ഞങ്ങളോടു പറഞ്ഞു."

അമ്മ: "പിന്നെന്തിനാ രൂപാ— അതല്ലേ ഞാൻ ചോദിച്ചതു്."

ജോണി: "കാൎയ്യം ഞാൻ പറയാം. വടക്കേതിലെ കുഞ്ഞമ്മ അവളുടെ അമ്മ കൊടുത്തയച്ചതാണെന്നും പറഞ്ഞു നാലു രൂപാ ആ അച്ചന്റെ കൈയിൽ കൊടുത്തു ആദ്യകുർബാന കൈക്കൊള്ളുന്ന ഒരു പെൺകുട്ടിക്കു് ഉടുപ്പും മററും വാങ്ങിച്ചു കൊടുക്കാനാ— ഒരാൺകുട്ടിക്കു് ഉടുപ്പു തുന്നാൻ ഒരഞ്ചുരൂപാ എനിക്കും കൊടുക്കണം. ആ കുഞ്ഞമ്മടെ കൈയിൽ അച്ചൻ ഒരു പടം കൊടുത്തു; കുറെ പിള്ളേരു് ഓരോ ചട്ടിയുമായി ഒരു കഞ്ഞിക്കലത്തിനു ചുററുമിരിക്കുന്നു. അച്ചനുമുണ്ടു് അടുക്കലു്. അവൎക്കു തുണിയേ ഇല്ല. എന്റമ്മേ എന്റെ കണ്ണിൽക്കൂടി കണ്ണീരുവന്നു. അവിടത്തെ പാവങ്ങളെ എനിക്കും സഹായിക്കണം."

അമ്മ: "ചുമ്മാ വല്ലവരും കാണിക്കുന്നതു കണ്ടു നീയും അതൊക്കെ ചെയ്യണമെന്നുണ്ടോ?"

ജോണി: "അമ്മേ, ഇതൊരു നല്ല കാൎയ്യത്തിനല്ലേ? ഈശോയെ സഹായിക്കാനുമല്ലേ?"

അമ്മ: "എന്റെ കൈയിൽ രൂപയില്ല. അപ്പച്ചനിങ്ങു വരട്ടെ. നീ ഉടുപ്പുമാറിയിട്ടേച്ചുവാ; കാപ്പിതരാം."

ജോണി: "കുഞ്ഞമ്മടെ അമ്മയാണല്ലോ രൂപാ കൊടുത്തതു്. അമ്മേടെ കൈയിലുമുണ്ടു രൂപാ, എനിക്കറിയാം."

കാപ്പികുടിക്കുന്ന സമയത്തും ജോണി വിശാഖപട്ടണം മിഷനിലെ വിവരങ്ങൾ അമ്മയെ പറഞ്ഞുകേൾപ്പിച്ചുകൊണ്ടിരുന്നു. അപ്പോഴതാ പിതാവായ തോമ്മാച്ചനും അവിടെ വന്നുചേൎന്നു. കാപ്പിക്കുശേഷം തോമ്മാച്ചന്റെ പക്കലും ജോണി അപേക്ഷ സമൎപ്പിച്ചു. എന്നാൽ പിതാവു മൗനമവലംബിച്ചതേയുള്ളു. ജോണി വിട്ടില്ല. രൂപാ ഇല്ലെങ്കിൽ ഇന്നാളു് എന്റെ ആദ്യകുർബാ

ന കൈക്കൊള്ളപ്പാടിന് ഇച്ചാച്ചൻ തന്ന ആ ഉടുപ്പും കോട്ടും ഞാൻ കൊണ്ടുപോയി അച്ചനുകൊടുത്ത് എൻെറ ആഗ്രഹം സാധിക്കും."

"അതു നിൻെറ സ്വന്തം; ഇഷ്ടംപോലെ ചെയ്തുകൊള്ളൂ" പിതാവു പറഞ്ഞു.

ജോണി തൻെറ ഉടുപ്പും കോട്ടും ഒരു കടലാസ്സിൽ പൊതിഞ്ഞുകെട്ടി. അപ്പോഴതാ പുത്രൻെറ പരസ്നേഹപ്രവൃത്തി കണ്ടു് ഹൃദയം തുടിച്ച തോമ്മാച്ചൻ ഒരഞ്ചുരൂപായെടുത്തു ജോണിയുടെ കൈയിൽ കൊടുത്തു. പൊതിയും രൂപായുമായി ജോണി പള്ളിയിലേയ്ക്കോടി.

വികാരിയച്ചനും മിഷനറിയും ഗൃഹസന്ദർശനത്തിനു പുറപ്പെട്ടുനില്ക്കുകയായിരുന്നു. ജോണി വസ്ത്രപ്പൊതിയും രൂപായും മിഷനറിയെ ഏല്പിച്ചു കൃതകൃത്യനായി നിലകൊണ്ടു.

"ഇതെന്താ കുഞ്ഞേ, എവിടുന്നാ ഈ രൂപായും പൊതിയും?, മിഷനറിയുടെ മീശക്കിടയിൽക്കൂടി പുഞ്ചിരികലർന്ന ഒരു ചോദ്യം.

ജോണി: "അപ്പച്ചൻ എനിക്കു തന്നതാ– അച്ചൻെറ മിഷനിലെ ഒരാൺകുട്ടിയുടെ ആദ്യകുർബാന സ്വീകരണത്തിന് ഉടുപ്പു തുന്നിക്കാനാ ആ രൂപാ– പൊതി എൻെറ ഉടുപ്പും കോട്ടുമാ– അതുവേറൊരു കുട്ടിക്കു കൊടുക്കണം.

ആ നിർമ്മല ബാലഹൃദയത്തിലെ മിഷൻചൈതന്യം അച്ചനെ ആനന്ദഭരിതനാക്കി. "നിൻെറ പേരെന്താ"? അച്ചൻ ജോണിയുടെ കൈയ്ക്കുപിടിച്ചു ചോദിച്ചു.

"ജോണി" അവൻ പറഞ്ഞു. "ഉടുപ്പും കോട്ടും ജോണി തന്നെ ഉപയോഗിച്ചുകൊള്ളണം. ജോണിക്കും വിശാഖപട്ടണത്തിനു വരണോ? നമുക്കു് ഒരുമിച്ചു പോകാം." അച്ചൻ ആ കുഞ്ഞുമിഷനറിയെ പ്രോത്സാഹിപ്പിച്ചു.

ഈ ഘട്ടത്തിൽ സന്ദർഭവശാൽ തോമ്മാച്ചനും അവിടെ എത്തിച്ചേർന്നു. ജോണി വീട്ടിൽചെന്നു പറഞ്ഞതൊക്കെ തോമ്മാച്ചൻ പറഞ്ഞു് അച്ചനെ കേൾപ്പിച്ചു. ഒരു ഉപദേശി

യുടെ പ്രതിമാസശമ്പളം വാഹിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയോടെയാണു തോമ്മാച്ചൻ സംഭാഷണം അവസാനിപ്പിച്ചതു്. പതിനഞ്ചുരൂപാ അപ്പോൾത്തന്നെ അച്ചനെ ഏല്പിക്കുകയും ചെയ്തു.

മിഷനറി പറഞ്ഞു: "നല്ലവനായ ദൈവത്തിനു നമുക്കു കൃതജ്ഞത പറയാം." എല്ലാവരും പള്ളിയിൽ കയറി ഒന്നുരണ്ടു മിനിട്ടു പ്രാർത്ഥിച്ചു. "വിശാഖപട്ടണത്തിനു വരുവാൻ തയ്യാറായിരുന്നുകൊള്ളണം അടുത്ത തവണ ഞാൻ വരുമ്പോൾ" ആ മീശക്കാരൻ മിഷനറി ജോണിയെ സംപ്രീതനാക്കി.

## 5. റിക്ഷാക്കാരന്റെ രക്തം

അവർ സഹപാഠികളാണു് — ജോസും മാത്യുവും. ജോസ് ആ നാട്ടിലെ ഏററം വലിയ ധനികന്റെ ഏക മകൻ. മാത്യുവാകട്ടെ അരപ്പട്ടിണിക്കാരനായ ഒരു കൂലിവേലക്കാരന്റെ പല മക്കളിലൊരുവൻ. ജോസ് ഒരൊന്നാംതരം മണിമേടയിൽ സുഖസമൃദ്ധിയിൽ മതിമയങ്ങി ജീവിക്കുന്നു. അവന്റെ പിതാവിനുണ്ടായിരുന്ന അനേകം പുരയിടങ്ങളിലൊന്നിൽ ഒരു ചെററക്കുടിലിലാണു മാത്യുവിന്റെ വാസം. എങ്കിലും അവർ സഹപാഠികളാണു്. സമ്പത്തിന്റേയോ കുലമഹിമയുടേയോ കരിപുരണ്ട നിഴലുകൾ വ്യാപിക്കാത്ത സമത്വസുന്ദരമായ വിദ്യാലയാന്തരീക്ഷത്തിൽ സഖാക്കളാണവർ. അവിടെ ജോസിനെക്കാൾ എല്ലാക്കാര്യത്തിലും മിടുക്കൻ മാത്യുവാണു് — പഠനത്തിലും സ്വഭാവവൈശിഷ്ട്യത്തിലും ഈശ്വരഭക്തിയിലും. ദരിദ്രനെങ്കിലും എല്ലാവരുടേയും കണ്ണിലുണ്ണിയാണു് മാത്യു. അവന്റെ വയർ മിക്കപ്പോഴും വായുകൊണ്ടു നിറഞ്ഞതെങ്കിലും ഹൃദയം സുകൃതസമ്പന്നമാണു്. പഠനത്തിലൊന്നാമനാണവൻ. ജോസ് ഏററം ഒടുവിലത്തെ സ്ഥാനക്കാരനും. സ്കൂളിലേയ്ക്കു പോകുമ്പോ

ഴും സ്കൂളിൽനിന്നു മടങ്ങുമ്പോഴും ജോസിന്റെ പുസ്തകങ്ങൾകൂടി ചുമക്കുക മാത്യുവിന്റെ ചുമതലയാണ്.

അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും എന്നുവേണ്ട നാട്ടാരാകെ മാത്യുവിനെ സ്നേഹിക്കുന്നതു ജോസിനത്ര ഇഷ്ടമല്ല. അവൻ കഴിയുന്നിടത്തെല്ലാം മാത്യുവിനെ ഉപദ്രവിച്ചുതുടങ്ങി. എന്തെങ്കിലും കുററം അവന്റെമേൽ ചുമത്തി തന്റെയും അവന്റെയും പിതാക്കന്മാരിൽനിന്ന് അവനു ശിക്ഷ വാങ്ങിച്ചുകൊടുക്കുക ജോസിനു ചരിതാർത്ഥ്യജനകമാണ്. ഇല്ലാത്ത കുററമെല്ലാം അവൻ അധ്യാപകന്മാരെ പറഞ്ഞു ധരിപ്പിക്കും. എന്നാൽ മാത്യു മൗനംദീക്ഷിക്കുകമാത്രമേയുള്ളു. ഈ ചെറിയ കുരിശുകൾ ഉണ്ണിയീശോയുടെ പാദത്തിൽ സമർപ്പിക്കുവാൻ അവൻ പഠിച്ചിരുന്നു.

ജോസിന്റെ അസൂയ വർദ്ധിച്ചുതന്നെ വന്നു. അക്കൊല്ലം മാത്യു നാലാം ക്ലാസ്സിൽ ഒന്നാമനായി ജയിച്ചു. ജോസു തോററുതൊപ്പിയിട്ടു. പരീക്ഷാഫലവും അറിഞ്ഞുകൊണ്ട് അവരിരുവരും വീട്ടിലേയ്ക്കു തിരിച്ചു. ജോസിന്റെ പുസ്തകങ്ങളും മാത്യുവിന്റെ കൈയിലുണ്ട്. പാവം! അന്നു രാവിലെ അവൻ യാതൊന്നും കഴിച്ചതല്ല. അവന്റെ മാടത്തിൽ അന്നു തീപ്പുകയേ ഉണ്ടായിട്ടില്ല. അവർ ഒരു വിജനപ്രദേശത്തെത്തി. ജോസ് ആ സാധുവിന്റെ നേരേ സിംഹത്തെപ്പോലെ തിരിഞ്ഞുനിന്നു. "നീ ഒന്നാമനായി ജയിച്ചു. അല്ലേടാ തെണ്ടീ" എന്നലറിക്കൊണ്ട് അവൻ ആ പട്ടിണിപ്പാവത്തിന്റെ —മാത്യുവിന്റെ— ചെകിട്ടിൽ അതിശക്തിയായി അടിച്ചു. അവൻ വാവിട്ടു കരഞ്ഞുപോയി. അപ്പോഴേയ്ക്കു സ്കൂളടച്ച് അദ്ധ്യാപകനും അവരുടെ പിറകെ എത്തി. മാത്യു കരച്ചിൽ നിറുത്തി ഒന്നും സംഭവിക്കാഞ്ഞതുപോലെ സുസ്മേരവദനനായിനിന്നു. "എന്താണു ജോസേ?" അദ്ധ്യാപകൻ ചോദിച്ചു. "ഇവൻ ഒന്നാമതായി ജയിച്ചപ്പോഴേയ്ക്കു വലിയ മൂച്ചാണ്. എന്റെ പുസ്തകമെടുക്കുവാൻ മടി. ഞാൻ നിർബന്ധിച്ചപ്പോൾ അവൻ ചീത്ത

പറഞ്ഞു എന്നെ അടിക്കുവാൻ അവൻ കൈയോങ്ങി. ഞാൻ നിലവിളിക്കുവാൻ തുടങ്ങിയപ്പോഴാണു സാറു വന്നതു്." ജോസ് ഉത്തരം നല്കി. സാർ: "നേരാണോ മാത്യു?" മാത്യു: "അല്ല സാർ." ജോസ്: "അവൻ നേരെനിന്നു നുണ പറയുകയാണു്." മാത്യു ഒന്നും പറഞ്ഞില്ല. കുററം സമ്മതിച്ചവനെപ്പോലെ അവൻ നിലകൊണ്ടു. വാദ്ധ്യാർ ജോസിനെ അനുകൂലിച്ചതേയുള്ളു.

കേസു ജോസിന്റെ ഭവനമാകുന്ന കോടതിയിൽ വിചാരണയ്ക്കെടുത്തു. വാദ്ധ്യാർ ഒന്നാം സാക്ഷി. ചുരുക്കിപ്പറഞ്ഞാൽ മാത്യുവിനു തന്റെയും ജോസിന്റെയും പിതാക്കന്മാരിൽനിന്നു പ്രഹരങ്ങൾ കണക്കിനു കിട്ടി. മാത്രമല്ല മാത്യുവും അവന്റെ മാതാപിതാക്കന്മാരും സഹോദരങ്ങളുമെല്ലാം ഉടൻ സ്ഥലംവിടേണ്ടതാണെന്നു് അപ്പീലില്ലാത്ത വിധിയും പ്രസ്താവിക്കപ്പെട്ടു. ആ നിസ്സഹായർ എങ്ങോട്ടെന്നില്ലാതെ വഴിയാധാരമായി ഇറങ്ങിത്തിരിച്ചു.

* * *

ജോസ് അധികം താമസിയാതെ പഠനം നിറുത്തി. അവന്റെ കുസൃതിത്തരവും പഠനത്തിലുള്ള ഉത്സാഹക്കുറവുമാണു് അതിനിടയാക്കിയതു്. മാത്യുവും മററും നാടുവിട്ട നാൾമുതൽ ജോസിന്റെ മനസ്സിനു തീരെ സുഖമില്ലാതായി. താൻ നിരപരാധനും സൽഗുണസമ്പന്നനുമായ മാത്യുവിനെ ദ്രോഹിച്ചല്ലോ എന്ന ചിന്ത അവനെ സദാ അലട്ടിക്കൊണ്ടിരുന്നു. ഭക്ഷണം പോലും വേണ്ടവിധം കഴിക്കാതായി. അചിരേണ അവൻ രോഗിയായിത്തീർന്നു. അവന്റെ പിതാവു പല ചികിത്സകളും ചെയ്തുനോക്കി. ഫലമൊന്നുമുണ്ടായില്ല. അവസാനം ദൂരദേശത്തുള്ള ഒരു ആതുരശാലയെ അവൻ അഭയം പ്രാപിച്ചു. ശരീരത്തിൽ രക്തമില്ലെന്നും ആരോഗ്യവാനായ ഒരു മനുഷ്യന്റെ രക്തം കുത്തിവയ്ക്കാത്തപക്ഷം അവൻ മരിച്ചുപോകുമെന്നും ഡോക്ടർ അഭിപ്രായപ്പെട്ടു. പക്ഷേ, ആർ രക്തം നല്കും? പണസഞ്ചിയുമായി അവന്റെ പിതാവു് ആളെ അന്വേഷിച്ചു

തെരുവീഥികളിൽക്കൂടി നടന്നു. എല്ലാവരും നിരസിച്ചു. ഒടുവിൽ റിക്ഷാവലിക്കാരനായ ഒരു യുവാവു രക്തം നല്കാമെന്നു സമ്മതിച്ചു. അവന്റെ രക്തം എടുത്തു. ആ ധീരമനസ്കൻ പണം സ്വീകരിച്ചില്ല. പക്ഷേ, രക്തമെടുത്തതു കണക്കിലധികമായിപ്പോയി. താമസിയാതെ അവനും ആതുരശാലയിൽ സ്ഥലം പിടിച്ചു. ജോസു ക്രമേണ ആരോഗ്യവാനായിത്തീർന്നു. റിക്ഷാക്കാരനു ക്ഷീണത്തെത്തുടർന്നു ടൈഫോയിഡുപനി പിടിപെട്ടു. അവൻ മരിക്കുമെന്ന നിലയായി. അവൻ കിടന്നിരുന്ന മുറിയിലേക്കു ജോസ് ഒരു ദിവസം നടന്നുചെന്നു— ആ മഹാ ത്യാഗിയോടു നന്ദി പറയുവാൻ; അവനെ ആശ്വസിപ്പിക്കുവാൻ.

റിക്ഷാക്കാരൻ: "സാർ, നന്ദിപറയേണ്ട അവശ്യമെന്തു? അങ്ങയിൽനിന്നും അങ്ങയുടെ പിതാവിൽനിന്നും അനേകം സഹായങ്ങൾ ഒരു കാലത്തു സ്വീകരിച്ച മാത്യുവാണു ഞാൻ. ഇതിലും വലിയ ത്യാഗം സഹിച്ചാലും എന്റെ കടപ്പാടു തീരുകയില്ല."

ജോസ് നിശ്ചലനായി നിന്നുപോയി. തന്റെ ഹൃദയം തകരുന്നതുപോലെ അവനു തോന്നി. "എന്നോടു ക്ഷമിക്കണമേ" തൊണ്ടയിടറി ജോസു പറഞ്ഞു. അതിനുത്തരം പറയുവാൻ മാത്യുവിനു കഴിഞ്ഞില്ല. തനിക്കു യാതൊരു വിരോധവും ജോസിനോടില്ലെന്നു വിറയ്ക്കുന്ന കൈകളാൽ അവൻ ആംഗ്യം കാണിച്ചു. തന്റെ നിസ്സ്വാർത്ഥസ്നേഹത്തിന്റേയും സഹനത്തിന്റേയും ത്യാഗത്തിന്റേയും പ്രതിഫലം വാങ്ങുവാനായി മാത്യുവിന്റെ പാവനാത്മാവു സ്രഷ്ടാവിൻപക്കലേയ്ക്കു പറന്നുപോയി. ജീവനറ്റ പ്രേതത്തെപ്പോലെ ജോസ് അവിടെ നിലകൊണ്ടു. ആ മഹാത്യാഗിയുടെ, സ്നേഹമൂർത്തിയുടെ പാവനശയ്യയിൽ ജോസിന്റെ കണ്ണീർക്കണങ്ങൾ ധാരയായി ഒഴുകിവീണു. സ്നേഹം! സഹനം! ത്യാഗം!!!

ഹാ തികച്ചും അലോകസുന്ദരം!

# 6. ചാക്കോച്ചന്റെ മാടത്ത

സുശീലരും സച്ചരിതരുമായ മാതാപിതാക്കന്മാരുടെ ഏകസന്താനമായിരുന്നു ചാക്കോച്ചൻ. അവന്റെ അമ്മ നല്ല വിവേകവും ജ്ഞാനവുമുള്ള ഒരു സ്ത്രീയായിരുന്നതിനാൽ ചാക്കോച്ചൻ വേദോപദേശവും സന്മാർഗ്ഗികപാഠങ്ങളും അമ്മയിൽനിന്നാണു പഠിച്ചിരുന്നത്. സ്കൂളിൽനിന്നു തിരിച്ചുവന്നാലുടനെ കുറച്ചുനേരം അമ്മയുടെ അരികെ ചെന്നുനിന്ന് ആ ദിവസം പഠിച്ച കഥകളെല്ലാം അവൻ പറഞ്ഞുതുടങ്ങും. അതിനെത്തുടർന്ന് ആ വത്സലമാതാവു ചില സദാചാരനടപടികൾ പുത്രനെ ഉപദേശിക്കുകയും പതിവാണ്. പ്രേമം തുളുമ്പുന്ന രീതിയിൽ അമ്മ തന്റെ സന്മാർഗ്ഗികപാഠങ്ങൾ സമാരംഭിക്കും: "മകനേ, സംഭാഷണങ്ങളിൽ ആചാരോപചാരങ്ങൾ ശീലിക്കുക. ശ്രേഷ്ഠന്മാരോടു ബഹുമാനാദരങ്ങളോടുകൂടിയായിരിക്കട്ടെ നിന്റെ സംസാരം. ഒരിക്കലും 'ചാടിക്കടിച്ചു' വർത്തമാനം പറയരുത്. ആരോടു സംസാരിക്കുന്നുവോ, അയാൾ തനിക്കു പറയുവാനുള്ളതു പറഞ്ഞുകഴിഞ്ഞിട്ടു നീ നിന്റെ വാക്കുകളാരംഭിക്കാവൂ. അശ്ലീലവാക്കുകളും ആണയിടലും സർപ്പത്തെയെന്നപോലെ പരിവർജ്ജിക്കുക. വൈദികന്മാരെ കാണുമ്പോൾ "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" എന്നു ചൊല്ലി അവരെ വണങ്ങുക. ശ്രേഷ്ഠന്മാരേയോ ഗുരുനാഥന്മാരേയോ കാണുമ്പോൾ ഭക്തിബഹുമാനങ്ങൾ പ്രകടിപ്പിക്കുക. ശരീരവും വസ്ത്രവും വൃത്തിയായി സൂക്ഷിക്കുക എല്ലാവരോടും അനുസരണശീലം കാണിക്കുക. ഒരു കാര്യം രണ്ടുപ്രാവശ്യം പറയുവാൻ ഇടവരുത്തരുത്. മറ്റുള്ളവർ നിന്നോടു് എങ്ങനെ പെരുമാറണമെന്നു നീ ആഗ്രഹിക്കുന്നുവോ അപ്രകാരം അവരോടും നീ പെരുമാറേണ്ടതാണ്. ഒരിക്കലും അന്യരെ ദുഃഖിപ്പിക്കുകയോ പരിഹസിക്കുകയോ ചെയ്യരുത്. ദുർജ്ജനസംസർഗ്ഗത്തെ വെറുക്കുകയും ഏ

കാന്തതയെ അഭിലഷിക്കുകയും ചെയ്യണം. 'നാളെയാവാം, നാളെയാവാം' എന്നു നീട്ടിക്കൊണ്ടുപോകാതെ സമസ്തകാര്യങ്ങളും അതതിൻെറ സമയത്തു ചെയ്തുതീക്കണം." അമ്മയുടെ ഈ അമൃതോക്തികൾ ആ നല്ല കുട്ടിയിൽ അഴമായിപ്പതിഞ്ഞു.

അവൻെറ ചിററപ്പൻ അടുത്തുള്ള ഒരു ഗൃഹത്തിലാണു താമസിച്ചിരുന്നതു്. ഇടയ്ക്കിടെ ചാക്കോച്ചൻ അവിടെപ്പോയി ചിററപ്പനുമായി സംഭാഷണത്തിലേർപ്പെട്ടു. കുട്ടിയുടെ സൽസ്വഭാവം കണ്ടു സംപ്രീതനായതിനാൽ പലപ്പോഴും അവനു ചെറിയ സമ്മാനങ്ങളും അനുഗ്രഹം കൊടുക്കാറുണ്ടു്. പക്ഷികളോടു ചാക്കോച്ചനു വളരെ താൽപര്യമുണ്ടെന്നു കണ്ടു് ഒരിക്കൽ, താൻ വളത്തിയിരുന്ന ഒരു മാടത്തയെ ചിററപ്പൻ അവനു സമ്മാനിച്ചു. ചാക്കോച്ചൻ മാടത്തയെ മാറോടു ചേത്തുപിടിച്ചു താലോലിച്ചുകൊണ്ടു വീട്ടിലേയ്ക്കു തിരിച്ചു. അപ്പോൾ അവൻ ഒരു മുടന്തനെ വഴിയിൽ കണ്ടുമുട്ടി. ദീനദയാലുവായ ബാലൻ ആ മുടന്തൻെറ ദൌർഭാഗ്യത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കവേ ആ ഭിക്ഷു എന്തോ കാരണവശാൽ കാൽതെററി വഴിയിൽ വീണു. ചാക്കോച്ചൻ അങ്ങോട്ടോടിച്ചെല്ലുകയും ആ നിസ്സഹായനെ എഴുന്നേൽപ്പിക്കുകയും ചെയ്തു ഈ പ്രവത്തനങ്ങൾക്കിടയിൽ മാടത്ത അവൻെറ പിടിവിട്ടു പറന്നുപോയി ചാക്കോച്ചൻെറ മുഖം വാടി. എങ്കിലും മുടന്തനെ സഹായിക്കുവാൻ സാധിച്ചുവല്ലോ എന്നോത്തു് അവൻ ദുഃഖത്തെ അടക്കി അമ്മയുടെ പക്കൽ എത്തി.

"ചാക്കോച്ചാ, എന്താ ഇത്ര വിഷണ്ണനായിരിക്കുന്നതു്? വല്ല അപകടവും പററിയോ? ഇതാ നിനക്കൊരു സമ്മാനം ഇവിടെ സൂക്ഷിച്ചുവച്ചിട്ടുണ്ടു്."

"അതെന്താണമ്മേ?"

"നോക്കൂ, ആ കൂട്ടിൽ കിടക്കുന്ന പക്ഷി. നമ്മുടെ മറിയാമ്മ ഇപ്പോൾ വഴിയിൽനിന്നു പിടിച്ചുകൊണ്ടുവന്നതാണു്."

"അമ്മേ, അതെന്റെ മാടത്തയാണല്ലോ!"

"അതെങ്ങനെയാണു മകനേ, മറിയാമ്മ ഇപ്പോൾ പിടിച്ചില്ലേ ഉള്ളൂ. ചാക്കോച്ചൻ കഥ വിവരിച്ചു. അപ്പോൾ അമ്മ ആ അരുമസന്താനത്തെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: "എന്റെ മകനേ, ഈശോയ്ക്കു് ഇഷ്ടമായ ഇത്തരം പരോപകാരപ്രവൃത്തികൾ ചെയ്താൽ ഈശോ നിന്നെ ഒരിക്കലും മറക്കുകയില്ല."

# 7. പരസ്യമാക്കിയ രഹസ്യം

ഒരു ഗ്രാമത്തിൽ സ്റ്റീഫൻ എന്നു പേരായ ഒരു കൂലിവേലക്കാരൻ വസിച്ചിരുന്നു. അടുത്തുള്ള പട്ടണത്തിൽ പോയി ചുമടുചുമന്നാണു് അയാൾ തന്റെ ഭാര്യയേയും അഞ്ചു കുഞ്ഞുങ്ങളേയും സംരക്ഷിച്ചുപോന്നതു്. എന്നിട്ടും അയാളുടെ സമ്പാദ്യം അനുദിനം വർദ്ധിച്ചുവന്നു. എന്തിനേറെപ്പറയുന്നു, ഏതാനും വത്സരങ്ങൾക്കകം അയാൾ ഒരു ധനികനായിത്തീർന്നു. ആ ഗ്രാമത്തിലെ ധനവാന്മാരിൽ പലരേയും അതിശയിക്കത്തക്കവിധം സ്റ്റീഫൻ ഇത്രവേഗം സമ്പൽസമൃദ്ധിയിലും ഐശ്വര്യത്തിലും അഭിവൃദ്ധിപ്പെട്ടതിന്റെ രഹസ്യത്തെപ്പററി ഒരു ജിജ്ഞാസ പലരിലും ജനിച്ചു. സ്റ്റീഫൻ കൂലിവേലചെയ്തു പണക്കാരനായ സംഗതി ആ ഗ്രാമീണരുടെ സംസാരവിഷയമായി.

അക്കൂട്ടത്തിൽ സ്റ്റീഫന്റെ സ്നേഹിതരിൽ ഒരുത്തൻ ഉള്ളുകള്ളികൾ മനസ്സിലാക്കുവാൻ സുഹൃത്തിനെ സമീപിച്ചുകൊണ്ടു സംഭാഷണം തുടങ്ങി.

"സ്നേഹിതാ, നിങ്ങൾ എങ്ങനെയാണു് ഇത്രവേഗം ഒരു ധനികനായിത്തീർന്നതു്? ഒരു കൂലിവേലക്കാരനു് ഇതെങ്ങനെ സാധിച്ചു! ഈ രഹസ്യം എനിക്കു മനസ്സിലാകുന്നില്ല. എന്നെപ്പോലെയുള്ളവർക്കു ഭാഗ്യചക്രം വക്രഗതിയിൽ. . . ."

സ്റ്റീഫൻ: "സ്നേഹിതാ, ദൈവസഹായത്താൽ എനിക്കു ക

റെ ധനം ഉണ്ടെന്നുള്ളതു വാസ്തവംതന്നെയാണ്. മറെറാന്നു മല്ല ഇതിന്റെ രഹസ്യം. ഞാൻ എല്ലാ ദിവസവും പള്ളിയിൽ പ്പോയി വി. കുർബാനയിൽ സംബന്ധിക്കുക പതിവാണ്. ഒരിക്കലും ഞാനതിനു മുടക്കം വരുത്തിയിട്ടില്ല ആത്മീയമായി മാത്രമല്ല ലൗകികമായും നിരവധി നന്മകൾ നമുക്കു നൽകുന്ന ഒരു അക്ഷയഭണ്ഡാഗാരമാണ് പരി. കുർബാന."

ആഗതൻ: "ഹാ! എന്നും കുർബാന കണ്ടാൽ ഇത്രയൊക്കെ ഫലമുണ്ടെന്നോ!"

സ്റ്റീഫൻ: "അനുദിനദിവ്യബലിയിൽ സംബന്ധിക്കുകനിമിത്തം ദൈവം തന്റെ ദൂതന്മാരെ അയച്ച് അത്ഭുതകരമായവിധത്തിൽപ്പോലും ചിലപ്പോൾ എന്നെ സഹായിച്ചിട്ടുണ്ട്."

സ്നേഹിതൻ കൗതുകത്തോടെ സ്റ്റീഫനെ ശ്രവിക്കുവാൻ തുടങ്ങി. സ്റ്റീഫൻ തന്റെ ആത്മകഥ ഇങ്ങനെ അവസാനിപ്പിച്ചു:—" . . . ഒരു ദിവസം ദിവ്യപൂജയിൽ സംബന്ധിക്കുവാൻ പതിവിൽക്കൂടുതൽ താമസിക്കേണ്ടിവന്നതിനാൽ അന്നു പള്ളിയിൽനിന്നിറങ്ങിയപ്പോൾ വളരെ വൈകി; അന്നു ചെയ്തുതീർക്കാമെന്ന് ഏററിരുന്ന ഒരു ജോലിക്കു വിഘ്നവും വന്നു. വാക്കു തെററിക്കേണ്ടിവന്നല്ലോ എന്നോർത്തു മനസ്തപിച്ചുകൊണ്ടും വന്നുപോയ അബദ്ധത്തെപ്പററി മുതലാളിയോടു മാപ്പുചോദിക്കാമെന്നു വിചാരിച്ചുകൊണ്ടും ഞാൻ അങ്ങോട്ടു ചെന്നു. എന്നെ കണ്ടപ്പോൾ അയാൾ ചോദിക്കുകയാണ്: "എന്താ സ്റ്റീഫന് ഇന്നു വീട്ടിൽ വല്ല വിശേഷവും ഉണ്ടോ? ജോലി തീർന്നതിന്റെ ശേഷം കണ്ടു സംസാരിക്കാമെന്നുവച്ചു ഞാൻ കാത്തിരിക്കയായിരുന്നു. അപ്പോഴേയ്ക്കും താങ്കൾ ജോലി പൂർത്തിയാക്കി തിരിച്ചു പോവുകയാണെന്നുണ്ടായത്. ഞാനൊണ്ടു കൂലിയും വച്ചുകൊണ്ടു് ഇവിടെ കാത്തിരിക്കുന്നു. ഏതായാലും വാഗ്ദാനമനുസരിച്ചു കൃത്യസമയത്തു ജോലി തീർത്തുതന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. കൂലിയോടുകൂടി ഇതാ ഒരു കൊച്ചു സമ്മാനവും."

അപ്രതീക്ഷിതമായ ഈ വാക്കുകൾ എന്നെ വിസ്മയിപ്പിച്ചു. എങ്കിലും ഞൊടിയിടകൊണ്ടു് അതിന്റെ രഹസ്യം എ

ന്റെ ബോധത്തിൽ ഉദിച്ചു. വി. കർബാന കാണുവാൻ പള്ളിയിൽ താമസിച്ചതിനാൽ എന്റെ കൃത്യനിർവ്വഹണത്തിനു വിഘ്നം വരാതിരിപ്പാൻ ദൈവം തന്റെ മാലാഖായെ അയച്ച് എന്നെ സഹായിക്കുകയാണു യഥാർത്ഥത്തിൽ ഉണ്ടായതു്."

സ്ലീഫന്റെ ആത്മാർത്ഥഭാവവും ആത്മകഥാകഥനവും ആഗതനെ ആനന്ദഭരിതനാക്കി. "ദിവ്യബലി! ദിവ്യബലി!" പരസ്യമാക്കിയ ആ രഹസ്യം അദ്ദേഹത്തെ ആകർഷിച്ചുകഴിഞ്ഞിരുന്നു.

---

## 8. വയസ്സന്റെ വടംവലി

ഒരു മിഷനറി, അങ്ങുമിങ്ങുമായി ചിന്നിച്ചിതറിക്കിടന്നിരുന്ന തന്റെ അജഗണത്തെ സന്ദർശിക്കുക പതിവായിരുന്നു, അനുദിനക്ലേശങ്ങളുടെ നീർച്ചുഴിയിൽനിന്നു സഹായകരം നീട്ടി അതിനെ സമുദ്ധരിക്കുവാൻ. ഇങ്ങനെ കൃത്യനിരതനായി ചുറ്റിസ്സഞ്ചരിക്കയിൽ ഒരിക്കൽ വഴിതെറ്റി അകലെയുള്ളതും അജ്ഞാതവുമായ ഒരു വിജനസ്ഥലത്തദ്ദേഹം എത്തിച്ചേർന്നു. സൂര്യൻ അസ്തമിക്കാറായി. കൂട്ടത്തിൽ ആരുമില്ല. അടുത്തെങ്ങും ആൾപ്പാർപ്പുള്ള ലക്ഷണവും കാണുന്നില്ല. അതിവേഗം നടക്കുകതന്നെ എന്നുറച്ച് അദ്ദേഹം യാത്ര തുടർന്നു. വളരെ ദൂരം അതിവേഗത്തിൽ നടന്നിട്ടും ഒരു മനുഷ്യജീവിയെ എങ്കിലും കണ്ടുമുട്ടുന്നതിനോ പരിചയമുള്ള സ്ഥലത്തു ചെന്നുചേരുന്നതിനോ കഴിഞ്ഞില്ല. യാത്രയുടെ ദൈർഘ്യംനിമിത്തം മിഷനറി നന്നാക്ഷീണിച്ചു. വിശപ്പും ദാഹവും വർദ്ധിച്ചു. കൈകാലുകൾ കുഴഞ്ഞു. ദേഹം തളർന്നു. സമയം ഏതാണ്ടർദ്ധരാത്രി. ഭയവും വർദ്ധിച്ചു. അക്രമികളുടെ ആസ്ഥാനമെന്നും ക്രൂരമൃഗങ്ങളുടെ അധിവാസകേന്ദ്രമെന്നും പ്രഥമദൃഷ്ടിയിൽ തോന്നുന്ന ആ വന

പ്രദേശത്ത് അദ്ദേഹം നിരാശ്രയനായി, നിശ്ചേഷ്ടനായി നില കൊണ്ടു. അനന്തരം അല്പം വിശ്രമിക്കാമെന്നു കരുതി സമീപ ത്തുള്ള ഒരു പാറയുടെ മുകളിൽക്കയറി ഇരിപ്പുറപ്പിച്ചു. മന്ദമാ യി ഊതിക്കൊണ്ടിരുന്ന ഇളംകാററു് അല്പം വിശ്രമിച്ചതി ന്റെശേഷം തലയുയർത്തി ചുററും നോക്കി. കുറെ അകലെയായി കാട്ടിൽ ചലിച്ചുകൊണ്ടിരുന്ന ഒരു പ്രകാശം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. സന്തോഷഭരിതനായി ചാടിയെഴുന്നേററു് അ തിനെ ലക്ഷ്യമാക്കി നടകൊണ്ടു. കല്ലിൽത്തട്ടിയും മുള്ളിൽ ച വുട്ടിയും ഒരുവിധം ദീപം കണ്ട സ്ഥലത്തു് അദ്ദേഹം വന്നുചേ ന്നു. ഒരു ചെററക്കുടിൽ. അകത്തുനിന്നു കേൾക്കാം ഒരു ദീന സ്വരം. ഏതോ കാര്യത്തെക്കുറിച്ചു രണ്ടുപേർ തമ്മിൽ ഒരു വ ടംവലി നടക്കുന്നുണ്ടു്. ഒന്നു രോഗിയായ ഒരു പടുവൃദ്ധനും മ റേറതു് അയാളുടെ പുത്രനുമാണെന്നു് അവരുടെ സംസാര ത്തിൽനിന്നു മനസ്സിലാക്കാം.

മകൻ: "അപ്പൻ എന്താണു് ഇങ്ങനെ നിർബന്ധം പിടി ക്കുന്നതു്? രോഗം, വിചാരിക്കുന്നതുപോലെ അത്ര നിസ്സാരമല്ല. മരണത്തെക്കുറിച്ചു യാതൊരു വിചാരവുമില്ലല്ലോ. വയസ്സാ ണെങ്കിൽ എണ്പതിനപ്പുറം."

അപ്പൻ: "കുഞ്ഞേ, മുൻപു പറഞ്ഞതുതന്നെ ആവർത്തിക്കു ന്നു. ഞാൻ ഇപ്പോഴെങ്ങും മരിക്കുകയില്ല. മരണം അടുക്കു മ്പോൾ എനിക്കറിയാം."

മകൻ: "എന്റെ കടമ ഞാൻ നിറവേററി. പറഞ്ഞുകൊ ടുക്കാമെന്നല്ലാതെ എന്താണു ചെയ്യുക! അപ്പന്റെ ഇപ്പോഴത്തെ സ്ഥിതി കണ്ടാൽ ഇന്നു വെളുക്കുന്നതുവരെ ജീവിച്ചിരിക്കുമോ എന്നു തോന്നുന്നില്ല. അതിനാൽ അപ്പൻ ഇനിയെങ്കിലും മരണ ത്തിനൊരുങ്ങണം."

അപ്പൻ: "മകനേ, നീ ഭയപ്പെടേണ്ടാ. എന്റെ അന്ത്യമാ യിട്ടില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്."

ഇതെല്ലാം കേട്ടു പുറത്തുനിന്നിരുന്ന മിഷനറി പ്രവേശന

ത്തിനുള്ള അനുവാദം ആവശ്യപ്പെട്ടു. സ്വരം കേട്ടു യുവാവു പുറത്തിറങ്ങിനോക്കി. ഈ വനപ്രദേശത്തു് അർദ്ധരാത്രിസമയത്തു തങ്ങളുടെ കുടിലിനെ ശരണംഗമിച്ചിരിക്കുന്ന അപരിചിതൻ ആരെന്നറിയാതെ കുഴങ്ങുന്ന യുവാവിനോടു്, താൻ വഴിതെററി കാട്ടിൽ അകപ്പെട്ട ഒരു യാത്രക്കാരനാണെന്നും രാത്രി കഴിക്കുവാൻ സ്ഥലം തേടി അവിടെച്ചെന്നതാണെന്നും ആഗതൻ പറഞ്ഞു. യുവാവു് അദ്ദേഹത്തെ തൻെറ കുടിലിൽ സ്വീകരിച്ചു. ചെന്നയാൾ രോഗിയുടെ സ്ഥിതിയെക്കുറിച്ചു് ആരായുകയിൽ യുവാവു് ഇപ്രകാരം പറഞ്ഞു: "ഇതെൻെറ പിതാവാണു്. രോഗം വർദ്ധിച്ചു മരിക്കാറായിരിക്കുന്നു. എന്നിട്ടും മരണത്തെക്കുറിച്ചു വിചാരമില്ല. അതിനാൽ നിങ്ങൾ ദയവുചെയ്തു അപ്പനെ ഒന്നുപദേശിച്ചു്, മരണം സമീപിച്ചിരിക്കുന്നു എന്ന വസ്തുത മനസ്സിലാക്കിക്കൊടുക്കണം."

ആഗതൻ രോഗിയുടെ സമീപത്തുചെന്നുകൊണ്ടു രോഗം അപകടനിലയിലായതിനാൽ മരണത്തിനൊരുങ്ങണമെന്നു് ഉപദേശിച്ചു. അതിനു രോഗി പറഞ്ഞ മറുപടി ഇപ്രകാരമാണു്: "പ്രിയ സ്നേഹിതാ, എൻെറ ഈ സ്ഥിതിയിൽ ഞാൻ ആരെയെങ്കിലും കാണുകയാണെങ്കിൽ അയാളുടെ അന്ത്യം സമീപിച്ചിരിക്കുന്നുവെന്നു ഞാനും വിധിക്കും. പക്ഷേ, എൻെറ അന്ത്യം അടുത്തിട്ടില്ല. കാരണം പറയാം. ഇന്നുവരെയും എൻെറ ദൈവത്തെ ഞാൻ വിശ്വസ്തതയോടെ ശുശ്രൂഷിച്ചു. ഈ വിജനപ്രദേശത്തു ഞാൻ വന്നിട്ടു മുപ്പതു കൊല്ലമായി. ഇതിനിടയ്ക്കു രണ്ടുപ്രാവശ്യംമാത്രമേ ഒരു പട്ടക്കാരനെ കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായുള്ളു. എങ്കിലും എൻെറ വിശ്വാസത്തിൽ ഞാൻ ഉറച്ചുതന്നെ നില്ക്കുന്നു. ഒരു വൈദികൻെറ സഹായം കൂടാതെ മരിക്കുന്നതിനിടയാകല്ലേ എന്നു ഞാൻ എല്ലാദിവസവും പ്രാർത്ഥിച്ചുകൊണ്ടാണു പോന്നിട്ടുള്ളതു്. എൻെറ ഈ അപേക്ഷ ദൈവം തള്ളിക്കളയുകയില്ലെന്നാണു് എൻെറ പൂർണ്ണവിശ്വാസം. അന്ത്യകൂദാശകൾ നല്കു

ന്നതിനായി എപ്പോൾ എന്റെ അടുക്കൽ ഒരു വൈദികനെ ഞാൻ കാണുന്നുവോ അപ്പോൾ എന്റെ മരണം അടുത്തിരിക്കുന്നുവെന്നു ഞാൻ വിശ്വസിച്ചുകൊള്ളാം. അതുവരെ ഞാൻ മരിക്കയില്ല.”

രോഗിയെ സമാശ്വസിപ്പിച്ചുകൊണ്ടു് അതിഥി പറഞ്ഞു: “സൗഭാഗ്യവാനായ സഹോദരാ, നിങ്ങളുടെ അപേക്ഷ ദൈവം കൈക്കൊണ്ടിരിക്കുന്നു. അന്ത്യകൂദാശകൾ സ്വീകരിക്കുന്നതിനായി ഒരുങ്ങിക്കൊള്ളൂ. ഇപ്പോൾത്തന്നെ തരാം. ഞാൻ ഒരു കത്തോലിക്കാവൈദികനാണു്.” “ദൈവം എന്റെ അപേക്ഷ കേട്ടു” രോഗി സന്തോഷപരവശനായി വിളിച്ചുപറഞ്ഞു. ഭക്തിപൂർവ്വം അന്ത്യകൂദാശകൾ സ്വീകരിച്ച സമാധാനത്തോടെ അയാൾ ലോകത്തോടു യാത്രപറഞ്ഞു. താൻ അനുഭവിച്ച വിഷമതകൾക്കു തക്ക പ്രതിഫലം കിട്ടിയെന്നുള്ള ചാരിതാർത്ഥ്യത്തോടെ മിഷനറി സ്ഥലം വിടുകയും ചെയ്തു.

എത്ര ദുസ്സാധമായിത്തോന്നുന്ന കാര്യവും പ്രാർത്ഥനകൊണ്ടു സാധിക്കാമെന്നുള്ളതിനു് ഇതു് ഉത്തമോദാഹരണമല്ലയോ?

# 9. അന്തിമോപഹാരം

ഞാൻ എന്റെ പുതിയ ഇടവകയിൽ വന്നതിന്റെ പിറേറദിവസം സായാഹ്നം. അനേകദിവസങ്ങളായി ഇടമുറിയാതെ പെയ്തിരുന്ന പേമാരി ഒന്നു ശമിക്കുകയും സൂര്യൻ വീണ്ടും പ്രകാശിച്ചുതുടങ്ങുകയും ചെയ്തിരുന്നു. ആ തക്കംനോക്കി പ്രാവുകൾ കൂട്ടംചേർന്നു പള്ളിയുടെ മേച്ചിൽപ്പുറത്തിരുന്നു പേൻ കൊറിക്കുവാൻ തുടങ്ങി. അലഞ്ഞുനടക്കുന്ന കന്നുകാലികൾ, കിട്ടിയ സമയം പാഴാക്കാതെ മുററത്തു് അങ്ങുമിങ്ങും തിടുക്കത്തിൽ മേഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ ഇതെല്ലാം നോക്കിക്കൊണ്ടു്

അർദ്ധനിരുന്മേഷനായി അങ്ങനെ നില്ക്കയാണ്. പെട്ടെന്ന് ഒരു യുവാവ് എന്നെ സമീപിച്ചു വന്ദനം ചെയ്തിട്ട് "ഒരാൾക്ക് അന്ത്യകൂദാശകൾ— പെട്ടെന്നുണ്ടായ അപകടമാണ്" എന്നറിയിച്ചു. അയാളിൽനിന്നു ലഭിച്ച വിവരങ്ങളനുസരിച്ച് വേണ്ട ഒരുക്കങ്ങളോടെ ഞാൻ ഉടനെ യാത്രയായി.

അരമണിക്കൂർ സമയത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ ഒരു ചെറിയ ഭവനത്തിന്റെ മുററത്തെത്തി. അപ്പോഴേയ്ക്കും സൂര്യൻ അസ്തമിച്ച് അന്ധകാരം ആകമാനം പടൎന്നുകഴിഞ്ഞിരുന്നു. ഞാൻ വീട്ടിനുള്ളിൽ പ്രവേശിച്ചു. അവിടെ, തറയിൽ, ഒരു പായിൽ ഒരു മനുഷ്യൻ കിടക്കുന്നു. ആൾ വളരെ അവശനായിട്ടുണ്ടെന്നു കാഴ്ചയിൽത്തന്നെ മനസ്സിലായി. ഭാര്യയും കുട്ടികളും അയൽവക്കത്തെ ഒന്നുരണ്ടു വൃദ്ധസ്ത്രീകളും കരഞ്ഞുകൊണ്ട് അടുത്തു നില്പുണ്ട്. ഞാൻ സമയം കളയാതെ അയാൾക്കു അന്ത്യകൂദാശകളെല്ലാം നല്കി. ഒടുക്കം സാന്ത്വനമായി ഏതാനും വാക്കുകൾ പറയുകയും ചെയ്തു. അപ്പോൾ ആനന്ദം സ്ഫുരിക്കുന്ന നേത്രങ്ങളോടെ ആ രോഗി എന്നെ ഉററുനോക്കിക്കൊണ്ടു ചോദിച്ചു: "അച്ചാ, ഇന്നു തിരുഹൃദയപ്പെരുന്നാളല്ലേ?" "അതെ" ഞാൻ മറുപടി പറഞ്ഞു. അയാൾ ആ ചെറുകുടിലിന്റെ മൺചുവരിന്നുനേരെ ചൂണ്ടിക്കൊണ്ടു പറഞ്ഞു: "അതാ, അച്ചൻ കണ്ടോ?"

ഞാൻ ഭിത്തിയിലേക്കു നോക്കി. അവിടെ ഈശോയുടെ ദിവ്യഹൃദയത്തിന്റെ ഒരു പടം സ്ഥിതിചെയ്തിരുന്നു. അമ്മാതിരി ചിത്രങ്ങൾ ഞാൻ പലപ്പോഴും കണ്ടിട്ടുള്ളതാണ്; എന്റെ മുറിയിൽത്തന്നെ ഒന്നിലധികം ഉണ്ടായിരുന്നു താനും. പക്ഷേ, ആ ചെറുകുടിലിന്റെ ഭിത്തിയിൽ അങ്ങനെ തൂങ്ങിക്കിടന്നിരുന്ന ആ തിരുഹൃദയരൂപത്തിന് അന്യാദൃശമായ ഒരാകർഷകത്വമുള്ളതായി എനിക്കപ്പോൾ തോന്നി. അതെ, ആ ദിവ്യഹൃദയത്തിൽനിന്ന് അനുഗ്രഹകിരണങ്ങൾ നാലുപാടും വീശി ആ കൊച്ചുഭവനത്തെ സ്വർഗ്ഗീയപ്രഭയാൽ സുന്ദരമാക്കുന്നതായി എനിക്കു തോന്നി.

മരണാസന്നനായ ആ മനുഷ്യൻ ഇടറിയ സ്വരത്തിൽ തുടർന്നു: "ഈ തിരുഹൃദയരൂപം സ്ഥലം മാറിപ്പോയ വികാരിയച്ചൻ തന്നതാണ്. അദ്ദേഹംതന്നെ ഞങ്ങളുടെ ഈ ചെറിയ കുടുംബത്തെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. അന്നുമുതൽ ഇന്നുവരെ ഈശോതന്നെയാണ് ഈ കുടുംബത്തിന്റെ നാഥൻ. ദാരിദ്ര്യത്തിലും വിഷമത്തിലും സമാധാനവും സന്തോഷവും ഞങ്ങൾക്ക വിളമ്പിത്തന്നതു് അവിടുത്തെ ആ തൃക്കരങ്ങളാണ്." ആ കണ്ണുകളിൽനിന്നു കണ്ണീർക്കണങ്ങൾ അടൎന്നുവീണു. അയാൾ തുടൎന്നു: "ഇക്കാലമത്രയും കൂലിവേലചെയ്താണ് ഈ കുടുംബത്തെ ഞാൻ പുലൎത്തിപ്പോന്നതു്. എന്നാൽ ഈശോ ഇവിടെ വാഴാൻ തുടങ്ങിയതിൽപ്പിന്നെ എന്തെന്നില്ലാത്ത മനസ്സമാധാനവും സന്തോഷവും ഞങ്ങൾക്ക് അനുഭവപ്പെടാൻ തുടങ്ങി. അതിനുമുമ്പു ഞങ്ങളുടെ കുടുംബം എത്ര ദുരിതം നിറഞ്ഞതായിരുന്നുവെന്നു് ആ നില്ക്കുന്നവൾതന്നെ പറയും. ഇപ്പോൾ, ഇതാ എല്ലാ കുടുംബകാൎയ്യവും ഈശോയെ ഏല്പിച്ചുകൊണ്ടു ഞാൻ അവസാനയാത്ര പറയുന്നു. ഈ പിഞ്ചുകുഞ്ഞുങ്ങളെയും അവരുടെ അമ്മയെയും ഞാൻ അവിടുത്തെ തൃക്കരങ്ങളിൽ ഏല്പിച്ചുകഴിഞ്ഞു. അവിടുന്നെല്ലാം നേരെയാക്കിക്കൊള്ളും. അച്ചൻ എനിക്കുവേണ്ടി ആ പ്രതിഷ്ഠാജപം ഒന്നു ചൊല്ലേണമേ."

ഞാൻ തൽക്ഷണം ആ തിരുസ്വരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രതിഷ്ഠാജപം വായിച്ചു. തത്തുല്യമായ ഭക്തിപാരവശ്യത്തോടെ ആ ദിവ്യകൎമ്മം മുമ്പൊരിക്കലും ഞാൻ നടത്തുകയുണ്ടായിട്ടില്ല. വായനകഴിഞ്ഞു ഞാൻ രോഗിയുടെ പക്കലേയ്ക്കു ചെന്നു. അയാൾ കൈയിലുണ്ടായിരുന്ന ക്രൂശിതരൂപം ചുണ്ടിൽ അമത്തിപ്പിടിച്ചു ചുംബിച്ചിരുന്നു. പകുതി അടഞ്ഞിരുന്ന കണ്ണുകളിൽനിന്നു് ഒന്നുരണ്ടു കണ്ണുനീൎത്തുള്ളികൾകൂടി അടൎന്നുവീഴുകയും ആ ക്രൂശിതരൂപത്തിന്റെ അടിവശം നനക്കുകയും ചെയ്തു. അതേ, അതായിരുന്നു ആ വിശ്വസ്തഭൃത്യൻ തന്റെ യജമാനനു സമർപ്പിച്ച അന്തിമോപഹാരം.

# 10. ആ വെള്ളയുടുപ്പ്

അന്നൊരു ഞായറാഴ്ചയായിരുന്നു; വികാരിയച്ചന്റെ സാരസമ്പൂർണ്ണവും ലളിതകോമളവുമായ പ്രസംഗം ഇങ്ങനെ അവസാനിച്ചു. "കൂടാതെ ഒരു കാര്യംകൂടി നിങ്ങളെ ഓർപ്പിക്കുവാനുണ്ട്. ആദ്യകുർബാന കൈക്കൊള്ളലിനായി ഇവിടെ ഒരുങ്ങിവരുന്ന കുട്ടികളിൽ പലരും തീരെ പാവപ്പെട്ടവരാണ്. വൃത്തിയുള്ള ഒരു വസ്ത്രം വാങ്ങിക്കുവാൻപോലും അവർക്കു കഴിവില്ല. അതുകൊണ്ട് അവർക്കുപയോഗിക്കുവാൻ കൊള്ളാവുന്ന മുണ്ടോ ഉടുപ്പോ തരുവാൻ സന്മനസ്സുള്ളവർ ഈ ദിവസങ്ങളിൽ കൊണ്ടുവന്നു തരണമെന്നപേക്ഷിക്കുന്നു. തീർത്തുതരുവാൻ കഴിവില്ലാത്തവർ വായ്പയായിട്ടെങ്കിലും തരണം. ആ പാവപ്പെട്ട കുട്ടികൾ ഈശോയെ ആദ്യമായി സ്വീകരിക്കുന്ന ദിവസത്തിൽ നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. കാരുണ്യവാനായ ഈശോ തീർച്ചയായും നിങ്ങൾക്കു പ്രതിസമ്മാനം നല്കും."

ത്രേസ്യാമ്മ അതിലെ ഓരോ വാക്കും ശ്രദ്ധിച്ചു കേട്ടു. മൂന്നു വർഷം മുമ്പ് ആദ്യകുർബാന കൈക്കൊണ്ടപ്പോൾ ഭംഗിയുള്ള ഒരു വെള്ളയുടുപ്പാണ് അവൾ ധരിച്ചിരുന്നത്. പല ത്യാഗങ്ങളും സഹിച്ചിട്ടാണ് അത്ര വിലപിടിച്ച ഒരുടുപ്പു തങ്ങളുടെ പുത്രിക്കു സമ്മാനിക്കുവാൻ അവളുടെ മാതാപിക്കന്മാർക്കു സാധിച്ചതുതന്നെ. അതിൽപ്പിന്നെ അപൂർവ്വം ചില അവസരങ്ങളിൽ മാത്രമേ അവൾ അതുപയോഗിച്ചിട്ടുള്ളൂ. ഇപ്പോൾ അതു് അനുജത്തി മറിയക്കുട്ടിയുടെ അടുത്തകൊല്ലത്തെ ആദ്യകുർബാന കൈക്കൊള്ളലിനായി അലക്കിച്ചു ഭദ്രമായി വച്ചിരിക്കുകയാ[illegible]

"അമ്മച്ചീ! [illegible] അറിയ ഉടനെ ത്രേസ്യാമ്മ ചോദിച്ചു. "അമ്മച്ചി കേട്ടില്ലേ ഇന്നു വികാരിയച്ചൻ പറഞ്ഞതൊ

ക്കേ? എൻെറ ആ പഴയ ഉടുപ്പുകൂടി കൊടുത്തേക്കട്ടെ?"

അമ്മ: "നീയൊന്നു മിണ്ടാതിരി എൻെറ കുഞ്ഞേ; അതു കൊടുത്തിട്ടു വരുന്നയാണ്ടിൽ മറിയക്കുട്ടിക്കു വേറെ ഉടുപ്പുണ്ടാക്കുവാൻ ഇവിടെയാരുമില്ല."

ത്രേ: "തീർത്തു കൊടുക്കണ്ടാ, അമ്മച്ചീ; വായ്പയായിട്ടാണെങ്കിലും മതിയെന്നല്ലേ അച്ചൻ പറഞ്ഞതു്?"

അമ്മ: "അച്ചനെന്തു പറഞ്ഞാലും വല്ലവരുമല്ലേ അതിടുന്നതു്. അവരെന്തുമാത്രം സൂക്ഷിക്കും? പോരെങ്കിൽ അതു കൊടുത്തെന്നറിഞ്ഞാൽ മറിയക്കുട്ടി എന്നെ ഇവിടെ കിടത്തുകയില്ല. പാവം! അതിൻെറ പനിയൊന്നു മാറിയെങ്കിൽ മതിയായിരുന്നു. ഇന്നു നാലാമില്ലേ എരിഞ്ഞു പനിക്കുവാൻ തുടങ്ങിയിട്ടു്?"

മറിയക്കുട്ടിയുടെ സമ്മതം വാങ്ങിക്കുന്നതിലാണു വിജയമടങ്ങിയിരിക്കുന്നതെന്നറിയാമായിരുന്നതുകൊണ്ടു ത്രേസ്യാമ്മ അവളുടെ പക്കലേയ്ക്കോടി. വിവർണ്ണയായി, മുഖംവരെ കമ്പിളിയിൽ മൂടിപ്പുതച്ചു കിടക്കുന്ന ആ ചെറുമാലാഖായെ കണ്ടതിനോടെ അവളുടെ കണ്ണുകൾ നിറഞ്ഞു. എങ്കിലും അവൾ മടിച്ചില്ല, വികാരിയച്ചൻ പറഞ്ഞതെല്ലാം സഹജമായ മധുരഭാവത്തോടുകൂടി അനുജത്തിയെ പറഞ്ഞുകേൾപ്പിക്കുവാൻ. ഒരു പാവപ്പെട്ട കുഞ്ഞിനു് അങ്ങനെ ഒരു ദിവസത്തേയ്ക്കു ചെയ്യുന്ന ഉപകാരത്തെ ഉണ്ണിയീശോ എന്നെന്നും സ്മരിക്കുമെന്നും ആവേശത്തോടെ അവൾ പറഞ്ഞു. മറിയക്കുട്ടി സമ്മതിച്ചു. അടുത്ത ദിവസംതന്നെ ത്രേസ്യാമ്മ ആ വെള്ളയുടുപ്പു വായ്പയായി വികാരിയച്ചനെ ഏല്പിക്കുകയും ചെയ്തു.

ആദ്യകുർബാന കൊക്കൊള്ളൽ ദിവസം അതിരാവിലേതന്നെ ത്രേസ്യാമ്മ പള്ളിയിലെത്തി. കുട്ടികളെല്ലാം നിരനിരയായി മുട്ടുകുത്തിക്കഴിഞ്ഞു. അവരുടെ കൂട്ടത്തിൽ കുറെ താഴെയായി അതാ, ഒരു പാവപ്പെട്ട പെൺകുട്ടി ആ വെള്ളയുടുപ്പിട്ടു് നെറ്റും മുടിയും ധരിച്ചു മുട്ടുകുത്തിയിരിക്കുന്നു. രണ്ടുപേർ— കാ

ട്ടയിൽ അവളുടെ മാതാപിതാക്കന്മാരാണെന്നൂഹിക്കാം— അവളുടെ ഇരുവശങ്ങളിലായി മുട്ടുകുത്തിയിട്ടുണ്ട്. ത്രേസ്യാമ്മയും അവളുടെ അടുത്തെത്തി മുട്ടുകുത്തി. വി. കുർബാന എഴുന്നള്ളിച്ചുകൊടുത്തുതുടങ്ങി. തന്റെ വെള്ളയുടുപ്പിട്ടിരിക്കുന്ന ആ ചെറുബാലിക തലയുയർത്തി നാക്കുനീട്ടി ദിവ്യകാരുണ്യം സ്വീകരിക്കുന്നതും അമ്മയുടെ നിർദ്ദേശാനുസരണം ഉടൻ വായടച്ച് ഒരു ദൈവദൂതനെപ്പോലെ കൈകൂപ്പിപ്പിടിച്ചുകൊണ്ടു തല കുനിക്കുന്നതും കണ്ടപ്പോൾ ത്രേസ്യാമ്മയുടെ ഹൃദയം ആനന്ദത്താൽ കുതിച്ചുചാടി. മൂന്നു കൊല്ലം മുമ്പുനടന്ന തന്റെ ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഒരാവർത്തനമാണതെന്ന് അവൾക്കു തോന്നി. ഹാ! ഉറക്കത്തിൽപ്പോലും വിസ്മരിക്കുവാൻ കഴിയാത്ത ഒരു മധുരസംഭവം മനുഷ്യജീവിതത്തിലുണ്ടെങ്കിൽ അതത്രേ ആദ്യകുർബാന കൈക്കൊള്ളൽ!

അമ്മയുടെ നിർദ്ദേശാനുസരണം അന്നു വൈകിട്ടുതന്നെ ത്രേസ്യാമ്മ പോയി ഉടുപ്പു തിരിയെ വാങ്ങി. അവൾ വീട്ടിലേയ്ക്കു വരുമ്പോൾ, ഡോക്ടരെ വിളിക്കുവാൻ ഒരാൾ ഓടുന്നതു കണ്ടു. എന്ത്! മറിയക്കുട്ടിയുടെ പനി വീണ്ടും കൂടിയെന്നോ! അവളോടിക്കിതച്ചു വീട്ടിലെത്തി. ത്രേസ്യാമ്മയെ കണ്ടയുടനെ "ചേച്ചീ, അതിങ്ങോട്ടു കൊണ്ടുവന്നേ, ഞാനൊന്നിടട്ടെ" എന്നു പറഞ്ഞുകൊണ്ടു മറിയക്കുട്ടി ദയനീയമായവിധത്തിൽ കൈകൾ നീട്ടി.

"അരുതു ത്രേസ്യാമ്മേ!" അടുക്കളയിൽനിന്ന് അമ്മ വിളിച്ചുപറഞ്ഞു. "അവളുടെ ദേഹം അനക്കരുത്. തീപോലെയാണു പനിക്കുന്നത്."

ത്രേസ്യാമ്മ അതു കേട്ടെന്നു തോന്നുന്നില്ല. അനുജത്തിയുടെ അപേക്ഷയനുസരിച്ച് ആ ഉടുപ്പു സാവധാനം അവളെ ധരിപ്പിച്ചു. അപ്പോഴേയ്ക്കു അമ്മ ഓടിയെത്തി. "നോക്കിക്കേ, അമ്മച്ചീ! മറിയക്കുട്ടിയെ ഇപ്പോൾ പനിക്കുന്നില്ലല്ലോ" ത്രേസ്യാമ്മ ആശ്ചര്യപൂർവം ഉദ്ഘോഷിച്ചു.

അമ്മ അവളുടെ നെററിയിലും കൈയിലും പിടിച്ചുനോക്കി. അത്ഭുതമേ! പനിയുടെ ലാഞ്ഛനപോലുമില്ല. സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു മറിയക്കുട്ടിയെ ആ മാതാവു മാറോടണച്ചു. "തങ്ങൾക്കുപകാരം ചെയ്യുന്നവർക്കുവേണ്ടി ആദ്യകുർബാന കൈക്കൊള്ളുമ്പോൾ അവർ പ്രാർത്ഥിക്കുമെന്നു വികാരിയച്ചൻ പറഞ്ഞതു് അമ്മ ഓർമ്മിക്കുന്നില്ലേ? ഉണ്ണിയീശോയെ പ്രസാദിപ്പിക്കുവാൻ ഏററവും പററിയ വിദ്യയാണിതു്. വരുന്ന കൊല്ലവും ഒരു കുട്ടിക്കു് എങ്ങനെയെങ്കിലും ഒരു വെള്ളയുടുപ്പുണ്ടാക്കി കൊടുക്കണം, കേട്ടോ അമ്മേ" ത്രേസ്യാമ്മ പറഞ്ഞു.

"തീർച്ചയായും" സന്തോഷസ്വരത്തിൽ അമ്മ പ്രതിവചിച്ചു. "അതിനു മുമ്പായി നാളെത്തന്നെ ഈ ഉടുപ്പുകൊണ്ടുപോയി അച്ചനെ ഏല്പിക്കണം. ആ പാവപ്പെട്ട കുഞ്ഞിനു് ഇതു കൊടുത്തേക്കട്ടെ. ഇനിയും കുർബാന കൈക്കൊള്ളുവാൻ അവൾക്കിതു് ഉപകരിക്കുമല്ലോ."

## 11. വിരുന്നുകാരനോടു്

മണിപന്ത്രണ്ടായി. ആ വന്ദ്യപുരോഹിതൻ തൻെറ മുറിയിൽ മുട്ടുകുത്തി, സ്വയം പരിത്യജിക്കുന്നതിനും പ്രലോഭനങ്ങളെ ജയിക്കുന്നതിനും വേണ്ട ശക്തിലഭിക്കുവാൻ പ്രാർത്ഥിക്കുകയായിരുന്നു. അധികം കഴിയുന്നതിനുമുമ്പു്, ആ മുറി ഒരു സ്വർഗ്ഗീയപ്രകാശത്താൽ പ്രശോഭിതമായി. പ്രസ്തുത പ്രകാശധോരണിയുടെ മദ്ധ്യത്തിൽ ഈശോ പ്രതാപത്തോടെ പ്രത്യക്ഷപ്പെട്ടു. ക്രൂശുമരണം കൈവരിക്കുന്നതുപോലെയോ പീഡകൾ അനുഭവിക്കുന്നതുപോലെയോ അല്ല, പ്രത്യുത, നാനാവിധരോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടിരുന്നവരെ സുഖപ്പെടുത്തിയപ്പോൾ

പ്രദർശിപ്പിച്ച ആ കരുണാമസൃണമായ ഭാവത്തിലാണ് ഈശോ അവിടെ എഴുന്നള്ളിയിരിക്കുന്നത്.

മാറോടണച്ച കൈകളോടുകൂടി ഇതികർത്തവ്യതാമൂഢനായി ആ പുരോഹിതൻ നിലകൊണ്ടു. ദൈവസ്നേഹാഗ്നി അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്ത് ആളിക്കത്തുന്നുണ്ടായിരുന്നു. തൽഫലമായി അദ്ദേഹത്തിന്റെ മുഖം ശോഭയേറിയതായി കാണപ്പെട്ടു. തന്റെ പക്കലേയ്ക്ക് എഴുന്നള്ളി വന്നിരിക്കുന്ന കരുണാവാരിധിയായ ഈശോയെ, താനറിയാതെതന്നെ ആ വൈദികസത്തമൻ സാഷ്ടാംഗപ്രണാമം ചെയ്താരാധിച്ചു.

ഇപ്രകാരം ദൈവസന്നിധിയിൽ ആനന്ദപരവശനായി നിൽക്കുമ്പോൾ ആശ്രമമണിനാദം അദ്ദേഹത്തിന്റെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിച്ചു. തങ്ങളുടെ പ്രതിദിനഭിക്ഷ വാങ്ങിക്കുവാൻ ദരിദ്രർ ആശ്രമകവാടത്തിങ്കൽ ഹാജരാകേണ്ട സമയമായി. ഭിക്ഷാവിതരണത്തിനു നിയുക്തനായിരുന്നത് അദ്ദേഹമായിരുന്നു; എന്നാൽ ഈ സമയത്ത് അദ്ദേഹം എന്തു ചെയ്യും? ആ വിരുന്നുകാരനെ — സ്വർഗ്ഗീയനാഥനെ — തനിച്ചു മുറിയിൽ വിട്ടുകൊണ്ടുപോകുന്നതു ബഹുമാനഹീനതയല്ലേ? തന്റെ അസാന്നിദ്ധ്യത്തിൽ ഈശോ അപ്രത്യക്ഷനായേക്കുമോ? എങ്കിൽ, ഇപ്രകാരമൊരു കാഴ്ച എന്നാണ് ഇനി കണ്ടാനന്ദിക്കുവാൻ കഴിയുന്നത്? നേരമറിച്ച്, പടിവാതില്ക്കൽ തന്നെ കാത്തുനിൽക്കുന്ന സാധുക്കളെ നിർത്തി വിഷമിപ്പിക്കുന്നതു മഹാദ്രോഹമല്ലേ? കടമയ്ക്കു വിരുദ്ധമല്ലേ? ഇങ്ങനെയുള്ള വിവിധ വിചാരങ്ങൾ ആ പുരോഹിതന്റെ മനസ്സിൽ അലതല്ലി. അപ്പോൾ അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തുനിന്ന് ഒരു ദൈവികശബ്ദം നിർഗ്ഗമിച്ചു: "നിന്റെ കടമ നീ നിർവ്വഹിക്കുക; ശേഷമുള്ളതു ദൈവത്തിങ്കൽ സമർപ്പിക്കുകയും ചെയ്യുക."

ഇപ്പോൾ അദ്ദേഹം തന്റെ മാർഗ്ഗം മുമ്പിൽ തെളിഞ്ഞുകണ്ടു. മനുഷ്യമനസ്സിന്റെ അതിനിഗൂഢവിചാരങ്ങളെപ്പോലും അറിയുന്ന സർവ്വശക്തന്റെ മുമ്പിൽ അദ്ദേഹം സാഷ്ടാംഗപ്ര

ണാമം ചെയ്തു. ആ കാരുണ്യവാരിധിയെ ആനന്ദപരവശവും ആശാപൂർണ്ണവുമായ നയനങ്ങളാൽ വീക്ഷിച്ചുകൊണ്ട് അദ്ദേഹം തന്റെ കർത്തവ്യനിർവഹണത്തിനായി അവിടംവിട്ടു.

തങ്ങളുടെ ഉപകർത്താവിനെ കണ്ടപ്പോൾ ആ സാധുക്കളുടെ മനം കുളിർത്തു. സാധാരണയായി അതിനിഷ്ഠുരമായ നിർദ്ദയത്വം മാത്രം അനുഭവിച്ചുപോന്നിരുന്ന അവർ അവർണ്ണനീയമായ ആനന്ദത്തോടെ ആ വൈദികനിൽനിന്നും ഭിക്ഷ സ്വീകരിച്ചു. ഒരു സ്വർഗ്ഗീയസുഖം അനുഭവിച്ചാലെന്നപോലെ ദാനവും സ്വീകരിച്ചുകൊണ്ട് ആ അസ്ഥിപഞ്ജരങ്ങൾ തങ്ങളുടെ വസതികളിലേക്കു മടങ്ങി.

സാധുക്കളെ പരിചരിച്ചതിനുശേഷം അദ്ദേഹം തന്റെ മുറിയിലേയ്ക്കു് വായുവേഗത്തിൽ ഓടി. സ്വർഗ്ഗീയനാഥൻ പഴയ സ്ഥാനത്തുതന്നെ പ്രസന്നവദനനായി നിന്നിരുന്നതു് അദ്ദേഹത്തെ അത്ഭുതസ്തബ്ധനാക്കി. 'നിന്റെ കടമയെ അവഗണിച്ചു നീ ഇവിടെ നിന്നിരുന്നെങ്കിൽ ഞാൻ അപ്രത്യക്ഷനാകുമായിരുന്നു.' എന്നുള്ള ഈശോയുടെ കരുണാമസൃണമായ വചനങ്ങളാണു് അദ്ദേഹത്തെ ആ നിലയിൽനിന്നു പരിവർത്തിപ്പിച്ചതു്. ദൈവത്തെ കൂടുതൽ പ്രീതിപ്പെടുത്തുന്നതു പരിചരണം വഴിയായുള്ള ആരാധനയാണെന്നു് അദ്ദേഹം മനസ്സിലാക്കി. അപ്പോഴേയ്ക്കു് ഈശോ അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. നോക്കുക! കർത്തവ്യനിർവ്വഹണത്തിന്റെ പ്രതിസമ്മാനം.

## 12. കിളിയുടെ മാതാവ്

പരിഷ്ക്കാരകേന്ദ്രമായ പാരീസ് പട്ടണത്തിൽ ശില്പകലാകാരന്മാരുടെ അഭിമാനസ്തംഭമായി ശോഭിക്കുന്ന നോട്ടർഡാം മെത്രാസനദൈവാലയത്തെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. വിശിഷ്ടങ്ങളായ വിചിത്രവേലകളാൽ മോടിപിടിപ്പിച്ചിരി

കുന്ന ഈ ദൈവാലയം കാണികളുടെ മനം കവരുന്ന ഒരു മഹാക്ഷേത്രമാണ്. അതിന്റെ ഉള്ളിലുള്ള വിവിധ ചിത്രങ്ങളും വിശുദ്ധരുടെ സജീവങ്ങളെന്നു തോന്നിക്കുന്ന കൊത്തുരൂപങ്ങളും ആ ദൈവഭവനത്തെ കൂടുതൽ സമാകർഷകമാക്കുന്നു. മനോഹരങ്ങളായ ആ കൊത്തുരൂപങ്ങളിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു രൂപമാണ് ആ നഗരത്തിലെ കൊച്ചുകുട്ടികളെ സവിശേഷം ആകർഷിച്ചിട്ടുള്ളത്. ഒരു കിളിയെ കയ്യിലേന്തിയിരിക്കുന്ന ദിവ്യശിശുവിനേയും വഹിച്ചുകൊണ്ടുള്ള മാതാവിനെയാണ് അതിൽ ചിത്രീകരിച്ചിട്ടുള്ളത്. പാരീസിലെ ബാലികാബാലന്മാരെ മരിയഭക്തരാക്കിയ ഒരു കൊത്തുരൂപം! കിളിയുടെ മാതാവ് എന്നു ആ രൂപത്തെ അവർ അഭിസംബോധനചെയ്യുന്നു. ഏതു സമയത്തും, വിശിഷ്യ, മരിയമാസമായ മെയ്മാസത്തിലും ബാലഗണം തങ്ങളുടെ സകല കഴിവുകളും ഉപയോഗിച്ച് രൂപത്തെ അലങ്കരിക്കുന്നു. അവിടെ ചുററിക്കൂടി സ്വന്തം അമ്മയോടെന്നപോലെ ഭയരഹിതമായും സ്വാതന്ത്ര്യമായും അവർക്കാവശ്യമുള്ള സകല കാര്യങ്ങളും ആ കന്യകയോട് അവർ ചോദിക്കും. അവയെല്ലാം സാധിച്ചുകിട്ടുമെന്ന് അവർക്കു പൂർണ്ണമായ വിശ്വാസമുണ്ടു്. ആ കുഞ്ഞുമക്കളുടെ പ്രാർത്ഥനകൾ സാധിച്ചുകൊടുക്കുവാൻ വല്ലഭയായ ആ കന്യക, അവരിൽ അതീവ തല്പരയുമാണ്. അങ്ങനെ "കിളിയുടെ മാതാവ്" ആ കുഞ്ഞുങ്ങളുടെ അഭയസങ്കേതവും ആശ്രയവുമായിത്തീർന്നിരിക്കുന്നു, പാശ്ചാത്യപരിഷ്കാരത്തിന്റെ ആ പ്രമുഖ കേന്ദ്രത്തിൽ.

അമ്മമാരിൽനിന്നു കേട്ടിട്ടുള്ള രസാവഹമായ ഒരത്ഭുതസംഭവമാണ് ഈ ബാലഗണത്തെ ആ രൂപത്തിന്റെ സന്നിധിയിലേയ്ക്കു സദാ ആകർഷിച്ചുകൊണ്ടിരിക്കുന്നതു്. ആ സംഭവകഥ ഇപ്രകാരമാണ്: —

ആ ദൈവാലയത്തിന്റെ സമീപത്തു കുറെക്കൊല്ലങ്ങൾക്കുമുമ്പ് സിറിൽ എന്നു പേരായ ഒരു ചെറിയ കുട്ടി തന്റെ

അമ്മയോടുകൂടി വസിച്ചിരുന്നു. അതീവവാത്സല്യത്തോടെ വളർത്തിയിരുന്ന ഒരു കിളിക്കുഞ്ഞ് അവനുണ്ടായിരുന്നു. കിളി തന്റെ യജമാനനായ ആ കൊച്ചുകുട്ടിയെ അതിരററവിധത്തിൽ സ്നേഹിക്കുകയും ചെയ്തിരുന്നു. ആ കുഞ്ഞുപക്ഷി അവന്റെ തലയിലിരുന്നു പാടുകയും തോളിലിരുന്ന് ആടുകയും പതിവാണ്. സിറിലിന്റെ അമ്മ ദൈവഭക്തിയുള്ള ഒരു കത്തോലിക്കാവനിതയായിരുന്നു. തന്റെ ഓമനക്കുമാരനേയുംകൊണ്ട് അവൾ ദിവസവും പള്ളിയിൽപോകും. സക്രാരിയിലിരിക്കുന്ന ഈശോയെ സിറിലിനു ചൂണ്ടിക്കാണിച്ചുകൊണ്ട് അവിടുന്നു മനുഷ്യരോടു കാണിക്കുന്ന സ്നേഹത്തെക്കുറിച്ച് ആ അമ്മ തന്റെ കുട്ടിയെ പഠിപ്പിച്ചിരുന്നു. ദിവ്യബലിയെല്ലാം കഴിഞ്ഞാൽ മുൻപ്രസ്താവിച്ച ആ തിരുസ്വരൂപത്തിന്റെ അരികിലേക്ക് അവൾ കുട്ടിയെ കൊണ്ടുപോവുകയും ആ അമ്മയോടു പ്രാർത്ഥിക്കേണ്ടവിധം അവനു പറഞ്ഞുകൊടുക്കുകയും പതിവായിരുന്നു. ഒരോരോ ദിവസംപോലും ദൈവമാതാവിന്റെ പാദത്തിങ്കൽ മുട്ടുകുത്തി അല്പം പ്രാർത്ഥിക്കാതെ അവർ പള്ളിയിൽനിന്നു മടങ്ങിയിട്ടില്ല.

അങ്ങനെ മാസങ്ങൾ പലതു കടന്നുപോയി. സിറിലിന്റെ അമ്മയ്ക്കു കഠിനമായ ഒരു രോഗം പിടിപെട്ടു. പാവം സിറിൽ അമ്മയുടെ കിടക്കയ്ക്കരികെ കഴിച്ചുകൂട്ടി. രോഗം സുഖപ്പെടുകയില്ലെന്നുള്ള ഡോക്ടരുടെ പ്രസ്താവനയുടെ ഗൗരവം മനസ്സിലാക്കാൻ ആ കൊച്ചുകുട്ടിക്കു സാധിച്ചില്ല. അമ്മ അടുത്ത ദിവസം സുഖം പ്രാപിക്കുമെന്നാണ് ആ നിഷ്കളങ്കബാലൻ ധരിച്ചുവച്ചത്. എന്നാൽ ആ സ്ത്രീയുടെ ക്ഷീണം വർദ്ധിച്ചുവന്നു; അവൾ മരണാസന്നയായി. അമ്മ തന്നെ നോക്കി പുഞ്ചിരിതൂകാത്തതു സിറിലിനു വലിയ കുണ്ഠിതമുണ്ടാക്കി. അവൻ കട്ടിലിൽ കയറിയിരുന്ന് അമ്മയെ ചുംബിച്ചു. എന്നാൽ ആ സാധുരോഗിണി തന്റെ കുഞ്ഞിനെ നോക്കി കരയുകമാത്രം ചെയ്തു. അവൾ സംസാരിക്കുവാൻ അശക്തയായിരുന്നു. സിറി

ലിൻെറ മുഖഭാവം മാറി. അവൻെറ ആനന്ദം പമ്പകടന്നു. ആ കുട്ടി വിമ്മിവിമ്മിക്കരയുവാൻ തുടങ്ങി.

ഉടനെ അവൻെറ ഹൃദയത്തിൽ ഒരു വിചാരം അങ്കുരിച്ചു. "അമ്മയുടെ രോഗം സുഖപ്പെടുത്തുവാൻ ഞാൻ മാതാവിനോടു പ്രാൎത്ഥിക്കും", അവൻ തന്നത്താൻ പറഞ്ഞു. "മാതാവിന് എന്തെങ്കിലും സമ്മാനം കൊടുക്കണം" അവൻ കളിക്കോപ്പുകൾ ആകെ പരിശോധിച്ചു. ഒന്നും അവന് ഇഷ്ടപ്പെട്ടില്ല. അവസാനം തൻെറ ആരോമൽക്കിളിയെത്തന്നെ അവൻ കൈയിലെടുത്തു. ആ കിളി അവൻെറ സൎവ്വസ്വമായിരുന്നു. അതിനെ നെഞ്ചിലമൎത്തി ആ കൊച്ചുബാലൻ പറഞ്ഞു: "മോനെ, ഇമ്മടെ അമ്മേടെ കേടു മാററാൻ ഇമ്മക്കു പള്ളീപ്പോയി മാതാവിനോടു പറയാം". സിറിൽ പള്ളിയിലെത്തി മാതാവിൻെറ തിരുസ്വരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി പ്രാൎത്ഥിക്കുവാൻ തുടങ്ങി. കിളിയെ അവൻ ആ രൂപത്തിൻെറ നേരെ നീട്ടി ഉടനെ അതു പറന്നുപോയി ഉണ്ണീയുടെ കയ്യിൽ ചെന്നിരുന്നു. ആ കിളി അവിടെയിരുന്ന് ഒരു പാട്ടുപാടി. സിറിൽ സംതൃപ്തനായി മടങ്ങി. കിളിയുടെ പാട്ട് അവൻെറ പ്രാൎത്ഥന മാതാവു സ്വീകരിച്ചതിൻെറ ലക്ഷ്യമാണെന്ന് അവൻ ഉറച്ചു. അവൻ ഒരൊററഓട്ടം കൊണ്ട് വീട്ടിലെത്തി, വാതിൽ തുറന്ന് അമ്മയെ നോക്കി. അമ്മ ചിരിച്ചുകൊണ്ട് അവനെ പിടിച്ചു ചുംബിച്ചു. മൂന്നുനാലുദിവസങ്ങൾക്കുള്ളിൽ അവർ പരിപൂൎണ്ണസുഖം പ്രാപിച്ചു.

## 13. അങ്ങാടിയിൽനിന്ന്

എഴെട്ടുകൊല്ലംകൂടിയാണു ഫാദർ സെബാസ്റ്റ്യനു സ്വദേശത്തേയ്ക്കു പോകുവാനവസരം ലഭിച്ചത്. പാററ്നാ രൂപതയിലെ മെത്രാനച്ചൻെറ സെക്രട്ടറിയെന്ന നിലയിൽ, അദ്ദേഹത്തിനു പല ജോലികളും ചെയ്തു തീൎക്കേണ്ടതായുണ്ട്.

മലയാളക്കരയിലേക്കു പുറപ്പെടുന്നതിന്റെ തലേദിവസമായിരുന്നു ആ അജ്ഞാതനാമവ്യക്തിയുടെ ഒരു "മണിയോർഡർ" അദ്ദേഹത്തിനു ലഭിച്ചത്. മാസംതോറും ആ തുക വന്നുകൊണ്ടിരുന്നു. "ഒരു ഗുണകാംക്ഷി; ആൾ കോട്ടയംകാരൻ; വികാരിയച്ചൻ പണമയയ്ക്കുന്നു." വളരെ ചുഴിഞ്ഞാലോചിച്ചിട്ടും ആൾ ആരാണെന്ന് അദ്ദേഹത്തിനൊരു തുമ്പും കിട്ടിയില്ല. പണമയയ്ക്കുന്ന കാര്യം പ്രസിദ്ധം ചെയ്യരുതെന്ന് അയാൾ നിഷ്കർഷിക്കുകയും ചെയ്യുന്നു. ഏതായാലും വിയർപ്പു തുള്ളികളുടെ ഫലമായ ആ പണക്കിഴിയുടെ പിന്നിൽ മറഞ്ഞുനിന്ന ആ അലോകമോഹനമായ ആത്മാർത്ഥത അദ്ദേഹത്തെ പുളകം കൊള്ളിച്ചു. അയാൾ പാവപ്പെട്ടവനാണ്; ദാരിദ്ര്യത്തിന്റെ അടിത്തട്ടുവരെ എത്തിയവൻ. താൻ നേരിട്ട് അനേകവട്ടം കത്തുകളയച്ചഭ്യർത്ഥിച്ചിട്ടും ഒരൊറ്റപ്പൈപോലും മിഷനുവേണ്ടി ദാനം ചെയ്യാത്ത കുബേരന്മാരെവിടെ? "അന്നന്നയപ്പ"ത്തിനുള്ള സമ്പാദ്യത്തിന്റെ ഒരോഹരി ആരുമാവശ്യപ്പെടാതെ അയച്ചുകൊണ്ടിരിക്കുന്ന ആ പട്ടിണിപ്പാവമെവിടെ? ഉത്തരം കിട്ടാത്ത ഒരു ചോദ്യം!

ആ തുക ചെറുതാണ് – പത്തു രൂപാ പക്ഷേ, അത്രയും പണം മുടങ്ങാതെ പാററ്നാമിഷന് അയച്ചുകൊടുത്തുകൊണ്ടിരുന്ന കേരളീയനില്ലായിരുന്നു. "പരമകാരുണികനായ ഈശോ അയാളെ അനുഗ്രഹിക്കട്ടെ!" അദ്ദേഹമാശംസിച്ചു. അനേകശതംനാഴിക അകലെ സ്ഥിതിചെയ്യുന്ന സമ്പൽസമൃദ്ധവും പ്രകൃതിരമണീയവുമായ തന്റെ ജന്മനാടിനെ, പ്രാക്തനപ്രസിദ്ധവും ഭാരതത്തിലെ ക്രിസ്തീയസംസ്കാരത്തിന്റെ ഉറവിടവുമായ കേരളത്തെ, അദ്ദേഹം അനുസ്മരിച്ചു. ആ ഭൂവിഭാഗത്തിലെങ്ങോ അജ്ഞാതനായിക്കഴിഞ്ഞുകൂടുന്ന ആ "ഗുണകാംക്ഷി"യേയും അദ്ദേഹം മാനസികദൃഷ്ട്യാ വീക്ഷിച്ചു.

അടുത്തദിവസം രാവിലെ അദ്ദേഹം കേരളത്തിലേയ്ക്കു തിരിച്ചു.

"ബീഡി, മുറുക്കാൻ, സിഗററ്റ്," "മനോരമ", "ദീപിക", "അർശോഘ്നംലേഹ്യം!" അതൊരു ശബ്ദപ്രളയമായിരുന്നു. ഒട്ടേറെ 'ചെറുപ്പക്കാർ' ആ ഓവർലോഡുവണ്ടിയുടെ ചുററും തടിച്ചുകൂടി, തങ്ങളുടെ കച്ചവടസാധനങ്ങൾ യാത്രക്കാരുടെയിടയിൽ വിററഴിക്കുവാൻ.

"ഓറഞ്ച്, നാരങ്ങാവെള്ളം" അല്പമകലെ നിന്നൊരു വിളി തീവണ്ടിയുടെ ചൂളംപോലെ അന്തരീക്ഷത്തിൽ കേൾക്കാറായി. തിക്കും തിരക്കും നിറഞ്ഞ ആ തീക്കടലിൽക്കിടന്നുഴറിയ യാത്രക്കാർ അവനെ വിളിച്ചുവരുത്തി. വണ്ടിയിലിരുന്ന ഫാദർ സെബാസ്റ്റ്യൻ ഒരു ഗ്ലാസ്സ് നാരങ്ങാവെള്ളം അവനിൽനിന്നും വാങ്ങിച്ചുകുടിച്ചു. സദാപുഞ്ചിരി കളിയാടുന്ന, ചൈതന്യം തുളുമ്പുന്ന കോമളവദനം! പൊരിയുന്ന വെയിലും പെയ്യുന്ന മഴയും വകവയ്ക്കാതെ അവൻ എന്നും ചുറുചുറുക്കോടെ അങ്ങനെ ഓടിനടക്കും. ദാരിദ്ര്യം അവനെ അതിനു നിർബന്ധിക്കുന്നു.

"നിന്റെ പേരെന്താണ്?" ഫാദർ സെബാസ്റ്റ്യൻ സസ്നേഹം ചോദിച്ചു.

"ജോസഫ്. കുഞ്ഞപ്പെന്നാ ആളുകൾ വിളിക്കുന്നത്" അവൻ പ്രതിവചിച്ചു. "അച്ചൻ ഒരു മിഷനറിയാണോ?" കുഞ്ഞപ്പ തുടർന്നു ചോദിച്ചു.

ഈ ചോദ്യം ഫാദർ സെബാസ്റ്റ്യനെത്തന്നെ അത്ഭുതമുളവാക്കി. അങ്ങാടിച്ചെറുക്കൻ ഇങ്ങനെ ചോദിക്കാനുള്ള കാരണമെന്തെന്നറിയാതെ അദ്ദേഹം പറഞ്ഞു: "അതേ, ഞാൻ ഒരു മിഷനറിതന്നെ. ഇപ്പോൾ പാററ്നായിൽനിന്നു വരികയാണ്."

"ഓഹോ എന്നാൽ അവിടത്തെ സെക്രട്ടറിയച്ചനെ അറിയുമായിരിക്കുമല്ലോ?" കുഞ്ഞപ്പ ആരാഞ്ഞു.

ഫാദർ സെബാസ്റ്റ്യൻ: "ഉവ്വ്, തീർച്ചയായും. നീ അദ്ദേഹത്തെ അറിയുമോ?"

കുഞ്ഞപ്പ്: "എഴുത്തുമൂലം പരിചയമുണ്ട്. ഞാൻ മിഷ

ൻവേണ്ടി ഒരു ചെറിയ തുക അദ്ദേഹത്തിന്റെ പേർക്കു പ്രതിമാസം അയച്ചുകൊടുക്കുന്നുണ്ടു്.”

ഫാ. സെബാസ്റ്റ്യൻ: “കൊള്ളാം, ആ ചെറുപ്പക്കാരൻ നി തന്നെയോ? നീ പറഞ്ഞ സെക്രട്ടറിയച്ചൻ ഞാനാണു്. മിഷനയക്കുവാൻമാത്രം നിനക്കുപണം മിച്ചമുണ്ടാകുമോ?”

കുഞ്ഞപ്പ്: “ഞാൻ നേരമിരുട്ടുന്നതുവരെ ഇങ്ങനെ കച്ചവടം നടത്തും. കുറെ കാശു കിട്ടും. ഹോട്ടലിൽ കയറി ഉണ്ണും; വരാന്തയിൽക്കിടന്നുറങ്ങും. എനിക്കു വീടും അപ്പനും അമ്മയും സഹോദരീസഹോദരന്മാരും ആരും ഇല്ല.”

ഫാ. സെബാസ്റ്റ്യൻ: “മിഷനു പണമയയ്ക്കുവാൻ നിനക്കെങ്ങനെ തോന്നി? ആരെങ്കിലും ഉപദേശിച്ചോ?”

കുഞ്ഞപ്പ്: “ഇല്ല; മിഷനു പോകുവാൻ എനിക്കു വളരെ ആഗ്രഹമുണ്ടു്. പക്ഷേ, എനിക്കു പണമില്ല; പഠിപ്പുമില്ല. ഞാൻ സെക്കൻഡ് ഫോറത്തിലെത്തിയപ്പോഴേയ്ക്കു് എന്റെ അപ്പനും അമ്മയും മരിച്ചു. അതേത്തുടർന്നു സ്കൂൾജീവിതം നിറുത്തേണ്ടിവന്നു. എനിക്കു പെരുവഴി ആധാരവുമായി.”

കുഞ്ഞപ്പിന്റെ കണ്ണുകളിൽനിന്നു് മൂന്നുനാലശ്രുബിന്ദുക്കൾ വെൺമുത്തുകൾപോലെ ആ ഓറഞ്ചുകുട്ടയിൽ നിപതിച്ചു. ആദർശസമ്പന്നനായ ആ യുവാവിന്റെ ഉദ്ദേശശുദ്ധിയും അതിനു വിലങ്ങടിച്ചുനിൽക്കുന്ന പരിതഃസ്ഥിതികളും അച്ചന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. ദാരിദ്ര്യത്തിന്റെയും അവശതയുടെയും ഓടയിൽനിന്നു് ആ സാധുവിനെ പൊക്കിയെടുക്കുവാൻ ആരെങ്കിലും മുതിർന്നിരുന്നെങ്കിൽ! അദ്ദേഹം നെടുവീർപ്പിട്ടു.

“ഞാൻ പാററ്നായ്ക്കു തിരിച്ചുപോകുമ്പോൾ നിന്നെയും കൊണ്ടുപൊയ്ക്കൊള്ളാം.” ഫാ. സെബാസ്റ്റ്യൻ അവനെ ആശ്വാസിപ്പിച്ചു.

അശ്രുകലുഷിതമായ ആ മുഖത്തു് നിസ്സീമമായ ആനന്ദത്തിന്റെയും അടക്കുവാൻ വഹിയാത്ത ആശയുടെയും മിന്നൽ

പ്പീണറുകൾ വെട്ടിത്തിളങ്ങി. അച്ഛൻെറ ആശിസ്സ വാങ്ങിയെങ്കിലും അദ്ദേഹത്തിന് ഉപകാരം പറയുന്നതിനുമുമ്പ് വണ്ടി നീങ്ങിക്കഴിഞ്ഞു.

ഇന്നു പാററ്നാമിഷനിലാണു കുഞ്ഞപ്പ്. ഓറഞ്ചുകുട്ടയും തലയിൽപ്പേറി അലഞ്ഞുനടന്ന ആ യുവാവ്, ക്രിസ്തുവിൻെറ ദിവ്യപ്രബോധനങ്ങളാകുന്ന മധുരാപഹാരങ്ങളുമായി വിശക്കുന്നവരേയും ദാഹിക്കുന്നവരേയും സമീപിക്കുവാനൊരുങ്ങുകയാണു്.

# 14. വിത്തിനൊത്ത വിളവ്

ഏകദേശം എൺപത്തഞ്ചു വയസ്സ പ്രായം തോന്നിക്കുന്ന ഒരു വൃദ്ധനായിരുന്നു ആൻറണിയോ. അദ്ദേഹം പ്രകൃത്യാ വളരെ സൗമ്യനും ശാന്തശീലനും ആയിരുന്നു. പക്ഷെ, ഒരുദിവസം ഭാവം മാറിയാണു കാണപ്പെട്ടതു്. കോപവും ഗൗരവവും കലർന്ന മുഖഭാവവും കണ്ണുകളും അദ്ദേഹത്തിൻെറ ചിന്താഭാരത്തെ വെളിപ്പെടുത്തി. ഏതോ ഗുരുതരമായ കാര്യം തലയിൽ കയറിയിട്ടുണ്ടെന്നു പ്രഥമവീക്ഷണത്തിൽത്തന്നെ കാണികൾക്കു മനസ്സിലാക്കാം. ആൻറണിയോ മുറിയിൽനിന്നിറങ്ങി നേരെ തൻെറ ഭാര്യയുടെ പക്കലേക്കു ചെന്നു ദേഷ്യഭാവത്തോടെ പറഞ്ഞു: "ഒരു കാര്യം; സാധുസംരക്ഷണവും രോഗശുശ്രൂഷയുമൊക്കെ നല്ലതുതന്നെ. പക്ഷേ, ഈ വയസ്സുകാലത്തു് ഇത്ര ബുദ്ധിമുട്ടി നടന്നു വല്ല വീഴ്ചയില്യമായാലെന്തു ചെയ്യും? അതു നമ്മുടെ കുടുംബത്തിന് ഒരു ഭാരമായിത്തീരുകയില്ലേ? അതിനാൽ ഇതെല്ലാം ഒന്നു നിറുത്തിവെയ്ക്കയാണു നല്ലതു്." ഭർത്താവിൻെറ ഭാവമാററത്തിൻെറ കാരണം അറിയാതെ കുഴങ്ങിയ ആ സാധുവൃദ്ധ വിനയപൂർവ്വം പറഞ്ഞു "ഈ ശ്രദ്ധയും

സൂക്ഷ്മവും ഇപ്പോൾ എനിക്കല്ല, നിങ്ങൾക്കാണ് ആവശ്യം" "അതെന്താ" എന്നായി ഭർത്താവ്. പരസ്പരം ഓരോ ന്യായങ്ങൾ പറഞ്ഞു തർക്കംമൂത്തു. ഓരോരുത്തരും സ്വന്തം കാലിലെ മന്തുകാണാതെ അന്യകാലിലെ മന്തു കാണാൻ ശ്രമിച്ചുള്ളു. വാദം തീരുന്നില്ലെന്നു കണ്ടപ്പോൾ "എന്നാൽ മേലാൽ ആതുരശുശ്രൂഷാർത്ഥം വീടുവിട്ടിറങ്ങുകയില്ലെന്നു നമുക്കു രണ്ടുപേർക്കും ശപഥം ചെയ്യാം" എന്നു പറഞ്ഞ് അവർ ഒരു പ്രതിജ്ഞയും നടത്തി.

ദിവസം നാലഞ്ചു കഴിഞ്ഞു. അവർ പ്രതിജ്ഞ ലംഘിക്കാതെ തന്നെ പോന്നു. അങ്ങനെയിരിക്കെ അവരുടെ ഒരു അയൽവാസി അവിടെവന്നു കാരണവരുമായി കുറച്ചു സംസാരിക്കുന്നതിനിടയായി. സംസാരമദ്ധ്യേ അയാൾ, അടുത്ത കെട്ടിടത്തിന്റെ മുകളിൽ അനാഥനായ ഒരാൾ തീരെ സുഖമില്ലാതെ കിടപ്പുണ്ടെന്ന് ആന്റോണിയോയെ അറിയിച്ചു. (ചില വലിയ പട്ടണങ്ങളിൽ അഗതികളുടെ വാസം മേൽപ്പുരയ്ക്കടുത്തുള്ള തട്ടിലത്രെ) ആ വിവരം കേട്ടക്ഷണത്തിൽ വൃദ്ധന്റെ ഭാവം മാറി. അയാൾ വികാരാധീനനായി. ആഗതൻ മടങ്ങിപ്പോയി. 'ആ സാധുരോഗിയെ എപ്രകാരം സഹായിക്കുവാൻ സാധിക്കും' എന്നായി വൃദ്ധന്റെ ചിന്ത. കുറച്ചു മരുന്നും അല്പം ലഘുഭക്ഷണവുമായി അയാളുടെ പക്കലേയ്ക്കു പോകുവാൻ അദ്ദേഹം നിശ്ചയിച്ചു. പക്ഷേ, ഭാര്യയുമായി ചെയ്ത പ്രതിജ്ഞ അയാൾ ഓർത്തു: "ഹാ! നല്ല പററായല്ലോ. ഇതിനായി ഇനി പോവുകയില്ലെന്നല്ലേ ശപഥം ചെയ്തിട്ടുള്ളത്? ഇനി എന്താണു മാർഗ്ഗം? പോയില്ലെങ്കിൽ ആ സാധു അവിടെക്കിടന്നു പൊരിഞ്ഞു മരിക്കും!" ആന്റോണിയോ വിഷമത്തിലായി. പെട്ടെന്നു ദിവ്യരക്ഷകന്റെ ഒരു സുവിശേഷവാക്യം അദ്ദേഹം ഓർത്തു. "ഈ ചെറിയവരിൽ ഒരുവനു ചെയ്യുമ്പോൾ നിങ്ങൾ എനിക്കു ചെയ്യുന്നു" ഹാ! ആ മൊഴികൾ ആന്റോണിയോയ്ക്കു് ആത്മധൈര്യം നൽകി. "താൻ ആ സാധുരോഗിയെ സന്ദർശിക്കുകതന്നെ. വീ

ട്ടുകാരോട്ട് ആ കാര്യം പറയാനേ പോകുകണ്ട" വൃദ്ധൻ മരുന്നും ഭക്ഷണസാധനങ്ങളും എടുത്ത് ഇറങ്ങിക്കഴിഞ്ഞു. ഭാര്യ അറിയാതെ അദ്ദേഹം പതുങ്ങിപ്പതുങ്ങി പടിയിറങ്ങി. രോഗി കിടന്നിരുന്ന കെട്ടിടത്തിന് ആറു നിലകൾ ഉണ്ടായിരുന്നു. അതെല്ലാം പ്രയാസപ്പെട്ട കയറി ആ എൺപതഞ്ചുകാരൻ മുകളിലത്തേ മുറിയുടെ വാതില്ക്കൽ എത്തി. കതകു ചാരിയിരിക്കുകയായിരുന്നു. പതുക്കെ തുറന്ന് അകത്തേയ്ക്കു കടന്നു നോക്കി. അവിടെക്കിടക്കുന്നുണ്ടായിരുന്നു, ഒരു മരണാസന്നൻ. ആ പാവത്തെ ആശ്വസിപ്പിച്ചുകൊണ്ടു കട്ടിലിൻെറ തലയ്ക്കൽ ഒരു സ്ത്രീ മുട്ടുകുത്തിനിന്നിരുന്നു. അവർ വാതിൽ തുറന്ന് ആഗതനെ തലപൊക്കി നോക്കി. ഭർത്താവും അവിടെ പാഞ്ഞെത്തുമെന്ന് ആ വൃദ്ധസ്ത്രീ ഒരിക്കലും കരുതിയിരുന്നില്ല!! വിൻസെൻറ് ഡി പോൾ സംഘത്തിൻെറ സ്ഥാപകനായ ഫ്റെഡറിക്ക് ഓസാനാമിൻെറ ഈ മാതാപിതാക്കന്മാർ ഈ ദൃശ്യസേവനങ്ങളാലത്രേ മകനു മാർഗ്ഗദർശനം നൽകിയത്.

# 15. മാത്തച്ചൻെറ പൂന്തോട്ടം

ഒരു ഞായറാഴ്ച. നട്ടുച്ചയ്ക്ക് ഊണുകഴിഞ്ഞയുടനെ തെക്കേവീട്ടിലെ മാത്തച്ചൻ വേദോപദേശക്ലാസ്സിൽ പോകുവാൻ ജോണിയേയും കുഞ്ഞപ്പനേയും വിളിക്കുവാൻ ഓടിവന്നു. അപ്പോൾ ജോണി ചോദിച്ചു: "മാത്തച്ചാ, ഉച്ചമണി അടിച്ചതല്ലേ ഉള്ളൂ; എന്തിനാണ് ഇത്ര നേരത്തേ പോകുന്നത്?" മാത്തച്ചൻ: "എടാ കഴുതേ, ഞാൻ ഇന്നലെപ്പറഞ്ഞ സംഗതി നീ ഇത്രവേഗം മറന്നുപോയോ?"

ജോണി: "അതിനാണെങ്കിൽ ഞാൻ പോരുന്നില്ല."

കുഞ്ഞപ്പനും കയറിപ്പറഞ്ഞു "എനിക്കു മനസ്സിലായി മാ

ത്തച്ചാ, സ്കൂൾമുററത്തെ ആ ചെടിക്കൊമ്പൊടിക്കുന്നതിനല്ലേ? കൊച്ചേട്ടൻ പോയാൽ ഞാൻ അമ്മച്ചിയോടു തീർച്ചയായും പറയും" ജോണി: "മാത്തച്ചാ, എന്തിനാണു നീ അന്യൻെറ മുതൽ ആഗ്രഹിക്കുന്നത്? കുട്ടികളായ നമ്മുടെ മനസ്സിൽ മുളച്ചുവരുന്ന ഇപ്രകാരമുള്ള ചെറിയ ദുരാശകൾ അപ്പോഴപ്പോൾ നാം പിഴുതുകളയാത്തപക്ഷം, അവ നമ്മെ വലിയ അപകടത്തിൽ ചാടിക്കുമെന്നു കഴിഞ്ഞ ഞായറാഴ്ച വേദോപദേശക്ലാസ്സിൽ സാർ പറഞ്ഞതു നീ മറന്നോ? മാത്തച്ചാ, ഇപ്പോൾ നമുക്കു പോകേണ്ടാ, ഇവിടെ ഇരിക്കൂ, നമുക്കു കുറെ കഥകൾ പറയാം. സമയമാകുമ്പോൾ നമുക്കു വേദോപദേശത്തിനു പോവുകയും ചെയ്യാം."

മാ: "എനിക്കു കഥയേ അറിഞ്ഞുകൂടാ— പറയുകയുമില്ല"

ജോ: "മാത്തച്ചൻെറ സാർ നല്ല നല്ല കഥകൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടല്ലോ; നീ ഒരു കഥയെങ്കിലും പറഞ്ഞേ"

മാ: "കഥ പറഞ്ഞാൽ നീ പോരാമോ"? ജോണിയും കുഞ്ഞപ്പനും തലകുലുക്കി സമ്മതിച്ചുവെന്നു കണ്ടപ്പോൾ മാത്തച്ചൻ മനസ്സില്ലാമനസ്സോടെ കഥ തുടങ്ങി: "ഒരിക്കൽ ഒരു അമ്മച്ചിക്ക് ഒരു മകനുണ്ടായിരുന്നു. അവനെ അവർ വളരെ താലോലിച്ചാണു വളത്തിയിരുന്നത്. ഒരു ദിവസം അവൻ അമ്മച്ചിക്ക് ഒരു സൂചി സമ്മാനിച്ചു. അടുത്ത വീട്ടിൽനിന്നു മോഷ്ടിച്ചെടുത്ത ആ സൂചി എവിടെനിന്നു കിട്ടിയെന്നോ എങ്ങനെ കിട്ടിയെന്നോ ഒന്നും അന്വേഷിക്കാതെ അമ്മ അതു വാങ്ങി മകനെ സന്തോഷത്തോടുകൂടി ചുംബിക്കുകമാത്രമേ ചെയ്തുള്ളൂ. അമ്മച്ചിയെ സന്തോഷിപ്പിക്കുവാൻ ഈ മോഷണം നല്ലൊരു മാർഗ്ഗമാണെന്നു് ആ പിഞ്ചുകുട്ടിയും വിചാരിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ വേറൊന്നു കട്ടെടുത്തു . . . . ഹാ! അതെന്തായിരുന്നുവോ? ഞാൻ മറന്നുപോയി. ഇനി നമുക്കു പോകുന്ന വഴിക്കു പറയാം."

കുഞ്ഞപ്പൻ: "കൊച്ചേട്ടാ, ഇതു് ഒരിക്കൽ അമ്മച്ചി പറഞ്ഞുതന്നിട്ടുള്ള കഥയല്ലേ? ഒരു കുട്ടി സൂചി കട്ടു്, പിന്നെ മു

മ്പാകട്ട് പെരുങ്കള്ളനായിത്തീർന്ന കഥയാ മാത്തച്ചൻ പറഞ്ഞുകൊണ്ടുവരുന്നത്."

ജോ: "ഞാനും ഇതു കേട്ടിട്ടുണ്ടെന്നു തോന്നുന്നു. ഏതായാലും മാത്തച്ചൻ മുഴുവനാക്കട്ടെ."

മാ: "ഞാൻ എല്ലാം ഓർക്കുന്നില്ല. നമുക്കു നടക്കാം. വഴിയിൽവച്ചു മുഴുവനാക്കാം."

ജോ: "മാത്തച്ചാ, ഈ കഥയിൽനിന്നു നീ വല്ല പാഠവും പഠിച്ചിട്ടുണ്ടോ? നീ ഇപ്പോൾ ഒരു ചെടിക്കൊമ്പാണ് മോഷ്ടിക്കുവാൻ വിചാരിക്കുന്നതെങ്കിലും ഇത്തരം ദുർവാസന ആദ്യമേ തടയണമെന്നല്ലേ ഈ കഥ നമ്മെ ഉപദേശിക്കുന്നത്?"

മാ: "എടാ വിഡ്ഢി ഇതെല്ലാം കുട്ടികളെ മയക്കാനുള്ള അമ്മമാരുടെ വെടികളല്ലേ? എടാ മരത്തലയാ, നീയും ഈ പഴഞ്ചൻ കഥകൾ വിശ്വസിക്കുന്നോ? എനിക്കു പറഞ്ഞുനില്ക്കാൻ നേരമില്ല; നീ വരുന്നുണ്ടോ?"

ജോ: "ഇല്ല, ഞങ്ങടെ അമ്മച്ചി തല്ലും. ഞങ്ങൾ പോരുന്നില്ല".

മാ: "എന്റെ ഭക്താത്മാക്കളേ, നിങ്ങളെപ്പോലെ എല്ലാവരും പുണ്യവാന്മാരായാൽ ക്രൂശ് കൊത്താൻ മരം കിട്ടാതെ വരുമല്ലോ."

ദേഷ്യവും പുച്ഛരസവും കലർന്ന ഒരു പച്ചച്ചിരി ചിരിച്ചുകൊണ്ട് അവൻ പള്ളിയിലേക്കു നടന്നു.

ദിവസങ്ങൾ കുറേ കഴിഞ്ഞു. അന്നു മാത്തച്ചന്റെ മുറ്റത്തുകൂടി ജോണിയും കുഞ്ഞപ്പനും പാഠശാലയിലേക്കു പോയി റോസച്ചെടി പത്തുതരം, പിരിയൻചെടികൾ പതിനഞ്ചുതരം . . . നാനാതരം പുഷ്പലതാളികളാൽ കമനീയമായിത്തീർന്നിരിക്കുന്നു മാത്തച്ചന്റെ ആ പൂന്തോട്ടം. എന്നാൽ പാപപങ്കിലമായ ആ പൂക്കൾ അവർക്ക് അശേഷം ആകർഷകങ്ങളായി തോന്നിയില്ല. മകന്റെ സാമർത്ഥ്യത്തിൽ സന്തോഷചിത്തയായി തോട്ടത്തിനടുത്തുനിന്നിരുന്ന മാത്തച്ചന്റെ അമ്മച്ചി ആ കുട്ടിക

ളോട് ഇങ്ങനെ ചോദിച്ചു: "എന്താണു നിങ്ങളുടെ തോട്ടത്തിൽ നല്ലതരം ചെടികളൊന്നും ഇല്ലാത്തതു്?" ആ ചോദ്യത്തിനു് ഉത്തരമൊന്നും പറയാതെ ജോണിയും കുഞ്ഞപ്പനും സ്കൂളിലേയ്ക്കു പോയി. മാത്തച്ചൻ അവരുടെകൂടെ പോയതുമില്ല.

* * *

ജോണി സ്കൂൾ ഫൈനൽ ക്ലാസ്സിൽ വിജയിയായി; തൃശ്ശിനാപ്പിള്ളി കോളേജിൽ പഠനമാരംഭിച്ചു. അവിടെവച്ച് ഒരു ദിവസം കുഞ്ഞപ്പന്റെ ഒരു കത്തു കിട്ടി. അയൽവാസിയായ മാത്തച്ചനെക്കുറിച്ച് ആ കത്തിൽ ഇങ്ങനെയെഴുതിയിരുന്നു: "മാത്തച്ചൻ ഇപ്പോൾ ചില വീടുകളിൽ കടന്നു സാമാനങ്ങൾ മോഷ്ടിച്ചു ധൂർത്തടിച്ചു നടക്കുകയാണു്. അവന്റെ അമ്മച്ചി വ്യസനിച്ചു വശായിരിക്കുന്നു."

* * *

മേലധികാരികളുടെ അനുമതിയോടുകൂടി, സുപ്രസിദ്ധ മിഷനറിയായ ഫാദർ ജോൺ എസ്. ജെ. ഒരിക്കൽ മദ്രാസ് സെൻട്രൽജയിൽ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ ആ പുണ്യപുരുഷൻ ജയിൽവാസികൾക്ക് ഒരു ആദ്ധ്യാത്മികോപദേശം നല്കി. അതു കഴിഞ്ഞു തിരിച്ചുപോരാൻ ഭാവിച്ചപ്പോൾ പിറകിൽനിന്നൊരു സ്വരം കേട്ടു: "ഹാ! ഞാൻ ദുഷ്ടൻ, എന്നെ എന്തിനു ദൈവം സൃഷ്ടിച്ചു." വൈദികൻ തിരിഞ്ഞുനോക്കി. നിരാശാഭരിതനായ ഒരു ജയിൽപ്പുള്ളിയുടെ വിലാപമായിരുന്നു അതു്. അച്ചൻ അയാളുടെ അരികെച്ചെന്നു ശാന്തസ്വരത്തിൽ ചോദിച്ചു: "സ്നേഹിതാ, താൻ എന്തിന് ഇപ്രകാരം പ്രലപിക്കുന്നു? അവനവൻ ചെയ്ത കുററത്തിനു് അവനവൻതന്നെ ശിക്ഷ അനുഭവിക്കേണ്ടയോ? പ്രലപിച്ചിട്ടെന്തു ഫലം? മേലിലെങ്കിലും കുററം ചെയ്യാതെ സൂക്ഷിക്കുകയും ദൈവത്തോട് മാപ്പപേക്ഷിക്കുകയും ചെയ്യുക."

ജയിൽപ്പുള്ളി തകർന്ന ഹൃദയത്തോടുകൂടി പറഞ്ഞു: "അച്ചാ, ഞാൻ നിർഭാഗ്യൻ; എന്റെ അമ്മ ദുഷ്ടയും ശപിക്ക

പ്പെട്ടവളുമാണ്. അവരാണ് എന്നെ ഒരു പെരുങ്കള്ളനാക്കിയതു്. ഹും! അന്നത്തെ അവരുടെ ഒരു ലാളനയും വാത്സല്യവും" അയാൾ പല്ലു കടിച്ചിരുന്നു. വൈദികൻ: "സ്നേഹിതാ, തന്നെ ഓമനിച്ചു വളർത്തിയ വത്സലമാതാവിനെ ഇപ്രകാരം ശപിക്കുകയോ! ഒരിക്കലും അരുതു്. തന്റെ സ്വരാജ്യം എവിടെയാണ്?"

ജയിൽപ്പുള്ളി: "ഞാൻ മലബാറിൽ ചാവക്കാട്ടുകാരനാണ്."

വൈദികൻ: "അവിടെ കുഞ്ഞപ്പൻ എന്നയാളെ അറിയുമോ?" ജ: പു: "അയ്യോ! കുഞ്ഞപ്പനും അവന്റെ കൊച്ചേട്ടൻ ജോണിയും എന്റെ ചെറുപ്പത്തിലെ ഉററചങ്ങാതിമാരായിരുന്നു. ഹാ! എന്റെ ജോണി! എന്റെ കുഞ്ഞപ്പാ! നിങ്ങളുടെ അന്നത്തെ സദുപദേശങ്ങൾ ഞാൻ കേട്ടിരുന്നെങ്കിൽ. . . ." ആ പാവം വാവിട്ടു കരയാൻ തുടങ്ങി.

വികാരപൂർണ്ണനായ ഫാദർ ജോൺ തന്റെ ആത്മസുഹൃത്തിനെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: "മാത്തച്ചാ, ഞാനാണു നിന്റെ ആ ജോണി!"

---

# 16. പെരുവഴിയിൽ

ജോസും രാജനും— അവർ ഉററമിത്രങ്ങളാണ്; സഹപാഠികളുമാണ്. ജോസ് ഒരുത്തമ കത്തോലിക്കാബാലൻ. രാജനോ ഒരു ബ്രാഹ്മണകുമാരൻ. പക്ഷേ, ജാതിവ്യത്യാസങ്ങൾ അവരുടെ മൈത്രീബന്ധത്തിനു യാതൊരു ലാഘവവും വരുത്തിയില്ല.

ഒരു ദിവസം സന്ധ്യാസമയം. ജോസും രാജനും പള്ളിക്കൂടത്തിൽനിന്നു യാത്രതിരിച്ചു. വാർഷികയോഗംപ്രമാണിച്ചുള്ള

കായികമത്സരങ്ങളിൽ പങ്കെടുത്തതാണ് അവർ ഇത്രയും താമസിക്കുവാൻ കാരണം. മഴ ചാറുന്നുണ്ടായിരുന്നു. അതിനാൽ അവർ അതിവേഗം നടന്നുതുടങ്ങി. പകുതി വഴിയായപ്പോൾ അടുത്തുള്ള പള്ളിയിൽനിന്നു മണിനാദം കേട്ടു. ജോസ് ശ്രദ്ധിച്ചു. സന്ധ്യാനമസ്കാരത്തിനുള്ള മണിയാണതെന്ന് അവനു മനസ്സിലായി. "ഈ വഴിയിൽവച്ച് അതും ഒരുക്രൈസ്തവസ്സംഘത്തിന്റെ മുമ്പിൽവച്ചു പ്രാർത്ഥിക്കുകയോ?" ജോസിന്റെ ദുരഭിമാനം ജൃംഭിച്ചു. പക്ഷേ, അവന്റെ മതചൈതന്യം ദുരഭിമാനത്തെ അടിച്ചമർത്തി. പെട്ടെന്നു ജോസിന്റെ മുട്ടുകൾ മടങ്ങി. മഴമൂലം നനഞ്ഞിരുന്ന ആ പെരുവഴിയിൽ മുഴങ്കാലുകുത്തിക്കൊണ്ടു ത്രിലോകനാഥനെ അവൻ ഏററുപറഞ്ഞു. രാജൻ ഇതുകണ്ടത്ഭുതപ്പെട്ടു. ജോസിന്റെ കൃത്യനിഷ്ഠയിൽ, അടിയുറച്ച മതബോധത്തിൽ അവൻ വിസ്മയഭരിതനായി "മതാചാരങ്ങൾ അനുഷ്ഠിക്കുവാൻ തങ്ങളുടെ സുഖസൗകര്യങ്ങളെപ്പോലും ബലികഴിക്കുകയോ?" രാജൻ തന്നോടുതന്നെ ചോദിച്ചു. "അങ്ങനെയെങ്കിൽ ക്രിസ്തുമതചൈതന്യം അലൗകികമായ എന്തോ ഒന്നായിരിക്കണം;" അവൻ നിശ്ചയിച്ചു.

കാലചക്രം പലവട്ടം തിരിഞ്ഞു. സ്കൂൾഫൈനൽ പാസ്സായതോടുകൂടി ജോസും രാജനും തമ്മിൽ പിരിഞ്ഞു. ജോസ് ലൗകികവ്യാപാരങ്ങളിൽനിന്നും വിരമിച്ച് ഈശോസഭയെ സമാശ്ലേഷിച്ചു. രാജൻ പഠനം തുടർന്നു. ഇപ്പോൾ മദ്രാസിൽ ലയോളാകോളേജിലാണ് അവൻ അഭ്യസനം നടത്തുന്നത്. ക്ലാസ്സിൽ ഒന്നാംസ്ഥാനം രാജനായിരുന്നു. സൽസ്വഭാവത്തിനുള്ള സമ്മാനവും അവനല്ലാതെ മററാർക്കുമായിരുന്നില്ല. തന്മൂലം അവൻ കോളേജധികാരികളുടെ കണ്ണിലുണ്ണിയായിത്തീന്നു. ഇപ്രകാരമായിരുന്ന സ്ഥിതിഗതികളെങ്കിലും രാജൻ മ്ലാനവദനനും ചിന്താമഗ്നനുമായിട്ടാണു കാണപ്പെട്ടിരുന്നത്. അന്നത്തെ ആ സംഭവം— ജോസിന്റെ ആ മുട്ടുകുത്തൽ— അവന്റെ മനസ്സിൽനിന്ന് ഒരിക്കലും വിട്ടുമാറിയില്ല. കത്തോലിക്കാ

സഭയെപ്പററി ശരിയായി പഠിക്കുന്നതിന്നു പ്രസ്തുത സംഭവസ്മർണ അവന്നു പ്രചോദനം നല്കി. പഠിക്കുംതോറും രാജനിൽ ജിജ്ഞാസ വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു.

കോളേജ് വിദ്യാഭ്യാസം അവസാനിച്ചു. ഓണേഴ്സ്പരീക്ഷയിൽ പ്രശസ്തവിജയം– പ്രസിഡൻസിയിൽ ഒന്നാം സ്ഥാനം. ഉടൻതന്നെ ഒരു ഗവണ്മെൻറുദ്യോഗവും! രാജൻെറ ഹൃദയം തുടിച്ചു. പക്ഷെ, ഈ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. മുമ്പിലത്തെപ്പോലെ രാജൻെറ വദനം വാടുവാൻതുടങ്ങി. സത്യം അറിയുന്നതിന്ന് അയാളുടെ ആത്മാവു വെമ്പൽപൂണ്ടു. ഹിന്ദുമതതത്വങ്ങൾ ഒരുവശത്ത്, ക്രിസ്തുമതസിദ്ധാന്തങ്ങൾ മറുവശത്ത്. അവൻ അവയെ താരതമ്യപ്പെടുത്തിനോക്കി. ഹിന്ദുമതത്തിൻെറ ന്യൂനതകളും ക്രിസ്തുമതത്തിൻെറ വൈശിഷ്ട്യങ്ങളും രാജന്നു വിശദമായി. സത്യസഭയെ ആശ്ലേഷിക്കുവാൻ മനസ്സാക്ഷി അയാളെ പ്രേരിപ്പിച്ചു. പക്ഷെ, ഹൃദയം എതിർത്തു. "ഒരു പുരാതന ഹൈന്ദവകുടുംബത്തിൻെറ അടിത്തറ മാന്തുകയോ? എൻെറ പൂർവ്വികന്മാരുടെ മതത്തെ പരിത്യജിക്കുകയോ? പാരമ്പര്യത്തെ പുറംതള്ളുകയോ?" അയാൾ ചിന്തിച്ചു. എങ്കിലും സത്യത്തിൽനിന്നു വ്യതിചലിക്കുവാൻ മനസ്സിന്നു സമ്മതമുണ്ടായിരുന്നില്ല. വർഷങ്ങൾ പിന്നെയും പലതു കഴിഞ്ഞു. അന്നൊരുദിവസം പ്രഭാതസമയം. ഫാദർ ജോസ് സങ്കീർത്തിയിൽ ധ്യാനനിരതനായി മുട്ടുകുത്തി നില്ക്കുകയാണ്. അപ്പോൾ ഒരാൾ പ്രവേശിച്ച് "അച്ചാ എനിക്കു ജ്ഞാനസ്നാനം നല്കണം" എന്ന് ആവേശഭരിതനായിപ്പറഞ്ഞു. അച്ചൻ ആശ്ചര്യപൂർവ്വം തിരിഞ്ഞുനോക്കി. അത്ഭുതമേ! കൂപ്പുകൈകളോടുകൂടി അവിടെനിന്നിരുന്നതു സുപരിചിതനും സഹപാഠിയും സ്നേഹിതനുമായ രാജൻതന്നെയായിരുന്നു. മാതൃകയുടെ മഹനീയഫലം എന്തുതന്നെയല്ല!

# 17. ആ ഭീകരസത്യം

മണി ആറടിച്ചു. അമേരിക്കൻ എക്സ്പ്രസ് വണ്ടി ന്യൂയോക്കിൽനിന്നു കാലിഫോർണിയായിലേയ്ക്കു പുറപ്പെടുവാൻ മിനിററു പതിനഞ്ചെ ഉള്ളു. കാറുകളും റിക്ഷാകളും പിറകേപിറകേ സ്റ്റേഷനിൽ എത്തിക്കൊണ്ടിരിക്കുന്നു. തിരക്കും ബഹളവും വർദ്ധിച്ചു ചിലർ സൗകര്യംനോക്കി വണ്ടിയിൽ നേരത്തേ സ്ഥലംപിടിച്ചുകഴിഞ്ഞു. വേറെ ചിലർ സാമാനങ്ങൾ കയററുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു. മററു ചിലരോ എന്നാൽ, തിടുക്കത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ടു്. സോഡാ, ബീഡി സിഗരററു്, മുതലായവയുംകൊണ്ടു നടക്കുന്ന ചില്ലറക്കച്ചവടക്കാരുടെ ബഹളമങ്ങനെ.

ഈ കോലാഹലങ്ങൾക്കിടയിൽ സ്റ്റേഷനിലെ മണി 'ണിം,' 'ണിം' എന്നു മുഴങ്ങി. അതേത്തുടർന്നു വണ്ടിയുടെ വിസിലും. വണ്ടി ഇളകി. 'ഝും,' ,ഝും,' എന്ന സ്വരത്തോടുകൂടി പുക വമിച്ചുകൊണ്ടു ക്ഷണത്തിൽ അതു "സ്റ്റേഷൻ" വിട്ടുകഴിഞ്ഞു. ക്രമേണ വണ്ടിയുടെ ഗതിവേഗം വർദ്ധിച്ചു. വഴിക്കു ചുററുമുള്ള ഉന്നതങ്ങളായ കെട്ടിടങ്ങളും മനോമോഹനമായ പ്രകൃതിവിലാസവും പിന്നിലാക്കിക്കൊണ്ടു വണ്ടി വായുവേഗത്തിൽ പാഞ്ഞുതുടങ്ങി.

താമസിയാതെ ദിക്കെങ്ങും ഇരുട്ടു വ്യാപിച്ചു. ആകാശത്തിൽ അവിടവിടെയായിക്കണ്ടിരുന്ന കാർമേഘപടലങ്ങൾ അന്ധകാരത്തെ വർദ്ധമാനമാക്കി യാത്രക്കാർ തങ്ങളുടെ മുറികളിൽ സസുഖം വിശ്രമിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു കേൾക്കാം, ആപത്സൂചകമായ ഒരു ചൂളംവിളി. അതേത്തുടർന്നു ചക്രങ്ങളുടെ ഒരിരമ്പലും. വണ്ടി നിശ്ചലമായി. യാത്രക്കാർ പരിഭ്രാന്തരായി. അന്യോന്യം ചോദിച്ചുവെങ്കിലും വണ്ടി നിന്ന കാരണം. അവർക്കാർക്കും അറിഞ്ഞുകൂടായിരു

ന്നു. എല്ലാവരും ഡ്റൈവരുടെ സമീപത്തേയ്ക്കോടി, വണ്ടി നിറുത്തിയ കാരണമന്വേഷിച്ചു. ഭയവിഹ്വലനായി കണ്ണും മിഴിച്ചുകൊണ്ടാണു ഡ്റൈവർ സ്വസ്ഥാനത്തു നിന്നിരുന്നതു്. വിക്കിവിക്കിയേ അയാൾക്കു മറുപടി പറയുവാൻ കഴിഞ്ഞുള്ളു. “എനിക്കൊന്നും നിശ്ചയമില്ല. വണ്ടിയുടെ മുമ്പിൽ കറുത്തിരുണ്ട ഒരു ഭയങ്കരസത്വത്തെ ഞാൻ കണ്ടു. വണ്ടി മുന്നോട്ടുപോകുന്തോറും പിന്നോക്കം പൊയ്ക്കൊണ്ടിരുന്ന ആ സത്വം കൈകൾ പൊക്കിക്കൊണ്ടു വണ്ടി നിറുത്തുവാനെന്നോടാജ്ഞാപിച്ചു. ഞാൻ നിറുത്തി.” “ആരാണതു്” യാത്രക്കാർ ചോദിച്ചു. “എനിക്കറിഞ്ഞുകൂടാ,” വിറച്ചുകൊണ്ടു ഡ്റൈവർ പറഞ്ഞു. അവിടെയെങ്ങും പരിപൂർണ്ണ നിശ്ശബ്ദത. ഒരിലപോലും അനങ്ങുന്നില്ല.

യാത്രക്കാരിൽ ചിലർ സംഗതികളുടെ യാഥാർത്ഥ്യം അറിയുന്നതിനായി റെയിലിൽക്കൂടി കുറച്ചു മുന്നോട്ടുപോയി. അല്പം ചെന്നപ്പോൾ അവർ ഞെട്ടി നിശ്ചലരായി നിന്നുപോയി. . . . അവിടെയുള്ള പാലത്തിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണുകിടക്കുന്നു. വണ്ടി അല്പംകൂടി മുന്നോട്ടു പോയിരുന്നെങ്കിൽ വരുമായിരുന്ന ആപത്തു്, ഹാ വിചാരിക്കാൻപോലും വയ്യാ!

അന്വേഷണത്തിനു പോയവർ മടങ്ങിവന്നു വിവരം അറിയിച്ചപ്പോൾ എല്ലാവരും ആശ്ചര്യപരതന്ത്രരായി. വണ്ടി നിറുത്തിയ ആ സത്വത്തെ അവർ അവിടെയെല്ലാം തിരഞ്ഞു. പക്ഷേ, ഫലമൊന്നുമുണ്ടായില്ല.

ഒടുവിൽ അക്കൂട്ടത്തിൽ ഒരു സമർത്ഥൻ എഞ്ചിൻവണ്ടിയുടെ മുമ്പിലുള്ള വിളക്കു തുറന്നു. അതിലുണ്ടായിരുന്ന ഒരു ചെറിയ ചിത്രശലഭത്തെ പുറത്തെടുത്തുകൊണ്ടു് അയാൾ പറഞ്ഞു: “നമ്മെ രക്ഷിച്ചവൻ ഇതാ, ഇതാ!” അതേ, അതു വാസ്തവമായിരുന്നു. വിളക്കിനുള്ളിൽ എങ്ങിനെയോ കടന്നുപററിയ ആ ചെറുപ്രാണി വിളക്കിന്റെ ഗ്ലാസ്സിന്മേൽ പററിയിരുന്നിരുന്നു. അതിന്റെ ആടിക്കൊണ്ടിരുന്ന ചിറകുകളുടെ നിഴലാ

ണു വണ്ടിയുടെ മുമ്പിൽക്കണ്ട "ഭയങ്കരസത്വം."

അതേ, ആ ചെറുപ്രാണി വണ്ടിയെ രക്ഷിച്ചു! പ്രത്യക്ഷമായി നാം കാണുന്ന ഈ സംഭവത്തിൽ ഒളിഞ്ഞുകിടക്കുന്ന പരോക്ഷമായ ദൈവപരിപാലനയുടെ പ്രവൃത്തി ആരറിഞ്ഞു!!

---

# 18. പിശാചിൻെറ പിടിയിൽനിന്നു്

പ. കന്യകാമറിയത്തിനു തൻെറ ഭക്തരോടുള്ള കരുണ നിസ്സീമമാണു്. തന്നോടു പ്രദർശിപ്പിക്കുന്ന ഏററം നിസ്സാരമായ സ്നേഹത്തിനുപോലും പാപിയെന്നോ പരിശുദ്ധനെന്നോ ഉള്ള പരിഗണനകൂടാതെ ആ അമ്മ സമ്മാനം നല്കും. ഇതിനു സാക്ഷ്യം വഹിക്കുന്ന ഒരു സംഭവം പ്രത്യേകം ശ്രദ്ധേയമാണു്.

ധനികനും കുലീനനുമായ ഒരാൾ യൗവനാരംഭത്തിൽത്തന്നെ, ജീവിതവിശുദ്ധിയെ ലൗകികസുഖഭോഗങ്ങൾക്കായി കൈമാറി. ജഡികാഭിലാഷനിവൃത്തിക്കായി പല കടുംകൈകളും അയാൾ പ്രവത്തിച്ചു. പ്രത്യക്ഷമായ ഒരുടമ്പടിമൂലം പിശാചിൻെറ അടിമയാകുവാൻപോലും അയാൾ മടിച്ചില്ല. ദൈവവും മതവുമെല്ലാം അയാളെ സംബന്ധിച്ചിടത്തോളം "പുരോഹിതപ്പരിഷകളുടെ വെറും പേക്കിനാവുകൾ; പിത്തലാട്ടങ്ങൾ! അരയും തലയും മുറുക്കി, അറുപതുകൊല്ലത്തോളം സാത്താനുവേണ്ടി അയാൾ അടരാടി.

ഇപ്പോൾ ആസന്നമരണനായിട്ടാണു നാം ഈ പാപിയെ കാണുന്നതു്. അയാളിൽനിന്നു നിരാശയുടെ നെടുവീർപ്പുകൾ ഇടയ്ക്കിടയ്ക്കു പുറപ്പെട്ടുകൊണ്ടിരുന്നു. ദിവ്യരക്ഷകൻെറ സ്നേഹമസൃണമായ ഹൃദയമലിഞ്ഞു; അവിടുന്നു തൻെറ ദാസിയായ വി. ബ്രിജീത്താമ്മയ്ക്കു പ്രത്യക്ഷനായി അവളുടെ ആത്മഗുരുവിനെ ആ

രോഗിയുടെ പക്കലേക്കയയ്ക്കുവാനാവശ്യപ്പെട്ടു. വൈദികൻ അയാളെ സമീപിച്ച് ഒരു നല്ല പാപോച്ചാരണം നടത്തി നന്മരണത്തിനൊരുങ്ങുവാനുപദേശിച്ചു. പക്ഷേ, ആ ദുർഭഗൻ അതിനു വഴിപ്പെട്ടില്ല. വൈദികൻ ഒരിക്കൽക്കൂടി ശ്രമിച്ചു. എന്നിട്ടും ആ കഠിനപാപിയുടെ ഹൃദയം അലിഞ്ഞില്ല. ഈശോ വീണ്ടും ബ്രിജീത്താ പുണ്യവതിക്കു പ്രത്യക്ഷനായി തന്റെ കല്പന ആവർത്തിച്ചു. ഇപ്രാവശ്യം വൈദികൻ രോഗിയോടു പറഞ്ഞു: "സ്നേഹിതാ, ഈശോ എന്തുമാത്രം നിന്നെ സ്നേഹിക്കുന്നു! ഇതാ ബ്രിജീത്തായ്ക്കു രണ്ടുപ്രാവശ്യം പ്രത്യക്ഷനായി എന്നെ നിന്റെ പക്കലേയ്ക്കയയ്ക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. അവിടുത്തെ കരുണാപാരമ്യത്തെപ്പററി നീ എന്തു കരുതുന്നു?" ഇതു കേട്ടപ്പോൾ അയാൾ പൊട്ടിക്കരഞ്ഞു. "അച്ചാ, എനിക്കിനി രക്ഷയുണ്ടോ? അറുപതുവർഷമായി, ഞാൻ സാത്താനെ സേവിക്കുവാൻ തുടങ്ങിയിട്ട്," ഇടറുന്ന സ്വരത്തിൽ അയാൾ ചോദിച്ചു. "മകനേ, ആശ്വസിക്കുക. ഹൃദയം കലങ്ങി മനസ്തപിക്കുന്ന ഒരുവനേയും ഈശോ കൈവിടുകയില്ല," വൈദികൻ അയാളെ ധൈര്യപ്പെടുത്തി.

"അച്ചാ, സ്നേഹംനിറഞ്ഞ ദിവ്യരക്ഷകൻ ഇനിയും എന്നെ ഉപേക്ഷിച്ചിട്ടില്ലെന്നോ? എനിക്കിപ്പോൾ ആശ്വാസം തോന്നുന്നു. അച്ചൻ ദയവായി എന്റെ കുമ്പസാരം കേൾക്കണമേ."

അന്നത്തെ അന്തിക്കതിരുകളിൽ അനുതാപത്തിന്റെ അരുണിമ കലർന്നിരുന്നു. പുലരി വെള്ള കീറിയപ്പോഴേയ്ക്കും ദിവ്യകാരുണ്യനാഥനുമായുള്ള സ്നേഹാശ്ലേഷത്തിൽ രോഗി അമർന്നുകഴിഞ്ഞിരുന്നു. അയാൾ ആറുദിവസംകൂടെ ജീവിച്ചു. അയാളുടെ മരണശേഷം ഈശോ വീണ്ടും വി. ബ്രിജീത്തായ്ക്കു പ്രത്യക്ഷനായി അയാളുടെ ആത്മാവു ശുദ്ധീകരണസ്ഥലത്തിലുണ്ടെന്നും മാതാവിന്റെ യാചനമൂലമാണ് അയാൾ രക്ഷപെട്ടതെന്നും അറിയിച്ചു.

ജീവിതം മുഴുവൻ പാപത്തിന്റെ അഴുക്കിലും ഒഴുക്കിലും മുഴുകിക്കിടന്ന ഈ മനുഷ്യനെ മാതാവ് ഇത്രകണ്ടു സ്നേഹിക്കുവാൻ ഒരു കാരണമുണ്ടായിരുന്നു. നമ്മോടുള്ള സ്നേഹത്തെപ്രതി വ്യാകുലവാളാൽ പിളർന്ന ദിവ്യജനനിയുടെ ഹൃദയം കാണുമ്പോൾ അയാളുടെ കരളലിഞ്ഞുപോകുമായിരുന്നു. ഈ വ്യാകുലഭക്തിയാണു അന്ത്യനേരത്ത് ഈ പാപിയെ രക്ഷിച്ചത്.

കണ്ടാലും നമ്മുടെ അമ്മയുടെ സ്നേഹം!

# 19. ചെന്നായ് ചെമ്മരിയാടായി

ഇടിവെട്ടും കൂരിരുട്ടുമുള്ള ഇടവമാസത്തിലെ ഒരു രാത്രി. കാററും മഴയും അതിനെ കൂടുതൽ ഭയങ്കരമാക്കി. സമയം പാതിരാവായിക്കാണും. വാതിലിൽ ആരോ മുട്ടുന്നതു കേട്ട് ഞാൻ ഞെട്ടിയുണർന്നു. "അച്ചാ വേഗം കതകു തുറക്കണേ" ആരോ വിളിച്ചുപറഞ്ഞു. വിളക്കു കത്തിച്ചു വാതിൽ തുറന്നു നോക്കിയപ്പോൾ ഉദ്ദേശം പത്തു വയസ്സുള്ള ഒരു കുട്ടി നനഞ്ഞൊലിച്ചു കിടുകിടവിറച്ച് അവിടെ നിൽക്കുന്നതായിട്ടാണു ഞാൻ കണ്ടത്. "എന്റെ കുഞ്ഞേ, എന്തു സംഭവിച്ചു?" "അച്ചാ എന്റെ അമ്മ മരിക്കാറായിക്കിടക്കുന്നു." "അമ്മയ്ക്കെന്താണു സുഖക്കേട്? കോളറായാണോ?" "അല്ല, അമ്മയെ അപ്പച്ചൻ കഠിനമായി അടിച്ചു. അപ്പച്ചൻ ഇന്നു വളരെ കുടിച്ചിരുന്നു. അമ്മ മുമ്പേതന്നെ നന്നാ ക്ഷീണിച്ചാണിരിക്കുന്നത്. പിന്നത്തെ കഥ പറയാനുണ്ടോ? ഇപ്പോൾ ചോര ഛർദ്ദിക്കുന്നുമുണ്ട്. വൈദ്യനെ വിളിക്കേണ്ട, ഓടിപ്പോയി അച്ചനെ കൊണ്ടുവാ" എന്നാണ് അമ്മ പറഞ്ഞത്. "കുഞ്ഞേ, നീ കുശിനിയിൽപോയി അല്പം തീ കാ

ഞ്ഞുവാ. അപ്പോഴേയ്ക്കും ഞാൻ വേലക്കാരനെക്കൊണ്ടു കപ്യാരെ വിളിപ്പിച്ചു ക്ഷണത്തിൽ ഒരുങ്ങാം".

പത്തുമിനിട്ടിനകം അന്ത്യക്രദാശകൾക്കുള്ള സാമാനങ്ങളുമായി ഞങ്ങൾ മൂന്നുപേരും ഇറങ്ങി. ഇടമുറിയാത്ത മഴ. ഇടിവെട്ടുമ്പോൾ ആ കൊച്ചൻ ഭയന്നു വിറച്ചിരുന്നു. അങ്ങനെ വയലുകളും ഇടവഴികളും കടന്ന് ഞങ്ങൾ ഒരു ചെറുകുന്നിന്റെ മുകൾപ്പരപ്പിലെത്തി. ഇടിഞ്ഞു തകർന്ന ആ മൺ ചുവരുകൾ എനിക്കു പരിചയമുള്ളതുതന്നെ. ഞങ്ങൾ മുററത്തു ചെന്നിട്ടും വീട്ടിനുള്ളിൽനിന്നു യാതൊരനക്കവും കേൾക്കാനില്ല. കുട്ടി മുന്നിട്ടു കയറിച്ചെന്നു വാതിൽ തുറന്നു "അമ്മേ, അമ്മേ" എന്നു വിളി. അപ്പോൾ ഒരു ഞരക്കം കേട്ടു, ആ കൂരിരുട്ടിൽ എവിടെയോനിന്ന്. ഞങ്ങൾ വിളക്കുമായി വീട്ടിൽ കയറി. ഗൃഹനാഥൻ ആ തറയിൽ മലർന്നു കിടന്നങ്ങനെ കൂക്കം വലിച്ചുറങ്ങുന്നുണ്ടു്. ശബ്ദം അധികം ഉണ്ടാക്കിയാൽ ആ രാക്ഷസൻ ഉണർന്നേക്കുമെന്ന് ഞാൻ ഭയപ്പെട്ടു. സൂക്ഷിച്ചും ശ്രദ്ധിച്ചും ഞങ്ങൾ എല്ലാവരും അകത്തു പ്രവേശിച്ചു. മുറിയുടെ ഒരു കോണിൽ"രക്തപ്രളയത്തി"ൽ കുളിച്ചു കിടന്നിരുന്ന ഒരു സ്ത്രീയെ ഞങ്ങൾ കണ്ടു. അവൾ പ്രസ്തുത ബാലന്റെ അമ്മതന്നെയായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ആ സ്ത്രീയെ എടുത്ത് ഒരു കട്ടിലിൽ കിടത്തി. എന്റെ കൈവശമുണ്ടായിരുന്ന മീറാസത്ത് അല്പമെടുത്തു വായിൽ ഒഴിച്ചുകൊടുത്തപ്പോൾ ഛർദ്ദി തൽക്കാലം ശമിച്ചു. ഉടനെ കുമ്പസാരംകേട്ട് പാപമോചനവും ഒടുക്കത്തെ ഒപ്രുശുമായും അവൾക്കു ഞാൻ നൽകി. വാടിക്കരിഞ്ഞിരുന്ന ആ മുഖം പെട്ടെന്നു പ്രകാശമാനമായി. വിമ്മിവിമ്മിക്കരഞ്ഞുകൊണ്ടു് അവൾ പറയുവാൻ തുടങ്ങി. " . . . ഹാ! അച്ചാ, ഇപ്പോൾ ഞാനനുഭവിക്കുന്ന ആനന്ദവും സമാധാനവും എത്ര വലിയതാണ്. അങ്ങുന്ന് ഈ കൊടുംപാതിരായ്ക്കു വരികയില്ലെന്നുപോലും ഈയുള്ളവൾ ശങ്കിച്ചുപോയി. പ്രതിഷ്ഠ കഴിച്ച ദിവസം അച്ചൻ പറഞ്ഞതു

പോലെ എൻെറ മരണത്തിനുമുമ്പ് ഭർത്താവിൻെറ മാനസാന്തരം കാണ്മാനുള്ള ഭാഗ്യം എനിക്കില്ലെന്നു തോന്നുന്നുവല്ലോ. എങ്കിലും പാപ്പച്ചന് ആ ഭാഗ്യം അനുഭവപ്പെടുന്നതു ഞാൻ സ്വർഗ്ഗത്തിൽനിന്നു നോക്കിക്കണ്ടുകൊള്ളാം. അച്ചാ, അവനെ ഇങ്ങോട്ടു വിളിക്കണേ . . . ”

പാപ്പച്ചൻ വന്ന് അമ്മയുടെ അരികെ മുട്ടുകുത്തി. “പാപ്പച്ചാ, എൻെറ ഓമനേ, ഞാൻ പോവുകയാണ്. നീ എന്നെ ഓർത്തു കരയേണ്ട. നമ്മുടെ ഈശോയുടെ അടുക്കലേയ്ക്കാണ് ഞാൻ പോകുന്നതു്. നീ നിൻെറ അപ്പച്ചനെ ഒരിക്കലും ഉപേക്ഷിക്കരുതു്. നിനക്കു ബുദ്ധിമുട്ടുകളും മർദ്ദനങ്ങളും ഇനിയും ഉണ്ടാകും. എന്നാൽ ഈശോയുടെ തിരുഹൃദയം നിന്നെ കാത്തു രക്ഷിച്ചുകൊള്ളും.” അവർ മകനെ മാറിൽ ചേർത്തു സ്നേഹപൂർവ്വം ചുംബിച്ചു. ഞാൻ നീട്ടിക്കൊടുത്ത തൂങ്ങപ്പെട്ട രൂപം ചുംബിച്ചുകൊണ്ടും “ഈശോ, മറിയം, യൗസേപ്പേ, എൻെറ ആത്മാവിനു കൂട്ടായിരിക്കണമേ” എന്ന സുകൃതജപം ചൊല്ലിക്കൊണ്ടും അവർ ഈ ലോകത്തോടു യാത്രപറഞ്ഞു. അവളുടെ പാവനാത്മാവ് നിത്യസമ്മാനത്തിനായി സ്നേഹനാഥൻെറ പക്കലേയ്ക്കു പറന്നുപോയി. നേരം വെളുക്കുന്നതു വരെ ആ കുട്ടിക്കു കൂട്ടായി അവിടെ താമസിക്കുവാൻ കപ്യാരെ നിയമിച്ചശേഷം ഞാൻ തിരിയെപ്പോന്നു.

* * *

കൊല്ലങ്ങൾ നാലഞ്ചു കഴിഞ്ഞു. ഒരു ദിവസം ഞാനൊരു സായാഹ്നസഞ്ചാരത്തിനു പുറപ്പെട്ടു. തെരുവിലുള്ള അനാഥക്കുട്ടികൾ അങ്ങനെയുള്ള സന്ദർഭങ്ങളിൽ എനിക്കു ചുറ്റും തടിച്ചുകൂടുക പതിവാണ്. താടിക്കാരൻ അച്ചൻെറ പോക്കററിൽ എന്തെങ്കിലും ഉണ്ടാകുമെന്ന് അവർ പരസ്പരം പതുക്കെപ്പറയുന്നതും കേൾക്കാം. മിക്കപ്പോഴും മിഠായിയും മധുരപലഹാരങ്ങളും അവർ കരസ്ഥമാക്കാറുമുണ്ട്. അവരിൽ കുഞ്ഞുങ്ങളായിട്ടുള്ളവരെ ഞാൻ തൂക്കിയെടുത്തു പൊക്കുമ്പോൾ മററുള്ളവർ കൈകൊട്ടിച്ചിരിക്കുകയും മതിമറന്നട്ടഹസിക്കുകയും ചെയ്യും.

അന്നും രണ്ടുമൂന്നു പാവപ്പെട്ട കുട്ടികൾ എന്നെ അനുഗമിച്ചു. കവിളൊട്ടി, കണ്ണു കുഴിഞ്ഞ ആ അസ്ഥിപഞ്ജരങ്ങൾ എന്റെ ഹൃദയത്തെ തകർത്തു. "കുഞ്ഞുമക്കളേ, നിങ്ങൾ ഇന്നു വല്ലതും കഴിച്ചോ?" ഞാനവരോടു സ്നേഹസമന്വിതം ചോദിച്ചു. "എനിക്കു കുറെ പഴങ്കഞ്ഞികിട്ടി", "എനിക്കു കുറച്ചു കപ്പപ്പുഴുക്കു കിട്ടി," "ഉച്ചയ്ക്കു് ഇന്നു് ഒന്നും കിട്ടിയില്ല; വൈകുന്നേരം ചോറുതരാമെന്നു് അമ്മ പറഞ്ഞിട്ടുണ്ടു്," ഇങ്ങനെയൊക്കെയായിരുന്നു നിഷ്കളങ്കരായ ആ കുഞ്ഞുങ്ങളുടെ പ്രത്യുത്തരങ്ങൾ. പോക്കററിൽ നിന്നു കുറച്ചു ചില്ലറയെടുത്തു കൊടുത്തുകൊണ്ടു "പോയി കഞ്ഞിയുണ്ടാക്കി കുടിക്കുവിൻ" എന്നു ഞാൻ പറഞ്ഞു. എന്നിട്ടും കുട്ടികൾ എന്നെ വിട്ടു പോയില്ല. അപ്പോഴേയ്ക്കും വേറെ ചില ചങ്ങാതിമാരും അവരുടെ കൂട്ടത്തിൽ കൂടി. ഓരോരോ ഉപദേശങ്ങൾ ചെറിയ ചെറിയ കഥകളിലാക്കിപ്പറഞ്ഞു് അവരെ രസിപ്പിച്ചുകൊണ്ടു കുറെ ദൂരം ഞാൻ സഞ്ചരിച്ചു. അപ്പോൾ റോഡരികിലുള്ള ഒരു സ്റ്റോർക്കെട്ടിടത്തിന്റെ വരാന്തയിൽ ഒരു ഞരക്കം കേട്ടു. "നമുക്കു് അതാരാണെന്നു നോക്കാം" എന്നു പറഞ്ഞുകൊണ്ടു ഞങ്ങളെല്ലാവരുംകൂടെ വരാന്തയിൽ പ്രവേശിച്ചു. പത്തു പതിന്നാലു വയസ്സുള്ള ഒരു ചെറുക്കൻ അവിടെ മരണാസന്നനായി കിടക്കുന്നു. "അച്ചാ, ഇതു് ആ കള്ളുകുടിയന്റെ മകനാണു്—പാപ്പച്ചൻ" കുട്ടികൾ കടന്നു പറഞ്ഞു. കടയിൽനിന്നു് അല്പം ചായ കൊണ്ടുവന്നു. അതു കുടിച്ചപ്പോൾ ആ കുട്ടിക്കൊരു ജീവൻ വീണു. പട്ടിണികൊണ്ടും പിതാവിന്റെ മർദ്ദനംകൊണ്ടും അവശനായിരുന്ന ആ ബാലൻ എന്നെ സൂക്ഷിച്ചുനോക്കി. പക്ഷേ, സംസാരിക്കുവാൻ അപ്പോഴും അവൻ അശക്തനായിരുന്നു. "ഇവനെ നമുക്കു പള്ളിമുറിയിലേക്കു കൊണ്ടുപോകണം" എന്നു ഞാൻ പറഞ്ഞു തീർന്നതറിയാതെ ആ ബാലഗണം തങ്ങളുടെ സുഹൃത്തിനെ കൈത്തണ്ടുകളിൽ മലർത്തിക്കിടത്തിക്കഴിഞ്ഞു.

x x x

ഒരുമാസത്തെ ശുശ്രൂഷകൊണ്ടു പാപ്പച്ചൻ പൂർണ്ണസു

ഖം പ്രാപിച്ചു. ഒരു ദിവസം അവൻ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളടങ്ങിയ "സ്വർഗ്ഗീയകുസുമങ്ങൾ" എന്ന പുസ്തകവും വായിച്ചു സന്തോഷിച്ചിരിക്കുകയായിരുന്നു. ബുദ്ധിശാലിയായ ആ ബാലനെ പള്ളിക്കൂടത്തിൽ വിടണമെന്നൊരഭിലാഷം എനിക്കപ്പോൾ ഉണ്ടായി. ഞാൻ ചോദിച്ചു: "പാപ്പച്ചാ, നിന്നെ പഠിക്കുവാൻ വിടണമെന്നാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. നിനക്കതിനു് ആഗ്രഹമില്ലേ?" "ആഗ്രഹം... ഇല്ലാ. എന്റെ അപ്പച്ചനെ..." അവന്റെ മുഖം വിവർണ്ണമാവുകയും കണ്ണുകൾ നനയുകയും ചെയ്യുന്നതു ഞാൻ വ്യക്തമായി കണ്ടു. "കുഞ്ഞേ എല്ലാം തുറന്നു പറയൂ" ഞാൻ അവനെ സാന്ത്വനപ്പെടുത്തി. പാപ്പച്ചൻ എന്റെ സമീപേ മുട്ടുകുത്തിപ്പറയുവാൻ തുടങ്ങി. "അമ്മ മരിച്ചിട്ടു് ഇപ്പോൾ നാലു കൊല്ലമായി. ഈ കാലത്തിനിടയ്ക്കു സുഖമെന്തെന്നു ഞാനറിഞ്ഞിട്ടില്ല. ഞാൻ വേലയെടുത്തു വല്ലതും കൊണ്ടുവന്നാൽ അപ്പച്ചനതു കള്ളുഷാപ്പിൽ കൊടുക്കും. എങ്ങനെയെങ്കിലും കുറച്ചു കഞ്ഞി പാകം ചെയ്താൽ അപ്പച്ചൻ വന്നു് ആ കലം തല്ലിപ്പൊളിക്കുകയും എന്നെ പ്രഹരിക്കുകയും ചെയ്യും. രാത്രിയിൽ അപ്പച്ചനെ തേടി പലദിവസവും ഞാൻ തെരുവുനീളെ നടക്കാറുണ്ടു്. ഉന്തും തള്ളുമാണു് എനിക്കുള്ള ഫലം. എന്നാലും ഒരുവിധത്തിൽ ഞാൻ അപ്പച്ചനെ വീട്ടിലെത്തിക്കും. ചിലപ്പോൾ മദ്യപിച്ചു് സുബോധമില്ലാതെ വെട്ടുകത്തിയും ഓങ്ങി എന്നെ കൊല്ലുവാനും വരാറുണ്ടു്. നല്ല ഈശോ അങ്ങനെയുള്ള സന്ദർഭങ്ങളിൽ എന്നെ രക്ഷിച്ചുപോന്നു. പഠിക്കണമെന്നു് എനിക്കു വളരെ ആശയുണ്ടു്. പക്ഷേ, എന്റെ അമ്മയുടെ അന്ത്യശാസനം ഞാൻ എങ്ങനെ മറന്നുകളയും? ഒരിക്കലുമില്ല. എന്തു സഹിച്ചും അപ്പച്ചന്റെ മരണം വരെ, അല്ലെങ്കിൽ എന്റെ മരണംവരെ ഞാൻ അദ്ദേഹത്തെ സംരക്ഷിക്കുക തന്നെ ചെയ്യും. അപ്പച്ചന്റെ മാനസാന്തരത്തിനായി ഞാൻ ഈശോയുടെ തിരുഹൃദയത്തോടു മേലിലും കേണപേക്ഷിക്കും. കരുണയും സ്നേഹവും കവിഞ്ഞൊഴുകുന്ന അവിടുത്തെ തിരുഹൃദയം എന്റെ അപേക്ഷ കൈക്കൊള്ളാതിരിക്കുക

യില്ല. ആ കുട്ടിയുടെ ധീരതയും പിതൃസ്നേഹവും എന്നെ അത്ഭുതപ്പെടുത്തി. അടുത്തദിവസം പാപ്പച്ചൻ സ്വന്തഭവനത്തിലേയ്ക്കു തിരിച്ചുപോയി, തന്റെ പഴയജീവിതം തുടർന്നു. എന്നിട്ടും എല്ലാദിവസവും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിൽ അവൻ മുടക്കം വരുത്തിയിരുന്നില്ല. തിരുഹൃദയരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി, കൈയ് നെഞ്ചിലമർത്തി, കണ്ണുകൾ മേല്പോട്ടുയർത്തി വളരെനേരം കരഞ്ഞുപ്രാർത്ഥിച്ചിട്ടേ പാപ്പച്ചൻ പള്ളിയിൽനിന്നിറങ്ങിപ്പോകാറുള്ളു.

അങ്ങനെയിരിയ്ക്കേ ഒരു ദിവസം ആ കുട്ടിയെ പള്ളിയിൽ കണ്ടില്ല. അന്നൊരു മാസാദ്യവെള്ളിയാഴ്ചയുമായിരുന്നു. കുമ്പസാരവും മററും തീർത്തു ഞാൻ പള്ളിയിൽനിന്നിറങ്ങിയപ്പോൾ മണി പതിനൊന്നായി. അതാ, അപ്പോൾ ഒരാൾ ഓടിവരുന്നു. "അച്ചന്റെ ആ പാപ്പച്ചൻ മരിക്കാറായി കിടക്കുന്നു. അച്ചനെ അവൻ ആവശ്യപ്പെടുന്നുണ്ട്." "എന്തു സംഭവിച്ചു" ഞാൻ പരിഭ്രമത്തോടെ ചോദിച്ചു. ആഗതൻ: "ഇന്നലെ അപ്പൻ കണക്കിലധികം കള്ളു കുടിച്ചു. കൂട്ടുകാരുമായി ലഹളയുണ്ടാക്കി. വളരെ രാവായിട്ടും അപ്പൻ വരാഞ്ഞതുകൊണ്ടു കുട്ടി അന്വേഷിച്ചിറങ്ങി. ഭയങ്കരമാംവണ്ണം മുറിവേററു റോഡരികിൽ കിടക്കുന്ന തന്റെ പിതാവിനെ കുട്ടി കണ്ടു. അവൻ തന്റെ പിതാവിന്റെ മുറിവു വച്ചുകെട്ടി ഒരുവിധത്തിൽ വീട്ടിൽ കൊണ്ടുവന്നാക്കി. ഇന്നു രാവിലേ ബോധം വന്നപ്പോൾ അയാൾ എഴുന്നേററു 'എടാ, നീ പോയി കള്ളുകൊണ്ടുവന്നുതാ' എന്നു ഗർജ്ജിച്ചു. ആ ചെറുക്കൻ അയാളുടെ കാൽക്കൽ വീണപേക്ഷിച്ചു: 'പൊന്നപ്പച്ചാ, ഈശോയെ ഓർത്തു് ഇനി കള്ളു കുടിക്കല്ലേ' ഉടനെ അയാൾ മുറിവേററ ആ കൈകൊണ്ടു കുട്ടിയുടെ പിടലിക്കു പിടിച്ചു ഞെരിക്കുകയും മുററത്തേയ്ക്കു വലിച്ചെറിയുകയും ചെയ്തു. കുട്ടി രക്ഷപെടാൻ പ്രയാസമാണച്ചാ. തിരുപ്പാഥേയവും കൂടി അച്ചൻ കൊണ്ടുവരേണമെന്നു് അവൻ ആശിക്കുന്നുണ്ടു്."

വി. കർബാനയും വഹിച്ചു ഞാൻ ക്ഷണത്തിൽ പുറപ്പെ

ട്ടു. "ഈശോയുടെ തിരുഹൃദയമേ! എന്റെ അപ്പച്ചനെ മാനസാന്തരപ്പെടുത്തേണമേ" എന്ന ദീനസ്വരം അവന്റെ കണ്ഠനാളത്തിൽനിന്ന് അപ്പോഴും പുറപ്പെടുന്നുണ്ടായിരുന്നു. എന്നെക്കണ്ടപ്പോൾ ആ കുട്ടി വിങ്ങിവിങ്ങിക്കരഞ്ഞു. ആ നിഷ്കളങ്കഹൃദയത്തിൽ ദിവ്യനാഥൻ. എഴുന്നെള്ളിക്കഴിഞ്ഞപ്പോൾ അവൻ പറഞ്ഞു: "ഇന്നു മരിക്കുവാൻ നല്ലദിവസമാണ്. ഇന്ന് എന്റെ തുടർച്ചയായുള്ള ഒൻപതാമത്തെ ആദ്യവെള്ളിയാഴ്ചയാണ്. ഇതു് അപ്പച്ചന്റെ ഒന്നാമത്തെ ആദ്യവെള്ളിയാഴ്ചയായിരുന്നെങ്കിൽ!" "മകനേ, പാപ്പച്ചാ! എനിക്കു തെററിപ്പോയി. ഇതു് എന്റെ ഒന്നാമത്തെ ആദ്യവെള്ളിയാഴ്ച തന്നേ. ഈശോയുടെ തിരുഹൃദയമേ, എന്നോടു പൊറുക്കേണമേ" ഇതെല്ലാം കണ്ടുകൊണ്ട് അടുത്ത മുറിയിൽനിന്നിരുന്ന പാപ്പച്ചന്റെ പിതാവു നിലവിളിച്ചു പറഞ്ഞു. അയാൾ എന്റെ പക്കലേക്കു് ഓടിവന്നു, മുട്ടുകുത്തി . . . .

എന്റെ കൈത്തണ്ടിൽ തല ചായിച്ചുകൊണ്ടു്, അപ്പച്ചന്റെ മാനസാന്തരത്തിൽ സംതൃപ്തിയടഞ്ഞ പാപ്പച്ചൻ, ക്ഷമയുടെയും സഹനത്തിന്റെയും ആ കൊച്ചു രക്തസാക്ഷി പറുദീസായിലേക്കുപറന്നുപോയി.

പാപ്പച്ചന്റെ പിതാവ് എന്റെകൂടെയാണ് ഇപ്പോൾ താമസിക്കുന്നതു്. പ്രാർത്ഥനയും പ്രായശ്ചിത്തവുമായി ആ മനുഷ്യൻ ഇന്നിപ്പോൾ നല്ലൊരു ആദ്ധ്യാത്മികജീവിതം നയിക്കുകയാണ്. ഭാര്യയുടെയും പുത്രന്റെയും അഭാവത്തിൽ ആ തിരുഹൃദയരൂപത്തിന്റെ മുമ്പിൽ കണ്ണീർക്കണങ്ങൾ അർപ്പിക്കുന്നതും അയാൾതന്നെ. അങ്ങനെ ഈശോയുടെ തിരുഹൃദയത്തിന്റെ കാരുണ്യാതിരേകത്താൽ ആ ചെന്നായ് ചെമ്മരിയാടായിക്കഴിഞ്ഞു.

# 20. കമ്മ്യൂണിസ്റ്റിന്റെ മുമ്പിൽ

1936-ലാണ് സ്പെയിനിലെ കലാപം അതിന്റെ മൂർദ്ധന്യത്തിലെത്തിയതു്. ബാർസലോണാനഗരം മിക്കവാറും കമ്മ്യൂണിസ്റ്റുകാരുടെ പിടിയിലൊതുങ്ങിക്കഴിഞ്ഞു. കത്തോലിക്കരെ കണക്കില്ലാതെ അവർ കൊന്നൊടുക്കി. അനേകം ദൈവാലയങ്ങൾ ചുട്ടെരിച്ചു. മതപീഡനം ഭയന്നു കത്തോലിക്കർ കൂട്ടംകൂട്ടമായി അന്യരാജ്യങ്ങളെ അഭയം പ്രാപിച്ചുതുടങ്ങി. പലസ്ഥലങ്ങളിലും ആയുധധാരികളായ കമ്മ്യൂണിസ്റ്റുസംഘങ്ങൾ യാത്രക്കാരെ തടഞ്ഞുനിറുത്തി അവരുടെ കൂട്ടത്തിൽ കത്തോലിക്കരുണ്ടോ എന്നു പരിശോധിച്ചുപോന്നു. കൈയിൽക്കിട്ടിയവരെ ഉടൻതന്നെ പീരങ്കിയുടെ മുമ്പിലേയ്ക്കോ തടങ്കൽപാളയത്തിലേയ്ക്കോ നടത്തുകയായി ആ മനുഷ്യാധമന്മാർ.

സിറിൽ അന്നു ബാർസലോണായിൽനിന്നു വീട്ടിലേയ്ക്കു മടങ്ങുകയായിരുന്നു. വഴിമദ്ധ്യേ പല കമ്മ്യൂണിസ്റ്റുസംഘങ്ങളുടെ ദൃഷ്ടിയിൽനിന്നും അയാൾ തെററിമാറി. എന്നാൽ വീടടുക്കാറായപ്പോൾ, എങ്ങനെയെന്നറിഞ്ഞില്ല, അയാൾ കൈത്തോക്കു ധരിച്ച ഒരു കമ്മ്യൂണിസ്റ്റിന്റെ മുമ്പിൽ ചെന്നുചാടി. സിറിലിന്റെ പരിഭ്രമം കണ്ടിട്ടായിരിക്കണം, അയാൾ ചോദിച്ചു: "നിങ്ങൾ ഒരു കത്തോലിക്കനാണോ?" "അല്ല, സിറിൽ പറഞ്ഞു. ആ രാക്ഷസൻ അയാളെ വിട്ടുപോയി. ആ ആപത്തിൽനിന്നു തന്നെ രക്ഷിച്ച ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു സിറിൽ യാത്ര തുടർന്നു. സത്യം പറഞ്ഞിരുന്നുവെങ്കിൽ അടുത്ത നിമിഷത്തിൽ ഒരു ശവമായി അയാൾ നിലംപതിക്കുമായിരുന്നു.

പെട്ടെന്നു വേറൊരു കാര്യം അയാൾ ഓർത്തു. "മനുഷ്യരുടെ മുമ്പിൽ എന്നെ നിഷേധിക്കുന്നവരെ എന്റെ പിതാ വ

ന്റെ സന്നിധിയിൽ ഞാനും നിഷേധിക്കും" എന്നു ക്രിസ്തുനാഥൻ അരുൾചെയ്ത ആ ഭയങ്കരവാക്കുകൾ! അയാൾ ഞെട്ടിപ്പോയി. ജീവനെ രക്ഷിക്കുവാൻവേണ്ടിയാണെങ്കിലും മനുഷ്യന്റെ മുമ്പാകെ ക്രിസ്തുവിനെ— കത്തോലിക്കാവിശ്വാസത്തെ— താൻ നിഷേധിച്ചുവല്ലോ എന്ന വിചാരം അയാളെ മഥിപ്പിച്ചുതുടങ്ങി. "എന്റെ പിതാവിന്റെ സന്നിധിയിൽ ഞാനും നിഷേധിക്കും"; ആ വാക്കുകൾ അയാളുടെ ചെവികളിൽ വീണ്ടും വീണ്ടും മുഴങ്ങി. നിത്യനാശത്തിന്റെ വിധിവാചകം തന്റെമേൽ ഉച്ചരിക്കപ്പെട്ടിരിക്കുന്നതുപോലെ, അയാൾക്കു തോന്നി. കാലുകൾ മുന്നോട്ടു നീങ്ങുന്നില്ല; തീക്കനലിൽ വീണ ശലഭംപോലെ അയാളുടെ ഹൃദയം പുളഞ്ഞുതുടങ്ങി.

സിറിൽ പിറകോട്ടു തിരിച്ചു. ചെയ്ത അപരാധത്തിനു ദൈവത്തോടു മാപ്പപേക്ഷിച്ചുകൊണ്ട് അതിവേഗം അയാൾ നടന്നുതുടങ്ങി. ആ കമ്മ്യൂണിസ്റ്റുകാരനെ കണ്ടുപിടിച്ചു ക്രിസ്തുവിനെ ഏററുപറഞ്ഞുകൊണ്ടു മരിക്കുവാൻതന്നെ അയാൾ ദൃഢനിശ്ചയം ചെയ്തു.

നാലഞ്ചു മിനിററുകൾ— സിറിൽ ആ കമ്മ്യൂണിസ്റ്റുദ്യോഗസ്ഥന്റെ ആഫീസിലെത്തിക്കഴിഞ്ഞു. അയാൾ എന്തോ എഴുതിക്കൊണ്ടിരിക്കയാണ്. കൈത്തോക്കും മേശപ്പുറത്തുതന്നെയുണ്ട്.

"ഞാൻ ഒരു കത്തോലിക്കനാണോ എന്ന് അല്പം മുൻപു ചോദിച്ചതു് ഓർക്കുന്നുണ്ടല്ലോ," സിറിലിന്റെ സ്വരം പതറിയില്ല; "അല്ലെന്നു ഞാൻ മറുപടിപറഞ്ഞു. പക്ഷേ, വാസ്തവത്തിൽ ഞാനൊരു കത്തോലിക്കനാണ്. ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു."

തീപ്പൊരി ചിതറിക്കൊണ്ട് അയാൾ സിറിലിനെ നോക്കി. സിറിൽ വെടിയേൽക്കുവാൻ സന്നദ്ധനായി നിന്നു. "പോകുന്നുണ്ടോ അവിടന്നു്?" ആ ഉദ്യോഗസ്ഥൻ അലറി; "ചന്നി

ക്കയാണ് ഓരോന്നൊക്കെ പിറകേ."

സിറിൽ അത്ഭുതസ്തബ്ധനായി അവിടെനിന്നിറങ്ങിപ്പോയി. ആ കമ്മ്യൂണിസ്റ്റിൽ പ്രത്യക്ഷപ്പെട്ട ഭാവവ്യത്യാസത്തിന്റെ രഹസ്യമെന്തായിരിക്കുമെന്ന് ഇന്നും അയാൾ ചിന്തിക്കാറുണ്ട്.

## 21. മൂർഖന്റെ വായിൽ

ബേബിക്ക് ഉണ്ണിയീശോയോടു വലിയ സ്നേഹമാണ്. പുതുതായി പണിതുകൊണ്ടിരിക്കുന്ന തന്റെ ഇടവകപ്പള്ളിയിൽ സ്ഥാപിക്കുന്നതിന് അവന്റെ പിതാവു വാങ്ങിയതാണ് ആ രൂപം. ഉണ്ണിയെ കിടത്തുവാൻ ബേബി കെട്ടിയുണ്ടാക്കി, ഒരു കൊച്ചുപുര. ആ കൊച്ചുമിടുക്കൻ തോട്ടത്തിൽക്കൂടി ഓടി നടന്ന് പൂക്കൾ സമ്പാദിക്കും, തന്റെ ചെറുകൂടിൽ അലങ്കരിക്കുവാൻ. പക്ഷേ, ഉണ്ണിയെ അതിൽ കിടത്തുവാനുള്ള ഭാഗ്യം അവനു കിട്ടിയില്ല. അന്ന് അവനഞ്ചു വയസ്സു പ്രായമായിരുന്നുള്ളു. തന്റെ ഉണ്ണിയെ അച്ചൻ പള്ളിയിലേക്കു കൊണ്ടുപോയെന്നുമാത്രമവനറിയാം.

താമസിയാതെ ക്രിസ്മസ് സമാഗതമായി. അപ്പച്ചനോടും കൊച്ചേട്ടനോടുംകൂടി അന്നു രാത്രി ബേബിയും പള്ളിയിൽ പോയി. ഒരു കൊച്ചുപുര അവൻ അവിടെ കണ്ടു. ബേബി വീട്ടിൽ ഉണ്ണിയെ കിടത്താനുണ്ടാക്കിയ പുരയിലും കുറേക്കൂടി വലുതായിരുന്നു അത്. കുറച്ചുകഴിഞ്ഞപ്പോൾ അവൻ വിചാരിച്ചതുപോലെതന്നെ ഉണ്ണിയെ എവിടെനിന്നോ അച്ചൻ അതിൽ കൊണ്ടുവന്നു കിടത്തി. തിക്കിത്തിരിച്ച് പലരും അങ്ങു ചെല്ലുന്നതു കണ്ടപ്പോൾ ബേബിയുടെ ഹൃദയം തുടിച്ചു അവർ

തന്റെ ഉണ്ണിയെ എടുത്തുകൊണ്ടുപോയ്ക്കുമോ? എങ്കിലും അവൻ ഒന്നും മിണ്ടിയില്ല. അപ്പച്ചനേയും കൊച്ചേട്ടനേയുമനുകരിച്ച് അവനും ഉണ്ണിയുടെ കൊച്ചുകാലിൽ ഉമ്മവച്ചു. പക്ഷേ, അതെന്തിനാണെന്ന് അവനു തീരെ മനസ്സിലായില്ല. ഉണ്ണി ചിരിക്കുന്നുണ്ടെന്ന് അവനു തോന്നി. ഉണ്ണിക്കു സമ്മാനിക്കുവാനായി പൂക്കളൊന്നും കൊണ്ടുവന്നിട്ടില്ലല്ലോ എന്നു വിചാരിച്ച് അവൻ കുണ്ഠിതപ്പെട്ടു. "നാളെ കൊണ്ടുവരാം" എന്നു ദിവ്യശിശുവിന്റെ ചെവികളിൽ മന്ത്രിച്ചുകൊണ്ടു സന്തോഷഭരിതനായി അവൻ അപ്പച്ചന്റെ പിന്നാലെ പോയി. . . .

. . . ബേബിഅന്നു കുറച്ചുനേരത്തേ സ്ക്കൂളിലേക്കു പുറപ്പെട്ടു. ഇരുവശങ്ങളിലുമുള്ള സഞ്ചികളിൽ പൂമ്പൊടി നിറച്ചുകൊണ്ടു കൂട്ടിലേക്കു പറന്നുപോകുന്ന ഒരു തേനീച്ചയെപ്പോലെ 'നിക്കറി'ന്റെ രണ്ടു കീശകളിലും ധാരാളം മുല്ലപ്പൂക്കൾ ശേഖരിച്ചുകൊണ്ട്, അതിശീഘ്രം നടന്നുപോകുന്ന ബേബിയെ അന്നൊന്നു കാണേണ്ടതുതന്നെയായിരുന്നു. പുസ്തകവും മററും യഥാസ്ഥാനത്തു വെച്ചതിനുശേഷം കൂട്ടുകാരാരും കാണാതെ അവൻ പള്ളിയിലേക്കു് ഓടി. പുൽക്കൂടിനടുത്തുചെന്ന് എത്തിനോക്കി. ഉണ്ണിയുടെ കാലുമാത്രം കാണാം. നേർച്ചപ്പെട്ടിയുടെ പുറത്തുകയറിനിന്നുനോക്കിയപ്പോൾ മുഴുവൻ കാണാറായി. കീശയിൽനിന്നു പൂക്കളെടുത്ത് അവൻ എറിഞ്ഞുകൊടുത്തു. ഉണ്ണി പുഞ്ചിരിതൂകിക്കൊണ്ട് അവയെ സ്വീകരിക്കുന്നുണ്ടെന്ന് അവനു തോന്നി. പലതും അവൻ ഉണ്ണിയോടു കൊഞ്ചിക്കൊഞ്ചി പറഞ്ഞു. നാളെയും പൂക്കൾ കൊണ്ടുവരാമെന്നു പറഞ്ഞശേഷം അവൻ സ്ക്കൂളിലേക്കു മടങ്ങി. അങ്ങനെ ദിവസങ്ങൾ കുറെ കഴിഞ്ഞു.

*   *   *

ഒരു ദിവസം സ്ക്കൂളിൽനിന്നു മടങ്ങിവന്നപ്പോൾ അധികം പൂവുണ്ടാകുന്ന മുല്ല ആടു കടിച്ചുതിന്നിരിക്കുന്നതായി അവൻ കണ്ടു. പിറേറദിവസം പൂവിനെന്തുചെയ്യും. അവൻ പറമ്പിലൊക്കെ നോക്കി. അവസാനം കിഴക്കേതിലെ നായരുടെ സപ്പ

ക്കാവിൽ കുറെ പൂക്കൾ അവൻ കണ്ടു. "ഹാ!" എന്നവൻ കൈ കൊട്ടിപ്പറഞ്ഞു.

പിറേറദിവസം കാലത്തെ അവൻ ആ പൂക്കാവിലെത്തി; കൂടെ പട്ടിയും ഉണ്ട്. അവൻ കാട്ടിൽ പ്രവേശിച്ചു പൂക്കൾ പറിച്ചു തുടങ്ങി. അപ്പോൾ കേൾക്കാം പട്ടിയുടെ കുര. അവൻ അത്ര വകവെച്ചില്ല. അസാധാരണമായ കുരകേട്ട് ഒരു വേലക്കാരി അവിടെ ഓടിയെത്തി. അവൾ അമ്പരന്നുപോയി, ആ രംഗം കണ്ടപ്പോൾ ഒരു കൊടിയ മൂർഖൻപാമ്പു പത്തിയും വിടർത്തി ബേബിയുടെ പിറകിൽ. എന്തുചെയ്യണ്ടു എന്നറിയാതെ അവൾ സ്തംഭിച്ചു നിന്നുപോയി.

ബേബിയുണ്ടോ ഇതറിയുന്നു. കീശകൾ നിറഞ്ഞപ്പോൾ അവൻ തിരിഞ്ഞു നടന്നുതുടങ്ങി. ഇതാ അവൻ പാമ്പിനെ സമീപിച്ചു. ബേബി എന്നിട്ടും പാമ്പിനെ കണ്ടില്ല. അത്ഭുതമേ! ബേബിയെ പേടിച്ചിട്ടെന്നവണ്ണം സർപ്പം അതിന്റെ ഫണം താഴ്ത്തി അവന്റെ വഴിയിൽനിന്നു മാറിക്കിടന്നു. യാതൊന്നുമറിയാത്ത ബേബി ശീഘ്രത്തിൽ നടന്നുപോയി. തന്റെ ഉണ്ണിക്ക് അന്നു കുറെ അധികം പൂക്കൾ സമ്മാനിച്ചു ബേബി കൃതാർത്ഥനായി.

കൊല്ലം ഇരുപതു കഴിഞ്ഞു. ഒരു നവവൈദികൻ അന്നു ക്രിസ്മസിന് ആ പള്ളിയിൽ ദിവ്യപൂജ അർപ്പിച്ചു. അദ്ദേഹം തന്നെ ഉണ്ണിയീശോയെ പുൽക്കൂട്ടിൽ കൊണ്ടുചെന്നു കിടത്തി. കത്തിക്കൊണ്ടിരുന്ന മെഴുകുതിരിയുടെ പ്രഭയേററു് ഉണ്ണിയുടെ മുഖം തിളങ്ങുന്നതു് അദ്ദേഹം കണ്ടു. ദിവ്യശിശുവിന്റെ മുഖത്തു് അദ്ദേഹം വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി തൃപ്തിയടഞ്ഞു. അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്ന് ആനന്ദബാഷ്പങ്ങൾ ഉതിർന്നുവീണ് ആ പിള്ളത്തൊട്ടിയെ നനച്ചു. ഇരുപതു കൊല്ലങ്ങൾക്കുശേഷമെങ്കിലും തന്റെ ആഗ്രഹം സാധിച്ചതിൽ അദ്ദേഹം സംതൃപ്തനായി. ആ യുവവൈദികൻ ഉണ്ണിയീശോയുടെ ബേബിതന്നെ.

തനിക്കുവേണ്ടി ചെയ്യുന്ന ഏററം നിസ്സാരമായ പ്രവൃത്തി ക്കുപോലും ദൈവം പ്രതിസമ്മാനം നല്കുമെന്ന് അന്നത്തെ പ്രസംഗത്തിൽ അദ്ദേഹം പലപ്രാവശ്യം പ്രസ്താവിച്ചു.

# 22. കണ്ടവൻെറ പണ്ടം

തൈത്തോപ്പിലെ തങ്കക്കുടങ്ങളാണു മീനാമ്മയും അവിരാച്ചനും. തോമ്മാച്ചൻെറയും ത്രേസ്യാമ്മയുടേയും അരുമസന്താനങ്ങളാണവർ. തങ്ങൾ അവരിൽപ്പാകിയ വിനയം, സത്യം, സ്നേഹം മുതലായ സുകൃതവിത്തുകൾ നിറകതിർകൊണ്ടിരിക്കുന്നതു കണ്ടു് ആ നല്ല മാതാപിതാക്കന്മാർ അഭിമാനം കൊള്ളാറുണ്ടു്; ആനന്ദപുളകിതരാകാറുണ്ടു്.

ഇപ്പോൾ രണ്ടുപേരും സെക്കൻഡ് ഫോറത്തിലാണ്. സുകൃതത്തിലെന്നപോലെ പഠനത്തിലും മററു കുട്ടികൾക്ക് അവർ മാതൃകയായിരുന്നു.

ഒരു ദിവസം വിദ്യാലയത്തിൽനിന്നു വീട്ടിലേയ്ക്കു മടങ്ങുമ്പോൾ ഒരു കടലാസ്സുകെട്ടു വഴിക്കു കിടക്കുന്നതായി അവർ കണ്ടു. അവിരാച്ചൻ അലക്ഷ്യമായി അതിനെ തട്ടി ദൂരെ എറിഞ്ഞു. ഒരു 'കിലുകില'ശബ്ദം കേൾക്കുകയാൽ മീനാമ്മ ജിജ്ഞാസയോടുകൂടി ആ കെട്ടു കൈയിലെടുത്തു. വിസ്മയം! രണ്ടു സ്വർണ്ണക്കാപ്പുകളും ഒരു സ്വർണ്ണമാലയും 'മിനുമിനെ' മിന്നുന്നു, ആ കെട്ടിനകത്തിരുന്ന്. പകൽവെളിച്ചത്തെപ്പോലും ആകർഷിക്കുന്ന സ്വർണ്ണാഭരണങ്ങൾ ആ കുട്ടികളുടെ മനസ്സിനേയും കവർന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. വഴിയിൽക്കിടന്നു കിട്ടിയ സാധനം സ്വന്തമാക്കുന്നതു തെററല്ലെന്ന് അവക്കൊരു യുക്തിയും തോന്നി. ആരെയും കാണിക്കാതെ വീട്ടിൽ കൊണ്ടുചെ

ന്നു തന്റെ പെട്ടിയിൽ മീനാമ്മ ആ പൊതി സൂക്ഷിച്ചുവെച്ചു. അമ്മയോടുപോലും അക്കാര്യത്തെക്കുറിച്ച് ഒരക്ഷരം അവർ പറഞ്ഞില്ല.

അവർ വീട്ടിലെത്തി ഏകദേശം രണ്ടു നാഴിക കഴിഞ്ഞപ്പോൾ ഒരു വൃദ്ധൻ വീട്ടിലേയ്ക്കു് ഇതാ കയറിവരുന്നു. അയാളുടെ ഭാവവും നോട്ടവുമെല്ലാം ദുസ്സഹമായ ദുഃഖത്തെ വെളിപ്പെടുത്തുന്നുണ്ടു്. ധാരധാരയായുള്ള കണ്ണീർപ്രവാഹത്താൽ അയാളുടെ നരച്ച മീശയും മുഷിഞ്ഞ വസ്ത്രവും വല്ലാതെ നനഞ്ഞിരുന്നു. വൃദ്ധൻ തൈത്തോപ്പിലെ ഗൃഹനാഥന്റെ ഒരാശ്രിതനാണു്. വയസ്സന്റെ വാടിയ മുഖം കണ്ടു തോമ്മാച്ചൻ അനുകമ്പാപൂർവ്വം ചോദിച്ചു, "എന്താ വല്ല അപകടവും പററിയോ? അധികം കരഞ്ഞതുപോലെ തോന്നുന്നുവല്ലോ?" "എന്റച്ചാ, എന്തുപറയാനാ. പോയി! സകലതും പോയി." എന്നുമാത്രം വ്യസനാക്രാന്തനായി വിളിച്ചുപറഞ്ഞു. പാരവശ്യപാരമ്യത്താൽ കിഴവൻ അടുത്തിരുന്ന മൊന്തയിലെ വെള്ളം മുഴുവനും ഒററപ്പിടുത്തത്തിനു് ഉള്ളിലാക്കി. അയാൾ തുടർന്നു: "എല്ലാം നഷ്ടപ്പെട്ടതുമാത്രമോ; മററുള്ളവരുടെ മുതൽ ഉത്തരിക്കേണ്ടതായും വന്നിരിക്കുന്നു." "കാര്യം പറയാതെ ഇങ്ങനെ അലച്ചാൽ എന്താണു നിവൃത്തി," തോമ്മാച്ചൻ വീണ്ടും വൃദ്ധനെ സാന്ത്വനപ്പെടുത്തി.

"എനിക്കു് ഒരു വലിയ ആവശ്യം നേരിടുകയാൽ അയൽവക്കത്തുചെന്നു് നൂറുരൂപാ കടം ചോദിച്ചു. അവിടെ രൂപാ ഒന്നും കിടപ്പില്ലായിരുന്നു. എന്നെ വിശ്വസിച്ചു് അവിടുത്തെ തള്ള തന്റെ മകളുടെ മാലയും കാപ്പും എടുത്തുതന്നു. "കൊണ്ടുചെന്നു പണയംവച്ചു പണംവാങ്ങിക്കൊള്ളൂ. എന്നാൽ ഈ സംഗതി ആരും അറിയരുതു്. ഒരു മാസത്തിനകം തിരിച്ചുതന്നാൽമതി" എന്നു് അവർ പറഞ്ഞു. ഞാൻ ഉരുപ്പടി വാങ്ങിച്ചു മടിയിൽവച്ചുകൊണ്ടു നേരേ ബാങ്കിലേയ്ക്കു പോയി. അവിടെ ചെന്നപ്പോളാണെന്റച്ചാ, പണ്ടങ്ങൾ മടിയിലില്ലെന്നു

മനസ്സിലായത്. എന്റെ ദൈവമേ, ഞാൻ എന്തു ചെയ്യും!" വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ട് അയാൾ ഒരുവിധം പറഞ്ഞവസാനിപ്പിച്ചു.

കുട്ടികൾക്കു കാര്യം മനസ്സിലായി. അവർ വേഗം മുറിക്കകത്തു കടന്നു. "കണ്ടില്ലേ അവിരാച്ചാ, ആ അപ്പൂപ്പന്റെ കരച്ചിൽ" മീനാമ്മ പറഞ്ഞു.

അവിരാച്ചൻ: "എന്റെ പെങ്ങളേ, നമ്മുടെ അപ്പച്ചനാണ് ഇങ്ങനെ സംഭവിച്ചിരുന്നതെങ്കിൽ അപ്പച്ചന് എത്രമാത്രം വേദനയുണ്ടാകുമായിരുന്നു!"

മീനാമ്മ വേഗം പെട്ടി തുറന്ന് ആഭരണങ്ങൾ കൊണ്ടുവന്ന്, ആ കിഴവന്റെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു: "ഞങ്ങൾ പള്ളിക്കൂടത്തിൽനിന്നു വരുമ്പോൾ വഴിയിൽക്കിടന്നു കിട്ടിയതാണിത്. ഇതുതന്നെയാണോ നഷ്ടപ്പെട്ടതെന്നു നോക്കിയാട്ടെ." അവിരാച്ചനും അടുത്തുതന്നെ നിന്നിരുന്നു. വൃദ്ധൻ ആനന്ദാധിക്യത്താൽ മതിമറന്നു കുട്ടികളുടെ തലയിൽ കൈവച്ച് അവരെ അനുഗ്രഹിച്ചു. ആകാശത്തേയ്ക്കു ദൃഷ്ടികൾ ഉയർത്തിക്കൊണ്ട് അയാൾ അല്പനേരം ആ നിലയിൽത്തന്നെ നിന്നു.

തോമ്മാച്ചന്റെ ഹൃദയം തുടിച്ചു. അയാൾ തന്റെ അരുമസന്താനങ്ങളെ മാറോടണച്ചു തലോടി. "മീനാമ്മയ്ക്കൊരു മാല; അവിരാച്ചനു മൂന്നു സ്വർണ്ണബട്ടൻസുകൾ" കണ്ടവന്റെ പണ്ടം ഒളിച്ചുവയ്ക്കാതെ തിരികെ കൊടുത്തതിന് ആ വത്സലപിതാവു വാഗ്ദാനം ചെയ്തു.

അവിരാച്ചൻ ഇന്നൊരു ലക്ഷപ്രഭുവാണ്. പക്ഷേ, സമ്പത്തിനെക്കാൾ കൂടുതൽ അദ്ദേഹത്തെ പ്രസിദ്ധനാക്കിത്തീർത്തത് അദ്ദേഹത്തിന്റെ സത്യസന്ധതയും മീനാനുകമ്പയും ആണ്. മീനാമ്മ സന്യാസിനീജീവിതം അവലംബിച്ചിട്ടു കൊല്ലങ്ങൾ പത്തുപതിനഞ്ചായി. ഉത്തരേന്ത്യയിൽ ഇപ്പോഴും ചുന

യോടും ചുറുചുറുപ്പോടുംകൂടി ആത്മരക്ഷയ്ക്കായി പ്രയത്നിക്കയാണവൾ.

ആ പടുകിഴവൻെറ മനസ്സിൽനിന്നു പൊങ്ങിയ പ്രാൎത്ഥനയുടെ ഫലമല്ലിതെന്നാരറിഞ്ഞു!

---

## 23. ആങ്ങളയും പെങ്ങളും

വി. ബനദിക്തോസിൻെറ സഹോദരിയായിരുന്നു വി. സ്കൊളാസ്റ്റിക്കാ. ചെറുപ്പത്തിൽത്തന്നെ അവൾ ഈശോയെ തൻെറ ദിവ്യമണവാളനായി സ്വീകരിക്കുകയും കന്യകാമഠത്തിൻെറ കനത്ത ഭിത്തിക്കകത്തു കാലം കഴിച്ചുതുടങ്ങുകയും ചെയ്തു. എങ്കിലും ആണ്ടിലൊരിക്കൽ സ്വസഹോദരൻ വസിക്കുന്ന ആശ്രമത്തിൽച്ചെന്നു് ആ മഹാത്മാവിനെ സന്ദർശിക്കുക അവളുടെ ഒരു പതിവായിരുന്നു. ആശ്രമത്തിൻെറ പടിവാതിലിനു പുറത്തുള്ള സന്ദർശനമുറിയിൽ വെച്ചാണു് ആ സഹോദരീസഹോദരന്മാരുടെ കൂടിക്കാഴ്ച നടക്കാറുള്ളതു്.

ഒരിക്കൽ സ്കൊളാസ്റ്റിക്കാ പതിവനുസരിച്ചു ബനദിക്തോസിനെ കാണുവാൻചെന്നു. വിശുദ്ധൻ തൻെറ ചില ശിഷ്യന്മാരോടുകൂടി സഹോദരിയെ സ്വീകരിച്ചു. സ്വൎഗ്ഗീയകാൎയ്യങ്ങളെപ്പററിമാത്രമായിരുന്നു അവരുടെ സംസാരം. ഹൃദയാകർഷകമായ ആ സംഭാഷണം സന്ധ്യവരെ നീണ്ടുനിന്നു. സമയം പോയതു് അവർ അറിഞ്ഞില്ല. സ്വൎഗ്ഗീയാനന്ദത്തിൽ അവർ മതിമറന്നുപോയി. നേരം ഇരുട്ടായെന്നു കണ്ടപ്പോൾ സ്കൊളാസ്റ്റിക്കാ സ്വസഹോദരനോടഭ്യൎത്ഥിച്ചു. "എന്നെ വിട്ടുപിരിയരുതേ. ദയവായി നേരം വെളുക്കുന്നതുവരെ സ്വൎഗ്ഗസന്തോഷങ്ങളെക്കുറിച്ച് ഇങ്ങനെ സംസാരിച്ചുകൊണ്ടിരിപ്പാൻ എന്നെ അനുവദിക്കണമേ." ബനദിക്തോസ് പ്രതിവചിച്ചു: "പ്രിയ

സോദരീ, നീ പറയുന്നതെന്തെന്നു നീ ശരിയായി ഗ്രഹിക്കുന്നുണ്ടോ? ആശ്രമത്തിനു വെളിയിൽ രാത്രിസമയം കഴിച്ചുകൂട്ടുവാൻ ഞങ്ങൾക്ക് അനുവാദമില്ല."

സ്കൊളാസ്റ്റിക്കാ വിഷാദപൂർണ്ണയായി. അവൾ തന്റെ കൈകൾ മേശമേൽവച്ച്, തല കുനിച്ചു കുറച്ചുനേരം പ്രാർത്ഥിച്ചു. അതുവരെ ആകാശപ്പരപ്പു കാർമേഘപടലങ്ങളൊന്നുമില്ലാതെ പ്രസന്നമായിരുന്നു. എന്നാൽ സ്കൊളാസ്റ്റിക്കായുടെ നെടുവീർപ്പുകൾ അന്തരീക്ഷത്തിൽ വ്യാപിച്ചതോടെ അവിടം കാർമേഘങ്ങളാൽ നിറഞ്ഞു. മിന്നലും ഇടിമുഴക്കവും അതിനെത്തുടർന്നു ഇടമുറിയാത്ത മഴയും. ഒരു കൊടുങ്കാററും ആഞ്ഞടിച്ചുതുടങ്ങി. അക്കാരണത്താൽ ആശ്രമത്തിലേയ്ക്കു തിരിച്ചുപോകുവാൻ സാധിക്കാതെ അവിടെത്തന്നെ താമസിക്കുവാൻ ശിഷ്യന്മാരും വിശുദ്ധനും നിർബന്ധിതരായി. സ്കൊളാസ്റ്റിക്കായുടെ കണ്ണീർക്കണങ്ങളാണു കനത്ത മഴത്തുള്ളികളായി വർഷിക്കുന്നതെന്നു ബനദിക്താസ് മനസ്സിലാക്കി. അദ്ദേഹം പറഞ്ഞു: "സഹോദരീ, സർവ്വശക്തനായ ദൈവം നിന്നോടു ക്ഷമിക്കട്ടെ. ഹാ, നോക്കു; നീ എന്തൊന്നാണു വരുത്തിവച്ചത്?" സുസ്മേരവദനയായ സഹോദരി തട്ടിമൂളിച്ചു: "എന്തെന്നോ, ഞാൻ എന്റെ സഹോദരനോടു അപേക്ഷിച്ചു; അദ്ദേഹം എന്നെ കേട്ടില്ല. അപ്പോൾ ഞാനെന്റെ സ്വർഗ്ഗീയപിതാവിനോടു സങ്കടമുണർത്തിച്ചു; അവിടുന്നു എന്നെ ശ്രവിച്ചു. തിരിച്ചുപോകണമെങ്കിൽ ക്ഷണത്തിൽ പൊയ്ക്കൊള്ളൂ!" ഗത്യന്തരമില്ലാതെ വന്നതിനാൽ വിശുദ്ധൻ ആ രാത്രി സന്ദർശനമുറിയിൽത്തന്നെ കഴിച്ചുകൂട്ടുകയും പ്രഭാതംവരെ സഹോദരിയുമായി സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചുള്ള സംഭാഷണം തുടരുകയും ചെയ്തു.

പിറേറദിവസം അവർതമ്മിൽ യാത്രപറഞ്ഞു പിരിഞ്ഞു — സ്കൊളാസ്റ്റിക്കാ മഠത്തിലേയ്ക്കും ബനദിക്താസ് ആശ്രമത്തിലേയ്ക്കും. മൂന്നു ദിവസം കഴിഞ്ഞു വിശുദ്ധൻ മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, സ്കൊളാസ്റ്റിക്കായുടെ പാവനാത്മാ

വ് പ്രാവിന്റെ രൂപത്തിൽ പറന്നുപോകുന്നത് അദ്ദേഹം
ദർശിച്ചു. പുണ്യവാൻ ആനന്ദപരവശനായി. ആശ്രമത്തിൽ
തനിക്കുവേണ്ടി തന്നത്താൻ നിർമ്മിച്ച കല്ലറയിൽ സ്വസ
ഹോദരിയുടെ മൃതദേഹം ബനദീക്തോസ് സംസ്കരിച്ചു.
അതേ മരണത്തിനുപോലും മാററുവാൻ സാധിച്ചില്ല, ക്രിസ്തു
വിൽ ഏകീഭവിച്ച ആ രണ്ടു വിമലഹൃദയങ്ങളെ.

# 24. മധുരസ്മരണയ്ക്ക്

ആന്റണിയും ചന്ദ്രശേഖരനും ഉററ ചങ്ങാതിമാരായിരുന്നു.
തങ്ങളുടെ ഗ്രാമത്തിലുള്ള പ്രാഥമിക വിദ്യാലയത്തിൽവച്ചാ
ണ് അവർ ആദ്യമായി പരിചയപ്പെട്ടത്. അന്ന് അവർക്ക്
എട്ടോൻപതു വയസ്സു പ്രായം കാണും. ഇരുവരും നല്ല കു
ട്ടികളായി വളർന്നു വന്നു. മാതാപിതാക്കന്മാരുടെ അനുവാദ
വും വാങ്ങി ഏകദേശം രണ്ടു മൈലകലെത്താമസിക്കുന്ന സ്നേ
ഹിതനെ കാണുവാൻ ഒഴിവുദിവസങ്ങളിൽ പോവുക ചന്ദ്രശേ
ഖരനൊരു പതിവായിത്തീർന്നു. ഒരു കത്തോലിക്കനായ ആന്റ
ണിയുമായി തങ്ങളുടെ പുത്രൻ സഖ്യം പാലിക്കുന്നതിൽ ആ മാ
താപിതാക്കന്മാർ സന്തോഷിക്കുകമാത്രമാണു ചെയ്തത്; എന്തു
കൊണ്ടെന്നാൽ ആ കത്തോലിക്കാബാലന്റെ സൗശീല്യാദി
ഗുണഗണങ്ങളെ പ്രശംസിക്കാത്തവരായി ആ നാട്ടിൽ അധികം
ആളുകൾ ഉണ്ടായിരുന്നില്ല.

x x x

കൊല്ലങ്ങൾ ആറേഴ് അങ്ങനെ കഴിഞ്ഞു. രണ്ടുപേരും
മട്രിക്കുലേഷൻക്ലാസ്സിൽ ജയിച്ചു. സർവ്വകലാശാലാവിദ്യാ
ഭ്യാസാർത്ഥം ഇരുവരും മദ്രാസ് പ്രസിഡൻസി കോളേജിൽ
ചേർന്നു. ഒന്നാം ക്ലാസ്സിൽതന്നെ ആ പ്രേമസുഹൃത്തുക്കൾ

ബി. എ. യ്ക്കും വിജയം കൈവരിച്ചു. പരീക്ഷാഫലം പുറത്തായ ഉടനെ ഗവൺമെൻറു ചെലവിന്മേൽ മെഡിക്കൽ ഡിപ്പാർട്ടു മെൻറിൽനിന്നും ഉപരിപഠനത്തിനായി തന്നെ ഇംഗ്ലണ്ടിലേ യ്ക്കയക്കുവാൻ അധികൃതന്മാർ തീരുമാനിച്ചിരിക്കുന്നുവെന്നറി യിക്കുന്ന ഒരു കമ്പിസന്ദേശം മി. ചന്ദ്രശേഖരനു കിട്ടി. ഈ ശോസഭയിൽ പ്രവേശനം സിദ്ധിക്കുവാനുള്ള തൻെറ അഭ്യ ർത്ഥന അനുവദിച്ചുകൊണ്ടുള്ള സഭാദ്ധ്യക്ഷൻെറ ഒരു സന്ദേ ശം ആൻറണിക്കും ലഭിച്ചു. രണ്ടുപേരും സംതൃപ്തരായി.

ആ സ്നേഹിതന്മാർക്കു പരസ്പരം പിരിയേണ്ട സമയമടുത്തു. ആൻറണിയെ യാത്ര അയക്കുന്നതിന് ചന്ദ്രശേഖരനും തീവണ്ടി സ്റ്റേഷനിൽ എത്തി. വണ്ടി പുറപ്പെടാറായി. എല്ലാവരോ ടും യാത്ര പറഞ്ഞു കഴിഞ്ഞു ആ യുവാവ്. ചന്ദ്രശേഖരനിൽ നിന്നുമുള്ള വേർപാട് ആൻറണിയെ പുളകിതഗാത്രനാക്കി. തൻെറ പ്രിയ സുഹൃത്തിനെന്താണു കൊടുക്കേണ്ടത് ഈ യാത്രാ വേളയിൽ? താൻ എന്നുമെന്നും വായിച്ചുകൊണ്ടിരുന്ന ആ നി സ്തുല ഗ്രന്ഥം — "തിരുഹൃദയാനുകരണം" — ചന്ദ്രശേഖരൻെറ കൈയിൽ കൊടുത്തുകൊണ്ട് ആൻറണി പറഞ്ഞു: "പ്രിയ സ്നേഹിതാ, ഇനി നാം തമ്മിൽ കാണുമെന്നു തോന്നുന്നില്ല. എ ൻെറ സ്മരണയ്ക്കായി ഞാൻ സമർപ്പിക്കുന്ന ഒരു സമ്മാനമാ ണിത്. പ്രതിദിനം ഇതിൽ ഒരദ്ധ്യായമെങ്കിലും സ്നേഹിതൻ വായിക്കുമെങ്കിൽ ഞാൻ സംതൃപ്തനായി.'' സ്നേഹശൃംഖലയുടെ ഗാഢബന്ധം തൻെറ സ്നേഹിതൻെറ അന്ത്യസമ്മാനത്തെ സ ന്തോഷത്തോടുകൂടി സ്വീകരിക്കുന്നതിന് അദ്ദേഹത്തെ പ്രേരി പ്പിച്ചു. സ്നേഹമസൃണമായ പരസ്പരവീക്ഷണത്താൽ അവർ അവസാനയാത്രയും പറഞ്ഞുകഴിഞ്ഞു. വണ്ടി മുന്നോട്ടു ചലി ച്ചു. അല്പസമയംകൊണ്ട് ആൻറണി അവരുടെ ദൃഷ്ടിയിൽനി ന്ന് അപ്രത്യക്ഷനമായി. വിരഹ ചിന്ത ആ നിർമ്മലഹൃദയ ത്തെ തകർത്തു.

x x x

വർഷങ്ങൾ പലതു കഴിഞ്ഞു. മി. ചന്ദ്രശേഖരൻ ഇംഗ്ലണ്ടിൽ നിന്ന് ഉന്നത ഡിഗ്രികളും കീർത്തിമുദ്രകളും സമ്പാദിച്ചു തിരിച്ചെത്തി. സംസ്ഥാനത്തെ ചീഫ് മെഡിക്കൽ അഫീസറായി ഡാക്ടർ ചന്ദ്രശേഖരൻ നിയമിതനുമായി. കൊല്ലങ്ങൾ പിന്നെയും 25 കഴിഞ്ഞു. പഴയസ്നേഹിതൻ മി. ആൻറണിയെപ്പററിയുണ്ടോ ഈ കൃത്യനിരതൻ; അധികം ചിന്തിക്കുവാൻ പോകുന്നു. എങ്കിലും കൂട്ടുകാരൻെറ അഭ്യർത്ഥനാനുസരണം ഡാക്ടർ എല്ലാദിവസവും തിരുഹൃദയാനുകരണം വായിച്ചുകൊണ്ടാണിരുന്നതു്. വിദ്യാസമ്പന്നരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുമായ പല സുഹൃത്തുക്കളും ഇതുകണ്ടു് അത്ഭുതപ്പെടാറുണ്ട്. എന്നാൽ ആ പുസ്തകം ഡാക്ടരുടെ മൂത്ത പുത്രനായ വിജയരാഘവനെ പ്രത്യേകവിധത്തിൽ ആകർഷിച്ചു. അച്ഛൻ ആശുപത്രിയിൽ പോകുന്ന തക്കംനോക്കി അവൻ ആ പുസ്തകം കുറേശ്ശ വായിച്ചുതുടങ്ങി. വിജയരാഘവനിൽ ആ ഗ്രന്ഥപാരായണം ഒരു പരിവർത്തനം തന്നെ ഉളവാക്കി. എന്തിനധികം പറയുന്നു കത്തോലിക്കാമതതത്വങ്ങളുടെ മധുരിമ അവൻ ആസ്വാദിച്ചുതുടങ്ങി. കൃത്യം പതിനഞ്ചു വയസ്സിൽ ആ ബാലൻ ഒരു കത്തോലിക്കനായിത്തീന്നു. അതുകൊണ്ടും ആ ഹൃദയം തൃപ്തിപ്പെട്ടില്ല. വൈദികപഠനാത്ഥം മി. പോൾ (അതായിരുന്നു വിജയരാഘവൻെറ ജ്ഞാനസ്നാനനാമം) വടക്കേ ഇൻഡ്യയിലേക്കു പുറപ്പെടുവാൻ സ്വപിതാവിൻെറ അനുവാദം ആവശ്യപ്പെട്ടു. പിതാവു സമ്മതിച്ചെന്നുമാത്രമല്ല പുത്രൻെറ ഈ തീരുമാനത്തിൽ അദ്ദേഹം ആന്തരികമായി ആനന്ദിക്കുകകൂടെയും ചെയ്തിരുന്നു. തൻെറ ആത്മസുഹൃത്തിൻെറ അനർഘസമ്മാനമായ ആ "തിരുഹൃദയാനുകരണം" തന്നെ, പ്രസ്തുത വിരഹവേളയിൽ തൻെറ വത്സലപുത്രനും ആ പിതാവു നല്കി. പോൾ ആ ഉപഹാരസ്വീകരണത്തിൽ സീമാതീതമായി സന്തോഷിച്ചു. കുറെ കൊല്ലങ്ങൾക്കുശേഷം ആ യുവാവ് ഒരു വൈദികനാകുകയും രാജപുട്ടാണായിലേ മണലാരണ്യപ്രദേശങ്ങളിൽ വസിക്കുന്നവർക്കു സുവിശേഷം പ്രസംഗിക്കുവാൻ നിയുക്തനാകുകയും ചെയ്തു.

കൊല്ലങ്ങൾ പിന്നെയും ഒന്നു രണ്ടുകൂടികഴിഞ്ഞു; ഫാദർ പോളിനു തന്റെ പിതാവിൽനിന്നു് ഒരെഴുത്തുകിട്ടി.

"പ്രിയ പുത്രാ, ഫാദർ പോൾ,

ഞങ്ങൾ സത്യം പൂർണ്ണമായും ഗ്രഹിച്ചിരിക്കുന്നു. അങ്ങയുടെ കരങ്ങളിൽ നിന്നുതന്നെ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ഞാനും അമ്മേ മാതാവും സഹോദരങ്ങളും അതിമാത്രം ആഗ്രഹിക്കുന്നു. അതിനാൽ ഉടൻ പുറപ്പെടുമല്ലോ. അന്നു ഞാൻ സമ്മാനിച്ച ആ "തിരുഹൃദയാന്തകരണം" കൂടികൊണ്ടുപോരണം" ഈ കത്തു വായിച്ചയുടനെ ഫാ. പോളിന്റെ നയനയുഗ്മത്തിൽനിന്നു സന്തോഷാശ്രുക്കൾ ധാരധാരയായി പ്രവഹിച്ചു. അദ്ദേഹം ഉടനടി ഗൃഹത്തിലെത്തി. ഉദ്യോഗസ്ഥപ്രമുഖന്മാരെ ക്ഷണിച്ചുകൊണ്ടു് ആ മാനസാന്തരം കൂടുതൽ മോടിപിടിപ്പിക്കുവാൻ പിതാവാഗ്രഹിച്ചിരുന്നതിനാൽ സജ്ജീകരണങ്ങൾക്കുംമററുമായി കുറച്ചു ദിവസങ്ങൾ ഫാദർ പോൾ അവിടെ താമസിക്കേണ്ടി വന്നു. അതിനിടയിൽ ഡാക്ടർ ചന്ദ്രശേഖരനു വടക്കെ ഇന്ത്യയിൽ നിന്നൊരു സന്ദേശം ലഭിച്ചു. "പ്രസിദ്ധന്മാരായ പല ഭിഷഗ്വരന്മാർ ചികിത്സിച്ചിട്ടും സുഖമാകാത്ത ഒരു രോഗിയെ താങ്കൾക്കൊന്നു ചികിത്സിച്ചു നോക്കുവാൻ സാധിക്കുമോ? രോഗി ഒരു വൈദികനാണു്. കട്ടലിലുള്ള ഒരു കുരുവാണു് അദ്ദേഹത്തെ രോഗിയാക്കിത്തീർത്തിരിക്കുന്നതു്. മറുപടി പ്രതീക്ഷിക്കുന്നു" ഡോക്ടർ ചന്ദ്രശേഖരൻ പ്രസ്തുത അഭ്യർത്ഥന സ്വീകരിച്ചു അഞ്ചുദിവസങ്ങൾക്കുശേഷം ആ ഈശോസഭാവൈദികൻ മദിരാശിയിലെത്തി. ഡോക്ടരുടെ വസതിയിൽത്തന്നെ ഒരു മുറി ആ വൈദികനുവേണ്ടി അദ്ദേഹം പ്രത്യേകം സജ്ജമാക്കിയിരുന്നു. ഡോക്ടർ വയോധികനായ ആ വന്ദ്യ വൈദികനെ ബഹുമാനപുരസ്സരം സ്വീകരിച്ചു. അപ്പോഴേക്കു് ഫാദർ പോളും ആ മുറിയിലേക്കു വന്നു. ആശ്ചര്യം! തന്റെ സുപ്പീരിയറച്ചനെ അവിടെ കണ്ടതിൽ ഫാദർ പോൾ അത്ഭുതപ്പെട്ടു.

അദ്ദേഹം പിതാവിനോടു പറഞ്ഞു: "പിതാവേ, ഞങ്ങളുടെ സ്പിരിയറച്ചനായ വെരി. റവ. ഫാദർ അൻറണി എസ്. ജെ. യാണ് ഇവിടെ നമ്മുടെ മദ്ധ്യേ ഇപ്പോൾ സന്നിഹിതനായിരിക്കുന്നത്." ഫാദർ പോളിനെ കണ്ടതോടുകൂടി രോഗിക്കു വളരെ സന്തോഷമായി. കുശലപ്രശ്നങ്ങൾക്കിടയിൽ മേശപ്പുറത്തിരുന്നിരുന്ന ആ തിരുഹൃദയാനുകരണം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടു "തിരുഹൃദയാനുകരണം ഇപ്പോഴും സൂക്ഷിച്ചു പോരുന്നു ഇല്ലേ!" ഫാദർ അൻറണി സുസ്മേരവദനനായി ചോദിച്ചു. ഉത്തരക്ഷണത്തിൽ ഡോക്ടർ ചന്ദ്രശേഖരൻ തൻെറ ആത്മസുഹൃത്തിൻെറ കരങ്ങൾ ചുംബിച്ചുകൊണ്ടു സന്തോഷാധിക്യത്താൽ ആനന്ദാശ്രുക്കൾ പൊഴിച്ചു. ഫാദർ പോളിന് ഇതെല്ലാം ഒരു മായാസ്വപ്നംപോലെ തോന്നി. അദ്ദേഹം ഇതെല്ലാം കണ്ട് അമ്പരന്നുപോയി. അവർ തങ്ങളുടെ അത്ഭുതകഥ ഫാദർ പോളിനെ സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. എല്ലാവരും ഈശോയുടെ തിരുഹൃദയത്തിനു നന്ദി പറഞ്ഞു.

ചികിത്സ വിജയപ്രദമായിരുന്നു. ഫാദർ അൻറണിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ ഫാദർ പോൾ തൻെറ പിതാവിനേയും കുടുംബാംഗങ്ങളേയും ജ്ഞാനസ്നാനപ്പെടുത്തി. അന്നുതന്നെ അദ്ദേഹം തൻെറ കുടുംബത്തെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തു.

## 25. മരണത്തിനു മറുമരുന്ന്

ഫ്റഞ്ചുസൈന്യത്തിലെ ഒരുദ്യോഗസ്ഥനാണ് മി. ബെഞ്ചോവിൻ. മാതൃകാപരമായ ഒരു ജീവിതത്തെക്കുറിച്ച് അഭിമാനം കൊള്ളുവാൻ അദ്ദേഹത്തിനു സാധിക്കുകയില്ല. എങ്കിലും അനുദിനം ഭക്തിയോടുകൂടി കൊന്തയെത്തിക്കുന്നതിൽ അദ്ദേഹം കാ

ണിച്ചിരുന്ന നിഷ്ക്കർഷ തികച്ചും അനുകരണീയമായിരുന്നു. വിവിധങ്ങളും അപന്നിബിഡങ്ങളുമായ കൎത്തവ്യങ്ങളുടെ ഇടയിൽപ്പോലും തന്റെ അമ്മയുടെ മരണക്കിടക്കയ്ക്കുസമീപേവച്ചു പരിശുദ്ധജനനിയോടു ചെയ്ത പ്രതിജ്ഞ ലംഘിക്കുവാൻ അദ്ദേഹം തയ്യാറായില്ല.

ഒരു ദിവസം സന്ധ്യാസമയം. ബെഞ്ചമിൻ യുദ്ധക്കളത്തിൽനിന്നു കൂടാരത്തിലെത്തി. പകൽ മുഴുവൻ പടവെട്ടിയ ആ യോദ്ധാവു തന്റെ കിടക്കയെ ശരണംഗമിച്ചു. അസാമാന്യമായ ക്ഷീണമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം സുഖനിദ്രയിൽ മുഴുകിപ്പോയി. സമയം അർദ്ധരാത്രിയോടടുത്തിരിക്കണം; അദ്ദേഹം കിടക്കയിൽനിന്നു ഞെട്ടി എഴുന്നേററു. ജപമാല ചൊല്ലാഞ്ഞതിൽ ആരോ തന്നെ കുററപ്പെടുത്തിയതുപോലെ ആ യോദ്ധാവിനു തോന്നി. "ഞാൻ ഇതേവരെ ഒരു മനുഷ്യനോടു ചെയ്ത പ്രതിജ്ഞപോലും നിറവേററാതിരുന്നിട്ടില്ല. അങ്ങനെയെങ്കിൽ പരിശുദ്ധ കന്യകാമറിയത്തോടു ചെയ്ത പ്രതിജ്ഞ നിറവേററാതിരിക്കുകയോ? ഒരിക്കലുമില്ല." അദ്ദേഹം തന്റെ പ്രതിജ്ഞയെ ഒന്നുകൂടി ദൃഢപ്പെടുത്തി.

ഉടൻതന്നെ ബെഞ്ചമിൻ ആ തറയിൽ മുട്ടുകുത്തി വളരെ ഭക്തിയോടുകൂടി കൊന്തയെത്തിക്കുവാൻ തുടങ്ങി. അസാധാരണമായി എന്തോ തന്നിൽ അനുഭവപ്പെടുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ഓരോ രഹസ്യം ചൊല്ലുന്തോറും തന്റെ ജീവിതകാലത്തിൽ ചെയ്തിട്ടുള്ള പാപങ്ങളെപ്പററിയുള്ള മനസ്താപം അദ്ദേഹത്തിന്റെ ഹൃദയത്തിൽ വർദ്ധമാനമായിക്കൊണ്ടിരുന്നു. കൊന്ത എത്തിച്ചു കഴിഞ്ഞപ്പോൾ, കുമ്പസാരിച്ചാൽ കൊള്ളാമെന്നു് അദ്ദേഹത്തിനു തോന്നി. പക്ഷെ, ക്ഷീണാധിക്യം നിമിത്തം അറിയാതെതന്നെ അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു: "നാളെക്കാലത്തു നിശ്ചയമായും ഞാൻ കുമ്പസാരിച്ചുകൊള്ളാം." "അതിപ്പോൾത്തന്നെ പാടില്ലയോ?" ഒരു സുപരിചിതസ്വരം അദ്ദേഹത്തിന്റെ ചെവികളിൽ മുഴങ്ങി. തീക്ഷ്ണമതിയും ത്യാഗധീരനുമായ സൈനികചാപ്ലെയിന്റെ സ്വരമായിരുന്നു അതു്.

ആത്മരക്ഷയിലുള്ള ദാഹത്താൽ എരിപിരികൊള്ളുന്നവർക്കുണ്ടോ ഊണും ഉറക്കവും. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ആ ഉദ്യോഗസ്ഥൻ അപ്പോൾത്തന്നെ ഒരു നല്ല കുമ്പസാരം കഴിച്ചു. മുൻപൊരിക്കലുമനുഭവിച്ചിട്ടില്ലാത്ത ഒരു ശാന്തിയും സമാധാനവും അദ്ദേഹം ആസ്വദിച്ചു. ഹാ! ക്രിസ്തുവിന്റെ സഭയ്ക്കുമാത്രം കൊടുക്കുവാൻ സാധിക്കുന്ന ഹൃദയസമാധാനവും സംതൃപ്തിയും!!

അതിരാവിലെ അദ്ദേഹം വിശുദ്ധബലിയിൽ സംബന്ധിച്ചു. അഭൂതപൂർവ്വമായ ഭക്തിപ്രചുരിമയോടുകൂടിയാണ് അന്ന് അദ്ദേഹം ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചത്.

ഘടികാരം പലപ്രാവശ്യം കറങ്ങിത്തിരിഞ്ഞു. അപ്പോൾ കേൾക്കാം ഇരമ്പിക്കയറുന്ന ശത്രുസൈന്യത്തിന്റെ 'പടഹധ്വനി.' ഫ്രഞ്ചുസൈന്യം വീറോടെ ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തുനിന്നു. പിന്നീടു നടന്ന ഭയങ്കരയുദ്ധത്തിന്റെ ആരംഭത്തിൽത്തന്നെ ബെഞ്ചമിൻ വെടിയേറ്റു നിലംപതിച്ചു. പ. അമ്മ അദ്ദേഹത്തിന്റെ പാവനാത്മാവിനെ തന്റെ പരിപാവനകരങ്ങളിൽ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം അന്നുതന്നെ മരിക്കുമെന്ന് ആരറിഞ്ഞിരുന്നു? ജപമാലഭക്തിയാണ് ഇപ്രകാരമുള്ള ഒരു നല്ല മരണം അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തത് എന്നതിൽ തെല്ലും സംശയമില്ല.

ലോകസമാധാനം ത്രാസിൽത്തൂങ്ങുന്ന ഇക്കാലത്തു കൊന്തനമസ്കാരം ഭക്തിയായും ക്രമമായും എല്ലാ ദിവസവും എത്തിച്ചുകൊണ്ടു ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ഈ സംഭവം നമ്മെ ഉത്തേജിപ്പിക്കട്ടെ. നിത്യനാശത്തിൽനിന്നു രക്ഷപെടുവാൻ പര്യാപ്തമായ ഒരു മറുമരുന്നാണു ജപമാലഭക്തിയെന്നുള്ളതു നമ്മുടെ സ്മരണയിൽ സജീവമായി സദാ നിന്നിരുന്നെങ്കിൽ!

# 26. കർത്താവിൻെറ കണ്ണിലുണ്ണികൾ

"അതേ, യാതൊരു സംശയവുമില്ല, സാക്ഷാൽ ക്രിസ്തുവിനെത്തന്നെയാണു ഞാൻ ദർശിച്ചതു്. ഇതൊരു വെറും സ്വപ്നമല്ല. ഞാൻ യഥാർത്ഥത്തിൽ ആ ദിവ്യരൂപത്തെ ദർശിച്ചിരിക്കുന്നു! ഹാ! എന്നെ ഇത്രയധികം സ്നേഹിക്കുവാൻ. . . . . ഹാ. നാഥാ! . . . ," എന്നു പറഞ്ഞുകൊണ്ടു കണ്ണു തിരുമ്മി ആ കട്ടിലിൽത്തന്നെ കുറേനേരം ഇരുന്നുപോയി മുല്ലശ്ശേരിവീട്ടിലെ ആ കാരണവർ. "നാളെ ഈ ഗൃഹത്തിലേയ്ക്കു ഞാൻ വരും. എന്നെ യഥായോഗ്യം സ്വീകരിച്ചു സൽക്കരിക്കുവാൻ പ്രിയ മകനേ, നീ സർവ്വശക്തിയും ഉപയോഗിച്ചു സന്നദ്ധനാകണം." ആ ദിവ്യവചസ്സുകൾ ധനികനായ ചാക്കോച്ചനെ പുളകംകൊള്ളിച്ചിരുന്നു. ആ ദർശനത്തിനുശേഷം അയാൾക്കന്നു് അവശേഷം ഉറക്കമുണ്ടായില്ല. . . . .

കിഴക്കു വെള്ളകീറിത്തുടങ്ങുന്നതേയുള്ളു. ചാക്കോച്ചൻ പുറത്തുകടന്നു, ഭൃത്യന്മാരെയെല്ലാം വിളിച്ചു്, ഓരോ വഴിക്കു വിട്ടു. സൂര്യൻ ഉദിച്ചുയർന്നാലും കിടക്കവിട്ടെഴുന്നേല്ക്കാത്ത ആ കാരണവർ അന്നിങ്ങനെ ഉണർന്നതിൽ ഭാര്യ അത്ഭുതപ്പെട്ടുകതന്നെ ചെയ്തു. അയാൾ അടുക്കളയിൽ വന്നു തൻെറ ഭാര്യയോടാജ്ഞാപിച്ചു. "ഈ മുറികളും തളങ്ങളുമെല്ലാം വൃത്തിയായി അടിപ്പിക്കൂ, വേഗമാകട്ടെ." ഒന്നുരണ്ടു വേലക്കാർ പടിപ്പുരയിലേയ്ക്കുള്ള വഴി ചെത്തിനന്നാക്കിത്തുടങ്ങി. മറ്റുചിലർ കുരുത്തോലകളും കുലവാഴകളും ശേഖരിക്കുന്നതിൽ ബദ്ധശ്രദ്ധരായി.

ചാക്കോച്ചൻ ഇതെല്ലാം ശരിപ്പെടുത്തുന്ന ആ വേലക്കാരെ വേണ്ടപോലെ നിയന്ത്രിച്ചുകൊണ്ടിരിക്കവേ പടുകിഴവനായ ഒരു ഭിക്ഷു അവിടേയ്ക്കു കയറിവന്നു. ആ സാധുവിനു നേരേ നില്ക്കുവാൻതന്നെ വിഷമം. വടിയൂന്നി നിവർന്നുനിന്നു് ആ വ

യസ്സൻ യാചിച്ചു: "തമ്പുരാനേ, വല്ലതും തരണേ."

ഗൃഹനായകൻ അസ്വസ്ഥനായി ഗർജ്ജിച്ചു:"നേരം വെളുത്തപ്പോഴേ വലിഞ്ഞുകയറാൻ താൻ എവിടെയാ താവളമടിച്ചിരുന്നതു്. . . . ഇപ്പോൾ ഒന്നുമില്ല, ശനിയാഴ്ച വരൂ.''

"തമ്പുരാനേ, ഇന്നലേ അത്താഴപ്പട്ടിണിയാണു്. കാച്ചു പഴങ്കഞ്ഞിയെങ്കിലും അടിയനു തരിക്കണേ'' യാചകൻ വീണ്ടും കേണുപറഞ്ഞു. ചാക്കോച്ചൻ അതു കേട്ടതായേ ഭാവിച്ചില്ല. ഒരു കാര്യസ്ഥൻ പതിവുപോലെ ആ ഭിക്ഷക്കാരനെ പടിപ്പുരയ്ക്കു പുറത്താക്കി.

ചാക്കോച്ചൻ വീണ്ടും ഭാര്യയെ സമീപിച്ചുകൊണ്ടു സഗൗരവം പറഞ്ഞു: "നമുക്കിന്നു് ഒരു വിരുന്നുകാരൻ വരാനുണ്ടു്. ആരാണെന്നു ഞാനിപ്പോൾ പറയുന്നില്ല. സൽക്കാരം സർവ്വവിധത്തിലും വളരെ മോടിയായിരിക്കണം. ഇപ്പോൾ ഒന്നുംതന്നെ തയ്യാറാക്കി വയ്ക്കേണ്ടാ. ഒക്കെ കരുതിയിരുന്നാൽ മതി. കൃത്യസമയം എന്നെ അറിയിച്ചിട്ടില്ല." വിഭവസമൃദ്ധമായ ഒരു സൽക്കാരത്തിനുവേണ്ട സകല സാമാനങ്ങളും സജ്ജമായിക്കഴിഞ്ഞു. പൂക്കളും സുഗന്ധദ്രവ്യങ്ങളും പൂമുഖത്തെ സമാകർഷകമാക്കി.

ചാക്കോച്ചൻ അതിഥിയെ കാത്തുനില്പായി, പടിപ്പുരയ്ക്കൽ. ഉച്ചയായി; എന്നിട്ടും വിരുന്നുകാരൻ വന്നില്ല. ചാക്കോച്ചൻ അക്ഷമനായിത്തുടങ്ങി. അപ്പോൾ പിൻവശത്തുനിന്നു് ഒരു ദീനസ്വരം! "തമ്പുരാനെക്കുറിച്ചു വല്ലതും തരണേ'' കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച മദ്ധ്യവയസ്കയായ ഒരു സ്ത്രീ വിളറിവാടിയ ഒരു കുഞ്ഞിനെ എളിയിൽ വച്ചുകൊണ്ടു് അതാ നില്ക്കുന്നു. ചിടപിടിച്ച തലമുടിയുള്ള ഒരു പെൺകുട്ടി അവളെ അനുഗമിക്കുന്നുണ്ടു്, ആ അസ്ഥികൂടത്തിന്റെ ഇരുണ്ട നിഴൽപോലെ. "ഇന്നു ശനിയാഴ്ചയല്ലെന്നു നിനക്കു് അറിഞ്ഞുകൂടെ? ഈ വികൃതവേഷത്തിൽ ഇവിടെ അരനിമിഷംപോലും നിന്നുപോകരുതു്." ചാക്കോച്ചൻ തത്താപാദം ചെയ്തു. എല്ലുന്തിയ ആ

മാറിടത്തിൽ പതുങ്ങിക്കിടന്നു മുലപ്പാൽ കുടിച്ചിരുന്ന തൻെറ ഓമനക്കുഞ്ഞിനെ അവർ തോളിലേയ്ക്കു കയററിക്കിടത്തിയശേഷം പതുക്കെപ്പതുക്കെ തിരിച്ചുനടന്നു. ആ പിഞ്ചുപൈതൽ കരയുവാനും തുടങ്ങി. മണി ഒന്നായി. . . . രണ്ടായി — അതിഥി എന്നിട്ടും ആഗതനായില്ല. ഗൃഹനായകൻെറ മുഖത്തു നിരാശയും വിഷാദവും പ്രത്യക്ഷമായിത്തുടങ്ങി. പിന്നെയും ആ മനുഷ്യൻ കാത്തിരിപ്പായി മണി ആറടിക്കുന്നതുവരെ. ഇരുട്ടിത്തുടങ്ങിയപ്പോൾ ഒരു ദരിദ്രബാലൻ അവിടെ കയറിവന്നു. "എന്തെടാ വന്നതു്?" ചാക്കോച്ചൻ ആക്രോശിച്ചു. "എനിക്കു് അപ്പനും അമ്മയും ഇല്ല. ചേട്ടൻ പനിപിടിച്ചു് ആസ്പത്രിയിൽ കിടക്കുന്നു." ആ കുട്ടി പ്രതിവചിച്ചു. "ഞാൻ ഡോക്ടരാണോ പനി മാററാൻ, കയറിവരുന്നു ഓരോ നാശങ്ങളൊക്കെ" ചാക്കോച്ചൻ പല്ലു കടിച്ചുകൊണ്ടു പറഞ്ഞു. കുട്ടി പേടിച്ചുവിറച്ചു് അവിടെനിന്നു പിൻവാങ്ങി. തൊലിയിൽ പൊതിഞ്ഞ കൈത്തണ്ടിലെ രണ്ടു് അസ്ഥികൾകൊണ്ടു താടിക്കു താങ്ങുംകൊടുത്തു് ആ സാധുബാലൻ പടിപ്പുരയുടെ കല്ലിന്മേൽ കയറി ഇരുന്നു കുറച്ചുനേരം കരഞ്ഞു. . . . .

. . . . സർവ്വത്ര വ്യാപിച്ചുകഴിഞ്ഞ അന്ധകാരം അവനെയും അച്ഛാദനം ചെയ്തു, ആ ധനികൻെറ ക്രൂരദൃഷ്ടിയിൽനിന്നു്.

* * *

ധനികനായ ചാക്കോച്ചൻ ഉറക്കത്തിൽനിന്നു തലേദിവസത്തെപ്പോലെ ഞെട്ടിയെഴുന്നേററു. പ്രഭാപൂരിതനായ ക്രിസ്തുനാഥൻ അതാ അന്നും എഴുന്നള്ളിവന്നിരിക്കുന്നു! ആ ധനവാൻ ഭക്തിപാരവശ്യത്തോടെ ചോദിച്ചു: "ഗുരോ അവിടുന്നു വാഗ്ദാനമനുസരിച്ചു് എൻെറ ഭവനത്തിലേയ്ക്കു വരാഞ്ഞതെന്തുകൊണ്ടാണു്? ഞാൻ എത്രയോ നല്ല സജ്ജീകരണങ്ങളോടെ അങ്ങയെ കാത്തിരുന്നു!" ആ ദിവ്യരൂപൻ അരുളിച്ചെയ്തു: "എന്തു്, ഞാൻ മൂന്നു പ്രാവശ്യം നിൻെറ പക്കൽ വരികയുണ്ടായല്ലോ, അപ്പോളെല്ലാം നീ എന്നെ ആട്ടി ഓടിക്കയല്ലേ ചെയ്തതു്?" "കർത്താ

ദേ, അതെപ്പോൾ?" ഭയപരവശനായി ആ ധനികൻ ചോദിച്ചു. "ആ സാധു കിഴവനേയും പാവപ്പെട്ട വിധവയേയും അനാഥബാലനേയും നിഷ്ക്കരുണം ആട്ടിയോടിച്ചപ്പോൾ നീ എന്നെത്തന്നെയാണ് ഉപദ്രവിച്ചതും ആട്ടിപ്പായിച്ചതും. നിന്റെ സല്ക്കാരം സ്വീകരിക്കാൻ ഞാൻ നേരിട്ടു ലോകത്തിലേയ്ക്കു വരുന്നില്ല; പ്രത്യുത, എന്റെ സാധുക്കളാണ് എന്റെ പ്രതിനിധികളായി നിന്നെ സമീപിക്കുന്നതു്." ആ ദിവ്യരൂപൻ ഉടൻ അപ്രത്യക്ഷനായി. ചാരക്കാരുന്ന കാര്യം വ്യക്തമായി മനസ്സിലായി. അതിൽപ്പിന്നെ ആ ധനികൻ ഒരാററപ്പാവത്തിനെപ്പോലും വെറുംകൈയ്യോടെ മടക്കി അയച്ചിട്ടില്ല.

# 27. കുപ്പക്കൈ

ചൈനയിലെ ഒരു സുപ്രസിദ്ധമിഷനറിയായ ഫാദർ തോമസ് പുരോഹിതനായിട്ട് അന്ന് അധികകാലമായിട്ടില്ല. സമയം രാത്രി രണ്ടുമണിയായി കാണും. അദ്ദേഹം സുഷുപ്തിയിൽ ലയിച്ചിരിക്കുകയാണ്. "ടക് – ടക്"—ഒരാൾ കതകിൽ മുട്ടി.

ഫാദർ ടിയൻ ഉടനെഴുന്നേററു കതകുതുറന്നു. ആഗതൻ പറഞ്ഞു, "അച്ചാ! ദയവുചെയ്തു എന്റെകൂടെ വരണം. അരുപതോടടുത്ത ഒരു സ്ത്രീ മരിക്കാറായി കിടക്കുന്നു. അന്ത്യകൂദാശകൾ സ്വീകരിക്കുവാൻ അവർ അതിയായി ആഗ്രഹിക്കുന്നുണ്ടു്.

ആ വൈദികൻ ആഗതനെ സൂക്ഷിച്ചുനോക്കി.

"ഇവിടെനിന്നും എന്തു ദൂരമുണ്ടു്?" അദ്ദേഹം ചോദിച്ചു.

"ഉദ്ദേശം എട്ടുമൈൽ വരും. അയാൾ പ്രതിവചിച്ചു.

ഉടൻതന്നെ വേണ്ടതെല്ലാം എടുത്തു് അദ്ദേഹം നടന്നുതുടങ്ങി. ദുർഘടങ്ങൾ നിറഞ്ഞ വഴി; രാത്രിസമയവും. പ്രഭാതസൂ

ര്യന്റെ ഇളംകതിരുകൾ കിഴക്കേ ദിക്കിൽ പരന്നുതുടങ്ങുന്നതിനുമുമ്പുതന്നെ അവർ രോഗിയുടെ വീട്ടിലെത്തി. അച്ചനെ കണ്ട് ഒരു പയ്യൻ കിഴവിയുടെ കിടക്കയ്ക്കടുത്തേയ്ക്ക് ഓടി.

"വല്യമ്മച്ചീ, അച്ചൻ വന്നുകഴിഞ്ഞു;" അവൻ വിളിച്ചുപറഞ്ഞു. മരണത്തിന്റെ പടിക്കലെത്തിയ ആ സ്ത്രീക്ക് പെട്ടെന്നു ബോധം വീണു. അവൾ കണ്ണുതുറന്ന് അച്ചനെ നോക്കി.

"ബഹുമാനപ്പെട്ട അച്ചാ, രണ്ടു ദിവസമായി ഞാൻ അച്ചനെ പ്രതീക്ഷിച്ചുതുടങ്ങിയിട്ട്. ഉടൻതന്നെ അന്ത്യകൂദാശകൾ നല്കേണമേ" കിഴവി വൈദികനോടപേക്ഷിച്ചു.

അച്ചൻ വേഗം ആ സ്ത്രീയ്ക്ക് അന്ത്യകൂദാശ നല്കി. ഭക്തിദ്യോതകമായിരുന്നു അവളുടെ മുഖഭാവം. അവൾ വികാരരഹിതയാണെന്ന് ആ കണ്ണുകൾ വിളിച്ചറിയിച്ചു. ഒരു നവോന്മേഷവും പ്രസരിപ്പും അവയിൽ പൊടുന്നനവെ ദൃശ്യമായി. ആ മരണാസന്ന സാവധാനം ആ വൈദികനോടു പറഞ്ഞു: "അത്യാവശ്യസന്ദർഭങ്ങളിൽ മരിക്കാറായ പല കുട്ടികൾക്കും ഞാൻ ജ്ഞാനസ്നാനം നല്കിയിട്ടുണ്ട്. അങ്ങനെ അവരെല്ലാം നിത്യസൗഭാഗ്യത്തിന് അവകാശികളാവുകയും ചെയ്തു." അവരുടെ പേരുകളും ജ്ഞാനസ്നാനത്തീയതികളും അവർ അദ്ദേഹത്തിനു നല്കി.

രോഗിണി തുടർന്നു:

"ബ. അച്ചാ, എനിക്ക് അന്ത്യകൂദാശകൾ സ്വീകരിക്കാൻ ഭാഗ്യമുണ്ടായല്ലോ. അതിന്റെ കാരണം ഞാൻ പറയാം. അങ്ങ് ഇതു കേൾക്കണേ! രണ്ടു ദിവസം മുമ്പ് എന്റെ സ്ഥിതി വളരെ അപകടത്തിലായി. അച്ചനെ കൊണ്ടുവരുവാൻ എന്റെ ഭർത്താവിനോടു ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം വിസമ്മതിച്ചു. എന്റെ മകനോടു ഞാൻ പറഞ്ഞു. അവനും വിസമ്മതിച്ചു. മരുമകളും അവനോടൊത്തു താളംപറഞ്ഞു. കാരണം, അവർക്കു സജീവമായ വിശ്വാസമില്ല. ഒടുവിൽ എന്റെ കൊ

ച്ചുമകനെ ഉപദേശിയുടെ പക്കൽ അയച്ചു. പക്ഷെ, അയാള വിടെയില്ലായിരുന്നു.

ഇതിനിടയ്ക്കു് എന്റെ ബോധം കെട്ടു. അവർ എന്നെ മരിച്ചവരുടെ വസ്ത്രങ്ങൾ ധരിപ്പിച്ചു. താമസിയാതെ എനിക്കു ബോധം വന്നു. എന്റെ ആശ നശിച്ചില്ല. ഒരിക്കൽക്കൂടി ഞാനുപദേശിക്കാളയച്ചു. അയാളാണു് അച്ചന്റെ പക്കൽ വന്നതു്." ആനന്ദത്തിന്റെയും കൃതജ്ഞതയുടേയും കതിരുകൾ ആ കുഴിഞ്ഞകണ്ണുകളിൽ കളിയാടി. അവർ തുടർന്നു:

"അച്ചൻ വരുന്നതിനുമുമ്പു ഞാൻ മരിക്കാഞ്ഞതിനു കാരണമുണ്ടു്. എനിക്കൊരു ദർശനമുണ്ടായി, ഞാൻ രക്ഷിച്ച ആ പൈതങ്ങൾ കൂപ്പുകൈകളോടെ എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നതായിട്ടു്."

വളരെ വിഷമിച്ചു് അവർ ഇത്രയും പറഞ്ഞുതീർത്തു. ഫാദർ ടിയന്റെ കരങ്ങളിൽക്കിടന്നുകൊണ്ടു് ആ അൽമായമിഷനറി ലോകത്തോടു യാത്രയും പറഞ്ഞു

ഭാവിയിൽ ചൈനായുടെ കർട്ടിനാളാകുവാനിരിക്കുന്ന ഒരു വൈദികവരേണ്യന്റെ കൈകളിലാണു താൻ അന്ത്യവിശ്രമം കൊള്ളുന്നതെന്നു് ആ ഭാഗ്യവതി അറിഞ്ഞിരിക്കയില്ല.

## 28. മരണക്കിടക്കയിലെ മാനസാന്തരം

ഇററലിയിലെ ടൂറിൻപട്ടണം. "സെർവൈററ്" സന്യാസികളുടെ മനോഹരമായ ഒരാശ്രമമുണ്ടു് ആ പട്ടണത്തിന്റെ പശ്ചിമപ്രാന്തത്തിൽ. പത്തൊൻപതാം ശതകത്തിന്റെ മദ്ധ്യഘട്ടം പണ്ഡിതനും സുപ്രസിദ്ധവാഗ്മിയുമായ ഒരു സന്യാസി

അക്കാലത്തു് ആ ആശ്രമത്തിൽ ഉണ്ടായിരുന്നു. കന്യകാംബികയുടെ അമലോത്ഭവപ്രശ്നത്തെപ്പററി തലപുകഞ്ഞ പരിശോധനകളും വാശിയോടുകൂടിയ വാദങ്ങളും നടന്നുകൊണ്ടിരുന്ന ഒരു ദശാസന്ധിയായിരുന്നു അതു്. പ്രസ്തുത സന്യാസി സർവ്വശക്തിയും ഉപയോഗിച്ചു് അമ്മയുടെ അമലോത്ഭവപ്രഖ്യാപനത്തിനത്യധികമായി പ്രയത്നിച്ചു. അദ്ദേഹം എല്ലാവരുടെയും പ്രശംസാപാത്രവുമായി.

എന്നാൽ ലൂസിഫറും കൂട്ടാളികളും ഈ സന്യാസിയുടെനേരെ കൊണ്ടുപിടിച്ചു ഒരു സമരംതന്നെ നടത്തി. തന്റെ ബുദ്ധിപ്രകർഷത്തിൽ ആ പുരോഹിതൻ അഹങ്കരിക്കുവാൻതുടങ്ങി. വ്യാമോഹങ്ങളും മിഥ്യാബോധങ്ങളും അദ്ദേഹത്തിന്റെ ഹൃദയസിന്ധുവിൽ അലതല്ലി. ബഹുജനപ്രശംസ ഒരു ലഹരിവസ്തുവിനു സദൃശം അദ്ദേഹത്തെ ഉന്മത്തനാക്കി. അധികാരികളെ അനുസരിക്കുക അർത്ഥശൂന്യമാണെന്നു് അദ്ദേഹത്തിനു തോന്നി. അവസാനം സത്യവിശ്വാസംപോലും പരിത്യജിച്ചു് ഒരു കൂട്ടം മതവിദ്വേഷികളുടെ നേതാവായിത്തീർന്നു ആ സന്യാസവൈദികൻ.

അങ്ങനെ ജീവിച്ചുവരവേ, അപ്രതീക്ഷിതമായി അദ്ദേഹം രോഗാധീനനായി. ഒരു ഭയങ്കരവ്യാധി അദ്ദേഹത്തെ മരണാസന്നനാക്കിത്തീർത്തു. എന്നിട്ടും അദ്ദേഹത്തിന്റെ ഹൃദയം കരിങ്കല്ലുപോലെ ദൃഢതരമായിത്തന്നെ നിലകൊണ്ടു. അദ്ദേഹം തന്റെ തെററു് ഏററുപറയുവാൻ സമ്മതിച്ചില്ല.

സമീപത്തു സ്ഥിതിചെയ്തിരുന്ന വി. ചാറൽസിന്റെ പള്ളിയിലെ വികാരിയച്ചൻ, ഫാദർ ഫ്റാൻസിയോ, ഈ ദുർഭഗന്റെ മനോഭാവം മാറിവരുന്നുണ്ടോയെന്നു് ഉററുനോക്കിക്കൊണ്ടിരുന്നു. ഒരു ദിവസം വികാരിയച്ചൻ രോഗിയെ സമീപിച്ചു് ഒന്നുപദേശിക്കുവാൻതന്നെ ഉറച്ചു് അതിനായി ഒരുമ്പെട്ടു. എന്നാൽ, രോഗിയുടെ കോപാവേശത്തോടുകൂടെയുള്ള ഗർജ്ജനം ആ പാവപ്പെട്ട അച്ചനെ വിറകൊള്ളിച്ചു. എങ്കിലും അ

ദ്ദേഹം ഭഗ്നാശനായില്ല. ഗൃഹഭിത്തിയിൽ രോഗിക്ക് അഭിമുഖമായി അമലോത്ഭവനാഥയുടെ ഒരു ഛായ പടം തൂങ്ങിക്കിടപ്പുണ്ടായിരുന്നു. വികാരിയച്ചൻ ആ പടത്തെ നോക്കി സ്നേഹവികാരവിജൃംഭിതനായി "നാഥേ, ഒരു കാലത്തു നിൻെറ അരുമഭക്തനായിരുന്ന ഈ പാപിയെ ഉപേക്ഷിക്കല്ലേ" എന്നു കേണപേക്ഷിച്ചു. രോഗി തൽക്ഷണം ആ പടത്തെ സൂക്ഷിച്ചുനോക്കി. ഉത്തരക്ഷണത്തിൽ ആ സ്വർഗ്ഗീയനാഥയുടെ സ്തുതിക്കായി പ്രയത്നിച്ചിരുന്ന സുന്ദരദിനങ്ങളുടെ മധുരസ്മരണ ആ മതത്യാഗിയുടെ മസ്തിഷ്ക്കത്തിൽ ഒരു ചലച്ചിത്രപ്രദർശനംതന്നെ നടത്തി. അദ്ദേഹത്തിൻെറ നയനങ്ങളിൽ വെള്ളം നിറഞ്ഞു. ചുടുകണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നപ്പോഴും ആ മരണാസന്നൻെറ നയനയുഗ്മം കന്യകാംബിയെത്തന്നെ സൂക്ഷിച്ചുകൊണ്ടിരുന്നു. തകർന്ന ഹൃദയത്തോടുകൂടെ രോഗി നിലവിളിച്ചുപറഞ്ഞു: "ഫാദർ ഫ്റാൻസിഭയാ, ദുർഭഗനായ എൻെറ പാപോച്ചാരണം കേൾക്കുവാൻ അങ്ങുന്നു സന്നദ്ധനാകണമേ.'' വികാരിയച്ചൻ കൃതാർത്ഥനായി. അനുതാപപൂർണ്ണമായ ഒരു പാപസങ്കീർത്തനത്തിനുശേഷം ദിവ്യകാരുണ്യനാഥനെ സ്വഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ആ രോഗി നിത്യവിശ്രമം കൈവരിക്കുവാൻ യാത്രയായി.

കന്യകാമാതാവു തൻെറ ഭക്തരെ അവരുടെ അന്ത്യവേളയിൽ എപ്രകാരം സഹായിക്കുന്നുവെന്നു കാണിക്കുന്ന ഹൃദയസ്പർശകമായ ഒരു യഥാർത്ഥസംഭവമത്രേ ഇതു്— മാതൃവക്ഷസ്സിൽ തലചായ്ക്കുന്ന മരണക്കിടക്കയിലെ മാനസാന്തരം!!

# 29. അരുളിക്കായിലെ ആത്മനാഥൻ

സ്പെയിനിലെ കമ്മ്യൂണിസ്റ്റുകാർ കത്തോലിക്കരെ വേട്ടയാടിക്കൊണ്ടിരിക്കുന്ന കാലം. വൈദികരുടെ കഴുത്തറുത്തും കന്യകകളെ മാനഭംഗം ചെയ്തും സമത്വവാദികളങ്ങനെ സന്തോഷിച്ചു നടക്കുന്നു. ഇങ്ങനെയിരിക്കെ ഒരു ദിവസം കുറെ വിപ്ലവകാരികൾ ഒരു പുരോഹിതന്റെ വസതിയിലേയ്ക്കു പാഞ്ഞുകയറി. വൈദികനെ പിടിച്ചുകെട്ടി; മുറിക്കകത്തു കണ്ട ചില സാധനങ്ങൾ പുച്ഛരസത്തിൽ പുറത്തേയ്ക്കു വലിച്ചെറിഞ്ഞു. അക്കൂട്ടത്തിൽ ഒരു അരുളിക്കായും.

അയൽവീട്ടിലെ ഒരു പെൺകുട്ടി തന്റെ മുറിയുടെ ജനലിൽക്കൂടെ ഈ അധമപ്രവൃത്തികളെ വീക്ഷിച്ചുകൊണ്ടു നിന്നിരുന്നു. അപ്പോൾ ഒരു തിരുവോസ്തി തന്റെ നേരേ പറന്നുവരുന്നതു ബാലിക കണ്ടു. അതു വാതായനത്തിൽക്കൂടെ അകത്തേയ്ക്കു പ്രവേശിച്ചപ്പോൾ അവൾ അത്ഭുതവിവശയായി കുടുംബാംഗങ്ങളെ വിളിച്ചുവരുത്തി. എല്ലാവരും വന്നു ഭയഭക്തിയോടുകൂടെ മുറിയിൽ മുട്ടുകുത്തി. ഇതറിഞ്ഞു് ആ വീടിന്റെ ഒരു കോണിൽ പ്രാണരക്ഷാർത്ഥം ഒളിച്ചിരുന്ന ഒരു സന്യാസിനി ഓടിവന്നു ദിവ്യകാരുണ്യത്തെ ആരാധിച്ചശേഷം അതു് അവിടെ കൂടിയിരുന്നവർക്കെല്ലാവർക്കുമായി വിഭജിച്ചുകൊടുത്തു.

ജനലിൽക്കൂടെ അലക്ഷ്യഭാവത്തിൽ വലിച്ചെറിഞ്ഞ ആ അരുളിക്കായിൽ സാക്ഷാൽ ക്രിസ്തുനാഥൻ സന്നിഹിതനായിരുന്നുവെന്നു കണ്ടറിയുവാൻ കമ്മ്യൂണിസ്റ്റുകാർക്കുണ്ടോ സാധിക്കുന്നു!

മറ്റൊരുദിവസം ചുവപ്പുപട്ടാളം കുറെ കത്തോലിക്കരെ വേട്ടയാടിപ്പിടിച്ചു. അവരിൽ അധികവും വൈദികന്മാരും കന്യാസ്ത്രീകളും ആയിരുന്നു. എല്ലാവരേയും ഒരു സ്ഥലത്തു നിര

ത്തിനിറുത്തി. ഉത്തരക്ഷണത്തിൽ ആ നിഷ്കളങ്കർ ഒന്നടങ്കം വെടിയേറ്റുവീണു. വേഷപ്രച്ഛന്നനായ ഒരു വൈദികൻ ഈ നിഷ്ഠുരസംഭവം കണ്ടുകൊണ്ടുനിന്നിരുന്നു. ഘാതകസേന സ്ഥലം വിട്ടപ്പോൾ, ആ വൈദികൻ മൃതശരീരങ്ങളെ സമീപിച്ച് അർദ്ധപ്രാണരായ വല്ലവരും ആ കൂട്ടത്തിലുണ്ടെങ്കിൽ പാപമോചനം നല്കുവാനായിരുന്നു അദ്ദേഹം ആ മൃതദേഹങ്ങളെ സമീപിച്ചത്. ഓരോരുത്തരേയും അദ്ദേഹം സാവധാനം പരിശോധിച്ചുനോക്കി. ചുടുചോരയിൽ മുങ്ങിക്കിടക്കുന്ന ആ സംപൂജ്യശരീരങ്ങളെ ഭക്തിപുരസ്സരം അദ്ദേഹം എടുത്തുമാറ്റി. അക്കൂട്ടത്തിൽ ചലനരഹിതയായി കിടക്കുന്ന ഒരു സന്യാസിനിയെ അദ്ദേഹം ദർശിച്ചു. ആ മുഖകമലത്തിൽ അനന്യസാധാരണമായ ഒരു പ്രഭാപൂരം പ്രസരിച്ചിരുന്നു. വെടിയേറ്റുവീണ ആ കന്യക വേണ്ട പരിചരണങ്ങൾ സ്വീകരിച്ചവളെപ്പോലെ വിനയസമന്വിതയായി അവിടെ ശയിക്കുന്നതു കണ്ടപ്പോൾ അച്ചൻ അത്ഭുതപ്പെട്ടുപോയി. ആ സുകൃതിനിയുടെ വെണ്മയേറിയ കരപല്ലവങ്ങൾ മാറോടു ചേർത്തു കൂപ്പിപ്പിടിച്ചിരിക്കുന്നതും അദ്ദേഹം ദർശിച്ചു. ചിത്രകാരൻ കൊത്തിവെച്ചിട്ടുള്ള മാലാഖായുടെ ഒരു മനോഹരപ്രതിമപോലെ തികച്ചും ക്രമാനുസൃതമായിരുന്നു ആ പവിത്രയുടെ അന്ത്യശയനം ഒരു ദിവ്യപ്രചോദനത്താൽ പ്രേരിതനായാലെന്നപോലെ വൈദികൻ കന്യകാരത്നത്തിന്റെ സന്നിധിയിൽ മുട്ടുകുത്തി. ഒരു പുണ്യവതിയുടെ പൂജ്യാവശിഷ്ടങ്ങളെ സ്പർശിക്കുന്നവനെപ്പോലെ ഭക്തിപൂർവ്വം ആ രക്തസാക്ഷിണിയുടെ തണുത്തുമരവിച്ച കരതല്ലജങ്ങൾ വേർപെടുത്തി. ഹാ! തിരുവോസ്തി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു അരുളിക്കാ ആ വിമലകരങ്ങളിൽ സ്ഥിതിചെയ്തിരുന്നു!! . . . .

വൈദികൻ കൃതകൃത്യനായി. ആ നിർജ്ജീവകരങ്ങളിൽ നിന്ന് അവളുടെ സ്നേഹവല്ലഭനെ അദ്ദേഹം എടുത്തുമാറ്റി.

# 30 വിസ്മയം

മരംകോച്ചുന്ന തണുപ്പുള്ള ഒരു രാത്രി. അന്നു സാധാരണയിൽ കൂടുതൽ മഞ്ഞു വീണിട്ടുണ്ട്. റഷ്യൻപട്ടണത്തിലെ ആ കോട്ടവാതിലിനുസമീപം ഒരു വൃദ്ധരോഗി വെറും നിലത്ത്, വിറച്ചുവിറച്ചു കിടക്കുന്നു. പാവം! അയാളവിടെ വീണുപോയിട്ടു പല മണിക്കൂറുകളായി. ഇതിനിടയിൽ പലരും ആ വഴി കടന്നുപോയി. മദ്യപിച്ചു ചെങ്കുപ്പായക്കാരും മതംവെടിഞ്ഞ മനുഷ്യകീടങ്ങളും. പക്ഷേ, ആ വൃദ്ധനെ സഹായിക്കുവാൻ അവരിൽ ആരും തുനിഞ്ഞില്ല. ഒടുവിൽ ആ വഴി ഒരു കത്തോലിക്കായുവാവു കടന്നുപോയി. വയസ്സന്റെ ഞരക്കവും മൂളലും ആഗതന്റെ ശ്രദ്ധയെ ആകർഷിച്ചു. മലിനമായ ഒരു കീറത്തുണിയാൽ നഗ്നതമാത്രം മറച്ചിരുന്ന ആ വൃദ്ധനെ കണ്ടപ്പോൾ ആ യുവാവിന്റെ ഹൃദയം അലിഞ്ഞുപോയി. വൃദ്ധനെ അയാൾ താങ്ങിയെടുത്ത് അടുത്തുള്ള ഒരു വഴിയമ്പലത്തിൽ കൊണ്ടുചെന്നാക്കി. പ്രഥമശുശ്രൂഷകൾക്കുശേഷം ആ മനുഷ്യസ്നേഹി വെണ്മയേറിയ തന്റെ മേൽവസ്ത്രവും അയാൾക്കു ദാനമായി നല്കി.

*　　　　*　　　　*

കാലങ്ങൾ പലതുകഴിഞ്ഞു. പ്രസ്തുത യുവാവും വാർദ്ധക്യത്തിന്റെ പടിവാതിൽക്കൽ എത്തി. അവസാനരോഗം അയാളെയും പിടികൂടി. അയാൾ മരണാസന്നനായി. അന്ത്യഘട്ടത്തിൽ ആ രോഗിക്ക് ഒരു സ്വപ്നമുണ്ടായി, ആനന്ദം പൊഴിക്കുന്ന ഒരു മോഹനസ്വപ്നം. വെണ്മയുള്ള ഒരു വസ്ത്രം ധരിച്ചുകൊണ്ട് യേശു അയാൾക്കു പ്രത്യക്ഷപ്പെട്ടു. രോഗി ആ മനോജ്ഞരൂപത്തെ സൂക്ഷിച്ചുനോക്കി. ചില പൂർവ്വസ്മരണകൾ അയാളിൽ ഉദിച്ചുപൊങ്ങി. "കർത്താവേ, അങ്ങുന്നു ധരിച്ചിരിക്കുന്ന

തു് എന്റെ വസ്ത്രമല്ലയോ?" രോഗി ചോദിച്ചു. യേശു പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "അതേ വത്സാ, അന്നു ഞാൻ തണുപ്പേററു വിറച്ചുകൊണ്ടു് ആ കോട്ടവാതിലിനടുത്തു കിടന്നപ്പോൾ നീ എന്നെ സ്നേഹപൂർവ്വം ധരിപ്പിച്ച ആ വെണ്മയേറിയ വസ്ത്രംതന്നെയാണിതു്. മകനേ, എന്റെകൂടെ വന്നാലും, നിത്യമഹത്വത്തിന്റെ മഹനീയവസ്ത്രമണിയുവാൻ."

ആ മരണാസന്നന്റെ മനം കുളുത്തു; എന്നിട്ടും അയാൾ ആത്മഗതം ചെയ്തു. "ഹാവൂ! യേശുവിനെ സഹായിക്കുവാനുള്ള അനർഘങ്ങളായ അവസരങ്ങൾ എത്രയെത്ര ഞാൻ നഷ്ടപ്പെടുത്തിക്കളഞ്ഞു." ആ ദയാശീലൻ ഒട്ടും താമസിയാതെ സ്വർഗ്ഗത്തേ ഉന്നംവെച്ചു പക്ഷംപരത്തി പറന്നുപോയി.

# 31. സുന്ദരദിനങ്ങൾ

വസന്തകാലത്തിലെ ഒരു സുപ്രഭാതം. പുലരിയുടെ മനോഹാരിതയെ ബാലാർക്കൻ ഉദയഗിരിയിൽനിന്നു് എത്തിനോക്കുന്നുണ്ടു്. ആകർഷകങ്ങളായ ഉദ്യാനപുഷ്പങ്ങളെ തഴുകി വരുന്ന ഇളംകാററു് ഒരു മൂളിപ്പാട്ടോടുകൂടി ഏവരേയും അഭിവാദ്യം ചെയ്തുകൊണ്ടിരുന്നു. പക്ഷികൾ തങ്ങളുടെ കളകൂജിതങ്ങളാൽ പ്രകൃതിനാഥനെ പാടിപ്പുകഴ്ത്തുന്നതിൽ അതീവ ശ്രദ്ധാലുക്കളായി കാണപ്പെടുന്നു. പ്രസന്നസുന്ദരമായ ഈ പ്രകൃതിയുടെ തൊടുകുറിയെന്നോണം വിരാജിക്കുന്ന ഒരു മോഹനസൗധം. അതിന്റെ രണ്ടാം നിലയിൽ മദ്ധ്യവയസ്കരായ രണ്ടു സ്ത്രീകൾ നർമ്മസംഭാഷണം ചെയ്യുന്നു. ഒരാൾ പറയുകയാണു്: "മേരീ, നീ എത്ര സൗഭാഗ്യവതി! ദൈവം നിന്നെ സവിശേഷം അനുഗ്രഹിച്ചിരിക്കു

ന്നവെന്നു ഞാൻ വിചാരിക്കുന്നു." "അതിനെന്തു സംശയം പ്രിയ ആഗ്നേസ, ഒരു സ്ത്രീക്ക് ആഗ്രഹിക്കത്തക്കവയെല്ലാം എനിക്കുണ്ട്—ആഗ്രഹങ്ങളെ മുൻകൂട്ടി അറിഞ്ഞു സാധിച്ചു തരുന്ന ഒരു ഭർത്താവ്, എന്തിനും പോരുന്ന ഒരു പുത്രൻ, അതിസമർത്ഥകളായ രണ്ടു പുത്രിമാർ; എന്നുവേണ്ട ഒരു കുടുംബിനിയെ സൗഭാഗ്യവതിയാക്കുന്നതെല്ലാം ഉള്ളപ്പോൾ എനിക്ക് എന്തു പോരായ്കയാണുള്ളതു്? പിള്ളേർ ഇപ്പോൾവരും. എന്നാൽ ആഗ്നസ് ഇത്രനാളും എവിടെയായിരുന്നു. നീ ഇനിയും വിവാഹിതയല്ലല്ലോ?"

ആഗ്ന: "അല്ല മേരീ; ഞാൻ അതേപ്പററി കുറച്ചുനാൾമുമ്പ് ആലോചിക്കാതിരുന്നില്ല. പിഞ്ചുഹൃദയങ്ങളെ സ്വർഗ്ഗത്തിനുവേണ്ടി ഒരുക്കുന്നതു് എത്ര അഭികാമ്യവും ആനന്ദപ്രദവുമായ ഒരു ജോലിയാണ്!" ഒരു ദീർഘശ്വാസത്തിനുശേഷം അവൾ തുടർന്നു: "ഏതായാലും ഇക്കാലമത്രയും ആ ജോലിതന്നെയാണു ഞാൻ ചെയ്തുകൊണ്ടിരുന്നതു്. കുട്ടികൾ മററുള്ളവരുടേതാണെന്നുള്ള വ്യത്യാസംമാത്രം. ഒച്ചപ്പാടില്ലാത്തതാണ് എന്റെ ജീവിതം. മററുള്ളവരുടെ ദൃഷ്ടിയിൽ അതു് ആനന്ദപൂർണ്ണമായി കാണപ്പെട്ടില്ലെന്നു വന്നേയ്ക്കാം. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം അതു് എനിക്കു സന്തോഷവും സംതൃപ്തിയും നിർല്ലോഭം പകർന്നു തരുന്നു. മേരീ, നിന്റെ കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ എനിക്കാഗ്രഹമുണ്ട്."

മേരി: "മകന്റെ പേരു പ്രകാശം; മല്ലികയെന്നും ചന്ദ്രികയെന്നുമാണ് എന്റെ പ്രിയ പുത്രിമാരെ വിളിക്കുന്നതു്."

ആഗ്ന: "ആകപ്പാടെ പേരുകൾ വളരെ വിചിത്രമായിരിക്കുന്നു. നിന്റെ നാമം എത്ര നല്ലതാണ്. ആ പേരിൽ ഒരു മകളെ വിളിക്കുവാൻ നിനക്കു തോന്നിയില്ലല്ലോ."

മേരി: "അങ്ങനെ പററിയെന്നു പറഞ്ഞാൽ മതിയല്ലോ. ആഗ്നേസ, നീ ഈ സാരി ഒന്നു നോക്കിക്ക" പെട്ടെന്ന് അവൾ വിഷയംമാററി. "മല്ലികയുടെ ജന്മനക്ഷത്രത്തിന്റെ മോ

ഘനസ്മരണയ്ക്കായി മത്താവ് എനിക്കു വാങ്ങിത്തന്നതാണ്. കണ്ടിട്ടു വളരെ ആകർഷകമായിത്തോന്നുന്നില്ലേ?"

പുറത്തുനിന്നു മോട്ടോർകാറിന്റെ ശബ്ദം കേൾക്കുകയാൽ അവൾ പടിക്കലേയ്ക്കു നോക്കി. "വിചാരിച്ചതിലും നേരത്തെ അവർ വന്നു കഴിഞ്ഞല്ലോ. എന്റെ അഗ്നസ്, നിന്റെ 'പള്ളിപ്പടാത്ത്'യൊന്നും ഇപ്പോൾ എടുത്തു വിളമ്പിയേക്കരുതു്. കാര്യം കുഴപ്പത്തിലാകും"

അഗ്ന: "എന്ത്! 'പള്ളിപ്പടാത്ത്'യോ? എന്റെ മേരി, നീ നിന്റെ വിശ്വാസം പണയംവെച്ചുവെന്നോ?"

മേരി: "എന്റെ പ്രിയ അഗ്നസ്, ഒന്നു മിണ്ടാതിരിക്കു. അവർ ഇതാ വന്നുകഴിഞ്ഞു. മല്ലിക ജനിച്ചതിൽപ്പിന്നെ ഞാൻ പള്ളിയ്ക്കകം കണ്ടിട്ടേയില്ല. ഹാ! ഇങ്ങനെ ഭയങ്കരമായി എന്നെ നോക്കാതെ."

പെൺകുട്ടികൾ രണ്ടും മുറിക്കുള്ളിൽ പ്രവേശിച്ചു കഴിഞ്ഞു. മേരി അവരെ അഗ്നസുമായി പരിചയപ്പെടുത്തി.

"എന്താ അവർ മിടുക്കികളല്ലേ?" കുട്ടികൾ പോയപ്പോൾ മേരി ചോദിച്ചു; അതു കേൾക്കാത്തമട്ടിൽ അഗ്നസ് പറയുകയാണ്: "കേട്ടോ എന്റെ മേരീ, കുഞ്ഞുങ്ങളെ കണ്ടാൽ കത്തോലിക്കരാണെന്നു തോന്നുകയില്ലല്ലോ."

മേരി: "ഇതുവരെയായിട്ടും ജ്ഞാനസ്നാനം സ്വീകരിച്ചവരല്ല അവർ. എന്റെ അഗ്നസ്, എന്നോടു നീ ക്രൂരമായി പെരുമാറരുതേ. ഞാൻ പഠിച്ചപണി പതിനെട്ടും കഴിച്ചു, മതകർമ്മാനുഷ്ഠാനങ്ങളിൽനിന്ന് മത്താവ് എന്നെയെങ്കിലും പിന്തിരിപ്പിക്കാതിരിക്കുവാൻ. പക്ഷേ, അവസാനം ഞാൻ കീഴടങ്ങേണ്ടിവന്നു. എന്റെ സ്ഥാനത്തായിരുന്നെങ്കിൽ നീയും അപ്രകാരംതന്നെ ചെയ്യുമായിരുന്നു. പഴഞ്ചൻമതക്കാർക്കും മററും ഇന്നത്തെ പരിഷ്കൃതലോകത്തിൽ എന്തു സ്ഥാനമാണുള്ളതു്?"

അഗ്ന: "ഞാൻ അത്ര പരിഷ്കാരിയല്ലാത്തതുകൊണ്ടു ദൈവത്തിനു നന്ദിപറയുന്നു. എന്നാൽ ഈ പരിഷ്ക്കാരമൊക്കെ

സൌഭാഗ്യപ്രാപ്തിക്ക് എത്രമാത്രം ഉപകരിക്കുമെന്നു സഹോദരി വല്ലപ്പോഴുമൊക്കെ ഒന്നു ചിന്തിച്ചിരുന്നെങ്കിൽ!"

ശാന്തമായി അവൾ തുടർന്നു.

"മേരീ. നമ്മുടെ വിദ്യാലയജീവിതത്തിന്റെ അന്ത്യദിവസങ്ങൾ—തുടിക്കുന്ന ഹൃദയത്തോടുകൂടിമാത്രമേ അവ എനിക്ക് അനുസ്മരിക്കാൻ കഴിയുന്നുള്ളു. ഭാവിജീവിതത്തിന്റെ ഭാഗധേയം നിർണ്ണയിക്കുവാൻ ബ. ബർണ്ണദീത്താ സഹോദരിയോടുകൂടി നാം കഴിച്ച ആ ദിവസങ്ങൾ ഹാ! എത്ര സുന്ദരങ്ങളല്ല. 'ഈശോയുടെ ദിവ്യഹൃദയഭക്തരായിരിക്കുവിൻ. അവിടുന്നു നിങ്ങളുടെ വഴിത്താരയെ സുഗമമാക്കും' എന്നുള്ള അവരുടെ മനോഹരവചസ്സുകൾ ഇന്നും നിന്റെ ചെവികളിൽ പ്രതിധ്വനിക്കുന്നില്ലേ? ആ ഉപദേശത്തെ സസന്തോഷം സ്വാഗതം ചെയ്തവരല്ലേ നാം? തന്റെ ദിവ്യഹൃദയത്തിനു തങ്ങളെ മുഴുവനായി അടിയറവെച്ച നമ്മെ നോക്കി ദിവ്യനാഥൻ പുഞ്ചിരി തൂകിയില്ലേ അന്ന്? സ്നേഹബലികളായ നമ്മെ കാണുകയിൽ ആ ദിവ്യമണാളന്റെ ഹൃദയം സന്തോഷത്താൽ തുടിച്ചിട്ടുണ്ടായിരിക്കണം. മേരീ, ലോകത്തിന്റെ പുറംപൂച്ചുകൾക്കായി നിത്യസൗഭാഗ്യം നശിപ്പിക്കുകയെന്നോ? നിന്റെ ഹൃദയത്തോടു നീ തന്നെ ഒന്നു ചോദിക്കുക"

ഒരു ഗാഢമൗനം അവരെ വലയംചെയ്തു. മേരിയുടെ ഹൃദയം ഒന്നു പിടഞ്ഞു. പശ്ചാത്താപവിവശമായ അവളുടെ ഹൃദയത്തിൽ നിന്ന് ഒരു ശോകനിർഝരി പൊട്ടിപ്പുറപ്പെട്ടു.

"ആ കണ്ണീരുകളാണ്" അഗ്നസ് പറഞ്ഞു, "നിന്റെ സ്നേഹമില്ലാത്ത പുഞ്ചിരിയേക്കാൾ ദൈവത്തിനു പ്രീതികരം. നീ വളരെ സമയം പാഴാക്കിക്കളഞ്ഞു. പക്ഷേ, നിരാശപ്പെടേണ്ടാ. വിരിച്ച കൈകളോടും തുടിക്കുന്ന ഹൃദയത്തോടുംകൂടെ ഈശോ നിന്നെ സ്വീകരിക്കും."

മേരി: "ഹാ പ്രിയ അഗ്നസേ, നിന്റേതുപോലെ ഉറച്ച മനസ്സ് എനിക്കുണ്ടായിരുന്നെങ്കിൽ എന്റെ ഭർത്താവിനെ മാന

സാന്തരപ്പെടുത്തുവാൻ എനിക്കു കഴിയുമായിരുന്നോ എന്നുള്ളതിൽ തെല്ലും സംശയമില്ല.''

അഗ: "പ്രിയ മേരീ, ഈശോയുടെ തിരുഹൃദയത്തിൽ ശരണം പ്രാപിക്കുക. ഞാനും പ്രാർത്ഥിക്കാം. ഇനി താമസിക്കുവാൻ എനിക്കു സമയമില്ല. ഞാൻ പോകട്ടെ. താമസിയാതെ വീണ്ടും വന്നുകൊള്ളാം. എത്രയായാലും ഈശോതന്നെ വിജയിക്കും."

പല മാസങ്ങൾ കഴിഞ്ഞാണു പിന്നീട് അവർ തമ്മിൽ കാണുന്നത്. അഗസ്സിനെ കണ്ടയുടനെ മേരി ഓടിവന്ന് അവളെ കെട്ടിപ്പുണർന്നുകൊണ്ടു പറഞ്ഞു: "പ്രിയ അഗ്നസ, ഈശോ വിജയിച്ചു.'' തുടരുവാൻ അവൾക്കു കഴിഞ്ഞില്ല. രണ്ടുപേരും ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഏതാനും മിനിട്ടുകൾ മൗനമായി കഴിച്ചുകൂട്ടി. ഒടുവിൽ മേരി, നടന്ന സംഭവമെല്ലാം സവിസ്തരം അഗ്നസിനെ പറഞ്ഞു കേൾപ്പിച്ചു. "മതകർമ്മങ്ങൾ വീണ്ടും ഞാൻ തുടങ്ങുവാൻ പോകയാണ്. അവയുടെ അഭാവം എന്നെ ദുർബലയാക്കിയിരിക്കുന്നു'' ഒരുദിവസം ഭർത്താവിനോടു ഞാൻ പറഞ്ഞു. അദ്ദേഹം അതിനു വിസമ്മതമൊന്നും പറഞ്ഞില്ല. എന്നാൽ കുട്ടികളുടെ ജ്ഞാനസ്നാനകാര്യശ്രവണംപോലും അദ്ദേഹത്തെ കോപകലുഷിതനാക്കിയിരുന്നു. ഒരുമാസംമുമ്പ് അദ്ദേഹത്തിന് ഒരു വലിയ രോഗം പിടിപെട്ടു മരിച്ചുപോകുമെന്നുമട്ടായപ്പോൾ എന്നെ അടുത്തു വിളിച്ചു പ്രാർത്ഥനകൾ ചൊല്ലുവാൻ പറഞ്ഞു. എന്തിനധികം പറയുന്നു. ഒടുവിൽ അദ്ദേഹം നല്ല കുമ്പസാരം കഴിച്ചു ദൈവവുമായി രമ്യപ്പെട്ടു. സുഖം പ്രാപിച്ചപ്പോൾ എന്നോടാദ്യം പറഞ്ഞത് കുട്ടികളെ വേദപാഠം പഠിപ്പിക്കുവാൻ അഗ്നസിനെ വിളിക്കണമെന്നാണ്. ഈ അപേക്ഷ നീ ഉപേക്ഷിക്കയില്ലെന്നു വിശ്വസിക്കട്ടെയോ?'' അഗ്നസ് സന്തോഷസമേതം ആ ക്ഷണം സ്വീകരിച്ചു.

ജൂൺമാസത്തിലെ നല്ല തെളിവുള്ള ഒരു ദിവസം. കമനീയമായി അലങ്കരിച്ചിരിക്കുന്ന കല്യാണപ്പന്തൽ. അതിഥികൾ

ളുടെ ഹർഷാരവമദ്ധ്യേ വക്കച്ചൻ—പ്രകാശം—തൻെറ വധുവിനെ വിരുന്നുശാലയുടെ പ്രധാനഭാഗത്തു സ്ഥാപിതമായിരിക്കുന്ന തിരുഹൃദയരൂപത്തിങ്കലേക്കു നയിച്ചു. അവർ തങ്ങളുടെ വൈവാഹികജീവിതത്തെ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ചു കൃതകൃത്യരായി. മൂത്ത കുട്ടിയായ മേരി (മല്ലിക) സ്വർഗ്ഗീയ മണവാളനെ തൻെറ ആത്മനാഥനായി വരിച്ചുകൊണ്ടു കന്യാലയ ഭിത്തികൾക്കുള്ളിൽ മറഞ്ഞു. ഇളയകുട്ടിയായ കൊച്ചുത്രേസ്യാ (ചന്ദ്രിക) അപ്പച്ചൻെറയും അമ്മച്ചിയുടെയും 'കൊച്ചുറാണി'യായി ഇപ്പോൾ വിരാജിക്കുന്നു. ഇങ്ങനെ സഭയുടെ അനുഗ്രഹീതമായ മടിയിൽ നിന്നോടിപ്പോയ ആ ധൂർത്തപുത്രർ 'ശാന്തിനികേതന'ത്തിലേയ്ക്കു പ്രത്യാഗമിച്ചു.

ദിവ്യനാഥൻെറ തിരുഹൃദയത്തിനു നമ്മുടെ നേർക്കുള്ള സ്നേഹ പ്രചുരിമ അളന്നറിയുവാൻ ആർക്കു കഴിയും?

# 32. ആഹുതി

പതിവുപോലെ അന്നും ഞാൻ ആശുപത്രി സന്ദർശിച്ചു. അ ഇടവകയിലെ വികാരിയായതിനുശേഷം ഇതു് എൻെറ ഒരു പ്രതിദിനപരിപാടിയായിത്തീർന്നിരിക്കയാണു്. ആയിടെ സ്ഥലം മാറിവന്ന പുതിയ ഡോക്ടർ എൻെറ ഒരു പഴയ സുഹൃത്തായിരുന്നതിനാൽ ഈ സന്ദർശനം കൂടുതൽ ഹൃദ്യവുമായിത്തീർന്നിരുന്നു. ഡോക്ടരും ഞാനും നന്നാ ചെറുപ്പംമുതൽതന്നെ സഹപാഠികളായിരുന്നു. എന്നാൽ വ്യത്യസ്തങ്ങളായ ജീവിതാവസ്ഥകൾ ഞങ്ങളെ വേർപെടുത്തിയിരിക്കയായിരുന്നു കുറെ കൊല്ലങ്ങളായിട്ടു്. ഇപ്പോൾ ആ പൂർവ്വബന്ധം പുതുക്കിപ്പണിയുവാൻ സന്ദർഭം സിദ്ധിച്ചിരിക്കയാണു്.

എന്നാൽ എൻെറ സ്നേഹിതനിൽ പഴയതിൽനിന്നു പല മാററങ്ങളും വന്നിട്ടുണ്ടെന്നു ഞാൻ അതിശീഘ്രം ഗ്രഹിച്ചു. അദ്ദേഹം ഇപ്പോൾ ഒരു നിരീശ്വരനാണുപോലും. മെഡിക്കൽ കാളേജിലെ ഭൗതികവാദികളായ പ്രഫസറന്മാർ അദ്ദേഹത്തെയും വഴി തെററിച്ചു. തത്ഫലമായി ആ കത്തോലിക്കൻ തൻെറ മോഹനവിശ്വാസത്തെ നിർവ്വിശങ്കം പരിത്യജിക്കുകയും ചെയ്തു. ഇപ്പോൾ അദ്ദേഹം ഒരു കൊടിയ നിരീശ്വരനാണ്. അടുത്തകാലത്ത് അദ്ദേഹത്തിൻെറ ഏക പുത്രൻ മൃതിയടഞ്ഞു. അതിനെത്തുടർന്ന് അവൻെറ അമ്മയും. അതോടുകൂടെ കരുണാനിധിയായ ദൈവത്തിൻെറ നാമം കേൾക്കുകതന്നെ അയാൾക്കു ദുസ്സഹമായിത്തീർന്നു. ഡോക്ടരുടെ ഈ വിലപനീയമായ സ്ഥിതി എന്നെ വേദനിപ്പിച്ചു. കൃപാവരത്തിനുമാത്രമേ ആ ഭൗതികവാദിയെ തിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളുവെന്നു ഞാൻ കണ്ടു. ഞാനും എൻെറ കുഞ്ഞുപടയാളികളും അദ്ദേഹത്തിൻെറ മാനസാന്തരത്തിനുവേണ്ടി ഉള്ളുരുകി പ്രാത്ഥിക്കുവാൻ തുടങ്ങി.

ആശുപത്രി സന്ദർശനത്തിനു മറെറാരു പ്രത്യേകകാരണവും ഉണ്ടായിരുന്നു. ഇടവകയിലെ സുകൃതിനിയായ ഒരു ബാലിക– മേരി– ക്ഷയരോഗബാധിതയായി ആസ്പത്രിയിൽ കിടപ്പുണ്ടായിരുന്നു. അവളെൻെറ ആത്മീയപുത്രിയാണ്. എല്ലാ കുട്ടികൾക്കും ഒരുത്തമമാതൃകയായിരുന്നു അവൾ. മേരിയുടെ സുഖക്കേടു വളരെ വർദ്ധിച്ചിരുന്നുവെന്നറിഞ്ഞ് അന്നു കുറച്ചുനേരത്തേ ഞാനവിടെ ചെന്നു. ഡോക്ടരോട് അല്പം സംസാരിച്ചു ശേഷം ഞാൻ മേരി കിടന്നിരുന്ന വാർഡിലേയ്ക്കുപോയി. അവളപ്പോൾ ആനന്ദാനുഭൂതിയിൽ ലയിച്ചിരിക്കുന്നതായിട്ടാണു കണ്ടത്. തൻെറ അധരങ്ങളോടു ചേർത്ത് ഒരു ക്രൂശിതരൂപം അവൾ പിടിച്ചിട്ടുണ്ട്. അവളുടെ മുഖകമലം പ്രകാശമാനമായിരുന്നു. ഇതെല്ലാം കണ്ടുകൊണ്ട് ഞാനവളെ ഉണത്തിയില്ല. ഞാനവിടെ നിശ്ശബ്ദനായി നിലകൊണ്ടു. ചില മധുരസ്മരണകൾ എൻെറ ഓമ്മയിൽ ഓളംവെട്ടിത്തുടങ്ങി. മേരിയുടെ പ്രഥമദി

വ്യകാരുണ്യസ്വീകരണം, വെണ്മയുള്ള അവളുടെ വസ്ത്രങ്ങൾ; മനോജ്ഞമായ പുഷ്പമുടി, അലോകസുന്ദരമായ ആ പ്രസന്നവദനം, ഭക്തിരസം തുളുമ്പുന്ന ആ നിർമ്മലനയനങ്ങൾ! അന്നവൾ എൻെറ മുറിയിൽവന്നപ്പോൾ "മേരി, സ്നേഹനാഥനോടു നീ എന്തൊക്കെപ്പറഞ്ഞു?" എന്ന എൻെറ ചോദ്യം, അപ്പോൾ ആ ചെറിയ പെൺകുട്ടി പറഞ്ഞ മറുപടി: "അച്ഛാ, എന്നെ ഒരു സ്നേഹബലിയായി ഞാൻ ഈശോയ്ക്കു സമർപ്പിച്ചുകഴിഞ്ഞു" ഇവയെല്ലാം ഞാൻ വിഭാവനം ചെയ്തു. അതേ, ഇതാ അവൾ ഇപ്പോൾ ഒരു സ്നേഹബലിയായി പരിണമിച്ചിരിക്കുന്നു. അസഹ്യമായ വേദന അവൾ സന്തോഷത്തോടുകൂടെ ദിവ്യനാഥനുവേണ്ടി സഹിക്കുകയാണിപ്പോൾ. ക്ഷയം! അതവളുടെ സൗന്ദര്യത്തെ കാർന്നുതിന്നു കഴിഞ്ഞു. വാരിയെല്ലുകൾ പൊന്തി; വിളർത്തുവാടിയ ആ ബാലിക എന്നിട്ടും സുസ്മേരവദനയാണ്.

*　　　*　　　*

മേരി ഒന്നു ചുമച്ചു. നീണ്ടുനിന്ന ആ ചുമ എൻെറ വിചാരഗതിയെ തടഞ്ഞു. കട്ടച്ചോരയാണ് അവൾ തുപ്പിയത്. ഞാൻ അവളെ സമീപിച്ചു. എൻെറ സാന്നിദ്ധ്യത്തെക്കുറിച്ച് ആ ബാലിക അപ്പോൾമാത്രമേ അറിഞ്ഞുള്ളു. ശോഷിച്ചൊട്ടിയ ആ മുഖകമലം ഒന്നു വികസിച്ചു. ഒരു മന്ദഹാസം ഉണങ്ങി വരണ്ട ചുണ്ടുകളിൽ നിഴലിച്ചു. അസ്ഥിയും തൊലിയും മാത്രം അവശേഷിച്ചിട്ടുള്ള ആ പിഞ്ചുകരങ്ങൾ കൂപ്പി അവളെനിക്കു സ്വാഗതമരുളി.

"മേരീ, വേദനയും ക്ഷീണവും എങ്ങനെയിരിക്കുന്നു" ഞാൻ ചോദിച്ചു. "ഒരു കുറവുമില്ലച്ചാ" അവൾ പ്രതിവചിച്ചു. "കുറയുവാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. സഹിച്ചു സഹിച്ച് ഈശോയെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കുകയാണു ഞാൻ". . . . അവളെ കുറച്ച് ആശ്വസിപ്പിച്ചശേഷം ഞാൻ മടങ്ങിപ്പോന്നു.

കഠിനവേദനയനുഭവിക്കുന്ന ആ പെൺകിടാവിൻെറ പ്രശാന്തതയും പ്രസന്നതയും ഡോക്ടരെ വിസ്മയഭരിതനാക്കി. ഒരു ദിവസം അദ്ദേഹം അവളുടെ രോഗശയ്യയെ സമീപിച്ചുകൊ

ണ്ടു ചോദിച്ചു: "കുഞ്ഞേ, നീ ഇത്രയൊക്കെ വേദന അനുഭവിച്ചിട്ടും ആനന്ദസമ്പൂർണ്ണയായി കാണുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. എന്താണു നിന്നെ സമാധാനപ്പെടുത്തുന്നതു്?" മേരി ക്രൂശിതരൂപം ചൂണ്ടിക്കാണിച്ചു. "ഈ ഭയങ്കരവേദനയ്ക്കിടയിലും നീ ദൈവത്തിൽ ആനന്ദിക്കുന്നുവെന്നോ?" "അതേ, വേദന വർദ്ധിക്കുംതോറും എന്റെ ആഹ്ലാദവും വർദ്ധിക്കുന്നു. ഈശോ എന്നെ നിസ്സീമമായി സ്നേഹിക്കുന്നതിന്റെ ലക്ഷണമാണു് ഈ രോഗവും വേദനയുമെന്നു് എനിക്കു ദൃഢമായ വിശ്വാസമുണ്ടു്" മേരിയുടെ വിശ്വാസപ്രഖ്യാപനം തന്റെ ചെവിയിൽ വീണ്ടും വീണ്ടും മുഴങ്ങുന്നതുപോലെ ഡോക്ടർക്കു തോന്നി.

X X X

ദിവസങ്ങൾ മൂന്നുനാലു കഴിഞ്ഞു. മേരി മരണാസന്നയായെന്നു കേട്ടു ഞാൻ ഓടിച്ചെന്നു. ഡോക്ടർ ആ പെൺകുട്ടിയുടെ സമീപേ നിർന്നിമേഷനായി നിന്നിരുന്നു. എന്നെ കണ്ടപ്പോൾ അവളുടെ അധരപല്ലവങ്ങൾ ചലിച്ചു "അച്ചാ . . . . . ഞാൻ. . . പോകുന്നു. . . അച്ചൻ പറഞ്ഞപോലെ. . , വേദന. . . . കാത്തുവച്ചിട്ടുണ്ടു്." ആ പൈങ്കിളി അങ്ങനെ ബന്ധനം വിട്ടത്തി പാടിപ്പറന്നുപോയി.

ഞാൻ വ്യസനഭാരത്തോടെ മടങ്ങുവാൻ മുതിർന്നപ്പോൾ ഡോക്ടറെന്നെ അദ്ദേഹത്തിന്റെ സ്വകാര്യമുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ കണ്ണുകൾ ചെമന്നിരുന്നു. ചങ്കുറപ്പുള്ള ആ ഭിഷഗ്വരൻ എന്റെ കാൽക്കൽ മുട്ടുകുത്തി വാവിട്ടു കരയുവാൻതുടങ്ങി. അദ്ദേഹം ഗദ്ഗദത്തോടെ അഭ്യർത്ഥിച്ചു: "അച്ചാ എനിക്കിപ്പോൾ പാപസങ്കീർത്തനം കഴിക്കണം."

മേരിയുടെ സഹനബലി ആ ഭൗതികവാദിയുടെ ആത്മാവിനെ വിലകൊടുത്തു വാങ്ങിക്കഴിഞ്ഞിരുന്നു.

# 33. ചുംബനം

"അമ്മായി എന്താണീയിടെ പള്ളിയിൽ പോകാത്തതു്?"

"ആ, ഞാൻ പള്ളിയിൽ പോകാനോ? അതു് എന്റെ ഈ ആയുസ്സിലില്ല. ഇത്രനാളും പോയതുകൊണ്ടു മതിയായി."

അമ്മായിയുടെ മറുപടികേട്ടു മരുമകൾ ഞെട്ടിപ്പോയി. "അമ്മായി എന്താണു പറയുന്നതു്? ദൈവത്തോടു വാശിപിടിക്കാനാണോ ഇപ്പോഴത്തെ പുറപ്പാടു്?" ആ പെൺകുട്ടി തുടർന്നുചോദിച്ചു.

ആശയറ്റു്, വിശ്വാസം ക്ഷയിച്ച ആ വിധവ ദൈവത്തെ ശപിക്കുവാനും ആണയിട്ടു ശകാരവർഷം ചൊരിയുവാനും തുടങ്ങി. സുകൃതിനിയായ ആ ബാലിക ദൈവദൂഷണം കേട്ടു വിറയ്ക്കുകയും വാ പൊത്തി കരയുകയും ചെയ്തു.

മരുമകൾ കരയാൻ തുടങ്ങിയപ്പോൾ അമ്മായിക്കും വിഷമം തോന്നി. അവർ കുട്ടിയെ സമീപിച്ചു സാന്ത്വനപ്പെടുത്തി. "തങ്കമ്മ പേടിച്ചുപോയോ? മകളേ, നമ്മുടെ കുട്ടപ്പൻ. . . ." ആ സ്ത്രീയും കരയാൻ തുടങ്ങി. "അവനെ അങ്ങോട്ടു കിട്ടിയില്ലെങ്കിൽ തമ്പുരാനു് എന്തു കുറവായിരുന്നു. ഞാൻ എന്തുമാത്രം പ്രാർത്ഥനകളും വഴിപാടുകളും കഴിച്ചു, അവൻ മരിക്കാതിരിപ്പാൻ. ദൈവം കേട്ടോ?" അവർ ഗദ്ഗദത്തോടുകൂടിപറഞ്ഞു. അമ്മായിയുടെ കണ്ണുനീർക്കണങ്ങൾ മരുമകളുടെ ചുരുണ്ടുകിടക്കുന്ന മുടികളിൽ തങ്ങിനിന്നു. ഭർത്തൃവിയോഗത്താൽ ഹൃദയം നീറിക്കൊണ്ടിരുന്ന ആ സ്ത്രീയെ പുത്രവിരഹം നിരാശാഭരിതയാക്കിത്തീർത്തതിൽ അത്ഭുതപ്പെടുവാനില്ല. ഭയവിഹ്വലയായ തങ്കമ്മ അവിടെനിന്നും ഓടിപ്പോയി. "കുട്ടപ്പന്റെ മരണം അമ്മായിയെ ഭ്രാന്തുപിടിപ്പിച്ചിരിക്കുന്നുവോ ദൈവമേ?" ആ പെൺകുട്ടി ആത്മഗതം ചെയ്തു.

അമ്മായിയെ ദൈവസന്നിധിയിലേയ്ക്കു് അടുപ്പിക്കുവാൻ

എന്തു ചെയ്യേണ്ടൂ എന്നു് അവൾ ദീർഘമായി ചിന്തിച്ചു. ഒടുവിൽ ഒരു കൗശലം കണ്ടെത്തി. അവൾ അമ്മായിയുടെ പക്കലേക്കു് ഓടി. ആ സ്ത്രീ അപ്പോഴും ദൈവത്തെ ശപിച്ചുകൊണ്ടിരുന്നു.

"അമ്മായീ, വെയിലാറിയല്ലോ, നമുക്കൊന്നു നടക്കാൻ പോകാം." തങ്കമ്മ തട്ടിവിട്ടു.

"എന്റെ തങ്കമ്മേ, എനിക്കു നടന്നുല്ലസിക്കേണ്ട കാലമൊന്നുമല്ല, ഇതു്. ആണെങ്കിൽ ഇങ്ങനെയൊന്നും വരണ്ടായിരുന്നല്ലോ. പോരെങ്കിലെനിക്കൊട്ടു വയ്യാതാനും."

തങ്കമ്മ: "അതു പററില്ല അമ്മായീ, എന്റെകൂടെപ്പോരണം. ഞാൻ ഇത്തവണ വന്നിട്ടു് ഈ സ്ഥലങ്ങളൊന്നും കണ്ടില്ലല്ലോ."

അമ്മായി: "അതിനു ധൃതിയെന്താ, മറെറാരു ദിവസമാകാമല്ലോ കുഞ്ഞേ."

തങ്കമ്മ: "അതു പോരാ, ഇന്നുതന്നെ വേണമമ്മായീ, ഇന്നു നല്ല തെളിവുള്ള ഒരു ദിവസമാണു്."

അമ്മായി: "നിനക്കു പോയേ കഴിയൂ എങ്കിൽ ഞാൻ വല്ലവരേയും കൂട്ടി വിടാം."

തങ്കമ്മ: "പോരാ, പോരാ, അമ്മായിയെക്കൂടാതെ വേറെ ആരുടെകൂടെയും ഞാൻ പടിയിറങ്ങുകയില്ല. അങ്ങനെതന്നെയാണു് അമ്മ പറഞ്ഞിട്ടുള്ളതും."

ആ സ്ത്രീ സമ്മതിക്കുവാൻ നിർബന്ധിതയായി. അവർ നടക്കുവാൻ പുറപ്പെട്ടു. ഓരോരോ വർത്തമാനങ്ങൾ പറഞ്ഞു് അവരങ്ങനെ പോകുകയായിരുന്നു. ചെന്നു ചെന്നു് അവർ തങ്ങളുടെ ഇടവകപ്പള്ളിയുടെ സമീപമെത്തി. "തങ്കമ്മേ, നമ്മൾ പള്ളിയിലേക്കൊന്നുമല്ലല്ലോ പുറപ്പെട്ടതു്. പിന്നെയെന്തിനാണു് ഈ വഴിക്കു പോന്നതു്?" അമ്മായി ചോദിച്ചു.

തങ്കമ്മ: "ഏതായാലും ഇവിടെവരെയായില്ലേ, ഇനി പള്ളിയിലൊന്നു കയറിക്കളയാം."

അമ്മായി: "ഈ മുഷിഞ്ഞ വേഷത്തിൽ നമ്മൾ പള്ളിയിലേയ്ക്കോ?"

തങ്കമ്മ: "അതു സാരമില്ലമ്മായീ, പള്ളിയിലിപ്പോൾ ആരും ഉണ്ടായിരിക്കുകയില്ല."

അമ്മായി: "എന്നാൽ തങ്കമ്മ പോയേച്ചുവരൂ. ഞാനിവിടെ നിന്നേക്കാം."

"എന്നാൽ അതു മതി. എങ്ങനെയായാലും ഞാൻ വന്നിട്ടേ അമ്മായി പോകാവൂ ഇവിടെത്തന്നെ നിന്നോണം." തങ്കമ്മ ബുദ്ധിപൂർവം പറഞ്ഞു. അമ്മായി സമ്മതിച്ചു. "നീ വരാതെ ഞാൻ പോവുകയില്ല. വേഗം വന്നേക്കണം."

തങ്കമ്മ പള്ളിയിൽ കയറി ദിവ്യകാരുണ്യസന്നിധിയിൽ അല്പം പ്രാർത്ഥിച്ചിട്ട് "കുരിശിന്റെ വഴി" ആരംഭിച്ചു. അമ്മായി പള്ളിയ്ക്കകത്തുവന്നു തന്നെ വിളിച്ചല്ലാതെ അവിടെനിന്ന് ഇറങ്ങുകയില്ലെന്നു നേരത്തെ കരുതിക്കൂട്ടിയിരുന്ന തങ്കമ്മ വളരെ ഭക്തിയോടുകൂടെ കുരിശിന്റെ വഴി കഴിക്കുവാൻ തുടങ്ങി.

നിന്നുനിന്ന് അമ്മായിയുടെ ക്ഷമ നശിച്ചു. തങ്കമ്മയെക്കൂടാതെ വീട്ടിലേയ്ക്കു മടങ്ങുന്നതു യുക്തമല്ലെന്ന് അവർ വിധിച്ചു. പോരെങ്കിൽ നേരം സന്ധ്യയുമാകാറായി. അല്പം കോപാവേശത്തോടുകൂടെ അവർ പള്ളിയുടെ വാതില്ക്കൽവന്നുനിന്ന് അകത്തേയ്ക്കു നോക്കി. തന്റെ മരുമകൾ ഇരുകൈകളും കൂപ്പി നിശ്ചലയായി മുട്ടുകുത്തി നില്ക്കുന്നത് അവർ കണ്ടു. അമ്മായിയ്ക്കു പരിഭ്രമമായി. അവർ പള്ളിയകത്തു പ്രവേശിച്ചു തങ്കമ്മയുടെ അടുത്തുചെന്നുനിന്നു. 'കുരിശിന്റെ വഴിയിൽ' പതിമ്മൂന്നാം സ്ഥലത്താണു തങ്കമ്മ ധ്യാനനിരതയായി മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. സ്വപുത്രന്റെ ചോരയൊഴുകുന്ന മൃതദേഹം മടിയിൽ കിടത്തിക്കൊണ്ടുള്ള വ്യാകുലാംബികയുടെ ചിത്രം ആ സ്ത്രീ ദർശിച്ചു. തങ്കമ്മ ആ ചിത്രത്തെ ഉററുനോക്കിക്കൊണ്ടു ചിന്താധീനയായി നിലകൊള്ളുന്നതും അവർ കണ്ടു.

ആ ബാലികയുടെ നയനയുഗ്മത്തിൽനിന്നും ഉതിർന്നുവീണ ക ണ്ണീർക്കണങ്ങൾ ആ സ്ഥലത്തെ നനച്ചിരുന്നു. ഉടനടി തങ്ക മ്മയുടെ അമ്മായി ഏതോ അലൗകികശക്തിയാൽ പ്രേരിതയാ യി അവിടെ മുട്ടുകുത്തിക്കഴിഞ്ഞു. അസ്തമയസൂര്യന്റെ ചെങ്കതി രുകൾ ആ ദൈവാലയത്തെ തങ്കവണ്ണമാക്കിത്തീർത്തു. ആ സ്ത്രീ കന്യകാംബികയെത്തന്നെ നോക്കിക്കൊണ്ടിരുന്നു. വ്യാകുലം നിറഞ്ഞ അമ്മ അവളിൽ പല വികാരങ്ങളും ജനിപ്പിച്ചു. ആ സ്ത്രീ ഏങ്ങിയേങ്ങിക്കരയുവാൻതുടങ്ങി. കുറേ നേരം കഴിഞ്ഞ് ആ ചിത്രത്തിൽനിന്നു കണ്ണുകൾ തിരിച്ചപ്പോൾ തന്നെ പ്ര തീക്ഷിച്ച് അടുത്തുനില്ക്കുന്ന മരുമകളെയാണു കണ്ടത്. പുത്ര നഷ്ടത്താൽ നിരാശാക്രപത്തിലാണ്ടുപോയിരുന്ന തങ്കമ്മയുടെ അമ്മായി സംതൃപ്തയും സന്തോഷചിത്തയുമായിട്ടാണു മടങ്ങി യത്.തന്റെ ഹൃദയഭാരം നീക്കിക്കളഞ്ഞ വിവേകശാലിനിയാ യ മരുമകളുടെ കവിൾത്തടങ്ങളിൽ അമ്മായി അനേകം പ്രാവ ശ്യം ഉമ്മവച്ചു. അസ്തമയസൂര്യന്റെ അരുണകിരണങ്ങൾമാത്രം ഈ സംഭവത്തിനു സാക്ഷ്യം വഹിച്ചു.

# 34. ആ ചോദ്യം

രാവിലെ മണി എട്ടടിക്കാറായി. നെയ്ത്തുശാല തുറന്നു ജോലിക്കാർ മിക്കവരും അവരവരുടെ സ്ഥലം പിടിച്ചുകഴി ഞ്ഞു. മണിയടിക്കാരൻ മൂപ്പീന്ന് കൊച്ചുകൊട്ടുവടിയുമേന്തി ഓ ങ്ങിയോങ്ങി നില്ക്കുകയാണു തന്റെ കൃത്യം നിർവ്വഹിക്കുവാൻ. അപ്പോഴേയ്ക്കു രണ്ടു പെൺകുട്ടികൾ തൊഴിൽശാലയിലേയ്ക്കു വ ന്നുകയറി. അതിവേഗം നടന്നതുനിമിത്തം അവർ അപ്പോഴും അ ണയ്ക്കുന്നുണ്ടായിരുന്നു. ഇരുവരും ഏകദേശം സമപ്രായക്കാർ.

ബാല്യം കഴിഞ്ഞവരെങ്കിലും, ബാലസഹജമായ പ്രസന്നതയും ഉല്ലാസപ്രിയവും അവരിൽ കളിയാടുന്നുണ്ട്. പ്രഥമദൃഷ്ടിയിൽ തന്നെ ആർക്കും തോന്നും അവർ സുശീലകളാണെന്ന്.

"ഓ! നിങ്ങളുടെ ഈ ഓട്ടത്തിന് ഒരു ദൈവസംപോലും മൊടക്കമില്ലല്ലോ; എന്നും ഈ നേരത്തുതന്നെ! കാരണം എനിക്കു മനസ്സിലായേ! പ്രായമായെങ്കിലും കെളവൻെറ കണ്ണുകൾക്ക് ഒരു കൊഴപ്പവുമില്ല. ദൂരെക്കാഴ്ചയാണേൽ പൊടിപൊടിപ്പൻ. പിന്നെയും അടുക്കലേ ഇത്തിരി വിഷമമുള്ളു. നേരം വെട്ടം വീഴുമ്പോൾ നിങ്ങൾ ആ റോമ്മാപ്പള്ളിയിലേക്കു കയറിപ്പോണതു് എൻെറ വീട്ടിൽനിന്നാൽ കാണാം. റോമ്മാപ്പള്ളീ പോകുന്നവരൊക്കെ നിങ്ങളെപ്പോലെ ആയിരിക്കുമോ എന്തോ! ഏതായാലും കൊള്ളാം മക്കളേ. നിങ്ങൾ നല്ലവർ തന്നെ, സംശയമില്ല.'' അവരുടെ തിടുക്കംകണ്ടു മണിയടിക്കാരൻ മൂപ്പീന്നു ദീർഘകാല'സവീസുകൊണ്ടു'ണ്ടായ സ്വാതന്ത്ര്യം ഉപയോഗിച്ചു തട്ടിവിട്ടു. റോസാമ്മയും ആയിടെ കത്തോലിക്കാമതം ആശ്ലേഷിച്ച അവളുടെ സ്നേഹിതയായ ഏലിക്കുട്ടിയും അത്രമനാ ആമോദംപൂണ്ടു വൃദ്ധൻെറ വാക്കുകൾ കേൾക്കുകയിൽ. പക്ഷേ, അവർ അഹങ്കരിച്ചില്ല. അനുദിനം ദിവ്യപൂജയിൽ സംബന്ധിക്കുക അവർക്ക് ഏററം പ്രിയംകരമാണ്. നിത്യപിതാവിനർപ്പിക്കപ്പെടുന്ന ആ ദിവ്യബലിയിൽ തങ്ങളുടെ പ്രാർത്ഥനകളും പ്രവൃത്തികളും അവർ ഹോമിക്കും. അങ്ങനെ നിത്യജീവനായി അനർഘനിക്ഷേപങ്ങളെ അവർ സമ്പാദിച്ചിരുന്നു. പള്ളിയിൽപ്പോകുന്നതുനിമിത്തം സമയത്തു നെയ്ത്താപ്പീസിലെത്തുവാൻ അവർക്ക് അല്പം തിടുക്കം കൂട്ടേണ്ടിവരും. പക്ഷേ, അതു് അവരത്ര കാര്യമാക്കിയിരുന്നില്ല.

മൂപ്പീന്നിൻെറനേരേ ഒരു പുഞ്ചിരിതൂകിയശേഷം അവർ തങ്ങളുടെ കൃത്യനിർവ്വഹണത്തിനായി പോയിക്കഴിഞ്ഞു.

അവർ പോയ ഉടനെ അവിടത്തെ ഒരു പ്രധാന ക്ലാക്കായ മി. ജോർജ്ജ്, മൂപ്പീന്നിൻെറ അടുക്കലേക്കുവന്നു. "എന്താ മൂ

പ്പീന്നേ, അവർ നല്ലവരെന്നോ? റോമ്മാപ്പള്ളിയിൽ പോകുന്നതുകൊണ്ട് അവർ നല്ലവരെന്നോ? അല്പം വികാരഭരിതനായി അദ്ദേഹം വയസ്സനോടു ചോദിച്ചു. പൊതുജനസമ്മതനും പൊതുക്കാര്യപ്രസക്തനുമായ മി. ജോർജ്ജിന്റെ ആവേശഭരിതമായ ഈ ചോദ്യം മൂപ്പീന്നിനെ അല്പംപോലും അമ്പരപ്പിച്ചില്ല. ജോർജ്ജിനെപ്പററിയുള്ള എന്തോ രഹസ്യം ഗ്രഹിച്ചിരുന്ന അയാൾ വളരെ ശാന്തമായി പറഞ്ഞു: "അതേ, അവരിരുവരും എത്ര നല്ലവർ! അവരെപ്പോലെ ആയിരുന്നെങ്കിൽ. . . ."! അവസാനഭാഗം ആരെക്കുറിച്ചെന്നു വിശദമല്ലായിരുന്നെങ്കിലും പ്രത്യക്ഷത്തിൽ കിളവനിൽ അല്പം സഹതാപഭാവം കാണാമായിരുന്നു. ജോർജ്ജ് നെടുവീർപ്പിട്ടു. മനോവ്യഥയുടെ നേരിയ കരിനിഴൽ അദ്ദേഹത്തിന്റെ മുഖത്തു ദൃശ്യമായിരുന്നു.

ഇന്നും ഇന്നലെയും തുടങ്ങിയതല്ല അദ്ദേഹത്തിന് ഈ ഹൃദയവ്യഥ. തീക്ഷ്ണബുദ്ധിയായ മൂപ്പീന്ന് അതു മനസ്സിലാക്കാതിരുന്നില്ല. ദാമ്പത്യജീവിതത്തിൽ താങ്ങും തണലുമായിരിയ്ക്കേണ്ട ഭാര്യ, തനിക്കൊരു മഹാഭാരമായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയം എങ്ങനെ വെന്തുനീറാതിരിക്കും? അധഃപതിച്ച ലോകമേ, എത്രയെത്ര ബന്ധങ്ങളെ നീ നിഷ്ക്കരുണം അറുത്തു കണ്ടിച്ചിട്ടില്ല!

ഇക്കാലത്താണു റോസാമ്മയുടേയും ഏലിക്കുട്ടിയുടേയും സ്വഭാവവൈശിഷ്ട്യം അദ്ദേഹത്തെ ആകർഷിച്ചതു്. നിർദ്ധനരായ അവരിൽ കളിയാടിയിരുന്ന സംതൃപ്തിയും സൗശീല്യവും കണ്ടു് അദ്ദേഹം വിസ്മയിച്ചു. എന്നാൽ അവയുടെ പിറകിലുണ്ടായിരുന്ന മതതീക്ഷ്ണതയെപ്പററിയുണ്ടോ അദ്ദേഹം ചിന്തിക്കുവാൻപോകുന്നു! എന്നാൽ ഇന്നുമാത്രമാണു് അദ്ദേഹത്തിനതു മനസ്സിലായതു്. തന്റെ ഭാര്യയിലും എങ്ങനെയെങ്കിലും മതാനുഷ്ഠാനങ്ങളിൽ പ്രതിപത്തി ഉളവാക്കുവാൻ അദ്ദേഹം ദൃഢനിശ്ചയംചെയ്തു. അക്കാര്യത്തിൽ പ്രസ്തുത കുട്ടികളുടെ സഹായം അഭ്യർത്ഥിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ, മനസ്സുമടിച്ചു.

സായാഹ്നസമയം. ജോർജ്ജ് ഒരു സ്നേഹിതനോടുകൂടി സ്വവസതിയിലേയ്ക്കു പോകുകയായിരുന്നു. അപ്പോൾ അടുത്തുള്ള പള്ളിയിൽനിന്നും— റിസീത്ത കഴിഞ്ഞായിരിക്കണം— റോസാമ്മയും ഏലിക്കുട്ടിയും ഇറങ്ങിവരുന്നതു് അദ്ദേഹം കണ്ടു. തന്റെ അഭിലാഷസിദ്ധിക്കുള്ള സന്ദർഭം ഇതുതന്നെയെന്ന് അദ്ദേഹം തീരുമാനിച്ചു. തന്റെ കുടുംബത്തെ ഒരു യഥാർത്ഥ കത്തോലിക്കാകുടുംബമാക്കിത്തീർക്കുവാനുള്ള ആഗ്രഹത്തെ അദ്ദേഹം അവരെ അറിയിച്ചു. അവർ സർവ്വസഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു.

ജോർജ്ജിന്റെ സഹധർമ്മിണിയുടെ മനസ്സുതിരിക്കുക അത്ര എളുപ്പമായിരുന്നില്ല. റോസാമ്മയും കൂട്ടുകാരിയും ഇതിൽ ഉററുശ്രമിച്ചു. സ്ഥലത്തെ വികാരിയച്ചനും സർവ്വാത്മനാ യത്നിക്കാതിരുന്നില്ല സർവ്വോപരി, സക്രാരിയിലെ ദിവ്യനാഥന്റെ കരുണയിൽ അവർ അഭയം തേടി.

മാസങ്ങൾ പലതു കഴിഞ്ഞു. മി. ജോർജ്ജിന്റെ മുഖം പ്രസന്നമായി. അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ ആ ഗൃഹാന്തരീക്ഷത്തെ സന്തോഷവും സമാധാനവുംകൊണ്ടു നിറച്ചു. അസമാധാനത്തിന്റേയും അസന്തുഷ്ടിയുടേയും കാർമേഘപടലങ്ങൾ മതചൈതന്യമാകുന്ന കാററിനാൽ ചിതറിക്കപ്പെട്ടു. തന്റെ വഴിത്താരയിൽ പുഷ്പങ്ങൾ വിതറിയ ആ പെൺകുട്ടികളോട് അദ്ദേഹം ഇന്നും കൃതജ്ഞനാണ്.

# 35. കുരുടിത്തള്ള

പാരീസ് പട്ടണത്തിലെ ഒരു പ്രമുഖദൈവാലയം. വചോവിലാസം തികഞ്ഞ ഒരു വന്ദ്യവൈദികൻ പ്രസംഗമണ്ഡപത്തിൽ കയറി. 'വേദപ്രചാരവേല'യായിരുന്നു അന്ന

ത്തെ പ്രസംഗവിഷയം. എസ്കിമോവർഗ്ഗക്കാരേയും കാപ്പിരികളേയും കത്തോലിക്കാസഭയിലേയ്ക്കു് ആനയിച്ചുകൊണ്ടിരുന്ന മിഷനറിമാരുടെ ധീരസേവനങ്ങളെക്കുറിച്ച്, അദ്ദേഹം ഉജ്ജ്വലമായി പ്രസംഗിച്ചു. കരയും കടലും, കാടും മലയും കടന്നുചെന്നു തങ്ങളുടെ ആയുസ്സും ആരോഗ്യവും ക്രിസ്തുനാഥനുവേണ്ടി ആഹുതിചെയ്യുന്ന അവരുടെ പ്രേഷിതപ്രവർത്തനങ്ങൾ അദ്ദേഹം സമ്യക്കായി വിവരിച്ചു.

പ്രസംഗം കഴിഞ്ഞു് അദ്ദേഹം പുറത്തേയ്ക്കു കടന്നു. അപ്പോൾ തപ്പിത്തപ്പിനടന്നു് ഒരു കുരുടിത്തള്ള ആ വൈദികനെ സമീപിച്ചു. 27 ഫ്റാങ്കുനാണയം (ഏകദേശം 20 രൂപാ) അദ്ദേഹത്തിൻെറ കൈയിൽ വച്ചശേഷം ആ വൃദ്ധ ഇങ്ങനെ പറഞ്ഞു: "ഇതാ, വേദപ്രചാരത്തിനുള്ള ഈ പാവപ്പെട്ടവളുടെ സംഭാവന''. അച്ചൻ ആ സാധുവൃദ്ധയെ സൂക്ഷിച്ചുനോക്കി. ജരയും നരയും ബാധിച്ച ആ പടുകിഴവി പഴകിക്കീറിയ വസ്ത്രങ്ങളു ധരിച്ചിരുന്നതു്. ദാരിദ്ര്യദുഃഖം അവരുടെ ചുക്കിച്ചുളിഞ്ഞ മുഖത്തു പല അടയാളങ്ങളും വരച്ചുവെച്ചിട്ടുണ്ടു്. അനുകമ്പയോടുകൂടെ അച്ചൻ പറഞ്ഞു: "അമ്മൂമ്മ, ഇതു നിങ്ങളുടെ ശക്തിയിൽക്കവിഞ്ഞ ഒരു സംഭാവനയാണല്ലോ." "അല്ല, ഒരിക്കലുമല്ല ഇത്രയും സംഖ്യ ദാനം ചെയ്യുവാൻ ഞാൻ തികച്ചും ശക്തയാണു്" വൃദ്ധ പ്രത്യുത്തരിച്ചു. "ഇത്ര വലിയ ഒരു സംഖ്യ എങ്ങനെയുണ്ടാക്കിയമ്മൂമ്മേ?'' വൈദികൻ ചോദിച്ചു. കിഴവി തൻെറ ആത്മകഥ ചുരുക്കമായി പറഞ്ഞു: "അയൽവീട്ടിലെ മുററമടിച്ചാണു ഞാൻ ഉപജീവിക്കുന്നതു്. കണ്ണറിയാൻ പാടില്ലാത്തതുകൊണ്ടു് അതുപോലും എനിക്കു വളരെ വിഷമമായിട്ടാണു തോന്നുന്നതു്. എങ്കിലും ഞാൻ സദാ സമാധാനം അനുഭവിക്കുന്നു. ഈശോയുടെ സാന്നിധ്യത്തിൽ കുത്തമുള്ളുകൾപോലും മാർദ്ദവമുള്ള പുഷ്പങ്ങളായിത്തീരുകയാണച്ചാ— എനിക്കും ഉണ്ടായിരുന്നു രണ്ടു പുത്രന്മാർ കോങ്കോവിലേ മിഷൻസംഘത്തിൽ ചേരുന്നതിനായി അവർ ഇവിടെനിന്നും യാത്രതിരിച്ചു.

വഴിമദ്ധ്യേ കാട്ടുമൃഗങ്ങൾ അവരെ കൊന്നതിന്നു. എന്തുചെയ്യാം! ദൈവത്തിൻെറ ഇഷ്ടം അതായിരുന്നു. എന്നിട്ടും ഞാനെൻെറ വേല അവസാനിപ്പിച്ചില്ല. മരണംവരെ അവസാനിപ്പിക്കയുമില്ല. വിളക്കു കത്തിക്കുന്ന വകയിൽ പ്രതിവർഷം എന്തു ചെലവാകുന്നുണ്ടെന്ന് ഒരിക്കൽ ഞാൻ എൻെറ അയൽവാസിയോടു ചോദിച്ചു. കൊല്ലത്തിൽ 27 ഫ്റാങ്ക് എന്ന് അയാൾ മറുപടി പറഞ്ഞു. അന്നുമുതൽ പ്രതിവത്സരം ഞാൻ 27 ഫ്റാങ്ക് മാനസാന്തരവേലയ്ക്കായി വൈദികരെ ഏല്പിക്കുന്നുണ്ട്. ഈ കുരുടിത്തള്ളയ്ക്കു വിളക്കിൻെറ ആവശ്യമില്ലല്ലോ!"

ആ വൃദ്ധയുടെ മിഷൻചൈതന്യത്തിൽ അച്ചൻ ആനന്ദംപൂണ്ടു. വൃദ്ധ സഗൗരവം തുടർന്നു: "ഞാൻ യഥാർത്ഥത്തിൽ പ്രകാശത്തിലത്രേ ജീവിക്കുന്നതു്. എന്നാൽ, അജ്ഞാനാന്ധകാരത്തിൽ എത്രയെത്ര ആത്മാക്കൾ അണ്ടുകിടക്കുന്നു. ഈ കിഴവിയുടെ കൊച്ചുസമ്പാദ്യം അവർക്കു പ്രകാശമരുളുവാൻ അങ്ങുന്നു വിനിയോഗിക്കണം. ഞാൻ നിത്യവെട്ടത്തിൽ പ്രവേശിക്കുവാൻ ഈ നാണയങ്ങൾ ഉപയോഗിക്കപ്പെട്ടുമല്ലോ."

ആ പ്രഗത്ഭവാഗ്മി ആ കുരുടിത്തള്ളയുടെ പ്രേഷിതചൈതന്യം കണ്ടു് നിരുദ്ധകണ്ഠനായി.

## 36. ഉദ്യമം സഫലമായി

ചാക്കോച്ചൻ മതകാര്യങ്ങൾ തീരെ അവഗണിച്ച് ഒരു നാമമാത്രകത്തോലിക്കനായി ജീവിക്കുവാൻ തുടങ്ങിയിട്ടു കൊല്ലങ്ങൾ കുറെയായി. അയാളുടെ ഭക്തയായ ഭാര്യയ്ക്കു് ഇതു മമ്മഭേദകമായിരുന്നു. അവൾ ഇടവിടാതെ ഭർത്താവിനുവേണ്ടി പ്രാർത്ഥിച്ചുപോന്നു.

ലിസമ്മ അവരുടെ ഏകസന്താനമാണു്. അവൾ തൻെറ

അമ്മയുടെ നിരന്തരപരിശ്രമത്താൽ സുശീലയായി വളർന്നുവന്നു. സുകൃതാഭ്യാസങ്ങളിൽ അന്യാദൃശമായ നിഷ്ഠയുണ്ടായിരുന്ന ആ ബാലിക പുണ്യത്തിൽ സമപ്രായക്കാരെ അതിശയിച്ചു. മാതാപിതാക്കന്മാരുടെ സ്നേഹത്തിന് ഏകാവകാശിനി അവൾമാത്രം. നാട്ടുകാർക്കും അവൾ കണ്ണിലുണ്ണിതന്നെ.

ലിസമ്മ മാതാപിതാക്കന്മാരെ അത്യധികമായി സ്നേഹിച്ചു; മാതാവിനെ സഹായിക്കുന്നതിലും പിതാവിനെ പരിചരിക്കുന്നതിലും അവൾ സദാ ജാഗരൂകയായിരുന്നു. മതകാര്യങ്ങളിലുള്ള അപ്പന്റെ വിരസത കുട്ടിയുടെ ഹൃദയത്തെ മുറിപ്പെടുത്തി. പലപ്പോഴും അവൾ പിതാവിനെ ഓർത്തു കരഞ്ഞിരുന്നു. അപ്പനുവേണ്ടി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചും കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിച്ചു കാഴ്ചവച്ചും ആ കൊച്ചു സുകൃതിനി കാലം കഴിച്ചുകൂട്ടി.

ഇങ്ങനെയിരിക്കെ കുടുംബനാഥന് ഒരപകടം സംഭവിച്ചു. അയാൾ പതിവുപോലെ ഒരു ദിവസം നെയ്ത്തുശാലയിൽ ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു ചക്രത്തിനിടയിൽപ്പെട്ടു കഠിനമായി മുറിവേററു. കൂട്ടുകാർ ഉടൻതന്നെ അയാളെ ആശുപത്രിയിലേയ്ക്കു എടുത്തുകൊണ്ടുപോയി.

ഈ ദുഃഖവാർത്ത കേട്ട ലിസമ്മ ആശുപത്രിയിലേയ്ക്കോടി. തന്റെ പിതാവിന്റെ ദുരവസ്ഥ അവളുടെ മൃദുലഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു. അവൾ പിതാവിന്റെ അടുത്തിരുന്നു സ്നേഹപൂർവ്വം അദ്ദേഹത്തെ ശുശ്രൂഷിച്ചുപോന്നു. കഠിനവേദനയിലും അവളുടെ പരിചരണം അയാൾക്കു വലിയ ആശ്വാസം പ്രദാനം ചെയ്തു. "എന്റെ അപ്പാ, അപ്പനെ അത്യധികം സ്നേഹിക്കുന്ന ദിവ്യകാരുണ്യനാഥനെ സ്വീകരിക്കേണ്ടയോ?" അവൾ ഇടയ്ക്കിടെ ചോദിച്ചിരുന്നു. ജോലിക്കിടയിൽപ്പോലും ബാലിക തന്റെ ഭക്താഭ്യാസങ്ങൾക്കു മുടക്കം വരുത്തിയിരുന്നില്ല. അപ്പനെ അനുഗ്രഹിക്കുന്നതിനു ദൈവത്തോടവൾ അനുസ്യൂതം യാചിച്ചുകൊണ്ടിരുന്നു.

ദിവസങ്ങൾ നാലഞ്ചുകഴിഞ്ഞു. ഒരു ദിവസം പിതാവിന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകുന്നതു ലിസമ്മ കണ്ടു. ദൈവം തന്റെ അപേക്ഷ കേട്ടു, എന്ന് അവൾ മനസ്സിലാക്കി. "ദിവ്യകാരുണ്യനാഥനെ സ്വീകരിക്കേണ്ടയോ അപ്പാ," അവൾ പ്രത്യാശാപൂർവ്വം ചോദിച്ചു. "വേണം മകളേ, എനിക്കു ദിവ്യകാരുണ്യനാഥനെ സ്വീകരിക്കണം" രോഗി ഗദ്ഗദത്തോടുകൂടെ പറഞ്ഞു. കൃതാർത്ഥയായ ബാലിക ഉടൻ ഒരു വൈദികനെ വരുത്തി. മരണാസന്നനായ രോഗി തകർന്ന ഹൃദയത്തോടുകൂടെ പാപോച്ചാരണം ചെയ്യുകയും ദിവ്യകാരുണ്യയീശോയെ ഭക്തിപുരസ്സരം കൈക്കൊള്ളുകയും ചെയ്തു.

ലിസമ്മ തന്റെ പിതാവിനെ സ്നേഹിച്ചു. അയാളുടെ മാനസാന്തരത്തിനായി യത്നിച്ചു. ദൈവാനുഗ്രഹം അവളുടെ ഉദ്യമത്തെ സഫലമാക്കി. ഈശോയെ സ്നേഹിക്കുന്നവർ ആ ദിവ്യനാഥന്റെ സ്നേഹഭാജനങ്ങളായ ആത്മാക്കളേയും സ്നേഹിക്കണമെന്നു നാം മനസ്സിലാക്കിയിരുന്നെങ്കിൽ!

# 37. കരിഞ്ഞ ഞെട്ടിലേ വിരിഞ്ഞ പൂക്കൾ

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" ബ. വികാരിയച്ചന്റെ മുറിയിലേയ്ക്കു കയറിക്കൊണ്ടു മാത്യു അഭിവാദനം ചെയ്തു.

"ഇപ്പോഴും എപ്പോഴും സ്തുതിയുണ്ടായിരിക്കട്ടെ" വികാരിയച്ചൻ പ്രതിവചിച്ചു. "എന്താ മാത്യൂ, പ്രത്യേകിച്ചു വല്ല കാരണവുമുണ്ടോ?"

"ഉണ്ട്, പിതാവേ, എനിക്കു കുറച്ചു സംസാരിക്കാനുണ്ട്" മാത്യു പറഞ്ഞു. "കൊള്ളാം, ആ കസേരയിൽ ഇരിക്കൂ." അടുത്തു കിടന്ന ഒരു കസേര അച്ചൻ ചൂണ്ടിക്കാണിച്ചു. മാത്യു അല്പം മടിച്ചു. "അനുസരണം" വികാരിയച്ചൻ പറഞ്ഞു. മാത്യു ആസനസ്ഥനായി.

"എന്താണു കുഞ്ഞേ വിശേഷം?" വൈദികൻ സ്നേഹപൂർവ്വം ചോദിച്ചു.

"എനിക്ക്. . . . എനിക്ക്. . . . " മാത്യു നിറുത്തി.

"എന്താണു മാത്യു, വിഷമിക്കാതെ പറയൂ" വൈദികൻ അവനെ ധൈര്യപ്പെടുത്തി.

"പിതാവേ, എനി. . . . ക്ക് . . . ഒരു പക്ഷേ, അത് അസാധ്യമായിരിക്കാം. എനിക്കൊരു വൈദികനാകണം.'' ഹൃദയത്തിലെ വലിയ ഒരു ഭാരം ഒഴിഞ്ഞതുപോലെ മാത്യു ഒന്നു നിശ്വസിച്ചു.

"കുഞ്ഞേ, നീ നല്ലപോലെ ആലോചിച്ചോ ഇക്കാര്യത്തെക്കുറിച്ച്'' വൈദികൻ ചോദിച്ചു. "ഒരു പുരോഹിതൻെറ ജീവിതം എത്രമാത്രം ക്ലേശപൂർണ്ണമാണെന്നും മററും."

"ഉവ്വ് പിതാവേ, രണ്ടുമൂന്നു കൊല്ലങ്ങളായി ഇതുതന്നെയാണ് എൻെറ പ്രധാന ചിന്താവിഷയം." മാത്യു പറഞ്ഞു. വൈദികന് ഒട്ടും സംശയമില്ലായിരുന്നു അവൻെറ ആത്മാർത്ഥതയെപ്പററി. അവൻെറ അനുദിനജീവിതം അത്ര മാതൃകാപരമായിരുന്നു.

"പിന്നെ എന്താണു മാത്യു വിഷമം?" അച്ചൻ ആരാഞ്ഞു.

"അങ്ങേയ്ക്കറിയാമല്ലോ എൻെറ പരിതസ്ഥിതികൾ." മാത്യു പ്രത്യുത്തരിച്ചു "പിതാവിൻെറ മരണാനന്തരം സഹോദരനാണല്ലോ എന്നെ സംരക്ഷിച്ചതും എൻെറ പഠനച്ചെലവു വഹിച്ചതും." മാത്യു തുടർന്നു: "സ്കൂൾഫൈനൽ ക്ലാസ്സിൽ ഇക്കൊല്ലം ഞാൻ ജയിച്ചു. ജ്യേഷ്ഠൻ നിർബന്ധിക്കുന്നു വല്ല ജോലിയിലും ഉടനടി പ്രവേശിക്കുവാൻ. എൻെറ ആഗ്രഹം അല്ല

ഹത്തെ ഞാൻ അറിയിച്ചു. പക്ഷെ, ഇനി ഒരു കാശും പഠനച്ചെലവിലേയ്ക്കു തരികയില്ലെന്നു ജ്യേഷ്ഠൻ ശഠിക്കുന്നു." മാത്യു പറഞ്ഞു നിറുത്തി.

"നിനക്കുമില്ലേ സ്വത്തുക്കൾക്കൊരവകാശം?" അച്ചൻ ചോദിച്ചു

"ഉണ്ടു്. പക്ഷേ, എന്റെ പഠനച്ചെലവിനു് അതും അതിലപ്പുറവും മുടക്കിയെന്നാണു് അദ്ദേഹം പറയുന്നതു്."

കുറച്ചുസമയം ചിന്താമഗ്നനായിരുന്നശേഷം വൈദികൻ പറഞ്ഞു: "കുറച്ചു കുഴഞ്ഞ കാര്യമാണു കുഞ്ഞേ, ഇതു്; നിന്റെ ജ്യേഷ്ഠനോടു ഞാൻ ഒന്നു പറഞ്ഞുനോക്കാം."

"വലിയ ഫലമൊന്നുമുണ്ടാകയില്ല പിതാവേ," മാത്യു പറഞ്ഞു. "ജ്യേഷ്ഠത്തിയുടെ ദുരുപദേശം . . . . " അവൻ മുഴുവനാക്കിയില്ല.

"പണത്തിന്റെ കാര്യം." വൈദികൻ പറഞ്ഞു. "പെററിസെമ്മിനാരിയിലേ ചെലവു വഹിക്കാനാരെങ്കിലുമുണ്ടായിരുന്നെങ്കിൽ പിന്നീടുള്ള കാര്യത്തിനു നിവൃത്തിയുണ്ടായിരുന്നു. ഒരഞ്ഞൂറുരൂപാ വേണ്ടിവരും, 'പെററിസെമ്മിനാരി'യിലേയ്ക്കു്."

"അഞ്ഞൂറുരൂപായോ!" മാത്യു ദയനീയമായി അദ്ദേഹത്തെ നോക്കി.

"ആകട്ടെ മാത്യു ഞാൻ ഒരുപായം പറയാം. മി. ഡേവിസിന്റെ കമ്പനിയിൽ ഒരു ക്ലാർക്കുദ്യോഗം ഒഴിവുണ്ടു്. ഞാൻ നിനക്കുവേണ്ടി ശുപാർശ ചെയ്യാം. രണ്ടുമൂന്നു കൊല്ലം മതിയാകും, ആവശ്യമുള്ള പണം സമ്പാദിക്കുവാൻ."

"മൂന്നു കൊല്ലമോ!" മാത്യു അറിയാതെ പറഞ്ഞുപോയി.

"എന്തു ചെയ്യാം കുഞ്ഞേ," അച്ചൻ അവനെ ആശ്വസിപ്പിച്ചു.

x x x

മി. ഡേവിസിന്റെ കമ്പനി മാത്യുവിനെ സ്വാഗതം ചെയ്തു. നിർദ്ദിഷ്ടസമയം മുഴുവൻ അവൻ കമ്പനിയിൽ ജോ

ലി ചെയ്യും. അയൽവക്കത്തുള്ള സമ്പന്നന്മാരുടെ മക്കൾക്കു 'റ്റ്യൂഷൻ' കൊടുക്കും രാവിലെയും വൈകുന്നേരവും.

കൊല്ലങ്ങൾ രണ്ടു കടന്നുപോയി. അഹോരാത്രം അവിശ്രമം പരിശ്രമിച്ചതിൻെറ ഫലമായി മാത്യുവിൻെറ കൈയിൽ അഞ്ഞൂറോടടുക്കുന്ന ഒരു തുകയുണ്ടിപ്പോൾ. ആ തുക ചിലപ്പോഴൊക്കെ അവൻ എണ്ണിനോക്കും സംതൃപ്തിയോടുകൂടി. "ഒരു മാസംകൂടി മതി," ആനന്ദത്തോടും ആശ്വാസത്തോടുംകൂടി അവൻ പറയും, "എൻെറ സെമ്മിനാരിജീവിതം ആരംഭിക്കുവാൻ!"

X X X

"എന്താ മാത്യൂ, നീ വല്ലാതെ ചുമയ്ക്കുന്നത്." വികാരിയച്ചൻ ഒരു ദിവസം അവനോടു ചോദിച്ചു. "ദേഹത്തിനും ക്ഷീണമുണ്ടല്ലോ?"

"ഓ ഒരു ചെറിയ ജലദോഷംമാത്രം. ജോലിക്കൂടുതൽകൊണ്ടാണു ശരീരം ക്ഷീണിച്ചതു്." മാത്യു പ്രതിവചിച്ചു.

"ഏതായാലും ഡോക്ടറെ ഒന്നു കാണണം. സാരമാക്കാതിരിക്കുവാൻ പാറുകയില്ല." അച്ചൻ ഉപദേശിച്ചു.

"ഇന്നു നാലുമണിക്കുതന്നെ" മാത്യു സമ്മതിച്ചു.

* * *

മാത്യുവിനെ പരിശോധിച്ചശേഷം അർത്ഥഗർഭമായി തല കുലുക്കിക്കൊണ്ടു ഡോക്ടർ അകത്തേയ്ക്കു പോയി. ആശങ്കയോടുകൂടി മാത്യു അവിടെത്തന്നെ ഇരുന്നു.

"റി-ബി-യാണ്" ഡോക്ടർ നേഴ്സിനോടു പറയുന്നതു മാത്യു കേട്ടു. "വലിയ പ്രത്യാശയ്ക്കു് വഴിയില്ല."

മാത്യു ഞെട്ടിപ്പോയി. താൻ ഒരു ക്ഷയരോഗിയെന്നോ! തല കറങ്ങുന്നതുപോലെ അവനു തോന്നി. നേഴ്സുകൊടുത്ത മരുന്നുമായി അവൻ ഒരുവിധം വീട്ടിലെത്തി.

അന്ധകാരം. സർവ്വത്ര അന്ധകാരം. ഇതാണു മാത്യുവിനനുഭവപ്പെട്ടതു്. അവൻ ചുടുകണ്ണുനീർ പൊഴിച്ചു, ഇടിഞ്ഞുവീ

ന്ന തൻെറ ആശാസൗധത്തെ നോക്കി. ഭേവി വികൃതരൂപങ്ങൾ കൈക്കൊണ്ട് അവൻെറ മുമ്പിൽ നൃത്തം ചെയ്തു. ഒരു ക്ഷയ രോഗി! അവനു അസഹനീയമായിത്തോന്നി.

തരംനോക്കി പതുക്കെ അടുത്തുകൂടി ലൂസിഫെറും കൂട്ടരും. ദൈവത്തിൻെറ പരിപാലനയെപ്പററിപ്പോലും മാത്യു സംശയിച്ചു. നിരാശയാൽ അവൻ പല്ലുകടിച്ചു. അഞ്ചുരൂപായുടെ നോട്ടുകൾ! അവൻ അതു കൈയിലെടുത്തു. തൻെറ മുമ്പിൽ കത്തിക്കൊണ്ടിരിക്കുന്ന ദീപത്തിന് അതു ഭക്ഷണമായി കൊടുത്താലോ എന്ന് അവൻ വിചാരിച്ചു. പക്ഷേ. . . .

മാത്യുവിനുറക്കം വന്നില്ല. കിടക്കയിൽ അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. നേരം പ്രഭാതത്തോടടുത്തു. അവൻ തെല്ലൊന്നു ശാന്തനായി.

"വൈദികനായേ ദൈവസേവനമനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളോ?" തന്നോട് ആരോ ചോദിക്കുന്നതുപോലെ അവനു തോന്നി. "വൈദികനാകാൻ ഇനി, എനിക്കു സാധ്യമല്ല. . . !ഹാ ദൈവമേ! . . . ഈ രോഗം സന്തോഷത്തോടുകൂടെ സഹിച്ചുകൊണ്ടു ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി പ്രവൎത്തിക്കുവാൻ എനിക്കു കഴിയുകയില്ലേ? . . . തീൎച്ചയായും. അനേകം ആത്മാക്കളെ ദിവ്യനാഥനുവേണ്ടി സമ്പാദിക്കുവാനുള്ള ശക്തി അതിനുണ്ട്." അവൻ ആശ്വസിച്ചു.

അതിരാവിലേതന്നെ മാത്യു പള്ളിയിലേയ്ക്കു പോയി. ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചതോടെ ഒരു പ്രത്യേകാശ്വാസവും ആനന്ദവും അവനനുഭവപ്പെട്ടു. അവൻ തന്നെത്തന്നെ ഒരു ബലിയായി സ്നേഹരാജനു സമൎപ്പിച്ചു, പരിപൂൎണ്ണമായ ഒരു ദഹനബലിയായി.

ഉപകാരസ്മരണാനന്തരം മാത്യു വികാരിയച്ചൻെറ മുറിയിലേയ്ക്കുചെന്നു. തൊണ്ടയിടറാതെതന്നെ സ്ഥിതിഗതികൾ സവിസ്തരം അവൻ അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു.

"ഒരിക്കലും സുഖമാകാത്ത ക്ഷയമോ?" വൈദികസത്ത

മൻ അറിയാതെ ചോദിച്ചുപോയി. തുടർന്നു സംസാരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

"ദൈവഹിതം നിറവേറട്ടെ." മൗനം ഭഞ്ജിച്ചുകൊണ്ടു അദ്ദേഹം അവനെ അനുശാസിപ്പിച്ചു. "ഇപ്പോൾ ഒരു തുക നിന്റെ കൈയിലുണ്ടല്ലോ. അതുകൊണ്ടു് ഒരു വ്യാപാരം തുടങ്ങു; അധികം ആയാസംകൂടാതെ നിന്റെ ജീവിതം കഴിച്ചുകൂട്ടുവാൻ നിനക്കു കഴിയും. . . . ; ഇപ്പോഴത്തെ ഉദ്യോഗം ഉടനെ രാജിവയ്ക്കുകയാണു നല്ലതു്."

"പാടില്ല പിതാവേ, പാടില്ല" മാത്യു സവിനയം പറഞ്ഞു. "ഞാൻ മറെറാരു തീരുമാനം ചെയ്തുകഴിഞ്ഞു" പോക്കററിൽനിന്നു് ഒരു കടലാസുകെട്ടെടുത്തു മേശപ്പുറത്തു വച്ചിട്ടു് അവൻ തുടർന്നു. "ഇതാണു് ആ അഞ്ചൂറുരൂപാ; പെററിസെമ്മിനാരിയിലെ ചെലവിനു് ആവശ്യമായ തുക. എന്നെപ്പോലെ വൈദികവൃത്തിയെ ആഗ്രഹിക്കുകയും പണമില്ലാതെ വിഷമിക്കുകയും ചെയ്യുന്ന ഒരു യുവാവിനു് ഈ സംഖ്യ അങ്ങു ദയവായി നല്കുക; ഞാൻ വീണ്ടും ജോലി തുടരാം. ദൈവം എനിക്കു് ആയുസ്സു തരുന്നുവെങ്കിൽ ഒരഞ്ഞൂറുരൂപാകൂടി ഞാൻ സമ്പാദിക്കും, മറെറാരു യുവാവിനുവേണ്ടി. അങ്ങനെ ഒരുവനു പകരം രണ്ടുവൈദികരെ തിരുസ്സഭയ്ക്കു ലഭിക്കട്ടെ." അവന്റെ സ്വരം വ്യക്തവും ദൃഢവും ആയിരുന്നു.

വികാരിയച്ചൻ ആനന്ദാശ്രുക്കൾ പൊഴിച്ചു.

"എന്താ പിതാവേ, എന്റെ തീരുമാനം ബുദ്ധിപൂർവകമല്ലേ?" മാത്യു ചോദിച്ചു.

"വീരോചിതവും." അത്രയുമേ വൈദികനു പറയുവാൻ കഴിഞ്ഞുള്ളൂ. അദ്ദേഹത്തിന്റെ തൊണ്ടയിടറി; കണ്ണുകൾ നിറഞ്ഞു.

* * *

ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വിടരുവാൻ കൊതിച്ച ആ പൂമൊട്ടു് ജീവിതത്തിന്റെ പ്രഭാതത്തിൽത്തന്നെ

വാടിവീണു. പക്ഷേ, അതേ ഞെട്ടിൽ മററുരണ്ടു മനോഹരകുസുമങ്ങൾ ഉടൻ വിടിർന്നുചിലസി. അവയെ താലോലിച്ചുകൊണ്ടു കടന്നുപോകുന്ന മന്ദമാരുതൻ മൃദുലസ്വരത്തിൽ മന്ത്രിക്കാറുണ്ട്, "കരിഞ്ഞഞെട്ടിലേ വിരിഞ്ഞ പൂക്കൾ." എന്ന്.

# 38. പത്രബാലൻ

"ണിം, ണിം, ണിം,"—തീവണ്ടിയാപ്പീസിലേ മണിനാദം മുഴങ്ങി. പുക തുപ്പിക്കൊണ്ടു മെയിൽവണ്ടി സ്റ്റേഷനിൽ വന്നുനിന്നു. അവിടം സർവ്വത്ര സജീവമായി. സാമാനവില്പനക്കാർ തങ്ങളുടെ ജോലി തകൃതിയായി നടത്തിത്തുടങ്ങി. "കാപ്പി, കാപ്പി, ചൂടുകാപ്പി. . . . എള്ളുണ്ടാ, എള്ളുണ്ടാ. . . . സോഡാ ലെമണൈഡ്. . . . ബീഡി, സിഗററ്, മുറുക്കാൻ. . . . ഓറഞ്ച്" അന്തരീക്ഷം മുഖരിതമായി.

ഒരു കൈയിൽ ഒരു പത്രക്കെട്ടും മറേറ കൈയിൽ രണ്ടുമൂന്നു പത്രങ്ങളുമായി ഒരു ബാലനും കൂട്ടത്തിൽക്കടന്നു ശ്വാസംവിടാതെ വിളിച്ചുതുടങ്ങി. "സത്യദീപം, സത്യദീപം. . . . ഹിൻഡു. . . . ഇൻഡ്യൻ എക്സ്പ്രസ്സ്. . . . ഓറിയൻറ്. . . . മഡ്റാസ് മെയിൽ. . . ." നാനാഭാഗത്തേയ്ക്കും അവൻ ക്ഷണിക്കപ്പെട്ടു. അവൻ ചുറുചുറുക്കോടെ ഓടിനടന്ന് ഒരു നല്ല വില്പന നടത്തി.

ഒരു നീണ്ട ചൂളംവിളിയോടുകൂടി വണ്ടി നീങ്ങി. ക്ഷോഭം ശമിച്ച കടൽപോലെ തീവണ്ടിയാപ്പീസു ശാന്തമായി. പത്രബാലൻ നേരേ ബോട്ടുജട്ടിയിലേയ്ക്കു തിരിച്ചു. പല ദിക്കിൽനിന്നു വന്നും പോയും കൊണ്ടിരുന്ന ബോട്ടുകളിൽക്കടന്ന് അവൻ

വില്പനതുടങ്ങി. സന്ധ്യയോടുകൂടി ശേഷിച്ച ഒരു പത്രക്കെട്ടുമായി പൈലോച്ചൻ— അതായിരുന്നു ആ ബാലന്റെ പേര്— പത്രഏജൻറിന്റെ അടുക്കൽ ചെന്ന്, തനിക്കുള്ള പ്രതിഫലവും വാങ്ങി വീട്ടിലേയ്ക്കു മടങ്ങി.

പട്ടണത്തിന്റെ വടക്കുഭാഗത്ത് അല്പം കിഴക്കുമാറിയാണു പൈലോച്ചന്റെ വസതി, ഒരു ചെറിയ ചെററക്കുടിൽ. കുടുംബാംഗങ്ങൾ അമ്മയും അവനും മാത്രം. വീട്ടിലെത്തിയ ഉടനെ പൈലോച്ചൻ അന്നത്തെ സമ്പാദ്യം അമ്മയെ ഏല്പിച്ചു. പ്രാർത്ഥനനമസ്കാരങ്ങളും അത്താഴവും കഴിഞ്ഞ് അമ്മയും മകനും മുററത്തിറങ്ങി. പൂർണ്ണചന്ദ്രൻ അവരെ നോക്കി പുഞ്ചിരിതൂകി. ക്ലേശപൂർണ്ണമായ തങ്ങളുടെ ജീവിതസാഹചര്യങ്ങളെ ജയിച്ചടക്കി ആത്മസംതൃപ്തിയനുഭവിക്കുന്ന ആ അദ്ധ്വാനശീലരെ ഒരു നോക്കു കാണുവാൻ കണ്ണു ചിമ്മിത്തുറക്കുന്നുവോ എന്നു തോന്നുമാറു നക്ഷത്രങ്ങൾ നീലപ്പരപ്പിൽ മിന്നിത്തെളിഞ്ഞുകൊണ്ടിരുന്നു.

അന്നത്തെ വിശേഷങ്ങളെപ്പററി സംഭാഷിച്ചുകൊണ്ട് ഇരുവരും നിലത്ത് ഇരിപ്പുറപ്പിച്ചു. പല കാര്യങ്ങളെപ്പററി സംസാരിച്ച കൂട്ടത്തിൽ പൈലോച്ചൻ ഇങ്ങനെ പറഞ്ഞു:— "അമ്മച്ചീ, ഇനി സ്കൂൾ പൂട്ടിത്തുറക്കുമ്പോൾ എനിക്കും സ്കൂളിൽ ചേരണം. രണ്ടുമൂന്നു വർഷമായല്ലോ ഞാൻ പള്ളിക്കൂടം വിട്ടിട്ട്."

അമ്മ: "എന്താ എന്റെ മോനേ, നീയീപ്പറേണത്? നാലു ക്ലാസ്സു ജയിച്ചിട്ടല്ലേ നീ പഠിത്തം നിറുത്തിയത്?"

പൈലോച്ചൻ: "അതു ശരിയാണമ്മച്ചീ; പക്ഷേ, മേല്പോട്ടു പഠിക്കുന്ന കാര്യമാണു ഞാൻ പറഞ്ഞത്."

അമ്മ: "ദൈവമേ, ഈ ചെറുക്കന്റെ ഇതെന്തൊരു പുത്തിയാണപ്പാ! തെക്കേലെ ദേവസ്യാക്കുഞ്ഞും കിഴക്കേലെ അവരാച്ചനും ഇങ്കിരീസ് പള്ളിക്കൂടത്തി പടിക്കാൻ പോണെന്നുവച്ച് നമ്മളെക്കൊണ്ടാകുമോടാ കുഞ്ഞേ, അതുപോലെ ഒക്കെ?"

പൈ: "അങ്ങനെ വിചാരിക്കണ്ടമ്മച്ചീ. രണ്ടുമൂന്നു കൊല്ലം ഞാൻ പത്രം വിററു കിട്ടിയതിൽ ഒരു ചെറിയ തുക മിച്ചമില്ലേ. കൂടാതെ സ്കൂളിൽപോയിത്തുടങ്ങിയാലും വൈകുന്നേരവും മററു് ഒഴിവുള്ള സമയങ്ങളിലും പത്രവില്പന നടത്താമല്ലോ. പിന്നെയൊക്കെ ദൈവം സഹായിക്കും."

അമ്മ: "നിൻെറ ആഗ്രഹം അങ്ങനേങ്കി അങ്ങനെയാട്ടെ. . . . . നേരം പാതിരാ ആയി. ഇനി നമുക്കൊറങ്ങാം." സംഭാഷണം അവസാനിപ്പിച്ച് അമ്മയും മകനും ഉറങ്ങാൻ പോയി.

മധ്യവേനൽ അവധികഴിഞ്ഞു സെൻറ് അലോഷ്യസ് സ്കൂൾ തുറന്നതോടെ പൈലോച്ചൻ പ്രിപ്പാറേററിക്ലാസ്സിൽ ചേർന്നു പഠനമാരംഭിച്ചു. അധ്യയനകാര്യത്തിൽ ശ്രദ്ധ ചെലുത്തിയതിനോടൊപ്പം പത്രവില്പന നടത്തി കുടുംബകാര്യങ്ങൾ നിർവ്വഹിക്കുന്നതിലും അവൻ ഒട്ടും ഉദാസീനത പ്രദർശിപ്പിച്ചിരുന്നില്ല. ചിലപ്പോൾ അർദ്ധപ്പട്ടിണി സഹിക്കുകയും വളരെ ക്ലേശിക്കുകയും ചെയ്തിരുന്നെങ്കിലും അമ്മയുടെ കാര്യത്തിൽ വാട്ടവും കോട്ടവും കൂടാതിരിപ്പാൻ അവൻ പ്രത്യേകം മനസ്സിരുത്തിയിരുന്നു. തെരുവുവിളക്കിൻെറ സഹായത്തോടെയാണു്, അവൻ പലപ്പോഴും പാഠങ്ങൾ പഠിക്കാറുള്ളതു്. ശോഭനമായ ഒരു ഭാവി. അതാണു ക്ലേശച്ചുഴികളിൽനിന്നു് അവനെ കൈകൊടുത്തു കയററിയതു്. . . . . മററു ക്ലാസ്സുകളിലേപ്പോലെതന്നെ സ്കൂൾഫൈനൽ ക്ലാസ്സിലും എല്ലാ വിഷയങ്ങൾക്കും നല്ല മാർക്കുകളോടുകൂടിയാണു പൈലോച്ചൻ പാസ്സായതു്.

മാത്തുണ്ണിമുതലാളിയുടെ മലഞ്ചരക്കുകടയിലെ കണക്കപ്പിള്ളയുടെ ജോലി പൈലോച്ചനു കിട്ടി. ഇത്ര വിശ്വസ്തനായ ഒരു കണക്കപ്പിള്ളയെ മുതലാളി ഇതിനുമുമ്പു കണ്ടിട്ടില്ല. അയാൾ അതീവസന്തുഷ്ടനായി. മൂന്നു നാലു വർഷത്തെ സേവനങ്ങൾകൊണ്ടു പൈലോച്ചൻെറ സ്വഭാവവൈശിഷ്ട്യവും ബുദ്ധിസാമർത്ഥ്യവും മററും മനസ്സിലാക്കിയ മുതലാളി അവനെ ഉ

ന്നതവിദ്യാഭ്യാസത്തിനയച്ചു. പൈലോച്ചൻ കോളേജിൽ ചേർന്നു പഠനമാരംഭിച്ചു.

x x x

മരതകപ്പുരിയിലെ ഡിസ്ത്രിക്റ്റാശുപത്രി സുപ്രസിദ്ധമായി ത്തീർന്നു. ആളുകൾ അവിടേയ്ക്കു് ഓടിക്കൂടിത്തുടങ്ങി. സമർത്ഥ നും ഉത്തമകത്തോലിക്കനുമായ ഡോക്ടർ പോൾ എം. ബി. ബി. എസ്സിന്റെ ആഗമനം മുതല്ക്കാണു് ആസ്പത്രിയുടെ പേരു പൊ ങ്ങിയതു്. ദരിദ്രരോടു് അദ്ദേഹത്തിനു പ്രത്യേകവാത്സല്യമാ ണു്. 'പാവങ്ങളുടെ പിതാവു്' എന്നാണു് അദ്ദേഹം ഇപ്പോൾ അറിയപ്പെടുന്നതു്. സാമ്പത്തികാവശതകൾനിമിത്തം പഠി ക്കാൻ കഴിവില്ലാതെ വിഷമിക്കുന്ന സമർത്ഥരും ഉത്സാഹികളു മായ കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ ഉൽസുകനായിരുന്നു. തന്റെ ജീവിതവിജയത്തിൽ വിസ്മയം കൊള്ളുന്നവരോടു് അദ്ദേഹം പറയും: "താൻപാതി; ദൈവം പാതി" എന്നു്. ഡോക്ടരുടെ വൃദ്ധയായ മാതാവു് ഇടയ്ക്കിടെ പറ യാറുണ്ടു്:—"ദൈവം വെല്ല്യ ആളുതന്നെ. വത്താനക്കടലാതു വി റ്റുനടന്ന എന്റെ പൈലോച്ചൻ ഈ നെലേൽ വരുന്നു് വ ല്ലോരും വിചാരിച്ചോ. ഓ! ദൈവം എത്ര വലിയവൻ!"

## 39. മാതാവിന്റെ റോസപ്പൂ.

ഫാദർ പീയൂസ് തികഞ്ഞൊരു മേയ് മാസഭക്തനാണു്. അമ്മയുടെ അൾത്താര അതിവിശേഷമായി അലങ്കരിച്ചുകാണു വാൻ ആ വന്ദ്യവൈദികൻ അതീവ ശ്രദ്ധാലുവത്രേ. മേയ് മാ സത്തിലെ ഓരോ ദിവസവും ദിവ്യാംബികയുടെ പാദപീഠം സൗരഭ്യം വഹിക്കുന്ന പുഷ്പമഞ്ജരികളാൽ പരിശോഭിച്ചുകാ

ണണമെന്നാണ് അദ്ദേഹത്തിൻെറ അഭിലാഷം. വിവിധതരത്തിലുള്ള പനിനീർച്ചെടികൾ മൈസൂരിൽനിന്നും പൂനയിൽനിന്നും അദ്ദേഹം വരുത്തി. പള്ളിപ്പറമ്പിൽ ഒരു പനിനീർത്തോട്ടം വളരാനും തുടങ്ങി.

ഏപ്രിൽമാസം 29–ാം തീയതി. ഭക്തഹൃദയങ്ങളെ കോൾമയിർക്കൊള്ളിക്കുന്ന മേയ് മാസഭക്തിയെ പുതുമയോടെ പ്രതീക്ഷിച്ചുകൊണ്ട് പീയൂസച്ചൻ തൻെറ പൂന്തോട്ടത്തിലേയ്ക്ക് നടന്നുചെന്നു. മാതാവിൻെറ ബലിപീഠത്തിൽനിന്നു ക്രേപ്പുകൊണ്ടുണ്ടാക്കിയ കൃത്രിമപുഷ്പങ്ങൾ നീക്കിക്കളഞ്ഞു നൽസ്ഥാനത്തു പരിമളം പരത്തുന്ന റോസപ്പൂക്കൾ സമർപ്പിക്കണമെന്നാണ് അച്ചൻെറ ആഗ്രഹം. അദ്ദേഹത്തിൻെറ മുഖം പ്രസന്നമായി. ഹാ, മനം കവരുംവിധം അതാ വിരിഞ്ഞുനില്ക്കുന്നു ചില റോസപ്പൂക്കൾ! വിടർന്നുവിലസുന്ന ആ പുഷ്പറാണികൾക്കരികേ കുനിഞ്ഞുനിന്നിരുന്നു കുറെ പൂമൊട്ടുകൾ. പരിശുദ്ധകന്യകയുടെ പാദസ്പർശനവും പാർത്തു പല്ലവദലങ്ങളിൽ പതിഞ്ഞിരിക്കുന്ന ആ ചെമ്പനിനീർപൂക്കളിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ട് ആ വൈദികൻ ആത്മഗതം ചെയ്തു: "അടുത്ത പ്രഭാതത്തിലേയ്ക്ക് മൊട്ടുകളും വിടിരും. എല്ലാംകൂടെ ഒരുമിച്ചുറുത്തു മാതൃപീഠം അലങ്കരിക്കാം."

ആ സായാഹ്നത്തിൽ പീയൂസച്ചൻ വീണ്ടും പൂവാടിയിൽ ച്ചെന്നു. എന്നാൽ കഷ്ടം! ഒടിഞ്ഞ ചില ചില്ലികളും ഒന്നുരണ്ടു ദളങ്ങളും മാത്രമേ അവിടെ കണ്ടുള്ളു. മൃദുലകോമളമായ ആ റോസപ്പൂക്കളും തിന്ന് അതീവസന്തുഷ്ടിയോടെ മുഖം നക്കിക്കൊണ്ട് ഒരു കോലാട് ആ തോട്ടത്തിനകത്തു നില്ക്കുന്നു. മുഷ്ടാന്നഭോജനം കഴിഞ്ഞ ആ "പരദേശബ്രാഹ്മണ"ൻെറ നേർക്കു പീയൂസച്ചൻ പാഞ്ഞുചെന്നു. അച്ചനെക്കണ്ടപ്പോൾ ആട് അസ്ഥാളിച്ചു ഓടി പുറത്തേയ്ക്കു ചാടി. പക്ഷേ, ശീഘ്രഗാതിക്കാരനായ വേലക്കാരൻ അതിനെ പിടിച്ചുകെട്ടി. ഉടമസ്ഥനെക്ക

ങ്ങാൽ ഉപയോഗിപ്പാൻ ഒരു ഉപദേശസംഹിത മനസ്സിൽ സജ്ജമാക്കിക്കൊണ്ട് അച്ചൻ തിരിച്ചുപോന്നു.

അയൽവാസിയായ അന്തോണിക്കുട്ടിയുടേതായിരുന്നു ആ "പുഷ്പസംഹാരി." ഒരു അമ്മൂമ്മയാണ് ആടിനെത്തേടി പുറപ്പെട്ടതു്. ചെവി കേൾക്കാൻ പാടില്ലാത്ത ആ വൃദ്ധയോട് എന്തു പറയാനാണ്! "ആടിനെത്തായ്യ, അച്ചാ. തള്ളയില്ലാത്ത ഒരു കുഞ്ഞിനു പാലുകൊടുക്കാൻ വളത്തണതാണച്ചാ" അമ്മൂമ്മയുടേയും ആടിൻെറയും ദീനസ്വരങ്ങൾ ഒന്നിച്ചുകേട്ടപ്പോൾ അച്ചൻെറ അകതാരലിഞ്ഞു. പക്ഷേ, അന്തോണിക്കുട്ടിക്കു കുട്ടികളൊന്നും ഇല്ലെന്നും അവൻെറ ഭാര്യ കുറച്ചുകൊല്ലംമുമ്പു മരിച്ചുപോയെന്നും അദ്ദേഹം പറഞ്ഞുകേട്ടിട്ടുള്ളതിനാൽ കിഴവിയെ ഒന്നു വിസ്തരിക്കുവാനൊരുങ്ങി.

"എവിടെനിന്നാണമ്മൂമ്മേ, കുഞ്ഞ്? മകനു മക്കളൊന്നുമില്ലെന്നാണല്ലാ കേട്ടിട്ടുള്ളതു്"

"എൻെറ മോള് മാത്തിരിക്കുട്ടീടെ കൊച്ചാണച്ചാ"

"അമ്മയില്ലേ കുട്ടിക്ക്?"

"ഇല്ല അച്ചോ. അവള് കുഞ്ഞിനെപ്പെററ് അന്നുതന്നെ . . ." കിഴവി കരഞ്ഞുതുടങ്ങി. തെറിത്തലനീട്ടി കണ്ണുനീർ തുടച്ചതിനുശേഷം അമ്മൂമ്മ തുടർന്നു: "ഈ വയത്ത്കാലത്ത് ഞാനെന്നാ ചെയ്യും? തിരുമ്മിച്ചാവാനൊക്കൊ, അച്ചാ, ചോക്കുഞ്ഞിനെ കെട്ടിയോൻെറടുക്കെ കൊടുക്കാൻ എനിക്കു മനതു് വന്നില്ല."

"അമ്മാമ്മ വ്യസനിക്കരുതു്. എല്ലാം ദൈവേഷ്ടമാണല്ലോ. കുഞ്ഞിനെ നല്ലപോലെ ശുശ്രൂഷിക്കണം കേട്ടോ" ഒരു വത്സലപിതാവിനെപ്പോലെ പീയൂസച്ചൻ ആ പടുകിഴവിയെ സമാശ്വസിപ്പിച്ചു. ഭൃത്യൻ മനസ്സില്ലാമനസ്സോടേ ആടിനെ അഴിച്ചുകൊടുത്തതും അച്ചടക്കം പാലിക്കുന്ന ഒരു ഹെഡ്മിസ്ട്രസിനെപ്പോലെ മുത്തശ്ശി ആ കോലാടിൻെറ മുതുകിന് ഒന്നുരണ്ടു പ്രഹരിച്ചതും ഒപ്പം കഴിഞ്ഞു.

പിറേറദിവസം ഉലാത്തുവാനിറങ്ങിയ ഫാദർ പീയൂസ് ആ സാധുഗൃഹത്തിൽ കയറിച്ചെന്നു. അമ്മയില്ലാത്ത കുഞ്ഞുങ്ങളോട് അതിനുമുമ്പും വളരെ അനുകമ്പയുള്ളവനാണ് അദ്ദേഹം. അമ്മാമ്മ വൈദികനെ ഉപചാരം ചെയ്തു സ്വീകരിച്ചു. പത്രോസിൻെറ പടവും പാവങ്ങളുടെ പാഴ്ക്കുടിലും ചുങ്കക്കാരുടെ കീറപ്പായും സന്തോഷപുരസ്സരം സ്വാഗതം ചെയ്തിരുന്ന ആ ക്രിസ്തുനാഥൻെറ വിനീതനായ പ്രതിപുരുഷൻ കയററുകട്ടിലിൽ വിരിച്ച ഒരു പൊളിഞ്ഞ പുൽപ്പായിൽ ആസനസ്ഥനായി.

"മകനെവിടെ?" അച്ചൻ അന്വേഷിച്ചു.

"അവൻ മരുന്നിനുപോയി" അമ്മൂമ്മ പ്രതിവചിച്ചു. വൃദ്ധ തൻെറ വിറയ്ക്കുന്ന കൈകളിൽ എല്ലുംതോലും മാത്രമുള്ള ആ "എലിക്കുഞ്ഞി"നെ മലർത്തിപ്പിടിച്ചുകൊണ്ടുവന്നു: "കൊച്ചിനെ കൊറേശ്ശെ പനിക്കുണൊണ്ടച്ചാ. ഒന്നു നെററി പിടിച്ചാട്ടെ"

"കൊച്ചിനെന്താണു് പേര്?" അനുകമ്പാർദ്രമായ ആ ഹൃദയം അന്വേഷിച്ചു.

"ഇതുവരെ മാമ്മോദീസാ മുക്കാൻ ഒത്തില്ല അച്ചാ. ഇന്നേഴല്ലേ ആയൊള്ളൂ അതൊണ്ടായിട്ട്,"

ഫാദർ പീയൂസ് അല്പം ചിന്തിച്ചുകൊണ്ടു വിവേകപൂർവ്വം ഉപദേശിച്ചു: "എന്തിനു വെറുതെ വൈകിക്കുന്നു. ഇന്നുതന്നെ മാമ്മോദീസാ കൊടുക്കാമല്ലോ. ഉടനെതന്നെ പള്ളിയിലേയ്ക്കു കൊണ്ടുവാ"

അച്ചൻ കുഞ്ഞിനെ ജ്ഞാനസ്നാനപ്പെടുത്തി. പരിശുദ്ധാരൂപി ആ കൊച്ചുഹൃദയത്തിൽ അധിവസിക്കുവാനും തുടങ്ങി. തലയിൽ വെള്ളം വീണപ്പോൾ റോസ— അതായിരുന്നു അച്ചൻ കൊടുത്ത നാമം— ഒന്നു കണ്ണുതുറന്നു കരഞ്ഞു.

ആ അനാഥശിശുവിൻെറ ദാരുണസ്ഥിതിയിൽ സഹതപിച്ചുകൊണ്ടു പീയൂസച്ചൻ വേലക്കാരനെ വിളിച്ചു കുറച്ചു

പാൽപ്പൊടിയും മുന്തിരിങ്ങായും വാങ്ങുവാൻ അങ്ങാടിക്ക പറഞ്ഞയച്ചു. . . . തളർന്നു മയങ്ങിക്കിടക്കുന്ന ആ കുഞ്ഞിന്റെ വായിൽ അച്ചൻ കൊടുത്തയച്ച മുന്തിരിങ്ങാപ്പഴം ആ കിഴവി പിഴിഞ്ഞുകൊടുത്തു.

മേയ് മാസം പുലർന്നു. പരിശുദ്ധകന്യകയുടെ ബലിപീഠത്തിനരികെ മുട്ടുകുത്തിക്കൊണ്ട് ആ ഇടവകയിലെ കൊച്ചു പെൺകുട്ടികൾ മാതൃസ്തോത്രങ്ങൾ ആലപിക്കുന്നു. ഫാദർ പീയൂസ് ദിവ്യബലിക്കു ലഭിഞ്ഞതിനുശേഷം സക്രാരിക്കു മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയാണ്. അപ്പോൾ അടുത്തുള്ള ആ സാധുഗൃഹത്തിൽനിന്ന് അമ്മാമ്മയുടെ അത്യുച്ചത്തിലുള്ള നിലവിളി പള്ളിയകത്തു മുഴങ്ങിക്കേട്ടു. താൻ മാമ്മോദീസാ കൊടുത്ത റോസക്കുഞ്ഞ് ആ ചെററപ്പുരവിട്ടു സ്വർഗ്ഗീയഭവനത്തിലേക്കു പറന്നുകഴിഞ്ഞെന്നു പീയൂസച്ചനു മനസ്സിലായി. അദ്ദേഹം ദിവ്യജനനിയുടെ ബലിപീഠത്തിലേയ്ക്കു നോക്കി ഇപ്രകാരം ആത്മഗതം ചെയ്തു: "തന്റെ മലർവാടി പൂകിയ ആ റോസപ്പൂ എന്റെ പനിനീർപ്പൂക്കളേക്കാൾ അമ്മയ്ക്കു് എത്രകണ്ടു സ്വീകാര്യമായിരിക്കുകയില്ല!"

# 40. തുടിക്കുന്ന ഹൃദയം

"പിന്നേ! ഇങ്ങോട്ടൊന്നു വന്നേ" അവിരാച്ചൻ ഭാര്യയെ വിളിച്ചു.

"എന്തിനാണ്? ഞാനീ കറിയൊന്നു താളിച്ചോട്ടെ. വേഗം വന്നേക്കാം." മറിയാമ്മ അടുക്കളയിൽനിന്നു മറുപടി നല്കി.

അവിരാച്ചൻ അക്ഷമനായി അടുക്കളയിലേയ്ക്കു ചെന്നിട്ട്: "ഒരു ഭിക്ഷക്കാരൻ വന്നു നില്ക്കുന്നതു കണ്ടില്ലേ? പാവം!

അയാളുടെ വയറു നട്ടെല്ലിനോട് ഒട്ടിയിരിക്കുന്നു." കടുകിന്റെ പൊട്ടിത്തെറിക്കലും താളിക്കലിന്റെ "ശീ, ശീ," ശബ്ദവും കാരണം മറിയാമ്മ അതു കേട്ടേ ഇല്ല.

അവിടെ വിളമ്പിവച്ചിരുന്ന ഒരു പാത്രം കഞ്ഞിയെടുത്തു് അവിരാച്ചൻ ആ പട്ടിണിപ്പാവത്തിനു കൊടുത്തു. ഒരു ചെറു പുഞ്ചിരിയോടേ അവിരാച്ചൻ അവിടെനിന്നു, അയാൾ അത്യാർത്തിയോടേ അതു കുടിച്ചുതീർക്കുന്നതുവരെ. "മോനെ ദൈവം അനുഗ്രഹിക്കട്ടെ" കൃതജ്ഞത വഴിഞ്ഞൊഴുകുന്ന സ്വരത്തിൽ പറഞ്ഞിട്ട് ആ വയോവൃദ്ധൻ അവിടെനിന്നു പോയി.

അവിരാച്ചന് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല ദരിദ്രരോടുള്ള സ്നേഹവും അനുകമ്പയും. ബാല്യത്തിൽത്തന്നെ അവിരാച്ചനിൽ മൊട്ടിട്ടതാണു ദീനാനുകമ്പ. മാതാപിതാക്കന്മാരുടെ സന്മാതൃകയും പ്രോത്സാഹനങ്ങളും അതിനെ പരിപുഷ്ടമാക്കി. അവരിൽനിന്നു തനിക്കു ലഭിച്ച സമ്പത്തുകളിൽ മഹത്തമമായി അയാൾ അതിനെ വിലമതിച്ചു.

വീട്ടിൽ വരുന്ന യാതൊരു ഭിക്ഷുവിനേയും വെറും കൈയോടെ വിട്ടയക്കുകയില്ല ആ ദരിദ്രമിത്രം. തനിക്കു വച്ചിരുന്ന ചോറുപോലും ചില സന്ദർഭങ്ങളിൽ അയാൾ അവർക്കു കൊടുത്തിട്ടുണ്ട്. വഴിയിൽവച്ചുപോലും യാചകരെ കണ്ടാൽ സാന്ത്വനവാക്കുകൾ പറയാതെ അവിരാച്ചൻ കടന്നുപോകുകയില്ല. സ്വാഭാവികവാസനയുടെ ഫലമായിരുന്നില്ല ഇവ. ദുരിതമനുഭവിക്കുന്ന തന്റെ സഹോദരരിൽ യേശുനാഥനെത്തന്നെയാണ് അയാൾ ദർശിച്ചിരുന്നതു്.

പലരും പ്രകീർത്തിച്ചു അവിരാച്ചന്റെ ജീവകാരുണ്യത്തെ. പക്ഷേ, അസൂയാലുക്കളും ഇല്ലാതിരുന്നില്ല. "താനോ മുടിഞ്ഞു; അതുപോരാ അയല്പക്കാരനെക്കൂടി മുടിക്കണം;" ഇതായിരുന്നു അവരുടെ പ്രമാണം. അറുത്തകൈയ്ക്കു് ഉപ്പുതേയ്ക്കുകയില്ല ഇക്കൂട്ടർ. മറിച്ചു ചെയ്യുന്നവർ വല്ലവരും ഉണ്ടെങ്കിൽ അവരുടെ മുഖത്തു് കരിതേയ്ക്കുവാനും ഈ ഹൃദയശൂന്യർ മടിക്കുകയില്ല.

'കപടഭക്തൻ', 'ഉറിപ്പുണ്യാളൻ', 'തെണ്ടികളുടെ മിത്രം' എന്നിങ്ങനെ പല ബഹുമതിമുദ്രകളും അവരിൽനിന്ന് അവിരാച്ചനു ലഭിച്ചു. പക്ഷേ, ഈ ദുർബുദ്ധികളുടെ ആക്ഷേപശരങ്ങൾ സുസ്മേരവദനനായി സ്വീകരിക്കുവാൻ അയാൾക്കുള്ള കഴിവ് ഒന്നു വേറെതന്നെയായിരുന്നു.

X X X

അന്ന് അവിരാച്ചൻ എറണാകുളത്തുനിന്നു തിരിച്ചുവരികയാണ്. വരുന്നവഴി ഒരു വൃദ്ധനെ കണ്ടുമുട്ടി. കാഴ്ചയിൽ കുലീനനാണ്. പക്ഷേ, ഒരു കൊച്ചുകാശുപോലും കൈയിലില്ലെന്ന് അവിരാച്ചനു മനസ്സിലായി. വൃദ്ധൻ നടന്നു തളർന്നവനായും കാണപ്പെട്ടു. അവിരാച്ചന്റെ ഹൃദയം അനുകമ്പയാൽ തുടിച്ചു. അയാൾ വൃദ്ധനെ സമീപിച്ചു, കാര്യങ്ങൾ മനസ്സിലാക്കുവാൻ. ദുഃഖാധിക്യത്തെ ഒതുക്കിക്കൊണ്ടു വൃദ്ധൻ പറഞ്ഞു: "എന്റെ മകനേ, കുറേ അകലെയാണ് എന്റെ വീട്. ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ കവറിടത്തിങ്കൽ പോയിട്ടു വരികയാണ്. കൈവശമുണ്ടായിരുന്ന പണം മുഴുവനും നഷ്ടപ്പെട്ടു." ആ ഒട്ടിയ കവിൾത്തടങ്ങളിൽക്കൂടി കണ്ണുനീർ ഒഴുകുവാൻതുടങ്ങി.

"ഓ, സാരമില്ല അത്രദൂരമേയുള്ളോ?" "അല്ല മോനേ." അപ്പാപ്പൻ തുടർന്നു; "മിനിയാന്നു തുടങ്ങിയതാണ് ഒരു പനി. ഞാൻ തനിച്ചേയുള്ളു. ഒരു വിധത്തിലാണ് ഇവിടംവരെ എത്തിയത്." വീഴുവാൻ തുടങ്ങിയ വയസ്സനെ അവിരാച്ചൻ താങ്ങി. ശരീരം പൊള്ളുന്നതുപോലെ അയാൾക്കു തോന്നി. പനി അതി ശക്തിയായിരുന്നു.

ആർദ്രചിത്തനായ അവിരാച്ചൻ മററു ചിലരുടെ സഹായത്തോടുകൂടി വൃദ്ധനെ തന്റെ വീട്ടിലേക്കു കൊണ്ടുവന്നു. ഉറക്കമിളച്ചിരുന്നുപോലും അവിരാച്ചൻ രോഗിയെ ശുശ്രൂഷിച്ചു. പക്ഷേ, പനിക്കൊരു കുറവുമില്ല. മരിക്കുമെന്നു മട്ടായപ്പോൾ വൈദികനെ വരുത്തി. വൃദ്ധൻ സുബോധത്തോടെ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു. മരണത്തിന് ഇനി അധികം താ

മനസമില്ല. അയാൾ മരണത്തിനോടടുത്തു കിടക്കുകയാണ്. അവിരാച്ചൻ അടുത്തിരുന്നു സുകൃതജപങ്ങൾ ചൊല്ലിക്കൊടുക്കുന്നു.

നിശ്ശബ്ദതയുടെ നെഞ്ചിടിപ്പെന്നു തോന്നുമാറു്, ഭിത്തിയിൽ തൂക്കിയിട്ടിരുന്ന നാഴികമണിയുടെ സ്വരംമാത്രമേ അവിടെ കേൾക്കാനുണ്ടായിരുന്നുള്ളു. എല്ലാവരും നിർന്നിമേഷരായി നിൽക്കുകയാണു വൃദ്ധൻെറ മരണത്തെപ്പാർത്തു്. പെട്ടെന്നു മൂന്നു യുവാക്കന്മാർ അവിടെ കടന്നുവന്നു. വൃദ്ധനെ കണ്ടമാത്രയിൽ കെട്ടിപ്പുണർന്നുകൊണ്ട് അനേകം ചുംബനങ്ങൾ ചുക്കിച്ചുളിഞ്ഞ ആ കവിൾത്തടങ്ങളിൽ അവരപ്പിച്ചു. അവരോട് എന്തോ പറയുവാനെന്നവണ്ണം വൃദ്ധൻ വായ് തുറന്നു. പക്ഷേ, അതടയ്ക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. തൻെറ അരുമസന്താനങ്ങളുടെ കരങ്ങളിൽക്കിടന്നുകൊണ്ടു വൃദ്ധൻ ലോകത്തോടു യാത്രപറഞ്ഞു.

* * *

ശവസംസ്കാരകർമ്മം ആഡംബരസമന്വിതം നടത്തപ്പെട്ടു. തങ്ങളുടെ വത്സലപിതാവിനോട് അവിരാച്ചൻ പ്രദർശിപ്പിച്ച നിസ്സീമസ്നേഹത്തിന് പ്രതിനന്ദി പ്രകാശിപ്പിക്കുവാൻ ആ യുവാക്കന്മാർക്കു വാക്കുകൾ കിട്ടിയില്ല. എങ്കിലും ഹൃദയംഗമമായ കൃതജ്ഞതാപ്രകടനത്തിനുശേഷം അവർ സ്ഥലംവിട്ടു.

ആഴ്ചകൾ രണ്ടുകഴിഞ്ഞു. ഇതാ അവിരാച്ചനൊരു കത്ത്.

കോഴിക്കോട്,
12-6'-48.

എ. പ്രിയ അവിരാച്ചാ,

താങ്കൾ ഞങ്ങളുടെ പിതാവിനോടു കാണിച്ച കാരുണ്യത്തിനും സ്നേഹശുശ്രൂഷകൾക്കും ഞങ്ങൾ എന്നെന്നും കൃതജ്ഞരായിരിക്കും. താങ്കൾ ചെയ്ത സേവനത്തിനു പ്രതിഫലമായി

ആയിരം രൂപായുടെ ഒരു ചെക്ക് ഞങ്ങൾ അയയ്ക്കുന്നു. ഒരു നല്ല സംഖ്യ താങ്കൾക്കു ചെലവായിട്ടുമുണ്ടല്ലോ. അതുകൊണ്ടു് ഈ തുക സദയം സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

എന്നു്,

താങ്കൾ ശുശ്രൂഷിച്ച വൃദ്ധൻെറ മക്കൾ (ഒപ്പ്)

നിവൃത്തിയില്ലാഞ്ഞതിനാൽ അവിരാച്ചൻ പ്രസ്തുത ചെക്കു സ്വീകരിച്ചു. എന്നാൽ ഒരു അനാഥമന്ദിരം പണിയുന്നതിലേയ്ക്കായി അയാൾ അതു സംഭാവന ചെയ്യുകയാണുണ്ടായതു്.

## 41. "അമ്മയ്ക്കുവേണ്ടി"

ആധുനികപരിഷ്ക്കാരത്തിൻെറ പുറംപൂച്ചുകൾക്കിനിയും ആ ഗ്രാമപ്രദേശം അടിപ്പെട്ടിട്ടില്ല. കൈവിരലിൽ എണ്ണുവാൻ മാത്രം അഭ്യസ്തവിദ്യരേ അവിടെയുള്ളൂ. അവരിൽ അഗ്രഗണ്യനാണു കുഞ്ഞേപ്പ്. തേഡ്ഫോറത്തിലെ പരീക്ഷയ്ക്കു രണ്ടുപ്രാവശ്യം ചേർന്നു പരാജയം വരിച്ചു; ഇതാണവൻെറ ഡിഗ്രി. മററുള്ളവരുടെ ബിരുദങ്ങൾ ഊഹിച്ചുകൊള്ളുകയാണു ഭേദം. "ഇങ്കിരീസു നാലക്ഷരമെങ്കിലും പഠിച്ചതായി എൻെറ കുഞ്ഞേപ്പല്ലാതെ ആരുണ്ടു്?" അവൻെറ വിധവയായ മാതാവു് അഭിമാനപൂർവ്വം അയൽക്കാരോടു ചോദിക്കാറുണ്ടു്. അവളുടെ ആശാകേന്ദ്രമാണു് ആ ഓമനമകൻ. അവനല്ലാതെ ആരുണ്ടു് ആ സാധ്വിക്കു വാർദ്ധക്യത്തിൽ താങ്ങും തണലുമായിരിക്കുവാൻ?

ചെറുപ്പത്തിൽ ഒരു സൽസ്വഭാവിയായിരുന്നു കുഞ്ഞേപ്പ്. പക്ഷേ, വളന്നുവരുംതോറും മട്ടുമാറിത്തുടങ്ങി. വേല

യെടുക്കുന്നതു തന്റെ സ്ഥിതിക്കു ചേർന്നതല്ലെന്നാണ് അവന്റെ ഭാവം. ഇംഗ്ലീഷു പഠിച്ചവൻ വയലിൽ പണിയുകയോ? ഒരു ഗവണ്മെൻറുദ്യോഗം കിട്ടണമെന്നാണവന്റെ ആഗ്രഹം. വലിയ ബിരുദങ്ങൾ നേടിയവർപോലും ഉദ്യോഗം ലഭിക്കാതെ പട്ടണപ്രദക്ഷിണം നടത്തുമ്പോൾ തേഡ്ഫോറത്തിൽ രണ്ടുകൊല്ലം 'സർവീസെ'ടുത്ത പുള്ളിയുടെ കാര്യം പറയണോ. കുഞ്ഞേപ്പിനു മോടിയായി നടക്കണം; കൃത്യമായി ഭക്ഷണം വേണം; പാവപ്പെട്ട വിധവ ഇതിനെല്ലാം പണമുണ്ടാക്കുകയും വേണം. അമ്മയെ അനുസരിക്കുന്നതു് അവനു കുറച്ചിലാണ്. പ്രാർത്ഥനയില്ല; പള്ളിയിൽപ്പോക്കില്ല. അമ്മ ഇവയെല്ലാം ചൂണ്ടിക്കാണിച്ചു ശകാരിച്ചാൽ പൂരപ്പാട്ടിന്റെ പല്ലവികൾ പാടുകയായി. സ്ഥിതിഗതികൾ ഇങ്ങനെയാണെങ്കിലും കുഞ്ഞേപ്പ് അവളുടെ ജീവനാണ്.

ബീഡിക്കടയുടേയും ചായക്കടയുടേയും വരാന്തകളിൽനിന്നു കുഞ്ഞേപ്പു ക്രമേണ കള്ളുഷാപ്പിലേക്കു മാറിത്തുടങ്ങി. ചട്ടമ്പികളുടേയും തൊഴിലില്ലാത്തവരുടേയും നേതാവാണവൻ. പിതൃസ്വത്തു മുഴുവൻ വിററു തുലച്ചു. അമ്മയ്ക്കു പണിയെടുക്കുവാനുള്ള തന്റേടവും കുറഞ്ഞുതുടങ്ങി. അവൾ കണ്ണുനീരോടെ അവനെ ഉപദേശിച്ചു ദുർന്നടത്ത നിറുത്തുവാൻ. പക്ഷേ, കുഞ്ഞേപ്പു ചെവി കൊടുത്തില്ല. "മനസ്സിൽ കണ്ടതെല്ലാം വടി കുത്തിപ്പിരിഞ്ഞ" മട്ടിലായി. തന്റെ ഭാവി ഇരുളടഞ്ഞതായി ആ സാധ്വിക്കു തോന്നി. ഹൃദയവ്യഥയും കൊടുംദാരിദ്ര്യവും ആ സാധുസ്ത്രീയെ തുറിച്ചുനോക്കി. ക്രമേണ അവൾ രോഗശയ്യയെ അവലംബിച്ചു. സ്ഥലം വിൻസെൻറു ഡി. പോൾസംഘത്തിന്റെ സംരക്ഷണയിലാണ് അവശതയിലായതിനുശേഷം ആ വിധവ കഴിഞ്ഞുപോന്നതു്. എന്നാൽ അവരുടെ ഉള്ളിൽ ആളിക്കത്തിയിരുന്ന വ്യസനാഗ്നിയെ കെടുത്തുവാൻ സംഘത്തിന്റെ പരിശ്രമങ്ങളും പര്യാപ്തങ്ങളായില്ല. ആധി വ്യാധിയായി. 'സ്പന്ദിക്കുന്ന ഒരസ്ഥികൂട'മെന്നു് ആരും പറഞ്ഞുപോകും ആ

സാധുവിനെ കണ്ടാൽ. തന്റെ അന്തിമദിവസം പാർത്തു ദിവസങ്ങൾ എണ്ണിയെണ്ണിക്കഴിക്കയാണവൾ.

കുഞ്ഞേപ്പിന്റെ പണത്തിന്റെ വഴിയടഞ്ഞു അമ്മ കിടപ്പിലായതോടെ. യാതൊരു ജീവിതമാർഗ്ഗവും കാണാതെയായപ്പോൾ എങ്ങോട്ടെന്നില്ലാതെ അവൻ നാടുവിട്ടുകളഞ്ഞു. മരണത്തിന്റെ മടിത്തട്ടിലെത്തിയിരുന്ന തള്ളയെ ഒന്നു കാണുന്നതിനുമാത്രമെങ്കിലും സ്നേഹം അവനുണ്ടായിരുന്നെങ്കിൽ!

അകലെയുള്ള പട്ടണത്തിൽ അവൻ എത്തിച്ചേർന്നു. റിക്ഷാവലി പരിശീലിച്ചുനോക്കി. പക്ഷേ, ഒരാളെ വണ്ടിയിൽ കയററിവലിച്ചപ്പോഴേയ്ക്കും ആ അഭ്യസ്തവിദ്യൻ പാടേ തളർന്നുപോയി. പഠിച്ച നാലക്ഷരംകൊണ്ടു കാലക്ഷേപത്തിനു യാതൊരുമാർഗ്ഗവും അവൻ കണ്ടെത്തിയില്ല. കൂട്ടുകാരൻ തോമ്മാ അന്തിയാംവോളം റിക്ഷാവലിക്കും. ഒരു തുള്ളി കാപ്പിവെള്ളംപോലും ഇടയ്ക്കു് അവൻ കുടിക്കുകയില്ല. ഒരു ദിവസം കുഞ്ഞേപ്പു വാടിത്തളർന്നു് ഒരു മരച്ചുവട്ടിൽ ഇരിക്കുമ്പോൾ ഒരാളെ ബോട്ടുജെട്ടിയിൽ ഇറക്കിയുംവച്ചു തോമ്മാ തിരിച്ചുവരുകയാണു്. കുഞ്ഞേപ്പു ചോദിച്ചു: "എന്തിനാ തോമ്മാ നീ ഇങ്ങനെ വലയുന്നതു്, നാഴി വെള്ളംപോലും വാങ്ങിച്ചു കുടിക്കാതെ? നിനക്കു പിള്ളേരും പിറുങ്ങിണിയും ഒന്നുമില്ലല്ലോ?"

തോമ്മാ: "മററാർക്കും വേണ്ടിയല്ലാ ഞാനീവലയുന്നതു്. തെണ്ണമായിക്കിടക്കുന്ന എന്റെ അമ്മയ്ക്കുവേണ്ടിയാണു്. അമ്മയ്ക്കു കഞ്ഞിവേണം; മരുന്നുവേണം. ഞാമ്മാത്രേയുള്ളു എന്റെ പൊന്നുംകൊടത്തമ്മയ്ക്കു്" തോമ്മായുടെ കണ്ണുകൾ നിറഞ്ഞുപോയി. വേറെ യാത്രക്കാരെ അന്വേഷിച്ചു തോമ്മാ ഓടിമറഞ്ഞുകഴിഞ്ഞു.

കുഞ്ഞേപ്പു ചിന്താധീനനായി. "അമ്മയ്ക്കുവേണ്ടി" അവൻ നിശ്ശബ്ദമായി മന്ത്രിച്ചു. "എനിക്കുമുണ്ടല്ലോ ഒരമ്മ! ഞാനെത്ര കഠിനഹൃദയൻ" ദുഃഖഭാരത്തോടെ ആ ചെറുപ്പക്കാരൻ എഴുന്നേററു വീട്ടിലേയ്ക്കു തിരിച്ചു, തന്റെ അമ്മയെ ഒരു നോക്കു കാണു

വാൻ; ആ പാദങ്ങളിൽ വീണു മാപ്പപേക്ഷിക്കുവാൻ. വെയിലും മഴയും ആ പശ്ചാത്താപനിർഭരനെ കൃത്യവിലോപിയാക്കിയില്ല. അവൻ അതിവേഗം മുന്നോട്ടു നടന്നു.

പരിചിതമായ ആ ഗ്രാമത്തിൽ, താൻ ജനിച്ചുവളർന്ന നാട്ടിൽ കുഞ്ഞേപ്പു ചെന്നുചേർന്നു. "അമ്മേ," അവൻ ഉറക്കെ വിളിച്ചു, വീടിന്റെ പടിക്കലെത്തിയ ഉടനെ. ദ്രവിച്ചുതുടങ്ങിയിരുന്ന പഴയോലയുടെയിടയിലിരുന്നു കരയുന്ന ചീവീടിന്റെ സ്വരം അവനു് ഉത്തരം നല്കി. വീണ്ടും ഉച്ചത്തിൽ അവൻ വിളിച്ചു; "അമ്മേ!" ആ നിശ്ശബ്ദതയിൽ അവന്റെ ക്രന്ദനം മാറ്റൊലിക്കൊണ്ടു.

ഉൽക്കണ്ഠയോടെ അവൻ വീട്ടിനുള്ളിലേയ്ക്കു കടന്നു. അതാ ആ കുടിൽ ശൂന്യമാണു്, സ്നേഹനിർഭരമായിരുന്ന ആ മാതൃഹൃദയത്തിന്റെ സ്പന്ദനം നിലച്ചിട്ടു നാളുകളനേകമായി. കുഞ്ഞേപ്പിനെ ഓർത്തു കരയുവാൻ ഇന്നാരുമില്ല. "കുഞ്ഞേപ്പേ, എന്റെ മകനേ" എന്ന മധുരമായ ആ വിളി ഇനി ലോകത്തിൽ അവൻ കേൾക്കുകയില്ല. അവൻ വാവിട്ടു കരഞ്ഞു. ഒരു ഭ്രാന്തനെപ്പോലെ അവൻ പള്ളിയിലേയ്ക്കോടി. അതാ, ആ പുതിയ കുഴിമാടം അവൻ ദർശിച്ചു. മുട്ടിന്മേൽവീണു് അമ്മയോടവൻ മാപ്പിരന്നു. സ്നേഹവും ത്യാഗവും തുളുമ്പിയ ഒരു മാതൃഹൃദയത്തിന്റെ വിശ്രമഗേഹമായ ആ ശവകുടീരത്തെ കുഞ്ഞേപ്പു് അശ്രുധാരയാൽ നനച്ചു.

X X X

സർവ്വസംഗപരിത്യാഗത്തിന്റേയും കഠിനതപസ്സിന്റേയും മൂകസന്ദേശം വഹിക്കുന്ന സന്യാസവസ്ത്രമണിഞ്ഞു് ഒരു യുവയോഗി പാവപ്പെട്ട ഒരു വിധവയുടെ കുഴിമാടത്തിന്മീതെ ചുടുകണ്ണുനീരൊഴുക്കുവാൻ ആണ്ടുതോറും ആ പള്ളിയിൽ വരുന്നതുകാണാം.

# 42. ആ ബ്രിട്ടീഷുരൂപാ

തന്റെ ഉള്ളിൽ തിങ്ങിവിങ്ങിക്കൊണ്ടിരുന്ന സങ്കടം മററുള്ളവരെ അറിയിക്കാതിരിക്കുവാൻ ആ ബാലൻ നല്ലൊരു ബലപ്രയോഗംതന്നെ നടത്തി. എന്നിട്ടും അവനറിയാതെ കണ്ണീർക്കണങ്ങൾ അടർന്നുവീണിരുന്നു. വസ്ത്രത്തിന്റെ തുമ്പു വലത്തുകൈകൊണ്ടു കുനിഞ്ഞെടുത്ത് അവൻ കണ്ണുനീരെല്ലാം തുടച്ചുനീക്കുകയും ഇടത്തെ കൈയിൽ പുസ്തകക്കെട്ടുമായി ഉല്ലാസഭാവം നടിച്ച് നടന്നുതുടങ്ങുകയും ചെയ്തു.

അമ്മമാത്രമേ അപ്പോൾ അവിടെയുള്ളു. അപ്പൻ എങ്ങോ പോയിരിക്കുകയായിരുന്നു. പള്ളിക്കൂടത്തിൽനിന്നുള്ള ഓമനമകന്റെ പ്രത്യാഗമനവും കാത്ത് ആ വത്സലമാതാവ് ഒട്ടേറെ നേരമായി, ഇരിപ്പുതുടങ്ങിയിട്ട്. വിമ്മിക്കരഞ്ഞ മുഖത്തിന്റെ മങ്ങിക്കിടക്കുന്ന ചിഹ്നങ്ങളോടുകൂടിയാണ് ആ ബാലൻ അന്നു വീട്ടിലേയ്ക്കു കയറിച്ചെന്നത്. അമ്മ സോൽക്കണ്ഠം ചോദിച്ചു: "കുഞ്ഞേ, നിനക്കിന്ന് എന്തുപററി? നീയിന്നു വളരെ കരഞ്ഞു അല്ലേ" മാത്തുക്കുട്ടി യാതൊരു മറുപടിയും പറഞ്ഞില്ല. അവൻ അമ്മയെ ഒന്നു നോക്കുകമാത്രം ചെയ്തു. മാതാവാകട്ടെ തന്റെ ഓമനക്കുഞ്ഞിനെ തലോടിക്കൊണ്ടു ജിജ്ഞാസാപൂർവ്വം വീണ്ടും ചോദിച്ചു: "അമ്മയോടു പറയൂ, കുഞ്ഞേ! നിനക്കിന്ന് എന്തു പററി?" അവൻ കാരണം തുറന്നുപറയുവാൻ നിർബന്ധിതനായി. "അമ്മച്ചീ! എനിക്കു പാഠപുസ്തകം ഇല്ലാതിരുന്നതിനാൽ സാർ എന്നെ ക്ലാസിൽനിന്നു പുറത്താക്കി" ഗൽഗദസ്വരത്തിൽ ആ ബാലൻ പറഞ്ഞു. "എന്ത്! എന്ത്! പാഠപുസ്തകമില്ലെന്നോ. പുസ്തകം വാങ്ങിക്കുവാൻ കഴിഞ്ഞയാഴ്ചയല്ലേ ഒരു ബ്രിട്ടീഷുരൂപാ അപ്പച്ചൻ നിന്റെ കൈയിൽ തന്നത്?" അമ്മ അല്പം ഗൗരവപൂർവ്വം ചോദിച്ചു. മാത്തു

കുട്ടി വിഷമത്തിലായി. ബ്രിട്ടീഷുരൂപാ! അവൻ ആ വെളുത്ത വട്ടനാണയത്തെക്കുറിച്ച് എന്തു പറയുവാനാണ്! അതവന്റെ കൈവശമിപ്പോൾ ഇല്ല, പുസ്തകമൊട്ടു വാങ്ങിയിട്ടുമില്ല. മാതാവിനു പല സന്ദേഹങ്ങളും ജനിച്ചു. പുത്രന്റെ സൽസ്വഭാവത്തിൽ വിശ്വാസമുണ്ടായിരുന്ന ആ സ്ത്രീ മാത്തുക്കുട്ടിയെക്കുറിച്ച് അപ്പച്ചനോട് ഒരു കുററംപോലും അന്നുവരെ പറഞ്ഞിട്ടില്ല. വളരെയധികം നിർബന്ധിച്ചിട്ടും കാരണമൊന്നും പറയാതെ പേടിച്ചുനില്ക്കുന്ന ആ ബാലനോട് അല്പം സ്നേഹം കലർന്ന സ്വരത്തിൽ അവൾ ചോദിച്ചു: "മാത്തുക്കുട്ടീ, നീ ആ രൂപാകൊണ്ട് എന്തുചെയ്തു? അമ്മയിൽനിന്നു നീ ഉള്ള കാര്യം ഒളിച്ചുവെയ്ക്കുന്നതെന്തിന്? എന്നോടു നിനക്കു സ്നേഹമില്ലെന്നല്ലേ ഇതിന്റെ അർത്ഥം. ഇതാ ഞാനെന്റെ ജോലിക്കു പോകുന്നു. ഇനി ഞാൻ നിന്നോടിതുചോദിക്കുന്നുമില്ല. . . ."

"അമ്മയോട് എനിക്കു സ്നേഹമില്ലെന്നോ?" മാത്തുക്കുട്ടി അമ്മച്ചിയെ സമീപിച്ചുകൊണ്ടു സംഗതികൾ വിശദമായി പറഞ്ഞുകേൾപ്പിച്ചു. അമ്മ അതു കേട്ടു വളരെ സന്തോഷിച്ചു. എങ്കിലും അവൾ അവനെ ഓർമ്മപ്പെടുത്തി: "എന്റെ മകനേ! നീ ചെയ്തതൊക്കെ വളരെ നല്ലതുതന്നെ. പക്ഷേ, ഒരു വെററിലവാങ്ങുവാൻപോലും കാശു തരാത്ത നിന്റെ അപ്പച്ചൻ ഇതറിഞ്ഞാൽ എന്നേയും നിന്നേയും വെച്ചേക്കുമോ കുഞ്ഞേ?"

"എന്തടാ! അധികപ്രസംഗീ" എന്നലറിക്കൊണ്ട് അപ്പോഴേക്കും അവിടെ ചാടിക്കടന്നുവന്ന അയാൾ അവരുടെ സംഭാഷണമെല്ലാം ഒളിച്ചുനിന്നു കേൾക്കുകയായിരുന്നു. ആ മല്ലപൻ നിഷ്കളങ്കനായ ആ ബാലനെ കണക്കിനു പ്രഹരിക്കുകതന്നെ ചെയ്തു. "അനാവശ്യമായി ഒരു മുഴുവൻരൂപാ തുലച്ചുകളഞ്ഞ ആ ധൂർത്തൻ" ഒരുവിധത്തിൽ അമ്മയുടെ ജാമ്യത്തോടുകൂടി സ്വതന്ത്രനായി. സകല വേദനയും മാത്തുക്കുട്ടി ക്ഷമാപൂർവ്വം സഹിച്ചു സ്വപിതാവിന്റെ മാനസാന്തരത്തിനായി കാഴ്ചവെച്ചു.

അന്നുരാത്രി എല്ലാവരും ഉറക്കമായെന്നു കണ്ടപ്പോൾ മാ

ത്തുക്കുട്ടി പതുക്കെ എഴുന്നേററു. അപ്പച്ചൻ അടുത്ത മുറിയിൽ
മലർന്നുകിടന്നു കൂർക്കംവലിച്ചുറങ്ങുന്നു. അവൻ ഒരു പൂച്ചയെ
പ്പോലെ ശബ്ദമുണ്ടാക്കാതെ നടന്നുചെന്ന് ഒരു പെട്ടിതുറന്നു.
അതിൽ ആരും കാണാതെ സൂക്ഷിച്ചുവച്ചിരുന്ന ആ തിരുഹൃദ
യത്തിൻെറ മനോജ്ഞരൂപവും അഞ്ചു മെഴുകുതിരിയുമായി അ
വൻ തിരിച്ചുവന്നു. പഠിക്കുവാൻ ഉപയോഗിച്ചിരുന്ന ഒരു മേ
ശ ചുവരിന്നടുത്തു കിടന്നിരുന്നു. കിടക്കയിൽനിന്നു പുതപ്പെ
ടുത്ത് അവൻ ആ മേശമേൽ വിരിച്ചു. തിരുഹൃദയത്തിൻെറ അ
രൂപം അതിന്മേൽ ചാരിവച്ച്, മെഴുകുതിരികളും കത്തിച്ച്
ആ ബാലൻ അവിടെ മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഈ
ശോയുടെ അഞ്ചു തിരുമുറിവുകളെ സ്മരിച്ചുകൊണ്ടാണ് അവൻ
അഞ്ചു മെഴുകുതിരികൾ കത്തിച്ചുവെച്ചത്. അവൻ ഈശോ
യോട് പലതും അപേക്ഷിച്ചു. ദിവ്യനാഥൻ അവൻെറമേൽ
മന്ദസ്മിതം തൂകുന്നതായി തിരികളുടെ പ്രകാശത്തിൽ അവൻ
കണ്ടു.

പാതിരാകഴിഞ്ഞു. മാത്തുക്കുട്ടിയുടെ പിതാവ് എങ്ങനെ
യോ പെട്ടെന്നുണർന്നു. അടുത്ത മുറിയിൽനിന്ന് അസാധാരണ
മായ ഒരുവെളിച്ചം കണ്ടതിനാൽ അയാൾ ആ ഉറക്കത്തപ്പ
ലോടെ അങ്ങോട്ടുചെന്നു. അവിടെ കണ്ട കാഴ്ച! തൻെറ ഓമ
നമകൻ തിരുഹൃദയരൂപത്തിൻെറ മുമ്പിൽ ഒരു കൊച്ചുമാലാ
ഖയെപ്പോലെ മുട്ടുകുത്തി നില്ക്കുന്നു. അവൻെറ കവിൾത്തട
ത്തിൽക്കൂടെ കണ്ണീർത്തുള്ളികൾ ഉരുണ്ടുരുണ്ടുവീണിരുന്നു. ആ
നിഷ്കളങ്കബാലൻ കർത്താവിൻെറ തിരുഹൃദയത്തോട് എന്തോ
മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്. മാത്തുക്കുട്ടിയുടെ പിതാവു കുറേ
നേരം അവിടെത്തന്നെ മിഴിച്ചുനിന്നുപോയി. അയാളുടെ ഭാവന
യിൽ ഒരു ചലച്ചിത്രപ്രദർശനം നടന്നു. "തലേദിവസത്തെ പ്രഹ
രം—തല്ലിത്തകർത്തുകളയാതിരുന്ന ആ തിരുഹൃദയരൂപം-ബ്രിട്ടീഷു
രൂപാ തുലച്ചുകളഞ്ഞ ആ തോന്ന്യവാസിച്ചെറുക്കൻെറ വക്കാ
ലത്തും വാങ്ങിവന്ന തൻെറ ഭാര്യ . . . " അയാളുടെ കഠിന

ഹൃദയം കലങ്ങി; കണ്ണിൽ വെള്ളം നിറഞ്ഞു. "പാഠപുസ്തകം വാങ്ങേണ്ട പണംകൊണ്ട് തിരുഹൃദയരൂപം വാങ്ങിവെച്ച് അതു കാണാതെ ആരാധന നടത്തുന്ന ആ കൊച്ചുവന്റെ ദൈവസ്നേഹം ആ മന്ദഭക്തന്റെ ഹൃദയശിലയെ തകർത്തുപൊടിച്ചു. അയാൾ മാത്തുക്കുട്ടിയുടെ സമീപത്തേയ്ക്കു സാവധാനം ചെന്നു. അപ്പച്ചന്റെ ആഗമനത്തിൽ ആ കുട്ടി ഭയന്നുവിറച്ചു. എന്നാൽ അപ്രതീക്ഷിതമായ സ്നേഹവാത്സല്യത്തോടേ ആ പിതാവു തന്റെ മകനെ ഗാഢമായി ആശ്ലേഷിക്കുകയാണുണ്ടായത്. അതിനുശേഷം അയാളും അവിടെ മുട്ടുകുത്തി. "മകനേ, നമുക്കു പ്രാർത്ഥിക്കാം. ഈശോയുടെ തിരുഹൃദയമേ! എന്നോടു ക്ഷമിക്കേണമേ" അയാൾ നിലവിളിച്ചുപറഞ്ഞു.

# 43. പ്രതികാരം

ജോർജ്ജുകുട്ടി—തന്റെ മാതാവിന്റെ ഏകസന്താനമായിരുന്നു അവൻ. അവളോ ഒരു വിധവയും.

സ്കൂളിൽനിന്നു വന്നതിനുശേഷം പതിവുള്ള ലഘുഭക്ഷണം കഴിക്കുവാനായി ജോർജ്ജുകുട്ടി അടുക്കളയിലെത്തി. അവന്റെ കൈവെള്ളയിലേ ഒരു തടിച്ച പാട് ആ മാതാവിന്റെ ശ്രദ്ധയെ ആകർഷിച്ചു. "ജോർജ്ജുകുട്ടീ, എന്തു പററി നിന്റെ കൈയ്ക്കു്" ഉൽക്കണ്ഠയോടുകൂടി അവർ ചോദിച്ചു.

"ഓ! ഒന്നുമില്ലമ്മച്ചീ; സാറൊന്നു തല്ലി" ഉദാസീനനായി അവൻ ഉത്തരിച്ചു.

"എന്തിന്?" അവർ വീണ്ടും ചോദിച്ചു. "ഇന്നു പാഠങ്ങൾ പഠിച്ചില്ലായിരുന്നോ?"

"അതിനല്ല." ജോർജ്ജുകുട്ടി കാര്യം മറയ്ക്കുവാൻ ശ്രമിച്ചു.

"വല്ല കുസൃതിത്തരവും കാണിച്ചോ?" അവന്റെ അമ്മ

വീണ്ടും ചോദിച്ചു. "ഇല്ലമ്മച്ചീ'' അവൻ പറഞ്ഞു. ഇതിനകം കാപ്പികുടി കഴിഞ്ഞു.

"പിന്നെന്തിനാ തല്ലുകൊണ്ടതു്?" ആ മാതൃഹൃദയം ആരാഞ്ഞു. ജോർജ്ജുകുട്ടി ഒന്നും മിണ്ടിയില്ല. "കുഞ്ഞിന്റെ അമ്മച്ചിയോടു പറയുകയില്ലേ?'' ആ വത്സലമാതാവിന്റെ കണ്ണുകൾ നിറഞ്ഞു. ജോർജ്ജുകുട്ടി തന്റെ അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "പറയാം അമ്മച്ചീ, പറയാം. അതൊരു നീണ്ടകഥയാണു്." അവൻ കുറച്ചുസമയം മിണ്ടാതിരുന്നു. അനന്തരം ആരംഭിച്ചു: "അമ്മേ, ആ തെക്കേപ്പുറമ്പിലെ ചാക്കോയില്ലേ? ഇന്നാൾ അവന്റെ ഒരു രൂപം—അമലോത്ഭവമാതാവിന്റെ ഒരു രൂപം കാണാതെ പോയി. രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം, പള്ളിയിൽവച്ചു്, എന്റെ പ്രാർത്ഥനപ്പുസ്തകത്തിലിരുന്ന അമലോത്ഭവമാതാവിന്റെ രൂപം—എനിക്കു വേദപാഠക്ലാസ്സിൽ സമ്മാനം കിട്ടിയ ആ രൂപം—അവൻ കണ്ടു. അവൻ കരുതി അവന്റെ രൂപം ഞാൻ എടുത്തതാണെന്നു്. എന്നോടവൻ ഒന്നും ചോദിച്ചില്ല. വേദപാഠം കഴിഞ്ഞു ഞാൻ വീട്ടിലേക്കു പോരുമ്പോൾ അവൻ കുറച്ചു കൂട്ടുകാരുമായി എന്റെ പിറകേ വരുന്നുണ്ടായിരുന്നു. 'അതാ കള്ളൻ; കള്ളൻപോണേ' എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടവരട്ടഹസിച്ചു. ആദ്യം ഞാൻ ലജ്ജിതനായി. അടക്കാൻ വഹിയാത്ത കോപത്താൽ എന്റെ രക്തമെല്ലാം തിളച്ചു തലയിൽ കയറുന്നതുപോലെ എനിക്കു തോന്നി. ഒററയടിക്കു് അവനെ താഴെയിട്ടെങ്കിലോ എന്നു ഞാൻ വിചാരിച്ചു.'' ജോർജ്ജുകുട്ടിയുടെ മുഖം ചെമന്നു. "എന്നിട്ടോ?" ആ മാതാവു് ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു. "അവർ ഓടിപ്പൊയ്ക്കളഞ്ഞു. "കള്ളൻ'' എന്ന പരിഹാസവചനം എപ്പോഴും എന്റെ ഓർമ്മയിൽ വന്നുകൊണ്ടിരുന്നു. എങ്ങനെ എങ്കിലും പകരം വീട്ടണമെന്നുള്ളതായിരുന്നു പിന്നീടുള്ള എന്റെ ചിന്ത. അന്നു് എനിക്കൊരു സമാധാനവുമില്ലായിരുന്നു. അമ്മ ഓർക്കുന്നുണ്ടോ ഒരുദിവസം പ്രാർത്ഥനയെല്ലാം ഞാൻ തെ

ററിച്ചു ചൊല്ലിയതും ഞാൻ ഉറക്കം തൂങ്ങുകയാണെന്ന് അമ്മ എന്നെ വഴക്കു പറഞ്ഞതുമെല്ലാം. വാസ്തവത്തിൽ പകരം വീട്ടലിനെക്കുറിച്ചു ചിന്തിച്ചിരുന്നതിനാലാണു പ്രാത്ഥനയെല്ലാം അന്നു തെററിപ്പോയതു്." അവൻെറ അമ്മ ആകാംക്ഷാപൂവ്വം കഥാഗതി ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ജോർജ്ജുകുട്ടി തുടർന്നു: "പ്രാത്ഥനകഴിഞ്ഞപ്പോൾ പതിവുപോലെ അമ്മച്ചി സുവിശേഷം വായിച്ചു. 'നിൻെറ ശത്രുക്കളെ നീ സ്നേഹിക്കുക; നിന്നെ ഉപദ്രവിക്കുന്നവർക്ക് ഉപകാരം ചെയ്യുക" എന്ന പുതിയ പ്രമാണഭാഗമായിരുന്നു അന്നത്തെ വായനാവിഷയം. ഒരു യഥാത്ഥ ക്രിസ്ത്യാനി ശത്രുക്കളോട് എങ്ങനെ പെരുമാറണമെന്ന് തന്നെ കുരിശിൽ തറച്ച യൂദന്മാർക്കുവേണ്ടി പ്രാത്ഥിച്ച ഈശോയുടെ മാതൃക കാണിച്ചുകൊണ്ടു് അമ്മ എന്നെ ഗ്രഹിപ്പിച്ചില്ലേ?" "ഉവ്വ്" ഭക്തയായ ആ മാതാവിനു സമാധാനമായി. "അന്നു ഞാൻ ഉറങ്ങാൻ പോയപ്പോഴും പ്രതികാരത്തെക്കുറിച്ചു ചിന്തിച്ചു. എന്നാൽ ഈശോയുടെ കല്പനയും, അമ്മച്ചിയുടെ ഉപദേശവും ഞാൻ ഓത്തു. "ക്രിസ്തുവിൻെറ ഒരു യഥാത്ഥാനുയായി ആകണമെങ്കിൽ ചാക്കോയോടു ക്ഷമിക്കണം, അവന് ഉപകാരംകൂടി ചെയ്യണം" എൻെറ മനഃസാക്ഷി ഉപദേശിച്ചു. അവൻ കുറച്ചു സമയം മിണ്ടാതിരുന്നു. ഹൃദയസമാധാനത്തിൻെറ മാറെറാലിയെന്നോണം ഒരു നെടുനിശ്വാസം അവനിൽനിന്നും ഉദ്ഗമിച്ചു പിന്നീട് അവൻ കഥ തുടർന്നു: "പിറേറദിവസം ഞാൻ ചാക്കോയെ കണ്ടു. അവനോടു സംസാരിക്കുവാൻ ഞാൻ ശ്രമിച്ചു. എന്നാൽ എനിക്കതു സാധിച്ചില്ല. ദിവസങ്ങൾ അങ്ങനെ പലതു കഴിഞ്ഞു."

x x x

"ഇന്നു ഞങ്ങൾക്ക് ഇംഗ്ലീഷ് ക്ലാസ്സുണ്ടായിരുന്നു. ചിലർ പുസ്തകം കൊണ്ടുവന്നിരുന്നില്ല. സാറു കോപിച്ച്, പുസ്തകമില്ലാത്തവരെ തല്ലുവാൻ തുടങ്ങി. എൻെറ അടുത്തിരുന്ന

ചാക്കോയ്ക്കും പുസ്തകമില്ലായിരുന്നു. അവൻ ഭയന്നു വിറയ്ക്കുന്നതു ഞാൻ കണ്ടു. മററുള്ളവർ തല്ലു കൊള്ളുന്നതു കണ്ടു ചാക്കോ കണ്ണുമടച്ചു നിന്ന തരംനോക്കി എൻെറ പുസ്തകം അവൻെറ മുമ്പിലേയ്ക്കു ഞാൻ മാററിവച്ചു. അവൻെറ മുൻവശത്തു പുസ്തകമിരിക്കുന്നതുകണ്ടു സാറു് അവനെ തല്ലിയില്ല. എൻെറ അടുക്കൽ വന്നപ്പോൾ ഞാൻ കുററക്കാരനെപ്പോലെ കൈനീട്ടി . . . . . അതിൻെറ പാടാണിതു്. അങ്ങനെയാണു ഞാൻ പ്രതികാരം ചെയ്തതു്." അവൻ അമ്മയുടെ മുഖത്തേയ്ക്കൊന്നു നോക്കി. അവിടെ ആനന്ദത്തിൻെറ കല്ലോലമാലകൾ ഓളംവെട്ടുന്നതു കണ്ടു് അവൻ സംതൃപ്തനായി.

"എൻെറ കൊച്ചു മിടുക്കാ" അവൾ അവനെ കെട്ടിപ്പിടിച്ചുകൊണ്ടു പലവുരു ചുംബിച്ചു.

"ചാക്കോയ്ക്കു കാര്യമെല്ലാം മനസ്സിലായി" ജോർജ്ജുകുട്ടി തുടന്നു: "വെളിക്കു വിട്ടപ്പോൾ അവനെന്നോടു ക്ഷമായാചനം ചെയ്തു. അവൻെറ രൂപം പിന്നീടവനു കിട്ടിയെന്നും മററും അവൻ എന്നോടു പറഞ്ഞു. അമ്മേ ഞാൻ ഈശോയ്ക്കിഷ്ടപ്പെടുന്നതല്ലേ ചെയ്തതു്?" അവൻ തൻെറ അമ്മയുടെ മുഖത്തേക്കു വീണ്ടും നോക്കി. സന്തോഷഭരിതയായ ആ വത്സലമാതാവിനു മറുപടി പറയുവാൻ കഴിഞ്ഞില്ല. അവൾ പുത്രനെ കോരിയെടുത്തു മാറോടു ചേർത്തു വീണ്ടും ചുംബിച്ചു. പ്രതികാരം!

## 44. ജോസഫ് ദാസ്

വിശുദ്ധ യൗസേപ്പു പിതാവിൻെറ ഒരു ഭക്തദാസനാണു് പൂന്തുറവീട്ടിലെ തോമ്മാച്ചൻ. അതിനാലത്രെ തൻെറ ഏക കുമാരനെ "ജോസഫ് ദാസ്" എന്നു് അയാൾ വിളിച്ചു തുടങ്ങിയതു്, മാതാവിൻെറ പരിലാളനകളേൽക്കുവാൻ അ

പൈതലിനു ഭാഗ്യമുണ്ടായില്ല. തോമ്മാച്ചൻെറ പ്രിയ പത്നി പ്രസവസംബന്ധമായ ഒരു രോഗത്താൽ പരലോകപ്രാപ്തയായി.

അമ്മയില്ലാത്ത ആ ശിശുവിനെ വളർത്തിക്കൊണ്ടുവരുവാൻ തോമ്മാച്ചൻ വളരെ കഷ്ടപ്പെടേണ്ടിവന്നു. പട്ടണത്തിലെ സെൻറ് മേരീസ് നെയ്ത്തുകമ്പനിയിലാണ് അയാളുടെ ജോലി. ആ ചുരുങ്ങിയ വരുമാനംകൊണ്ട് അപ്പനും മകനും അഭിമാനപൂർവ്വം ജീവിച്ചു. ജോസഫ് ദാസിനെ സ്കൂൾഫൈനൽ വരെ പഠിപ്പിക്കണമെന്നാണ് ആ പിതാവിൻെറ അഭിലാഷം. തൻെറ പുത്രനെ ദൈവഭക്തിയിൽ വളർത്തുവാൻ തോമ്മാച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. വിശുദ്ധ യൗസേപ്പുപിതാവിലുള്ള അചഞ്ചലമായ ആശ്രയബുദ്ധി ആ ബാലനിൽ രൂഢമൂലമാക്കുവാനും അയാൾക്കു സാധിച്ചു.

സെൻറ് മേരീസ് കമ്പനിമാനേജർ തൻെറ കീഴുള്ളവരോട് മമതയോടെ വർത്തിക്കുന്ന ഒരു ഉത്തമ കത്തോലിക്കനായിരുന്നു. ശാന്തിയും സൗഭാഗ്യവും ഒത്തിണങ്ങിയ അദ്ദേഹത്തിൻെറ ജീവിതത്തെയും ഒരു നേരിയ കരിനിഴൽ വീശി. സന്താനരഹിതമായ തൻെറ ദാമ്പത്യജീവിതമായിരുന്നു അദ്ദേഹത്തെ ദുഃഖിതനാക്കിയതു്. അങ്ങനെയിരിക്കെ ഒരു ദിവസം തോമ്മാച്ചൻ മാനേജരെ സമീപിച്ചു വിനയപൂർവ്വം പറഞ്ഞു: "മാനേജർസാറേ, വിശുദ്ധ യൗസേപ്പുപിതാവിൻെറ മദ്ധ്യസ്ഥശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഒരു നൊവേന കഴിക്കുക. ദൈവം ഒരു സന്താനത്തെ തരുവാൻ തിരുമനസ്സായാൽ അതിനു പ്രതിനന്ദിയായി ഒരു അനാഥബാലനെ സ്വപുത്രനെപ്പോലെ പരിരക്ഷിക്കാമെന്നു് ഒരു പ്രതിജ്ഞയും ചെയ്യുക."

നിഷ്ക്കളങ്കനായ ആ തൊഴിലാളിയുടെ ഉപദേശം മാനേജർസാർ സന്തോഷത്തോടെ സ്വീകരിച്ചു. തോമ്മാച്ചനും കാര്യലബ്ധിക്കായി ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാൻ തുടങ്ങി.

കൊല്ലങ്ങൾ ഒരു പന്ത്രണ്ട് എങ്ങനെയെന്നറിയാതെ ക

ടന്നുപോയി. ജോസഫ്ദാസ് രണ്ടാംഫാറത്തിൽ പഠിക്കുകയാണ്. കിടക്കിടെ പനിച്ചുകൊണ്ടാണ് അന്ന് തോമ്മാച്ചൻ കമ്പനിയിൽനിന്നു മടങ്ങിവന്നത്. പാട്ടുള്ള ചികിത്സകളെല്ലാം ചെയ്തുനോക്കി. എങ്കിലും ഒരു ഫലവുമുണ്ടായില്ല. തോമ്മാച്ചൻ തൻെറ പ്രിയ പുത്രനോട് അന്ത്യയാത്ര പറഞ്ഞു. നെഞ്ചത്തടിച്ചു നിലവിളിക്കുന്ന ആ ബാലനെ നോക്കി അയൽവാസികളും കണ്ണീർവാർത്തു. സുഹൃത്തുക്കൾ വന്നു തോമ്മാച്ചൻെറ മൃതദേഹം മഞ്ചത്തിൽ യഥാവിധി കിടത്തി. പിതാവിൻെറ ശിരോഭാഗത്ത് ഏങ്ങിയേങ്ങി കരഞ്ഞുകൊണ്ടു ജോസഫ്ദാസ് മുട്ടുകുത്തി നിന്നിരുന്നു. അവൻ യാദൃശ്ചികമായി ആ ഗൃഹഭിത്തിയിലേയ്ക്ക് ഒന്നുനോക്കി. അപ്പോൾ ദിവ്യശിശുവിനെ കരത്തിലേന്തിനില്ക്കുന്ന വിശുദ്ധ യൗസേപ്പുപിതാവിൻെറ ആ പടം അവൻെറ ദൃഷ്ടിയിൽപ്പെട്ടു. അല്പം അറിഞ്ഞണഞ്ഞു വന്നിരുന്ന ആ വ്യസനാഗ്നി ഉടനെ ആളിക്കത്തി. കെട്ടിനിറുത്തിയിരുന്ന കണ്ണജലം വീണ്ടും ചിറപൊട്ടിയൊഴുകി. മരിച്ചുകിടക്കുന്ന അപ്പച്ചൻ വി. യൗസേപ്പുപിതാവിൻെറ പരിപാലനയിൽ തന്നെ പ്രതിഷ്ഠിച്ചിരുന്ന വസ്തുതയും പുണ്യവാനെപ്പററി പിതാവു പറഞ്ഞു കൊടുത്തിട്ടുള്ള നൂറു നൂറു കാര്യങ്ങളും ആ ബാലൻെറ മനസ്സിൽ അണിനിരന്നു. തകർന്ന ഹൃദയത്തോടെ ആ അനാഥബാലൻ വിലപിച്ചു: "പിതാവേ, അപ്പച്ചനുമെന്നെ പിരിഞ്ഞുപോയി! ആരാണെനിക്കിനി തുണ? ഉണ്ണിയീശോയെ സംവഹിച്ച ആ പുണ്യകരങ്ങളിലേയ്ക്ക് ഈ കൊച്ചുമകനേയും സ്വീകരിക്കേണമേ!!"

"വത്സാ, നീ അനാഥനല്ല; അനാലംബനുമല്ല. എൻെറ പിതൃഹൃദയം നിന്നെ സഹായിക്കുവാൻ ഇതാ വെമ്പൽ കൊള്ളുന്നു", മന്ദസ്മിതംതൂകുന്ന ആ മാമുനി തൻെറ ചെവിയിൽ അമന്ത്രിച്ചതുപോലെ ആ കുട്ടിക്കുതോന്നി.

കമ്പനിമാനേജർ കൈയയച്ചു സഹായിച്ചതിനാൽ തോമ്മാച്ചൻെറ ശവസംസ്കാരച്ചടങ്ങുകൾ വളരെ ഭംഗിയായി നടന്നു. അതുകൊണ്ടും ആ ഉദാരമനസ്കൻ അവസാനിപ്പിച്ചില്ല.

പിറേറന്നു പ്രഭാതത്തിൽ ജോസഫ് ദാസ് കമ്പനിമാനേജരുടെ വീട്ടിലേയ്ക്കു വിളിക്കപ്പെട്ടു. അദ്ദേഹം ആ കുട്ടിയോടു പറഞ്ഞു: "വി. യൗസേപ്പു പിതാവിൻെറ സ്തുതിക്കായി ഒരു അനാഥബാലനെ ഏറെറടുത്തു സംരക്ഷിക്കുവാൻ എനിക്കൊരു വഴിപാടുണ്ട്, ഈ ഓടിക്കളിക്കുന്ന കുഞ്ഞുങ്ങളെല്ലാം ആ പുണ്യപിതാവിൻെറ മാദ്ധ്യസ്ഥത്താൽ എനിക്കു നൽകപ്പെട്ടവരാണ്. ജോസഫ് ദാസിനെ ഇന്നുമുതൽ പുത്രതുല്യം സംരക്ഷിച്ചുപോരുവാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു."

അന്നുമുതൽ അവൻ ആ ധനികഗൃഹത്തിലെ ഒരംഗമായി. പിതൃനിർവ്വിശേഷമായ വാത്സല്യമാണു മാനേജർ ആ കുട്ടിയോടു പ്രദർശിപ്പിച്ചുപോന്നത്. ജോസഫ് ദാസിനെ അദ്ദേഹം പഠിക്കുവാൻ വിട്ടു. സ്കൂൾഫൈനൽ പരീക്ഷയിൽ അവൻ പ്രശസ്തവിജയംനേടി. കുട്ടിയുടെ അസാമാന്യബുദ്ധിശക്തി കണ്ട് അതീവസന്തുഷ്ടനായ അദ്ദേഹം അവനെ ഉപരിവിദ്യാഭ്യാസത്തിനായി മദ്രാസിലേയ്ക്കയച്ചു.

* * *

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. സാമാനങ്ങളുടെ വില ഗവണ്മെൻറ് നിയന്ത്രിച്ചു. അതിനെത്തുടർന്നു സകല കച്ചവടക്കാരും കരിഞ്ചന്തയും തുടങ്ങി. പട്ടണത്തിലെ വസ്ത്രമില്ലുടമസ്ഥന്മാർ കൊഴുത്തു തടിച്ചുവന്നു. അവർ പലരും ലക്ഷപ്രഭുക്കളായി. എന്നാൽ സെൻറ് മേരീസ് മില്ലുടമസ്ഥൻ ഇതിനെല്ലാം ഒരപവാദമായിരുന്നു. ആദായം കാണാതെ ആ സത്യസന്ധൻ കുഴങ്ങി. കരിഞ്ചന്ത നടത്താൻ മുതിരാഞ്ഞതിൻെറ അനന്തരഫലം! അദ്ദേഹത്തിൻെറ ആദർശനിഷ്ഠയിൽ മററു വ്യാപാരികൾ അമർഷംപൂണ്ടു.

മററു വ്യവസായശാലകളിലെ തൊഴിലാളികൾ ക്ഷാമബത്തയ്ക്കും ബോണസ്സിനുംവേണ്ടി പണിമുടക്കു നടത്തുകയാണ്. പക്ഷേ സെൻറ് മേരീസിലെ രണ്ടായിരത്തോളംവരുന്ന തൊഴിലാളികൾ യാതൊരു ഒച്ചപ്പാടും ഉണ്ടാക്കാതെ സമാധാ

നപൂർവ്വം ജോലി ചെയ്തുവന്നു. അവർക്കറിയാമായിരുന്നു തങ്ങളുടെ കമ്പനിമാനേജരുടെ ആത്മാർത്ഥതയും അനുകമ്പയും. യാതൊരു മാററവും മറിപ്പും കൂടാതെ എല്ലാവസ്ത്രങ്ങളും നിയന്ത്രിതനിരക്കിനു വിററഴിക്കുന്ന ആ മാതൃകാവ്യവസായിയെ നാട്ടുകാർ മുക്തകണ്ഠം അഭിനന്ദിച്ചു. എന്നാൽ കൺട്രോൾക്കാലം ആ കമ്പനിമാനേജരുടെ കണ്ണകോടാലിയാണെന്നു് അധികമാരും അറിഞ്ഞില്ല.

ഒരു ദിവസം ആദായനികുതിവകുപ്പിലെ ഒരു വലിയ ഉദ്യോഗസ്ഥൻ കമ്പനിയിലേക്കു കയറിവന്നു കണക്കു പരിശോധന തുടങ്ങി. വ്യവസായത്തിൽ ഗണ്യമായ യാതൊരു ആദായവും കാണാഞ്ഞതിൽ ആഫീസർ അരിശംകൊണ്ടു. "സർക്കാരിനെ കരങ്ങു കളിപ്പിക്കുന്ന ഒരു കൂട്ടം കൃത്രിമ വ്യവസായികൾ" എന്നാക്രോശിച്ചുകൊണ്ടു കോഴ വാങ്ങി കൊഴുത്തു തടിച്ച ആ മഹാസത്വം തലയും കമ്പവയറും കുലുക്കി പടിയിറങ്ങിപ്പോയി. മാനേജർ നിരുദ്ധകണ്ഠനും നിരുന്മേഷനുമായി. കഷ്ടം! കൈക്കൂലി കൊടുത്തു കാര്യം നേടാഞ്ഞതിൻെറ പരിണതഫലം അയാളെ നോക്കി കണ്ണുരുട്ടി. ആഫീസുമുറിയുടെ വെൺഭിത്തിയിൽ അലങ്കരിച്ചുപ്രതിഷ്ഠിച്ചിരുന്ന വി. യൗസേപ്പിൻെറ ആ സചിത്രരൂപത്തിലേയ്ക്കു് ആ ഭക്തദാസൻ കണ്ണുനീരോടെ നോക്കി.

അടുത്തദിവസം അദ്ദേഹത്തിനൊരു കടലാസു കിട്ടി. ആ ഉത്തരവിൽ കാണിച്ച വാചകങ്ങൾ വായിച്ചുതീരുംമുമ്പ് മാനേജർ കസേരയിൽ മലർന്നു വീണു. ക്രമാനുസൃതമായ അക്കൗണ്ടു സൂക്ഷിക്കാഞ്ഞതിനു 5000ക. പിഴ! ഉല്പാദിതവസ്തുക്കൾ കരിഞ്ചന്തയിൽ വിററതിനു രാജ്യരക്ഷാനിയമപ്രകാരം ഒരു ചാർജ്ജ്!! ആദായനികുതി വകുപ്പിലേയ്ക്കു 12000ക. കുടിശ്ശിഖ!!

ആരും അദ്ദേഹത്തെ സഹായിക്കുവാനുണ്ടായില്ല. പോലീസുവന്നു മില്ല് പൂട്ടി മുദ്രവെച്ചു. മാനേജരെ "ലോക്കപ്പി"ലാ

ക്കി. കേസു കോടതിയിലുമായി. നാട്ടുകാർ ആ നല്ല മുതലാളിയുടെ നൈർഭാഗ്യത്തിൽ ഹൃദയപൂർവം സഹതപിച്ചു. തൊഴിലാളികൾ വരിയിട്ടു പണമെടുത്തു മുതലാളിക്കുവേണ്ടി കേസു വാദിച്ചു. വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു ക്രിമിനൽക്കേസ്!

കമ്പനിമാനേജർക്കുവേണ്ടി വാദിക്കുവാൻ മദ്രാസിൽനിന്നു പ്രസിദ്ധനായ ആ ബാരിസ്റ്റർ സമാഗതനായി. കോടതിയുടെ അകവും പുറവും ജനനിബിഡമായി. മാനേജരെ കുററപ്പുള്ളികളുടെ കൂട്ടിൽ കൊണ്ടുവന്നു നിർത്തി വിസ്തരിച്ചുവിട്ടു. അതിനുശേഷം ചെറുപ്പക്കാരനായ ആ അഭിഭാഷകൻ ആദായനികുതി ഓഫീസറെയാണു് വിസ്തരിച്ചതു്. ബാരിസ്റ്ററുടെ ഗർജ്ജനതുല്യമായ വചോവിലാസത്തിനു മുമ്പിൽ പരസ്പരവിരുദ്ധങ്ങളും അടിസ്ഥാനരഹിതങ്ങളുമായ പ്രത്യുത്തരങ്ങളാണു് ആ ഉദ്യോഗസ്ഥൻ നല്കിയതു്. തൻെറ പ്രതികപടവൃത്തിയോ കരിഞ്ചന്തവ്യാപാരമോ കൂടാതെ ആത്മാർത്ഥതയോടെ വ്യാപരിച്ചുപോന്ന പ്രശംസാർഹനായ ഒരു വ്യാപാരിയാണെന്നു വക്കീൽ സ്ഥാപിച്ചുകഴിഞ്ഞു. പ്രതി നിരപരാധിയാണെന്നു ന്യായാധിപൻ വിധിയെഴുതുകയും ചെയ്തു. മാനേജർ സ്വതന്ത്രനായി. പോലീസ് കസ്റ്റഡിയിൽനിന്നു പുറത്തുവന്ന ക്ഷീണഗാത്രനായ ആ മുതലാളി യുവകോമളനായ ആ ഹൈക്കോർട്ടു വക്കീലിനെ അശ്രുധാരയോടെ ആലിംഗനം ചെയ്യുന്നതുകണ്ടു് സഹവർത്തികൾ അത്ഭുതസ്തബ്ധരായി. തൻെറ പ്രിയംനിറഞ്ഞ വളർത്തുപിതാവിനോടുകൂടി ഗൃഹത്തിൽ എത്തിയ ഉടനെ ബാരിസ്റ്റർ ജോസഫ് ദാസ് എം. ഏ. ബാർ–അററ്–ലാ. വി. യൗസേപ്പുപിതാവിൻെറ തിരുസ്വരൂപത്തെ നോക്കി വികാരഭാരത്തോടെ നന്ദിപറഞ്ഞു.

# 45. കൊമ്പൻകാള

ശാന്തിയും സമാധാനവും കളിയാടുന്ന ഒരു ചെററക്കുടിൽ. അതിൽ മൂന്നംഗങ്ങൾ; പിതാവ്, മാതാവ്, മകൻ. വർക്കിച്ചേട്ടൻ എന്നും വേലയ്ക്കുപോകും. ചെറിയൊരു തുക സമ്പാദിക്കും. അങ്ങനെ ആ ദരിദ്രകുടുംബം കഴിഞ്ഞുപോന്നു.

ജോസ് — വർക്കിച്ചേട്ടൻെറ ഏകസന്താനം. പുത്രൻെറ ഉന്നതിയായിരുന്നു പിതാവിൻെറ ഉന്നം. ജോസിൻെറ ഭാവിയെപ്പററി പല ദിവാസ്വപ്നങ്ങളും ആ വത്സലതാതൻ കണ്ടു. പിതാവിൻെറ കണ്ണിലുണ്ണിയായി, മാതാവിൻെറ തങ്കക്കുടമായി, കുടുംബത്തിലെ കൊച്ചുരാജാവായി അവൻ വളർന്നുവന്നു.

കൊമ്പൻകാള — അതിനെ വാങ്ങരുതെന്നു വർക്കിച്ചേട്ടൻെറ ഭാര്യ അന്നു പറഞ്ഞതാണ്. പക്ഷേ അവളുടെ വാക്കുകളെ വർക്കിച്ചേട്ടൻ അത്ര കാര്യമാക്കിയില്ല. കാളയുടെ ഉപദ്രവംകൊണ്ടു നാട്ടുകാർ വിഷമിച്ചു. പലരും പലപ്രാവശ്യം വർക്കിച്ചേട്ടൻെറ പക്കൽ കാളയുടെ ശല്യത്തെപ്പററി പരാതിപറഞ്ഞിട്ടുണ്ട്. അനുദിനം അതിൻെറ ഉപദ്രവം വർദ്ധിച്ചുവന്നു.

വളർന്നുവന്നതോടുകൂടി ജോസിൻെറ ആകൃതിയും പ്രകൃതിയും മാറി. ദുഷ്ടസംസർഗ്ഗത്തിലായി ജീവിതം. പാപപ്പുഴയിൽ അവൻ ദൈനംദിനം നീന്തി. മാതാപിതാക്കന്മാരോടുള്ള ആദരവും അനുസരണയും അവനിൽനിന്നകന്നുതുടങ്ങി. അവരൊന്നു ശാസിച്ചാൽ മതി, മകൻെറ ഭാവം മാറും. പിതാവിൻെറ സാന്നിദ്ധ്യംതന്നെ ജോസിന് അസഹ്യമായിത്തോന്നി. മകൻെറ പ്രവൃത്തികൾ പിതൃഹൃദയത്തെ വല്ലാതെ വിഷമിപ്പിച്ചു. വരുന്നതു വരട്ടെയെന്നു കരുതി വർക്കിച്ചേട്ടൻ സമാധാനപ്പെട്ടു.

ഫോട്ടോ എടുക്കലായിരുന്നു ജോസിൻെറ പ്രധാന തൊഴിൽ. കിട്ടുന്ന പണം ധൂർത്തടിക്കും. വീട്ടിലുള്ളവർ പട്ടിണിയി

ലും പഞ്ഞത്തിലും. സ്വന്തം മാതാപിതാക്കളെ മറന്നുള്ള മകന്റെ ജീവിതം അങ്ങനെ മുമ്പോട്ടുനീങ്ങി.

“അടുത്തുവരുന്ന പ്രദർശനത്തിന് ഏററവും നല്ല ഫോട്ടോ സമ്മാനിക്കുന്നവർക്കു 500 രൂപാ സമ്മാനം” — ജോസ് പത്രത്തിൽ വായിച്ചു. ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു. 500 രൂപാ കൈയിൽ എന്ന് അവൻ അഭിമാനംകൊണ്ടു.

ഒരു സുപ്രഭാതം. ജോസു ക്യാമറായുമായി പടിയിറങ്ങി. അപ്പോൾ കേൾക്കാം ഒരു ദീനരോദനം— “ജോസേ, അപ്പനെ കൊമ്പൻകാള ഓടിക്കുന്നു”— ആ മാതൃഹൃദയം നിലവിളിച്ചു. വ്യക്തമായിരുന്നില്ല ആ ശബ്ദം. ജോസു കണ്ടു കാള പിതാവിനെ ഓടിക്കുന്നതു്; അനുകമ്പയല്ല പണത്തിന്റെ കാര്യമാണ് അവനപ്പോൾ ഓർമ്മവന്നതു്. “പിതാവിനെ കാള ഓടിക്കുന്ന രംഗം—” ആ ഫോട്ടോ അവൻ എടുത്തു, എടുത്തില്ല, അപ്പോഴേക്കും കൊമ്പൻകാള വർക്കിച്ചേട്ടനെ കൊമ്പത്തു കോർത്തുകഴിഞ്ഞു. സ്വപിതാവിന്റെ അനർത്ഥത്തിൽ, ആ വത്സലമകൻ പണത്തിനുവേണ്ടി, കേവലം 30 വെള്ളിക്കാശിനു തന്റെ ഗുരുവരനെ വിററ യൂദാസിനെപ്പോലെ പ്രവർത്തിച്ചു. അതിദാരുണമാംവിധം മുറിവേററ പിതാവ് ആശുപത്രിയെ അഭയംപ്രാപിക്കുകയും ചെയ്തു.

x x x

500 രൂപാ കൈയിൽ! ജോസ് അഭിമാനംകൊണ്ടു. പ്രദർശനദിവസം സമാഗതമായി. പലപല ജീവിതസ്വപ്നങ്ങളും കണ്ടുകൊണ്ടാണ് അവൻ ഫോട്ടോ എടുത്തുനോക്കിയതു്. കൊമ്പൻകാളയുടെ രക്തമയങ്ങളായ കൊമ്പുകൾമാത്രം അതിൽ ദൃശ്യമായിരുന്നു. ജോസു മിഴിച്ചുനിന്നുപോയി. ഫോട്ടോ ഒന്നുകൂടി നോക്കി. “സ്വപിതാവിന്റെ രക്തം. കൊമ്പൻകാളയുടെ രണ്ടു കൊമ്പുകൾ” അത്രമാത്രം. ജോസിന്റെ ആശ നശിച്ചു. ഹൃദയം നീറി. കണ്ണുകൾ നിറഞ്ഞു. പിതാവിന്റെ രക്തം— മകന്റെ പണം. നിരാശാഭരിതനായി അവൻ അവിടെനിന്നും ഓടി. അ

വന്റെ അവസാനത്തെ ഓട്ടം. വഴിയരികിൽ നിന്നിരുന്ന കൊമ്പൻ കാളജോസിന്റെ പിറകെ ഓടിയെത്തി. ജീവനുംകൊണ്ടു് ആവുന്നത്ര വേഗത്തിൽ അവനോടി. വിധികർത്താവിന്റെ വിധിയിൽനിന്നു് ആരു് ഓടിനേടും? കൊമ്പൻകാളയുടെ കൂർത്തുമൂർത്തകൊമ്പുകൾ— സ്വപിതാവിന്റെ രക്തംകൊണ്ടു് അഭിഷിക്തമായ ആ കൊമ്പുകൾ— ജോസിന്റെ ശരീരം തുളച്ചുകയറി· ആരും അടുത്തുണ്ടായിരുന്നില്ല അവന്റെ ദീനരോദനം കേൾക്കാൻ.

വഴിയേവന്ന ഒരു 'നല്ല സമറായക്കാരൻ' ജോസിനെ ആശുപത്രിയിലാക്കി. വ്രണിതനായ അവന്റെ പിതാവും അവിടെയുണ്ടായിരുന്നു. ആ വൃദ്ധതാതൻ വത്സലസുതന്റെ ദയനീയസ്ഥിതി കണ്ടു് അതീവദു:ഖിതനായി.മകന്റെ ഉപദ്രവങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടു് വർക്കിച്ചേട്ടൻ ജോസിനെ മാറോടു ചേർത്തു വിലപിച്ചു. ചികത്സകൾ അനവധി ചെയ്തു. ജോസിന്റെ സ്ഥിതി ആശങ്കാജനകമായിത്തീർന്നു. അനീതിപരങ്ങളായ തന്റെ പ്രവൃത്തികളെക്കുറിച്ചു ജോസു പശ്ചാത്തപിച്ചു.ഒരു നല്ല കുമ്പസ്സാരംവഴി അവൻ ദൈവവുമായി രമ്യപ്പെട്ടു. അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് അവൻ മരണത്തിനൊരുങ്ങി. തന്റെ വത്സലപിതാവിനോടു് അവൻ വീണ്ടും വീണ്ടും മാപ്പിരന്നു. "പിതാവേ, അങ്ങയെ ഞാൻ പലപ്രകാരത്തിൽ ഉപദ്രവിച്ചിട്ടുണ്ടു്. പണത്തിനുവേണ്ടി അങ്ങയെ വില്ലുകപോലും ചെയ്ത ഈ യൂദാസിനോടു ക്ഷമിക്കേണമേ...." ജോസിന്റെ ശബ്ദം ഇടറി. നാവു തളർന്നു. ജീവനും പിരിഞ്ഞു.

പിതാവു ജീവിച്ചു. മകൻ മരിച്ചു. "മാതാപിതാക്കന്മാരെ അനുസരിക്കുക; അവരെ ബഹുമാനിക്കുക;" ദൈവത്തിന്റെ കല്പനയാണിതു്.

# 46. കളിപ്പാവ

ചാക്കോച്ചേട്ടൻെറ ഏക മകളാണു മേരിക്കുട്ടി. അവളുടെ കുടുംബസ്ഥിതി വളരെ മോശമായിരുന്നു. മേരിക്കുട്ടിയുടെ അപ്പച്ചൻ കൂലിവേലയ്ക്കുപോയി കിട്ടുന്ന ചെറിയ സമ്പാദ്യം കൊണ്ടാണു് ആ കുടുംബം പുലത്തിക്കൊണ്ടു പോന്നിരുന്നതു്. അപ്പച്ചൻ പണിക്കു പോകുമ്പോൾ മേരിക്കുട്ടി അടുത്തുള്ള കളരിയിൽ പഠിക്കുവാൻ പോകും. അങ്ങനെ ദിനങ്ങൾ കഴിഞ്ഞു പോന്നു.

ഒരുദിവസം അവളുടെ സ്ലേറുപെൻസിൽ നഷ്ടപ്പെട്ടുപോയി. അപ്പച്ചനോടു പുതിയ പെൻസിൽ വാങ്ങുന്നതിനുള്ള പണം അവൾ ചോദിച്ചു. രണ്ടുചക്രം ചാക്കോച്ചൻ മേരിക്കുട്ടിക്കു കൊടുത്തു. പക്ഷേ, പെൻസിൽ താമസിയാതെ വഴിയിൽക്കിടന്നു് അവൾക്കു കിട്ടി. അപ്പച്ചൻ കൊടുത്തിരുന്ന രണ്ടു ചക്രം അവൾ സൂക്ഷിച്ചുവച്ചു. വീട്ടിലെ കൊച്ചു റാണിയായിരുന്ന മേരിക്കുട്ടിയ്ക്കു പാവയോടു വളരെ ഇഷ്ടമായിരുന്നു. എങ്ങനെയെങ്കിലും കുറെ പണമുണ്ടാക്കി ഒരു പാവ മേടിക്കണമെന്നുള്ളതായിരുന്നു അവളുടെ പ്ലാൻ. അതിനു പത്തു ചക്രമെങ്കിലും വേണം. കൈയിൽ സമ്പാദ്യമായി രണ്ടു ചക്രമേ ഉള്ളൂ.

ഒരുകൊല്ലംകഴിഞ്ഞു. മേരിക്കുട്ടി തൻെറ സമ്പാദ്യപ്പെട്ടി തുറന്നു നോക്കി. പത്തുചക്രം. ഒരു പാവ വാങ്ങാൻ അതുമതി. അടുത്തദിവസംതന്നെ അതു വാങ്ങണമെന്നു് അവൾ ഉറച്ചു. അവളുടെ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു. മേരിക്കുട്ടി അപ്പച്ചൻെറ പക്കലേക്കു് ഓടി. വലിയ സ്വരത്തിൽ അവൾ പറയുവാൻ തുടങ്ങി: "അപ്പച്ചാ, എനിക്കൊരു പാവ വേണം. കാശു ഞാൻ കുടുക്കയിലിട്ടു വെച്ചിട്ടുണ്ടു്. അപ്പച്ചൻ നാളെ ചന്തയ്ക്കുപോകുമ്പോൾ എന്നെക്കൂടി കൊണ്ടുപോകണം" ചാ

ക്കോച്ചൻ അതു സമ്മതിച്ചു. അന്നൊരു ഞായറാഴ്ചയായിരുന്നു. അപ്പനും മകളും പള്ളിയിൽ പോയി. കുർബാന കണ്ടതിനുശേഷം മേരിക്കുട്ടി വേദപാഠക്ലാസിലേക്ക് ഓടി. പിറേറദിവസം വാങ്ങുവാനിരുന്ന പാവയെപ്പററിയായിരുന്നു അവളുടെ വിചാരം മുഴുവനും. ക്ലാസ്സിൽ വളരെ വിഷമിച്ചു സമയം കഴിച്ചുകൂട്ടി. പാവയെപ്പററി വിചാരിക്കുന്തോറും അവൾ ഉപര്യുപരി ആഹ്ലാദചിത്തയായി കാണപ്പെട്ടു.

വേദപാഠക്ലാസ്സ കഴിയുന്നതിന് ഇനി അധികം സമയമില്ല. കുട്ടികളെല്ലാം വീട്ടിലേക്കു പോകുന്നതിനുള്ള സമയം നോക്കിയിരിപ്പാണ്. അപ്പോഴാണ് കന്യകാമഠത്തിലെ സൂസന്നാമ്മ അവിടെ വന്നതു്. അവർ കുട്ടികളോട് ഇരിക്കുവാൻ പറഞ്ഞശേഷം ഒരു ചെറിയ ഉപദേശം അവരോടു പറഞ്ഞു. “പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ ഒരുവിധം മാനമായി ജീവിക്കുന്നവരാണല്ലോ. നിങ്ങൾക്കു വിശന്നാൽ ഭക്ഷിക്കുന്നതിനു ചോറുണ്ട്. എന്നാൽ എത്രയെത്ര കുട്ടികളാണ്, പിഞ്ചുകുഞ്ഞുങ്ങളാണ്, ചൈനയിൽ അനുദിനം പട്ടിണി കിടന്നു മരിക്കുന്നതു്. അവർക്ക് ആഹാരത്തിന് അരിയില്ല. മാതാപിതാക്കന്മാരോ മരിച്ചുപോയി. നിരാലംബരാണവർ. വിശക്കുമ്പോൾ അവർ നിലവിളിക്കുന്നു. പക്ഷേ, അവരുടെ ശബ്ദം, ദയനീയമായ ആ നിലവിളി ആരു കേൾക്കാനാണ്? അതു വെറും വനരോദനമായിക്കലാശിക്കുന്നു. നിങ്ങളുടെ ഭവനത്തിലേ സ്ഥിതി ഇതിൽ എത്രയോ ഭേദം. നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഓരോരുത്തർക്കും ഓരോ കുഞ്ഞിനെയെങ്കിലും പട്ടിണിയിൽനിന്നു രക്ഷിക്കാം. നിങ്ങൾ കളിക്കോപ്പുകൾക്കായി വെറുതേ കളയുന്ന പണം സാധുകുഞ്ഞുങ്ങൾക്കായി കൊടുക്കുകയില്ലേ?”

മേരിയുടെ മുഖഭാവം പെട്ടെന്നു വ്യത്യാസപ്പെട്ടു. പാവയെപ്പററിയുള്ള അവളുടെ ചിന്ത മാറിപ്പോയി. എങ്ങനെയെങ്കിലും പട്ടിണികൊണ്ടു വലയുന്ന ചൈനയിലെ ഒരു കൊച്ചുസോദരനു തൻെറ സമ്പാദ്യമായ പത്തു ചക്രം അയച്ചുകൊടു

ക്കുന്നതിന് അവൾ തീരുമാനിച്ചു. സ്കൂൾ വിട്ടയുടനെ അവൾ വീട്ടിലേക്ക് ഓടി. അപ്പോൾ മണി പന്ത്രണ്ടു കഴിഞ്ഞിരുന്നു. മേരിക്കുട്ടി വരാന്തയിൽ വന്നു കയറിയ ഉടൻ ചാക്കോച്ചൻ പറഞ്ഞു: "മേരീ, നാളെക്കാലത്തു ഞാൻ പാവ വാങ്ങിത്തരാം. നീയും എൻെറകൂടെ പോരു". "അപ്പച്ചാ എനിക്കു പാവയും മററും വേണ്ടാ." ഇതായിരുന്നു അവളുടെ മറുപടി. ഇതുവരെ പാവ വാങ്ങണം; ഇന്നുതന്നെ വാങ്ങണം എന്നു ശാഠ്യം പിടിച്ചു അവളുടെ അപ്പോഴത്തെ മറുപടി കേട്ടതിൽ ചാക്കോച്ചൻ അമ്പരന്നുപോയി. മേരിക്കുട്ടി തുടർന്നു: "എന്നെപ്പോലെയുള്ള ഒരുപാടു കുഞ്ഞുങ്ങൾ ചൈനായിലുണ്ടു്. ഒന്നും കഴിക്കാനില്ലാതെ പലരും മരിച്ചുപോയി. പിന്നെ ഒരുപാടു പേരു മരിക്കാറായിക്കിടക്കുന്നു. ആരും അവരെ നോക്കാനില്ല. അതുകൊണ്ടു് എൻെറ കുടുക്കയിലുള്ള കാശു ചൈനായിലുള്ള ഒരു കൊച്ചുകുഞ്ഞിനു കൊടുത്താൽമതി." മേരി ഇതുകൊണ്ടും അടങ്ങിയില്ല. അവൾ തുടർന്നു: "അപ്പച്ചൻ പാവ മേടിയ്ക്കാൻ വേറെ ചക്രം തരാമെന്നു പറഞ്ഞല്ലോ. അതുകൂടി ഇങ്ങു തന്നേക്കു്, ചൈനായിലെ ആ കൊച്ചു് ഒരു പാവേനെ മേടിച്ചു കളിച്ചോട്ടെ."

ചാക്കോച്ചൻെറ കൈയിൽനിന്നു പണവും വാങ്ങിക്കൊണ്ടു് മേരിക്കുട്ടി സൂസന്നാമ്മയെ കാണുവാൻ മഠത്തിലേക്ക് ഓടി. അവൾ മണിയടിച്ചു. സൂസന്നാമ്മയെ കണ്ടു. അവളുടെ ചെറിയ സമ്പാദ്യം അവരെ ഏല്പിച്ചു. ഇത്രയും സംഖ്യ എവിടെ നിന്നാണു കിട്ടിയതെന്നു് സൂസന്നാമ്മ മേരിക്കുട്ടിയോടു ചോദിച്ചപ്പോൾ താനൊരു കളിപ്പാവയെ വാങ്ങുവാൻ ശേഖരിച്ച പണമാണു പത്തു ചക്രമെന്നും ബാക്കി അപ്പച്ചൻ തന്നതാണെന്നും അവൾ മറുപടി പറഞ്ഞു. മേരിക്കുട്ടിയുടെ ഈ ചെറിയ ത്യാഗം സൂസന്നാമ്മയെ സന്തോഷഭരിതയാക്കി. അവർ അവിടെ സൂക്ഷിച്ചുവച്ചിരുന്ന മനോഹരമായ ഒരു ചെറിയ പാവയെ മേരിക്കുട്ടിയ്ക്കു സമ്മാനിച്ചു. ഹാ! അവളുടെ സന്തോഷം. തൻെറ നാമത്തിൽ കുടിക്കുവാൻ കൊടുക്കുന്ന ഒരു പാത്രം

വെള്ളത്തിനുപോലും പ്രതിഫലം നല്കുമെന്നു പറഞ്ഞ ദിവ്യരക്ഷകൻെറ വാക്കുകൾ എത്ര അന്വർത്ഥം.

തൻെറ സ്നേഹഭാജനമായ ആ കൊച്ചുറാണിയുടെ ത്യാഗത്തിൽ ചാക്കോച്ചന് അതിരററ സന്തോഷമുണ്ടായി. ചാക്കോച്ചൻ ചന്തയിൽനിന്നും മകൾക്കു സമ്മാനിക്കുന്നതിനായി ഒരു ചെറിയ പാവയും വേറെ കുറെ കളിക്കോപ്പും വാങ്ങി മേരിക്കുട്ടിയുടെ വരവുംനോക്കിയിരിക്കയായിരുന്നു. അവൾ ഭവനത്തിൽവന്നു കയറിയ ഉടനെ ചാക്കോച്ചൻ അവൾക്കു താൻ വാങ്ങിയിരുന്ന സാധനങ്ങൾ സമ്മാനിച്ചു. അവളുടെ ആനന്ദം!

കേവലം ഏഴു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഈ ചെറുബാലികയുടെ ഈ മഹാത്യാഗം ഏവർക്കും ഒരു മാതൃകയായിരിക്കട്ടെ.

## 47. ചെരിപ്പുകുത്തി

"ഹാവൂ! എത്ര നാളായി ഞാൻ ഈ പണി തുടങ്ങീട്ട്! ഇനി എനിക്കാവൂല്ല." ഒരു പഴയ ചെരിപ്പിൽ രണ്ടാണി അടിച്ചിറക്കിയശേഷം അഗസ്റ്റി ആവലാതിപ്പെട്ടു. ചുററികയും ആണിപ്പെട്ടിയും മുന്നോട്ടു തള്ളിനീക്കിയശേഷം തൻെറ പിന്നിലുണ്ടായിരുന്ന തൂണിലേയ്ക്കു ചാരി അയാൾ നെടുതായൊന്നു നിശ്വസിച്ചു.

അമ്പതു കൊല്ലമായി, അഗസ്റ്റി ഒരു ഫ്രാൻസിസ്കൻ സന്യാസസഹോദരനായിട്ട്. പഴയ ചെരിപ്പുകൾക്കു പുതുമ കൊടുക്കുക, പുതിയവ ഉണ്ടാക്കുക; ഇതാണ് അവിടെ അയാൾക്കു നല്കപ്പെട്ട ജോലി. ദൈവസ്തുതിയെമാത്രം ലാക്കാക്കി സ

ഭാപ്രവേശം ചെയ്ത ആ ത്യാഗിവര്യൻ ഈ ഉദ്യോഗത്തെ സന്തോഷസമേതം സ്വാഗതം ചെയ്തു. ജോലി ഏതായാലും അതു ചെയ്യുന്നതിൽ പ്രദർശിപ്പിക്കുന്ന ശുദ്ധനിയോഗത്തെയാണല്ലോ ദൈവം നോക്കുന്നതു്.

നാളതുവരെ ആനന്ദത്തോടും സമാധാനത്തോടുംകൂടി ജീവിതം നയിച്ചുപോന്ന ആഗസ്തിക്ക് ഏതാനും ദിവസങ്ങളായിട്ടു തന്റെ ജോലിയിൽ വെറുപ്പുതോന്നിത്തുടങ്ങി. അയാൾ പല മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കി, ഈ പ്രലോഭനത്തെ പലായനം ചെയ്യിക്കുവാൻ. പ്രാർത്ഥിച്ചു, ഉപവസിച്ചു, ശരീരത്തെ പീഡിപ്പിച്ചു; പക്ഷേ, എല്ലാം വിഫലം. ആഗസ്തിയുടെ മുഖത്തു നിരാശയുടേയും സങ്കടത്തിന്റേയും ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു. കാര്യം ഗ്രഹിച്ച ആശ്രമശ്രേഷ്ഠൻ അയാളെ ഉപദേശിച്ചു, ശാസിച്ചു, ഭീഷണിപ്പെടുത്തി. എന്നിട്ടും ഫലം തഥൈവ.

കറുത്തിരുണ്ട ഒരു രാത്രി. കൊടുമ്പിരിക്കൊണ്ട പരീക്ഷയോടു പോരാടി അയാളുടെ ആത്മശക്തി തളർന്നു. ഉടുപ്പൂരി ഒളിച്ചുവച്ചിട്ട് മതിൽ ചാടിക്കടന്നാലോ എന്നയാൾ വിചാരിച്ചു. പരവേശത്തോടെ എഴുന്നേറ്റു ദിവ്യകാരുണ്യസന്നിധിയിൽ അയാൾ ചെന്നു വീണു. ക്ഷീണഗാത്രനായ ആഗസ്തി അറിയാതെ മയങ്ങിപ്പോയി.

X X X

ഈശോ സക്രാരിയിൽനിന്നു പുറത്തേയ്ക്കിറങ്ങിവന്നു. "ആഗസ്തീ, നിനക്കെന്താണു വേണ്ടതു്?" ഈശോ ചോദിച്ചു. "കർത്താവേ, ഈ കുരിശിന്റെ ഭാരം എനിക്കെടുക്കുവാൻ വയ്യാ. അമ്പതുകൊല്ലമായി, ഞാനിതു ചുമക്കുവാൻതുടങ്ങിയിട്ട്."

"മകനേ, കുരിശില്ലാതെ കിരീടമില്ലെന്നു നിനക്കറിഞ്ഞുകൂടേ?"

"കർത്താവേ! എനിക്കറിയാം. എന്നാലും അല്പംകൂടി ഭാരം കുറഞ്ഞ ഒന്നു തരരുതോ"?

"കൊള്ളാം എന്നാൽ പിന്നാലേ വരൂ."

തൽക്ഷണം കരിശുകൾനിറഞ്ഞ ഒരു മുറി അഗസ്തിക്കു ദൃശ്യമായി. വാതിൽക്കൽ നിന്നിരുന്ന വി. പത്രോസ് ഇങ്ങനെ പറഞ്ഞു: "ഇതാ ഇവിടെയുണ്ട് എല്ലാത്തരം കരിശുകളും. നിനക്കിഷ്ടമുള്ളതെടുത്തുകൊള്ളുക."

അഗസ്തി തൻെറ കരിശ്, ഒരു മൂലയിലേയ്ക്കു മറിച്ചിട്ടുകൊണ്ടു വെട്ടിത്തിളങ്ങുന്ന ഒരു കരിശ് അവിടെനിന്നെടുത്തു. പക്ഷേ, അതിൻെറ ഭാരംകൊണ്ടു പുറകോട്ടു മറിഞ്ഞ അഗസ്തി "എൻറീശോ" എന്നു നിലവിളിച്ചു. വിശുദ്ധ പത്രോസ് പുഞ്ചിരിയോടേ പറഞ്ഞു: "അതൊരു മെത്രാൻെറ കരിശായിരുന്നു."

അഗസ്തി ഒന്നുകൂടി കണ്ണോടിച്ചു. "അപ്പോഴുണ്ടു ചെമന്ന രത്നങ്ങൾ ജ്വലിക്കുന്ന ഒരു കരിശ്. അയാൾ ആവേശത്തോടെ അതെടുത്തു മാറോടടുപ്പിച്ചു. "അയ്യോ എൻെറ മാർവു നീറുന്നു," എന്നു പറഞ്ഞ് അയാൾ അവിടെക്കിടന്നു പിടയ്ക്കുവാൻ തുടങ്ങി. വി. പത്രോസ് പറഞ്ഞു: "അതൊരു മാപ്പാപ്പായുടെ കരിശായിരുന്നു."

ഇങ്ങനെ ഓരോ കരിശും അയാൾ പരിശോധിച്ചു. പക്ഷേ, ഒന്നും തനിക്കിണങ്ങുന്നതായിക്കണ്ടില്ല. അവസാനം ആ മൂലയിൽക്കിടന്ന ഒരു കരിശ് അയാൾ കണ്ടെടുത്തു. തനിക്ക് അതു് അത്യന്തം ഇണങ്ങുന്നതായിക്കണ്ടു് അഗസ്തി സന്തോഷിച്ചു. ഇതു നോക്കിനിന്ന പുണ്യവാന്മാർ അറിയാതെ പൊട്ടിച്ചിരിച്ചുപോയി. അയാൾ വിസ്മയത്തോടേ വിശുദ്ധ പത്രോസിൻെറ മുഖത്തേയ്ക്കു നോക്കി. "നിൻെറ പഴയ കരിശുതന്നെയല്ലേ ഇതു്?" വി. പത്രോസ് ചോദിച്ചു. ദൈവം ഓരോരുത്തർക്കും അവരവർക്ക് ഏററം ഇണങ്ങിയ കരിശാണു നല്കുന്നതു്. അതു ക്ഷമയോടെ വഹിക്കുന്നതിലത്രേ സൗഭാഗ്യം കുടികൊള്ളുന്നതു്. ആകയാൽ സ്വന്തം കരിശു സഹർഷം വഹിക്കുകയാണു വേണ്ടതു്.

* * *

പ്രഭാതപ്രാർത്ഥനയ്ക്കുള്ള മണിനാദം മുഴങ്ങി. അഗസ്തി കണ്ണുതുറ

ന്നു ചുററും നോക്കി. സക്രാരിയുടെ മുമ്പിൽക്കിടന്നു സ്വപ്നം കണ്ടതാണിതെന്ന് അയാൾക്കു മനസ്സിലായി. എങ്കിലും പിന്നീടൊരിക്കലും അയാൾ പരാതിപ്പെട്ടിട്ടില്ല തൻെറ ജീവിതക്ലേശത്തെപ്പററി.

# 48. കണ്ണാടിച്ചില്ല്

ലോകമഹായുദ്ധം ആരംഭിച്ചിട്ടു കൊല്ലങ്ങൾ രണ്ടു കഴിഞ്ഞിരിക്കുന്നു. അനേകലക്ഷം ജനങ്ങൾ ഇതിനകം മരണത്തിനധീനരായി. കരയും കടലും ഒരുപോലെ മനുഷ്യരക്തംകൊണ്ടു ചെമന്നു. ആ കൂട്ടക്കൊല കണ്ടു ലോകം അമ്പരന്നുപോയി.

ഒരുദിവസം സായാഹ്നത്തിൽ മംഗലശ്ശേരിഭവനത്തിലെ ഗൃഹനായിക സാറാമ്മ മുററത്തുള്ള അരമതിലിൽ ഇരുന്നുകൊണ്ടു് എന്തോ ചിന്തിക്കുകയായിരുന്നു. അവളുടെ ഏകസന്താനമായ അലക്സ് കളിച്ചുകൊണ്ടിരുന്ന പന്തു് വീടിൻെറ മുൻഭിത്തിയിൽ തൂക്കിയിട്ടിയിരുന്ന ഫോട്ടോയിൽ ചെന്നടിച്ചു. ഉടനെ അതാ പടം താഴെ വീണുകഴിഞ്ഞു! കണ്ണാടിച്ചില്ല് പൊട്ടിത്തകരുകയും ചെയ്തു!!

സാറാമ്മ ഓടിച്ചെന്നു ഫോട്ടോയിലൊന്നു നോക്കി. അവളുടെ മുഖം വിവിധ വികാരങ്ങളാൽ വിവർണ്ണമായി. ഒന്നു രണ്ടു കണ്ണീർക്കണങ്ങൾ അമ്മയുടെ നയനങ്ങളിൽനിന്നു് അടർന്നു വീഴുന്നതാണു് അല്കസ് കണ്ടതു്. അവൻ അമ്മയുടെ അടുക്കലേയ്ക്കോടിച്ചെന്നു കെട്ടിപ്പിടിച്ചുകൊണ്ടു് "പൊന്നമ്മച്ചീ ഞാൻ വലുതാകുമ്പോൾ ഇതുപോലെ പത്തു കണ്ണാടിച്ചില്ലുകൾ വാങ്ങി അമ്മച്ചിക്കു തരാം" എന്നു പറഞ്ഞു് ഏങ്ങിയേ

ങ്ങിക്കരയാൻ തുടങ്ങി. ആ സാധ്വി തന്റെ ഓമനക്കുഞ്ഞിനെ വാരിയെടുത്തു പലവുരു ചുംബിച്ചു.

അലക്സിന് ഏതാണ്ട് ഒന്നര വയസ്സുമാത്രം പ്രായമുള്ളപ്പോഴാണ് അവന്റെ പിതാവായ കുഞ്ഞച്ചൻ പട്ടാളത്തിൽ ചേർന്ന് ആഫ്റിക്കായിലേയ്ക്കു പോയത്. അന്നുമുതൽ സാറാമ്മ കണ്ണുനീരും കൈയുമായി കഴിഞ്ഞുകൂടുകയായിരുന്നു. അങ്ങനെയിരിക്കെയാണു മർമ്മഭേദകമായ ഒരു ശ്രുതി നാട്ടിൽ വ്യാപിച്ചത്, "കുഞ്ഞച്ചൻ യുദ്ധത്തിൽ മരിച്ചുപോയി" എന്ന്. സാറാമ്മ അന്നുമുതൽ ഒരു ജീവച്ഛവംപോലെ നാൾ കഴിക്കുകയാണ്. തപിച്ചു പൊള്ളുന്ന ആ ജീവിത സഹാറായിൽ സാറാമ്മയ്ക്കുള്ള മരുപ്പച്ച ആ തങ്കക്കുടംമാത്രമായിരുന്നു. അവൾ മകനോടു പറഞ്ഞു: "കുഞ്ഞേ, ഇതു നിന്റെ അപ്പച്ചന്റെ ഫോട്ടോ ആണ്. അപ്പച്ചൻ . . ." അവൾക്കതു പൂർത്തിയാക്കാൻ ശക്തിയുണ്ടായില്ല. അലക്സ് അതി ജിജ്ഞാസയോടെ ചോദിച്ചു. "എന്റെ അപ്പച്ചനെവിടെപ്പോയിരിക്കയാണമ്മേ? അപ്പച്ചൻ വന്നെങ്കിൽ ഇപ്പംതന്നെ ഞാൻ അമ്മച്ചിക്കു കണ്ണാടിച്ചില്ല് വാങ്ങിച്ചു തന്നേനേ" സാറാമ്മ കണ്ണീർ തുടച്ചു കണ്ണുരുൾ വരുത്തിക്കൊണ്ടു പറഞ്ഞു: "മകനേ, അപ്പച്ചൻ യുദ്ധത്തിനുപോയിരിക്കുകയാണ്. കുറച്ചുമാസമായി എഴുത്തൊന്നും വരുന്നില്ല. അപ്പച്ചൻ അപകടംകൂടാതെ തിരിച്ചു വരാൻ നീ നല്ലപോലെ മാതാവിനോട് അപേക്ഷിക്ക്."

അലക്സ് അന്നുമുതൽ പ്രാർത്ഥനയും തുടങ്ങി. ദിവസവും സന്ധ്യാസമയത്ത് അമ്മ പ്രാർത്ഥിക്കുവാൻ തുടങ്ങിയാൽ ആ കൊച്ചുകുട്ടിയും മുട്ടിന്മേൽനിന്ന് കൈകൾകൂപ്പി അമ്മച്ചിയേയും ചുവരിന്മേലെ ആ ഫോട്ടോയേയും മാറിമാറി നോക്കി അപേക്ഷിക്കുവാൻ തുടങ്ങും: "മാതാവേ, എന്റെ അപ്പച്ചൻ വേഗം വരണേ! നല്ല കണ്ണാടിച്ചില്ലും കൊണ്ടുവരണേ". കുട്ടി ഇതേവാചകംതന്നെ അനേകം പ്രാവശ്യം ഉരുവിടുന്നതു കേട്ട

ഭക്തിനിർഭരമായ പ്രാർത്ഥനയ്ക്കിടയിൽപ്പോലും അവന്റെ അമ്മ പലദിവസവും പൊട്ടിച്ചിരിച്ചുപോയിട്ടുണ്ട്.

തീവണ്ടിയാപ്പീസിനടുത്താണ് അവരുടെ വീട്. വണ്ടിയുടെ ചൂളംവിളിയുമെല്ലാം അലക്സിനു നല്ല പാസ്സാണ്. ഒരു ദിവസം രാവിലെ തീവണ്ടിയുടെ ശബ്ദംകേട്ട് അവൻ അമ്മയോടു പറഞ്ഞു: "ഇന്നെന്താണമ്മേ, തീവണ്ടിയ്ക്കിത്ര ശബ്ദം? അപ്പച്ചൻ വരുന്നതാണോ അമ്മേ? കണ്ണാടിച്ചില്ലുംകൊണ്ടു വരുന്നുണ്ടായിരിക്കും." ഇത്രയും പറഞ്ഞുതീർന്നതും അവൻ പ്ലാററുഫോറത്തിലേയ്ക്ക് ഓടിപ്പോയതും ഒപ്പം കഴിഞ്ഞു. ചീററിപ്പായുന്ന ഒരു കരിമൂർഖൻപാമ്പുപോലെ ആ എക്സ്പ്രസ്സ്വണ്ടി പാഞ്ഞുവന്നു. വണ്ടിയിൽനിന്നിറങ്ങിയവരിൽ ഒരു യുവാവ് നേരേ അലക്സിന്റെ വീട്ടിലേയ്ക്കു നടന്നു. പിറകേ ഓടിവന്ന ഓമനസുതനെ കോരിയെടുത്തുമ്മവച്ചുകൊണ്ടു കുഞ്ഞച്ചൻ വീട്ടിൽ കയറി വാതിൽ തുറന്നു. സാറാമ്മ അടുക്കളയിൽനിന്നും ഓടിവന്നു. ദീർഘകാലമായി വേർപെട്ടിരുന്ന ആ നയനങ്ങൾ തമ്മിലിടഞ്ഞു. രണ്ടുപേരും അശ്രുക്കൾ പൊഴിച്ചു. കുറേ നേരത്തേയ്ക്ക് ആ മുറിയിൽ നിശ്ശബ്ദത തന്നെ. "നാട്ടുകാർ എന്തെല്ലാം ശ്രുതികൾ പറഞ്ഞു പരത്തി" സാറാമ്മ ഒരു വിജയഭാവത്തിൽ പറഞ്ഞു. കുഞ്ഞിന്റെ സുന്ദരകളേബരത്തിൽ തെരുതെരെ ഉമ്മവെയ്ക്കുന്നതിനിടയിൽ അയാൾ തന്റെ പ്രേമപത്നിയെ സാന്ത്വനപ്പെടുത്തി: "ദൈവമാതാവിന്റെ പ്രത്യേകസഹായത്താൽ ഒരു അപകടവും കൂടാതെ മടങ്ങാൻ കഴിഞ്ഞു". "അപ്പച്ചാ, ചില്ലു കൊണ്ടുവന്നിട്ടുണ്ടോ?" അലക്സ് അതിനിടയിൽ കടന്നു ചോദിച്ചു. സാറാമ്മ നടന്ന വത്തമാനങ്ങളും അലക്സിന്റെ പ്രാത്ഥനാരീതിയുമെല്ലാം ചുരുക്കിപ്പറഞ്ഞു. കുഞ്ഞച്ചൻ അതെല്ലാം കേട്ട് ആനന്ദത്തിൽ ആറാടി.

പിറേറ ദിവസം പരിശുദ്ധ കന്യകയുടെ അമലോത്ഭവത്തിരുനാളായിരുന്നു. കുഞ്ഞച്ചൻ ഭാര്യയോടും പുത്രനോടുംകൂടി

ദൈവാലയത്തിലേയ്ക്കു് അതിരാവിലെ പുറപ്പെട്ടു. ദിവ്യപൂജയിൽ പങ്കെടുത്തതിനുശേഷം അവർ മൂവരും ദിവ്യജനനിയുടെ മുമ്പിൽ മുട്ടുകുത്തി കൃതജ്ഞതാസ്തോത്രങ്ങൾ ചൊല്ലി; പള്ളിയിൽനിന്നു പുറത്തിറങ്ങി. തിരുനാളായതിനാൽ പല പല സാമാനങ്ങളും വില്പനയ്ക്കായി വെച്ചിരുന്നു. കുഞ്ഞച്ചനു് തന്റെ ഓമനക്കുഞ്ഞിന്റെ കണ്ണാടിച്ചില്ലിന്റെ കാര്യം ഓർമ്മ വന്നു. വെറും കണ്ണാടിച്ചില്ലിനു പകരം, പരിശുദ്ധ കന്യകയുടെ മനോഹരമായി ചില്ലിട്ട ഒരു ച്ഛായാപടം അയാൾ വാങ്ങി. ഗൃഹത്തിന്റെ പുരോഭാഗത്തുള്ള ആ ശുഭ്രഭിത്തിയിൽ സ്വർഗ്ഗീയരാജ്ഞി പ്രതിഷ്ഠിതയുമായി. അലക്സ് സന്തോഷത്താൽ തുള്ളിച്ചാടി. മാതാവിനോടുള്ള ചില പുതിയ പ്രാർത്ഥനകളും പാട്ടുകളും അന്നുമുതൽ അവൻ ഉരുവിട്ടു പഠിക്കുവാനും തുടങ്ങി. പക്ഷേ, പന്തു കളിക്കുമ്പോൾ അവൻ വളരെ ശ്രദ്ധിക്കാറുണ്ടു്, ആ പുതിയ കണ്ണാടിച്ചില്ല് പൊട്ടിക്കാതിരിക്കുവാൻ!

## 49. കടപ്പുറത്തെ കുടിലിൽ

അന്നു ഞാൻ എന്റെ ചിത്രശാലയിൽ ചിന്താമഗ്നനായിരിക്കുകയായിരുന്നു. മലമ്പനിയാൽ വിവശനായ ഒരു പിതാവും വാനാരൂപിക്കു സദൃശയായ അയാളുടെ പുത്രിയും ചിത്രശാലയുടെ പടിവാതിൽ കടന്നുവന്നു.

"ഉം?" ഞാൻ ചോദിച്ചു.

"സാറേ, മലബാറിൽനിന്നു ഞങ്ങൾ വരികയാണു്. സ്വദേശത്തുണ്ടായിരുന്ന ഏതാനും വസ്തുവകകൾ വിററു ഞങ്ങൾ മലബാറിൽ കുടിയേറിപ്പാർത്തു. രണ്ടുകൊല്ലംമുമ്പു് ഒൻപതംഗങ്ങളുണ്ടായിരുന്ന എന്റെ കുടുംബം ഇതാ ഇത്രയുമായിച്ചുരുങ്ങി.

മരണത്തിൽനിന്നു തലയും വലിച്ചു ഞങ്ങൾ ഇവിടെ ഒരുവിധം വന്നെത്തിയിരിക്കുകയാണ്. വല്ലതും തന്നാൽ രക്ഷയായി.''

"ഈ കുഞ്ഞാരാണ്? ഇവൾക്കെന്തറിയാം?"

"എന്റെ മകൾ അമ്മിണിയാണ്. പാട്ടുപാടാനറിയാം."

"ഒത്ത പേര്. അമ്മിണി ഒന്നു പാടിക്കേ. കേൾക്കട്ടെ"

നിഷ്ക്കളങ്കത ഉടലെടുത്ത ഏഴെട്ടുവയസ്സുള്ള ആ ബാലിക പറയുകയാണ് "അപ്പച്ച്വാ, തുടങ്ങിത്താ."

ഞാനിതുകേട്ടത്ഭുതപ്പെട്ടു. "തനിക്കും പാടാനറിയാമോ" ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

"പാട്ടെന്നു പറയത്തക്കവിധത്തിൽ ഒന്നും അറിയില്ല. താനേ ഇരുന്നു പുൽതൈലം തെളിക്കുമ്പോൾ പാടാറുണ്ട്. കരിയിൽ കാളപൂട്ടി നിലം ഉഴുമ്പോൾ തോന്നുന്നതെല്ലാം അങ്ങു പാടും. നിലാവത്തുവെള്ളം തേകുമ്പോഴും ഉള്ള കളിക്കെ പാടാറുണ്ട്. എന്നും പാട്ടുപെട്ടിയിൽക്കൂടെ പാടിക്കേട്ടു രസിക്കുന്ന നിങ്ങളെപ്പോലെയുള്ളവർക്ക് ഈ ഉൾനാട്ടുകാരുടെ പാട്ടു പിടിക്കുമോ?"

"ഉം പാടു, കേൾക്കട്ടെ.'' ഞാൻ നിർബന്ധിച്ചു. ഒരു പക്ഷേ, ആധുനികശാസ്ത്രങ്ങളുടെ കൈപ്പത്തിയിൽ അമർന്നിട്ടില്ലാത്ത വല്ല അനർഘസമ്പത്തും ആ നാട്ടുംപുറത്തുകാരിൽ ഉണ്ടായെന്നു വരുമല്ലോ. കിളികുലം ഹൃദ്യമായി ചിലയ്ക്കുന്നതും അരുവികൾ കളകളം പൊഴിക്കുന്നതും ചെപ്പേട കൊട്ടുന്ന നഗരമദ്ധ്യത്തിലോ നാട്യപ്രധാനമായ നാടകശാലയിലോ അല്ലല്ലോ.

പനിപിടിച്ചു വരണ്ട തൊണ്ട തിരുമ്മിക്കൊണ്ട് ആ പിതാവു പല്ലവി ആരംഭിച്ചുകഴിഞ്ഞു. "പരാപരേശാ— പരാത്മഭാവാ ശരണാഗതത്തുമോ— ശരണാഗതത്തുമോ—" ദാരിദ്ര്യത്തിൽ ഉരുക്കഴിക്കപ്പെട്ട ആ മനുഷ്യൻ, മലമ്പനിയാകുന്ന മഹാരാക്ഷസൻ കടിച്ചുതുപ്പിയ ആ ഉച്ഛിഷ്ടം, കൂജനംചെയ്തു.

"പരമാനന്ദം പുണരുവാൻ, തവതിരുസന്നിധി അണയു

വാൻ, വരംതാ മഹേശാ— ദേവേശാ— (പരാ. . . )" ആ ബാലിക ഗാനം തുടർന്നു. അതിന്റെ മധുളീമാധുര്യത്താൽ ആകൃഷ്ടനായ ഞാൻ ഏതോ ഉന്നതമണ്ഡലത്തിലേയ്ക്കു് അറിയാതെ ഉയർന്നുകഴിഞ്ഞു. "ചിപ്പിയിലെ മുത്തു്, കുപ്പയിലെ മാണിക്യം" ഞാൻ ആത്മഗതം ചെയ്തു; എന്തോ സാരമായ ഒരു സഹായം ഞാനവൾക്കു നല്കി.

ഈ ദരിദ്രർ പലനാഠം അവിടെ ഭിക്ഷയിരന്നു നടന്നിരുന്നു. പട്ടുസാരിചുററിയ പട്ടണം ഈ പട്ടിണിപ്രേതങ്ങളെയുണ്ടോ സ്വീകരിക്കുന്നു!

ഒരു ദിവസം അമ്മിണി എന്റെ ചിത്രശാലയിൽ കയറി വന്നു. ദാരിദ്ര്യത്തിന്റെ പേക്കോലം. "അയ്യോ, എന്റെ പൊന്നപ്പച്ചൻ" സങ്കടത്താൽ ബാലികയ്ക്കു വാ മുട്ടിപ്പോയി.

"അമ്മിണീ, കാര്യം പറ. കഴിയുന്നതു ഞാൻ ചെയ്യാം."

അയ്യോ എന്റെ അപ്പച്ചനു നടപ്പുദീനം പിടിപെട്ടു വഴിയിൽവീണു. ആരോവന്നു് എങ്ങാണ്ടോ എടുത്തുകൊണ്ടുപോയി" അവഠം ഏങ്ങിക്കരഞ്ഞു.

"അമ്മിണീ, പേടിക്കേണ്ട; വരൂ, നമുക്കു് അന്വേഷിക്കാം''

ഞങ്ങഠം തിരക്കി പുറപ്പെട്ടു. കടപ്പുറത്തു വെളിയിൽ ചില കൂടങ്ങഠം പണുതിട്ടുണ്ടു്. അനാഥരെ ശുശ്രൂഷിക്കുവാൻ സാധുസംരക്ഷണത്തിന്റെ പുറംപൂച്ചിൽ സാധുക്കളെ പുലിവാലു പിടിപ്പിക്കുവാൻ ആരാച്ചാരന്മാരായ കുറേപ്പേർ ശുശ്രൂഷകന്മാർ.

ഞാൻ ചെന്നപ്പോഠം ഒരാഠംമാത്രം രോഗിയുടെ സമീപത്തിലുണ്ടു്. ഒരു വൈദികൻ. ആ മരണാസന്നനെ അയാളുടെ പിള്ളത്തൊട്ടിയിൽവെച്ച ക്രിസ്തുവിന്റെ അജഗണത്തിൽ അംഗമായിച്ചേർത്ത ആ സമാധാനദൂതൻ, ക്രിസ്തുവിന്റെ രാജ്യത്തിലേയ്ക്കു വഴിച്ചെലവുകൊടുത്തു യാത്രയയയ്ക്കുവാൻ വന്നിരിക്കുകയാണവിടെ! ഓരോററ വിഷാദമേ രോഗിക്കുണ്ടായിരുന്നുള്ളൂ. തന്റെ മകഠം, വെറും ഏഴുവയസ്സുള്ള ഒരു പെൺകൊടി ഇനി ഏതു തണലിൽ രക്ഷനേടും.

ങ്ങേൾ ചെല്ലുന്നതു് അയാൾ കണ്ടു. "അമ്മിണീ" ആ സാധു പിതാവു പൊട്ടിക്കരഞ്ഞു. "സഹോദരാ, കരയാതെ, പെററമ്മയെ കരിശിൻചുവട്ടിൽ ഏകയായിത്തള്ളിക്കൊണ്ടു കുരിശിൽക്കിടന്നു മരണംവരിച്ച ആ മിശിഹാതമ്പുരാൻ തന്റെ കുഞ്ഞിനെ കാത്തുകൊള്ളും" വൈദികൻ ആശ്വസിപ്പിച്ചു.

"നിങ്ങളുടെ മകൾ ഇനിമേൽ അനാഥയല്ല, ഞാൻ ജീവിച്ചിരിക്കുമ്പോൾ അവൾ അഗതിയായിരിക്കയില്ല. ഇന്നു മുതൽ അവൾ എന്റെ മകളായിരിക്കും." ഞാൻ ആ പാവത്തോടു ദൃഢസ്വരത്തിൽ പറഞ്ഞു.

"ഓ! നല്ല ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ. മകളേ, അമ്മിണീ, ഇതാ നിന്റെ പിതാവു്" അയാൾ അവ്യക്തമായി പറഞ്ഞുകൊണ്ടു് അവളുടെ പിഞ്ചുകൈ പിടിച്ചു് എന്റെ കൈപ്പത്തിയിൽവെച്ചു. ഇതിനു നിത്യസാക്ഷിയാകുമാറു് ഒരുതുള്ളി കണ്ണുനീർ ആ കരബന്ധത്തിൽ വീണുതകർന്നു.

ഏതാനും നിമിഷവുംകൂടി അയാൾ ജീവിച്ചു. ആ നല്ലവൈദികൻ അവിടെത്തന്നെ നിന്നു് ആശീർവദിച്ചുകൊണ്ടിരിക്കേ ആ പിതൃഹൃദയത്തിന്റെ സ്പന്ദനം നിലച്ചു.

# 50. വള്ളംകളി

അന്നൊരു ശനിയാഴ്ചയായിരുന്നു. ഞാൻ പതിവുപോലെ കുറേ കൂട്ടുകാരുമായി കളിക്കുവാൻ പുറപ്പെട്ടു. പാറക്കെട്ടുകളുടെ ഇടയിലൂടെ നറുമ്പുഞ്ചിരിതൂകിക്കൊണ്ടു് ഉത്സാഹഭരിതയായി കുതിച്ചുപായുന്ന ഒരു അരുവിയുടെ തീരത്തിലാണു ഞങ്ങൾ കുട്ടിക്കരണം മറിയുകയും കൂത്തു പറയുകയും ചെയ്യുക.

“നമുക്കാററിൽ കളിക്കാൻപോകാം,” കളിയുടെ മേളത്തിനിടയിൽ ഒരു ചങ്ങാതി പ്രമേയം അവതരിപ്പിച്ചു. അവതരിപ്പിക്കലും പാസാക്കലും ഒന്നിച്ചു കഴിഞ്ഞു. “പക്ഷേ” ഞാൻ പറഞ്ഞു “അമ്മയുടെ അനുവാദത്തോടുകൂടിയേ എനിക്കു വരുവാൻ സാധിക്കുകയുള്ളൂ.” “എന്നാൽ വേഗം ചോദിച്ചുവാ” എന്നു പറഞ്ഞതിനുശേഷം ആർപ്പുവിളികളോടുകൂടി അവർ കുളിക്കടവിലേക്കു പാഞ്ഞു.

ഞാൻ പതുക്കെ അമ്മയുടെ പിറകേ പററിക്കൂടി. “അമ്മച്ചീ! ഞാൻ ആററിൽ കുളിക്കാൻ പോകട്ടെ” കഴുത്തിൽ കെട്ടിഞാന്നുകൊണ്ടു ഞാൻ തട്ടിവിട്ടു.

അമ്മ: “കുഞ്ഞേ! നീ തനിയേ ആററിൽ കുളിക്കാൻ പോകണ്ടാ. നമ്മുടെ തോട്ടിൽ കുളിച്ചാൽ മതി.”

“അമ്മേ! കൂട്ടുകാരെല്ലാം പോകുന്നുണ്ടു്. തെക്കേതിലെ മാത്തുക്കുട്ടിയും ഉണ്ടു്.” ഞാൻ കിണുങ്ങിക്കൊണ്ടു പറഞ്ഞു.

അമ്മ: “അവന്റെ കൂട്ടത്തിൽ നീ പോകേണ്ടാ. അവൻ മഹാകുസൃതിയാണു്. ഞാൻ നാളെ ആററിൽ കുളിക്കാൻ പോകുന്നുണ്ടു്. അപ്പോൾ നിന്നെയും കൊണ്ടുപോകാം. ഇപ്പോൾ നീ നമ്മുടെ മുററത്തു നിന്നു കളിക്കു്” ഇത്രയും പറഞ്ഞശേഷം അമ്മ അടുക്കളയിലേക്കു പോയി.

എന്റെ ഉത്സാഹം നശിച്ചു. ആററിൽച്ചാടി ഉണ്ടയിടുകയും ഉരുട്ടിപ്പിടിക്കുകയും ചെയ്യുന്ന കൂട്ടുകാർ എന്റെ മനസ്സിൽക്കൂടി ഓരോരുത്തരായി കടന്നുപോയി. അവരുടെ ഭാഗ്യത്തിൽ ഞാൻ അസൂയപ്പെട്ടു. കുളിക്കടവും കുതിച്ചുപായുന്ന കൊച്ചരുവിയും കൂത്തടിച്ചു കളിക്കുന്ന കൂട്ടുകാരും എന്നെ മാടിവിളിക്കുന്നതുപോലെ എനിക്കു തോന്നി. ഏതായാലും ഇപ്രാവശ്യം അമ്മയുടെ കണ്ണു ചുററിച്ചു പോകുകതന്നെ എന്നു ഞാൻ തീർച്ചപ്പെടുത്തി. അടുത്ത തവണമുതൽ അമ്മയെ അനുസരിച്ചുകൊള്ളാം എന്നു പ്രതിജ്ഞയും ചെയ്തു.

അമ്മച്ചിയുടെ കണ്ണിൽ പൊടിയിട്ടശേഷം ഞാൻ കുളിക്കടവിലേയ്ക്കോടി.

X X X

നാലുമണിക്കുള്ള എൻെറ ലഘുഭക്ഷണം തണുത്തു തുടങ്ങിയതോടെ എൻെറ വത്സല മാതാവിൻെറ ഹൃദയവും ആകാംക്ഷയാൽ മരവിച്ചു തുടങ്ങി. കൂട്ടുകാരോടുകൂടി അകലെപ്പോയി കളിക്കുകയായിരിക്കുമെന്നു വിചാരിച്ച് അമ്മച്ചി സ്വയം സമാധാനപ്പെട്ടു. പക്ഷേ, അന്തി മയങ്ങിയിട്ടും എന്നെ കാണായ്കയാൽ അമ്മച്ചി അതിയായി വ്യസനിച്ചു. എന്നെ അന്വേഷിച്ച് അമ്മച്ചി വളരെ നടന്നു. എന്നാൽ എല്ലാം നിഷ്ഫലം. അമ്മച്ചിയുടെ കണ്ണുകൾ നിറഞ്ഞു; ദേഹം തളർന്നു. "ആററിൽ കുളിക്കാൻ പോകട്ടെ" എന്നു ഞാൻ ചോദിച്ചതു് അമ്മച്ചിക്ക് ഓർമ്മവന്നു. അമ്മച്ചി ആററുകടവിലേയ്ക്കു് ഓടി. പകുതിവഴിയായപ്പോൾ, ഏങ്ങിയേങ്ങിക്കരഞ്ഞുകൊണ്ടു കണ്ണും തിരുമ്മി നഗ്നമുഖനായി ഞാൻ വരുന്നതു കണ്ടു് ഓടിവന്നു് എന്നെ കോരിയെടുത്തു ചുംബിച്ചു. ഞാൻ കരയുന്നതിൻെറ കാരണം പല പ്രാവശ്യം എന്നോടു ചോദിച്ചപ്പോൾ "അമ്മച്ചീ, എന്നോടു ക്ഷമിക്കണം" എന്നുമാത്രം ഞാൻ ഗൽഗദസ്വരത്തിൽപ്പറഞ്ഞു. "കുഞ്ഞേ, അമ്മ എല്ലാം ക്ഷമിച്ചിരിക്കുന്നു. കുഞ്ഞിനെന്തുപററി? അമ്മച്ചിയോടു പറയുകയില്ലയോ?" അമ്മച്ചി സസ്നേഹം വീണ്ടും ചോദിച്ചു.

"എൻെറയമ്മച്ചീ, എന്നോടു ക്ഷമിക്കണം....പറയാം. അമ്മച്ചി അടുക്കളയിലേയ്ക്കു പോയ തരം നോക്കി ഞാൻ കൂട്ടുകാരോടുകൂടി ആററിൽ കുളിക്കുവാൻ പോയി. അവിടെ ഒരു ചെറിയ വള്ളം ഉണ്ടായിരുന്നു. അതിൽ ഞങ്ങളെല്ലാവരും കയറി തുഴഞ്ഞു തുടങ്ങി. ആററിൻെറ മധ്യത്തിൽവെച്ചു വള്ളം മറിഞ്ഞു. കൂട്ടുകാരെല്ലാം ഒരുവിധം നീന്തി രക്ഷപെട്ടു. എന്നാൽ ഞാൻ നീന്തി നീന്തി കൈകാൽ കുഴഞ്ഞു. അപ്പോൾ അതിലേ വന്ന ഒരു വഞ്ചിക്കാരൻ എന്നെ രക്ഷപെടുത്തി. അമ്മച്ചി

ഇതു കേട്ടപ്പോൾ സ്തംഭിച്ചു നിന്നുപോയി. അല്പനേരത്തേയ്ക്കു ശബ്ദിക്കുവാൻ അമ്മച്ചിക്കു കഴിഞ്ഞില്ല. അവസാനം "ദൈവമേ" എന്ന വിളിയോടുകൂടി അമ്മ ദീർഘമായി ഒന്നു നിശ്വസിച്ചു.

"കുഞ്ഞേ! ദൈവം നിന്നെ രക്ഷിച്ചു. അല്ലാഞ്ഞെങ്കിൽ..." അമ്മച്ചിയുടെ കണ്ണുകളിൽ ചിറകെട്ടി നിന്ന കദനജലം പൊട്ടിയൊഴുകി. "ഞാൻ പറഞ്ഞില്ലേ പോകരുതെന്ന്". അമ്മച്ചി തുടർന്നു: "അനുസരണമില്ലായ്മയുടെ അന്ത്യമിതാണ്. ഇനിയെങ്കിലും ഈശോയുടെ മാതൃകയനുസരിച്ച് അനുസരണയുള്ളവനായി വർത്തിക്കുക." ഞാൻ വീണ്ടും വീണ്ടും പ്രതിജ്ഞചെയ്തു, അമ്മച്ചിയുടെ ആജ്ഞ മേലിൽ അനുസരിച്ചുകൊള്ളാമെന്ന്.

# 51. കള്ളന്റെ കൗശലം

അന്ന് അശോകചക്രവർത്തിയായിരുന്നു ഇൻഡ്യാമഹാരാജ്യം ഭരിച്ചിരുന്നത്. ഭരണക്രമം കൂടുതൽ ശ്രേയസ്കരമാക്കുന്നതിനു വിശ്വസ്തരും നല്ല പരിശീലനം സിദ്ധിച്ചവരുമായ അനേകം ചാരന്മാരെ അദ്ദേഹം നിയമിച്ചിരുന്നു. അവർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വേഷപ്രച്ഛന്നരായി ചുററിസഞ്ചരിക്കുകയും രാജദ്രോഹികളേയും രാജ്യദ്രോഹികളേയും രഹസ്യത്തിൽ കണ്ടുപിടിച്ച് മഹാരാജാവിന്റെ സന്നിധിയിലേക്ക് ആനയിക്കുകയും ചെയ്തു പോന്നിരുന്നു.

മോഷണംതന്നെ തൊഴിലായി സ്വീകരിച്ചിട്ടുള്ളവനും പലപ്പോഴും പോലീസിനെ കബളിപ്പിച്ചിട്ടുള്ളവനുമായ ഒരു പെരുങ്കള്ളൻ യാദൃച്ഛികമായി പ്രസ്തുത ചാരന്മാരുടെ പിടിയിൽപ്പെട്ടു. അവന്റെ പേർ പാണ്ഡുവെന്നായിരുന്നു. പ്രതിയോഗികൾ പാണ്ഡുവിനെ രാജസദസ്സിലേക്കു നയിച്ചു. മോഷ

ണ്ടക്കററത്തിന് അന്നത്തെ ശിക്ഷ മരണമാണ്. വധശിക്ഷയിൽനിന്നു രക്ഷപെടാനുള്ള മാർഗ്ഗങ്ങൾ പാണ്ഡു തലപുകഞ്ഞാലോചിച്ചു; ഒരുപായം അവൻ കണ്ടുപിടിക്കുകയുംചെയ്തു.

ഈ മഹാ കള്ളൻ കോടതിയിൽ ഹാജരായി. ചക്രവർത്തിയും മന്ത്രിമാരും യഥാസ്ഥാനങ്ങളിൽ ആസനസ്ഥരായിട്ടുണ്ട്. സചിവപ്രമുഖനാണ് പാണ്ഡുവിനെ വിസ്തരിച്ചതു്.

മന്ത്രി: "നിന്റെ പേരെന്താണ്?"

കള്ളൻ: "പ്രഭോ, പാണ്ഡുവെന്നാണ് എന്റെ പേർ".

മ: "ഈ നാട്ടിൽ ഇമ്മാത്രം കലാപങ്ങൾ ഉണ്ടാക്കിയതും പോലീസിനെ അവഹേളിച്ചതും നീ തന്നെയല്ലേ?"

കള്ളൻ: "അതേ സ്വാമിൻ, അടിയൻതന്നെയാണ് അങ്ങനെയെല്ലാം ചെയ്തു പോയതു്."

മന്ത്രി: "ആയതിനാൽ രാജ്യശിക്ഷാനിയമമനുസരിച്ച് നിന്നെ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു."

കള്ളൻ: "അങ്ങനെയെങ്കിൽ അടിയന് അവസാനമായി ഒരപേക്ഷയുണ്ട്."

പാണ്ഡു ചക്രവത്തിയുടെ നേരെ തിരിഞ്ഞുകൊണ്ടു വിനയപൂർവ്വം അഭ്യർത്ഥിച്ചു: "തമ്പുരാനേ, വലിയ കാരുണ്യവാനെന്നു ലോകപ്രസിദ്ധി നേടിയിട്ടുള്ള അങ്ങയോട് അടിയനൊരു അപേക്ഷയുണ്ട്. മരണശിക്ഷയ്ക്കു് അടിയൻ അർഹൻതന്നെ. മരിക്കുവാൻ ഞാൻ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ അടിയന് ഒരു രഹസ്യം അവിടുത്തെ അറിയിക്കുവാനുണ്ട്. വൻകാടുകളിൽ പതുങ്ങിക്കഴിഞ്ഞിരുന്ന ഞാൻ സ്വർണ്ണക്കനികൾ പുറപ്പെടുവിക്കുന്ന ഒരു ദേവവൃക്ഷം കണ്ടുപിടിച്ചിട്ടുണ്ട്. അതിന്റെ ഒരു കുരു അടിയന്റെ കൈവശത്തിലുണ്ട്. അതു് രാജകൊട്ടാരത്തിന്റെ പൂവാടിയിൽ നട്ടു വളർത്തുന്നപക്ഷം നമ്മുടെ സാമ്രാജ്യത്തിൽനിന്നു പട്ടിണിയും പഞ്ഞവും പമ്പ കടക്കുന്നതാണ്."

സ്വർണ്ണം വിളയുന്ന ആ വൃക്ഷത്തെപ്പററി കേട്ടപ്പോൾ

ചക്രവർത്തിയും മന്ത്രിമാരും അത്ഭുതപ്പെട്ടു. അശോകചക്രവർത്തിയുടെ അന്തരംഗത്തിൽ ആശാകിരണങ്ങൾ ഉദിച്ചുപൊങ്ങി. അദ്ദേഹം കല്പിച്ചരുളി: "എവിടെയാണ് ആ വിത്ത്? അത് ഇന്നു തന്നെ നമുക്കു നടാം. നിൻെറ മൊഴിയനുസരിച്ച് ആ വൃക്ഷം സ്വർണ്ണക്കനികൾ ഉല്പാദിപ്പിക്കുന്നപക്ഷം നിന്നെ സ്വതന്ത്രനാക്കുന്നതും എന്നാൽ അക്കാലംവരെ നിന്നെ കാരാഗൃഹത്തിൽ പാർപ്പിക്കുന്നതുമാണ്".

പാണ്ഡു സ്വർണ്ണംകൊണ്ടുണ്ടാക്കിയ ഒരു കിഴങ്ങ് രാജസദസ്സിനെ ഏല്പിച്ചു.

സന്തുഷ്ടനായ ചക്രവർത്തി ആ സ്വർണ്ണവിത്തുമായി ഉദ്യാനത്തിലേയ്ക്കു പോയി. മന്ത്രിവീരന്മാർ തിരുമേനിയെ അനുയാത്രചെയ്തു. പാണ്ഡുവിനേയും ആ പൂന്തോട്ടത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. "പാണ്ഡുതന്നെ ഈ വിത്തു കുഴിച്ചിടുക" ചക്രവർത്തി കല്പിച്ചു. അല്പനേരം ചിന്താവിവശനായി നിന്നശേഷം പാണ്ഡു പറഞ്ഞു: "ചക്രവർത്തിതിരുമേനി, കറയററകൈകൊണ്ടാണ് ഈവിത്തു നടേണ്ടത്. അടിയനൊരു കള്ളനായതിനാൽ ഈ ദിവ്യമൂലം മണ്ണിലാഴ്ത്തുവാൻ അയോഗ്യനാണ്. നല്ലവനും കുററമററവനുമായ അങ്ങുതന്നെയാണ് ഈ പാവനകർമ്മം നിർവഹിക്കേണ്ടത്."

ചക്രവർത്തി: "എൻെറ യൗവനകാലത്തെ പാപങ്ങളെക്കുറിച്ചുള്ള സ്മരണ എന്നെ ഇപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്നു. യാഗങ്ങളാലും പൂജകളാലും അവയെല്ലാം പരിഹരിക്കപ്പെട്ടുവെന്നു് എങ്ങനെ തീർത്തു പറയുവാൻ കഴിയും. ഗുണസമ്പന്നനും നിർമ്മല ഹൃദയനുമായ സചിവോത്തമൻതന്നെ ഈ കൃത്യം നിർവഹിക്കട്ടെ".

ഉടനെ മന്ത്രിപ്രധാനൻ സവ്യസനം പറഞ്ഞു: "തിരുമേനീ, രാജ്യകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നതിനാൽ പലപ്പോഴും കൗടില്യവും തന്ത്രജ്ഞതയും ഞാൻ ഉപയോഗിച്ചിട്ടു

ണ്ടു്. ഈ വിത്തു സ്പർശിക്കുന്നതായാൽ ദേവന്മാരുടെ കോപത്തിനുതന്നെ ഞാൻ പാത്രമായേക്കും.”

അശോകചക്രവൎത്തി അതിനെത്തുടർന്നു് അവിടെയുണ്ടായിരുന്ന മററു മന്ത്രിമാരോടും ഉദ്യോഗസ്ഥമേധാവികളോടും യഥാക്രമം ആവശ്യപ്പെട്ടു ആ പാവനകർമ്മം നിർവഹിക്കുവാൻ. എല്ലാവരും തങ്ങളുടെ പാപകരമായ ജീവിതത്തെ ഓൎത്തു മുന്നോട്ടുവരാതെ നിന്നതേയുള്ളൂ.

ഈ ഘട്ടത്തിൽ പാണ്ഡു സധൈര്യം പറഞ്ഞു: “ചക്രവൎത്തിതിരുമേനിയും ഇവിടെയുള്ള സകലരും ഈ സാധുവിനെപ്പോലെ കുററങ്ങളും കുറവുകളും ഉള്ളവരാണെന്നു സമ്മതിച്ചിരിക്കുന്നു. തന്മൂലം എല്ലാവരും വധശിക്ഷയ്ക്കു യോഗ്യരാണു്. നീതിയുടെ പേരിൽ എന്നെ കൊല്ലുവാനനുശാസിക്കുന്ന അതേ ശിക്ഷാനടപടി നിങ്ങളെയും കൊലയ്ക്കു വിധിക്കുവാൻ ശാസിക്കുന്നില്ലയോ?”

ഒരു മഹാ നിശ്ശബ്ദത അവിടെയെങ്ങും വ്യാപിച്ചു. എല്ലാവരും പരസ്പരം മിഴിച്ചുനോക്കി. ചക്രവൎത്തിതന്നെ അവസാനം മൗനഭഞ്ജനം ചെയ്തു: “സമൎത്ഥനായ പാണ്ഡു! ഇന്നുമുതൽ നീ എന്റെ അംഗരക്ഷകൻ തന്നെ.”

## 52 ഒരു നല്ല സൂത്രം!!

അവർ ആത്മാൎത്ഥസ്നേഹിതന്മാരാണു്—ജോയിയും ജോണിയും. ബാല്യംമുതൽ തുടങ്ങിയ ആ സ്നേഹം ഇന്നും അക്ഷയമായി നിലനിന്നുപോരുന്നു. രണ്ടുപേർക്കും ഒരേപ്രായം— 12 വയസ്സു്; ഒരേമുഖഛായ. ഒന്നിച്ചേ അവർ സ്കൂളിൽ പോകുകയുള്ളൂ. മടങ്ങുന്നതും ഒന്നിച്ചുതന്നെ. കൈക്കുകൈപിടിച്ചു രണ്ടുപേരും

കൂടി പോകുന്നതു കണ്ടാൽ തോന്നും അവർ ഒരമ്മപെററ മക്ക ളാണെന്നു്.

പതിവുപോലെ ഞായറാഴ്ചയും രണ്ടുപേരുംകൂടി ഇറങ്ങി, വേദോപദേശത്തിനുപോകുവാൻ. അല്പം നടന്നുകഴിഞ്ഞപ്പോഠം ജോണി പറഞ്ഞുതുടങ്ങി; "ഇന്നാച്ചൻ കരുത്തക്കേടിനു് എന്നോടെങ്ങാനും ചോദ്യം ചോദിക്കും." ജോയി: "ചോദിച്ചാൽ വെള്ളംപോലെ പറഞ്ഞുവിടണം. എന്നോടു ചോദിച്ചാൽ ഞാൻ തട്ടിവിടും." ജോണി: "പഠിച്ചിട്ടുവേണ്ടേ വെള്ളംപോലെ പറയാൻ. ഞാൻ ഒരക്ഷരംപോലും നോക്കിയിട്ടില്ല." ജോയി: "ഇപ്പോഠംതന്നെ പഠിക്കാമല്ലോ.ഇതാ വേദോപദേശപ്പുസ്തകം." ജോണി: "ഈ നട്ടുച്ചയ്ക്കല്ലേ പഠിക്കുന്നതു്! എന്നെക്കൊണ്ടാവില്ല. ഒരു നല്ല സൂത്രം ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്." ജോയി: "അതെന്താണു്.?"

ജോണി: "വരൂ,നമുക്കാ മാർത്തോപ്പിലേയ്ക്കു പോകാം. അവിടെച്ചെന്നിട്ടു പറഞ്ഞുതരാം." ജോയി: "മനസ്സിലായി. സൂത്രമെല്ലാം മനസ്സിലായി. വേദോപദേശം മാവിൻചുവട്ടിലാകാമെന്നല്ലേ?" ജോണി: "വയറുനിറയെ മാങ്ങായും അടിക്കാം." ജോയി: "അപ്പച്ചനറിഞ്ഞാൽ തല്ലും." ജോണി: "ആരും അറിയില്ല. വേദോപദേശം കഴിഞ്ഞു കുട്ടികഠം പോകുമ്പോഠം അവരോടുകൂടെ നമുക്കും മടങ്ങാം." ജോയി: "പിശാചിൻെറ തട്ടിപ്പാണു്. അതിൽ കുടുങ്ങരുതേ." ജോണി: "പിശാചോ! എന്നെയോ? എൻെറ പക്കൽമാത്രം പിശാചുക്കഠം അടുക്കുകയില്ല. വന്നാൽ ഒരു തൊഴികൊടുക്കും. മതി പോകാം."

ജോണിയുടെ വെടിപറച്ചിൽ കേട്ടിട്ടു ജോയി പൊട്ടിച്ചിരിച്ചുപോയി. പക്ഷേ, കാര്യം പറയാനുള്ളതു പറയുകതന്നെ ചെയ്തു. "ജോണീ, ദൈവത്തിനതൊട്ടും ഇഷ്ടപ്പെടുകയില്ല. ഞാൻ ഏതായാലും വരുന്നില്ല. ജോണി കോപകലുഷിതനായിതീർന്നു. അവൻ ഗൗരവഭാവത്തിൽ പറഞ്ഞു: "എൻെറകൂടെ വരുകില്ലേ? വേണ്ട ഞാനിതാ പോകുന്നു. നമ്മുടെ കൂട്ടു്. . . ." ജോണി നടന്നുകഴിഞ്ഞു.

ഇപ്രകാരമുള്ള വാക്കുകൾ അന്നാദ്യമായിട്ടാണ് ജോണിയിൽനിന്നും കേൾക്കുന്നത്. ജോയിക്കു മനസ്സിലായി ജോണി പിണങ്ങിയെന്ന്. വേദോപദേശക്ലാസ്സിൽ പോകുകയോ ജോണിയോടുള്ള സ്നേഹം പുലർത്തുകയോ ഏതാണു വേണ്ടതെന്നു ജോയി അല്പനേരം ആലോചിച്ചു. ഒടുവിൽ ജോണിയോടുള്ള സ്നേഹം ജയിച്ചു. അവൻ ജോണിയുടെ പിന്നാലേ ഓടിയെത്തി. രണ്ടുപേരും മാന്തോപ്പിലായി. "കിങ്ങിണി"പോലെ മാങ്ങാ തൂങ്ങിക്കിടക്കുന്നതു കണ്ടപ്പോൾ ജോണിക്കു സന്തോഷവും കൊതിയും വർദ്ധിച്ചു. അണ്ണാൻകണക്കെ അവൻ മാവിന്മേൽ കയറിക്കഴിഞ്ഞു. രണ്ടുമൂന്നു മാങ്ങാ പറിച്ചു താഴെയിട്ടു. ഒരെണ്ണം വായിലാക്കി. അതിന്റെശേഷം ഒരു കൊമ്പു പിടിച്ചു കുലുക്കി. പെട്ടെന്ന് ഒരു ശബ്ദം. "ആരാടാ, മാങ്ങാ പറിക്കുന്നത്?" തോട്ടംസൂക്ഷിപ്പുകാരന്റെ സ്വരമായിരുന്നു അത്. സ്വരം കേട്ടതും ജോണി ഭയന്നു "പൊത്തോ" എന്നു താഴെ വീണതും ഒന്നിച്ചുകഴിഞ്ഞു. പാവം! അവന്റെ ഒരു കൈ ഒടിഞ്ഞുപോയി. അവൻ വാവിട്ടു കരഞ്ഞു. സഹതാപം തോന്നിയ സൂക്ഷിപ്പുകാരൻ തുണികൊണ്ടുവന്ന് അവന്റെ കൈകെട്ടിയതിനുശേഷം വീട്ടിൽ കൊണ്ടാക്കുവാൻ ഒരു വണ്ടിക്കാരനെ ഏർപ്പാടു ചെയ്തു.

അവർ ജോണിയുടെ വീട്ടിലെത്തി. ഒടിഞ്ഞ കൈയോടുകൂടി മകനെ കണ്ടപ്പോൾ മാതാവസ്വസ്ഥയായി... ജോയി എല്ലാം സവിസ്തരം പറഞ്ഞു. "ജോണി ദൈവത്തിനിഷ്ടക്കേടായി പ്രവർത്തിച്ചതിന്റെ ഫലമാണിത്. ഇനിയെങ്കിലും കുസൃതിത്തരം കളഞ്ഞു നല്ല കുഞ്ഞായി ജീവിക്കുക" അമ്മ മകനെ ഉപദേശിച്ചു.

"അതേ അമ്മേ, തീർച്ചയായും" ജോണി ഏങ്ങിക്കരഞ്ഞുകൊണ്ടു പ്രതിവചിച്ചു.

ജോയി ദ്രുതഗതിയിൽ വീട്ടിലെത്തി, "നീ എന്താണ് ഇന്നിത്ര താമസിച്ചത്?" ജോയിയുടെ അപ്പച്ചൻ ചോദിച്ചു. ഒരു നുണ പറഞ്ഞാലോ എന്നൊരു തോന്നൽ ജോയിക്കുണ്ടാ

യി. പക്ഷേ, അവനടനെ മനസ്സിലായി അതു പിശാചിന്റെ പ്രേരണയായണെന്ന്. ധൈര്യം അവലംബിച്ചുകൊണ്ടു് അവൻ സംഗതികളെല്ലാം തുറന്നുപറഞ്ഞു. "ഇതെല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണു് ഞാൻ ചോദിച്ചതു്. നീ സത്യം പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. പക്ഷേ, വേദപാഠക്ലാസ്സിൽ പോകാഞ്ഞതിനു നീ ശിക്ഷാർഹനാണു്" ജോയിയുടെ അപ്പച്ചൻ സഗൗരവം പറഞ്ഞു.

"അപ്പച്ചാ, ഇത്തവണ എന്നോടു ക്ഷമിക്കണേ. ഇനിമേലിൽ ഞാൻ സൂക്ഷിച്ചുകൊള്ളാം." "ഇപ്രാവശ്യം അവനു മാപ്പുകൊടുക്കു. ഇനി അവൻ ചീത്തക്കൂട്ടുകാരോടുകൂടി ചങ്ങാത്തം പിടിക്കുകയില്ല" ജോയിയുടെ അമ്മ സഹായത്തിനെത്തി.

"ജോയീ, കൊള്ളാം ഞാൻ ക്ഷമിച്ചിരിക്കുന്നു. ചീത്തക്കൂട്ടുകാരിൽനിന്നു് ഓടിയകലുക. അല്ലാഞ്ഞാൽ അവരോടുകൂടി നീയും നരകത്തിൽ നിപതിക്കും. ഓർത്തുകൊള്ളുക". ആ നല്ല പിതാവു് ഉപദേശരൂപേണ പറഞ്ഞു.

---

## 53. കൊമ്പുകുത്തിയ പ്രകൃതിപ്രക്ഷോഭം

അറുപത്തിനാലുകൊല്ലം മുൻപാണതു്—ഇററലിയിലെ വൃദ്ധന്മാർക്കു് ഇന്നും അതോർമ്മയുണ്ടു്. സിസിലിയിലെ എററ്നാ അഗ്നിപർവ്വതത്തിന്റെ പൊട്ടിത്തെറിക്കലിനെക്കുറിച്ചു വിവരിക്കുമ്പോൾ ഇന്നുമവർ ഞെട്ടിപ്പോകും.

1886 മെയ് മാസം 18-ാം തീയതി അഗ്നിപർവ്വതം മുരളിത്തുടങ്ങി. അല്പസമയത്തിനുള്ളിൽ അഗ്നിയും ഗന്ധകവും ആകാശപ്പരപ്പിലേയ്ക്കു തെറിച്ചു ചാടുന്നതു് അന്നാട്ടുകാർ കണ്ടു. കത്താ

നിയാ അതിരൂപതയിൽപ്പെട്ട നിക്കളോസി എന്ന പട്ടണം അ പർവ്വതപ്രാന്തത്തിലാണു പരിലസിക്കുന്നതു്. ആ പ്രശാന്തനഗരം പേടിച്ചുവിറച്ചു, അലറിയടുക്കുന്ന സിംഹരാജൻെറ മുമ്പിൽ അമർന്നുകിടക്കുന്ന ഒരു മാൻപേടപോലെ. വെസൂവിയസ് അഗ്നിപർവ്വതം പാർശ്വവർത്തിയായ പട്ടണത്തെ തീക്കടലാക്കിയ സംഭവം അവർ സ്മരിച്ചു. ജനങ്ങൾ നെഞ്ചത്തടിക്കുവാൻതുടങ്ങി. ക്ഷോഭിച്ചിളകിയ പർവ്വതമാകട്ടെ ഇടയ്ക്കിടെ പുകയും തീയും പുറത്തേയ്ക്കു തുപ്പിക്കൊണ്ടു നിഷ്കരുണം നിലകൊണ്ടു.

ഭക്തനും ദീനവത്സലനുമായ ദുറസ്സറു മെത്രാപ്പോലീത്തായായിരുന്നു അന്നവിടെ വാണിരുന്നതു്. നിക്കളോസിപ്പട്ടണത്തിൻെറ ദയനീയസ്ഥിതി തിരുമേനിയെ ദുഃഖവിവശനാക്കി. ആ വന്ദ്യതാതൻ തൻെറ മക്കളുടെ സഹായത്തിനായി കത്താനിയായിൽനിന്നു പറന്നെത്തി. പിറേറദിവസം പ്രഭാതത്തിൽ പൊതുതെരുവീഥിയിൽവെച്ചു് അദ്ദേഹം ദിവ്യപൂജയർപ്പിക്കുകയും പരിഭ്രാന്തമായ ജനക്കൂട്ടത്തെ പറഞ്ഞാശ്വസിപ്പിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും ഗന്ധകപ്രവാഹം അടുത്തുള്ള കുന്നിൻനിരകളെ അതിലംഘിച്ചുകൊണ്ടു പട്ടണത്തെ സമീപിച്ചിരുന്നു. പട്ടണം വിട്ടു വല്ലയിടത്തേയ്ക്കും ഓടി രക്ഷപെടുവാൻ ജനങ്ങൾ തത്രപ്പെട്ടു. വീട്ടുസാമാനങ്ങൾ എടുക്കുന്നവർ ഒരു ഭാഗത്തു്, ജനമൃകളും മററും കുത്തിപ്പറിക്കുന്നവർ മററൊരുഭാഗത്തു്. ആ നഗരവാസികളുടെ പരിഭ്രമം തിരുമേനിയുടെ ഹൃദയത്തെ പിളർന്നുകഴിഞ്ഞു.

ആ പുണ്യപുരുഷൻ, പ്രശാന്തരായി ദൈവത്തിൽ പ്രത്യാശിക്കുവാൻ അവരോടഭ്യർത്ഥിച്ചു. 1479-ൽ അതേ അഗ്നിപർവ്വതംതന്നെ പൊട്ടിപ്പുറപ്പെട്ടതും വിശുദ്ധ അഗാത്തയുടെ മൂടുപടമെടുത്തുകൊണ്ടുള്ള ഒരു പ്രദക്ഷിണത്തെത്തുടർന്നു നിക്കളോസിപ്പട്ടണം രക്ഷപ്രാപിച്ചതുമായ ചരിത്രസംഭവം തിരുമേനി ഓർത്തു. ദീർഘനേരത്തെ പ്രാർത്ഥനയ്ക്കുശേഷം, പുകഞ്ഞെരിയുന്ന ആ ഗന്ധകമലയ്ക്കഭിമുഖമായി ഒരു ഭക്തപ്രദക്ഷിണം

നടത്തുവാൻതന്നെ തിരുമേനി ദൃഢനിശ്ചയം ചെയ്തു. പ്രദക്ഷിണം ഫലശൂന്യമായാൽ ജനങ്ങളുടെ മതവിശ്വാസം ക്ഷയിച്ചു പോകുമെന്നു പലരും മെത്രാപ്പോലീത്തായെ അനുസ്മരിപ്പിക്കാതിരുന്നില്ല. വെന്തുനീറിയ ആ പിതൃഹൃദയത്തിനുള്ളിൽ അത്തരം ബാലിശന്യായങ്ങളെല്ലാം കരിഞ്ഞു ചാമ്പലായി.

വിശുദ്ധ അഗാത്തയുടെ മൂടുപടവും വഹിച്ചുകൊണ്ടു പ്രദക്ഷിണം സമാരംഭിച്ചു. ജനങ്ങൾ ഭക്തിനിർഭരമായ ഹൃദയത്തോടെ കണ്ണീർ വാർത്തുകൊണ്ട് മുന്നോട്ടുവന്നു. അഗ്നിപർവ്വതത്തിനഭിമുഖമായി അജപാലനും ആടുകളും മന്ദംമന്ദം നീങ്ങി. ഇരമ്പിക്കരയുന്ന അഗ്നിപർവ്വതവും ഉരുകിത്തിളയ്ക്കുന്ന ഗന്ധകക്കട്ടകളും അവരെ വിഴുങ്ങിക്കളയുമെന്നു ചില മതവിരോധികൾ പ്രവചിച്ചു. എങ്കിലും പട്ടണവീഥികൾ വിട്ട് ഒരായിരം അടികൂടി മുന്നോട്ട് ആ പ്രദക്ഷിണം അണിനിരന്നുപോയി. നിർദ്ദിഷ്ടസ്ഥലത്തുവെച്ചു തിരുമേനി ഒരു പ്രത്യേകപ്രാർത്ഥനയോടെ പ്രദക്ഷിണം സമാപിപ്പിക്കുകയും ജനങ്ങൾ ശുഭാപ്തിവിശ്വാസത്തോടെ മടങ്ങുകയും ചെയ്തു.

ഗവർമ്മെൻറ് ഈ ചടങ്ങുകൾകൊണ്ടൊന്നും ധൈര്യമവലംബിച്ചില്ല. ആ പ്രകൃതിപ്രക്ഷോഭത്തെ തടഞ്ഞുനിർത്തുവാൻ ഈ പ്രദക്ഷിണപ്രസ്ഥാനത്തിനുണ്ടോ സാധിക്കുന്നു! അവർ പട്ടണവാസികൾക്ക് ആജ്ഞ നല്കി, കഴിയുന്നതും വേഗത്തിൽ അവിടംവിട്ടു രക്ഷപെടുവാൻ. അപ്രതീക്ഷിതമായി പർവ്വതം പൊട്ടിയൊഴുകിയാൽ ആയിരക്കണക്കിനു ജനങ്ങൾ നശിച്ചുപോകുമെന്നു കരുതി വിനീതനായ മെത്രാപ്പോലീത്താ അധികൃതനിർദ്ദേശത്തെ അനുസരിച്ചുകൊള്ളുവാൻ വിശ്വാസികളെ ഉൽബോധിപ്പിച്ചു. എല്ലാവരും പട്ടണം വിട്ടുകഴിഞ്ഞു. എന്നാൽ കുറച്ചുദിവസങ്ങൾക്കുശേഷം ഇററലിയിലെ പത്രപംക്തികളിൽ ഇപ്രകാരം അധികൃതസ്ഥാനങ്ങളിൽനിന്നു പ്രസിദ്ധീകരിച്ചുകണ്ടു: "കത്താനിയാ മെത്രാപ്പോലീത്തായുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ടിരിക്കുന്നു. വിശുദ്ധ അഗാത്തയുടെ മൂ

ട്ടപടവും പിടിച്ചുകൊണ്ടു് തിരുമേനി നടത്തിയ ആ പ്രദക്ഷിണവഴിയുടെ അതിർത്തിവരെ മാത്രം ഗന്ധകദ്രാവകം ഒഴുക്കിവിട്ടശേഷം എററ്നാ അഗ്നിപർവ്വതം തികച്ചും പ്രശാന്തമായിത്തീർന്നിരിക്കുന്നു. നിക്കൊളാസിയിലേ ജനങ്ങൾക്കു നിർഭയം മടങ്ങിവന്നു തങ്ങളുടെ ഭവനങ്ങളിൽ താമസമുറപ്പിക്കാവുന്നതാണു്."

# 54. സത്യത്തിനു സമ്മാനം

"ചേച്ചിയുടെ പനി കുറഞ്ഞോ, അമ്മേ?" ജോസഫ് ആകാംക്ഷയോടേ ചോദിച്ചു.

അമ്മ: "കുറവൊന്നും കാണുന്നില്ല. വല്ല മരുന്നും കൊടുത്തിരുന്നെങ്കിൽ പനി മാറിയേനേ. പക്ഷേ എന്തു ചെയ്യാം. നമുക്ക് അതിനുള്ള കഴിവില്ലല്ലോ. തൽക്കാലം ഒരു എട്ടണയെങ്കിലും ഉണ്ടായിരുന്നെങ്കിൽ!"

ജോസഫ്: "അങ്ങേതിലേ ചീക്കുവെല്യപ്പനോടു ചോദിച്ചാൽ എട്ടണ തരുകയില്ലേ? എന്തുമാത്രം പണമാണ് അതിനും ഇതിനും അയാൾ ചെലവിടുന്നതു്."

അമ്മ: "അതേ, ധാരാളം പണമുണ്ടു്. പക്ഷേ, ഒരു ചില്ലിക്കാശു മററുള്ളവർക്കു കൊടുക്കുകയില്ലെന്നാണു പരക്കെയുള്ള പറച്ചിൽ. സഹായിക്കുന്നതുവഴി, സ്വർഗ്ഗത്തിൽ സമ്പാദിക്കാവുന്ന നിധിയെപ്പററി അയാൾ അറിഞ്ഞിരുന്നെങ്കിൽ!"

അല്പനേരം മൗനം അവലംബിച്ചശേഷം അവർ തുടർന്നു: "എന്നാലും ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. ഹൃദയം തുറന്ന് അവിടുത്തോടു നമുക്കു പ്രാർത്ഥിക്കാം. ദൈവം നിരാശ്രയരെ കേൾക്കാതിരിക്കുകയില്ല. മകനേ, ഞാൻ പറഞ്ഞതുപോലെ നീ ചെയ്യുമോ"?

ജോസഫ്: "ചെയ്യുമെന്നോ? കൊള്ളാം! എന്റെ പൊന്നു ചേച്ചിക്കുവേണ്ടി ചെയ്തില്ലെങ്കിൽ പിന്നെ ആർക്കുവേണ്ടി! അമ്മേ, സ്കൂളിൽ പോകാൻ സമയമായി."

തലേദിവസത്തെ പച്ചരിക്കഞ്ഞിയുടെ തടിച്ചു കുറുകിയ കുറേ കഞ്ഞിവെള്ളവും മോന്തിക്കൊണ്ടു് ആ സാധുബാലൻ സ്കൂളിലേക്കു തിരിച്ചു.

മണി നാലു കഴിഞ്ഞു. സന്തോഷത്താൽ തുള്ളിച്ചാടിയാണു ജോസഫ് സ്കൂളിൽനിന്നും മടങ്ങിയെത്തിയതു്. സ്ലേററും പുസ്തകവും കട്ടിലിന്റെ താഴേക്കു തള്ളിയിട്ടിട്ട് അവൻ അമ്മയുടെ അടുക്കലേയ്ക്കോടി. "കിട്ടിഃപ്പോയമ്മേ, കിട്ടിപ്പോയി. പറയൂ, എന്തുമരുന്നാണു മേടിക്കേണ്ടതു്. ഞാൻ ഇപ്പോഠംതന്നെ വാങ്ങിച്ചുകൊണ്ടുവരാം. പറയൂ അമ്മേ." അവൻ ഒരുവിധത്തിൽ അവസാനിപ്പിച്ചു.

അമ്മ: "പണം കൊടുക്കാതെ വല്ലവരും മരുന്നു തരുമോ, കുഞ്ഞേ?"

കീശയിൽനിന്നും ഒരു നാണയം എടുത്തുകാണിച്ചുകൊണ്ടു് "ദേ എട്ടണ. ചേച്ചിയുടെ പനിയെല്ലാം ഇപ്പോഠം പമ്പകടക്കുകയില്ലേ! അവൻ സസന്തോഷം പറഞ്ഞു."

അമ്മ: "കുഞ്ഞേ, നിനക്കെവിടെക്കിട്ടി ഈ അണ?"

ജോസഫ്: "കളഞ്ഞതിനു കിട്ടിയമ്മേ. ചീക്കുവെല്ല്യപ്പന്റെ മോനില്ലേ, ആ ടോമി. . . . അവൻ എന്റെടുത്താണിരിക്കുന്നതു്. അവന്റെ പുസ്തകത്തിൽനിന്നു ഞാനെടുത്തതാണ്. ഭാഗ്യംതന്നെയമ്മേ. നമ്മുടെ ഭാഗ്യം. അവൻ കണ്ടേയില്ല. പറയൂ; ഞാനിപ്പം മരുന്നുകൊണ്ടുവരാം."

ജോസഫിന്റെ സഹോദരിസ്നേഹത്തെ ഓർത്തു് ആ മാതാവു സന്തോഷാശ്രുക്കഠം പൊഴിച്ചു. പക്ഷേ, അവന്റെ പ്രവൃത്തിയെ അവഠം കുററപ്പെടുത്തുകതന്നെ ചെയ്തു. "കുഞ്ഞേ, നീ നിന്റെ ചേച്ചിയെ അതിയായി സ്നേഹിക്കുന്നുണ്ടെന്നു് എനിക്കറിയാം. വളരെ നല്ലതുതന്നെ. പക്ഷേ, സഹോദരീസ്നേഹ

ത്തെപ്രതി നീ ചെയ്ത പ്രവൃത്തി ഒരിക്കലും ശരിയല്ല." അമ്മ അവനെ ഗുണദോഷിച്ചു.

ജോസഫ്: "അമ്മേ, ടോമി മിഠായിയും ബലൂണും മററും വാങ്ങിച്ചു വെറുതേ കളയുന്ന കാശല്ലേ ഞാൻ എടുത്തത്. അതു ചേച്ചിക്കു മരുന്നുവാങ്ങിക്കാനുമല്ലേ. അതിലെന്താ തെററ്?"

അമ്മ: "ടോമി എന്തുചെയ്താലും വേണ്ടില്ല. പണം അവന്റേതാണ്. അവന്റെ അനുവാദംകൂടാതെ പണം എടുത്തതിനാൽ നീ കളവാണു ചെയ്തത്. കളവു ദൈവപ്രമാണത്തിനെതിരാണെന്നു വേദോപദേശത്തിൽ പഠിച്ചിട്ടില്ലേ?"

ജോസഫ്: "ഉവ്വ് ഏഴാമത്തു കക്കരുത്."

അമ്മ: "അതാണ് ഈശോയുടെ ആഗ്രഹം. അതിനെതിരായി പ്രവർത്തിച്ചാൽ നിന്റെ ആത്മാവു നശിക്കും. അതുകൊണ്ട് എന്റെ കുഞ്ഞേ, ആ പണംകൊണ്ടുപോയി ടോമിക്കു തിരികെ കൊടുത്തിട്ടു ക്ഷമയാചിക്കൂ, അപ്പോൾ ദൈവം നിന്നോടു ക്ഷമിച്ചുനിന്നെ അനുഗ്രഹിക്കും."

ജോസഫ് യാതൊരു മറുപടിയും പറയാതെ ഉടൻതന്നെ ടോമിയുടെ വീട്ടിലേക്കു നടന്നു. പടിക്കൽത്തന്നെ ടോമിയും അവന്റെ പിതാവും നില്ക്കുന്നുണ്ടായിരുന്നു. ജോസഫ് വിവരങ്ങളെല്ലാം പറഞ്ഞു ക്ഷമായാചനത്തോടേ പണം മടക്കിക്കൊടുത്തതിനുശേഷം നമ്രമുഖനായി നിന്നു.

ആശ്ചര്യവും ആഹ്ളാദവും ഷീക്കുവിന്റെ മുഖത്തു മാറിമാറി നിഴലിച്ചു. "ആരാണു നിന്നെ ഇപ്രകാരം ചെയ്യുവാൻ പ്രേരിപ്പിച്ചത്?" അയാൾ ആരാഞ്ഞു.

"കളവുചെയ്ത് ആത്മാവു നശിപ്പിക്കുന്നതിനേക്കാൾ പട്ടിണികിടന്നു മരിക്കയാണു നല്ലതെന്ന് അമ്മ പറഞ്ഞു."
അവൻ പ്രതിവചിച്ചു.

ആ വാക്കുകൾ ഷീക്കുവിന്റെ ഹൃദയത്തെ ഇളക്കി. അയാൾ നിശ്ചേഷ്ടനായി നിന്നു ചിന്തിച്ചു. സ്വന്തം ജീവിതരീതയെപ്പററി അയാൾ ലജ്ജിച്ചു. ജോസഫിനെ തലോടിക്കൊണ്ട്

അയാൾ പറഞ്ഞു: "കുഞ്ഞേ, ഈ പത്തുരൂപാ കൊണ്ടുപോയി അമ്മയുടെ കൈയിൽ കൊടുക്കുക. നിന്റെ ചേച്ചിക്ക് ആവശ്യമുള്ള മരുന്നു വാങ്ങിക്കുക. ഇനി എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാൻ നിറവേററിത്തരുന്നതാണ്"

ജോസഫ് ഉപകാരം പറഞ്ഞു വീട്ടിലേക്കു മടങ്ങി. വിവരമെല്ലാം അമ്മയെ അറിയിച്ചു.

"കുഞ്ഞേ, അശരണരെ ദൈവം സഹായിക്കും" കൃതജ്ഞതാഭരിതമായ ഹൃദയത്തോടുകൂടി ആ സ്ത്രീ പറഞ്ഞു.

## 55. ആ കറുത്ത സാധനം

കർക്കടകമാസത്തിലെ ഒരു കാളരാത്രി. കർണ്ണകഠോരമായ ഇടിനാദങ്ങളോടിട കലർന്നു കോരിച്ചൊരിയുന്ന പേമാരിയും. എങ്കിലും ആ വൈദികൻ ഇറങ്ങിത്തിരിച്ചു, ആസന്നമരണനായ ഒരു രോഗിക്ക് അന്ത്യകൂദാശകൾ നല്കുവാൻ. നിത്യത്വം ത്രാസിൽ തൂങ്ങുമ്പോൾ അനിത്യസുഖങ്ങളെ എങ്ങനെ താലോലിക്കും!

പല കയ്യാലകളും ഇടവഴികളും കടന്ന് അവർ ഒരു കുററിക്കാട്ടിലെത്തി. വഴി തിരിച്ചറിയുവാനുള്ള പ്രയാസംകൊണ്ട് റാന്തൽവിളക്കിന്റെ തിരി ഒന്നുകൂടി തെളിച്ചു കപ്യാർ മുമ്പേ നടന്നു. അപ്പോൾ അതാ അടുത്തെവിടെയോനിന്ന് ഒരു ഭയങ്കരസ്വരം! കപ്യാർ നടുങ്ങിപ്പിറകോട്ടുമാറി. ഒരിക്കലും കേട്ടിട്ടില്ലാത്തതരത്തിലുള്ള ശ്വാസംമുട്ടലോടുകൂടിയ ഒരലർച്ച! അതു മനുഷ്യന്റേതോ മൃഗത്തിന്റേതോ എന്നു നിശ്ചയിക്കുവാൻ വയ്യാ. വൈദികനും അല്പം ഭയചകിതനായെങ്കിലും ധൈര്യമവലംബിച്ചു മുമ്പോട്ടുതന്നെ നടന്നു. അതാ വീണ്ടും ആ സ്വരം!

രണ്ടാമതും അതു കേട്ടപ്പോൾ അച്ചന് അല്പം സംശയം തോന്നി. അതൊരു മനുഷ്യസ്വരമല്ലേ? വിളക്കു കപ്യാരുടെ കൈയിൽനിന്നു വാങ്ങി സ്വരംകേട്ട ലക്ഷ്യത്തെ ലാക്കാക്കി അദ്ദേഹം കാട്ടിലേക്കു കയറി.

സ്വരം പുറപ്പെട്ട സ്ഥലത്ത് ഉത്തരക്ഷണത്തിൽ അദ്ദേഹം എത്തിച്ചേർന്നു. ഭയങ്കരം! അതാ ദേഹമാസകലം മുറിവേററ ഒരു മനുഷ്യൻ, ചോരയിൽ കുളിച്ചു ബോധരഹിതനായിക്കിടന്നു. ഇടയ്ക്കിടെ അയാളിൽനിന്നു പുറപ്പെടുന്ന ആർത്തവും അതിദയനീയവുമായ സ്വരം മാത്രമേ അയാളിൽ ജീവാവശേഷത്തെ പ്രഖ്യാപിപ്പിക്കുന്നുള്ളു. എന്തു ചെയ്യേണ്ടു എന്നറിയാതെ വൈദികൻ അല്പം കുഴങ്ങി. രോഗിയുടെ പക്കലേയ്ക്കു പോകുന്നതിനുമുമ്പായി ആ അർദ്ധപ്രാണനെ ശുശ്രൂഷിക്കുവാൻ തന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. വിളക്കൊന്നുകൂടി തെളിച്ചുകൊണ്ട് അദ്ദേഹം അയാളുടെ മുഖത്തേയ്ക്കു നോക്കി. അതു തികച്ചും അപരിചിതമായിരുന്നു. അയാൾ ഏതു മതക്കാരനോ എന്തോ! ചില പ്രാഥമികശുശ്രൂഷകളെല്ലാം ചെയ്തതിനുശേഷം അദ്ദേഹം യാത്ര തുടരുവാൻ ഭാവിച്ചു പെട്ടെന്ന് ഒരു കറുത്ത സാധനം അച്ചന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചു. പഴകി, തട്ടുകൾ പറിഞ്ഞുതുടങ്ങിയ ഒരു വെന്തിങ്ങാ അയാളുടെ കഴുത്തോടു ചേർന്നു നിലത്തുകിടക്കുന്നു. അയാൾ ഒരു കത്തോലിക്കനാണെന്നുള്ളതിനു വേറെ തെളിവൊന്നും വേണ്ടിയിരുന്നില്ല. അച്ചൻ അയാൾക്കു പാപമോചനവും അന്ത്യലേപനവും നല്കി. പെട്ടെന്ന് അയാൾ കണ്ണുതുറന്നുവെങ്കിലും അത് ഉടനെ അടഞ്ഞു. അയാളുടെ ശ്വാസഗതി മന്ദീഭവിക്കുന്നതായിക്കാണപ്പെട്ടു. 'അടച്ചു റൂശ്മാ'യുടെ വചനങ്ങൾ അച്ചൻ ഉച്ചരിച്ചുകഴിഞ്ഞതിനോടേ അതു നിശ്ശേഷം നിലച്ചു. അയാളുടെ വേദനയും അവസാനിച്ചു.

പിറേറദിവസം അച്ചൻ അയാളെക്കുറിച്ചു പലതും അന്വേഷിച്ചറിഞ്ഞു. അന്യനാട്ടുകാരനായ അയാളെ ഏതാനും അ

ക്രമികൾകൂടി ദേഹോപദ്രവമേല്പിച്ചു കൈയ്യിലുണ്ടായിരുന്ന പണവും അപഹരിച്ച് കുററിക്കാട്ടിലേയ്ക്കെറിഞ്ഞുകളഞ്ഞതാണ്. "എങ്കിലും അയാൾ ഭാഗ്യവാൻതന്നെ" അച്ചൻ പറഞ്ഞു, "ഒപ്രുശുമായും പാപമോചനവും മരണസമയത്തയാൾക്കു ലഭിച്ചു. കർമ്മലനാഥയുടെ രക്ഷാകരമായ ആ അടയാളം ഞാൻ കണ്ടില്ലായിരുന്നെങ്കിൽ അയാൾ ഒരു കത്തോലിക്കനാണെന്നു ഞാൻ അറിയുകയില്ലായിരുന്നു. ആ കറുത്ത സാധനം— തട്ടുപറിഞ്ഞ ആ വെന്തീങ്ങയാണ് അയാളുടെ മരണത്തെ നന്മരണമാക്കിപ്പകർത്തിയതു്.

അമ്മയുടെ സമ്മാനത്തിന്റെ വില അരുമസന്താനങ്ങൾ ശരിക്കു ഗ്രഹിച്ചിരുന്നെങ്കിൽ!

---

# 56. ആ സോഷ്യലിസ്ററുകാരൻ

ഫിലോമിനായുടെ ഏക സഹോദരനാണ് ആൻഡ്രൂ. അവരുടെ പിതാവ് മരിച്ചിട്ടു വർഷം ആറുകഴിഞ്ഞു. രണ്ടുമാസം മുമ്പു വത്സലമാതാവും അവരെ പിരിഞ്ഞുപോയി. ആൻഡ്രൂ ആറാംഫാറത്തിലും ഫിലോമിനാ മൂന്നാംഫാറത്തിലുമാണ് പഠിക്കുന്നതു്.

ഹൈസ്കൂളിൽവച്ചു്, അവിവേകികളും ഉപരിപ്ലവബുദ്ധികളുമായ വിദ്യാർത്ഥികളെ വഴിപിഴപ്പിക്കുന്ന സോഷ്യലിസ്ററു സഖാക്കൾ ആൻഡ്രൂവിനെയും പിടികൂടി. മതവിദ്വേഷവും വൈദികവിദ്വേഷവും അവരവനിൽ കുത്തിവെച്ചു. മനുഷ്യന് അനശ്വരമായ ഒരാത്മാവുണ്ടെന്ന കഥ ആ യുവാവ് വിസ്മരിച്ചുകളഞ്ഞു. മാർക്സിന്റെ "ഡാസ് കാപ്പിററ"ലും വാൾട്ടയറിന്റെ വിപ്ലവോജ്ജ്വലങ്ങളായ പ്രബന്ധങ്ങളും അവൻ ഉരുവിട്ടു പഠിച്ചു. അങ്ങനെ ഫിലോമിനായുടെ കുഞ്ഞാങ്ങള ഒരു ഭൗതികവാദിയായിത്തീർന്നു.

ആ പെൺകുട്ടി തൻെറ സഹോദരൻെറ മാനസാന്തരത്തിനായി ഹൃദയം നീറി പ്രാൎത്ഥിക്കുവാൻ തുടങ്ങി. അവൾ പ്രതിദിനം ദിവ്യപൂജ കാണുകയും ആഴ്ചതോറും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തുകൊണ്ട് ഈശോയുടെ തിരുഹൃദയത്തിൽ സകല സങ്കടങ്ങളും സമർപ്പിച്ചു.

ഒരു ദിവസം ഫിലോമിനാ ആൻഡ്റുവിനോട് ഇങ്ങനെ സംഭാഷണം ആരംഭിച്ചു. "സോദരാ, നാളെ മാസാദ്യവെള്ളിയാഴ്ചയാണല്ലോ. നമുക്കു രണ്ടുപേർക്കും ഒരുമിച്ച് നാളെ പള്ളിയിൽ പോകാം.

ആൻഡ്റു: "ഫിലോമിനാ, നിൻെറ ഈ പള്ളിപ്പുണ്യമൊന്നും എൻെറ പക്കൽ ചെലവാകയില്ല—അറിവില്ലാത്ത അബലകളേയും മുതുകുവളഞ്ഞ മുത്തപ്പന്മാരേയും വഞ്ചിക്കാൻ മാത്രമേ ഇനി ഈ പുരോഹിതപ്പരിഷകൾക്കു സാധിക്കുകയുള്ളൂ. ഒരു കുർബാനയും കുമ്പസ്സാരവും."

ബാലിക ഈ പ്രതിവചനം കേട്ടു പ്രത്യാശാരഹിതയായില്ല. അവൾ ആങ്ങളയോട് ഒരു വാക്‌സമരത്തിനുതന്നെ ഒരുങ്ങി.

"ദൈവവും ദൈവസ്ഥാപിതമായ ഒരു സഭയും ഇല്ലെന്നാണോ സഹോദരൻെറ വാദം?"

"പിന്നെ, ദൈവമെന്ന ഒരാളുണ്ടെങ്കിൽ ജനങ്ങളുടെ ഈ പട്ടിണിയും പഞ്ഞവുമെല്ലാം കണ്ട് സഹിച്ചിരിക്കുമോ? മഹാപ്രഭുക്കൾ മാളികമുകളിൽ പട്ടുമെത്തമേൽ കിടന്നു സന്തോഷിക്കുമ്പോൾ, മഹാപാവങ്ങൾ കഞ്ഞിവെള്ളം കുടിക്കാതെ ജീവച്ഛവങ്ങളായി അലഞ്ഞു തിരിയുന്നത്, കാരുണ്യമൂൎത്തിയായ ഒരു ദൈവം കണ്ടു കൊണ്ടിരിക്കുമെന്നോ? എന്തിനധികം പറയുന്നു. നമ്മുടെ അപ്പച്ചനേയും അമ്മച്ചിയേയും ഇത്ര വേഗം നമ്മിൽനിന്നു വേർപെടുത്തി നമ്മെ അനാഥരും അനാലംബരുമാക്കുവാൻ ദയാനിധിയായ നിൻെറ കൎത്താവിനു തോന്നിയെന്നോ?"

ഫിലോമിനാ: "സഹോദരൻ വിശുദ്ധരുടെ ചരിത്രം വായിച്ചുനോക്കു. അവർ ഈശോയുടെ വാത്സല്യഭാജനങ്ങളായിരുന്നില്ലേ? എന്നിട്ടും അവർക്കു നേരിട്ടിരുന്ന ക്ലേശങ്ങളും രോഗങ്ങളും എത്രമാത്രം ഘോരതരങ്ങളായിരുന്നു. അഗ്നി സ്വർണ്ണത്തെ സ്ഫുടം ചെയ്യുന്നതുപോലെ കരിശുകളും ക്ലേശങ്ങളും നമ്മെയും പരിപാവനരാക്കുന്നു."

"മതി മതി, നിന്റെ തത്വോപദേശം'' കവർപേജിൽ മീശപിരിച്ചുനില്ക്കുന്ന ജോസഫ് സ്റ്റാലിന്റെ ചിത്രമുള്ള ഒരു കൊച്ചുപുസ്തകവുമെടുത്തു് അൻഡ്രൂ സ്ഥലംവിട്ടു.

ഫിലോമിനാ പ്രാത്ഥനാമുറിയിൽപ്പോയി ഈശോയുടെ തിരുഹൃദയരൂപത്തിനു മുമ്പിൽ മുട്ടുകുത്തി. വളരെ നേരം കരഞ്ഞു. നിത്യനരകം വാപിളർന്നു നില്ക്കുന്നതും അവളുടെ ഏക സഹോദരൻ അതിലേയ്ക്കു കുതിച്ചുചാടുന്നതും ആ പെൺകുട്ടിയുടെ ഭാവനയിൽ തെളിഞ്ഞുകണ്ടു. അവൾ സഹോദരനുവേണ്ടി സ്വജീവിതത്തെ ഒരു പരിഹാരബലിയായി ഈശോയ്ക്കു സമർപ്പിച്ചുകൊണ്ടാണു് മടങ്ങിയതു്.

സഖാവു് അൻഡ്രൂ സമത്ഥനായ ഒരു പ്രസംഗകനാണു്. പട്ടക്കാരുടെ "തട്ടിപ്പു''കളെപ്പററിയും കന്യാസ്ത്രീകളുടെ "കപടഭക്തി''യെക്കുറിച്ചുമെല്ലാം ആ സോഷ്യലിസ്ററുകാരൻ വലിയ വലിയ മൈതാനപ്രസംഗങ്ങൾ നടത്തി. പാവം ഫിലോമിനാ അതെല്ലാം നാട്ടുകാർ പറയുന്നതു കേട്ടു വിമ്മിവിമ്മിക്കരഞ്ഞിരുന്നു.

ഡിസംബർ 25-ാംതീയതി പാതിരാക്കർബാനയ്ക്കു ജനങ്ങൾ ചൂട്ടും വിളക്കുമായി പള്ളിയിലേയ്ക്കങ്ങനെ പോകുന്നു. നായ്ക്കൾ അർദ്ധരാത്രിയ്ക്കുള്ള ആ ജനസഞ്ചാരംമൂലം ഇടമുറിയാതെ കുരച്ചുകൊണ്ടിരിക്കുന്നു. ദൈവാലയത്തിൽ പിറവി കഴിഞ്ഞുവെന്നു നാലഞ്ചു കതിനാവെടികൾ പ്രഖ്യാപിച്ചു. ഒരു മുറിച്ചൂട്ടുമായി അൻഡ്രൂ തന്റെ സഹോദരിയെ പള്ളിയിലേയ്ക്കു നയിക്കുകയാണു്. അവർ പള്ളിമുററത്തെത്തി. "കർമ്മവും ക

ണ്ണുന്നീരുമൊക്കെത്തീർന്നു സാവകാശം വന്നാൽമതി. ഞാനിവിടെ പുറത്തു കാത്തു നില്ക്കാം." ഇത്രയും പറഞ്ഞു് ആ യുവാവു തിരിച്ചു നടന്നു. ഫിലോമിനാ ആങ്ങളയുടെ കൈയ്ക്കു കടന്നു പിടിച്ചു. "ഉണ്ണിയീശോയെപ്രതിയെങ്കിലും കുഞ്ഞാങ്ങള ഒന്നു പള്ളിയിൽ കയറണം. ആ പുൽക്കൂടും പിറവിത്തൊട്ടിയുമൊക്കെ കാണണ്ടേ. പോരെങ്കിലിന്നു് കുഴിനിലത്തേ ആ കൊച്ചച്ചന്റെ പുത്തൻകുർബാനയാണു്. നമുക്കു് ആ നവപൂജയിൽ സംബന്ധിച്ച് അപ്പച്ചന്റെയും അമ്മച്ചിയുടേയും ആത്മശാന്തിക്കായി പ്രാർത്ഥിക്കാം"

ജനങ്ങൾ തുരുതുരെ പള്ളിയിലേയ്ക്കു വന്നിരുന്നതിനാൽ തന്റെ സഹോദരിയുമായി ഒരു ഗുസ്തിപിടിക്കുവാൻ ആൻഡ്റൂ ലജ്ജിച്ചു. മനസ്സില്ലാമനസ്സോടെ ആ യുക്തിവാദി ദൈവാലയത്തിൽ പ്രവേശിച്ചു. ആൻഡ്റൂവിന്റെ അപ്രതീക്ഷിതമായ ആഗമനം പള്ളിച്ചമരുംചാരി പടിഞ്ഞിരിക്കുന്ന ചില പരിഷ്കാരപ്രേമികളെ ചിരിപ്പിച്ചു. ആ യുവാവു് ഒന്നു മുട്ടുകുനിക്കപോലും ചെയ്യാതെ ഒരു തൂണുംചാരി അവിടെ നിന്നു. നവവൈദികൻ ദിവ്യപൂജയാരംഭിച്ചു. കൗതുകത്തോടെ അതെല്ലാം നോക്കിനില്ക്കുകയായിരുന്നു ആ സോഷ്യലിസ്റ്റ്.

പുരോഹിതൻ കൂദാശവചനം ഉച്ചരിച്ചു പരിശുദ്ധ കുർബാന ഉയർത്തേണ്ട സമയമായി. സ്വർഗ്ഗത്തിൽനിന്നും ഈശോനാഥൻ ആ അഭിഷിക്തകരങ്ങളിലേയ്ക്കു് എഴുന്നള്ളിവന്നു. മണിക്കിലുക്കലും വിശ്വാസികളുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന കൂട്ടസ്വരവും ആ ദൈവാലയാന്തരീക്ഷത്തിൽ മുഖരിതമായി. ആൻഡ്റൂ താനറിയാതെ അവിടെ മുട്ടുകുത്തിപോയി. അയാളുടെ കണ്ഠനാളത്തിൽനിന്നു് "എന്റെ ഈശോയെ, എന്നോടു ക്ഷമിക്കേണമേ" എന്നൊരു ദയനീയസ്വരം നിർഗ്ഗളിച്ചു. സമീപസ്ഥർ ആ നിരീശ്വരനെ ഉററുനോ

ക്കി. ആൻഡ്റൂ ഒരു കൊച്ചുകുട്ടിയെപ്പോലെ വാവിട്ടു കരഞ്ഞു കൊണ്ടിരുന്നു.

x x x

മി. ആൻഡ്റൂസ് ഇന്നു് ആ ഇടവകയിലെ വിൻസെൻറ് ഡി. പോറം സംഘത്തിൻെറ സെക്രട്ടറിയാണ്. ദൈവസ്നേഹവും സഹോദരസ്നേഹവും നിറഞ്ഞൊഴുകുന്ന ഒരു മാതൃകാകത്തോലിക്കനാണയാറം.

# 57. ഉദ്യോഗക്കയററം

ജോൺഡാലിയും മേരിയുമായുള്ള വിവാഹം കഴിഞ്ഞിട്ടു വർഷമൊന്നായി. സമാധാനത്തിൻേറയും ശാന്തിയുടേയും ഒരു നികേതനമായിരുന്നു. ആ കത്തോലിക്കാഭവനം ബോംബേ പട്ടണത്തിൻെറ പ്രാന്തപ്രദേശത്തു നിലകൊണ്ടിരുന്നു. പരിശുദ്ധമായ പരസ്പരാനുരാഗത്തിൻെറ പരിമളം ആ ഭവനാന്തരീക്ഷത്തെ അതിപാവനവുമാക്കി.

x x x

ജോൺ ജോലിചെയ്തിരുന്ന ഫാക്ടറിയിലെ മാനേജർ സ്ഥലംമാറിപ്പോയി. പുതിയ പുള്ളിക്കു, കത്തോലിക്കനെന്നു കേട്ടാൽ പുരികം ചുളിക്കും. അയാറംക്കു് അത്രയ്ക്കു പുച്ഛമാണവരെപ്പററി. ഒരു ജോലിക്കാരൻ കത്തോലിക്കനാണെന്നറിഞ്ഞാൽമതി അവൻെറ ഉദ്യോഗം നഷ്ടപ്പെടുവാൻ.

ഒക്ടോബർമാസം സമാഗതമായി. രാജത്വത്തിരുന്നാളും വന്നുചേർന്നു. തലേ ഞായറാഴ്ചതന്നെ തിരുനാളിൻേറയും പ്രദക്ഷിണത്തിൻേറയും പരിപാടി വികാരിയച്ചൻ വിശ്വാസികളെ അറിയിച്ചു. അപ്പോറംമുതൽ ജോണിൻെറ മുഖത്തു്

ഉൽക്കണ്ഠയുടെ കരിനിഴലുകഠം പ്രത്യക്ഷപ്പെട്ടു തുടങ്ങി. അയാളുടെ വദനം ഒന്നിനൊന്നു മ്ളാനമായിത്തീർന്നു. മേരി അസ്വസ്ഥതയുടെ കാരണം ചോദിച്ചുവെങ്കിലും ജോൺ ഒഴിഞ്ഞുമാറുകയാണു ചെയ്തതു്. ഒരിക്കൽ ഉച്ചഭക്ഷണംകഴിഞ്ഞു നാട്ടുവത്തമാനങ്ങഠം പറഞ്ഞുകൊണ്ടിരിക്കവെ മേരി ചോദിച്ചു.

"കാരണം എന്നോടു പറയുകയില്ലേ? ബ. വികാരിയച്ചന്റെ പ്രസംഗമാണോ അങ്ങയുടെ ക്ലേശകാരണം?"

"അതേ" അല്പം വികാരഭരിതനായി അയാഠം പ്രതിവചിച്ചു. "അച്ചൻ വിവരിച്ച പ്രദക്ഷിണമാർഗ്ഗമാണു് എന്നെ വിഷമിപ്പിക്കുന്നതു്."

"അതിനെന്താ? പ്രദക്ഷിണത്തിൽ ചേരുവാൻ കഴികയില്ലെന്നോ?"

"അതേ, ഇപ്പോഠം ഉദ്യോഗക്കയററത്തിന്റെ സമയമാണു്. പ്രദക്ഷിണത്തിൽ വച്ചു മാനേജർ എന്നെ കണ്ടാൽ ഉദ്യോഗം വീട്ടിലാകും. അല്ലെങ്കിൽ തരം താഴ്ത്തുകയെങ്കിലും ചെയ്യും. മാനേജരുടെ പടിക്കൽക്കൂടിയാണു പ്രദക്ഷിണം കടന്നു പോകുന്നതു്."

മേരി ഇതു കേട്ടു് അത്യന്തം വ്യസനിച്ചു. സകല സൗഭാഗ്യങ്ങഠംക്കും നിദാനമായ മതം സങ്കടകാരണമാകയെന്നോ? മേരി ക്രിസ്തുരാജനെത്തന്നെ ശരണം ഗമിച്ചു.

പിറേറദിവസം ഭർത്താവു ജോലിസ്ഥലത്തുനിന്നു തിരിച്ചു വന്നപ്പോഠം ഒരു ടെലഫോൺ വിളി കേട്ടു. "അതു ജോൺ തന്നെയോ?"

"വികാരിയച്ചനല്ലേ അതു്. എന്താണാവോ കാര്യം."

"ഞാൻ നിങ്ങളെ പ്രദക്ഷിണത്തിൽ പാലിക പിടിക്കാനായി തെരഞ്ഞെടുത്തിരിക്കുന്നു. എന്താ, വിരോധമുണ്ടോ? ഇപ്പോഠംത്തന്നെ മറുപടി അറിയണം."

ജോൺ ഭാര്യയെ വിവരം അറിയിച്ചു. "അങ്ങു് ഒട്ടും മടി

ക്കേണ്ട" മേരി ധൈര്യപ്പെടുത്തി. "അച്ഛാ, ഞാൻ വരാം" ജോൺ മറുപടിയും കൊടുത്തു.

ജോണിന്റെ ധൈര്യം ക്ഷയിച്ചു വരുന്നതായി തോന്നിയെങ്കിലും മേരി അയാളെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു.

X X X

പ്രദക്ഷിണം സമംഗളം പര്യവസാനിച്ചു. പതിവുപോലെ ജോൺ പിറേറദിവസം 'ഫാക്ടറി'യിലേക്കു തിരിച്ചു. വലുതായ ഒരു കണ്ണീതളാവം അയാളുടെ മുഖത്തു പ്രസ്പഷ്ടമായിക്കാണാമായിരുന്നു. അയാളുടെ ചങ്കിടിപ്പു ത്വരിതഗതിയിലായി ഫാക്ടറിയിലെ സ്ഥിതിഗതികൾ വീക്ഷിക്കുകയിൽ. മാനേജരവർകൾ ചിലരുടെ ചീട്ടു കീറുന്നു. മററുചിലരുടേതു 'ബി' ക്ളാസ്സിലേക്കും 'സി' ക്ളാസ്സിലേക്കും തരം താഴ്ത്തുന്നു. ആകപ്പാടെ ഒരു തകിടം മറിച്ചിൽതന്നെ. ഇതെല്ലാംകണ്ടു ഇതികർത്തവ്യതാമൂഢനായിനിന്നുപോയ ജോൺ ശിപായിയുടെ സ്വരം കേട്ടാണു് പൂർവ്വസ്ഥിതി പ്രാപിച്ചതു്. "മാനേജർ സാർ താങ്കളെ കാണുവാൻ ആവശ്യപ്പെടുന്നു", അയാൾ അറിയിച്ചു. ജോൺ ഒന്നു ഞെട്ടി, തന്റെനേർക്കു വരുന്ന അശനിപാതത്തെ അകലെക്കാണുകയിൽ. അയാളുടെ ഹൃദയാന്തരാളത്തിൽനിന്നുയർന്ന 'നെടുവീർപ്പു'കൾ ഈശസന്നിധിപ്രാപിച്ചു് അയാൾക്കുവേണ്ടി കേണപേക്ഷിച്ചിരിക്കണം. ഒരു പതുങ്ങലോടേ ജോൺ മാനേജരുടെ മുമ്പിൽ ഹാജരായി പഞ്ചപുച്ഛമടക്കി നിലകൊണ്ടു.

"ജോൺ, ആ കസേരയിൽ ഇരിക്കൂ." തികച്ചും അപ്രതീക്ഷിതമായ ആ ആജ്ഞകേട്ടു് ജോൺ അമ്പരന്നു. കസേരയുടെ ഒരററത്തു് അർദ്ധാസനത്തിൽ അയാൾ ഇരിപ്പുറപ്പിച്ചു.

"ഇന്നലെ നാം തമ്മിൽ കണ്ടുവല്ലോ."

"ഉവ്വ്, സർ" ജോൺ സവിനയം ഉത്തരിച്ചു.

"താങ്കളും ഒരു പാപ്പാമതക്കാരനാണെന്നു് ഇന്നലെയാണെനിക്കു മനസ്സിലായതു്. ഞാൻ താങ്കളെ പ്രദക്ഷിണത്തിൽ കാ

ണ്ടാകയും താങ്കൾ എനിക്കാചാരം ചെയ്യുകയും ഉണ്ടായല്ലോ. ഞാനും പ്രദക്ഷിണത്തെ അനുഗമിച്ചു, ദൈവാലയത്തിൽ നടക്കുന്നതെന്തെല്ലാമെന്നറിയുന്നതിനായി. ദൈവാലയവാതില്ക്കൽ വച്ചുതന്നെ താങ്കളെ ജോലിയിൽനിന്നു പിരിച്ചുവിട്ടിരിക്കുന്നുവെന്നു പറയണമെന്നു കരുതി. പക്ഷേ, അവിടെവച്ചുതന്നെ ഒരു 'സ്വർഗ്ഗത്തിൽകട്ടുറുമ്പ്' ആകേണ്ട എന്നു വിചാരിച്ചു മടങ്ങുകളകയാണു ചെയ്തതു്. വീട്ടിലെത്തിയതിനുശേഷം ഒന്നുകൂടി ചിന്തിച്ചുനോക്കി. ചങ്കുറപ്പോടെ താങ്കൾ പ്രദക്ഷിണത്തിൽ സംബന്ധിച്ചതും താങ്കളുടെ 'ധൂമകേതു'വായ എന്നെ കണ്ടിട്ടു കൂസൽകൂടാതെ ആചാരം ചെയ്തതും ദൈവാലയത്തിൽ ഭക്തിപുരസ്സരം പെരുമാറിയതുമെല്ലാം എൻെറ ഓർമ്മയിൽവന്നു. അവ എൻെറ ഹൃദയത്തെ സാരമായി സ്പർശിച്ചു. അസിസ്റ്റൻറു മാനേജരായി താങ്കളെ നിയമിച്ചിരിക്കുന്നുവെന്നു് അറിയിക്കുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്.

ജോൺ ഇതുകേട്ടു നിശ്ചേഷ്ടനായി ഇരുന്നുപോയി. അദ്ദേഹത്തിൻെറ ഹൃദയത്തുടിപ്പുകൾ ഓരോന്നും ഓരോ കൃതജ്ഞതാപ്രകടനമായി ദൈവസന്നിധിയിലേക്കുയർന്നിരിക്കണം. സംശയമില്ല.

മാനേജരോടു നന്ദിപറഞ്ഞതിനുശേഷം ജോൺ മേരിയെ ഫോണിൽ വിളിച്ചു. "മേരീ, എന്നെ പിരിച്ചയച്ചില്ല."

"ശരി, ശമ്പളം കുറച്ചായിരിക്കും, ഇല്ലേ? "ഭയപ്പെടേണ്ടാ" അങ്ങനെയല്ല മേരീ, ഞാൻ അസിസ്റ്റൻറുമാനേജരായി നിയമിതനായിരിക്കുന്നു. കഥ മുഴുവനും പിന്നെ." "ദൈവത്തിനു സ്തുതിയായിരിക്കട്ടെ."

എത്ര മനോഹരം! പരസ്യമായ വിശ്വാസപ്രഖ്യാപനത്തിനും ഉള്ളഴിഞ്ഞ പ്രാർത്ഥനയ്ക്കും ലഭിച്ച പ്രതിഫലം. "മനുഷ്യരുടെമുമ്പാകെ എന്നെ ഏററുപറയുന്നവനെ എൻെറ സ്വർഗ്ഗീയപിതാവിൻെറ മുമ്പിൽ ഞാനും ഏററു പറയും" ചിന്താർഹമായ ഒരു വാക്യം.

# 58. ആ സഹോദരന്മാർ

അന്നൊരു ഞായറാഴ്ചയായിരുന്നു. കുർബ്ബാന കഴിഞ്ഞപ്പോൾ ടോമിയും കുഞ്ഞച്ചനും പള്ളിയിൽനിന്നിറങ്ങി. കുഞ്ഞച്ചൻ അമ്മച്ചിയുടെ ആഗമനവും കാത്തു മുററത്തുനിന്നു. ഭവനത്തിൻെറ താക്കോൽ ഷർട്ടിൻെറ പോക്കററിൽ സാഭിമാനം സൂക്ഷിച്ചിരുന്ന അനുജൻ ടോമി അതിശീഘ്രം വീട്ടിലേയ്ക്കും നടന്നു.

പടിവാതില്ക്കൽ എത്തിയപ്പോൾ കണ്ട കാഴ്ച ടോമിയുടെ മൃദുലഹൃദയത്തെ വേദനിപ്പിച്ചു. എല്ലുന്തി കവിളൊട്ടി കണ്ണുകുഴിഞ്ഞ രണ്ടു പട്ടിണിക്കോലങ്ങൾ. ഒന്നൊരു യുവതിയും മററതൊരു കൊച്ചും. ടോമി അവരെ വീട്ടിലേയ്ക്കു നയിച്ചു. പലഹാരമുണ്ടാക്കാൻ അമ്മച്ചി സൂക്ഷിച്ചുവെച്ചിരുന്ന ശർക്കരയിൽനിന്നു നല്ലൊരു കഷണം അവൻ ആ യാചകബാലൻെറ കൈയിൽ കൊടുത്തു. ഉടൻ അടുക്കളയിൽ കയറി കുറച്ചു കഞ്ഞിയെടുത്ത് ആ ഭിക്ഷുകിയേയും കുട്ടിയേയും അവൻ സൽക്കരിച്ചുകഴിഞ്ഞു. അപ്പോഴേയ്ക്കും ജ്യേഷ്ഠൻ കുഞ്ഞച്ചൻ വീട്ടിലെത്തി. ടോമിയുടെ ആ ധർമ്മപ്രവൃത്തി കുഞ്ഞച്ചനു പിടിച്ചില്ല. അവൻ അനുജനെ ശകാരിക്കുവാൻ തുടങ്ങി. "പട്ടിണിക്കാരെയൊക്കെ പോററുവാൻ, നീയാണോ കരാറെടുത്തിട്ടുള്ളത്? അമ്മ വരട്ടെ നിന്നെ ഞാനിന്നൊരു പാഠം പഠിപ്പിച്ചേക്കാം." അധികം താമസിയാതെ അമ്മയും വന്നെത്തി. കുഞ്ഞച്ചൻ ടോമിയുടെ ഉപവിപ്രവൃത്തിയെക്കുറിച്ച് ഒരു നീണ്ട ചാർജ്ജ്ഷീററ് അമ്മയുടെ സമക്ഷം സമർപ്പിച്ചു.

കുററപ്പുള്ളി ഒരു പതുങ്ങിയ സ്വരത്തിൽ പറഞ്ഞു: "അമ്മച്ചീ, ഞാൻ പള്ളിയിൽനിന്നു വന്നപ്പോൾ ആ സാധു പെണ്ണും അവളുടെ കുട്ടിയും നമ്മുടെ പടിവാതില്ക്കൽ തളർന്നിരിക്കുകയായിരുന്നു. ഭക്ഷണം കഴിച്ചിട്ടു മൂന്നു ദിവസമായതിനാൽ ക

ട്ടിക്കെങ്കിലും കുറച്ചു കഞ്ഞിവെള്ളം കൊടുക്കണമെന്നു് ആ തള്ള കരഞ്ഞുകൊണ്ടു് എന്നോടപേക്ഷിച്ചു. അമ്മച്ചീ, അതു കേട്ടപ്പോഠം എനിക്കു നന്നാ പാവം തോന്നി. അതിനാലാണു ഞാൻ കുറച്ചു കഞ്ഞിയെടുത്തു കൊടുത്തതു്. . . . . തെററിപ്പോയെങ്കിൽ എന്നോടു ക്ഷമിക്കണം. എനിക്കിന്നു കാലത്തു കഞ്ഞിയേ വേണ്ടാ"

ആ മാതാവു തൻെറ പുത്രൻെറ മ്ളാനവദനത്തെ വാത്സല്യപൂർവ്വം ചുംബിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു: "ടോമീ, നീ ചെയ്തതു് ഒരിക്കലും തെററല്ല. ഇങ്ങനെ ധർമ്മപ്രവൃത്തികഠം ചെയ്യുന്ന കുഞ്ഞുങ്ങളെയാണു് ഈശോ ഏററവുമധികം സ്നേഹിക്കുന്നതു്." അനന്തരം അവഠം കുഞ്ഞച്ചനെ ഗുണദോഷിച്ചു: "മകനേ, യുദ്ധംമൂലം നാട്ടിൽ പട്ടിണി പടർന്നുപിടിച്ചിരിക്കുന്നുവെന്നും പകർച്ചവ്യാധി അനേകം ജനങ്ങളെ നശിപ്പിക്കുന്നുണ്ടെന്നും തന്നിമിത്തം പണമുള്ളവർ പാവപ്പെട്ടവരെ പരിരക്ഷിക്കുവാൻ കടപ്പെട്ടവരാണെന്നും മററും ഇന്നു ബഹുമാനപ്പെട്ട വികാരിയച്ചൻ പള്ളിയിൽ പ്രസംഗിച്ചതു നീ കേട്ടില്ലേ? കുഞ്ഞച്ചാ, കഞ്ഞി തീർന്നുപോയെങ്കിൽ നമുക്കു പത്തായത്തിൽ അരിയുണ്ടല്ലോ വീണ്ടും വെച്ചുണ്ടാക്കുവാൻ. എന്നാൽ വയറൊട്ടിയ ആ പാവപ്പെട്ടരിഷ്ക്കകഠംക്കു നാമല്ലാതെ ആരാണുള്ളതു സഹായത്തിനു്?"

ടോമി തൻെറ അനുഭവത്തിൽനിന്നു മറെറാരു സംഭവവുംകൂടി അമ്മയുടെ മുമ്പിൽ അവതരിപ്പിച്ചു: "അമ്മച്ചീ, ഇന്നലെ ഉച്ചയ്ക്കു തെക്കേതിലേ ജോസഫ് ഉണ്ണാൻ പോന്നില്ല. കഞ്ഞി വെച്ചിട്ടില്ലെന്നാണു് അവനെന്നോടു പറഞ്ഞതു്. അവൻ വാടിത്തളർന്നു് ആ ബെഞ്ചിന്മേൽ വളഞ്ഞിരിക്കുന്നതു കണ്ടപ്പോഠം എനിക്കു കരുണ തോന്നി. അവനെ ഇങ്ങോട്ടു വിളിച്ചുകൊണ്ടുപോരാമെന്നു ഞാൻ ജ്യേഷ്ഠനോടു പറഞ്ഞപ്പോഠം ജ്യേഷ്ഠൻ പല്ലു കടിക്കുകയും കണ്ണുരുട്ടി എന്നെ പേടിപ്പിക്കുകയും ചെയ്തു. ഊണു കഴിഞ്ഞു ഞാൻ ചെന്നപ്പോഴും ജോസഫ്

അവിടെ തൂങ്ങിയിരുന്നിരുന്നു. ഞാനവനെ കളിക്കുവാൻകൂടി വിളിച്ചില്ല. . ." ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും ടോമിയുടെ കണ്ണുകൾ നിറഞ്ഞു. കുഞ്ഞച്ചൻ ലജ്ജിതനുമായി.

അമ്മ കുഞ്ഞച്ചനെ അല്പം ഗൗരവഭാവത്തിൽ ശാസിച്ചു. അപ്രതീക്ഷിതമായി അമ്മയുംകൂടി തന്നെ അവഹേളിക്കുന്നുവെന്നു കണ്ടപ്പോൾ അവന്റെ ഹൃദയം തകർന്നു. പ്രകൃത്യാ ചുണക്കുട്ടിയായ അവൻ ഏങ്ങിയേങ്ങിക്കരഞ്ഞുകൊണ്ടാണ് അമ്മയോട് പ്രതിവചിച്ചത്. "അമ്മച്ചീ, എന്നോടു ക്ഷമിക്കണേ. ടോമിയെ ശകാരിച്ചത് എന്റെ തെറ്റുതന്നെയാണ്"

അമ്മ: "കുഞ്ഞുമകനേ, നീ അറിവില്ലാതെയാണല്ലോ അങ്ങനെ ചെയ്തത്; സാരമില്ല. മേലാൽ എന്റെ പൊന്നുകുഞ്ഞച്ചൻ ഒരിക്കലും ഒരു കഠിനഹൃദയനായിരിക്കരുത്. ദീനാനുകമ്പയുള്ള ഹൃദയങ്ങൾ ദൈവത്തിന്റെ അധിവാസകേന്ദ്രങ്ങളാണെന്ന് ഓർത്തുകൊള്ളുക."

ടോമി: "അമ്മച്ചീ, ഇന്നുമുതൽ നാലുമണിക്കുള്ള കാപ്പിയുടെ പലഹാരങ്ങൾ നമുക്കു വേണ്ടെന്നുവെയ്ക്കരുതോ? അതിനു ചെലവുവരുന്ന തുക വിശന്നുപൊരിയുന്ന സാധുക്കൾക്കു നൽകാമല്ലോ."

കുഞ്ഞച്ചൻ: "അമ്മച്ചീ, ഞാനും അതു സമ്മതിക്കുന്നു. ഇന്നുമുതൽ എനിക്കും നാലുമണിക്കുള്ള കാപ്പിക്കു പലഹാരം വേണ്ടാ"

ആ സ്ത്രീയുടെ ഹൃദയം സന്തോഷനിർഭരമായി. ഈ ത്യാഗത്തിന്റെ ഫലമായി പ്രതിമാസം ഏഴു രൂപാ വീതം ഇടവകയിലെ വിൻസെൻറ് ഡി. പോൾസംഘത്തെ ഏല്പിക്കുവാൻ ആ കത്തോലിക്കാകുടുംബത്തിന് ഇന്നു സാധിക്കുന്നുണ്ട്.

# 59. രണ്ടാനമ്മ

ആറുപുറത്തുകുടുംബം. അന്നാട്ടിലെ പ്രമുഖഭവനങ്ങളിലൊന്നാണതു്. കാരണവരായ മാത്തച്ചന്റെ പ്രഥമവിവാഹത്തിലെ ഏക പുത്രനാണു വക്കച്ചൻ; സൽസ്വഭാവി, നാട്ടുകാരുടെ കണ്ണിലുണ്ണി. മാത്തച്ചന്റെ ഭാര്യയാണു് മറിയാമ്മ. 'അവരാമാപ്പിള' എന്ന മട്ടിലാണു് അവരുടെ പോക്കു്. മറിയാമ്മയ്ക്കുമുണ്ടു് ഒരു മകൻ, കുട്ടപ്പൻ. വക്കച്ചനെ ജന്മശത്രുവായിക്കരുതിക്കൊള്ളണമെന്നാണു് അമ്മയുടെ നിർദ്ദേശം. പഴുതില്ലെങ്കിൽ പഴുതുണ്ടാക്കിപ്പോലും മറിയാമ്മ പരിശ്രമിക്കും വക്കച്ചനെ വട്ടത്തിലാക്കുവാൻ.

* * *

അന്നു വക്കച്ചൻ നേരത്തേ സ്ക്കൂളിൽനിന്നു വന്നു. കുട്ടപ്പൻ ചായക്കടയിൽ കയറിയിട്ടു പിന്നാലെ വന്നേക്കാമെന്നു പറഞ്ഞു വക്കച്ചനെ മുന്നോട്ടയച്ചു. പാവം വക്കച്ചൻ വന്നവഴിയെ ചാടിയതു മറിയാമ്മയുടെ വായിലാണു്.

"കുട്ടപ്പനെന്ത്യേടാ കരുത്തംകെട്ടവനേ?"

"അവൻ ചായക്കടയിലുണ്ടു്. എന്നോടു പൊയ്ക്കൊള്ളാൻ പറഞ്ഞു."

"അവൻ വരുന്നതുവരെ നിനക്കവിടെ നില്ക്കാൻ വയ്യാഞ്ഞോ? പള്ളനിറയ്ക്കാൻ നേരത്തേ ഇങ്ങോട്ടോടിപ്പോന്നു. ആരാ ഇവിടെ തള്ളിവച്ചിരിക്കുന്നതു വിശക്കുമ്പോഴൊക്കെ വലിച്ചു കേററാൻ? മുണ്ടു നല്ലോണം മുറുക്കി ഉടുക്കു്. വയറിങ്ങനെ വളത്തിവിട്ടാലോ" മറിയാമ്മ കോപകലുഷിതയായി. ആ ബാലൻ മൗനമവലംബിച്ചതേ ഉള്ളൂ. നേരം സന്ധ്യയായിട്ടും കുട്ടപ്പൻ തിരിച്ചെത്തിയില്ല. ആ 'ഭദ്രകാളി' വക്കച്ചനെ ആ കൂരിരുട്ടത്തു

കുട്ടപ്പനെ വിളിക്കുവാൻ പറഞ്ഞയച്ചു. അവൻ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ഇറങ്ങിത്തിരിച്ചു.

II

കാർമേഘപടലങ്ങൾ ആകാശത്തിൽ ഉരുണ്ടുകൂടി. ഇരുളടഞ്ഞ പശ്ചിമാംബരത്തിൻെറ അവ്യക്തതയിലൂടെ സൂര്യൻ കടലിൽ മറിഞ്ഞുകഴിഞ്ഞു. കാററു തകർത്തടിച്ചു മാവിൻചില്ലികൾ നിലം പതിപ്പിച്ചുകൊണ്ടിരുന്നു. അനുനിമിഷം മിന്നിപ്പൊലിയുന്ന ഇടിവാളുകളുടെ വെളിച്ചത്തിൽ ആ കപ്പലുമാന്തോപ്പിലെ ഒററയടിപ്പാത തെളിഞ്ഞുകാണാമായിരുന്നു. ഒരു ചെറുപ്പക്കാരൻ ചകിതഹൃദയനായി ആ വഴിയേ നടന്നുപോകുന്നുണ്ട്. പഠിച്ചിട്ടുള്ള പ്രാർത്ഥനകളെല്ലാം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ഭക്തിപാരവശ്യത്തോടെ അവൻ ഉരുവിട്ടുന്നുണ്ടായിരുന്നു.

പെട്ടെന്ന് ഒരു ഭാഗത്തുനിന്നു 'ചടപട' എന്നൊരു ശബ്ദം അവൻെറ ശ്രവണപുടങ്ങളിൽ വന്നടിച്ചു. രണ്ടുപേർ തമ്മിൽ അടി നടക്കുന്നുണ്ടെന്ന് അവൻ മനസ്സിലാക്കി. ഒരു മിന്നൽപ്പിണറിൻെറ സഹായത്തോടുകൂടി അവിടെനിന്നു 'പോർ'ചെയ്യുന്ന രണ്ടുപേരെ അവൻ കണ്ടു. ഉടനടി "ആരെടാ എൻെറ കുട്ടപ്പനെ തല്ലുന്നതു്?" എന്ന വിളിയോടെ അവൻ അടുത്തു. ഇതോടെ അവരിൽ ഒരാൾ ഓടിമറഞ്ഞു.

III

മാത്തച്ചൻ അന്നു നേരം ഇരുട്ടിയതിനുശേഷമാണു വീട്ടിൽ തിരിച്ചെത്തിയതു്. കുട്ടികൾ എവിടെയെന്ന് അദ്ദേഹം അന്വേഷിച്ചു. വിവരമറിഞ്ഞപ്പോൾ അയാൾ കുട്ടപ്പൻെറ ദുർവൃത്തിയെപ്പററിയും വക്കച്ചനെ തനിച്ചു കൂരിരുട്ടത്തു പറഞ്ഞയച്ചതിനെപ്പററിയും ശകാരരൂപത്തിൽ കുറെ സംസാരിച്ചു.

"എന്നാൽ ചെറുക്കനെയെടുത്തു നിങ്ങൾ തലയിൽ വച്ചോ" മറിയാമ്മ ഗർജ്ജിച്ചു.

ചില വേലക്കാരുമായി മാത്തച്ചൻ ഇറങ്ങിത്തിരിച്ചു. ക്ഷീണിച്ചു തറയിലിരിക്കുന്ന കുട്ടപ്പനേയും അടുത്തുനില്ക്കുന്ന

വക്കച്ചനേയും മാത്തപ്പിൽ അവർ കണ്ടെത്തി. രാത്രി പതിനൊന്നുമണിയോടുകൂടി അവർ വീട്ടിലെത്തുകയും ചെയ്തു.

വക്കച്ചൻ ഒരു കൂട്ടുകാരനോടുകൂടി തന്നെ കൊല്ലുവാൻ ശ്രമിച്ചുവെന്ന് അമ്മയുടെ പ്രേരണമൂലം കുട്ടപ്പൻ മാത്തച്ചനെ ധരിപ്പിച്ചു. മറിയാമ്മ ശക്തിയുക്തം മകനെത്താങ്ങി വക്കാലത്തും പിടിച്ചു. അവരു ഒരീററപ്പുലിയെപ്പോലെ കയത്തു. വക്കച്ചനന്നു കിട്ടിയ അടിക്കു കൈയും കണക്കുമില്ല. കുററം ചെയ്തിട്ടില്ലെന്നു പറഞ്ഞാൽ ആരു സമ്മതിക്കാനാണ്? അവൻെറ സ്കൂളിൽ പോക്കും അതോടെ നിത്തലാക്കപ്പെട്ടു. പക്ഷേ, വക്കച്ചൻ ഈ വിഷമതകളെല്ലാം ദൈവത്തെപ്രതി സസന്തോഷം സഹിച്ചു.

IV

ഈ സംഭവങ്ങൾക്കശേഷം ഇരുളടഞ്ഞ രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞുപോയി. ഒരു ദിവസം വക്കച്ചൻെറ സഹപാഠിയായ ജോസഫ് അവിടെ വന്നു. "മാത്തച്ചൻചേട്ടാ എന്നോടു ക്ഷമിക്കേണമേ." ഭവനത്തിൻെറ പൂമുഖത്തിരുന്ന മാത്തച്ചനെ കണ്ടയുടനെ അവൻ പറഞ്ഞു.

മാ: "എന്താണ് ഔസേപ്പച്ചാ ഈ പറയുന്നത്?"

ജോ: "അന്നു ഞാനെൻെറ അരിശത്തിനു ചെയ്തുപോയതാണ്. കുട്ടപ്പൻ ചായക്കടയിൽവെച്ച് എന്നെ അത്രമാത്രം ചീത്ത പറഞ്ഞു."

മാ: "എന്താണു പറയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല."

ജോ: "അന്നു രാത്രിയിൽ ഞാൻ കുട്ടപ്പനെ ഉപദ്രവിച്ചു കാര്യം വക്കച്ചൻ പറഞ്ഞില്ലേ? വക്കച്ചൻ മല്ലിട്ടില്ലായിരുന്നെങ്കിൽ ഞാൻ കടുങ്കൈ ചെയ്തുപോകുമായിരുന്നു. കുട്ടപ്പനോടു ക്ഷമ ചോദിക്കുന്നതിന് അപ്പച്ചനാണ് എന്നെ ഇങ്ങോട്ടു പറഞ്ഞയച്ചത്."

"എന്നിട്ടെന്താ വക്കച്ചാ, നീ ഈ കാര്യം പറയാതിരുന്ന

ള്?" മാത്തച്ചൻ അടുത്തുനിന്നിരുന്ന വക്കച്ചനോടു ചോദിച്ചു.

"ജോസഫിനെ വെറുതെ വിഷമിപ്പിക്കേണ്ടാ എന്നു കരുതിയാണ്" വക്കച്ചൻ സവിനയം പ്രത്യുത്തരിച്ചു.

നിരപരാധിയായ വക്കച്ചനെ ശിക്ഷിച്ചതോർത്തു മാത്തച്ചൻ പശ്ചാത്തപിച്ചു. കുട്ടപ്പനെ വിളിച്ചു വിസ്തരിച്ചപ്പോൾ ചെമ്പു പുറത്തായി. വക്കച്ചന്റെ അപേക്ഷയില്ലായിരുന്നെങ്കിൽ അന്നു കുട്ടപ്പനു കണക്കിനു കിട്ടുമായിരുന്നു. മാത്തച്ചൻ മറിയാമ്മയെ ശക്തിയായ സ്വരത്തിൽ ശാന്തത കൈവിടാതെ ശകാരിക്കുകയും ഗുണദോഷിക്കുകയും ചെയ്തു.

V

മറിയാമ്മയുടെ അമിതലാളനകൾ കുട്ടപ്പനെ ഒരു ദുർവൃത്തനാക്കിത്തീർത്തു. പിതൃസ്വത്തായി ലഭിച്ച ധനമെല്ലാം നശിപ്പിച്ചശേഷം അവൻ എവിടെയോ പൊയ്ക്കളഞ്ഞു. ഇന്ന് അന്നാട്ടിലെ മികച്ച ധനികരിലൊരാളാണു വക്കച്ചൻ. മറിയാമ്മ ഇപ്പോൾ അയാളുടെ സംരക്ഷണയിലാണ്.

# 60. പുറംപൂച്ചുകൾ?

വർഗീസുമാപ്പിളയും ഭാര്യ തങ്കമ്മയും ആ പ്രശ്നത്തെക്കുറിച്ചു പല ദിവസങ്ങളായി തർക്കിച്ചുകൊണ്ടിരിക്കുകയാണ്. യാക്കോബായ സമുദായത്തിലെ പെൺകുട്ടികളെ കത്തോലിക്കാവിദ്യാലയങ്ങളിലേയ്ക്കയയ്ക്കുന്നതു് ആശാസ്യമല്ലെന്നാണ് തങ്കമ്മയുടെ മർക്കടമുഷ്ടി. ഡെയ്സി അവരുടെ ഓമനമകളാണ്. എറണാകുളത്തെ ഇർവിൻ പാർക്കിലും മേനകയിലും ഒരു ചിത്രശലഭത്തെപ്പോലെ അവൾ പ്രത്യക്ഷപ്പെടാറുണ്ട്, ഒരു ദിവസം, വിശാലഹൃദയനായ വർഗീസുമാപ്പിള പ്രിയതമയുടെ സങ്കുചിതന്യായങ്ങളെ ഉല്ലംഘിച്ചുകൊണ്ട് ഉന്നയിച്ചു: "യാക്കോബായക്കാരുടെ പെൺപള്ളിക്കൂടം പട്ടണത്തിൽ ഇല്ലാത്ത

സ്ഥിതിയ്ക്കു് ഡെയ്സിയെ കന്യാസ്ത്രീകൾ നടത്തുന്ന ആ കത്തോലിക്കാവിദ്യാലയത്തിലേയ്ക്കയയ്ക്കുന്നതാണു നല്ലതു്". ഉത്തരക്ഷണത്തിൽ ആ ഗൃഹാന്തർഭാഗം തങ്കമ്മയുടെ തകപ്പൻപ്രസംഗത്താൽ മുഖരിതമായി "റോമ്മാക്കാരുടെ കൂട്ടത്തിലേയ്ക്കു് എന്റെ മകളെ ഞാൻ വിടുകയില്ല. മഠംകാരുടെ സ്കൂളിൽ ചെന്നാൽ ഏതു പെൺകുട്ടിയും അവരുടെ സഭയിൽ ചേർന്നു, മുടിയും മുറിച്ചു കന്യാസ്ത്രീയായിത്തീരും. എനിക്കവരുടെ ആവേഷമേ കാണരുതു്. സർക്കാർസ്കൂളിലേയ്ക്കയയ്ക്കുന്നതുകൊണ്ടു് ഒരാപത്തും വരാനില്ല."

വർഗീസുമാപ്പിള സ്വതസ്സിദ്ധമായ പ്രശാന്തസ്വരത്തിൽ തുടർന്നു: "മററുവിദ്യാലയങ്ങളിലെ ശിക്ഷണവും കത്തോലിക്കാവിദ്യാലയങ്ങളിലെ ശിക്ഷണവും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. കന്യാസ്ത്രീകളുടെ കീഴിൽ പരിശീലനം സിദ്ധിച്ച പെൺകുട്ടികൾ നല്ല അടക്കത്തിലും ഒതുക്കത്തിലും വ്യാപരിക്കുന്നതു നിനക്കുതന്നെ അനുഭവമുള്ളതല്ലേ? നാം യാക്കോബായക്കാരാണെന്നുവെച്ചു് ത്യാഗിനികളായ ആ കന്യകകളെ കണ്ണുമാനം ആക്ഷേപിക്കുന്നതു ശരിയല്ല."

തങ്കമ്മ: "പിറന്ന കുലത്തിൽ മരണമടയുന്നതാണു് ആണത്തം. ഇതു നിങ്ങൾ ശരിയാംവണ്ണം അറിഞ്ഞിട്ടുണ്ടെങ്കിൽ മകളെ ആ കന്യാസ്ത്രീകളുടെ കണിയിൽ കൊണ്ടുചെന്നു ചാടിക്കുവാൻ ഒരുങ്ങുക്കകയില്ല"

വ. മാപ്പിള: "കണിയൊന്നും അവിടെയില്ലെന്നെനിക്കറിയാം. സ്വഭാവരൂപവൽക്കരണമാണു് വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കു കത്തോലിക്കാസ്ഥാപനങ്ങൾ മററു സ്ഥാപനങ്ങളേക്കാൾ പതിന്മടങ്ങു മെച്ചമാണുതാനും. പോരെങ്കിൽ, കുട്ടികളെ തുന്നൽപ്പണി, സംഗീതം, പാചകവിദ്യ, ശിശുപരിപാലനം തുടങ്ങിയവ പഠിപ്പിക്കുന്നതിൽ അനിതരസാധാരണമായ താല്പര്യം ആ കന്യാസ്ത്രീകൾ കാണിക്കുന്നുമുണ്ടു്."

തങ്കമ്മ: "അതേ; അതുതന്നെയാണ് ഞാനും പറഞ്ഞതു്. അവയെല്ലാം വെറും പുറംപൂച്ചുകളല്ലേ? അവരുടെ മിനുക്കുവേലകളും ചക്കരവാക്കുകളും ആ പച്ചച്ചിരിയും ഒക്കെക്കൂടിയാൽ പെൺകുട്ടി നമ്മുടെ പിടിയിൽനിന്നു വിട്ടും, തീർച്ചയാണ്."

വ. മാ: "അവർ നരഭുക്കുകളല്ല, ഡെയ്സിയെ കടിച്ചു തിന്നുവാൻ. സംഗതിവശാൽ ഒരാദ്ധ്യാത്മികജീവിതം കഴിക്കുവാൻ, ലോകത്തേയും അതിന്റെ സന്തോഷങ്ങളേയും പരിത്യജിച്ചുകൊണ്ടു പ്രാർത്ഥനയും ഉപവാസവുമായി ദൈവത്തെ മഹത്വപ്പെടുത്തുവാൻ, നമ്മുടെ ഡെയ്സിക്കു തോന്നുകയാണെങ്കിൽ നാമെന്തിനു തടയണം? പക്ഷേ, അങ്ങനെയൊക്കെ തോന്നുവാൻ ഉണങ്ങിക്കരിഞ്ഞ പ്രകൃതിയല്ല അവൾക്കുള്ളതു്. പേടിക്കാനൊന്നുമില്ല."

തങ്കമ്മ: "പറഞ്ഞു്, പറഞ്ഞു് അപ്പനും മകളും റോമ്മായിൽച്ചേരാനാണോ ഭാവം"?

വ. മാ: "തങ്കമ്മ എന്തിനു ശഠിക്കുന്നു? എനിക്കും റോമ്മാക്കാരോടു വെറുപ്പുതന്നെയാണ്. കത്തോലിക്കാസ്കൂളിലേയ്ക്കു തങ്ങളുടെ കുട്ടികളെ അയക്കുന്ന എത്രയോ യാക്കോബായക്കാർ എറണാകുളത്തുണ്ടു്. വടക്കേപ്പറമ്പിലെ അലക്സാണ്ഡർ അയാളുടെ മക്കളെ മഠം സ്കൂളിലല്ലേ പഠിപ്പിക്കുന്നതു്". അവസാനം ഒരുവിധത്തിൽ തങ്കമ്മ കൊമ്പുകനിച്ചു. വർഗീസുമാപ്പിളയുടെ നയകുശലതയും വാക്ചാതുര്യവും ഭാര്യയുടെ വാദമുഖങ്ങളെ ബലഹീനങ്ങളാക്കി. ഡെയ്സി അടുത്തദിവസംമുതൽ മഠംവക സ്കൂളിൽ പഠനവും തുടങ്ങി.

വേനലും വർഷവുമായി കൊല്ലങ്ങളങ്ങനെ കടന്നുപോയി. അനേകം മൊട്ടുകൾ പൂക്കളായി; അനേകം പൂക്കൾ വാടി നിലംപതിച്ചു. ഡെയ്സിയുടെ ചാരുസ്വഭാവം അമ്മയെ അഭിമാനംകൊള്ളിച്ചു. മകളോടുകൂടി മഠത്തിൽ പോവുക തങ്കമ്മയുടെ ഒരു പതിവായിത്തീർന്നു. "മാടപ്രാവുപോലെ നിഷ്കളങ്കരാണു തങ്കമ്മയുടെ ദൃഷ്ടിയിൽ ആ കന്യാസ്ത്രീകൾ. കത്തോലിക്കാസഭ ഇതിനകം അവളെ ആകർഷിച്ചുകഴിഞ്ഞിരു

ന്നു. ഭാര്യയുടെ പരിവർത്തനം കണ്ടു് വർഗീസുമാപ്പിള ഉള്ളുകൊണ്ടു് ചിരിച്ചു. അമ്മയുടെ പ്രസ്തുത മാററംകണ്ടുകൊണ്ടുതന്നെയാണു് ഒരുദിവസം ഡെയ്സി ഇങ്ങനെ സംഭാഷണമാരംഭിച്ചതു്: "അമ്മേ, ആ കന്യാസ്ത്രീകൾ എത്ര നല്ലവർ! അവരെപ്പോലെയായിത്തീരുവാൻ എനിക്കും ഭാഗ്യമുണ്ടാകുമോ?"

തങ്കമ്മ: "എന്തു്, കന്യാസ്ത്രീയാകുവാനോ ഡെയ്സീ, മകളേ! നീ, കന്യാസ്ത്രീയായാൽപിന്നെ എൻെറ കണ്ണിലെ എറുമ്പു പെറുക്കിക്കളയാൻ ആരുണ്ടാകും? ഏതായാലും റോമ്മാസഭയിൽ ചേരുന്നതു നല്ലതാണെന്നാണു് എനിക്കും തോന്നുന്നതു്. അപ്പച്ചനേയും ഞാനതു ധരിപ്പിച്ചിട്ടുണ്ടു്."

അന്നത്തെ സംഭാഷണം അങ്ങനെ കഴിഞ്ഞു. അടുത്തദിവസം തങ്കമ്മയും മകളും മഠത്തിൽച്ചെന്നു മണിയടിച്ചു. മദർ ക്രിസ്റ്റീന അഭൂതപൂർവ്വമായ ആനന്ദത്തോടെയാണു് അന്നവരെ സ്വീകരിച്ചതു്. "മദറേ, ഇന്നെന്താ ഞങ്ങളെ കണ്ടപ്പോൾ ഒരു പ്രത്യേകസന്തോഷം?" ഡെയ്സിയുടെ അമ്മ അതിഥേയയോടു കടന്നു ചോദിച്ചു. "റോമ്മാസഭയോടു പുനരൈക്യപ്പെടുവാൻ പോകുകയാണെന്നു കേട്ടല്ലോ കുടുംബസമേതം" കന്യാസ്ത്രീ പറഞ്ഞു.

തങ്കമ്മ ഒന്നു നെടുവീർപ്പിട്ടു. "ഞാൻ റോമ്മാസഭയെ വെറുത്തിരുന്നവളാണു്. നിങ്ങളുടെയൊക്കെ പ്രാർത്ഥനകൊണ്ടായിരിക്കണം സഭയോടു രമ്യപ്പെടാതെ സമാധാനമില്ലെന്നു വന്നിരിക്കുന്നതു്."

മദർ: "കാർഡിനൽ ന്യൂമാൻ, ചെസ്റ്റെർട്ടൺ മുതലായ മഹാന്മാരുടെ പുനരൈക്യവും ഇങ്ങനെതന്നെയാണു സംഭവിച്ചതു്. 'പ്രകാശമേ എന്നെ നയിച്ചാലും'! എന്നുരുവിട്ടുകൊണ്ടാണു് ന്യൂമാൻ സത്യസഭയെ സമാശ്ലേഷിച്ചതു്".

തങ്കമ്മ: "യഥാർത്ഥത്തിൽ എൻെറ ഹൃദയവും കലങ്ങിത്തെളിഞ്ഞിരിക്കുന്നു. പ്രകാശത്തിലേയ്ക്കുതന്നെയാണു ഞാനും കുതിക്കുന്നതു്".

മദർ: "നല്ലവണ്ണം പ്രാത്ഥിക്കുക. ദൈവവരപ്രസാദത്തിന്റെ അത്ഭുതപ്രവൃത്തിയാണ് ഹൃദയപരിവത്ത്നനം."

തങ്കമ്മ: "എങ്കിലും എനിക്കൊരപേക്ഷയുണ്ടു മദറേ. ഡെയ്സി എന്റെ ഏകസന്താനമാണെന്നു മദറിന് അറിയാമല്ലോ. എന്റെ കണ്ണടയുന്നതുവരെയെങ്കിലും അവളെന്റെയരികെ ഉണ്ടായിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്".

മദർ: "ഒരു സന്യാസിനിയാകുവാനുള്ള ഡെയ്സിയുടെ അഭിലാഷം ഞങ്ങളുടെയൊന്നും പ്രേരണാഫലമല്ല. ദൈവത്തിന്റെ അനുഗ്രഹദാനങ്ങൾ ആക്കും തടയാവുന്നതല്ലല്ലോ. മകളുടെ വേർപാടു് അമ്മയെ വേദനിപ്പിക്കുമെന്നു കരുണാനിധിയായ ദൈവത്തിന് അറിഞ്ഞുകൂടാത്തതല്ല. മിശിഹായ്ക്കു മണവാട്ടികളെ സമ്മാനിച്ചിട്ടുള്ള എല്ലാ അമ്മമാർക്കും ഈ ഹൃദയവ്യഥ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്."

തങ്കമ്മ ആ സന്യാസിനിയുടെ സാന്ത്വനമൊഴികൾ സശ്രദ്ധം കേട്ടതിനുശേഷം മകളുമൊരുമിച്ചു മടങ്ങി. അടുത്തദിവസം ആ യാക്കോബായകുടുംബം സത്യസഭയിലേയ്ക്കു പുനരൈക്യപ്പെട്ടു. കൊല്ലങ്ങൾ പിന്നെയും മൂന്നു കഴിഞ്ഞു. മഠംവക കപ്പേളയിൽ അന്നു കുറെ കന്യാസ്ത്രീകളുടെ വ്രതവാഗ്ദാനകർമ്മം നടന്നുകൊണ്ടിരിക്കുന്നു. പറഞ്ഞൊപ്പു കാണുവാൻ കപ്പൂച്ചിയൻ സഭാവസ്ത്രമണിഞ്ഞ മദ്ധ്യവയസ്കനായ ഒരു സഹോദരനും സന്നിഹിതനായിരുന്നു. മാതൃയും മകളും ബലിപീഠത്തിനു മുമ്പിൽ കമഴ്ന്നുകിടക്കുകയും ഒരു കറുത്തശീല അവരെ നഖശിഖാന്തം മറച്ചുമൂടുകയും ചെയ്തപ്പോൾ വികാരഭരിതനായ ആ സന്യാസിയുടെ കണ്ണുകളിൽനിന്നു കുറെ മുത്തുമണികൾ അടർന്നുവീണു!. "റോമ്മാവിദ്വേഷം" വമിച്ചുകൊണ്ടിരുന്ന ആ യാക്കോബായകുടുംബം ക്രിസ്തുരാജന്റെ സ്നേഹശുശ്രൂഷയിൽ സ്വയം ആഹുതിചെയ്യുന്നതുകണ്ടു സിസ്റ്റർ ക്രിസ്റ്റീനയും കൂട്ടുകാരും സന്തോഷബാഷ്പങ്ങൾ പൊഴിച്ചു.

# 61. പാട്ടുകച്ചേരി

അന്നു വൈകിട്ട് അവരുടെ പള്ളിക്കൂടത്തിൽ ഒരു പാട്ടുകച്ചേരിയുണ്ടായിരുന്നു. രണ്ടണവീതം ഓരോ കുട്ടിയും കൊണ്ടുചെല്ലണമെന്ന് അദ്ധ്യാപകൻ പ്രത്യേകം ഓർപ്പിച്ചിട്ടുണ്ട്. അസാധാരണമായ വാസനയുണ്ട് മേരിക്കു സംഗീതത്തിൽ. അവൾ അതിയായി ആഗ്രഹിച്ചു പാട്ടുകച്ചേരിയിൽ സംബന്ധിക്കുവാൻ. പക്ഷേ, ഒരു കൂലിവേലക്കാരന്റെ മകളായ അവൾക്ക് അതെങ്ങനെ സാധിക്കും? എല്ലു നുറുങ്ങെ വേല ചെയ്തിട്ടും ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും ആവശ്യങ്ങൾ നിറവേററുവാൻ തോമ്മാച്ചു കഴിഞ്ഞിരുന്നില്ല. മേരിക്കറിയാം പാട്ടുകച്ചേരിയേക്കാൾ പ്രാധാന്യമർഹിക്കുന്ന പല പ്രശ്നങ്ങളും 'അപ്പന്റെ' മനസ്സിനെ സദാ അലട്ടുന്നുണ്ടെന്ന്. അതുകൊണ്ട് അവൾ പണം ചോദിച്ചേ ഇല്ല.

മേരിക്ക് ഒരു ചെറിയ സമ്പാദ്യമുണ്ട്, ഒരു രൂപാ. പള്ളിക്കൂടത്തിൽ പോകുമ്പോൾ പൊതിച്ചോറു കൊടുത്തുവിടുവാൻ കഴിയാത്തദിവസങ്ങളിൽ തോമ്മാ മേരിക്കു പഴം വാങ്ങാനും കാപ്പികുടിക്കാനും ഒരു ചക്രം, രണ്ടു ചക്രം ഇങ്ങനെ ചില തുട്ടുകൾ കൊടുക്കുക പതിവായിരുന്നു. എന്നാൽ നാലുകാശുപോലും അതിൽനിന്ന് അവൾ ചെലവാക്കുകയില്ല. അങ്ങനെ സമ്പാദിച്ചതാണ് ആ ഒരു രൂപാ. അതുകൊണ്ടു പല ആവശ്യങ്ങളും അവൾക്കുണ്ട്. കുപ്പിവളയും കപ്പലണ്ടിയുമല്ല അവളുടെ ആവശ്യങ്ങൾ. ഫാത്തിമാ മാതാവിന്റെ ഒരു കാശുരൂപവും ഒരുണ്ണിക്കൊന്തയുമാണ് അവൾക്കു വേണ്ടത്. ഫാത്തിമാനാഥയുടെ തിരുസ്വരൂപപര്യടനം അവളിൽ അങ്കുരിപ്പിച്ച ഒരു ആശാവല്ലരിയായിരുന്നു അത്. ബാഹ്യമാത്രമായ ബഹളംകൂട്ടലുകൾകൊണ്ടു മേരി തൃപ്തിയടഞ്ഞില്ല. ഒരു മുഴുവൻ കൊന്ത എത്തിക്കാതെ ഒരു ദിവസവും അവൾ കടത്തിവിട്ടിരുന്നില്ല. മുഴുപ്പട്ടിണികളും അർദ്ധപ്പട്ടിണികളും പരിഹാരത്തിന്റേയും

പ്രായശ്ചിത്തത്തിൻേറയും അരൂപിയിൽ അവർ സഹിച്ചു പോന്നു. എത്ര അനുകരണീയമായ ഒരു മാതൃക!

പാട്ടുകച്ചേരിക്കു രണ്ടണ എടുക്കുകതന്നെ എന്നവർ തീർച്ചയാക്കി. കാശുരൂപത്തിനും കൊന്തയ്ക്കുംകൂടെ പതിന്നാലണ മതിയെന്ന് അവർക്കറിയാം.

അന്ന് അതിരാവിലേ മുററമടിയും മററുംകഴിഞ്ഞ് പതിവുപോലെ ,അവർ പള്ളിയിൽപോയി. ദാരിദ്ര്യമനുഭവിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ നാമത്തിൽ അന്നു വികാരിയച്ചൻ ഒരഭ്യർത്ഥന നടത്തി. "പാവപ്പെട്ട പിഞ്ചുപൈതങ്ങളെ ഓക്കുവിൻ. നിങ്ങളാൽ കഴിവുള്ള ധനസഹായം ചെയ്യുവിൻ. ഒന്നിനു നൂറായി ദൈവം പ്രതിഫലം നല്കും" എന്നുള്ള വികാരിയച്ചൻെറ വാക്കുകൾ മേരിയുടെ ഹൃദയത്തിൽ മാറെറാലിക്കൊണ്ടു. അവർ ഉടനെ വീട്ടിലേയ്ക്കോടി. കൊന്തയുടേയും കാശുരൂപത്തിൻേറയും കാര്യം അവർ പാടേ വിസ്മരിച്ചു. തൻെറ സമ്പാദ്യം എടുത്തുകൊണ്ടുവന്ന് അവർ വൈദികനെ ഏല്പിച്ചു. "നിനക്കെവിടെനിന്നു കിട്ടി മേരീ, ഈ പണം?" അവളുടെ സ്ഥിതിഗതികൾ നല്ലവണ്ണം അറിയാമായിരുന്ന വികാരിയച്ചൻ ചോദിച്ചു.

മേരി: "എനിക്കു പലപ്പം അപ്പൻ തന്ന ചക്രം സൂക്ഷിച്ചുവച്ചിരുന്നതാ."

വികാരിയച്ചൻ: "നീ ഇതെടുത്തുകൊള്ളുക. പണമുള്ളവർക്കേ കടമയുള്ളു മകളേ, ദാനം ചെയ്യുവാൻ."

"ഇത്രയും പണം എൻെറ കൈവശമുണ്ടല്ലോ" ആ കൊച്ചു പണക്കാരി വാദിച്ചു.

വികാ: "നിനക്കു വേറെ അത്യാവശ്യകാര്യങ്ങളില്ലേ?"

മേരി: "ഇല്ല. 'പെരുന്നാളിന്' കാശുരൂപവും കൊന്തയും വാങ്ങാനും ഇന്നു പള്ളിക്കൂടത്തിലേ പാട്ടുകച്ചേരിക്കുമായി പകുത്തു വച്ചിരുന്നതാ. പക്ഷേ, അതിലൊക്കെ വല്യ ആവശമല്ലേ അച്ചാ, ഇത്."

ആ പിഞ്ചുബാലികയുടെ നിഷ്കളങ്കതയും ത്യാഗബുദ്ധിയും വൈദികനെ വിസ്മയഭരിതനാക്കി. അദ്ദേഹം നിർബന്ധിച്ചിട്ടും അവൾ ആ പണം സ്വീകരിച്ചില്ല. നിറഞ്ഞു തുളുമ്പുന്ന ചാരിതാർത്ഥ്യത്തോടെ മേരി വീട്ടിലേക്കു മടങ്ങി. തന്റെ സമ്പാദ്യം ചെലവാക്കിയ കാര്യം അവൾ മാതാപിതാക്കന്മാരെ അറിയിച്ചു. "എന്റെ പെണ്ണേ, ആ ചക്രം നിന്റെ കൈയിലുണ്ടായിരുന്നോ ഇത്രേംനാളും. എങ്കി ഇന്നലെ അരി മേടിക്കാന്നല്ലോ. ഏതായാലും നല്ലവഴിക്കാ ആ കാശു പോയിരിക്കുന്നത്. തമ്പുരാനല്ലേ മോളേ, നമുക്കു തരുന്നത്" അത്ഭുതവും ആനന്ദവും ഇടകലർന്ന സ്വരത്തിൽ തോമ്മാച്ചേട്ടൻ പറഞ്ഞു.

മേരി പള്ളിക്കൂടത്തിൽപോയി. നേരം വൈകാറായപ്പോഴേക്കും പാട്ടുകച്ചേരിക്കുള്ള ഒരുക്കങ്ങളായി. കുട്ടികൾ ബഹളം കൂട്ടിത്തുടങ്ങി: "അന്നക്കുട്ടീ, നമുക്കു മുമ്പിലിരിക്കണം"; "പാപ്പച്ചാ, നമുക്ക് അർമ്മോണിയത്തിന്റെ അടുത്തുതന്നെ വേണം ഇരിക്കുവാൻ"; "കൊച്ചാപ്പു, കച്ചേരി കഴിയുമ്പം നേരം ഇരുട്ടിയേക്കും, പോകുമ്പം എന്നെക്കൂടി വിളിച്ചേക്കണേ. ഒന്നിച്ചു വേണം പോകാൻ." ഇങ്ങനെ അങ്ങുമിങ്ങും സംഭാഷണങ്ങളേ കേൾക്കുവാനുള്ളൂ. ആരോ മേരിയോടു ചോദിച്ചു: "നീ എവിടെയാ ഇരിക്കുന്നത്." "ഞാൻ പാട്ടുകേൾക്കാൻ നില്ക്കുന്നില്ല." അവൾ മറുപടി പറഞ്ഞു. "എന്ത്യേടീ നില്ക്കാത്തത്. വളരെ കേമമാണെന്നാ കേട്ടത്?'' "ഞാൻ പോകുവാ" മേരി ഒരു ചെറുപുഞ്ചിരിയോടുകൂടെ പറഞ്ഞിട്ടു പുസ്തകവുമെടുത്തു പുറപ്പെട്ടു. വഴിമദ്ധ്യേ വികാരിയച്ചനെ അവൾ കണ്ടു. ആദരത്തോടെ അവൾ സ്തുതിചൊല്ലി. സുസ്മേരവദനനായി വൈദികൻ ഒരു കടലാസ്സുപൊതി അവളുടെ കൈയിൽ കൊടുത്തു. "തുറന്നു നോക്കു മേരീ, അവ നിനക്കാണ്." അദ്ദേഹം പറഞ്ഞു. വിറയ്ക്കുന്ന കൈകളോടെ അവൾ അതു തുറന്നു. അതാ, അതിമനോഹരമായ ഒരു കൊന്തയും ഒരു കാശുരൂപവും പാട്ടുകച്ചേരിക്കുള്ള ഒരു ടിക്കറ്റും. അവളുടെ കണ്ണുകളിൽനിന്ന് ആനന്ദാശ്രുക്കൾ അട

ന്റ വീണു. എന്താണു പറയേണ്ടതെന്നറിയാതെ ആ സാധു പെൺകുട്ടി കുഴങ്ങി. "സംശയിക്കേണ്ട; അവ നിനക്കു ഞാൻ സമ്മാനിച്ചതാണ്. നിൻെറ ത്യാഗം എന്നെ വളരെ സന്തോഷിപ്പിച്ചു. ഒരു തുപ്പാ നിൻെറ പേരിൽ വരവു വച്ചിട്ടുണ്ട്. സന്തോഷത്തോടേ പോയി പാട്ടുകച്ചേരിയിൽ സംബന്ധിച്ചുകൊള്ളുക." അച്ചൻ സ്തുതി ചൊല്ലിയശേഷം അത്യധികമായ ആനന്ദത്തോടേ മേരി പള്ളിക്കൂടത്തിലേക്കു പോയി പാട്ടുകച്ചേരിയിൽ പങ്കുകൊള്ളുവാൻ.

## 62. കഥയുടെ കഥ

ഫാദർ ലൂയീസ് വരുന്നതു കണ്ടപ്പോൾത്തന്നെ വേദപാഠക്ലാസ്സിലെ കുട്ടികൾ ആഹ്ലാദഭരിതരായിത്തീർന്നു. അവർക്കെല്ലാം ലൂയീസച്ചനെ വളരെ കാര്യമാണ്. കഥകൾ പറഞ്ഞു കുട്ടികളെ രസിപ്പിക്കുവാൻ ഒരു പ്രത്യേകസാമർത്ഥ്യം അദ്ദേഹത്തിനുണ്ട്.

സാധാരണയിൽക്കവിഞ്ഞ സന്തോഷഭാവത്തോടെയാണ് അച്ചനന്നു ക്ലാസ്സിലേക്കു പ്രവേശിച്ചതു്. അതു കണ്ടപ്പോൾ കുട്ടികളുടെ കൗതുകവും വർദ്ധിച്ചു. അച്ചനു കിട്ടിയ ഒരെഴുത്തു തങ്ങളെ വായിച്ചു കേൾപ്പിക്കുവാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ അവർ നിശ്ശബ്ദരായി നിവർന്നിരുന്നു.

ഫാദർ ലൂയീസ്: "അതകട്ടെ, എഴുത്തു വായിച്ചുകളയാം, പക്ഷേ, അതിനു മുമ്പ് വേറൊരു സംഗതി പറയുവാനുണ്ട്."

വേറൊരു സംഗതി പറയാനുള്ളതു് ഒരു കഥയായിരിക്കുമെന്നു കുട്ടികൾ തീർച്ചപ്പെടുത്തി; അവരുടെ കള്ളച്ചിരി അതു സ്പഷ്ടവുമാക്കി.

അച്ചൻ: "കഥയൊന്നുമല്ല ഇന്നു പറയാനുള്ളത്; കാര്യം തന്നെയാണ്. എന്നിരുന്നാലും കഥപോലെ രസം നിറഞ്ഞ ഒരു കാര്യം." അച്ചൻ തുടർന്നു: "പ്രിയ കുട്ടികളേ, മിഷൻപ്രവർത്തനങ്ങൾക്കുവേണ്ടി, അതായത് കത്തോലിക്കാതിരുസ്സഭയിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കാത്ത അനാഗതരുടെയിടയിൽ സത്യവിശ്വാസം പരത്തുന്നതിനുവേണ്ടി, നിങ്ങൾ ചെയ്യുന്ന ത്യാഗങ്ങൾ എന്നെ വളരെ സന്തോഷിപ്പിച്ചിരിക്കുന്നു. നമ്മുടെ ചെറുപുഷ്പമിഷൻ ലീഗിൻെറ വിജയംതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു. ഭാരതത്തെ ഈശോയ്ക്കു സമ്മാനിക്കുവാൻ കേരളത്തിലെ കൊച്ചുകുട്ടികൾ അണിനിരന്നിരിക്കുന്ന കാഴ്ച ആരെയാണ് ആനന്ദിപ്പിക്കാതിരിക്കുക! മിഷൻചൈതന്യമുള്ള ഒരു കുട്ടിക്കു വേദപ്രചാരസംബന്ധമായി വലിയ വലിയ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്നു തെളിയിക്കുന്ന ഒരു സംഭവം ഞാൻ നിങ്ങളോടു പറയാം.

'ഒരു പത്തു പതിനെട്ടുകൊല്ലം മുമ്പാണത്. സെററുക്രൂടി സ്കൂളിൽ പൊയ്ക്കൊണ്ടിരുന്ന കുറെ ബാലന്മാർ ഒരു ദിവസം ഒരു പ്രമേയം പാസാക്കി. അഞ്ചുകുട്ടികളുണ്ടായിരുന്നു ആ കൂട്ടത്തിൽ. സ്കൂളിലേയ്ക്കു പോകുംവഴി ഓരോരുത്തർ ആഴ്ചയിൽ ഒരു കഥവീതം പറയണമെന്നായിരുന്നു ഉടമ്പടി. തിങ്കളാഴ്ച ജോൺ, ചൊവ്വാഴ്ച വാസു, ബുധനാഴ്ച ഫ്രഞ്ചു; ഇങ്ങനെ അഞ്ചുദിവസങ്ങൾക്കു അഞ്ചു കുട്ടികളേയും നിശ്ചയിച്ചു. കരാർ ലംഘിക്കുന്നവർക്ക് അവർ ചില്ലറ ശിക്ഷകളും തീർച്ചപ്പെടുത്തി. ഉദാഹരണമായി ജോൺ തിങ്കളാഴ്ച കഥ പറഞ്ഞില്ലെങ്കിൽ, അടുത്തദിവസം വാസുവിൻെറ കഥാകഥനവേളയിൽ എല്ലാം മൂളിക്കേട്ടുകൊള്ളണം. ആ ബാലസഖ്യത്തിൽ ഏററവും നല്ല കഥകൾ പറഞ്ഞിരുന്നതു ഫ്രഞ്ചുവായിരുന്നു. മററുള്ളവർ കെട്ടുകഥകളും പൊട്ടക്കഥകളും തട്ടിമൂളിക്കുമ്പോൾ വേദപുസ്തകത്തിലും വിശുദ്ധന്മാരുടെ ചരിത്രങ്ങളിലും

കാണുന്ന അത്ഭുതസംഭവങ്ങളെ പ്രഞ്ചു സരസമായി വിവരിച്ച്, കൂട്ടുകാരെ രസിപ്പിച്ചിരുന്നു. അവൻെറ വീട്ടിൽ ദിവസവും അത്താഴം കഴിഞ്ഞു് എല്ലാവരും ഒരുമിച്ചുകൂടി പ്രസ്തുത പുസ്തകങ്ങൾ വായിക്കുന്നതിനിടയിൽ അത്തരം ധാരാളം സംഭവങ്ങൾ അവൻ കേട്ടു പഠിച്ചുവെച്ചിരുന്നു.

"എൻെറ വീട്ടിലും അത്താഴം കഴിഞ്ഞാൽ അങ്ങനെ വായിക്കുന്നുണ്ടച്ചാ" മാത്യൂ തോക്കിൽക്കയറി വെടിവെച്ചു.

"വളരെ നല്ലതു്. അങ്ങനെ എല്ലാ വീടുകളിലും ജ്ഞാനവായന നടത്തേണ്ടതാണു്. എന്നാൽ പ്രഞ്ചുവിനെപ്പോലെ നിങ്ങൾക്കും കൂട്ടുകാരെ രസിപ്പിക്കുവാനും നമ്മുടെ മതത്തെപ്പററി പറഞ്ഞുകേൾപ്പിക്കുവാനും സാധിക്കും." മാത്യുവിനെ അച്ചൻ പറഞ്ഞിരുത്തി, കഥ തുടർന്നു: "ഒരുദിവസം വാസു കഥപറയാൻ തയ്യാറാകാതെ വന്നു. അവൻെറ അമ്മാവൻെറ കലശലായ സുഖക്കേടായിരുന്നു അതിനുകാരണം. വാസുവിൻെറ പേർക്ക് അന്നു പ്രഞ്ചുവാണു കഥ പറഞ്ഞതു്. ഒരത്ഭുതസംഭവമായിരുന്നു അതിലെ ഉള്ളടക്കം. അന്ന് ഉച്ചതിരിഞ്ഞു വാസു പ്രഞ്ചുവിനെ രഹസ്യത്തിൽ വിളിച്ചു ചോദിച്ചു. "സ്നേഹിതാ,നീ പറയുന്ന ഈ അത്ഭുതങ്ങളെല്ലാം ക്രിസ്തുനാഥൻ ചെയ്തിട്ടുണ്ടെങ്കിൽ എൻെറ അമ്മാവനേയും സുഖപ്പെടുത്തുവാൻ ഒന്നു പ്രാർത്ഥിക്കാമോ? വൈദ്യന്മാരെല്ലാം ഉപേക്ഷിച്ചിരിക്കയാണു്. വഴിപാടു കഴിച്ചിട്ടു ഫലവും കാണുന്നില്ല. ദേവന്മാരിൽ വിശ്വസിക്കുന്നതു് അബദ്ധമാണെന്നും മനുഷ്യർ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടതു് സർവ്വശക്തനായ ഏക സത്യദൈവത്തെയാണെന്നും ക്രിസ്തു, ദൈവമാകയാൽ നമുക്ക് ഉപകാരപ്രദമെങ്കിൽ നമ്മുടെ അപേക്ഷകളെല്ലാം സാധിച്ചു തരുമെന്നും പ്രഞ്ചു ആ ഹൈന്ദവബാലനെ ധരിപ്പിച്ചു. താനും സൊഡാലിററിക്കുട്ടികളും വാസുവിൻെറ അമ്മാവൻെറ സുഖപ്രാപ്തിക്കായി പ്രാർത്ഥിക്കുന്നതാണെന്നും അവൻ പറഞ്ഞു. വാസുവും ക്രിസ്തുവിനോട് ഉള്ളുരുകി പ്രാർത്ഥിച്ചു. അവൻെറ പ്രതീ

ക്ഷ അസ്ഥാനത്തായില്ല. പിറേറദിവസംമുതൽ അമ്മാവൻെറ രോഗത്തിനു ശമനം കണ്ടുതുടങ്ങി. ഒരു മാസത്തിനകം അയാറം പരിപൂർണ്ണസുഖം പ്രാപിച്ചു. ഈ അത്ഭുതസംഭവത്തിനുശേഷം ക്രിസ്തുമതത്തെപ്പററി കൂടുതൽ അറിയുവാൻ വാസു ആഗ്രഹിച്ചു. പ്രഞ്ചു വാസുവിനെ തനിക്കറിയാവുന്നതെല്ലാം പഠിപ്പിക്കുകയും അവൻെറ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. പക്ഷേ, ഏറെനാറം കഴിഞ്ഞിട്ടും മാനസാന്തരമുണ്ടായില്ല. പ്രഞ്ചു കൊവേന്തയിലെ ബോർഡിംഗിൽചേർന്നു ഹൈസ്കൂറംപഠനം ആരംഭിച്ചതോടേ തമ്മിൽ കണ്ടു സംസാരിക്കുവാനും ആ സ്നേഹിതന്മാക്കു സാധിക്കാതായി. കുറെക്കൊല്ലങ്ങറംക്കുശേഷം വാസുവിൻെറ വിവാഹം കഴിഞ്ഞു. അവൻ മറെറാരുസ്ഥലത്തുപോയി താമസമുറപ്പിച്ചെന്നും കേട്ടു. എന്നിട്ടും പ്രഞ്ചു ആ ചങ്ങാതിയുടെ മാനസാന്തരത്തിനായുള്ള പ്രാത്ഥന നിത്തിവച്ചില്ല. പിന്നീടു സംഭവിച്ചതെന്തെന്ന് ഈ എഴുത്തു വായിച്ചാൽ നിങ്ങറംക്കു മനസ്സിലാകും." ലൂയീസച്ചൻ ഇത്രയും പറഞ്ഞുകൊണ്ട് എഴുത്തെടുത്തു വായിച്ചു. കുട്ടികറം കഴുത്തുനീട്ടി ആ കടലാസ്സിലേയ്ക്കുതന്നെ നോക്കിക്കൊണ്ടു സശ്രദ്ധം ശ്രവിച്ചു. "പ്രിയ ബഹുമാനപ്പെട്ട അച്ചാ, ഈ എഴുത്തെഴുതുന്ന ആറം ചെറുപ്പത്തിൽ അവിടുത്തെ സഹപാഠിയായിരുന്ന വാസുതന്നെയാകുന്നു. കഥകറം പറഞ്ഞുല്ലസിച്ച് സ്കൂളിലേക്കു പോയിരുന്ന ആ മോഹനദിനങ്ങറം ഇന്നും ഞാൻ സ്മരിക്കുന്നു. കത്തോലിക്കാമതം സ്വീകരിക്കുവാൻവേണ്ടതെല്ലാം ഞാൻ പഠിച്ചെങ്കിലും മാതാപിതാക്കന്മാരെ ഓർത്തു ഞാൻ അതിനു ധൈര്യപ്പെട്ടില്ല. എന്നിട്ടും മതപഠനം ഞാൻ രഹസ്യത്തിൽ തുടർന്നുകൊണ്ടിരുന്നു. ഇപ്പോറം ഇതാ ഞാൻ കുടുംബസഹിതം മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നു. ഫ്റാൻസിസ് എന്നാണ് എൻെറ പേരു് താമസിയാതെ ഞാൻ അവിടെ വന്ന് അങ്ങയെ നേരിട്ടു കാണുന്നതാണ്. എന്ന് അങ്ങയുടെ വത്സല സഹപാഠി, വാസു ഫ്റാൻസിസ്."

കുട്ടികൾ അച്ചന്റെ മുഖത്തേയ്ക്കു് അത്ഭുതത്തോടേ നോക്കി. ളൂയീസച്ചൻ ചിരിച്ചുകൊണ്ടും എന്നാൽ പ്രേഷിതചൈതന്യം തുളുമ്പുന്ന ഒരു ഹൃദയത്തോടുകൂടിയും അവരോടു പറഞ്ഞു: "ഇപ്രകാരം നല്ല നല്ല കഥകളും വേദപാഠങ്ങളും നല്ലപോലെ പഠിക്കുകയും എന്നുമെന്നും പ്രാർത്ഥിക്കുകയും ചെയ്താൽ പലരേയും സത്യസഭയിലേക്കു തിരിക്കുവാൻ നിങ്ങൾക്കും സാധിക്കും."

# 63. ഈശോസഭയിലേക്ക്

ജോർജ്ജുകുട്ടിയും ചെറിയാച്ചനും ഇരട്ടസഹോദരന്മാരാണു്. അവർ ഒരുമിച്ചു പ്രാർത്ഥിക്കും; ഒരുമിച്ചു പഠിക്കും; ഒരുമിച്ചു കളിക്കും. പരമസങ്കടമാണു തമ്മിൽ പിരിയുക. ഈശോയുടെ തിരുഹൃദയത്തോടു് ഒരു പ്രത്യേകഭക്തിയുണ്ടു് അവരുടെ മാതാപിതാക്കന്മാർക്കു്. തിരുഹൃദയരൂപം ദിവസവും അലങ്കരിക്കുക കുട്ടികളുടെ കടമയാണു്. വണക്കമാസം ഉള്ളപ്പോൾ ജോർജ്ജുകുട്ടിയും ചെറിയാച്ചനുമാണു വായിക്കുകയും പാടുകയും ചെയ്യുന്നതു്. ആദ്യകുർബ്ബാന സ്വീകരണം മുതല്ക്കേ തിരുഹൃദയഭക്തി അവരിൽ അഭിവൃദ്ധിപ്പെടുത്താൻ ആ നല്ല മാതാപിതാക്കന്മാർ പ്രത്യേകം നിഷ്കർഷിച്ചു. ഇങ്ങനെ തിരുഹൃദയഭക്തി കുഞ്ഞുങ്ങളിലും അല്പാല്പം അവർ കുത്തിവച്ചു. കത്തോലിക്കാകുടുംബങ്ങൾക്കൊരുത്തമമാതൃക!

ജോർജ്ജുകുട്ടിയും ചെറിയാച്ചനും VI-ാം ഫാറത്തിൽ പഠിച്ചുകൊണ്ടിരിക്കെ നാടാകെ പടർന്നുപിടിച്ച കോളറാമൂലം അവരുടെ വത്സലപിതാവും മാതാവും ചരമഗതി പ്രാപിച്ചു. ആ കുട്ടികളുടെ തീരാനഷ്ടത്തിൽ ഹൃദയം തകർന്ന ബോർഡിംഗ് റെക്ടർ ശവസംസ്കാരത്തിലും മററും സംബന്ധിച്ച്

സാന്ത്വനവാക്കുകളാൽ അവരെ സമാശ്വസിപ്പിച്ചു. കുടുംബഭാരം മുഴുവൻ ജോർജ്ജുകുട്ടിയുടെ തോളിലായി. പക്ഷേ, പഠനം ഉപേക്ഷിക്കുവാൻ അവനിഷ്ടമില്ലായിരുന്നു. വസ്തുക്കളുടെ അന്വേഷണം ചിററപ്പനെ ഏല്പിച്ചിട്ട് അവർ ബോർഡിംഗിൽ വന്നുചേർന്നു. അവരിൽ ഒരു വലിയ മാററം ദൃശ്യമായി, പക്ഷേ, വ്യത്യസ്തരീതിയിലാണെന്നുമാത്രം. ജോർജ്ജിന് എല്ലാററിനോടും ഒരു വെറുപ്പ്. ഭക്ഷണത്തിൽ താൽപര്യം കുറഞ്ഞു; കളിയില്ല, പ്രാർത്ഥന പമ്പകടന്നു. അനുദിനം ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നയാൾ ഇന്നൊരു കുർബാന കാണുന്നതുതന്നെ വളരെ വിഷമിച്ചാണ്. ചെറിയാച്ചനോ എന്നാൽ ഉള്ളിലുള്ള ദുഃഖം പുറത്തു കാണിച്ചിരുന്നില്ല. കൂടുതൽ നിഷ്കർഷയോടെ അവൻ എല്ലാം ചെയ്തുപോന്നു. ദിവസവും വി. കുർബാന സ്വീകരിക്കുമ്പോൾ തന്റേയും സഹോദരന്റേയും സങ്കടമെല്ലാം അവൻ ഈശോയോടു പറയും.

അന്നൊരു ഞായറാഴ്ചയായിരുന്നു. ചെറിയാച്ചൻ ജോർജ്ജിന്റെ മുറിയിലേക്കു പോയി. തലയ്ക്കു കൈയുംകൊടുത്തു താഴോട്ടുനോക്കി മുനിപോലിരിക്കുന്ന ജ്യേഷ്ഠന്റെ തോളിൽ തട്ടിക്കൊണ്ടു ചെറിയാച്ചൻ ചോദിച്ചു: "കുഞ്ഞേട്ടൻ ഇങ്ങനെ സങ്കടപ്പെട്ടു ജീവിതം പാഴാക്കുവാൻ പോകയാണോ? ദൈവപരിപാലനയിൽ വിശ്വസിക്കുക അത്ര പ്രയാസമാണോ?"

ജോ: "നിന്റെ ദൈവപരിപാലന! എന്റെ ചെറിയാച്ചാ, കൊണ്ടുക്കളയൂ. നിന്നെയൊഴിച്ചു സകലതിനോടും എനിക്കു വെറുപ്പുതോന്നുന്നു."

ചെ: "എന്റെ പൊന്നു ചേട്ടാ, ഇങ്ങനെ പറയരുതേ. നമുക്കു നല്ല ഈശോയുടെ തിരുഹൃദയത്തിൽ സമാശ്രയിക്കാം. അട്ടെ, കുഞ്ഞേട്ടൻ കുർബാന കൈക്കൊണ്ടിട്ട് എത്ര ദിവസമായി?" "മൂന്നാഴ്ച" ജോർജ്ജ് അലക്ഷ്യമായിപ്പറഞ്ഞു. "റെക്ടറച്ചൻ അറിഞ്ഞില്ലേ?" ചെറിയാച്ചൻ ചോദിച്ചു.

"ഒന്നുരണ്ടുതവണ അച്ചന്റെ കണ്ണിൽ മണ്ണിട്ടു. ഒരിക്കൽ ചോദിച്ചപ്പോഴോ ഞാൻ സൂത്രത്തിൽ ഒഴിഞ്ഞുമാറി".

"കഷ്ടം! ജീവന്റെ ഉറവയിൽനിന്ന് ഓടി അകലുകയോ? വരൂ, നമുക്കു പോയി അപേക്ഷിക്കാം. ഈശോ നമ്മെ ആശ്വസിപ്പിക്കും." ചെറിയാച്ചൻ കേണപേക്ഷിച്ചു. പക്ഷേ, ജോർജ്ജ് ഇരുന്നിടത്തുനിന്നിളകിയില്ല. കണ്ണു തിരുമ്മിക്കൊണ്ട് ആ കുഞ്ഞനുജൻ അവിടെ നിന്നുപോയി.

X X X

ക്രിസ്മസ് ഒഴിവുകാലം സമാഗതമായി. അവധിക്കു പോകുവാൻ ഒരുങ്ങിക്കൊണ്ടിരുന്ന ജോർജ്ജിനെ റെക്ടറച്ചൻ വിളിച്ചു. "മകനേ, നിന്നോടുള്ള എന്റെ ഉപദേശങ്ങളെല്ലാം കുടം കമഴ്ത്തിവച്ചു വെള്ളം ഒഴിക്കുന്നതുപോലെയായല്ലോ. നീ എത്ര നല്ല കുട്ടിയായിരുന്നു. നിന്റെ ഹൃദയതാപങ്ങളെല്ലാം ആത്മീയോപദേഷ്ടാവിനെ അറിയിക്കുക. അദ്ദേഹം നിന്നെ നേർവഴിയിലേക്കു നയിക്കും. നീ ദിവ്യകാരുണ്യം സ്വീകരിച്ചിട്ട് എത്ര നാളായി?"

ജോ: "ഒന്നരമാസം. അങ്ങിലൊരിക്കൽ മാത്രമേ തിരുസ്സഭ കല്പിക്കുന്നുള്ളുവല്ലോ?"

റെക്ടറച്ചൻ: "മകനേ, നിന്റെ ഹൃദയത്തെ കഠപ്പമുള്ളതാക്കരുതേ. ഒഴിവുകാലത്ത് ഒരു മുഴുവൻധ്യാനത്തിൽ സംബന്ധിക്കണം. നിന്റെ ചിററപ്പന്റെ പേർക്കു ഞാൻ ഒരെഴുത്തു തരാം. സമാധാനത്തോടെ പോകുക. ഈശോയുടെ തിരുഹൃദയം നിന്നെ അനുഗ്രഹിക്കട്ടെ. മന്ദരുകേതരെ തീക്ഷ്ണതയുള്ളവരാക്കുന്ന അവിടുത്തെ തിരുഹൃദയത്തിലെ ഒരു തീപ്പൊരി നിന്നെയും ഉത്തേജിപ്പിക്കുകയും ഉണർത്തുകയും ചെയ്യട്ടെ."

ചിററപ്പന്റെ ഉപദേശവും കുഞ്ഞനുജന്റെ അപേക്ഷകളും ചേമ്പിലപ്പുറത്തെ വെള്ളമായി പരിണമിച്ചു. അവസാനടേറത്തിൽ ജോർജ്ജ് ഹോസ്റ്റലിലേക്കു താമസംമാററി. ചെറിയാച്ചനും ജ്യേഷ്ഠന്റെകൂടെത്താമസിക്കുവാൻ നിർബന്ധിതനായി. റെക്ടറച്ചൻ ഉപദേശിച്ചുനോക്കി. ഫലപ്പെട്ടില്ല.

വിളംബംവിനാ ജോർജ്ജിൻെറ സ്വഭാവം പാടേ മാറി. വഴിപിഴച്ച കുറെ പുരോഗമനവാദികളാണ് അവൻെറ സഖാക്കൾ. സിനിമാക്കൊട്ടകയിൽ 'ഫിക്സഡ്സീററ്' ജോർജ്ജ് 'റിസർവ്'ചെയ്തു. അങ്ങോട്ടു പോകുമ്പോഴും ഇങ്ങോട്ടു വരുമ്പോഴും അല്പം'സ്പിരിററും'എടുത്തുതുടങ്ങി. ചെറിയാച്ചൻ കുററപ്പെടുത്തിയാൽ ഒന്നാംതരം മുട്ടാപ്പോക്കുകൾ പറഞ്ഞു രക്ഷപെടും.

ഒരു ദിവസം ജോർജ്ജ് അനുജനോടുകൂടി ഒരു കൊന്തയെത്തിച്ചു. ഭക്തികൊണ്ടല്ല; അനുജൻെറ നിർബന്ധംമൂലം. ചെറിയാച്ചൻെറ ഭക്തിചൈതന്യം ജോർജ്ജിനെ ഹൃദത്തെ സ്പർശിച്ചു. അറിയാതെ ബാല്യകാലസ്മരണകൾ അവൻെറ സ്മൃതിപഥത്തിൽ ഓളംവെട്ടി. "ഈശോയുടെ തിരുഹൃദയമേ,മനുഷ്യരെ വീണ്ടും ചൈതന്യപൂരിതരാക്കേണമേ," എന്നു ചൊല്ലി ചെറിയാച്ചൻ കൊന്തയവസാനിപ്പിച്ചു. അപ്പോൾ ജോർജ്ജിൻെറ ഹൃദയം ഒന്നു ചലിച്ചു. പക്ഷേ, വെറും താത്കാലികമായ ചില അനുഭൂതികൾമാത്രമായിരുന്നു അവ.

അനുജൻ പഠിക്കുവാൻപോയ ഉടനെ ജോർജ്ജു കൂട്ടുകാരൊത്തു ചാരായഷാപ്പിലേക്കു തിരിച്ചു. നാല്പത്തിയൊൻപതു രൂപാ എട്ടണ അവൻ പൊടിച്ചു അന്നത്തേ സൽക്കാരത്തിന്. മുപ്പതു രൂപായേ ജോർജ്ജിൻെറ കൈവശം ഉണ്ടായിരുന്നുള്ളു. ബാക്കി തുകയ്ക്ക് കഴുത്തിൽക്കിടന്ന മാല പണയംവച്ചു. അതിന്മേൽക്കിടന്നിരുന്ന കുരിശുരൂപവും തിരുഹൃദയമെഡലും ഷാപ്പുകാരൻ സദയം തിരിയെ കൊടുത്തു. അവ വാങ്ങി കീശയിൽ ഇട്ടുകൊണ്ട് സ്നേഹിതസാർവ്വഭൗമനായ സെബാസ്റ്റ്യൻെറ വീട്ടിലേക്കു കൂട്ടുകാരുമൊന്നിച്ചു തിരിച്ചു, ചീട്ടുകളിക്കുവാൻ.

കളി മുറുകി തക്കത്തിലായി. വയററിൽക്കിടക്കുന്ന 'വീരൻ' മുറുകിത്തുടങ്ങിയതിനൊപ്പം. തക്കവും മൂത്തുതുടങ്ങി, വഴക്കായി. പീററാണ് എതിർപാർട്ടിനായകൻ. കുപിതനായ ജോർജ്ജ് പീററിൻെറ പിടലിക്കു പിടികൂടി. "എടാ ഫട്ടീ. . . .നിന്നെ ഞാൻ. . . .കാച്ചിക്കളയും" എന്നലറിക്കൊണ്ട് അവൻ

പോക്കററിലേക്കു കൈയിട്ടു പേനാക്കത്തിയെടുക്കുവാൻ . . . . പീററർ പ്രാണവേദനയോടേ നിലവിളിച്ചു. കൂട്ടുകാരെല്ലാം ഓടിമറഞ്ഞു. കുറച്ചുമുമ്പു ഷാപ്പുകാരൻ തിരിച്ചുകൊടുത്ത തിരുഹൃദയമെഡലും കുരിശുമാണു് ഷർട്ടിൻെറ കീശയിൽ കൈയിട്ട ജോർജ്ജിനു കിട്ടിയതു്. തൻെറ അമ്മ മരണസമയത്തു നല്കിയ ആ കുരിശും കാശുരൂപവും കണ്ടപ്പോൾ ജോർജ്ജിൻെറ മുഖം വിളറി. 'ഹാ എൻറീശോ' അറിയാതെതന്നെ അവൻ വിളിച്ചുപറഞ്ഞു. ഏതോ ഒരു മൃദുലകരം പീറററിൻെറ കഴുത്തിലുള്ള തൻെറ പിടി വിടുവിക്കുന്നതായി അവനു തോന്നി. "ഇല്ലാ, ഞാൻ നിൻെറ കഥ കഴിക്കും." ജോർജ്ജിൻെറ നെടിയ കായം ഒന്നുകൂടി നിവർന്നുപൊങ്ങി. "അത്രേയുള്ളോ. ഞാൻകൂടി സഹായിക്കാമല്ലോ. പക്ഷേ, കുഞ്ഞേട്ടാ, അതിനു പററിയ ആയുധമല്ലല്ലോ കൈയിലിരിക്കുന്നതു്." ചേട്ടനെ അന്വേഷിച്ചു പ്രസ്തുതരംഗത്തുവന്ന ചെറിയാച്ചൻെറ പിടിയിലമർന്നു ജോർജ്ജ് സ്വവസതിയിലേക്കു തിരിച്ചു. "എൻെറ കുഞ്ഞനുജൻ വരാതിരുന്നെങ്കിൽ നാളെ ഞാൻ സെൻട്രൽ ജെയിലിലും താമസിയാതെ കഴുകുമരത്തിന്മേലും ആയേനേ."

"ഈശോയുടെ തിരുഹൃദയമാണു രക്ഷിച്ചതു്. അല്ലെങ്കിൽ ഞാൻ വരുന്നതിനുമുമ്പേ കഥ കഴിയുമായിരുന്നു. ജ്യേഷ്ഠൻ ഇനിയെങ്കിലും ഈ ജീവിതം ഉപേക്ഷിക്കുക. ഈശോയെ ഇനിയും പരീക്ഷിക്കല്ലേ. നമ്മുടെ കുട്ടിക്കാലത്തെ സ്മരിക്കുക. അന്നത്തെ ശാന്തിയും സമാധാനവും ഇന്നും നമുക്കു കരഗതമാണു്, നല്ല ഹൃദയത്തോടെ ഈശോയുടെ പക്കലേക്കു പ്രത്യാഗമിക്കുന്നുവെങ്കിൽ." ജോർജ്ജിൻെറ മനസ്സു മാറുവാൻതുടങ്ങി. അവൻ വളരെയധികം കരഞ്ഞു. താമസിയാതെ കിടക്കയെ പ്രാപിച്ചു. പക്ഷേ തിരിഞ്ഞുമറിഞ്ഞുകിടന്നു നേരം വെളുപ്പിക്കുകയാണു ചെയ്തതു്. ആ സംഭവം അവൻെറ ഹൃദയത്തെ അത്ര ഗാഢമായിസ്പർശിച്ചുകഴിഞ്ഞിരുന്നു.

കുർബാനകഴിഞ്ഞുവന്ന റെക്ടറച്ചൻ ജോർജ്ജിനെയാണു

മുറിയുടെ മുമ്പിൽ കണ്ടതു്. അവൻ കഴിഞ്ഞരാത്രിയിലെ സംഭവമെല്ലാം അച്ചനെ അറിയിച്ചു ക്ഷമായാചനം ചെയ്തു. ജോർജ്ജിന്റെ ഹൃദയപരിവർത്തനം അച്ചനെ സന്തോഷിപ്പിച്ചു. "സംഗതികളെല്ലാം വേണ്ടവണ്ണം ഞാൻ നിയന്ത്രിച്ചുകൊള്ളാം" എന്നു പറഞ്ഞു് അച്ചൻ ജോർജ്ജിനെ സമാധാനപ്പെടുത്തിയയച്ചു.

x x x

സുദീർഘമായ നാലഞ്ചു വർഷങ്ങൾ കടന്നുപോയി. ബോർഡിംഗ്ഹാളിൽ ഒരനുമോദനയോഗം കൂടിയിരിക്കുകയാണു് റെക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ. അക്കൊല്ലത്തെ ബി. ഏ. പരീക്ഷയിൽ മൂന്നു വിഷയങ്ങളിൽ സ്റ്റേററിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മി ചെറിയാന്റേയും കണക്കിനു പ്രഥമസ്ഥാനം ലഭിച്ച മി. ജോർജ്ജിന്റേയും അപദാനങ്ങളാണു് എല്ലാവരുടേയും സംസാരവിഷയം. റെക്ടറച്ചന്റെ ഉപസംഹാരം ഏതാണ്ടിങ്ങനെ അവസാനിച്ചു. "ദൈവാനുഗ്രഹത്തിന്റെ ശക്തി ആരു കണ്ടു. നാലു കൊല്ലം മുമ്പു് നിരാശയിൽമുങ്ങി മാർഗ്ഗഭ്രംശം ഭവിച്ചു ജീവിതംതന്നെ ഭാരമായിക്കരുതിയ ഒരാളാണു നമ്മുടെ അഭിമാനപാത്രമായ മി. ജോർജ്ജ്. തിരുഹൃദയഭക്തിമൂലം ഉളവായ ഒരു പരിവർത്തനമാണു നാം ഇവിടെ കാണുന്നതു്. ഈ നാലുകൊല്ലങ്ങൾക്കിടയിൽ സി. ഇ. സി, സൊഡാലിററി, കത്തോലിക്കാപ്രവർത്തനം, വിൻസെന്റു ഡി. പോൾസംഘം മുതലായവയ്ക്കു മി. ജോർജ്ജു നല്കിയിട്ടുള്ള നേതൃത്വം എന്നും അവിസ്മരണീയമായി നിലകൊള്ളും. ജോർജ്ജ് ഈശോസഭയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഞാൻ സസന്തോഷം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. (ഹസ്തതാഡനം) ശോഭനമായ ഒരു ഭാവി അദ്ദേഹത്തിനു കൈവരട്ടെ."

"മി. ചെറിയാനെപ്പോലെ സദ്ഗുണസമ്പന്നനായ ഒരു ശിഷ്യനെ എനിക്കു ലഭിച്ചിട്ടില്ല. തുടരുവാൻപോകുന്ന ഉന്നതവി

ഭ്യാഭ്യാസത്തിൽ പ്രശസ്തമായ വിജയങ്ങൾ അദ്ദേഹത്തിന്ന ഞാൻ ആശംസിക്കുന്നു. അദ്ദേഹം സഭയുടേയും സമുദായത്തിൻേറയും അഭിമാനഭാജനമായി പരിലസിക്കും. ഈശോയുടെ തിരുഹൃദയമേ, നിൻെറ രാജ്യം വരണം.''

# 64. മടിയശിരോമണി

"ഇസിദോർ, ഞാൻ നിന്നെക്കൊണ്ടു തോററു. നീ ഇവിടെത്തന്നെ നില്ക്കു്. ഞാൻ പറഞ്ഞതിന്നശേഷം വീട്ടിൽ പോയാൽ മതി", എന്നാജ്ഞാപിച്ചുകൊണ്ടു് ഫാദർ പോൾ ക്ലാസ്സ നിറുത്തി തൻെറ മുറിയിലേയ്ക്കു പോയി.

സ്പെയിനിൽ സെവില്ല്യസംസ്ഥാനത്തിലേ ഒരു സ്കൂളിലായിരുന്നു ഇസിദോർ പഠിച്ചിരുന്നതു്. പഠനത്തിൽ അവൻ അശേഷം ശ്രദ്ധിച്ചിരുന്നില്ല. അത്ര വലിയൊരു മടിയശിരോമണി അന്നു് ആ വിദ്യാലയത്തിൽ വേറെയില്ലായിരുന്നു. ക്ലാസ്സ് ആരംഭിച്ചാൽ അതു് എങ്ങനെയെങ്കിലും അവസാനിച്ചുകാണുവാനായിരിക്കും അവൻെറ പ്രാൎത്ഥന. അദ്ധ്യാപകന്മാർ പലരും ഇണങ്ങിയും പിണങ്ങിയും അവനെ ഉപദേശിച്ചുനോക്കി; ഒരു ഫലവും അതുകൊണ്ടുണ്ടായില്ല.

വിദ്യാൎത്ഥികളുടെ അഭിവൃദ്ധിയിൽ അതീവതൽപരനാണു് ഫാദർ പോൾ. ഇസിദോറിനെ ഇവ്വിധം അയച്ചുവിടുന്നതു് അത്ര നല്ലതല്ലെന്നു് അദ്ദേഹത്തിന്ന തോന്നി. എന്തെങ്കിലും പ്രതിവിധി തേടണമെന്നും ആ ഗുരുത്തമൻ നിശ്ചയിച്ചു. കുട്ടികളെല്ലാം സ്കൂൾ വിട്ടുപോയപ്പോൾ അദ്ദേഹം ഇസിദോറിനെ വിളിച്ചുകൊണ്ടു പറഞ്ഞു: "ഇന്നു നീ ക്ലാസ്സിൽ എന്തെടുക്കുകയായിരുന്നു? ഞാൻ പറഞ്ഞതിൽ എന്തെങ്കിലും നീ ഇന്നു ശ്രദ്ധി

ച്ചോ? ഇങ്ങനെ തുടർന്നാൽ നിൻെറ ഭാവി എന്തായിരിക്കുമെന്ന് അറിയാമോ? ആയുസ്സും പിതാവിൻെറ പണവും ഒന്നുപോലെ നീ ദുർവ്യയം ചെയ്യുന്നു. ഈ സ്കൂളിൻെറ ഹെഡ്മാസ്റ്ററും പണ്ഡിതനുമായ ഫാദർ ലെയാണ്ടരുടെ ഒരു കൊച്ചുമകനു യോജിച്ചതാണോ നിൻെറ ഈ മഠയത്തം." ഇസിദോർ എന്തോ സമാധാനം പറയുവാൻതുടങ്ങി. പക്ഷേ, അതിന് അനുമതി നല്കാതെ അച്ചൻ തുടർന്നു: "തീർച്ചയായും ഈ സ്വഭാവം നിൻെറ കുടുംബത്തിൻെറ കീർത്തിക്കു യോജിച്ചതല്ല. രണ്ടു ജ്യേഷ്ഠന്മാരും തികഞ്ഞ പണ്ഡിതന്മാരായി പരിശോഭിക്കുന്നു. സഹോദരിയാകട്ടെ മഠത്തിൽ ചേരാനുള്ള ആഗ്രഹത്തോടെ എത്ര ഉത്സാഹത്തോടെയാണ് പഠിക്കുന്നത്! നീയെന്താണ് ഇങ്ങനെ തുടരുന്നത്? ഏതായാലും ഇതു് അനുവദിച്ചുവിടാൻ നിവൃത്തിയില്ല. ഇന്നുതന്നെ ഞാൻ നിൻെറ ജ്യേഷ്ഠനെ വിവരം അറിയിക്കുന്നുണ്ട്."

ഇസിദോർ ഇതികർത്തവ്യതാമൂഢനായി. അവൻ അച്ചനോട് അഭ്യർത്ഥിച്ചു: "അച്ചാ, ഇപ്രാവശ്യംകൂടി ക്ഷമിക്കണേ. മേലിൽ ഞാൻ ശ്രദ്ധിച്ചു പഠിച്ചുകൊള്ളാം."

"വേണ്ടാ, നിന്നോടു ക്ഷമിച്ചതു കുറെ അധികമായിപ്പോയി. അതുകൊണ്ടാണു നിൻെറ ധിക്കാരം മൂത്തതു്. ഞാനിതു നിൻെറ വീട്ടുകാരെ അറിയിക്കുകതന്നെ ചെയ്യും. നീ ഇപ്പോൾ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളുക." തികച്ചും ഗൗരവഭാവത്തിൽ ഇത്രയും പറഞ്ഞുകൊണ്ടു ഫാദർ പോൾ തൻെറ മുറിയിലേയ്ക്കു പോയി.

ജ്യേഷ്ഠൻ സംഗതിയറിഞ്ഞാൽ തനിക്കു ലഭിക്കുന്ന ശിക്ഷയെപ്പററി ഇസിദോർ ഭയപ്പെട്ടു. ഫാ. ലെയാണ്ടർ കുററപ്പുള്ളികളെ കർശനമായി ശിക്ഷിക്കുന്ന പ്രകൃതിക്കാരനാണ്. ഇസിദോർ നിരുന്മേഷനും മ്ളാനവദനനുമായി. ശിക്ഷയിൽനിന്നും ഒഴിഞ്ഞുമാറുവാൻ അവൻ മാർഗ്ഗമാരാഞ്ഞു. "ഇവിടെനിന്നും ഒളിച്ചോടിപ്പോവുകതന്നെ. എന്നാൽ മേലിൽ പഠിക്കാതെയും കഴിക്കാം." ഇസിദോർ ദൃഢനിശ്ചയം ചെയ്തു.

അവൻെറ മുഖം പ്രകാശമാനമായി. അവൻ അതിശീഘ്രം നടന്നുതുടങ്ങി. നാലഞ്ചു മൈൽക്കററികൾ അവൻ പിന്നിലാക്കി. അപ്പോഴേയ്ക്കും അവൻെറ കാലുകൾ കുഴഞ്ഞു, ശരീരം തളർന്നു. അടുത്തുകണ്ട ഒരരുവിയിൽനിന്നും ദാഹശമനം വരുത്തിയശേഷം, അതിൻെറ തീരത്തിൽത്തന്നെ അവൻ ഇരിപ്പുറപ്പിച്ചു. ഭാവിയെപ്പററിയുള്ള ചിന്തകൾ അവനറിയാതെതന്നെ അവൻെറ ബോധത്തിൽ കയറിപ്പററി. അവൻ ചിന്തിക്കുവാൻ തുടങ്ങി. അപ്പോൾ അവിടെക്കിടന്നിരുന്ന മിനുസമുള്ള ഒരു പാറക്കഷണത്തിൽ അവൻെറ ദൃഷ്ടികൾ പതിഞ്ഞു. ഉറവയിൽനിന്നു് ഓരോ തുള്ളി വെള്ളം ഇടമുറിയാതെ ആ കരിങ്കൽക്കഷണത്തിന്മേൽ ഇററിററു വീണിരുന്നു. കല്ലിൻെറ മദ്ധ്യഭാഗം അല്പം കുഴിഞ്ഞുപോയിട്ടുള്ളതും ഇസിദോറിൻെറ ശ്രദ്ധയിൽപ്പെട്ടു. വെണ്മയുള്ള ആ പാറക്കഷണമെടുത്ത് അവൻ തിരിച്ചും മറിച്ചും പരിശോധിച്ചു. അവൻ ആത്മഗതം ചെയ്തു: "എൻെറ മുഴുവൻശക്തി ഉപയോഗിച്ചാലും ഈ കല്ലു പൊട്ടിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഇററിററുവീഴുന്ന ആ വെള്ളത്തുള്ളികൾ ഈ കട്ടത്ത പാറക്കഷണത്തിൽ ഒരു കുഴിയുണ്ടാക്കിയിരിക്കുന്നതു എന്തൊരത്ഭുതം! വളരെ കൊല്ലത്തേ ശ്രമം കൊണ്ടായിരിക്കും ഇതു സംഭവിച്ചതു്. വെറും വെള്ളത്തുള്ളികൾക്ക് ഇതു സാധിച്ചുവെങ്കിൽ മടി കളഞ്ഞു പരിശ്രമിക്കുന്നപക്ഷം എനിക്കും പഠിക്കുവാൻ സാധിക്കും. ഞാൻ അവിടെനിന്നു ഓടിപ്പോന്നതു് എത്ര വലിയ മണ്ടത്തരമായി. കഷ്ടം! ഇപ്പോൾത്തന്നെ ഞാൻ തിരിച്ചുപോകും." ക്ഷീണം വകവയ്ക്കാതെ വീടിനെ ലക്ഷ്യമാക്കിക്കൊണ്ടു് അവൻ ഓടിത്തുടങ്ങി...

അന്നുമുതൽ ഇസിദോർ ഉത്സാഹിച്ചു പഠിച്ചു. അദ്ധ്യയനവിഷയത്തിൽ അവൻ കാണിച്ച ആസക്തിയും അഭിരുചിയും അദ്ധ്യാപകന്മാരെ വിസ്മയിപ്പിച്ചു. ഓരോ ക്ലാസ്സിലും ഇസിദോറായിരുന്നു പ്രഥമ സമ്മാനാർഹൻ. കാലക്രമത്തിൽ അദ്ദേഹം പ്രശസ്തനായ ഒരു വൈദികനും വലിയൊരു പണ്ഡിതനുമായി

ത്തീർന്നു. വിവിധഭാഷകളിൽ അസാമാന്യ പാണ്ഡിത്യം അദ്ദേഹം സ്വായത്തമാക്കി. ശാസ്ത്രപരമായും ചരിത്രപരമായും അനേകം ഗ്രന്ഥങ്ങൾ ഇസിദോറിന്റെ തൂലിക ലോകത്തിനു സമ്മാനിച്ചിട്ടുണ്ട്. ഭക്തനായ അദ്ദേഹം സെവില്ലയിലെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു. മരണശേഷം തിരുസ്സഭ അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണവും ചെയ്തു. വിശുദ്ധ ഇസിദോറിനെ സഭാശാസ്ത്രജ്ഞനായി സഭ പ്രകീർത്തിച്ചുപോരുന്നു. അലസന്മാർക്കും മടിയന്മാർക്കും ഉത്തമമാതൃക!

---

# 65. പ്രത്യാഗമനം

ഇട്ടൂപ്പ് അതിവിദഗ്ധനായ ഒരു ഡോക്ടറാണ്. അദ്ദേഹത്തിന്റെ ഏക സന്താനമാണ് 'എൽസി'. ഭവനത്തിന്റെ ചൈതന്യവിശേഷവും അവൾതന്നെ. ഡോക്ടറുടെ സൗഭാഗ്യനിദാനമണവൾ. അങ്ങനെയാണ് അദ്ദേഹം അവളെ കരുതുന്നതും.

കാര്യം ഇങ്ങനെയാണെങ്കിലും എൽസിയുടെ ഉള്ളിൽ എന്തോ ഒരസ്വസ്ഥത മറഞ്ഞുകിടപ്പുണ്ട്. അവൾ വിചാരിച്ചിരുന്നു, ആദ്യകുർബാന സ്വീകരണദിവസം അപ്പച്ചനും അമ്മച്ചിയും തന്നോടുകൂടെ ദൈവാലയത്തിൽ സന്നിഹിതരായിരിക്കുമെന്ന്. പക്ഷേ, അമ്മച്ചി മാത്രമേ തന്നോടൊപ്പം ആ സ്വർഗ്ഗീയവിരുന്നിൽ സംബന്ധിച്ചുള്ളൂ എന്നു കണ്ട് അവൾ അതിയായി കണ്ഠിതപ്പെട്ടു. പിതാവ് ഒരവിശ്വാസിയായിത്തീർന്നിരിക്കുന്നുപോലും! അമ്മച്ചി പലപ്പോഴും കണ്ണീരൊഴുക്കാറുള്ളതിന്റെ കാരണം ഇന്നാണവൾക്കു മനസ്സിലായതു്.

x x x

പനിച്ചുവിറച്ചുകൊണ്ടാണ് അന്ന് എൽസി സ്കൂളിൽനിന്നു

മടങ്ങിയതു്. വീട്ടിലെത്തിയ ഉടനെ അവഠം കിടക്കയെ അ ശ്രയംപ്രാപിച്ചു. ഓമനസന്താനത്തിൻെറ രോഗത്തിൽ ആ വത്സ ലമാതാപിതാക്കന്മാർ ദുഃഖപരവശരായി. ഡോക്ടർ ഒററമൂലി കഠം പലതും പ്രയോഗിച്ചു. പക്ഷേ,പനി കൂടിവന്നതേ ഉള്ളു.

ക്രിസ്തുമസിൻെറ തലേദിവസം. ഒന്നു മന്ദിച്ചശേഷം ബാ ലിക കണ്ണുതുറന്നു ചുററും നോക്കി. അടുത്തു നില്ക്കുന്ന പിതാ വിനെക്കണ്ടു് "അപ്പച്ചാ, പനി പോയില്ലേ?" അവഠം ചോദിച്ചു.

"പോകും മകളേ, പോകും. സാരമില്ല. പനി വേഗം പൊ രുക്കണമെങ്കിൽ കുഞ്ഞു് അനങ്ങാതെ കിടക്കു്."

അല്പസമയംകഴിഞ്ഞു് "അപ്പച്ചാ" എന്നവഠം വിളിച്ചു. "ഓമനേ, നിനക്കെന്തുവേണം." അടുത്തിരുന്ന ഡോക്ടർ ചോ ദിച്ചു.

"അച്ചനെ വിളിക്കു്. എനിക്കു് ഉണ്ണിയീശോയെ കൈ ക്കൊള്ളണം."

തൻെറ അരുമസന്താനത്തിൻെറ അന്തിമാഭിലാഷം സാ ധിച്ചുകൊടുക്കാതിരിക്കുന്നതിനുള്ള ചങ്കുറപ്പ് അവിശ്വാസിയാ യ ഡോക്ടർക്കുണ്ടായില്ല. ഒരു ഭൃത്യനെ പറഞ്ഞയക്കാം എന്നു വിചാരിച്ചു. പക്ഷേ, അവരെല്ലാം ക്രിസ്തുമസ് ആഘോഷങ്ങ ളിൽ പങ്കുകൊള്ളുവാൻ പോയിക്കഴിഞ്ഞിരുന്നു. ഗത്യന്തരമില്ലാ തെവന്നതിനാൽ ഡോക്ടർതന്നെ ഇറങ്ങിത്തിരിച്ചു അച്ചനെ വിളിക്കുവാൻ. കുട്ടിയുടെ വിഷമസ്ഥിതി അദ്ദേഹം വൈദിക നെ അറിയിച്ചു. ഉണ്ണിയീശോയെ കൊണ്ടുവരണമെന്നുള്ള എൽ സിയുടെ അപേക്ഷ അദ്ദേഹത്തോടു പറയുവാൻ അയാഠം മറ ന്നില്ല.

വൈദികൻ ബദ്ധപ്പെട്ടു സക്രാരിയുടെ അടുക്കലേക്കണ ഞ്ഞു തിരുപ്പാഥേയം എടുക്കുവാൻ. അപ്പോഴാണു് ഒരു കാര്യം ഓർമ്മവന്നതു്. ദീപവും ചെറുമണിയും മററും ആരെടുക്കും? അ ദ്ദേഹം കപ്യാരെ വിളിക്കാനായി സങ്കീർത്തിയിലേക്കു വന്നു. അയാഠം പാതിരാക്കുർബാനയ്ക്കുവേണ്ട ഒരുക്കങ്ങഠം ചെയ്യുകയാ

ന്. മണി പതിനൊന്നു കഴിയുകയും ചെയ്തിരിക്കുന്നു. വൈദികന്റെ വിഷമാവസ്ഥ മനസ്സിലാക്കിയ ഡോക്ടർ ശുശ്രൂഷകന്റെ കർത്തവ്യം സ്വയം കൈയ്യേററു. ദീപവും ചെറുമണിയും എടുത്തുകൊണ്ട് അദ്ദേഹം അച്ചനെ അനുഗമിച്ചു. പൂർവ്വസ്മരണകൾ ഡോക്ടറുടെ ഹൃദയത്തിൽ അലതല്ലി. ഇതിനകം അവർ വീട്ടിലെത്തി. കർത്താവിനെ യഥോചിതം സ്വീകരിക്കുവാൻ വേണ്ട സജ്ജീകരണങ്ങളെല്ലാം വീട്ടുകാരി ചെയ്തിരുന്നു. വൈദികൻ ബാലികയുടെ കുമ്പസാരം കേട്ടു; അവൾക്കു ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുത്തു. സ്വപിതാവിന്റെ മാനസാന്തരത്തിനായി അവൾ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. ബാലികയുടെ രോഗം ദിവ്യകാരുണ്യസ്വീകരണത്തോടുകൂടി അത്ഭുതകരമായി കുറഞ്ഞുതുടങ്ങി.

അങ്ങനെ തന്റെ വത്സലസന്താനം രോഗവിമുക്തയായതിൽ ഡോക്ടർ സന്തുഷ്ടനായിത്തീർന്നു. അദ്ദേഹത്തിന്റെ അന്തരംഗവും ഒരു പരിവർത്തനത്തിനു വിധേയമായി. വലിച്ചെറിഞ്ഞുകളഞ്ഞ വിശ്വാസദീപം അദ്ദേഹത്തിന്റെ ഹൃദയത്തിൽ വീണ്ടും പ്രകാശരശ്മികൾ പരത്തി. 'മാക്കളി'ത്തിരുനാളിനു ദിവ്യകാരുണ്യം സ്വീകരിക്കുവാൻ അദ്ദേഹം അഴിക്കാലുങ്കൽ മുട്ടുകുത്തിയകാഴ്ച, എല്ലാവരേയും വിസ്മയിപ്പിക്കുകതന്നെ ചെയ്തു.

## 66. അപ്പച്ചന്റെ ആലിംഗനം

പ്രായത്തിൽകവിഞ്ഞ ബുദ്ധിസാമർത്ഥ്യവും സ്വഭാവനൈർമ്മല്യവുമുള്ള ഒരു കുട്ടിയാണു ജോണി. കൊക്കാലറെയിൽവേസ്റ്റേഷനു സമീപത്തായി ഉപവിയുടെ കന്യാസ്ത്രീകൾ നടത്തുന്ന ഒരു വിദ്യാലയത്തിലാണ് അവൻ പഠിക്കുന്നത്.

അന്നു റോസിലിയമ്മ പശുവിൻെറ പാഠമാണു പഠിപ്പിച്ചിരുന്നതു്. ജോണി എന്തോ അന്യചിന്തയിൽ മുഴുകിയിരിക്കുകയാണെന്നു് അദ്ധ്യാപിക മനസ്സിലാക്കി. "പശുവിൻപാലിൻെറ നിറമെന്താണു ജോണീ?'' "നല്ല നീലനിറം" ജോണി പൊടുന്നനവേ പറഞ്ഞു കഴിഞ്ഞു. ക്ലാസ്സിൽ ഒരു പൊട്ടിച്ചിരി. അദ്ധ്യാപികയും ചിരിയടക്കാൻ നന്നാ വിഷമിച്ചു. ജോണിയാകട്ടെ അബദ്ധത്തിൽ വന്നുപോയ ആ അമളിയിൽ ലജ്ജിച്ചുകൊണ്ടു തലകുനിച്ചു് ഇരുപ്പായി. ചിരിയല്പം ശമിച്ചപ്പോൾ സിസ്റ്റർ റോസിലി സ്വതസ്സിദ്ധമായ ഗൗരവത്തോടെ ആജ്ഞാപിച്ചു: "ജോണീ, അവിടെ എഴുന്നേററു നില്ക്കു്. സ്കൂൾ വിട്ടാൽ അപ്പീസ്സുമുറിയിലേയ്ക്കു വന്നിട്ടേ പോകാവൂ.''

മണി നാലടിച്ചു. കുട്ടികൾ 'ജനഗണമന' പാടി വീടുകളിലേയ്ക്കു തിരിച്ചു. ജോണിമാത്രം സെഷ്യൻ കോടതിയിൽ ഹാജരായ ഒരു കുററപ്പുള്ളിയെപ്പോലെ അപ്പീസുമുറിയുടെ മുമ്പിൽ അടങ്ങിയൊതുങ്ങിനിന്നു. സിസ്റ്റർ പല ചില്ലറ ജോലികളും ചെയ്തുതീർത്തശേഷം കേസുവിചാരണ ആരംഭിച്ചു.

"ഇന്നു ക്ലാസ്സിൽ നീ സ്വപ്നം കാണുകയായിരുന്നോ? അതോ വിഡ്ഢിവേഷംകെട്ടി കഴുതകളിക്കുകയായിരുന്നോ?''

ജോണി വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു മറുപടി പറഞ്ഞു: "ടീച്ചറേ, അടുത്തുവരുന്ന തിരുനാളിനു നീല സിൽക്കുകൊണ്ടുള്ള ഒരു ഉടുപ്പു വാങ്ങിച്ചുതരുവാൻ ഞാൻ അപ്പച്ചനോടു പറഞ്ഞിട്ടുണ്ടു്. അപ്പച്ചൻ അതു സമ്മതിച്ചിരിക്കുകയാണു്. അതും ഇട്ടുകൊണ്ടു പള്ളിയിലേയ്ക്കു ചെല്ലുമ്പോൾ..."

അദ്ധ്യാപികയ്ക്കു കാര്യങ്ങൾ മനസ്സിലായി. സൽസ്വഭാവിയായ ആ കുട്ടി കരയുന്നതു കണ്ടു് മററു കന്യാസ്ത്രീയമ്മമാർ കാരണമാരാഞ്ഞു. റോസിലിയമ്മ സംഭവം സരസമായി വിവരിച്ചു. അവരെല്ലാം അതുകേട്ടു ചിരിക്കുകയും ജോണിയെ അശ്വസിപ്പിക്കുകയും ചെയ്തു. അവൻ മാതാപിതാക്കന്മാരുടെ ലാളനകാരണം കുറച്ചധികം കൊഞ്ചിക്കുഴയുന്നുണ്ടെന്നു റോസിലി

യമ്മ വിധിയും പ്രസ്താവിച്ചു. പ്രസ്താവന തികച്ചും യഥാൎത്ഥമായിരുന്നു. ഏതായാലും ജോണി അടിയൊന്നും വാങ്ങാതെ അവിടെനിന്നു സ്വതന്ത്രനായി. പിറേറദിവസം സിസ്റ്റർ അവനെ വിളിച്ചുപദേശിച്ചു: "ജോണീ, ക്ളാസ്സിൽ അശ്രദ്ധനായി ഇരുന്നതല്ല നിന്റെ പേരിലുള്ള തെററ്. പെട്ടെന്നങ്ങനെ ഒരു പ്രാവശ്യം വന്നുപോയെന്നേയുള്ളു. അതു സാരവുമില്ല. എന്നാൽ അനാവശ്യമായ ആഡംബരപ്രിയമാണു് നിന്നെ ചീത്തയാക്കുന്നതു്. പല പല വർണ്ണത്തിലുള്ള വിശേഷപ്പെട്ട ഉടുപ്പുകൾ നിനക്കിപ്പോൾ ഉണ്ടു്. എന്നിട്ടും ഒരു നീലപ്പട്ടുടുപ്പു വാങ്ങിക്കുവാൻ നീ അപ്പച്ചനോടു പറഞ്ഞിട്ടില്ലേ? കുഞ്ഞേ, നിന്നെപ്പോലെയുള്ള എത്രയോ കുട്ടികൾ നാണം മറയ്ക്കുവാൻ നല്ലൊരു തുണിക്കഷണം കിട്ടാതെ തെരുവുകളിൽ അലഞ്ഞു നടക്കുന്നു. അവർക്കു വസ്ത്രമില്ലാത്തതിനാൽ പള്ളിയിലും സ്കൂളിലും പോകുവാൻ സാധിക്കുന്നില്ല. നീയാണെങ്കിൽ പുതിയ പുതിയ ശീലത്തരങ്ങൾ വാങ്ങിച്ചുങ്ങനെ ധൂർത്തടിക്കുന്നു."

സ്നേഹസമന്വിതമായ ആ വാക്കുകൾ ജോണിയുടെ മൃദുലഹൃദയത്തെ സ്പർശിച്ചു. അന്നുച്ചതിരിഞ്ഞു ജോണി ചാക്കോയുടെ വീട്ടിലേയ്ക്കു കളിക്കുവാൻ ചെന്നു. ആ കൊച്ചുചങ്ങാതി അവിടെ കരഞ്ഞുകൊണ്ടിരിക്കയായിരുന്നു. ജോണിയെ കണ്ടയുടനെ ചാക്കോ കണ്ണുനീരെല്ലാം തുടച്ചു പ്രസന്നഭാവം നടിച്ച് ഇറങ്ങിച്ചെന്നു.

"എന്തിനാ ചാക്കോ കരയുന്നതു്?" ജോണി അന്വേഷിച്ചു. ചാക്കോ ഒന്നും മിണ്ടിയില്ല. ജോണി അതേ ചോദ്യംതന്നെ ആവൎത്തിച്ചപ്പോൾ ചാക്കോ പറഞ്ഞു: "ജോണീ, ഞാൻ ആദ്യകുർബാന കൈക്കൊള്ളുവാൻ എല്ലാം പഠിച്ചുകഴിഞ്ഞു. ഈശോ എന്റെ ഹൃദയത്തിലേയ്ക്കു എഴുന്നള്ളിവരുന്നതാകയാൽ അന്നേദിവസം പുതിയ ഉടുപ്പും മുടിയും ധരിച്ചിരിക്കണമെന്നു ററീച്ചർ പറഞ്ഞിട്ടുണ്ടു്. ഉടുപ്പിന്റെ കാര്യം ഞാൻ അപ്പച്ചനോടു പറഞ്ഞു. ചക്രമില്ലെന്നാണു് അപ്പച്ചൻ പറയുന്നതു്." അ

കുട്ടിയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞുതുടങ്ങി. ജോണി അ കൊച്ചുചങ്ങാതിയുടെ തോളിൽ കൈവച്ചുകൊണ്ടു ആശ്വസിപ്പിച്ചു: "ഉടുപ്പിന്റെ കാര്യമല്ലേ? അതു സാരമില്ല. നമുക്കു കളിക്കുവാൻ പോകാം. വരൂ." ആ രണ്ടു സുഹൃത്തുക്കളും അരുവിത്തടത്തിലേ അരയന്നക്കിടാങ്ങൾപോലെ അങ്ങു നടന്നുപോയി.

X X X

തിരുനാൾദിവസം പുലർന്നു. കൊച്ചുകുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനവും അന്നുതന്നെയായിരുന്നു. ഇരുപത്തിനാല് ആൺകുട്ടികളും മുപ്പത്തിയഞ്ചു പെൺകുട്ടികളും അണിനിരന്നു ദൈവാലയത്തിൽ മുട്ടുകുത്തി. എല്ലാവരും പുതിയ ഉടുപ്പുകൾ ധരിച്ച് പൂമുടികൾ വച്ച് കൊച്ചുമാലാഖമാരെപ്പോലെ പ്രശോഭിച്ചിരുന്നു. ദൈവാലയം ജനനിബിഡമായി. എല്ലാവരുടേയും നയനങ്ങൾ ആ നിഷ്കളങ്കരുടെ മേൽപതിഞ്ഞു. എങ്കിലും ചാക്കോയെ അത്യധികമായ അത്ഭുതത്തോടെയാണു പലരും നോക്കിയിരുന്നത്. അവൻ കണ്ണഞ്ചിക്കുന്ന ഒരു പട്ടുവസ്ത്രമാണു ധരിച്ചിരുന്നത്. പനിനീർപ്പുഷ്പങ്ങൾകൊണ്ടുള്ള നല്ലൊരു മുടിയും. ജോണി തന്റെ ആത്മസുഹൃത്തിന്റെ അരികെതന്നെ സ്ഥലംപിടിച്ചു. ദിവ്യകാരുണ്യനാഥൻ തന്റെ വത്സലചങ്ങാതിയുടെ ഹൃദയത്തിലേയ്ക്കു് എഴുന്നെള്ളിവന്നപ്പോൾ ജോണിയുടെ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു.

അവൻ പള്ളിയിൽനിന്നു മടങ്ങിച്ചെന്നപ്പോൾ അപ്പച്ചൻ ചോദിച്ചു: "ജോണീ, നീ എന്താണ് ഇന്ന് ആ നീലപ്പട്ടുടുപ്പു ധരിക്കാഞ്ഞതു്, മറന്നുപോയോ?"

ജോണി അപ്പച്ചനെ സമീപിച്ചുകൊണ്ടു പതുക്കെപ്പറഞ്ഞു: "അപ്പച്ചാ, നമ്മുടെ തെക്കേതിലെ ചാക്കോയ്ക്കു ഞാനതു സമ്മാനിച്ചു. അവന്റെ ആദ്യകുർബ്ബാന കൈക്കൊള്ളൽ ഇന്നായിരുന്നു. ഉടുപ്പില്ലാതെ അവൻ കരഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടപ്പോൾ എനിക്കു സങ്കടം വന്നു. ഉണ്ണിയീശോ അവന്റെ

ഹൃദയത്തിലേയ്ക്ക് എഴുന്നെള്ളി വന്നപ്പോൾ ഞാൻ സമ്മാനിച്ച ആ ഉടുപ്പിന്റെ കാര്യം ഓർത്തുകണ്ടുകയില്ലേ അപ്പച്ചാ?"

പിതാവു് ജോണിയുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അവൻ ജിജ്ഞാസയോടേ ചോദിച്ചു: "ഞാൻ ചെയ്തതു നല്ലതല്ലേ അപ്പച്ചാ?"

പിതാവു് അവനെ സ്നേഹപുരസ്സരം ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു: "തീർച്ചയായും നല്ലതുതന്നെ, ജോണീ. ഉണ്ണിയീശോയ്ക്കു് ഏററവും പ്രീതിജനകമായ ഒരു പ്രവൃത്തിയാണു് നീ ചെയ്തതു്".

# 67. തിളങ്ങുന്ന കണ്ണ്

സമയം അർദ്ധരാത്രിയോടടുത്തിട്ടുണ്ടു്. ജനസഞ്ചാരം തീരെ നിന്നു. ചന്ദ്രോദയത്തിനുമുമ്പുതന്നെ ഒരു വൃക്ഷശാഖയിൽ ഞാൻ സ്ഥലം പിടിച്ചു, വിതയിൽ കയറുന്ന മുയലിനെ വെടിവയ്ക്കുവാൻ. സമീപത്തുള്ള ഒരു ചെറുതോട്ടിലേ നീരൊഴുക്കിന്റേയും ഇളംകാററിൽ ആടിയുലയുന്ന വൃക്ഷചില്ലികളുടേയും മർമ്മരശബ്ദമല്ലാതെ മറെറാന്നും ആ രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നില്ല. മനുഷ്യൻ ഇരുട്ടിൽ കാട്ടിക്കൂട്ടുന്ന വിക്രിയകളെ കാണുന്നതിനോ എന്തോ രാത്രീശൻ തന്റെ ശീതാംശുക്കളെ നാലുപാടും നീട്ടിക്കൊണ്ടു് സഹ്യാദ്രിയുടെ ഉച്ചിയിൽക്കൂടി ഒളിഞ്ഞുനോക്കിത്തുടങ്ങി.

ഒരു മുയൽ കുറെ അകലെ ഞാറു തിന്നുകൊണ്ടിരിക്കുന്നതു ഞാൻ കണ്ടു. എനിക്കു സന്തോഷമായി. അതു് അടുത്തുവരുന്നുണ്ടോ എന്നു കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടിരിക്കുമ്പോൾ കഷ്ടം! ആ മുയൽ പെട്ടെന്നു് അപ്രത്യക്ഷമായി. എന്റെ ആശ

വെള്ളത്തിലായി. മുയൽ ഓടിക്കളഞ്ഞതിന്റെ കാരണം അറിയുന്നതിനു ഞാൻ നാലുപാടും നോക്കി. അതാ രണ്ടുപേർ ആ വഴി വരുന്നു. ഒരാൾ മധ്യവയസ്കനാണ്. മററെയാൾ പത്തുപന്ത്രണ്ടു വയസ്സുള്ള ഒരു ബാലൻ.

അവർ അധികമൊന്നും സംസാരിക്കുന്നില്ല. 'പുള്ളി'കളെ ഒന്നു മനസ്സിലാക്കണമെന്നു തീർച്ചപ്പെടുത്തി ഞാൻ ഉറവുനോക്കി. അതു മുല്ലശ്ശേരിലെ മാത്തനും അയാളുടെ മകനുമായിരുന്നു. ആ ബാലന്റെ കാല് എന്തിലോ തടഞ്ഞു വീഴാൻതുടങ്ങി. പെട്ടെന്നു മാത്തൻ കയറിപ്പിടിച്ചുകൊണ്ടു സാവധാനത്തിൽ പറഞ്ഞു: "കുഞ്ഞേ, തോമ്മാച്ചാ, നീ ഉറക്കംതൂങ്ങിക്കൊണ്ടാണോ നടക്കുന്നത്."

"എന്റപ്പാ, ഞാനുറങ്ങിപ്പോയി. നടക്കുന്നുണ്ടെന്നു ഞാനോർത്തില്ല. നമ്മളെവിടെപ്പോകാ അപ്പാ".

"പറയാം. നീ ഉറങ്ങാതെ നട. ഒരു വഴിക്കുപോയാലിങ്ങനെയാണോ?"

"ഇനി എന്തോരെപ്പോകണം."

"കുറച്ചേ ഉള്ളൂ. ആ അഞ്ചലാപ്പീസിന്റെ മുററത്തോളം പോയാ മതി"

"അതെന്തിനാ അപ്പാ, ഈ പാതിരാശ്ശ് അഞ്ചലാപ്പീസിൽ പോകുന്നെ. ആരൊണ്ടിപ്പം അവിടേ?"

മാത്തൻ തോമ്മാച്ചന്റെ വായ് പൊത്തിപ്പിടിച്ചു. "പതുക്കെപ്പറ. നീ മിണ്ടാതെ വാ; നമുക്കു വേഗം തിരിച്ചുപോരാം."

"അതെന്നതാപ്പാ ആ കരേന്നത്. എനിക്കു പേടിയാകുന്നു."

"ഏതാണ്ട് നത്തോ മൂങ്ങായോ ആണ്. എന്നാ പേടിക്കാനാ. നിന്നെ എന്നാ വിഴുങ്ങിക്കളയുവോ?"

ഇതിനകം അവർ അപ്പീസിന്റെ മുററത്ത് എത്തി. വൃക്ഷത്തിൽനിന്നിറങ്ങി അവരെ പിന്തുടന്നുകൊണ്ടിരുന്ന ഞാൻ കാര്യം അറിയണമെന്നു കരുതി കെട്ടിടത്തിന്റെ മറുവശത്ത്

രേ മറവിൽചേർന്നുനിന്നു. ക്ലാരസഹോദരിമാരുടെ മഠവും കപ്പേളയും അടുത്തുതന്നെയുണ്ട്. മുപ്പതോ നാല്പതോ അടിയിൽ അധികം അകലമില്ല. അവർ നടത്തുന്ന സ്കൂളിലാണ് തോമ്മാച്ചൻ പഠിക്കുന്നതും.

"തോമ്മാച്ചാ, നി ഇവിടെ നിന്നു നോക്കിക്കോ വല്ലവരും വരുന്നുണ്ടോ എന്ന്" മാത്തൻ മകൻെറ ചെവിയിൽ പതുക്കെപ്പറഞ്ഞു. ഒച്ച കേപ്പിക്കരുത്."

"അപ്പനെന്നാ എടുക്കാൻപോകാ?"

"ഹാ! നീ മിണ്ടാതിരിക്ക്. ഇവിടെ കുറച്ചുരൂപാ ഉണ്ട്. അതെടുത്തോണ്ടു നമുക്കിപ്പം പോകാം."

"അതെന്നാപ്പാ, അപ്പൻ ഇവിടെ പണം സൂക്ഷിക്കുന്നുണ്ടാർന്നോ?"

"നീ എന്തടാ ഇപ്പറയുന്നത്. എങ്കി ഈ 'നടുക്കുററമ്പാതിരാഌ പാടുപെടണായിരുന്നോ. നീ അവിടെ അടങ്ങിയിരിക്ക്."

ആ കുട്ടി തിണ്ണയുടെ തെക്കേ അററത്തു നിന്നു മഠത്തിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു. മാത്തൻ പതുക്കെ ഉളികൊണ്ടു താഴ കുത്തിപ്പൊളിച്ചുതുടങ്ങി. മുറിയിൽ കയറി മേശ പൊളിക്കുമ്പോഠം വേണം പുള്ളിയെ പിടിക്കാനെന്നു കരുതി ഞാനും പതുങ്ങിയിരുന്നു. അയാഠം മുറിയിൽ പ്രവേശിച്ചപ്പോഴേയ്ക്കു തോമ്മാച്ചൻ ഓടി അകത്തുകയറി "അപ്പാ, അപ്പാ, കാണുന്നു; കാണുന്നു" എന്നു ബദ്ധപ്പെട്ടു പറഞ്ഞു.

"എന്താടാ; ആരടാ" മാത്തൻെറ ഉള്ളിൽ ഇടിത്തീ വീണ പോലെയായി.

"ഇതാ അപ്പൻതന്നെ നോക്കിക്കേ" മഠംവകക്കപ്പേളയിലേക്കുകൈ ചൂണ്ടിക്കൊണ്ടു തോമ്മാച്ചൻ പറഞ്ഞു. "ഒരു തിളങ്ങുന്നകണ്ണ്. അപ്പൻ നോക്കിക്കേ ഞാമ്പറഞ്ഞതു നേരല്ലേന്ന്."

മാത്തൻ അമ്പരപ്പോടേ തിണ്ണയിലിറങ്ങി തെക്കോട്ടു നോക്കി— കുട്ടി കൈചൂണ്ടിയയിടത്തേയ്ക്ക്." അയാഠക്കരിശം വന്നു. "നീ എന്തടാ എരപ്പാളി, ഈ പറേണത്. അതു കപ്പേളയിലേ

കെടാവിളക്കല്ലേ? ഹോ! കടലു വായിവന്നുപോയി. ഞാനോത്തു് ആരോ ഞെക്കുവിളക്കുമായി വരുകയാണെന്നു്. ഹോ!" അമർന്ന സ്വരത്തിൽ ആവേശത്തോടേ അയാൾ പറഞ്ഞു.

"അല്ലപ്പാ," തോമ്മാച്ചൻ ഇടയ്ക്കുകയറിപ്പറഞ്ഞു. "അപ്പനു പിശകിപ്പോയി. ആ വിളക്ക് സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ കണ്ണാണ്. അപ്പൻ ചെയ്യുന്നതു നിശ്ചയമായും ഈശോ നോക്കിക്കൊണ്ടിരിക്കുകയാണ്. വേദോപദേശം പഠിപ്പിച്ചപ്പം അച്ചൻ പറഞ്ഞു "ദൈവം രാവും പകലും എല്ലാം കണ്ടറിഞ്ഞുകൊണ്ടാണിരിക്കുന്നതു്. അങ്ങിൽനിന്ന് ഒന്നും മറയ്ക്കുക സാധ്യമല്ല" എന്ന്. അപ്പാ നമുക്കീ ദ്രൂപാ വേണ്ടാ. ഞാൻ പഞ്ഞം കെടന്നോളാം. നമുക്കു തമ്പുരാൻ തരും."

മാത്തന്റെ മനസ്സ് ഇളകിവശായി. അയാൾ നാലുപാടും ഒന്നു നോക്കി. അവരിരുവരും നടന്ന് ഇരുട്ടിൽ മറഞ്ഞു.

ഹാവൂ! ഞാൻ ദീർഘമായൊന്നു നിശ്വസിച്ചു. തോമ്മാച്ചന്റെ വിജയത്തിൽ എന്റെ ഉള്ളു കുളിത്തു. ഒരു കത്തോലിക്കാ വിദ്യാലയത്തിന്റെ കഴിവുകൾ? വിദ്യാഭ്യാസപ്രക്ഷോഭണത്തിനു ധീരനേതൃത്വം നല്കിയ വീരകേസരിക്ക് — ദിവംഗതനായ ചങ്ങനാശ്ശേരിമെത്രാൻ മാർ ജെയിംസ് കാളാശ്ശേരി തിരുമേനിക്ക് — ആശയും ആവേശവും പകർന്നുകൊടുത്ത ആ പാവനാദർശം എന്റെ മുമ്പിൽ നൃത്തം ചെയ്തു. "ഹാ! ജീവൻ പോലും ബലികഴിക്കാം" ആ ആദർശസംരക്ഷണത്തിനുവേണ്ടി അറിയാതെതന്നെ ഞാൻ ഉദീരണം ചെയ്തുപോയി.

# 68. അമ്മ

ദരിദ്രയെങ്കിലും അതിസമർത്ഥയായ ഒരു വനിതാരത്നമാണ് ഏലിയാമ്മ. അവളുടെ പ്രാണനാഥൻ മൺമറഞ്ഞിട്ടു വർഷങ്ങൾ പലതു കഴിഞ്ഞിട്ടില്ല. ശോകപൂർണ്ണമായ ജീവിതത്തിൽ അവൾക്ക് ആലംബമായിരുന്നതു തന്റെ പ്രേമഭാജനത്തിന്റെ തനിപ്പകർപ്പുകളായ അന്നമ്മയും ലോനച്ചനും മാത്രമായിരുന്നു. പ്രസന്നതയും പ്രസരിപ്പും ഈ കുട്ടികളിൽ സദാ കളിയാടിയിരുന്നു.

അന്നമ്മയും ലോനച്ചനും സ്കൂൾവിട്ടു വീട്ടിലേയ്ക്കു തിരിച്ചു വരികയാണ്. അന്നു സ്കൂളിൽവച്ചു കൂട്ടുകാരി പറഞ്ഞ ഒരു കടങ്കഥ തന്റെ ആങ്ങളയോട് ഒന്നു ചോദിക്കുകതന്നെ എന്നവൾ തീർച്ചപ്പെടുത്തി.

"ലോനച്ചാ, ഞാനൊരു കടങ്കഥ പറയാം. ഉത്തരം പറഞ്ഞില്ലെങ്കിൽ നൂറു കടം." പെങ്ങൾ ആങ്ങളയെ വെല്ലുവിളിച്ചു. "ങ്ഹും....എന്നാ പറയൂ" ആങ്ങള വിട്ടില്ല.

"എല്ലാവർക്കും ഉള്ളത്, എല്ലാവരേക്കാൾ നല്ലത്, മരിച്ചാലും മറക്കാത്ത മരതകക്കല്ല്" അന്നമ്മ ആ കടങ്കഥ വചോവിലാസത്തോടേ പറഞ്ഞുകഴിഞ്ഞു. ഉത്തരം കണ്ടുപിടിക്കണം. ലോനച്ചൻ കുഴിഞ്ഞാലോചിച്ചു. അവളുടെ ചോദ്യത്തെ അവൻ അപഗ്രഥിച്ചുനോക്കി. പല പല ഉത്തരങ്ങളും അവൻ തട്ടിവിട്ടു. എന്നാൽ അവയൊന്നും ഫലിച്ചില്ല. ലോനച്ചന്റെ പ്രസന്നമായ മുഖം വിളറി. വിജയശ്രീലാളിതയായ പെങ്ങൾ പൊട്ടിച്ചിരിച്ചുകൊണ്ട് "അമ്മ, നൂറുകടം സമ്മതിച്ചോ?" അവൾ ഒരു ഞൊടിയിടയിൽ പറഞ്ഞു തീർത്തു.

ആ പദശ്രവണത്തിൽത്തന്നെ ലോനച്ചന്റെ വിളറിയ

മുഖം തേജോമയമായിത്തീർന്നു. 'അമ്മ' എന്ന ആ ശബ്ദം എത്രയെത്ര മൃദുലവികാരങ്ങൾ അവൻെറ ഹൃദയത്തിൽ ഉൽഭൂതമാക്കിയില്ല. പിന്നെയും പിന്നെയും അതിൻെറ മാധുരി അവൻ ആസ്വദിച്ചു.

അടുത്ത നിമിഷത്തിൽ അവൻ വീട്ടിലെത്തി. അമ്മയുടെ മൃദുലകപോലങ്ങളിൽ ആയിരമായിരം ചുംബനങ്ങൾ അവൻ സമർപ്പിച്ചു. ആ സാധുവിധവ തൻെറ ആ പ്രേമത്തിടമ്പിനെ മാറോടണച്ചു നിർവൃതിയടഞ്ഞു. അന്നമ്മയിൽ നിന്നും ശ്രവിച്ച ആ കടങ്കഥ ഒരിക്കൽക്കൂടെ അവൻ ഉരുവിട്ട് അതിൻെറ അപരിമേയമായ മാധുര്യം അനുഭവിച്ചു.

വളരെ ഹൃദ്യമായിത്തോന്നിയ ഈ കടങ്കഥ ഉള്ളുകൊണ്ട് അനുസ്യൂതം അവൻ ആവർത്തിച്ചുകൊണ്ടിരുന്നു. അന്ന് ഉറങ്ങുവാൻപോയപ്പോഴും അമ്മയുടെ ചുംബനങ്ങളും ആ കടങ്കഥയും അവൻ ഓർക്കുന്നുണ്ടായിരുന്നു. തന്നെ ജീവിതസർവസ്വമായി കരുതി മടിയിലിരുത്തി പാലൂട്ടുന്ന ആ നല്ല അമ്മയെ അവൻ എപ്പോഴെങ്കിലും മറക്കുകയോ? "അമ്മ, അമ്മ" എന്നു സുഖസുഷുപ്തിയിലും അവൻ ഉരുവിട്ടുകൊണ്ടിരുന്നു. അമ്മയുടെ സ്നേഹപരിചരണങ്ങൾ അപ്പോഴും അവൻ സ്വപ്നത്തിൽ ദർശിക്കുന്നുണ്ടായിരുന്നിരിക്കണം.

പിറേറദിവസം ക്ലാസ്സിൽ പഠിപ്പിച്ചതു് "ഓമനത്താരാട്ട്" എന്ന പാഠമായിരുന്നു. അതിലേ ഓരോ വാക്കും അനിതരസാധാരണമായ ശുഷ്കാന്തിയോടെ ലോനച്ചൻ ശ്രദ്ധിച്ചു. തൻെറ അമ്മയുടെ പെരുമാററവും ഇതിൽനിന്നും ഒട്ടും വിഭിന്നമല്ലാ എന്നു് അവൻ കണ്ടു.

ദിവസങ്ങൾ കുറെ കഴിഞ്ഞു. അന്നൊരിക്കൽ പള്ളിക്കൂടംവിട്ടു വന്നപ്പോൾ തങ്ങളുടെ വത്സലമാതാവു ശയ്യാവലംബിനിയായിരിക്കുന്നതായിട്ടാണ് അന്നമ്മയും ലോനച്ചനും കണ്ടതു്. ആ നല്ല കുഞ്ഞുങ്ങളുടെ ഹൃദയം തകർന്നുപോയി.

അവളുടെ പനി നാൾക്കുനാൾ വർദ്ധിച്ചുവന്നു. അന്നമ്മയും ലോനച്ചനും അമ്മയ്ക്കുവേണ്ട സകല പരിചരണങ്ങളും ചെയ്തുനോക്കി. അവരുടെ ശുശ്രൂഷകളുണ്ടോ ദാരുണമായ രോഗത്തിൽനിന്നും അവളെ വിമുക്തയാക്കുന്നു! അമ്മയുടെ ദയനീയസ്ഥിതി അന്നമ്മയേയും ലോനച്ചനേയും നിരാശാഭരിതരാക്കി. അവളുടെ രോഗം മൂർദ്ധന്യാവസ്ഥയിലെത്തി. വൈദ്യന്മാർ ഉപേക്ഷിച്ചു. മരണം സമീപിച്ചുകഴിഞ്ഞു.

അന്ന് അവർ ഇരുവരും അമ്മയുടെ കട്ടിലിനടുത്തിരുന്നു കണ്ണീർക്കണങ്ങൾ കണക്കില്ലാതെ പൊഴിക്കുകയാണ്. തന്റെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ അതീവശ്രദ്ധാലുവായ ഏലിയാമ്മയുടെ ദൃഷ്ടിയിൽ ഇതും എത്തപ്പെടാതിരുന്നില്ല. "അന്നമ്മേ, ലോനച്ചാ," അവൾ ഞരങ്ങി. "എന്താ," ലോനച്ചൻ അല്പം കൂടെ അടുത്തിരുന്നു. എന്നാൽ അന്നമ്മ ഇരുന്നിടത്തുനിന്ന് അനങ്ങുന്നതിനുപോലും ശക്തയായില്ല. അടുത്തക്ഷണത്തിൽ അവൾ ബോധരഹിതയായി നിലംപതിച്ചു. ഇതു കണ്ടു ലോനച്ചനും മരണാസന്നയായ അമ്മയും എന്തുചെയ്യേണ്ടു എന്നറിയാതെ കുഴങ്ങി. ലോനച്ചനും ബോധക്ഷയത്തിനധീനനായി മറിഞ്ഞുവീണു.

"എന്റെ അമ്മേ, എന്റെ പൊന്നമ്മേ! എന്നെ രക്ഷിക്കേണമേ" ഏലിയാമ്മ തന്റെ കിടക്കയുടെ സമീപേ വച്ചിരുന്ന മാതാവിന്റെ രൂപത്തിൽ ദൃഷ്ടികളുറപ്പിച്ചുകൊണ്ടു പ്രാർത്ഥിച്ചു. മാതാവു തന്റെ നേരെ കരങ്ങൾ നീട്ടുന്നതായി ഏലിയാമ്മയ്ക്കു തോന്നി "മകളേ, ഞാൻ നിന്നെ സുഖമാക്കാം. നീയും നിന്റെ കുഞ്ഞുങ്ങളും എന്നോട്ട് എന്നാളും ഭക്തിയുള്ളവരായിരിക്കണം" എന്നൊരു സ്വരവും അവളുടെ കർണ്ണപുടങ്ങളിൽ മുഴങ്ങി. പെട്ടെന്ന് അവൾ കട്ടിലിൽ എഴുന്നേററിരുന്നു. എവിടെ നിന്നോ, നടക്കുവാൻ ശക്തി കിട്ടിയതുപോലെ അവൾക്ക് അനുഭവപ്പെട്ടു. അവൾ തന്റെ കുഞ്ഞുങ്ങളെ വാരിയെടുത്തു മാറോടണച്ചു. മാതൃകരസ്പർശനത്തിൽ അവർ ഇരുവർക്കും

പ്രജ്ഞതയുണ്ടായി. അമ്മയുടെ മടിയിലാണു തങ്ങൾ കിടക്കുന്നതെന്നു കണ്ടപ്പോൾ അവർ അത്ഭുതാധീനരായി.

"മക്കളേ," അമ്മ പറഞ്ഞു: "നമുക്കു നമ്മുടെ നല്ല അമ്മയുടെ രൂപത്തിനരികെ മുട്ടുകുത്തി അവൾക്കു സ്തുതി പറയാം." കുട്ടികൾക്കിതിന്റെ സംഗതി മനസ്സിലായില്ല. അവൾ തുടർന്നു: "നിങ്ങളുടെ ദയനീയമായ സ്ഥിതികണ്ട് "എന്റെ അമ്മേ, എന്നെ രക്ഷിക്കണമേ" എന്ന് മാതാവിനോടു ഞാൻ അപേക്ഷിച്ചു. അതിന്റെ ഫലമായിട്ടാണു മരണാസന്നയായിരുന്ന നിങ്ങളുടെ അമ്മ സുഖം പ്രാപിച്ചത്."

അവരുടെ സന്തോഷം അതിരററതായിരുന്നു. അന്നുമുതൽ മാതാവിന്റെ പ്രത്യേകഭക്തരായി അവർ ജീവിച്ചു. വിധവയായ ഏലിയാമ്മ അത്യധികമായ അദ്ധ്വാനം ചെയ്ത് അവർഇരുവരേയും വിദ്യാസമ്പന്നരാക്കി.

ഇന്നു ലോനച്ചൻ ഒരു വൈദികനാണ്. ഒരു കന്യേരഭാര്യയായ അന്നമ്മ തന്റെ വത്സലമാതാവിന്റെ പരിചരണാദികൾക്കായി അവളുടെ പാദാന്തികേ എപ്പോഴും എന്തിനും തയ്യാറായി നില്ക്കുകയാണ്. ഫാ. ജോൺ പലപ്പോഴും അമ്മയെ സന്ദർശിക്കാറുണ്ട്. അദ്ദേഹം ഇന്നും പറയുക പതിവാണ്: "എല്ലാവർക്കും ഉള്ളത്; എല്ലാവരേക്കാൾ നല്ലത് മരിച്ചാലും മറക്കാത്ത മരതകക്കല്ല്" "അമ്മ".

# 69. കടൽപ്പന്നി

ഉററമിത്രങ്ങളാണവർ— പീററും പോളും. തേഡ്ഫാറത്തിലാണു രണ്ടുപേരും പഠിക്കുന്നത്. പള്ളിക്കൂടത്തിൽനിന്നു പോരുമ്പോൾ പല വിഷയങ്ങളെക്കുറിച്ചു അവർ സംസാരി

ക്കം. ഒരു ദിവസം അവരുടെ സംഭാഷണം ധ്രുവപ്രദേശത്തെ പ്പററിയായിരുന്നു.

പീററർ: "ഇത്രയധികം തണുപ്പുള്ള ആ സ്ഥലത്ത് ആളുകൾ എങ്ങനെ കഴിഞ്ഞുകൂടുന്നു?"

പോൾ: "ഐസിന്ന് നല്ല ചൂടല്ലേടാ മണ്ടാ."

പീററർ: "അമ്പടാ, 'ഐസിന്' ചൂട്! നീ ഒരു മരമണ്ടൻ തന്നെ."

പോൾ: "എടാ, ഭോഷാ! നീ കേട്ടിട്ടില്ലേ 'സന്നി' എന്ന രോഗം പൊറുപ്പിക്കുന്നതെങ്ങനെയാണെന്ന്. 'ഐസ്' തലയിൽവച്ചാണ്. 'ഐസി'ന്ന ചൂടില്ലെങ്കിൽ പിന്നെയെങ്ങനെയാണതു സാധിക്കുക?"

പീററർ: "വെള്ളം പോയാൽ കുറേക്കൂടി വെള്ളം ഒഴിക്കുന്നതു കണ്ടിട്ടില്ലേ, അകത്തുപോയ വെള്ളം പുറത്തേയ്ക്കു പോകാൻ? അതുപോലെയായിരിക്കും സന്നി മാററുന്നത്. നീ ഒരു കഴുതതന്നെ."

തക്കം മൂത്തു ഉന്തിലും തള്ളിലും കലാശിച്ചു. പോൾ ശക്തനായിരുന്നു. അവൻ പീറററിന്റെ തലയ്ക്കൊരടികൊടുത്തിട്ട് ഓടിക്കളഞ്ഞു. പാവം പീററർ! അവൻ ചുററുപാടും നോക്കി താൻ തല്ലു മേടിക്കുന്നതു വല്ലവരും കണ്ടോ എന്നറിയുവാൻ. വേദനയോടും ലജ്ജയോടുംകൂടെ അവൻ വീട്ടിലെത്തി. പ്രതികാരത്തിനായി അവന്റെ ഹൃദയം നീറി.

x x x

സന്ധ്യാസമയം. വഴിയരികിലുള്ള വേലിയുടെ മറവിൽ നിന്ന് ഒരു ബാലൻ ഒളിഞ്ഞുനോക്കുന്നു. കൈയിലിരിക്കുന്ന കുറുവടി മുണ്ടിനടിയിൽ മറച്ചുവച്ചുകൊണ്ട് അല്പം കുനിഞ്ഞു നിന്നാണു നോട്ടം. വികാരിയച്ചൻ യാദൃച്ഛികമായി ആ വഴിയേ വന്നത്, ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ അവന്റെ കണ്ണിൽപ്പെട്ടില്ല. പീറററിന്റെ നിലയും നോട്ടവും കണ്ട് അച്ചൻ അമ്പരന്നു. "ഇതെന്താ പീററർ. . . ?" അച്ചൻ ചോദിച്ചു.

വികാരിയച്ചന്റെ സ്വരം കേട്ട പീററർ പരിഭ്രമത്തോടേ തിരിഞ്ഞുനോക്കി. കുറുവടി അവന്റെ കൈയിൽനിന്നു താനേ താഴെവീണു. "ആഹാ കുറുവടിയുമുണ്ടല്ലോ. പന്നിയെലിയെ പിടിക്കുവാൻ തരംനോക്കുകയാണോ?" വൈദികൻ സുസ്മേരവദനനായി ചോദിച്ചു.

പീററർ പരുങ്ങലിലായി. പരിഭ്രമംമൂലം അവന്റെ മുട്ടുകൾതമ്മിൽ കൂട്ടിയടിക്കുവാൻതുടങ്ങി. 'ഒരു പൊടിസൂത്രം പ്രയോഗിച്ചാലോ?' അവൻ ചിന്തിച്ചു. അച്ചന്റെ മുഖത്തുനോക്കി കള്ളംപറയുകയോ? അവനറിയാം അച്ചന്റെ അടുക്കൽ അടവുകൾ ചെലവാകുകയില്ലെന്ന്. പീററർ പരമാർത്ഥം തുറന്നുപറഞ്ഞു. ഇനിമേൽ പ്രതികാരത്തിനൊരുമ്പെടുകയില്ലെന്നും പോളിനെ ഉള്ളഴിഞ്ഞു സ്നേഹിക്കുമെന്നും അവൻ വാഗ്ദാനം ചെയ്തു. അച്ചൻ അവനെ അരികിൽ നിറുത്തി തലോടി ആശ്വസിപ്പിക്കുകയും ചില ഉപദേശങ്ങൾ നല്കുകയും ചെയ്തു.

x x x

നാലുമണിസമയം. ഒരു 'പൊത്ത്' എണ്ണ വാങ്ങി തലയിൽവച്ച് ഒരു തോർത്തുമെടുത്തു പീററർ പുറപ്പെട്ടു. ഒന്നു കുളിക്കണം. ആററിനക്കരെയുള്ള അമ്മായിയുടെ വീട്ടിലും ഒന്നു പോകണം. ദൂരെവച്ചുതന്നെ അവൻ കണ്ടു എന്തോ ഒന്ന് ആററിൽ പൊങ്ങുകയും താഴുകയും ചെയ്യുന്നത്. "പന്നി; പന്നി; കടൽപ്പന്നി" എന്നട്ടഹസിച്ചുകൊണ്ട് അവൻ ആററുകടവിലേയ്ക്ക് ഓടി. കയത്തിൽക്കിടന്നു കൈകാലുകൾ കുഴഞ്ഞു നീന്തിത്തുടിക്കുന്ന പോളിനെ—ആ പഴയ വിരോധിയെ—ആണ് അവൻ അവിടെ കണ്ടത്. ഉടൻതന്നെ വെള്ളത്തിൽ ചാടി അവനെ രക്ഷിച്ചില്ലെങ്കിൽ തീർച്ചയായും അവൻ മരിക്കുമെന്നു പീററർ കണ്ടു. അകലെനിന്ന് ഒരു വഞ്ചി വരുന്നുണ്ട്, അതുപ്രതീക്ഷിച്ചുനില്ക്കാതെ അവൻ ആററിലേയ്ക്കു ചാടി. അല്പം പുറകോട്ടു മാറിനിന്നുകൊണ്ട് അവൻ പോളിനെ പതുക്കെതള്ളി. അങ്ങനെ ഒരുവിധത്തിൽ പോൾ കരപററി. ആററുവക്കത്ത് നിന്ന്

ആളുകൾക്കൂടിയ പലതും പറയുന്നുണ്ടു്. ചിലർ പീററിന്റെ പരസ്നേഹത്തെ പ്രകീർത്തിച്ചു. മററുചില കൊച്ചുമിടുക്കന്മാർ, നീന്തുവാനുള്ള അവന്റെ സാമർത്ഥ്യത്തെ പുകഴ്ത്തി.

ഇതിനകം അകലെക്കണ്ട വഞ്ചിയും വന്നടുത്തു. ഒരു രോഗിക്കു് അന്ത്യകൂദാശകൾ കൊടുത്തശേഷം തിരിച്ചുവരുന്ന വികാരിയച്ചനായിരുന്നു അതിൽ. സംഭവമറിഞ്ഞു് അദ്ദേഹം അത്യധികം സന്തോഷിച്ചു. വൈദികനിൽനിന്നും കുട്ടികളുടെ പൂവ്‌ചരിത്രം കേട്ട നാട്ടുകാർ പീററിന്റെ ശത്രുസ്നേഹത്തെ അകമഴിഞ്ഞു് അഭിനന്ദിച്ചു. പീററിനേയും പോളിനേയും വള്ളത്തിൽ കയററി അച്ചൻ പള്ളിയിലേക്കു തിരിച്ചു ജനതതിയുടെ ഹർഷാരവങ്ങൾക്കിടയിൽ. വഞ്ചി കണ്ണിൽനിന്നു മറഞ്ഞതോടേ ജനക്കൂട്ടവും പിരിഞ്ഞുപോയി പല നല്ലനല്ല പ്രായോഗികപ്രതിജ്ഞകളോടേ.

# 70. തിരിച്ചടി

നേരം വെളുത്തുതുടങ്ങി. പക്ഷികൾ കളകൂജിതങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് ഇരതേടുവാൻ നാലുദിക്കിലേക്കും പറന്നുപോയി. മന്ദമാരുതൻ വീശിത്തുടങ്ങി. ആനന്ദപ്രദമായ ഒരു സുപ്രഭാതം.

കലാപുരിയിലെ ഉപരാജാവാണു സുബ്രഹ്മണ്യൻപോററി. പല അന്ധവിശ്വാസങ്ങളും പുലത്തുന്ന കൂട്ടത്തിലാണദ്ദേഹം. കാലത്തേ കണ്ണു തിരുമ്മിയെഴുന്നേററു് അദ്ദേഹം ജനാലയിൽക്കൂടി പുറത്തേയ്ക്കു നോക്കി. ഹാ! അർദ്ധനഗ്നനായ ഒരു 'ചന്തച്ചെക്ക'നെയാണു 'കണി' കണ്ടതു്. "എന്റെ ഈശ്വരാ ഇന്നത്തെ 'കണി'. എന്നു പറഞ്ഞു് ഒന്നു രണ്ടു ചുവടുകൾ വച്ചി

ല്ല, അദ്ദേഹത്തിൻെറ പാദങ്ങൾ കട്ടിലിനടുത്തിരുന്ന കോളാമ്പിയിൽ തട്ടി. കാലു മുഴുവൻ മൈലാഞ്ചി പൂശിയതുപോലെയായി, കുഴമ്പുപരുവത്തിലിരുന്ന താംബൂലചർവ്വണസത്തുമൂലം. ഒരു വിരൽ അല്പം ചതയുകയുംചെയ്തു. അദ്ദേഹത്തിൻെറ ഉള്ള കലികൊണ്ടു. ആ 'ശനി'യെപ്പിടിച്ചുകൊണ്ടുവരുവാൻ അയാൾ ആജ്ഞാപിച്ചു.

"നില്ലൂടാ അവിടെ; നീ ഏതു നരകത്തിൽനിന്ന് ഒളിച്ചോടിപ്പോന്നവനെടാ," ഇടിനാദംപോലുള്ള ശബ്ദംകേട്ട് ആ പാവം പരിഭ്രമത്തോടേ തിരിഞ്ഞുനോക്കി.

"എന്തിനാ"

"നടക്കിനെടാ, തിരുമേനിയുടെ മുമ്പിലേയ്ക്ക്; നിന്നെ മനസ്സിലാക്കാം കാര്യം എന്താണെന്ന്.

സുബ്രഹ്മണ്യൻപോററിയുടെ സന്നിധിയിലേയ്ക്ക് ആ അർദ്ധനഗ്നൻ ആനയിക്കപ്പെട്ടു. പയ്യൻ പാണികൂപ്പി തൊഴുതു് ഒരുവശത്തേക്കു മാറിഒതുങ്ങിനിന്നു.

"എടാ, നീ ഇത്ര രാവിലേ എവിടെപ്പോകുകയായിരുന്നു?" സുബ്രഹ്മണ്യൻപോററി കല്പിച്ചു ചോദിച്ചു.

"തോട്ടത്തിലേയ്ക്ക്." ബാലൻ സവിനയം ഉണർത്തിച്ചു.

"എന്തിന്"

"പൂ പറിക്കാൻ"

"അതിൻെറ ആവശ്യം"

"യൗസേപ്പുപിതാവിൻെറ രൂപത്തിലിടാൻ മാലയുണ്ടാക്കാൻ"

"ഹും! ഇനിമേൽ നിന്നെ വെളിയിൽക്കാണാൻ പാടില്ല. നിന്നെ ബന്തവസ്സിലാക്കാൻ നിശ്ചയിച്ചിരിക്കുന്നു. മനസ്സിലായോ?"

"അടിയൻ എന്തുകുററം ചെയ്തു, പൊന്നുതിരുമേനീ"

"എന്തിനധികം കുററം ചെയ്യുന്നു. നീ ലക്ഷണം കെട്ടവനാണ്. നിന്നെ 'കണി' കണ്ടതിൻെറ ഫലം; ഇതാ എൻെറ

വിരൽ ചതഞ്ഞുപോയി. മററുള്ളവർക്കെങ്കിലും നീ ഉപദ്രവമുണ്ടാക്കാതിരിക്കട്ടെ. കല്ലറയിലേയ്ക്കു് ഇവനെ കൊണ്ടുപോകുവിൻ." അദ്ദേഹം അജ്ഞാപിച്ചു.

പാവം പയ്യൻ പമിഭ്രമിച്ചു. "രക്ഷിക്കണേ"എന്നു് ഗദ്ഗദത്തോടേ അവൻ താണു തൊഴുതുകൊണ്ടു അപേക്ഷിച്ചു.

"അടിയനു് ഒരു വാക്കു . . . . പറ . . . യാനൊണ്ടു്"

"ഉം കേൾക്കട്ടെ."

"അടിയൻ ഇവിടെ അടുത്തുള്ളവനാണു്. അതിരാവിലേ തോട്ടത്തിലേക്കു തിരിച്ചു. ഇവിടെയുള്ള ധാരാളം പൂക്കൾകണ്ടു് അടിയൻ അല്പനേരം നിന്നുപോയി. ഇങ്ങോട്ടു നോക്കിയപ്പോൾ അവിടുത്തെയാണു് അദ്യം കണ്ടതു്. അതിൻെറഫലം ഇതായി."

ബാലൻെറ വാക്കുകൾ ആ അന്ധവിശ്വാസിയെ ഇരുത്തി ചിന്തിപ്പിച്ചു. അതു തക്ക തിരിച്ചടിയായി.

"നീ ബുദ്ധിയുള്ളവൻ; ഇതാ സമ്മാനമായി ഒരു സ്വർണ്ണമാല. നിൻെറ പേരെന്താണു്?"

"വക്കച്ചൻ"

"കൊള്ളാം പള്ളിക്കൂടത്തിൽപ്പോകുന്നുണ്ടോ" "ഇല്ല. അമ്മച്ചിയ്ക്കു ചക്രമില്ല."

"എന്നാൽ പള്ളിക്കൂടത്തിൽചേർന്നുകൊള്ളുക. വേണ്ട പണം ഞാൻ തന്നുകൊള്ളാം."

വക്കച്ചൻ സന്തോഷത്തോടേ വീട്ടിലേയ്ക്കോടി.

തൂപ്പുകഴിഞ്ഞുവന്ന അമ്മയെ അവൻ ആ സ്വർണ്ണമാല ഏല്പിച്ചു. അവൻെറ അഭ്യർത്ഥനയനുസരിച്ചു പൂമാലയുടെ കൂടെ അതും യൗസേപ്പുപിതാവിൻെറ രൂപത്തിലിടുവാൻ അവൾ സമ്മതിച്ചു.

# 71. ലില്ലിയുടെ റോസപ്പൂക്കൾ

മേയ് മാസം സമീപിക്കുമ്പോഴെല്ലാം ലില്ലിക്കു വലിയ ആഹ്ളാദവും ഉന്മേഷവുമാണ്. പ. കന്യകാമറിയത്തിൻെറ തിരുസ്വരൂപം അവൾ ഭംഗിയായി അലങ്കരിക്കും. അപ്പച്ചനും അമ്മച്ചിയും കൊടുക്കാറുള്ള സമ്മാനങ്ങൾ— ചില കൊച്ചു കൊച്ചു നാണയത്തുട്ടുകൾ— അവൾ മടികൂടാതെ ചെലവഴിക്കും തങ്കക്കടലാസും മെഴുകുതിരിയും വാങ്ങിച്ചു മാതാവിൻെറ പീഠം അലങ്കരിക്കുവാൻ. ഒരു പൂമ്പാററയെപ്പോലെ ആരാമങ്ങൾതോറും അവൾ ഓടിനടക്കും പൂക്കളറുക്കുവാൻ.

അക്കൊല്ലം അവളുടെ റോസച്ചെടികൾ എങ്ങനെയോ ഉണങ്ങിപ്പോയി. അപ്രതീക്ഷിതമായ ഈ അനിഷ്ടസംഭവം ലില്ലിയെ വല്ലാതെ വേദനിപ്പിച്ചു. വണക്കമാസം വന്നെത്തുകയും ചെയ്തു. ഉണങ്ങാതെനിന്ന ഒരു ചെടിയുടെ ചുവട്ടിൽ പലവുരു അവൾ വെള്ളമൊഴിച്ചുനോക്കി. പക്ഷേ, അതു പൂവിട്ടില്ല. സ്കൂളിൽ പോകുമ്പോൾ, അടുത്ത വീട്ടിലെ പൂന്തോട്ടത്തിൽ നില്ക്കുന്ന നല്ല നല്ല റോസപ്പൂക്കളിലേയ്ക്കു് അത്യാർത്തിയോടെ അവളുടെ കണ്ണുകൾ പായും. അവൾക്ക് അടക്കുവാൻ വയ്യാത്ത കൊതി, അവയിൽ ചിലതറുത്തെടുക്കുവാൻ. തലയിൽ ചൂടണമെന്നോ കൂട്ടുകാരികൾക്കു സമ്മാനിക്കണമെന്നോ അല്ല അവളുടെ ആഗ്രഹം. മാതാവിൻെറ പീഠം അലങ്കരിക്കണമെന്നുമാത്രം.

ഒരു ദിവസം ആ വീട്ടിലെ അന്നക്കുട്ടിയോടു ലില്ലി ചോദിച്ചു "നിങ്ങളുടെ റോസച്ചെടികൾ ഉണങ്ങിയിട്ടില്ലേടീ?"

അന്നക്കുട്ടി: "ഓ അവ നറച്ചു പൂവൊണ്ടു്."

ലില്ലി: "നിങ്ങൾക്കു വണക്കമാസമില്ലേ?"

"ആ ചെടി ഞങ്ങളുടെ തോട്ടത്തിലില്ലല്ലോ ലില്ലീ"—ഫ്രോ

ട്ടസ്സൻറുമാതാപിതാക്കന്മാരുടെ പുത്രിയായ ആ കൂട്ടുകാരി തന്റെ അജ്ഞത വെളിപ്പെടുത്തി.

ലില്ലി: "നിനക്കെന്താ അറിയാം. അതു ചെടിയല്ല. നിങ്ങക്കു മാതാവിന്റെ രൂപമില്ലേ?"

"അമ്മേടേം ഇച്ചായന്റേം പോട്ടോ പസ്സി ഇട്ടുവച്ചിട്ടുണ്ടു"— മാതാവ് എന്ന പദത്തിന്റെ അർത്ഥം അമ്മ എന്നാണ് എന്ന് സ്കൂളിൽവച്ചു പഠിച്ചിട്ടുണ്ടായിരുന്ന അന്നക്കുട്ടി മറുപടി കൊടുത്തു.

ലില്ലി പൊട്ടിച്ചിരിച്ചുപോയി. ദൈവമാതാവിനെക്കുറിച്ചു തനിക്കറിവുള്ളതെല്ലാം അവൾ തന്റെ സഖിയെ ഗ്രഹിപ്പിച്ചു.

II

വണക്കമാസം അവസാനിക്കുന്ന ദിവസം സമാഗതമായി; തന്റെ തോട്ടത്തിലുള്ള നല്ല പൂക്കളെല്ലാം പറിച്ചു ലില്ലി മാതാവിന്റെ പീഠത്തിൽ സമർപ്പിച്ചു. എങ്കിലും ഒററ റോസപ്പൂപോലുമില്ലാതെയായിപ്പോയതിൽ അവൾ കുണ്ഠിതപ്പെട്ടു. അന്ന് അവൾ സ്കൂളിൽനിന്നു താമസിച്ചാണു വന്നതു്. ക്ഷീണിച്ചുവശായിരുന്നു അവളുടെ ശരീരം. എങ്കിലും ആ പിഞ്ചുമുഖത്തു് ആനന്ദത്തിന്റെ വെള്ളിരേഖകൾ സ്പഷ്ടമായി കാണാമായിരുന്നു. തന്റെ മടിയിൽ സൂക്ഷിച്ചിരുന്ന ഒരു പൊതിക്കെട്ടുമായി അവൾ വീട്ടിനുള്ളിലേക്കു കയറി. "ചേച്ചീ, മിഠായി" എന്നു പറഞ്ഞുകൊണ്ടു കുട്ടപ്പൻ അവളെ പിടികൂടി. പതിവില്ലാത്തവിധം ഗൗരവം നടിച്ചുകൊണ്ടു് അവൾ കുഞ്ഞാങ്ങളയെ ശകാരിച്ചു. കാപ്പിപോലും കുടിക്കാതെ, മാതാവിന്റെ രൂപം അലങ്കരിച്ചുവച്ചിരുന്ന മുറിയിൽ കയറി അവൾ കതകടച്ചുകളഞ്ഞു.

അയൽവീട്ടിലെ കുടുംബനായിക അന്ന് അപ്രതീക്ഷിതമായി ലില്ലിയുടെ വീട്ടിലേക്കുവന്നു. പ്രകൃത്യാ ഒരു മുൻകോപിയാണവർ. ഇരമ്പുന്ന കാർമേഘംപോലെ ശകാരവർഷം ചൊരിഞ്ഞുകൊണ്ടാണവരുടെ വരവ്. ഏലിയാമ്മ— ലില്ലിയുടെ അ

മ്മ— ആശ്ചര്യപൂർവ്വം ചോദിച്ചു: "ഇതെന്താണു റോസച്ചേട ത്തി? കാര്യം പറ. കലമ്പാതെ"

റോസ: "എടീ, പിള്ളേരെ ചൊവ്വേവളത്തണം."

"എന്തു കാണിച്ചു പിള്ളേര്?" അത്ഭുതത്തോടേ ഏലിയാ മ്മ ചോദിച്ചു.

റോസ: "നിന്റെ ലില്ലിയോടു ചോദിക്ക്. പിള്ളേരെ കട്ടു പഠിപ്പിക്കരുത്. അല്ലേലും ആ പെണ്ണു തലതെറിച്ചതാ, എന്തു കണ്ടിട്ടാ ഞെളിയണത്?"

ഏലി: "എന്റെ ചേടത്തി, കാര്യം പറ. ഞാൻ ലില്ലി യോടു ചോദിക്കാം."

റോസ: "ഞങ്ങളുടെ തോട്ടത്തിൽ വെല്യ കാര്യമായി ന ട്ടിരുന്ന റോസച്ചെടീടെ പൂവെല്ലാം അവൾ കട്ടുപറിച്ചില്ലേ? പറിക്കരുതെന്നു ഞങ്ങൾ പറഞ്ഞപ്പോൾ 'നിങ്ങൾക്കു വളരെ പൂവൊണ്ടല്ലോ, എനിക്കില്ല, ഇതു മാതാവിനാ' എന്നവൾ പറ ഞ്ഞു. അന്നക്കുട്ടിയാണെങ്കി കരച്ചിലുതന്നെയാ. കളവു ചെറു താണേലും കളവല്ലേ? പിള്ളേർക്കു വളംവച്ചുവിടരുത്."

ഏലി: "കട്ടതാണെങ്കിൽ തീർച്ചയായും ലില്ലി ശിക്ഷ മേടിക്കണം. ഞാനറിഞ്ഞില്ലല്ലോ."

റോസ: "നീ എന്നാതാ അല്ലെങ്കിലറീണത്?"

ഏലിയാമ്മ ലില്ലിയെ വിളിച്ചു. പക്ഷേ, മറുപടി ഉണ്ടാ യില്ല. "അവളു പൂണ്ട കള്ളിയാ. അതുകൊണ്ടാ മിണ്ടാത്തത്," റോസച്ചേടത്തി പിറു പിറുക്കിക്കൊണ്ടിരുന്നു. "മാതാവിന്റെ മുറിയിൽ കയറി കതകടച്ചിരിക്കയാ ചേച്ചി" എന്നു കുട്ടപ്പൻ അറിവു നല്കി. അവർ അങ്ങോട്ടു നടന്നു. മുറിയിൽനിന്നും ലി ല്ലിയുടെ ആത്മഗതം നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് അവരുടെ കർണ്ണപുടങ്ങളിൽ പതിച്ചു. അവൾ പറയുകയാണ്: "ഞാൻ വ ളരെക്കൊതിച്ചതാ എന്റെ മാതാവേ, നിനക്കീ പൂ തരാൻ. എ ന്റെ റോസ് ഒണങ്ങിപ്പോയി. അന്നക്കുട്ടിയുടെ വീട്ടിൽ ഒത്തി രി റോസാപ്പൂക്കളുണ്ടല്ലോ. അവർക്കു മാതാവില്ലെന്നവൾ പറ

ഞ്ഞു. ആ പൂവെല്ലാം വെറുതെ കൊഴിഞ്ഞുപോകയാ. അതുകൊണ്ടാ ഞാൻ പറിച്ചതു്. ഇന്നുച്ചയ്ക്കുണ്ണാൻ അമ്മച്ചിതന്ന ചക്രം ഒരു കടലാസിൽ പൊതിഞ്ഞു റോസച്ചെടീടെ ചോട്ടില് വച്ചിട്ടൊണ്ടു്. അവർ വിലയെടുത്തോട്ടെ. ഞാൻ ചെയ്തതു തെററാണോ മാതാവേ, ആണെങ്കിൽ പൂ തിരിച്ചുകൊടുത്തേക്കാം."

"ലില്ലീ, കതകു തുറന്നേ" എന്ന ഏലിയാമ്മയുടെ ആജ്ഞ ആത്മഗതത്തിനു വിരാമമിട്ടു. അവൾ കതകുതുറന്നു. ഹൃദയാവർജ്ജകമായ ഒരു സൗരഭ്യം അവിടെയെങ്ങും പരന്നു. അതാ ആ റോസപ്പൂക്കൾ ത്രിലോകരാജ്ഞിയുടെ തിരുശ്ശിരസ്സിൽ ഒരു പൊൻമുടിപോലെ പ്രശോഭിക്കുന്നു. ലില്ലിയുടെ ആത്മാർത്ഥതയും നിഷ്ക്കളങ്കതയും കണ്ടു ദൈവമാതാവു പുഞ്ചിരിതൂകുന്നതുപോലെ കാണപ്പെട്ടു. റോസയുടെ കണ്ണുകൾ നിറഞ്ഞുപോയി. ആ കൊച്ചുമാലാഖായെ വാരിപ്പുണർന്നുകൊണ്ടു്, "എൻെറ ലില്ലിയെ ഒന്നും ചെയ്യരുതേ ഏലിയാമ്മേ," എന്നവർ കേണപേക്ഷിച്ചു. ഏലിയാമ്മയുടെ നയനങ്ങൾ ആനന്ദബാഷ്പത്താൽ നനഞ്ഞെങ്കിലും ലില്ലിയെ കുറെ ശകാരിച്ചു.

പിറേറദിവസം റോസമ്മ ലില്ലിയുടെ വീട്ടിൽ വീണ്ടും ആഗതയായി. ഒരു കുട നിറയെ റോസപ്പൂക്കൾ അവർ ലില്ലിക്കു സമ്മാനിച്ചു. അവൾ ആനന്ദഭരിതയായി അവയെ തടവിക്കൊണ്ടു് "എൻെറ മാതാവിന്നു്" എന്നു മന്ത്രിച്ചു. അവൾ ചെടിയുടെ ചുവട്ടിൽ വച്ചിരുന്ന കടലാസുപൊതിയും ആ കുടയിലുണ്ടായിരുന്നു. ലില്ലി എത്ര നിർബന്ധിച്ചിട്ടും റോസമ്മ അതു സ്വീകരിക്കുകയില്ലെന്നു തീർത്തുപറഞ്ഞു. ആ ഓമനബാലികയെ മന്ദം മന്ദം തടവിക്കൊണ്ടു റോസമ്മ പറഞ്ഞു: "ദൈവമാതാവിൻെറ ഒരു പടം ഞാനും വാങ്ങും; അതലങ്കരിക്കാൻ എന്നെ പഠിപ്പിക്കാമോ ലില്ലീ?"

# 72. 'ആസാമി'

അന്നു ദിനപ്പത്രത്തിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ കണ്ട ഒരു വിളംബരം:— "ഗവണ്മെൻറു ബാങ്കിൽനിന്നു 50,000 രൂപാ ആരോ അപഹരിച്ചിരിക്കുന്നു. മോഷ്ടാവിനെ പിടിച്ചേല്പിക്കുന്നവർക്കു 4,000 രൂപാ പ്രതിഫലം." ഇതു വായിച്ച പലരിലും എന്തെന്നില്ലാത്ത ഒരു വികാരപരമ്പര അനുഭവവേദ്യമായി. ആക്കാണ് ആഗ്രഹമില്ലാത്തതു ധനവാനാകുവാൻ. അപസർപ്പക ചക്രവർത്തിയായ 'ഷെർലക്കു ഹോംസ്' ആയിടെ ഭൂമിയിലേയ്ക്കു തിരിച്ചുവന്നിരുന്നെങ്കിൽ അത്ഭുതപ്പെട്ടുപോയേനേ, തന്നെപ്പോലുള്ള അനേകരെക്കണ്ട്.

വാരങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. ആർക്കും സാധിച്ചില്ല മോഷ്ടാവിനെ പിടിച്ചേല്പിക്കുവാൻ. ഒരു ദിവസം കച്ചേരിയുടെ മുമ്പിൽ ഒരു വലിയ ആൾക്കൂട്ടം. നാനാഭാഗത്തുനിന്നും ആളുകൾ ഇരച്ചുപാഞ്ഞു, കാര്യം മനസ്സിലാക്കുവാൻ. പ്രാകൃതവേഷധാരിയായ ഒരു യുവാവു തിണ്ണയിൽ നില്പുണ്ട്. "അവനാണു ബാങ്കു കുത്തിപ്പൊളിച്ച പെരുങ്കള്ളൻ." "കണ്ണു കണ്ടാലറിയാം അവൻ കള്ളനാണെന്ന്." ജനങ്ങൾ തമ്മിൽതമ്മിൽ മന്ത്രിച്ചു. 'സമാധാനപാലകർ' തലകുത്തിമറിഞ്ഞിട്ടും കണ്ടുകിട്ടാതിരുന്ന ഈ 'ആസാമി'യെ പിടിച്ചുകെട്ടിക്കൊണ്ടുവന്ന ആ യുവവീരനെ— തോമസിനെ— അധികാരികൾ പ്രതിസമ്മാനിച്ചു; ആളുകൾ അഭിനന്ദിച്ചു. 4000 രൂപായുമായി തോമസ് ഭവനത്തിലേക്കും കൈവിലങ്ങുമായി ജോസ്— അതായിരുന്നു കള്ളൻെറ പേർ— കാരാഗൃഹത്തിലേയ്ക്കും തിരിച്ചു.

'പോലീസുകാരുടെ കരങ്ങളും ജോസിൻെറ മൃദുദേഹവുമായി നടന്നു ഒരരറുമുട്ടൽ. അപരാധിക്കു 'പ്രഹരക്കഷായം' വേണ്ടത്ര പകർന്നുകൊടുത്തിട്ടും പണത്തിൻെറ കാര്യത്തിൽ

ഒരു തുമ്പും കിട്ടിയില്ല ജോസിൽനിന്ന്. "ഇയാൾതന്നെയോ മോഷ്ടാവ്" അധികാരികൾ ബലമായി സംശയിച്ചു. അവർ കൊണ്ടുപിടിച്ചന്വേഷിച്ചു കള്ളന്റെ കുടുംബകാര്യവും പൂർവ്വചരിത്രവും. ആൾ ഒരു കുലീനവംശജനാണെന്നും അയാളുടെ അമ്മയും അനുജനും ജീവിച്ചിരിപ്പുണ്ടെന്നും അധികാരികൾ മനസ്സിലാക്കി. താമസിയാതെ ജോസിന്റെ അമ്മയും അനുജനും ഹാജരായി കച്ചേരിമുമ്പാകെ കല്പനപ്രകാരം.

സ്നേഹബദ്ധരായ മൂന്നുപേർ ഒന്നിച്ചു സമ്മേളിക്കുന്ന ആ രംഗം! എങ്ങനെയാണതു വർണ്ണിക്കുക!! കരൾ കവരുന്ന കാഴ്ച. പരിത:സ്ഥിതികൾ മറന്നുകൊണ്ട് അവർ തമ്മിൽ തമ്മിൽ ആശ്ലേഷിച്ചു സന്തോഷാശ്രുക്കൾ പൊഴിച്ചു. കള്ളനെ പിടിച്ചേല്പിച്ച തോമസ് കുററപ്പുള്ളിയുടെ സഹോദരനാണെന്ന് അധികാരികൾക്കു വ്യക്തമായി. തന്റെ സാഹസകൃത്യത്തെയും അതിനു പ്രേരിപ്പിച്ച ചുററുപാടുകളെയുംകുറിച്ചു തോമസ് പറയുവാൻ തുടങ്ങി: "ഈ നില്ക്കുന്ന സ്ത്രീയുടെ മക്കളാണു ഞങ്ങൾ രണ്ടുപേരും. അമ്മ ഒരു വിധവയായിട്ടു പത്തു കൊല്ലമായി. ഋണബാധ്യത ഞങ്ങളുടെ കുടുംബസ്വത്തിനു കുഴിതോണ്ടി. ഞങ്ങൾ പട്ടിണികിടന്ന് വിഷമിച്ചു. മാതാവിനെയെങ്കിലും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് പത്രത്തിലെ പരസ്യം കണ്ടതു്. ഇതുതന്നെ പററിയ മാർഗ്ഗം, ഞങ്ങൾ തീരുമാനിച്ചു. ജ്യേഷ്ഠൻ ജോസിന്റെ പേരിൽ കുറിവീണു നറുക്കിട്ടതിൽ. ഏവംവിധമാണ് ജ്യേഷ്ഠനെ ഞാൻ ഇവിടെ ഏല്പിച്ചു പണം വാങ്ങിയതു്.

അധികാരികളും അവിടെ തടിച്ചുകൂടിയിരുന്ന ജനതതിയും അത്ഭുതപ്പെട്ടു മാതൃഭക്തരായ ഈ സന്താനങ്ങളുടെ അനന്യസാധാരണമായ പ്രവൃത്തിയിൽ. ഈ വാർത്ത നാടെങ്ങും പരന്നു. വിവരം അറിഞ്ഞു സന്തുഷ്ടനായ രാജാവു പ്രതിവർഷം ആയിരം രൂപാ അവർക്കു സൗജന്യമായി കൊടുക്കുന്നതിന് ഉത്തരവിട്ടു.

# 73. തട്ടംപുറത്ത്

വസന്തകാലത്തെ രമണീയമായ ഒരു സുപ്രഭാതം. മഞ്ഞണിഞ്ഞ ചെടികളിൽ വിടർന്നുനിന്ന പൂക്കളിൽനിന്നു സൗരഭ്യവുംപേറി ഇളംകാററങ്ങനെ വീശിക്കൊണ്ടിരിക്കുന്നു.

പാപ്പച്ചൻ പുതച്ചുമൂടി ചുരുണ്ടുകിടക്കുകയാണ്, നേരം പുലർന്നതറിയാതെ. പള്ളിയിൽ 'പുലച്ചമണി' അടിച്ചതും നാലഞ്ചു കതിനാവെടികൾ മുഴങ്ങിയതും ഒപ്പംകഴിഞ്ഞു. അവൻ ഉടൻ ചാടിഎണീററു. തിരുനാളിൻെറ മധുരസ്മരണയിൽ ഉറക്കമെല്ലാം ഉരുകിപ്പോയി. പ്രസന്നമുഖത്തോടെ ആ കുട്ടി പ്രഭാതജപങ്ങൾ ചൊല്ലി പായ് മടക്കി. സെല്ലി അപ്പോഴും ഉറങ്ങുകതന്നെയായിരുന്നു. പാപ്പച്ചൻ സഹോദരിയെ പിടിച്ചു കുലുക്കി "എടീ, നേരം വെളുത്തു, പള്ളിയിൽ വെടിവച്ചതു കേട്ടില്ലേ?" സെല്ലി പൊടുന്നനവെ ഒന്നു കണ്ണുതുറന്നെങ്കിലും വീണ്ടും തിരിഞ്ഞുമറിഞ്ഞു കിടന്നതേയുള്ളു. പാപ്പച്ചനതു സഹിച്ചില്ല. "ഇതെന്തു പോത്താണ്. ഇന്നു പെരുന്നാളല്ലേടി പള്ളീൽ, എണീക്കെടി സെല്ലീ." അവൾക്കപ്പൊഴേ ബോധം വീണുള്ളു. അവളും കണ്ണുതിരുമ്മി എഴുന്നേററു. ചമ്പ്രം പടിഞ്ഞിരുന്നു. ഒരു ചരിഞ്ഞ കുരിശുവരച്ച് എന്തോ "കുരുകുരോന്നു" ചൊല്ലിക്കൂട്ടിയശേഷം ചാടിയെണീററു ആ പെൺകുട്ടിയും. അതേ, യൗസേപ്പപിതാവിൻെറ തിരുനാളാണന്ന്. എന്നെന്നുതുടങ്ങിയതാണ് ആ കുട്ടികൾ തിരുനാളിനെപ്പററി ചിന്തിക്കുവാൻ. കിന്നരം! ബലൂൺ! നാരങ്ങ! മിഠായി! നിലാത്തിരി! ഹാ എത്രയെത്ര ആശാകുസുമങ്ങളാണ് അവരുടെ ഹൃദയസരസ്സിൽ മൊട്ടിട്ടു നില്ക്കുന്നത്.

അമ്മ അടുക്കളയിൽ തിടുക്കത്തിൽ പണിയെടുക്കുന്നു. അയിരമായിരം ജോലികളാണ് ആ സ്ത്രീക്കു ചെയ്തുതീർക്കുവാനു

ള്ളതു്! പലഹാരപ്പണി ബഹുതകൃതിയായിരുന്നതിനാൽ തലേരാത്രി അവർ കണ്ണടച്ചിട്ടില്ല. നടമണി അടിച്ചു. ത്രേസ്യാമ്മ ഞൊടിയിടകൊണ്ടു പണിയെല്ലാം ഒതുക്കിവെച്ചു കുടുംബഭാരം കുട്ടികളെ ഏല്പിച്ചശേഷം പള്ളിയിലേക്കു നടന്നുകഴിഞ്ഞു.

"അമ്മച്ചീ ഞാനും" പാപ്പച്ചൻ 'കിണുങ്ങി'. സെല്ലി പാപ്പച്ചന്റെ ചെവിയിൽ മന്ത്രിച്ചു: "പാപ്പച്ചാ, നമുക്കു പിന്നെപ്പോം. ഇന്നലെ രാത്രി പലഹാ. . . . ആ ഞാൻ കണ്ടുവെച്ചിട്ടൊണ്ടു്. ഹ.... ഹ.... ഹ.... ഹ"

അമ്മ കണ്ണിൽനിന്നു മറഞ്ഞപ്പോൾ സെല്ലി പാപ്പച്ചനേയും വിളിച്ചുകൊണ്ടു തട്ടുംപുറത്തേയ്ക്കോടി. അവർ അവിടെയിരുന്ന ഒരു വലിയ ഭരണിയിൽ കൈയിട്ടു. "ച്ലിം"! കൈ വെള്ളത്തിൽ താണു. മാങ്ങ ഉപ്പിലിട്ടു വെച്ചിരുന്ന ഭരണിയായിരുന്നു അതു്. അവർ കണ്ണു തിരുമ്മി അവിടെയെല്ലാം ഒന്നുകൂടി നോക്കി. അതാ മൂലയിലിരിക്കുന്നു, കടലാസ്സിട്ടു വാ മൂടിക്കെട്ടിയ പലഹാരക്കൊട്ട. അവർ കെട്ടഴിച്ചു. മനോഹരവും പഞ്ചസ്സാരത്തരികൾ പററിപ്പിടിച്ചിരിക്കുന്നതുമായ അച്ചപ്പത്തിലാണു് അവരുടെ ദൃഷ്ടികൾ പതിഞ്ഞതു്.

ഇത്തരുണത്തിൽ കൊച്ചുപെങ്ങളോടു പാപ്പച്ചൻ പറയുകയാണു്: "സെല്ലീ, അമ്മ കാണാതെ നമ്മളീ അപ്പമെടുത്തു തിന്നുന്നതു് ഈശോയ്ക്കിഷ്ടമാകയില്ല. നീ പലഹാരത്തിന്റെ കാര്യം പറഞ്ഞപ്പോൾ എനിക്കും പെട്ടെന്നു കൊതിതോന്നി. പിശാചിന്റെ പരീക്ഷയായിരുന്നു അതു്. പക്ഷേ, അവനെ നമുക്കു തോല്പിക്കണം. കളവു നടത്തുന്ന കുട്ടികളെ ദൈവത്തിനിഷ്ടമല്ലെന്നു നിനക്കറിയാമേലേ. ഇങ്ങനെ കൊച്ചുകളവുചെയ്തു പഠിക്കുന്നവരാണു പിന്നീടു പെരുങ്കള്ളന്മാരായിത്തീരുന്നതു്. നമുക്കു് ഇപ്പോൾ ആശയടക്കാം. അതുവഴിയായി ഒരു പാപിയെങ്കിലും സ്വർഗ്ഗത്തിൽപ്പോകാനിടവരട്ടെ. ഫാത്തിമാ ബാലസമിതിയംഗങ്ങളെ നമ്മുടെ വല്യച്ചൻ എപ്പോഴും ഉപദേശിച്ചു

കൊണ്ടിരിക്കുന്ന ഒരു കാര്യമല്ലേ ഇതു്." കൊച്ചുവായിൽ ഉറ റിക്കൂടിയിരുന്ന കൊതിവെള്ളമിറക്കിക്കൊണ്ടു സെല്ലി അല്പ നേരം മിണ്ടാതിരുന്നു. പാപ്പച്ചൻെറ തത്സമയോപദേശം അവ ളയവിറക്കി. കൈയിലെടുത്ത പലഹാരം കൊട്ടയിൽത്തന്നെ ചെന്നുവീണു. ആ ത്യാഗധീരർ കൃതകൃത്യരായി കോണിയിറ ങ്ങിപ്പോന്നു.

പള്ളിയിൽനിന്നുവരുന്ന വത്സലമാതാവിനെ എതിരേ വാൻ പാപ്പച്ചനും സെല്ലിയും പടിക്കലേക്കോടി. അവർ അമ്മ ച്ചിയെ കണ്ടയുടനെ പൊട്ടിച്ചിരിച്ചുപോയി. പാപ്പച്ചൻ നട ന്ന സംഭവം അമ്മയോടു പറഞ്ഞു.

"കൊള്ളാം, മക്കളേ, നിങ്ങൾ നന്നായി ചെയ്തു. മേലിലും ഇപ്രകാരം ദൈവത്തിനിഷ്ടമുള്ള ത്യാഗപ്രവൃത്തികൾ ചെയ്യു വാൻ ശ്രമിക്കണം." വീട്ടിൽച്ചെന്ന ഉടനെ അമ്മ അപ്പക്കൊ ട്ട തുറന്നുവെച്ചു് അവർക്കു് ഇഷ്ടാനുസൃതം എടുത്തുകൊടുത്തു.

കുട്ടികളുടെ 'കൊതിക്കളി'യെപ്പററി അറിഞ്ഞ മാത്തുച്ചേ ട്ടൻ— അവരുടെ വത്സലപിതാവു്— ഫാത്തിമാമാതാവിൻെറ ഓരോ പടവും തങ്കംപൂശിയ ഓരോ പ്രാർത്ഥനപ്പുസ്തകവും അ വർക്കു വാങ്ങിച്ചുകൊടുത്തു.

# 74. 'എട് കാൺസ്റ്റബിൾ'

"സ്റ്റാൻഡ് . . . . റൈറേറൺ. . . . ഫ്റണ്ട് . . . . ലെ ഫ്റേറൺ. . . . ഫ്റണ്ട് . . . . സിററ്.

"കുട്ടികളേ, നിങ്ങൾ എല്ലാവരും സത്യസന്ധന്മാരായിരി ക്കണം. സത്യവാനെ ദൈവവും മനുഷ്യനും ഒന്നുപോലെ ബഹു മാനിക്കുമ്പോൾ അസത്യവാദിയെ എല്ലാവരും പുറംതള്ളുന്നു.

സർവ്വവും ദർശിക്കുന്ന ദൈവം അസത്യവാനു തക്ക ശിക്ഷ ന ല്കാതിരിക്കുകയില്ല. 'അസത്യത്തേക്കാറം മരണം;' അതായി രിക്കട്ടെ നിങ്ങളുടെ മുദ്രാവാക്യം."

അല്പനേരം മൗനം അവലംബിച്ചശേഷം അദ്ധ്യാപകൻ തുടർന്നു: "കുട്ടികളേ, ഞാനൊന്നു ചോദിക്കട്ടെ. ഫീസുപിരി ഞ്ഞ ഉറുപ്പിക ഈ മേശപ്പുറത്തു വച്ചിരുന്നതിൽനിന്നും ഒര ഞ്ചുരൂപാ കാണാതായിരിക്കുന്നു. നിങ്ങളാരെങ്കിലുമെടുത്തിട്ടു ണ്ടോ. . . . ? സത്യം പറയണം."

"ഞാനെടുത്തിട്ടില്ല, സാർ; ഞാൻ മേശയുടെ അടുത്തു പോലും വന്നില്ല, സാർ; ഞാൻ ഇപ്പോഴ സ്കൂളിൽവന്നുള്ളു, പി ന്നെ ഞാനെങ്ങനാ രൂപാ എടുക്കുന്നതു സാർ" എന്നിങ്ങനെ യുള്ള അവലാതികറംകൊണ്ടു് ആ 'ക്ലാസ്സ്'റൂം' 'മുഖരിതമായി.

അദ്ധ്യാ: "ഞാൻ ഈ പണം മേശപ്പുറത്തു വച്ചതിനുശേ ഷം ഇവിടെ മററാരും വരുകയുണ്ടായില്ല. പിന്നെ രൂപാ എവി ടെപ്പോകാനാണു് നിങ്ങളാരും അറിയാതെ. ആരെങ്കിലും എടു ത്തിട്ടുണ്ടെങ്കിൽ നേരു പറഞ്ഞേക്കു്. ശിക്ഷിക്കുകയില്ല."

കുട്ടികറം പരസ്പരം നോക്കി. ആരായിരിക്കാം അതു ചൂണ്ടി യതു്? അത്ഭുതവും ഉൽക്കണ്ഠയും എല്ലാവരുടേയും മുഖത്തു ദൃശ്യ മായി. ഒരു നീണ്ട മൗനം. . . .

കുഴപ്പംനിറഞ്ഞ ഒരു കേസ്സിന്റെ തെളിവു കണ്ടുപിടിച്ച ഒ രു 'എട്കാൺസ്റ്റബിളി'ൻെറ സാമർത്ഥ്യത്തോടുകൂടി ജോൺ എ ഴുന്നേററു പറഞ്ഞു:"ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു സാർ.എല്ലാവരും പുറത്തുപോയ അവസരത്തിൽ ഒരാറംമാത്രം ഇവിടെ ചുററിപ്പ ററി നില്ക്കുന്നതു ഞാൻ കണ്ടു. അപ്പോഴ ഞാൻ തീരുമാനിച്ച താണു്."

അദ്ധ്യാ: എന്തു്? പണമെടുത്ത പുള്ളിയെ ജോണിനു് അ റിയാമെന്നോ? ആരാണതു്.?"

"ഫ്റാൻസീസു്, സാർ; ഫ്റാൻസീസു്."

"ഏയ് രൂപായെടുത്തതു ഫ്റാൻസീസെന്നോ"? അദ്ദേഹ ത്തിനതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

“അതേ, സാർ. ഒരഞ്ചുരൂപായുടെ നോട്ടെടുത്ത് അവൻ ചരിത്രപുസ്തകത്തിൽ തിരുകിവയ്ക്കുന്നതു ഞാൻ കണ്ടതാ”.

അധ്യാപകൻ പരിശോധിച്ചു ഫ്റാൻസിസിന്റെ ചരിത്രപുസ്തകം. അതാ, അഞ്ചുരൂപായുടെ ഒരു പച്ചനോട്ടതിനകത്ത്... കുറച്ചുനേരത്തേയ്ക്ക് എല്ലാവരും കുന്തം വിഴുങ്ങിയതുപോലിരുന്നുപോയി. “അമ്പാ, അവൻ എന്തൊരു പൂച്ചസന്യാസി! എപ്പഴും കൈകൂപ്പിപ്പിടിച്ചു കുനിഞ്ഞു നടക്കും. കള്ളൻ!” ഒരാൾ തട്ടിമൂളിച്ചു. “ഏയ് ഫ്റാൻസിസെടുത്തുവെന്ന് എനിക്കത്ര ബോധ്യമാകുന്നില്ല” വേറൊരാൾ അനുകമ്പ പ്രദർശിപ്പിച്ചു.

കുട്ടികൾ പുറത്തുപോയപ്പോൾ താൻ ക്ലാസ്സിൽ പുസ്തകം വായിച്ചുകൊണ്ടിരുന്നുവെന്നു ഫ്റാൻസീസ് സമ്മതിച്ചു. പക്ഷേ, രൂപാ പസ്തകത്തിൽ കയറിപ്പററിയതെങ്ങനെയെന്ന് അവനൊരു പിടിയുമില്ല. തൊണ്ടിസഹിതം പിടിക്കപ്പെട്ട പുള്ളി കുററം സമ്മതിക്കായ്കയാൽ അധ്യാപകനു കലികൊണ്ടു.

“ഇറങ്ങു ക്ലാസ്സിനുപുറത്ത്. നാളെ നിന്റെ രക്ഷാകർത്താവിനേയും കൂട്ടിക്കൊണ്ടുവന്നാൽ മതി” ഒരു ന്യായാധിപന്റെ കാർക്കശ്യത്തോടേ അദ്ദേഹം ആജ്ഞാപിച്ചു.

അന്നു സ്കൂളൊരു കോടതിയായി മാറി. അവിടവിടെയായി പല ‘ഫുൾബെഞ്ചും’ കൂടിയിട്ടുണ്ട്. ചിലർ ഫ്റാൻസീസിന്റെ പേരിൽ വിധിതീർപ്പെഴുതി കഠിന ശിക്ഷയ്ക്കു്. മററുചിലർ അവനെ നിരപരാധിയെന്നു വിധിച്ചു. “ആ ജോൺ. . . ഏതോ ച. . . .തി” ചില മുക്കിലും മൂലയിലും അങ്ങനെയും കേൾക്കാം.

‘കോൺസ്റ്റബിൾ’ ജോണിന് അന്നു തീരെ ഉന്മേഷമുണ്ടായിരുന്നില്ല. ‘പ്ലേഗ്രൗണ്ടിൽ’ നായകസ്ഥാനം വഹിച്ചിരുന്ന അവന് അന്നു കളിക്കുവാനേ തോന്നിയില്ല. “ഓ! ‘ഏട്കാൺസ്റ്റബിൾ’’ താനൊരു സമർത്ഥൻതന്നെ. ഒരിൻസ്പെക്ടറാകാനുള്ള ‘ചാൻസുണ്ട്’” ഒരാൾ അടിച്ചുവിട്ടു ജോണിന്റെനേരെ. അവനതു കേട്ടേ ഇല്ല.

ജോണിന് അന്നുറക്കം വന്നില്ല. “സർവ്വവും ദർശിക്കുന്ന

ദൈവം അസത്യവാനെ ശിക്ഷിക്കാതിരിക്കയില്ല." ആ വാക്യം അവൻെറ ചെവികളിൽ വീണ്ടും വീണ്ടും മാറെറാലിക്കൊണ്ടു. അവൻ ഭയവിഹ്വലനായി, അതേപ്പററി ആവത്തിച്ചു ചിന്തിക്കുകയിൽ. ഒരുവിധം 'കിള്ളിനുള്ളി' അവൻ നേരം വെളുപ്പിച്ചു. എഴുന്നേററ ഉടനേ ഓടി അധ്യാപകൻെറ വീട്ടിലേയ്ക്കു്.

അന്നു ക്ലാസ്സുതുടങ്ങിയശേഷം ഗുരുനാഥൻ കുട്ടികളോടു പറഞ്ഞു:— "ഇന്നലത്തെ കേസ്സിൻെറ തെളിവു മാറിവന്നിരിക്കുന്നു. ഫ്റാൻസീസു് കുററക്കാരനല്ല. അവനോടുള്ള അസൂയകൊണ്ടു ജോൺ ചെയ്ത ഒരു ചതിയാണു്. ജോൺ കുററം ഏററുപറഞ്ഞിരിക്കുന്നു; . . . ഏതായാലും ഇക്കഥ മറന്നുകളയണം". സത്യസന്ധതയുടെ ആവശ്യത്തേയും ഗുണത്തേയും കുറിച്ചു് അദ്ദേഹം കുട്ടികളെ വീണ്ടും ഉപദേശിച്ചു. ഫ്റാൻസീസിനെ അദ്ദേഹം എല്ലാവരുടേയും മുമ്പിൽവെച്ചു പ്രശംസിച്ചു. തൻെറ മകൻെറ വിനയാധിക്യവും നിഷ്കളങ്കതയും തെളിഞ്ഞതുകൊണ്ടുള്ള സന്തോഷത്തോടേ ഫ്റാൻസീസിൻെറ പിതാവു വീട്ടിലേയ്ക്കു തിരിച്ചു. 'വിതയ്ക്കുന്നതു കൊയ്യും' ആ പിതൃഹൃദയം മന്ത്രിച്ചുകൊണ്ടിരുന്നു.

# 75. മൂന്നുരൂപായും രണ്ടാത്മാക്കൾ

തീപോലെ പൊള്ളുന്ന വെയിലു കൂട്ടാക്കാതെ ആരോ നടന്നുവരുന്നുണ്ടു് ആ ഇടവഴിൽക്കൂടി. ഒരു ലാടഗുരുവാണെന്നു തോന്നും ഒററ നോട്ടത്തിൽ. രണ്ടു കൈകളിലുമുണ്ടു് സാമാനങ്ങൾ നിറച്ചിട്ടുള്ള ഓരോ സഞ്ചി. രണ്ടു മാറാപ്പുകൾ ഇരുതോളിലും. ഭാരംനിമിത്തമായിരിക്കാം അല്പം കുനിഞ്ഞാണു നടപ്പു്. പഴക്കുലയുടെ പിറകെ പററിക്കൂടുന്ന പൂയീച്ചകണക്കെ, അവിടെയുള്ള കൊച്ചു 'കരിമാടിക്കുട്ടന്മാ'രെല്ലാം ആ 'മനുഷ്യഗോ

ള’ത്തിന്റെ പിന്നാലെ ഓടിയെത്തി. ദൂരെവച്ചുതന്നെ അവർക്കു മനസ്സിലായി അതു സിസ്റ്റർ ശബേരിയായാണെന്ന്. ജീവിതക്ലേശങ്ങളുടെ അടിയൊഴുക്കിൽപ്പെട്ടു നിരാലംബരായി വലയുന്ന ആയിരങ്ങളെ ഉദ്ധരിക്കുവാൻ കച്ചകെട്ടി ഇറങ്ങിയിട്ടുള്ള ഉപവികളുടെ സഹോദരികളിലൊരാളാണു സിസ്റ്റർ ശബേരിയാ.

ആ തെരുവിലുള്ള സാധുക്കളുടെ കുടിലുകളിലെല്ലാം ആ സ്നേഹമൂർത്തി കയറിയിറങ്ങി, ദാരിദ്ര്യത്തിന്റെ നഗ്നയാഥാർത്ഥ്യങ്ങൾ ചിറകെട്ടിനില്ക്കുന്ന ആ ചതുപ്പുനിലങ്ങളിൽ സ്നേഹവീചികൾ ചാമ്പിക്കയററുവാൻ. തന്റെ മേൽനോട്ടത്തിലുള്ള സ്കൂളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്കു ഭക്ഷണസാധനങ്ങൾ പുസ്തകങ്ങൾ, സ്ലേററ്, പെൻസിൽ, ഉടുപ്പുകൾ മുതലായവ അവർ സമ്മാനിച്ചു.

അന്നത്തെ പരിപാടികളെല്ലാം കഴിഞ്ഞു് സിസ്റ്റർ ശബേരിയാ മടങ്ങുകയാണ്. വളഞ്ഞുപുളഞ്ഞുകിടക്കുന്ന ഇടവഴികളെ പിന്നിട്ടുകൊണ്ടു് അവർ ആ തെരുവിന്റെ അന്തിമഭാഗത്തെത്തി. അപ്പോൾ അതാ പിറകിൽനിന്നൊരപേക്ഷ. “അമ്മേ, ഇതുവഴി ഒന്നു വരണേ! ഞങ്ങളുടെ ദേത്യാക്കുട്ടിയെക്കൂടി അമ്മയുടെ പള്ളിക്കൂടത്തിലേക്കുകൊണ്ടുപോകയില്ലേ? ഞങ്ങൾ പാവപ്പെട്ടവരാണ്.” തൊട്ടടുത്തുണ്ടായിരുന്ന വീടിന്റെ മുററത്തു കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ചു നിന്നിരുന്ന ഒരു സ്ത്രീയുടെ ശബ്ദമായിരുന്നു അതു്. ശബേരിയാമ്മ തല കുനിച്ചു് ആ കുടിലിനകത്തേയ്ക്കു കയറി. വെയ്ക്കാനും വിളമ്പാനും പ്രാർത്ഥിക്കാനും ഉറങ്ങാനും ഒക്കെക്കൂടി ഒരേ ഒരു മുറി. അതിന്റെ ഒരു കോണിൽ എവിടെനിന്നോ കിട്ടിയ ഒരു കപ്പക്കിഴങ്ങു ചുട്ടെടുക്കുവാൻ അടുപ്പിൽ കുഴിച്ചിട്ടു മൂളിപ്പാട്ടുംപാടി കാത്തിരിക്കുന്ന ദേത്യാക്കുട്ടിയെ സിസ്റ്റർ കണ്ടു.

“ദേത്യാക്കുട്ടീ, നീ ഇങ്ങോട്ടു വരുന്നേ; നിന്നെ അമ്മ ഒന്നു കാണട്ടെ.”

"അമ്മച്ചീ, എൻെറ കപ്പ കരിഞ്ഞുപോകും. ഇതൊന്നെടുത്തോട്ടെ, ഞാൻ ഇപ്പം വരാം."

കപ്പക്കിഴങ്ങു കുറേശ്ശെ കടിച്ചുതിന്നുകൊണ്ടു് അവൻ അമ്മയുടെ അടുത്തുവന്നുനിന്നു. ഇടയ്ക്കിടയ്ക്കു വായ് തുറന്നുപിടിച്ചു ചൂടാററുന്നുണ്ടു്, മോണയും നാക്കും പൊള്ളുകയാൽ. പല നിറത്തിലും തരത്തിലുമുള്ള തുണികൾ തുന്നിച്ചേർത്തുപിടിപ്പിച്ചിരുന്നതും എന്നിട്ടും പല ദ്വാരങ്ങളുണ്ടായിരുന്നതുമായ ഒരു കളസമാണു് അവൻ ധരിച്ചിരിക്കുന്നതു്. നിക്കർ കെട്ടിയിരിക്കുന്ന ചരടിൻെറ വലിവിൽ പല്ലാതെ ചാടിയിരിക്കുന്ന ഉദരം ശോഷിച്ച കൈകൾ, കുഴിഞ്ഞതെങ്കിലും പ്രകാശമുള്ള കൊച്ചുകണ്ണുകൾ:ഇത്രയുമായാൽ ഏതാണ്ടായി മേത്യാക്കുട്ടിയുടെ ശരീരപ്രകൃതി.

"അമ്മേ, ഇവൻ ബഹുവിരുതനാണ്" അഭിമാനത്തോടുകൂടി ആ സ്ത്രീ പറഞ്ഞുതുടങ്ങി, "ചൂണ്ടയിടാനാണേ മിടുമിടുക്കനാ. ഏതും ഒന്നു കാണിച്ചുകൊടുത്താ മതി."

"കൊള്ളാം" കന്യാസ്ത്രീ പറഞ്ഞു "നാളെത്തന്നെ അവനെ സ്കൂളിലേയ്ക്കയച്ചുകൊള്ളുക."

മേത്യാക്കുട്ടി ഒരുവിധം നേരം വെളുപ്പിച്ചു; കാക്ക കുളിക്കുന്നതുപോലെ ഒരു കുളിയും കഴിഞ്ഞു കത്തിപ്പിഴിഞ്ഞെടുത്ത ആ പലവർണ്ണക്കളസം ഈററനോടെ ഇട്ടുംകൊണ്ടു് അവൻ പള്ളിക്കൂടത്തിലേയ്ക്കോടി. അവൻെറ വേഷം കണ്ടു ശബേരിയാമ്മ ചോദിച്ചു: "കുഞ്ഞേ, നിനക്കു ഞാൻ തന്ന ഉടുപ്പെവിടെ?"
"അമ്മേ," അവൻ പറഞ്ഞു "അതപ്പച്ചായൻ എടുത്തുകൊണ്ടുപോയി പീടികേക്കൊടുത്തു് അരിമേടിച്ചു."

മേത്യാക്കുട്ടി അധികം താമസിയാതെ അധികാരികളുടെ കണ്ണിലുണ്ണിയായിത്തീർന്നു. കളികളിൽ വിരുതൻ, പഠനത്തിൽ പ്രഥമൻ, ഭക്തകാര്യങ്ങളിൽ മുമ്പൻ.

x x x

നവംബർമാസം സമാഗതമായി, പലപല പ്രതീക്ഷകളോടുകൂടി. കുട്ടികൾക്കു് ആഹ്ളാദപ്രദമായ ദിവസങ്ങൾ.

സ്കൂൾവാർഷികംപ്രമാണിച്ചുള്ള മത്സരക്കളികൾ തുടങ്ങിക്കഴിഞ്ഞു. അസിസ്റ്റൻറു് ഇൻസ്പെക്റ്ററുടെ അദ്ധ്യക്ഷതയിലാണു വാർഷികദിനം സമ്മേളിച്ചതു്. സമ്മാനദാനസമയമായി. പഠനത്തിൽ ഒന്നാംസമ്മാനം—മൂന്നുരൂപായും പ്രശംസാപത്രവും—ദേത്യാക്കുട്ടി കരസ്ഥമാക്കി. മററു രണ്ടു സമ്മാനങ്ങൾകൂടി ഓട്ടത്തിനു് ഒരുടുപ്പും പന്തുകളിക്കു് ഒരു ഗ്ലാസും. യോഗം കഴിഞ്ഞു പതിവുള്ള വിസീത്തയ്ക്കു് അവൻ പള്ളിയിലേയ്ക്കോടി.

എന്തോ ഗൗരവമായ കാര്യം ചെയ്തതിലുള്ള കൃതാർത്ഥത സ്ഫുരിക്കുന്ന മുഖത്തോടുകൂടിയാണു് അവൻഅന്നു വീട്ടിലെത്തിയതു്. സന്തോഷം അവന്റെ ഒട്ടിയ കവിളുകളിൽ ഓളം വെട്ടിയിരുന്നു.

"അമ്മച്ചീ, എനിക്കു മൂന്നു സമ്മാനം കിട്ടി." ആർത്തുവിളിച്ചുകൊണ്ടു് അവൻ അമ്മയുടെ അടുക്കലെത്തി.

"എന്തൊക്കെയാ മോനേ, അമ്മച്ചി ഒന്നു കാണട്ടെ."

"ദേ, ഇതു രണ്ടാംസമ്മാനമാ. എന്തു പഷ്ട്ടുടുപ്പാണമ്മേ. രണ്ടു രൂപായെങ്കിലും കൊടുക്കണം; ഇല്ലേമ്മച്ചീ. കണ്ടോ, ഇതാ വേറൊന്നു്, പളുങ്കുപോലിരിക്കണ ഗ്ലാസ്. അച്ചായനു കാപ്പി കുടിക്കാം, അല്ലേമ്മച്ചീ." അവൻ സന്തോഷപുരസ്സരം അമ്മയുടെ മുഖത്തേക്കു നോക്കി.

"ആട്ടെ, മോനേ, ഒന്നാംസമ്മാനമെന്ത്യേ?" ആ ബാലൻ ദീർഘമായൊന്നു നിശ്വസിച്ചു. അല്പനേരം മൗനവലംബിച്ചു ശേഷം അവൻ പറഞ്ഞു: "അമ്മച്ചീ, മൂന്നു വെള്ളിരൂപായും മിന്നമിന്നുന്ന തങ്കംപോലിരിക്കുന്ന ഒരു കടലാസുമാണു് ഒന്നാം സമ്മാനം. ദേ ആ കടലാസ്സ്. അമ്മച്ചി നോക്കിക്കേ, മിന്നമിന്നെ മിന്നുന്നു." അവൻ പ്രശംസാപത്രം അമ്മയുടെ നേരെ നീട്ടി.

"ഹോ! എന്റെ മോൻ മിടുക്കൻതന്നെ. ഹമ്പടാ കള്ളാ, നീ എങ്കിലും അടിച്ചെടുത്തുകളഞ്ഞല്ലോ ഇതൊക്കെ. മോൻ ആ രൂപായും ഇങ്ങു തന്നേരു്. കുഞ്ഞിന്റെ അമ്മച്ചിയല്ലേ!..."

വാ കീറിയ തമ്പുരാൻ എരേം തരും. ഹോ! ഇന്നു തീ പൊകയ്യാനെന്താ പണിയെന്നു വിശാരിച്ചിരിക്കയാന്നു. മോൻ അതിങ്ങു തന്നേരു്. നമുക്കു കപ്പേം പയറും വാങ്ങിവേയിക്കാം. എന്റെ മോനു വയറുനറച്ചു തരാം, കേട്ടോ.”

കുറച്ചുനേരത്തേയ്ക്കു് അവൻ ഒന്നും മിണ്ടിയില്ല. പെരുവിരൽകൊണ്ടു മണ്ണുകത്തിത്തെറിപ്പിച്ചുകൊണ്ടു കുറേനേരം അവൻ അവിടെത്തന്നെ നിന്നു.

“അമ്മച്ചീ,” അവൻ മൗനം ഭഞ്ജിച്ചു. അതെന്റേലില്ലല്ലോ അ. . . .”

“ഹയ്യോടാ അപ്പാ!” ആ സാധുസ്ത്രീ പെട്ടെന്നു വിളിച്ചുപറഞ്ഞുപോയി. “എന്റപ്പീ! വഴീവല്ലടത്തും കളഞ്ഞോ. എന്റെ തെവമേ! നിനക്കാ മുണ്ടിന്റെ തുമ്പത്തു മുറുക്കിക്കെട്ടിയിട്ടേക്കാരുന്നേല്ലാ. എങ്കിലും എന്റെ. . . ” “അല്ലമ്മച്ചീ” അവൻ ഇടയ്ക്കുകയറിപ്പറഞ്ഞു. “ഞാനെങ്ങും കളഞ്ഞില്ല. അമ്മച്ചീ, ഞാനതുംകൊണ്ടു രണ്ടാത്മാക്കളേ മേടിച്ചു.”

“ആത്മാക്കളെയോ! മരിച്ചോരടെ ആത്മാക്കളേയോ? അതെങ്ങനെ മേടിച്ചെടാ. എനിക്കൊന്നും തിരീന്നില്ല.”

“ഞാമ്പറയാം അമ്മച്ചീ;ഞങ്ങടെ ടീച്ചറു് ശബേരിയാമ്മ എപ്പളും എപ്പളും ഞങ്ങളോടു പറേം; ശുത്തീകരസ്ഥലത്തിലൊള്ളോർക്കുവേണ്ടി ആശയടക്കങ്ങളും പ്രാർത്ഥനകളുമൊക്കെ ചെയ്തു കാഴ്ചവെക്കാൻ. ശുത്തീകരാത്മാക്കക്കു കുർവാന ചൊല്ലിക്കാൻ കാശിട്ടുവെയ്ക്കുന്ന ഒരു പെട്ടി ഞങ്ങടെ പള്ളിക്കൂടത്തിലൊണ്ടു്. മൊട്ടായിക്കും കാപ്പിക്കുമൊള്ള കാശു് എന്റെ കൂട്ടുകാർ പലപ്പളും അതിലിടും. എന്റേലൊന്നുമില്ലല്ലോന്നോർത്തു് എനിക്കു സങ്കടവാരുന്നു. അന്നേരവാ ആ രൂപാ എനിക്കു കിട്ടിയതു്. ഞാൻ അതു പെട്ടിയിലിട്ടു. രണ്ടു കുർവാനയ്ക്കൊള്ള കാശു്. നമ്മടെ വെല്യപ്പനും വെല്യമ്മേം അവിടെക്കെടക്കാരിക്കും. അല്ലേമ്മേ? അവരു സൊർഗ്ഗത്തിച്ചെല്ലുമ്പം നമ്മക്കുവേണ്ടി അപേക്ഷിക്കും. നമ്മക്കു ദൈവം തരും അല്ലേമ്മച്ചീ”.

"ആ കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കഹൃദയത്തിൽനിന്ന് ഉതിർന്നുവീണ ചൈതന്യപൂർണ്ണങ്ങളായ വാക്കുകൾ ആ സാധുസ്ത്രീയിൽ പല വികാരങ്ങളും ഉളവാക്കി. അവർ നെടുതായൊന്നു നിശ്വസിച്ചു. ദാരിദ്ര്യത്തിന്റെ മുമ്പിൽ നട്ടെല്ലുവളയ്ക്കേണ്ടിവന്നവളെങ്കിലും ആദർശത്തിൽ അടിയുറച്ചുനിന്നിരുന്ന ആ സാധ്വിയുടെ ഹൃദയാന്തരാളത്തിൽനിന്ന് ഉദിച്ചുപൊങ്ങിയ ആ നെടുവീർപ്പുകളിൽ അഭിമാനത്തിന്റെയും ആഹ്ലാദത്തിന്റെയും കൊച്ചലകൾ തിരതല്ലിയിരുന്നു.

# 76. സ്വത്തുവിഭജനം

പട്ടണത്തിലെ എല്ലാ കത്തോലിക്കാഭവനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ കഴിപ്പിക്കണമെന്നായിരുന്നു ഞങ്ങളുടെ പ്ലാൻ. അന്നു ഞങ്ങൾക്കു നൂറോളം കുടുംബങ്ങളിൽ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കേണ്ടതുണ്ട്. തിരുഹൃദയഗാനങ്ങളും പാടി, ആ ഭക്തജാഥാ നഗരവീഥിയിൽക്കൂടെ മുന്നോട്ടു ഗമിച്ചു. "ഈശോയുടെ തിരുഹൃദയമേ, ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമേ; മറിയത്തിന്റെ വിമലഹൃദയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ", തെരുവീഥികൾ ഈ മധുരസ്വരത്താൽ മുഖരിതമായി. ബഥനിയിലെ ചെറുഭവനത്തിൽ അനുഗ്രഹം വർഷിച്ച ആ ക്രിസ്തുനാഥന്റെ നൂറോളം തിരുഹൃദയരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള ആ ഘോഷയാത്ര കാണികളുടെ കണ്ണും കരളും കവരുവാൻപോരുന്നതായിരുന്നു.

ആകെ അഞ്ചു വൈദികന്മാർ അന്നത്തെ പ്രതിഷ്ഠാകർമ്മത്തിൽ സഹകരിച്ചു. അവരിൽ, വികാരിയച്ചന്റെ സുഹൃത്താ

യ ഒരച്ചൻ പട്ടണത്തിന്റെ വെളിയിൽനിന്നാണു വന്നിരുന്നത്. അദ്ദേഹം ഭക്തിനിർഭരമായ ആ അന്തരീക്ഷത്താൽ ത്രലോം ആവേശഭരിതനായി. റിക്ഷാക്കാരുടേയും തോട്ടികളുടേയും കൊച്ചുകുടിലുകളിലേയ്ക്കു കുനിഞ്ഞു കയറിച്ചെല്ലുവാൻ അദ്ദേഹം വളരെ വിഷമിച്ചിരുന്നു. എന്നിട്ടും മുഖത്ത് അക്ഷമയോ അപ്രീതിയോ ഞാൻ കണ്ടില്ല. ഈശോയ്ക്കുവേണ്ടി അലങ്കരിച്ചുവെച്ചിട്ടുള്ള ആ കൊച്ചുമുറികളിൽ അദ്ദേഹം അഹ്ളാദത്തോടെ കയറിയിറങ്ങി പ്രതിഷ്ഠാജപങ്ങൾ ചൊല്ലിയിരുന്നു.

സന്ധ്യയോടുകൂടി അന്നത്തെ ചടങ്ങുകൾ കഴിഞ്ഞു. സന്നദ്ധഭടന്മാരൊഴികെ മററുള്ളവരെയെല്ലാം പിരിച്ചുവിട്ടു. ഞങ്ങൾ കൊടിക്കൂറകളും മുദ്രാവാക്യപ്പലകകളുമായി പള്ളിയിലേയ്ക്കു തിരിച്ചു. അതിഥിയായി വന്ന ആ വൈദികനെ ഞാൻ പിന്തുടർന്നിരുന്നു. പാട്ടുപാടിയും മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞും വിയർത്തൊലിച്ചു വിവശനായിരുന്ന എന്നെ കണ്ടപ്പോൾ അച്ചൻ സഹതാപം പ്രകടിപ്പിച്ചു. അദ്ദേഹമെന്നെ അരികിലേയ്ക്കു വിളിച്ചു. "മകനേ, എന്റെ ഹൃദയം ഇന്നത്തേപ്പോലെ സന്തോഷമനുഭവിച്ചിട്ടുള്ള ഒരു ദിവസമുണ്ടായിട്ടില്ല. കത്തോലിക്കാഭവനങ്ങളെ ക്രിസ്തുരാജസദനങ്ങളാക്കുന്ന ഈ പ്രസ്ഥാനത്തിന് എല്ലാ വിജയങ്ങളും ഞാൻ നേരുന്നു. തിരുഹൃദയഭക്തിമൂലം സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളെപ്പററി അനവധി സംഭവങ്ങൾ എന്റെ ഓർമ്മയിലിതാ ഉദിച്ചുവരുന്നു."

അദ്ദേഹവുമായി ഒന്നു പരിചയപ്പെടാൻ ഞാനും വിചാരിച്ചു. "അച്ചനിപ്പോൾ ഏതു പള്ളിയിലാണ്" ഞാൻ ചോദിച്ചു. "രൂപതയുടെ പടിഞ്ഞാറെത്തലയ്ക്കൽ. ഇരമ്പിമറിയുന്ന അറബിക്കടലിന്റെ അടുത്തുതന്നെ." അദ്ദേഹം പ്രതിവചിച്ചു. അച്ചൻ തുടർന്നു: "നിങ്ങളുടെ ഈ പരിശ്രമം കാലോചിതവും ഫലസമ്പൂർണ്ണവുമാണ്. തിരുഹൃദയപ്രതിഷ്ഠ കഴിച്ചിട്ടുള്ള കുടുംബങ്ങൾക്ക് കർത്താവു നല്കിപ്പോരുന്ന സഹായങ്ങൾ അത്ഭുതകരങ്ങളത്രേ. ഒരു സംഭവംമാത്രം നിങ്ങളുടെ പ്രോത്സാഹനാർത്ഥം ഞാൻ പറയാം. നമുക്കിനിയും കുറെ വഴി നടക്കാനുണ്ടല്ലോ"

"അച്ചന്റെ പരിചയസമ്പത്തിൽനിന്ന് അങ്ങനെയുള്ള ചില സംഭവങ്ങൾ കേൾക്കണമെന്നാണ് എന്റെയും ആഗ്രഹം" ഞാൻ സന്തോഷം പ്രകടിപ്പിച്ചു. അപ്പോഴേക്കും കുരിശുമണി അടിച്ചു. ഞങ്ങൾ റോഡരികിൽ നിന്നുകൊണ്ടു ത്രികാലജപം ചൊല്ലി. സുഹൃത്തുക്കളും മററു വൈദികന്മാരും ഞങ്ങളെ പിന്നിട്ട് അതിശീഘ്രം നടന്നിരുന്നു. അച്ചൻ കഥാകഥനം തുടങ്ങി: "എന്റെ ഇടവകയിൽ ഏററവും മാനമായ രീതിയിൽ ജീവിക്കുന്ന ഒരു കുടുംബമുണ്ടു്. ഞാൻതന്നെയാണ് ആ ഗൃഹത്തിൽ തിരുഹൃദയപ്രതിഷ്ഠ കഴിച്ചത്. നിങ്ങളെപ്പോലെ ഇത്തരം ഘോഷയാത്രയോ സമാകർഷകമായ ഗാനങ്ങളോ ഒന്നും കൂടാതെ വിനീതമായ രീതിയിൽ ഒച്ചപ്പാടുകളാക്കാതെ ഒട്ടേറെ കുടുംബങ്ങളിൽ ഞാനവിടെ പ്രതിഷ്ഠ കഴിച്ചിട്ടുണ്ടു്." "ഉൾനാട്ടുകളിൽ അത്തരം ആർഭാടങ്ങളുടെ ആവശ്യവും ഇല്ലച്ചാ. പട്ടണത്തിൽ ഈ പ്രകടനത്തിനു പല പല നേട്ടങ്ങളുമുണ്ടു്", ഞാൻ പറഞ്ഞു.

അച്ചൻ തുടർന്നു: "സൗഭാഗ്യവും സന്തുഷ്ടിയും നിറഞ്ഞുതുളുമ്പുന്ന ഒരു ധനികഭവനമായിരുന്നു അത്. ധാരാളം സ്വത്ത്, സമത്ഥരായ മക്കൾ, വാത്സല്യംനിറഞ്ഞ മാതാപിതാക്കന്മാർ: എല്ലാം ഒത്തിണങ്ങിയ ഒരുത്തമകത്തോലിക്കാകുടുംബം. എന്നാൽ, ഈ സുസ്ഥിതി അധികം നീണ്ടുനിന്നില്ല. കാരണവർക്കു പ്രായം ചെന്നതിനാൽ 'ഭാഗഉടമ്പടി' നടന്നു. ഗൃഹനായകൻ ചെറിയാൻചേട്ടൻ കുടുംബസ്വത്ത് മക്കൾക്കായി വീതിച്ചുകൊടുത്തു വേറെ വേറെ താമസിപ്പിച്ചു. ഭാഗപത്രം രജിസ്ത്രാക്കിയ ദിവസംമുതൽ ആ സഹോദരഹൃദയങ്ങളിൽ പിശാചുപ്രവത്തനം തുടങ്ങി. മക്കൾ പന്ത്രണ്ടുപേരാണ്. പഠിപ്പും പ്രാപ്തിയും അനുസരിച്ചു ചില ചില പരിഗണനകൾ ആ വിഭജനത്തിൽ ഉള്ളതായിരുന്നു കുഴപ്പത്തിനു കാരണം. തറവാട്ടുസ്വത്താണെന്നും സമാവകാശമുണ്ടെന്നും മററും പറഞ്ഞു ചില മക്കൾ വ്യവഹാരം കൊടുത്തു. കേസു ജയിക്കാൻ ഓരോരുത്ത

ങ്ങും സകല കഴിവുകളും പ്രയോഗിച്ചു. പൊതുക്കടവും കുറച്ചു ണ്ടായിരുന്നു. അതു വീട്ടാൻ ആളില്ലാതായി. ഒന്നുരണ്ടുപേർ കടംവീട്ടാനൊരുങ്ങി; അപ്പോൾ ഇതരർ വഴിപ്പെട്ടില്ല. മക്കൾ പരസ്പരം സംസാരിക്കാതെയായി. ചെറിയാൻചേട്ടൻ ആ വയസ്സുകാലത്തു വല്ലാത്ത ദുഃഖത്തിലുമായി.

അടുത്തദിവസം ഒരു അതിത്തിത്തക്കം നടന്നു. വെട്ടുകത്തിയും കോടാലിയും പ്രയോഗിച്ചുകൊണ്ടുള്ള ഒരു കൊച്ചുസമരം! മുറിവേററവർ പലരുമുണ്ടായിരുന്നു. അത്യാസന്നർക്ക് അന്ത്യക്രമാൾകൾ കൊടുക്കാൻ ഞാൻ ഓടിച്ചെന്നു. ആ സഹോദരന്മാർ തമ്മിൽ യോജിച്ചില്ലെങ്കിലും അവരുടെ രക്തം ആ വളപ്പിൽ കൂടിക്കലർന്നു പ്രവഹിച്ചിരുന്നു. അർദ്ധപ്രാണരുടെ അരികിൽ നിന്നു നെഞ്ചത്തടിച്ചു നിലവിളിക്കുന്ന ഭാര്യമാരും കുട്ടികളും! ബോധംകെട്ടുകിടക്കുന്ന ചെറിയാൻചേട്ടൻ! ആ രംഗം ഇന്നും എൻെറ സ്മരണയിൽ ഭയങ്കരമായി തെളിഞ്ഞുവരുന്നു.

"എന്നിട്ടോ, അവരിൽ വല്ലവരും മരിച്ചോ അച്ചാ"? ഞാൻ ജിജ്ഞാസയോടേ കടന്നു ചോദിച്ചു.

"കേൾക്കൂ, പറയാം", അച്ചൻ തുടർന്നു: "വളരെ അപകടമെന്നു തോന്നിയ മൂന്നുപേരെ കുമ്പസാരിപ്പിച്ചു. മുറിവു വെച്ചുകെട്ടുവാനും ഞാൻമാത്രമേ ഉണ്ടായിരുന്നുള്ളു. ജനങ്ങളെല്ലാം ആ ഭയാനകസംഭവം നോക്കി സ്തംഭിച്ചുനിന്നതേയുള്ളു. അപ്പോഴേയ്ക്കും ഡോക്ടർവന്ന് ആ മൂന്നു പേർക്കും ഏതോ മരുന്നു കുത്തിവച്ചു. മരുന്നിൻെറ ശക്തിയാൽ അവർ മയങ്ങിക്കിടപ്പായി. ഉടനെ ഒരു കൂട്ടനിലവിളി! ഞാനും ആ പ്രലാപരംഗത്തിൽ ഇളകിപ്പോയി. ചിന്നമ്മ പത്തുപന്ത്രണ്ടു വയസ്സുള്ള ശാലീനയായ ഒരു പെൺകുട്ടിയാണ്; വേദപാഠക്ലാസ്സിലെ കൊച്ചുമിടുക്കി. അവളെന്നും ദിവ്യകാരുണ്യം സ്വീകരിക്കും. തിരുഹൃദയസ്തുതിക്കായുള്ള രാത്യാരാധനാസഖ്യത്തിൻെറ കാര്യദർശിനിയുമാണവൾ. അപ്പച്ചൻ മയങ്ങിക്കിടന്നപ്പോൾ അയാൾ മരിച്ചുവെന്നു കരുതി ചിന്നമ്മ തലതല്ലിക്കരയുവാൻ തുടങ്ങി. ആ നിഷ്ക്ക

ളങ്കബാലിക എന്റെ കാൽക്കൽ വീണുകൊണ്ടു അത്യുച്ച ത്തിൽ നിലവിളിച്ചു: "അച്ചാ, തിരുഹൃദയക്കോവിലുള്ള വീട്ടിൽ സമാധാനം സ്ഥാപിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുണ്ടെ ന്നല്ലേ അച്ചൻ പറയാറ്. . . ഹാ എന്റെ ഈശോ, അങ്ങുന്നു ഞങ്ങളെ കാണുന്നില്ലേ . . ." അവളും തലകറങ്ങിവീണു. ഞാൻ കൈയ്ക്കുപിടിച്ചില്ലായിരുന്നെങ്കിൽ നടക്കല്ലിൽ തലയ ടിച്ച് ആ കുഞ്ഞുമാലാഖാ സ്വർഗ്ഗത്തിലേയ്ക്കു പറന്നേനേ! ഞാൻ നിശ്ചേഷ്ടനായി ഇതെല്ലാം നോക്കിനിന്നു. കുറച്ചു കഴി ഞ്ഞപ്പോൾ ചിന്നമ്മ കണ്ണുതുറന്നു. ഞാൻ ആ പെൺകുട്ടിയെ സമാശ്വസിപ്പിച്ചു: "കുഞ്ഞേ, ഈശോ വിശ്വാസവഞ്ചകനല്ല. അവിടുന്നു നമ്മെ കൈവിടുകയില്ല. ഒരു കുടുംബത്തിൽ, പ്രതി ഷ്ഠകഴിച്ചതുകൊണ്ടുമാത്രമായില്ല; അംഗങ്ങൾ പരസ്പരം സ്നേ ഹിക്കുകയും വേണ്ടേ? നീ നിരാശപ്പെടേണ്ട; നല്ലപോലെ പ്രാ ർത്ഥിക്കുക; ഞാനും പ്രാർത്ഥിക്കുന്നതാണ്." ഇത്രയും പറഞ്ഞുക ഴിഞ്ഞതോടേ മുറിവേററവരെ ആസ്പത്രിയിലേയ്ക്കു കൊണ്ടുപോ കുവാൻ വണ്ടി വന്നുകഴിഞ്ഞു; ഞാൻ മടങ്ങിപ്പോരികയും ചെയ്തു."

ദുഃഖാത്മകമായ ആ നാടകത്തിന്റെ അന്ത്യരംഗമെന്തെ ന്നറിയാൻ ഞാൻ തിടുക്കം കാണിച്ചു. അച്ചൻ ഇങ്ങനെ പറ ഞ്ഞവസാനിപ്പിച്ചു: ". . . ആരും മരിച്ചില്ല. ജ്യേഷ്ഠസഹോദരൻ ഒററക്കയ്യനായെന്നുമാത്രം. ആസ്പത്രിയിൽനിന്ന് എല്ലാവരും മട ങ്ങി. കടക്കാരൻ കേസുകൊടുത്ത് അതിനകം രണ്ടു പറമ്പു കൾ ലേലത്തിനുവച്ചിരുന്നു. സഹോദരന്മാരുടെ കണ്ണുതുറന്നു. പരസ്പരവിദ്വേഷമെല്ലാം പമ്പകടന്നു. അവർ തമ്മിൽത മ്മിൽ സ്നേഹിക്കുവാൻതുടങ്ങിയപ്പോൾ ദൈവാനുഗ്രഹം ആ കുടുംബങ്ങളിൽ അധിവസിക്കുവാനും തുടങ്ങി. സ്വത്തിന്റെ ഒരു ചെറിയഭാഗം നല്ല വിലയ്ക്കുവർ വിററു കടമെല്ലാം വീട്ടി. അനന്തരം ആ സഹോദരന്മാർ പ്രശസ്തമായ ഒരു കൂട്ടുകച്ചവടം തുടങ്ങി. രണ്ടുകൊല്ലത്തിനകം അവർ നഷ്ടപ്പെട്ട സ്വത്തും അ തിലപ്പുറവും തിരിച്ചുവാങ്ങി.

ഒരു ദിവസം ചിന്നമ്മയും അവളുടെ കുഞ്ഞാങ്ങള തോമസ്സും എന്നെ പ്രതീക്ഷിച്ചു പള്ളിമുററത്തു നിന്നിരുന്നു. കാഴ്നാനാ നമസ്ക്കാരം കഴിഞ്ഞു ഞാൻ പള്ളിയിൽനിന്നിറങ്ങിയപ്പോൾ അവരെനിക്കു സ്തുതിചൊല്ലി. ചിന്നമ്മ സന്തോഷബാഷ്പം പൊഴിച്ചുകൊണ്ടു പറഞ്ഞു: "അച്ചാ, ഈശോ എത്ര നല്ലവനും വിശ്വാസ്യനുമാണ് . . . നാളെ ഞങ്ങളുടേയും ചിററപ്പന്മാരുടേയും വീടുകളിലെല്ലാം കുടുംബപ്രതിഷ്ഠ നവീകരിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്. അപ്പാപ്പൻ വരാൻ വയ്യ. അച്ചൻ നാളെ കാലത്തേ അങ്ങോട്ടു വരണം". "വരാം കുഞ്ഞുങ്ങളേ" ഞാൻ സമ്മതരൂപത്തിൽ തലകുലുക്കിപ്പറഞ്ഞു.

അടുത്തദിവസം ഞാൻ ആ ഭവനങ്ങളിൽ ചെന്നു തിരുഹൃദയപ്രതിഷ്ഠ നവീകരിച്ചു. സഹോദരന്മാർ പ്രദർശിപ്പിച്ചു കണ്ട ഐക്യബോധവും ഭക്തിതീക്ഷ്ണതയും എന്നെ വിസ്മയിപ്പിച്ചു. വിഭവസമൃദ്ധമായ ഒരു സദ്യ തറവാട്ടിൽ തയ്യാറാക്കിയിരുന്നു. മനോഹരമായ ഒരു തിരുഹൃദയസ്വരൂപം ഇടവകപ്പള്ളിയിൽ സ്ഥാപിക്കുവാനായി നൂറുരൂപായുടെ രണ്ടു പച്ചനോട്ടുകൾ ചെറിയാൻചേട്ടൻ എന്നെ ഏല്പിച്ചു. "എൻെറ ഭക്തരുടെ കുടുംബങ്ങളിൽ ഞാൻ സമാധാനം സ്ഥാപിക്കും" എന്നു രേഖപ്പെടുത്തിയ ഓരോ പടം ഞാനവർക്കു സമ്മാനിക്കുകയും ചെയ്തു". അച്ചൻ സംഭവകഥ പറഞ്ഞവസാനിപ്പിച്ചു.

ഞങ്ങൾ അപ്പോഴേയ്ക്കും ഭ്രോസനദൈവാലയത്തിൻെറ അങ്കണത്തിലെത്തിക്കഴിഞ്ഞിരുന്നു.

പള്ളിമുററത്തു വൈദ്യുതദീപങ്ങളാൽ പ്രശോഭിതമായി പട്ടണത്തെ അനുഗ്രഹിക്കുവാനെന്നവണ്ണം വലതുകരം ഉയർത്തിപ്പിടിച്ചുകൊണ്ടു നില്ക്കുന്ന ആ തിരുഹൃദയസ്വരൂപത്തിൻെറ മുമ്പിൽ ഞങ്ങൾ മുട്ടുകുത്തി അല്പനേരം മൗനമായി പ്രാർത്ഥിച്ചു. അപ്പോഴേയ്ക്കും ബ. വികാരിയച്ചൻ വന്നു് തൻെറ ആത്മസുഹൃത്തായ വൈദികനെ വിളിച്ചുകൊണ്ടുപോയി. ഭക്തിനിർഭരമായ ഹൃദയത്തോടെ അല്പസമയംകൂടി എൻെറ ദിവ്യനാഥനുമായി സല്ലപിച്ചശേഷം ഞാനും മടങ്ങി.

# 77. 'കുതിരക്കേററം'

"ഓ, എൻെറ അപ്പാ, ഇതൊരരിയാണ്: ആഴ്ചയിൽ ആകെ കൂടി ഒഴക്കുകൊറച്ചു മൂന്നാഴി അരി ഉണ്ട്. അതിൽ റേഷൻകടക്കാരൻെറ വീതം അളവിൽതട്ടിച്ചു അയാളും അടിച്ചെടുക്കും. ബാക്കി വന്നിട്ടും പോയിട്ടും ഉള്ളത് ഇരുനാഴുരി. അതോ; മുഴുവൻ ഉമിയും പുഴുവും. എൻെറ ദൈവമേ, ഇക്കണക്കിനു മനുഷേര് എങ്ങനെ കഴിഞ്ഞുകൂടും." റേഷൻകിട്ടിയ അരി പേററിക്കൊണ്ടിരിക്കുന്നതിനിടയിൽ റോസമ്മ പറഞ്ഞു.

അപ്പോൾ അവിടെ എത്തിയ അയൽക്കാരി അന്നാമ്മ സമാധാനപ്പെടുത്തി: "എടീ റോസാമ്മേ, എൻെറ പൊന്നേ, നമ്മക്കാണെങ്കി കൊറച്ചു നെല്ലെങ്കിലുമൊണ്ടല്ലോ. അതും ഇതുംകൂടെ ഇട്ടുവെച്ചാ കൊറെ പേമാ. നല്ല എരിവും പുളിയുമുള്ള അല്പം മീൻകറിയുണ്ടെങ്കിൽ സുമാറായി. പക്ഷേ, അതുടെ ഇല്ലാത്തോരുടെ കാര്യം ഒന്നോർത്തുനോക്കിക്കേ.

എങ്ങലടിച്ചു നിലവിളിക്കുന്ന ഒരു ശബ്ദം അവരുടെ ശ്രദ്ധയെ ആകർഷിക്കുകയാൽ രണ്ടുപേരും വീട്ടരികിലുള്ള വഴിയിലേക്കു നോക്കി. റോസാമ്മ ഇരുന്നിടത്തുനിന്നു ചാടി എണീററു. "എന്തുപററി മോളേ! കുഞ്ഞിനെ ആരാ തല്ലിയത്?" സ്ലേററും പുസ്തകവും നെഞ്ചോടുചേർത്തുപിടിച്ചു കരഞ്ഞുകൊണ്ടു വരുന്ന തൻെറ കൊച്ചുമകൻ സിസിലിയോടു റോസാമ്മ ചോദിച്ചു.

അരിപ്പാത്രം താഴെ വച്ചിട്ടു റോസാമ്മ മകളെ വാരിയെടുത്തു മാറോടു ചേർത്തുവച്ചുകൊണ്ടു ആരാഞ്ഞു: "എൻെറ മോക്കെന്തുപററി; വല്ലോരും ഉന്തിയിട്ടോ?"

"അമ്മച്ചീ, എന്നെ. . . . മാതാവിൻെറ ഒപ്പീസിനു കൂട്ടുകേലെന്നു പറഞ്ഞ്. . . . എറക്കിവിട്ടു. ങീ . . . ."

“എന്തേ കുഞ്ഞേ; ആരാ എന്റെ മോളെ എറക്കിവിട്ടതു്.” റോസമ്മയും അന്നമ്മയും ഒന്നിച്ചു ചോദിച്ചു.

സിസിലി കൈകളിലേക്കു ചൂണ്ടിക്കാണിച്ചു. അവളുടെ ഏങ്ങലടിവർദ്ധിച്ചു. “അ. . . മ്മച്ചീ, . . . കൈക്കു നീളമുള്ള ബ്. . . . ബ്. . . . . ളൗസ്സ് ഒള്ളോരുമാത്രം ഒപ്പീ . . . സിനു കൂടീയാൽ മതീന്നു കരുത്തിയമ്മ പറഞ്ഞു എന്നെ. . . . . എറക്കിവിട്ടു.

റോസമ്മ മൂക്കിന്മേൽ കൈവെച്ചുകൊണ്ടു്: “നോക്കണേ, എങ്കിലും ഈ കന്യാസ്ത്രീകളുടെ മുഷ്ക്കു്. ഈ റേഷൻതുണികൂടെ കിട്ടാനില്ലാത്ത കാലത്തു്, കൈയ്യും കാലിനും നീളം പോരെന്നു്. ഞാനൊന്നു ചോദിക്കട്ടെ അവരോടു്, എന്താ ഈ കുഞ്ഞുങ്ങളോടിങ്ങനെ തുടങ്ങുന്നതെന്നു്. ഇപ്പോൾ മിണ്ടാതിരുന്നാൽ ഇനി ‘കുതിരകേറാൻ’ തുടങ്ങും.”

“എന്റെ റോസമ്മേ, കള. നീ ഇപ്പം ചോദിക്കാനും മറ്റും പോകണ്ട. കാര്യമില്ലാതെ അവർ കുറ്റപ്പെടുത്തുവോ. കുട്ടികളുടെ നന്മയ്ക്കാണിതെല്ലാം; അല്ലാണ്ടു കുതിരകേറ്റമൊന്നുമല്ല. നീ അടങ്ങു്,” അന്നമ്മ സമാധാനപ്പെടുത്തി.

പക്ഷേ, ആരു കേൾക്കുവാൻ? അരിശംകൊണ്ടു റോസമ്മ തന്നെത്തന്നെ മറന്നിരുന്നു. അവർ കുട്ടിയെ കൈയ്ക്കുപിടിച്ചുകൊണ്ടു പള്ളിക്കൂടത്തിലേക്കു പോയി.

റോസമ്മയുടെ കലി മണിക്കയറിൽക്കൂടി പ്രവഹിച്ചു ഘണാഘണാരവം മുഴക്കി. പതിവില്ലാത്തവിധത്തിൽ തെരുതെരെയുള്ള കൂട്ടമണി കേട്ടു ഗുരുത്തിയമ്മ പെട്ടെന്നു സന്ദർശനമുറിയുടെ കവാടത്തിലെത്തി. റോസമ്മയേയും സിസിലിയേയും കണ്ടപ്പോഴേ സിസ്റ്ററിനു കാര്യം മനസ്സിലായി.

“വരൂ റോസമ്മേ; സിസ്റ്റർ സുസ്മേരവദനയായിപ്പറഞ്ഞു”

“പിന്നെ; വരാൻ. എന്തിനുവരാൻ. എന്നെ നിങ്ങൾ പഠിപ്പിക്കുകയും മറ്റും വേണ്ടാ. എന്റെ കുട്ടിയെ പഠിപ്പിച്ചാൽ മതി. എനിക്കു പഠിക്കണ്ട കാലമൊക്കെക്കഴിഞ്ഞു.” ഉള്ളിൽ

തിങ്ങിനിന്ന കോപാവേശം കുട്ടകളെ പുറത്തേക്കു ചാടി. സം സാരവേഗതയിൽ അവരുടെ കണ്ണുകൾ നൃത്തമാടി.

"റോസമ്മേ, പരിഭവിക്കാതെ. ഇതാ ഈ ബെഞ്ചിൽ ഇരുന്നാട്ടെ. നമുക്കു കാര്യം പറഞ്ഞുതീക്കാം. ശാന്തമായിരിക്കുക." സിസ്റ്റർ സ്നേഹപുരസ്സരം റോസമ്മയെ പിടിച്ചിരുത്തി. അമ്മയുടെ പുറത്തു പിടിച്ചുകൊണ്ടു സിസിലി താഴോട്ടു നോക്കിനിന്നു; ഗുരുത്തിയമ്മയേയും മുറിക്കെല്ലൻ ബ്ളൗസിനേയും ഇടയ്ക്കിടെ മാറിമാറി നോക്കുന്നുമുണ്ട്.

"എന്റെ റോസമ്മേ, നിങ്ങളുടെ ഒക്കെ ഗുണത്തെ ഉദ്ദേശിച്ചാണു ഞങ്ങൾ ഇക്കാര്യത്തിൽ ഇത്ര നിർബന്ധം പിടിക്കുന്നത്."

"ഉം. എന്താ. ഞങ്ങക്കു ഗുണം. ഈ കാശില്ലാത്ത കാലത്തു ഞങ്ങളെ ബുദ്ധിമുട്ടിക്കാം. അതുതന്നെ ഗുണം."

"ഗുണം എന്താണെന്നു മനസ്സിലായിട്ടില്ല; അല്ലേ. നിങ്ങൾക്കു നാലുപേരുടെ മുമ്പിൽ നാണിക്കാതെയും നട്ടവു വളയ്ക്കാതെയുംനില്ക്കാൻ സാധിക്കും. കുട്ടികളെ ചെറുപ്പംമുതൽതന്നെ അടക്കമൊതുക്കമുള്ളവരായി വളത്തിയാൽ അവർ ഭാവിയിൽ നിങ്ങളുടെ വീടിനും നാടിനും സഭയ്ക്കും സമുദായത്തിനും അഭിമാനപാത്രങ്ങളാകും. സർവ്വോപരി അവരുടെ ആത്മനൈർമ്മല്യം ആജീവനാന്തം സംരക്ഷിക്കുവാൻ അവർക്കു പ്രേരണ ലഭിക്കുകയും ചെയ്യും."

"പക്ഷേ," റോസമ്മ ഉപഹാസപൂർവ്വം പറഞ്ഞു, "ഈ കൊച്ചുപെണ്ണു കൈറീളമില്ലാത്ത ബ്ളൗസിടുന്നതുകൊണ്ട് ആകാശം ഇടിഞ്ഞുവീഴുകയോ മറേറാ ചെയ്യുമോ? അമ്മ പറഞ്ഞതു വല്യ പെൺകുട്ടികളെസ്സംബന്ധിച്ചിടത്തോളം കൊറെ ഒക്കെ ശരിയാണ്."

"റോസമ്മേ, ശാന്തമായി ചിന്തിക്കുക. ചെറുപ്പത്തിൽ കുട്ടികളെ കൈയയച്ചു വളത്തിയാൽ പിന്നെ പിടികിട്ടാതാകും. പിന്നീടു പരിതപിച്ചതുകൊണ്ടു ഫലമില്ല. നമ്മുടെ അനുഭിനാ

സ്വഭാവങ്ങൾതന്നെ ഇതിനു തെളിവ്. 'ചൊട്ടയിലെ ശീലം ചുടലവരെ' എന്നു കേട്ടിട്ടില്ലേ?"

"പിന്നെ, നിങ്ങൾക്കുമാത്രേ ഈ ശാത്രങ്ങളും വേദങ്ങളും ഒക്കെ അറിയാവൂ ഞാൻ തേ പോണു. ഈ പടാത്ത കേട്ടിരിക്കാൻ എനിക്കു നേരമില്ല. നിങ്ങടെ മനസ്സോണ്ടു എന്റെ കുഞ്ഞിനെ കൂട്ടത്തിക്കൂട്ടിയാ മതി. കാര്യം പറഞ്ഞാ നിങ്ങടെ ഒക്കെ തലേ കേറുകേല" റോസമ്മ എഴുന്നേറ്റു കുട്ടിയേയും പിടിച്ചുകൊണ്ടു നടന്നുകഴിഞ്ഞു.

"അതേ, റോസമ്മ പറഞ്ഞതു ശരിയാണു്. കാര്യം പറഞ്ഞാൽ ഇപ്പോൾ നിങ്ങൾക്കു മനസ്സിലാകുകയില്ല. അരിശം മാറുമ്പോൾ ശാന്തമായി ചിന്തിച്ചുനോക്കൂ" ആ സ്ത്രീ കേൾക്കത്തക്ക സ്വരത്തിൽ പറഞ്ഞിട്ടു സിസ്റ്റർ കപ്പേളയിലേക്കു പോയി.

വീട്ടിലെത്തിയപ്പോഴേക്കും റോസമ്മയുടെ കോപം പത്തിതാഴ്ത്തി. അവരെ പ്രതീക്ഷിച്ച് അവിടെ ഇരുന്നിരുന്ന അന്നമ്മ പുഞ്ചിരിതൂകിക്കൊണ്ടു ചോദിച്ചു;"എന്താ റോസമ്മേ, മെത്രാനച്ചന്മാരുടെ കല്പന മടക്കി അയപ്പിച്ചോ?"

"എന്റെ അന്നാമ്മേ, ഇതൊക്കെ ആ കന്യാസ്ത്രീകളുടെ തന്റേടമല്ലേ."

"നമ്മളെന്തിനാ വെറുതേ ആ കന്യാസ്ത്രീകളെ കുറ്റം പറേണതു്. ഇതൊക്കെ മെത്രാനച്ചന്മാരൊന്നിച്ചുകൂടി ഉണ്ടാക്കിയ കല്പനയാണു്. അല്ലാതെ അമ്മമാരുടെ തോന്ന്യാസങ്ങൾ ഒന്നും അല്ല."

"കല്പന വന്നപ്പളല്ലേ ഒരു ബ്ലൗസു തൈപ്പിച്ചു കൊടുത്തതു്. കുർബാന കൈക്കൊള്ളാൻവേണ്ടി നല്ല നീളത്തിലാണു് അതു തൈപ്പിച്ചിരിക്കുന്നതു്."

"അതല്ല റോസമ്മേ, തരക്കേട്. കുർബാന കൈക്കൊള്ളാൻമാത്രം അടക്കമായിട്ടു വരണോന്നു മെത്രാനച്ചന്മാർ പറഞ്ഞില്ലല്ലോ. പെണ്ണുങ്ങൾ എപ്പോഴും എല്ലാടത്തും അടക്കോതുക്കമായി നടക്കണോന്നല്ലേ വായിച്ചതു്."

റോസമ്മ ഒന്നും മിണ്ടിയില്ല. "കാര്യം പറഞ്ഞാൽ ഇപ്പോൾ നിങ്ങൾക്കു മനസ്സിലാകുകയില്ല . . . ശാന്തമായി ചിന്തിക്കുക" ഗുരുത്തിയമ്മയുടെ പ്രസ്തുത വാക്കുകൾ റോസമ്മ വീണ്ടും വീണ്ടും ഓത്തു.

"മാതാവിൻെറ കുഞ്ഞുമക്കളെന്നും പറഞ്ഞ്" അന്നമ്മ തുടർന്നു, "ഇങ്ങനത്തെ മുറിബ്ളൗസും ഇട്ടോണ്ട് ഒപ്പീസ് എത്തിച്ചാ എന്താ ഫലം. മാതാവിനെ സന്തോഷിപ്പിക്കണോങ്കി അടക്കോതുക്കം കാക്കണം. മാതാവൊണ്ടോ ഇങ്ങനത്തെ മുറിബ്ളൗസും മററും ഇട്ടിട്ടുള്ളു. നീ ഓർക്കുന്നില്ലേ ആ ഫാത്തിമാ മാതാവിൻെറ രൂപം. ഹാ! എന്തൊരു അടക്കോതുക്കം. എന്തൊരു ശേലായിരുന്നു. കൈപ്പത്തിയും കാൽപ്പാദവുംവരെയുള്ള ഉടുപ്പ്. ഹാ! അന്നു കണ്ടിട്ടും കണ്ടിട്ടും മതിവന്നില്ലാർന്നു. എൻെറ റോസമ്മേ, ആ അമ്മയുടെ മക്കളല്ലേ നാം"

"നീ പറഞ്ഞതൊക്കെ ശരിയാ അന്നമ്മേ. എനിക്കിപ്പം മനസ്സിലായി. ഛെ!വെറുതെ ആ ഗുരുത്തിയമ്മയുമായി പിണങ്ങി. നാളെ ചെന്നുകണ്ടു മാപ്പുചോദിച്ചുകളയാം. എൻെറ അന്നമ്മേ! ഇനി എന്തൊക്കെ വെഷമം വന്നാലും എൻെറ പിള്ളേരെ ഞാൻ അടക്കോതുക്കമായിതന്നെ നടത്തും"

# 78. കഴിഞ്ഞ കഥ

ജോലികഴിഞ്ഞു ഫാക്ടറിയിൽനിന്നു ഞാൻ മടങ്ങുകയായിരുന്നു. ശമ്പളം കിട്ടിയ അവസരം; പിറേറദിവസം ഞായറാഴ്ചയും. ഏതായാലും അല്പം വിശ്രമിച്ചിട്ടു വീട്ടിലേയ്ക്കു പോകാമെന്നു കരുതി ഞാൻ പാർക്കിൽ കയറി. പടിഞ്ഞാറുഭാഗത്തുള്ള കായലിലേ ചെറുകല്ലോലങ്ങളെ മുറിച്ചു കൊച്ചുവഞ്ചികൾ കുതിച്ചുപായുന്നതും അസ്തമയസൂര്യൻ ആകാശത്തിൽ ചെ

ച്ചായം പൂശുന്നതും മററും കണ്ടു് അല്പനേരം ഇരുന്നതിനുശേഷം ഞാൻ എഴുന്നേററു നടന്നു. അത്തുപത്രിക്ക സമീപമുള്ള റോഡിൽ വന്നപ്പോൾ ഒരാൾ പിറകിൽനിന്നു "സാറേ," എന്നു വിളിച്ചു.

ഒരു മദ്ധ്യവയസ്കൻ. അയാളുടെ ഒട്ടിയ കവിളും ചുക്കിച്ചുളിഞ്ഞ ശരീരവും കണ്ടപ്പോൾ എനിക്കു മനസ്സിലായി എന്തോ സഹായാഭ്യർത്ഥനയ്ക്കു മുതിരുകയാണെന്നു്. ഞാൻ കേൾക്കാത്ത ഭാവത്തിൽ നടന്നു. അയാൾ പിന്തുടർന്നുകൊണ്ടു്: "സാറേ, ഈ സ്ഥിതിയിലൊക്കെ ആയിത്തീർന്നു" എന്നു വിളിച്ചുപറഞ്ഞു.

ഇതുപോലെത്ര പല്ലവികൾ കേട്ടിരിക്കുന്നു എന്ന ഭാവത്തിൽ ഞാൻ കൊണ്ടുപിടിച്ചു നടന്നു.

"സാറിനെ പരിചയമുള്ളതുകൊണ്ടുമാത്രമാണു നാണംകെട്ടു ചോദിക്കാമെന്നുവച്ചതു്" അയാൾ തുടർന്നു.

എവിടെവെച്ചോ കണ്ടിട്ടുള്ളതുപോലെ എനിക്കും തോന്നിയതുകൊണ്ടു ഞാൻ ആരാഞ്ഞു "എന്തു പരിചയം"?എന്നു്:

"അഞ്ചാറുകൊല്ലത്തെ പരിചയം അവിരാച്ചൻ ഇത്രവേഗം മറന്നുപോയോ?" അയാൾ ആശ്ചര്യപൂർവ്വം ചോദിച്ചു. "കഷ്ടം! ഇതാണു ലോകഗതി. ആറു ക്ലാസ്സുവരെ നാം ഒന്നിച്ചു് ഒരു ബഞ്ചിൽ ഇരുന്നു പഠിച്ചു. തോളോടുതോൾ ചേർന്നു നാം സ്കൂളിലേയ്ക്കു പോകുകയും വരുകയും ചെയ്തു. ആറാം ക്ലാസ്സിൽവച്ചു് ആ പട്ടരുസാർ എനിക്കൊട്ടൊന്നടിച്ചു. ഞാൻ കരഞ്ഞുകൊണ്ടു് അപ്പോൾത്തന്നെ ക്ലാസ്സിൽനിന്നിറങ്ങി. അതിൽപ്പിന്നെ ഞാൻ സ്കൂൾ കണ്ടിട്ടില്ല. എൻെറ അഭിവൃദ്ധിയെമാത്രം കാംക്ഷിച്ചു് എന്നെ ശിക്ഷിച്ച ആ ഗുരുഭൂതനു് അപ്പച്ചൻ കൊടുത്ത സമ്മാനം ചെകിട്ടിൽ രണ്ടടിയായിരുന്നു. അന്നു ഞാൻ വിചാരിച്ചു 'ഞാൻതന്നെ കേമൻ' എന്നു്. പിന്നീടുള്ള എൻെറ ജീവിതം 'കേഡി' എന്ന സ്ഥാനപ്പേരു് എനിക്കു സമ്പാദിച്ചുതന്നു."

ഇന്നലെ നടന്ന സംഭവങ്ങൾപോലെ അതെല്ലാം ഞാനോക്കുന്നുണ്ടു്.

"പേരു കരീച്ചൻ എന്നല്ലേ?" ഞാൻ വികാരഭരിതനായി ചോദിച്ചു.

"അതെ, കരീച്ചൻതന്നെ." അയാൾ പറഞ്ഞു; "അഞ്ചെട്ടു കൊല്ലങ്ങൾ അങ്ങനെ കഴിഞ്ഞു. ആയിടയ്ക്കാണു നമ്മുടെ നാട്ടിൽനിന്നു മലബാറിലേയ്ക്കുള്ള ഒഴുക്കു തുടങ്ങിയതു്. എന്റെ അപ്പച്ചനും മലബാറിൽപ്പോയി തന്റെ ഭാഗ്യം പരീക്ഷിക്കുവാൻ നിശ്ചയിച്ചു. ഹാ! ആ കഴിഞ്ഞ കഥയെല്ലാം ഞാനെങ്ങനെ വിവരിക്കും. രണ്ടു കൊല്ലമേ ഞങ്ങൾ മലബാറിൽ താമസിച്ചുള്ളൂ. അതിനിടയിൽ എന്റെ മാതാപിതാക്കന്മാരും ഏക സഹോദരനും മലമ്പനിമൂലം മരണമടഞ്ഞു. നിരപരാധിയായ ആ സാറിനെ ഉപദ്രവിച്ചതിനുള്ള ശിക്ഷയല്ല ഇതെല്ലാമെന്നു് ആരറിഞ്ഞു! ഏതാനും ദിവസങ്ങൾക്കുശേഷം പനി എന്നെയുംപിടികൂടി. ഒരു മാന്യന്റെ സഹായത്തോടുകൂടെ ഞാൻ എറണാകുളം ആസ്പത്രിയിൽ അഭയംതേടി. ഇന്നെന്നെ അവിടെനിന്നും 'ഡിസ്ചാർജ്ജ്' ചെയ്തിരിക്കുകയാണു്. ഇനിയുള്ള കാലം എത്ര ഹീനമായ ജോലിയെങ്കിലും ചെയ്തു ജീവിച്ചു് എന്റെ പാപങ്ങൾക്കു പരിഹാരം ചെയ്യണമെന്നുമാത്രമേ എനിക്കാഗ്രഹമുള്ളൂ."

ആ കഥ കേട്ട ഞാൻ മരവിച്ചുനിന്നുപോയി. ധനസ്ഥിതിയിലും ജനസ്വാധീനതയിലും കരീച്ചന്റെ പിതാവിനെ ജയിക്കുവാൻ അഞ്ചാറുകൊല്ലങ്ങൾക്കുമുമ്പ് അന്നാട്ടിൽ ആരും ഉണ്ടായിരുന്നില്ല. അന്നു സിൽക്കുഷർട്ടും 'ഡബി'ളും ധരിച്ചു സിഗററും കടിച്ചുപിടിച്ചു സരസവേഷം കെട്ടി സഖാക്കളുമൊത്തു കറങ്ങിയടിച്ചു നടന്നിരുന്ന കരീച്ചൻ ഇന്നു കീറമുണ്ടുകൊണ്ടു നാണം മറച്ചു് എന്റെ മുമ്പിൽനിന്നു സഹായം അപേക്ഷിക്കുന്നു. ധനത്തിന്റെയും പ്രതാപത്തിന്റെയും ക്ഷണികതയോർത്തു ഞാൻ അമ്പരന്നുപോയി. "സ്നേഹിതാ, കരീച്ചൻ"

ഞാൻ പറഞ്ഞു, "ഒന്നുരണ്ടുപേർക്കു ചെലവിനു കൊടുക്കാൻ ദൈവം സഹായിച്ചു് ഇന്നെനിക്കു വലിയ വിഷമമില്ല. വരൂ, നമുക്കു വീട്ടിലേയ്ക്കു പോകാം.''

# 79. മുന്നറിയിപ്പ്

ചാക്കപ്പനും സെലിനും തമ്മിലുള്ള വിവാഹം നടന്നിട്ടു വർഷങ്ങൾ അഞ്ചു കഴിഞ്ഞു. ബോംബെപട്ടണത്തിന്റെ പ്രാന്തപ്രദേശത്തു സ്ഥിതിചെയ്യുന്ന ഒരു മോഹനസൗധം വാടകയ്ക്കെടുത്തു് അവർ താമസിക്കുകയാണ്. സർവ്വവിധജീവിതസൗകര്യങ്ങളോടുംകൂടിയ ആ സ്ഥലം അവർക്ക് അത്യധികമായ ആനന്ദം പ്രദാനം ചെയ്തു. സേവിക്കുവാൻ പരിചാരകഗണമുണ്ടു്; വാഴ്ത്തിപ്പുകഴ്ത്തുവാൻ സ്തുതിപാഠകരുമുണ്ട്. ഏകപുത്രിയായ രാജമ്മ അവരുടെ സൗഭാഗ്യങ്ങൾക്കെല്ലാം തിലകം ചാർത്തി. രാജമ്മയുടെ മുഖകമലത്തിൽ പ്രസന്നതയും പ്രസരിപ്പും സദാ കളിയാടിയിരുന്നു.

വർഷങ്ങൾ ചിലതുകൂടെ കടന്നുപോയി. ലോകത്തിന്റെ മായാവിലാസങ്ങളിൽ രാജമ്മയ്ക്കു് ആകർഷണം തോന്നിത്തുടങ്ങി. അവരുടെ രമ്യഹർമ്മ്യത്തിനു സമീപം നിലകൊള്ളുന്ന സിനിമാക്കൊട്ടകയിൽ പ്രഥമസ്ഥാനത്തുള്ള മൂന്നു സീററുകൾ പ്രസ്തുത കുടുംബാംഗങ്ങൾക്കായി എന്നും 'റിസർവ്ഡ്' ആണ്. നേരം അഞ്ചുമണിയായാൽ സിനിമാക്കൊട്ടകയിലേക്കു പോകുന്നതിനുള്ള ഒരുക്കങ്ങളായി. പൗഡർ പൂശി, വിലപിടിച്ച വസ്ത്രാഭരണങ്ങളുമണിഞ്ഞു തന്റെ മാതാപിതാക്കന്മാരോടുകൂടി രാജമ്മ ഒരു ചിത്രശലഭത്തെപ്പോലെ 'തിയേററി'ലേയ്ക്കു പോകുന്നതു

കാണാൻ ചിലർ നോക്കിനില്ക്കാറുണ്ട്. എല്ലാ സിനിമാപ്പാട്ടുകളും അവയുടെ സംഗ്രഹവും അവൾക്ക ഹൃദിസ്ഥമാണ്. സിനിമാ ഒരു ദിവസമെങ്കിലും മുടക്കുകയെന്നത് അവൾക്കു പരമസങ്കടമായിത്തീർന്നു.

ഇപ്പോൾ രാജമ്മയ്ക്കു വയസ്സു പതിന്നാലുണ്ട്. എങ്കിലും ഒരു ഇരുപതുകാരിയുടെ ശരീരപുഷ്ടിതോന്നും. മാതാപിതാക്കന്മാരുടെ പിടിയിൽനിന്ന് അവൾ അല്പാല്പം അകന്നുതുടങ്ങി. അനുസരണ രാജമ്മയിൽ കണികാണുവാൻപോലുമില്ലെന്നായി. പാർക്കുകളും പബ്ളിക്ക്സ്ഥലങ്ങളും അവളുടെ സൈ്വരവിഹാരങ്ങൾക്ക സാക്ഷിനിന്നു. അങ്ങനെ ലാവണ്യത്തിന്റെ മൂർത്തിഭാവമായ അവൾ തികച്ചും അനഭിലഷണീയമായ ഒരു ജീവിതചര്യയിലേയ്ക്കിടിഞ്ഞിറങ്ങി. മകളുടെ ഈ അധഃപതനം മാതാപിതാക്കന്മാരുടെ ചങ്കിനു കത്തിവെച്ചു. കൊച്ചുമകളെ കുട്ടിക്കാലംമുതല്ക്കു കൊട്ടകയിൽ കൊണ്ടുപോയതിന്റെ ഫലം അവർ ഇപ്പോൾ നന്നായി മനസ്സിലാക്കി. ഇതോടുകൂടി സിനിമാകാണലിന് അവർ വിരാമമിട്ടു. പക്ഷേ, കതിരേൽ വളംവെച്ചതുകൊണ്ട് എന്തു പ്രയോജനം! അവസാനം ബോംബെനഗരം വിട്ടു സ്വദേശത്തേയ്ക്കു തിരിക്കുന്നതിനുതന്നെ അവർ തീർച്ചയാക്കി. മകൾക്ക് ഈ തീരുമാനം ഒട്ടും ഇഷ്ടമായില്ല. എങ്കിലും വേറെയൊരു നിവ്വാഹവുമില്ലാതിരുന്നതിനാൽ അവൾ അവരുടെ അഭിലാഷത്തിനു കീഴടങ്ങുകതന്നെ ചെയ്തു.

അവർ സ്വദേശത്തുള്ള തങ്ങളുടെ ഗ്രാമീണവസതിയിലെത്തി. മകളെ ഉദ്ധാരണം ചെയ്യുവാൻ ഏതു ത്യാഗവും സഹിക്കുവാൻ അവർ സന്നദ്ധരാണ്. രാജമ്മ അവിടേയും തന്റെ സ്വാതന്ത്ര്യജീവിതം ആരംഭിച്ചു. രണ്ടു മൈൽ നടന്നുപോലും അവൾ എന്നും സിനിമായ്ക്കു പോകും. സ്ഥലത്തെ ബ. വികാരിയച്ചൻ ഈ വസ്തുത വിളംബംവിനാ മനസ്സിലാക്കി. അച്ചൻ ഒരു ദിവസം ആളയച്ചു ചാക്കപ്പനെ വരുത്തി. "ചാക്കപ്പാ, നാട്ടിൽവന്നിട്ടു പട്ടണത്തിലേപ്പോലുള്ള സുഖമൊന്നുമില്ലാ

യിരിക്കുമല്ലേ?" വികാരിയച്ചൻ ചോദിച്ചു.

ചാക്കപ്പൻ എന്തുത്തരം പറയാനാണ്! എങ്കിലും അയാൾ പറഞ്ഞു: "അങ്ങനെയൊന്നുമില്ലച്ചാ; എങ്ങനെയെങ്കിലും ജീവിച്ചുപോകണം."

വികാരിയച്ചൻ: "പ്രിയ ചാക്കപ്പാ, ഇവിടത്തെ ഈ എളിയ ജീവിതമൊന്നും താങ്കൾക്ക് ഇഷ്ടമാകുന്നില്ലെന്നെനിക്കറിയാം. എങ്കിലും നമ്മുടെ ആത്മീയകാര്യങ്ങൾക്കു ഗ്രാമംതന്നെയാണു പട്ടണത്തെക്കാൾ നല്ലതു്."

ചാക്കപ്പൻ പെട്ടെന്നു വികാരഭരിതനായിത്തീർന്നു. അയാൾ പറഞ്ഞുതുടങ്ങി: "പ്രിയ ബ. അച്ചാ, എൻെറ ഏകാലംബം എൻെറ ഏകമകളായ രാജമ്മയാണ്. നഗരജീവിതം അവളെ . . . ." ബാക്കി പറയുവാൻ അയാൾക്കു സാധിച്ചില്ല.

"ചാക്കപ്പാ, രാജമ്മയെ ഇങ്ങോട്ടൊന്നു കൂട്ടിക്കൊണ്ടുവരു. അവളെക്കുറിച്ചു ചിലതെല്ലാം ഞാനും കേട്ടു. സാരമില്ല. നമുക്കവളെ നന്നാക്കിയെടുക്കാമോ എന്നു നോക്കാം. പരിശുദ്ധ കന്യകയോടു പ്രത്യേകം പ്രാർത്ഥിക്കുക, നമ്മുടെ ഉദ്യമം വിജയശ്രീലാളിതമാകുവാൻ."

ചാക്കപ്പൻ അച്ചനോടു യാത്രപറഞ്ഞു വീട്ടിലേക്കു പോയി. സ്നേഹനിർഭരമായ ഹൃദയത്തോടെ ആ പിതാവു മകളെ വിളിച്ചു. "രാജമ്മയെ ഒന്നു കാണണമെന്നു വികാരിയച്ചൻ പറഞ്ഞു."

"അതെന്തിനാ അപ്പച്ചാ, പള്ളിയിൽ വല്ല നാടകമോ മറേറാ ഉണ്ടോ?"

"ഉണ്ടായിരിക്കാം. കാരണം എന്താണെന്ന് അച്ചൻ എന്നോടു പറഞ്ഞില്ല."

വസ്ത്രാഭരണവിഭൂഷിതയായി പൗഡറുമെല്ലാമിട്ട് രാജമ്മ ചാക്കപ്പൻെറകൂടെ പള്ളിയിലേക്കുപോയി. അവർ ചെന്നപ്പോൾ അച്ചൻ വരാന്തയിലിരുന്നു വായിക്കുകയാണ്. ചാക്കപ്പൻ അച്ചനെ അഭിവാദനം ചെയ്തു. മനസ്സില്ലാമനസ്സോടേ രാജമ്മയും അപ്പച്ചനെ അനുകരിച്ചു.

"രാജമ്മ എവിടെ പോകുകയാ?" ഒന്നും അറിയാത്തമട്ടിൽ അച്ചൻ ചോദിച്ചു.

"അച്ചൻ എന്നെ കാണണമെന്നു് ആവശ്യപ്പെട്ടതായി അപ്പച്ചൻ പറഞ്ഞു." അവൾ ചാക്കപ്പൻെറ മുഖത്തേക്ക ചോദ്യഭാവത്തിൽ നോക്കി.

"കൊള്ളാം, കുഞ്ഞേ; നിന്നെ കാണണമെന്നു ഞാൻ അപ്പച്ചനോടു പറഞ്ഞു. പക്ഷേ, കുഞ്ഞിനെ കണ്ടപ്പോൾ ഞാനൊത്തു അപ്പച്ചൻെറകൂടെ ഏതോ ദൂരയാത്രക്കായി ഇറങ്ങിപ്പുറപ്പെട്ടതാണെന്നു്." അല്പനേരം മൗനമവലംബിച്ചശേഷം അദ്ദേഹം ചോദിച്ചു: "എന്താ കുഞ്ഞിനിവിടെ വന്നിട്ടു സുഖമല്ലേ?"

"അച്ചാ, പട്ടണത്തിൽ വളരെ സുഖമാണു്, അവിടെ ആനന്ദത്തിനുവക ധാരാളമുണ്ടു്. സിനിമാകൾ; നല്ലനല്ല സംഗീതം; അങ്ങനെ ആനന്ദത്തിനുവേണ്ടവയെല്ലാം."

അച്ചൻ അറിയാനുള്ളതു് അറിഞ്ഞുകഴിഞ്ഞു. സിനിമാപ്രദർശനവും ആഡംബരപ്രിയവുമാണു് അവളെ നാശഗർത്തത്തിലേക്കു് ആഴ്ത്തുന്നതെന്നു് അദ്ദേഹം മനസ്സിലാക്കി. ഉപദേശരൂപേണ അദ്ദേഹം അന്നൊന്നും പറഞ്ഞില്ല. വിടവാങ്ങുകപൂർവം തന്നെ അദ്ദേഹം പെരുമാറി.

"രാജമ്മയ്ക്കു നടനകലയിൽ നല്ല പാടവമുണ്ടെന്നു കേട്ടു. 'ലീജിയൻ ഓഫ് മേരി'യുടെ വനിതാവിഭാഗത്തിൻെറ വാർഷികസമ്മേളനത്തിൽ ഒരു നാടകം നടത്തണമെന്നുദ്ദേശിക്കുന്നു. അതിനു കുട്ടികളെ ഒരുക്കുവാനുള്ള ഭാരം രാജമ്മയെത്തന്നെ ഞാൻ ഏല്പിച്ചിരിക്കുന്നു. കാലത്തും വൈകിട്ടും പരിശീലനം ഉണ്ടായിരിക്കും."

അവൾ സമ്മതിച്ചു. വീട്ടിലെത്തിയപ്പോൾ അന്തിമയങ്ങിയതുകൊണ്ടു് അന്നു സിനിമായ്ക്കു പോകുവാൻ സാധിച്ചില്ല.

പിറേറദിവസം കാലത്തേതന്നെ രാജമ്മ പള്ളിയിലെ

ആി. വാക്ക പാലിക്കുന്നതിൽ വലിയ കണിശക്കാരിയാണ വറം. കുട്ടികറം വി. കുർബ്ബാനയിൽ സംബന്ധിക്കുകയായിരുന്നു. ജിജ്ഞാസയാൽ പ്രേരിതയായി അവറം പള്ളിയിൽ പ്രവേശിച്ച് ഒരു മൂലയ്ക്കു ഭിത്തിയിൽ ചാരി പടിഞ്ഞിരുന്നു. കുഞ്ഞുമാലാഖമാരെപ്പോലെ കൈകൂപ്പിനിന്നിരുന്ന കുട്ടികറം അവളുടെ ഹൃദയത്തെ ഹഠാദാകർഷിച്ചു. 'ഡ്റാമാ' പഠിപ്പിക്കുവാൻ കാലത്തും വൈകിട്ടും അവറം പള്ളിയിൽ വന്നുകൊണ്ടിരുന്നു. സമ്പ്രദായത്തിലുള്ള പെൺകുട്ടികളുടെ അടക്കമൊതുക്കവും ഭക്തിചൈതന്യവും പ്രത്യേകം അവരിൽ കളിയാടിയിരുന്ന അസാമാന്യമായ ദൈവമാതൃഭക്തിയും അവളെ വശീകരിക്കതന്നെ ചെയ്തു. സിനിമായ്ക്കു പോകുവാൻ അവറംക്ക സമയം ലഭിച്ചിരുന്നുമില്ല. ഇങ്ങനെ പുതിയ സാഹചര്യങ്ങറം അവളറിയാതെതന്നെ അവളിൽ പരിവർത്തനങ്ങളുളവാക്കി പള്ളിയിൽ വരിക, ക്രമേണ അവറംക്ക വളരെ സന്തോഷപ്രദമായിത്തീർന്നു. വികാരിയച്ചനുമായി മതസംബന്ധവും സാന്മാർഗ്ഗികവുമായ സംവാദങ്ങളിൽ അവറം ഏർപ്പെട്ടു. അദ്ദേഹം കൊടുത്തിരുന്ന പുസ്തകങ്ങറം വായിക്കുന്നതിൽ അവറം ഔൽസുക്യം പ്രദർശിപ്പിച്ചുപോന്നു.

പഴയ ജീവിതത്തെപ്പററി ചിലപ്പോഴെല്ലാം അവറം ചിന്തിക്കും. തൻെറ മാതാപിതാക്കന്മാർക്ക തീരാക്കളങ്കം വരുത്തിവച്ചു, തനിക്ക നരകം തീറെഴുതിവാങ്ങിയ, ആ കഴിഞ്ഞ ജീവിതത്തെപ്പററി കണ്ണുനീരോടുകൂടിമാത്രമേ സ്മരിക്കുവാൻ ഇപ്പോറം അവറംക്ക കഴിഞ്ഞിരുന്നുള്ളു. പഴയജീവിതം അവറം പാടേ ഉപേക്ഷിച്ചു. അകൃത്രിമസൗന്ദര്യം ഉടനീളം ഓളംവെട്ടുന്ന് ഒരു വിനയവിഗ്രഹമാണിന്നവറം; അതേ, പരിശുദ്ധകന്യകയുടെ ഒരു വത്സലപുത്രി. അള്ത്താരയിൽ പല ദിവസവും അവറം ദിവ്യകാരുണ്യനാഥനെ സ്വീകരിക്കും. അങ്ങനെ എല്ലാവരുടേയും പ്രശംസാപാത്രമായി ഭവിച്ച രാജമ്മ 'ലീജിയൻ ഓഫ് മേരി'യുടെ

വനിതാവിഭാഗത്തിൻെറ അദ്ധ്യക്ഷയായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു.

ഒരു ദിവസം അത്താഴവും കഴിഞ്ഞു മാതാപിതാക്കന്മാരുമൊരുമിച്ചിരിക്കയിൽ രാജമ്മ പറഞ്ഞു: "അപ്പച്ചാ, എൻെറ പഴയജീവിതം ഓർക്കുമ്പോൾ ഞാൻ ലജ്ജിക്കുന്നു. അപ്പച്ചനും അമ്മച്ചിക്കും മാനഹാനി വരുത്തിയതിൽ എനിക്ക് അതിയായ ഖേദമുണ്ട്. നിങ്ങളോടു ഞാൻ മാപ്പപേക്ഷിക്കുന്നു. ഏതു വൻപാപിയെയും കർത്താവിൻെറ സന്നിധിയിലേയ്ക്കു തിരിക്കുവാൻ വിശുദ്ധനായ ഒരു വൈദികനുള്ള കഴിവ് എത്രമാത്രമെന്ന് എനിക്കു മനസ്സിലായിരിക്കുന്നു. വിശുദ്ധിയും വിവേകവും ഒത്തിണങ്ങിവർത്തിക്കുമെന്നുള്ളതിന് ഒരുദാഹരണമാണ് നമ്മുടെ വികാരിയച്ചൻ. അശ്ലീലസിനിമാകൾ, നാടകങ്ങൾ അതിരുകടന്ന ആഡംബരപ്രിയം മുതലായവയാണ് എന്നെ വഴിപിഴപ്പിച്ചതെന്നു മനസ്സിലാക്കിയ അദ്ദേഹം അവവഴിതന്നെ അതിചതുരതയോടെ എന്നെ നന്മയിലേയ്ക്കാകർഷിച്ചു. ഇന്നത്തെ സിനിമാകളും നാടകങ്ങളും പുരോഗമിപ്പിക്കുകയല്ല അധഃപതിപ്പിക്കുകയാണെന്ന് എൻെറ ജീവിതത്തിൽനിന്നു ഞാൻ പഠിച്ചിരിക്കുന്നു. 'തീക്കണ്ണ'ത്തെ തൊട്ടുകളിക്കാൻ മുതിരുന്ന യുവതീയുവാക്കൾക്ക് എൻെറ അനുഭവം ഒരു മുന്നറിയിപ്പായിരുന്നെങ്കിൽ!"

## 80. കുടിയൻെറ സമ്മതം

പ്രഭാതസൂര്യൻെറ ഇളംരശ്മികൾ ആ ചെറുപുരയെ തഴുകിക്കൊണ്ടിരുന്നു. സമയം ഏതാണ്ട് എട്ടുമണിയോടടുത്തിട്ടുണ്ട്. 'ഉരിയും നാഴി'യുംപോലെയുള്ള രണ്ടു കുഞ്ഞുങ്ങൾ തിണ്ണയിൽനിന്നു ചാത്തിലേയ്ക്കു് എത്തിവലിഞ്ഞുനോക്കിയശേഷം അക

ത്തേയ്യോരോട്ടം. ആ ചാത്തിൽക്കിടന്ന് ആരോ ക്രക്കംവലിച്ചുറങ്ങുന്നുണ്ടു്. ഗൃഹനാഥനായിരിക്കാം. എങ്കിൽ കുട്ടികൾ എന്തിന് ഭയപ്പെടുന്നു? ആർക്കറിയാം!

കുട്ടികൾ രണ്ടും അടുക്കളയിലെത്തി. ചൗക്കയിലെ 'എക്സൈസ് പോലീസ്സ്'കാരെയും തോല്പിക്കുമാറു് അവർ അവിടെയിരുന്ന ചട്ടിയും കലവുമെല്ലാം പരിശോധിച്ചു. മാമ്പഴം സൂക്ഷിച്ചുവയ്ക്കാറുള്ള അങ്ങാടിക്കുട്ടയിൽ ഇളയപുള്ളി ആർത്തിയോടെ കൈയിട്ടു. "ഛീ, ഛീ" എന്നൊരു ചീറ്റു്. ഉറക്കം തെളിച്ചതിൽ പൂച്ചക്കുഞ്ഞു പ്രതിഷേധം രേഖപ്പെടുത്തി. പിറകേ ഒരു മാന്തും. അവൻ ഒന്നു ഞെളിപിരികൊണ്ടു. ഒരു മൂലയിൽനിന്നു് കിട്ടിയ രണ്ടു വാട്ടമാങ്ങായും 'ഈമ്പി'ക്കൊണ്ടു് അടുക്കളയുടെ പുറവാതിലിൽക്കൂടി അവർ മുറ്റത്തേക്കു പോയി.

"അമ്മച്ചീ, കഞ്ഞി, ഹൂ. . . . ഹൂ. . . . അമ്മച്ചീ, ഞങ്ങക്കു വെശക്കുന്നു. നമ്മക്കു കപ്പ മേടിക്കാമ്മച്ചീ, ങീ. . . ." ഇളവെയിലുംകൊണ്ടു മുറ്റത്തിരുന്ന അമ്മയുടെ പക്കൽ കിണുങ്ങിക്കൊണ്ടവരടുത്തുകൂടി. അമ്മയൊന്നും മിണ്ടാതെ അകലേയ്ക്കുതന്നെ നോക്കിയിരിക്കുന്നതു കണ്ടു് അവർ ആ പല്ലവിതന്നെ ഏറ്റുപാടി. ഇളയവൻ മുതുകത്തു് "ആന"കയറിത്തുടങ്ങി. ഇരിക്കപ്പൊറുതിയില്ലെന്നായപ്പോൾ ആ സ്ത്രീ പറഞ്ഞു: "മക്കളേ, എന്റെ മക്കളു പോയി കളിച്ചിട്ടുവാ. അമ്മച്ചി കഞ്ഞി തരാം." മനസ്സില്ലാമനസ്സോടെ അവർ അവിടെനിന്നു പോയി, കപ്പല്ലുമാവിന്റെ ചുവട്ടിലേക്കു്.

"ദൈവമേ," ആ സ്ത്രീ ആത്മഗതം ചെയ്തു; "ഞാനിതെല്ലാം കാണേണ്ടിവന്നല്ലോ. കിട്ടുന്ന കാശും അതിൽക്കൂടുതലും കള്ളുഷാപ്പിൽ കൊണ്ടുകൊടുക്കുന്നവന്റെ കെട്ടിയവക്കു് എങ്ങനെ ധർമ്മംപോലും കിട്ടും. ഒരാടുള്ളതിന്റെ പാൽ മുഴുവൻ കടയിൽ കൊടുത്തു കാശു കീശയിലാക്കും. ആ പിള്ളേരു നോക്കിനിന്നു വെള്ളമിറക്കിയാൽപോലും അതുങ്ങക്കു് ഒരു തുള്ളി കൊടുക്കത്തില്ല. എന്നാ വൈകുന്നേരത്തെ മൂന്നാഴിപ്പാലിന്റെ കാ

ശെങ്കിലും വീട്ടാവശ്യങ്ങൾക്കു മേടിച്ചോട്ടെന്നു വിചാരിച്ചു കണ്ണടച്ചിരുന്നെങ്കിൽ! അതുങ്ങളിപ്പം ഓടിവരും 'കഞ്ഞിയേ' 'കാപ്പിയേ' എന്നും പറഞ്ഞ്. ഇവിടെ ഒഴക്കരിപോലും ഇല്ല. നെററിയേപ്പാറാൻ ഒരു കൊച്ചുകാശെങ്കിലും ഉണ്ടായിരുന്നെങ്കിൽ! ഏതായാലും ഒന്നു വിളിച്ചുനോക്കട്ടെ. വല്ലതും തന്നെങ്കിൽ ആ കുഞ്ഞുങ്ങടെ കരുത്തം."

"ദേ, പിന്നേ," അവർ തോളിൽക്കുലുക്കി പതുക്കെ വിളിച്ചു. ആരു വിളികേൾക്കാൻ. അയാൾ കൂർക്കംവലിയെടാവലി. ആ മുക്കുടിയന്റെ വായിൽനിന്ന് അപ്പോഴും വമിക്കുന്നുണ്ട് പുളിച്ച കള്ളിന്റെ മണം.

"ഇങ്ങനെ ഒറങ്ങിയാലോ. ഒന്നെണീറേറ, ആ പിള്ളേരു നിലവിളിക്കുന്നു" അവൾ അല്പം ശക്തിയായി കുലുക്കിവിളിച്ചു.

"ഫോടീ നിന്റെ ഫാട്ടിന്. നിന്റെ പിള്ളേരും നിന്റെ കുഞ്ഞുങ്ങളും" എന്നാട്ടഹസിച്ചുകൊണ്ട് അയാൾ കട്ടിലിൽ എഴുന്നേററിരുന്നു. ഉപ്പന്റെ കണ്ണുപോലെയുള്ള വട്ടക്കണ്ണുകൾ ഉരുട്ടി അയാൾ മാധ്വിയെ തുറിച്ചുനോക്കി.

അയാൾ പതിവനുസരിച്ചു പാലും കുപ്പിയിലാക്കി, കടയിലേയ്ക്കു യാത്രയായി. മാധ്വിയുടെ നിവേദനങ്ങൾ ഒന്നിനുപിറകേ ഒന്നായി അയാൾ തിരസ്കരിച്ചു. "എന്നാൽ" ആ വത്സലമാതാവ് ഒരവസാനാഭ്യർത്ഥന പുറപ്പെടുവിച്ചു: "നിങ്ങൾ ആ പാലിൽ ഒരു തുടമെങ്കിലും ഈ ചട്ടിയിലേക്കൊഴിച്ചിട്ടുപോ. അതെങ്കിലും കാച്ചിക്കൊടുത്തു ഞാൻ അതുങ്ങടെ കുത്തലടക്കട്ടെ."

ഈ സമയം കുട്ടികൾ ഓടിവന്ന് "കഞ്ഞി കഞ്ഞി"എന്നു പറഞ്ഞ് അമ്മയുടെ ഞെറിച്ചിലിൽ തൂങ്ങി. ആ പാൽക്കുപ്പിയിലേക്കു നോക്കി അവർ വെള്ളമിറക്കി. "അമ്മച്ചീ," ഓട്ടക്കണ്ണിട്ടു കുപ്പി കാണിച്ചുകൊണ്ട് അവർ അമ്മയുടെ മുഖത്തേക്കു നോക്കി.

"എടീ, എന്റെ കുഞ്ഞുങ്ങൾക്കു നീ പാലും മററും കൊടുത്തു പഠിപ്പിക്കണ്ട. എത്രടത്താ പിള്ളേർക്കു പാലു കാച്ചിക്കൊടു

ഞ്ഞു വളർത്തുന്നത്. ഞാനെന്നാ കോടീശ്വരനാണോ. നീ നിന്റെ പാട്ട നോക്ക്" അയാൾ അവിടെനിന്നിറങ്ങിപ്പോയി. "അങ്ങലോ'ട്ടൊട്ടിയ വയറുമായി ആ കുട്ടികൾ പാൽക്കുപ്പിയെത്തന്നെ ഉററുനോക്കി കുറേനേരം അവിടെനിന്നശേഷം അമ്മയുടെ ഞെറിച്ചിലിൽത്തൂങ്ങി ശണ്ഠതുടങ്ങി. "അമ്മച്ചീ, കഞ്ഞി. ഞങ്ങൾ ഒരുപാടു കളിച്ചു. ഇനി കഞ്ഞി തരാമ്മേലേ. . . . ഹും... ഹും. . . ." "എന്റെ മക്കൾ പോയി നല്ല പ്ലാല പെറുക്കിക്കൊണ്ടുവാ. അന്നേരം അമ്മച്ചി കഞ്ഞി വെളമ്പിവെച്ചേക്കാം." എന്താണു പറയുന്നതെന്നുതന്നെ അറിയാതെ ആ സാധു പറഞ്ഞു.

"ഇപ്പക്കൊണ്ടുവരാമ്മച്ചീ" കുട്ടികൾ രണ്ടും ഓടിമറഞ്ഞു.

കുറച്ചുനേരം ചിന്തിച്ചുനിന്നതിനുശേഷം ആ ഗൃഹനാഥയും ഇറങ്ങി നടന്നു. വ്യാകുലജനനിക്കു പ്രതിഷ്ഠിച്ചിരിക്കുന്ന ആ പള്ളിയുടെ വാതില്ക്കൽ അവളെത്തി. ആശയോടും വിശ്വാസത്തോടുംകൂടി അവൾ അകത്തു പ്രവേശിച്ചു. തന്റെ ഏകസുതന്റെ മൃതശരീരം മടിയിൽക്കിടത്തി വിലപിക്കുന്ന ആ അമ്മയുടെ മുഖത്തേയ്ക്കു നോക്കിയപ്പോൾ എന്തെന്നില്ലാത്ത ഒരാശ്വാസം അവൾക്കനുഭവപ്പെട്ടു. മുട്ടുകൾ താനേ മടങ്ങി. ഹൃദയം തുറന്നവൾ പ്രാർത്ഥിച്ചു: "എന്റെ അമ്മേ, എന്റെ കുഞ്ഞുമക്കൾ ഇപ്പോൾ തളർന്നുകിടക്കയാണ്. അതിന്റെ കാരണം അവിടുത്തേയ്ക്കറിയാമല്ലോ. എന്റെ ഭർത്താവിന്റെ കള്ളുകുടി അവസാനിപ്പിക്കുവാൻ അമ്മയെക്കൊണ്ടല്ലാതെ സാധിക്കുകയില്ല. അമ്മയ്ക്കിഷ്ടമുണ്ടെങ്കിൽ— ഇഷ്ടമുണ്ടെന്നെനിക്കറിയാം— എന്റേയും എന്റെ കുഞ്ഞുമക്കളുടേയും ഈ പ്രാർത്ഥന കേൾക്കേണമേ"! എന്തോ ഭാരം ഇറക്കിവച്ചാലുള്ള ആശ്വാസത്തോടെ അവൾ പള്ളിയിൽനിന്നു മടങ്ങി.

"ഏലീ, ഇവിടത്തോളം ഒന്നു വന്നിട്ടുപോ" ഒരു സ്ത്രീ പടിക്കൽനിന്ന് അവളെ വിളിച്ചു. "മറിയം ഇന്നു വന്നില്ല. നീ ആ ഓട്ടുപാത്രങ്ങളും മററും ഒന്നു തേച്ചുതാ." ആ കുടുംബിനി

പറഞ്ഞു. സന്തോഷപൂർവ്വം അവർ അതു നിർവ്വഹിച്ചു. പ്രതിഫലമായി ഒരു കുട്ടിക്കലത്തിൽ കുറേ പഴങ്കഞ്ഞിയും തലേദിവസം മീൻപററിച്ച ചട്ടിയും അവർക്കു കിട്ടി. കൂടാതെ ഒരു നാഴി അരി പ്രത്യേകവും. കുട്ടികൾ 'വേവലാതി'യോടെ ആ കഞ്ഞി കുടിച്ചു തൃപ്തരായി. മിച്ചമുണ്ടായിരുന്ന അല്പം പററും വെള്ളവും ഏലിയും മോന്തി.

സൂര്യൻ ഭൂമുഖത്തുനിന്നും അപ്രത്യക്ഷനായി. രാത്രി ഇരുൾച്ചുരുളുകൾകൊണ്ടു ലോകത്തെ ആവരണം ചെയ്തു. ചില്ലുപൊട്ടി, കട്ടക്കൂടുമാത്രമുള്ള ഒരു പടം– വ്യാകുലജനനിയുടെ ഒരു രൂപം– ആ ഭവനത്തിന്റെ ചുമരിൽ തൂക്കിയിട്ടുണ്ടു്. അതിന്റെ മുമ്പിൽ ഒരു മുറിത്തിരി കത്തിച്ചുവെച്ചു് അമ്മയും മക്കളുമൊന്നിച്ചു കൊന്തയെത്തിച്ചു. മാതാവിന്റെ ഏഴു വ്യാകുലങ്ങളുടെ സ്തുതിക്കായി അവർ സാധാരണ എത്തിക്കാറുള്ള 7 ആ. 7 നന്മ' 7 ത്രി. അവസാനിച്ചതോടെ ആ തിരിയും അണഞ്ഞു."

കുട്ടികൾ ഉറങ്ങി. ഏലി ഭർത്താവിനെ കാത്തിരിപ്പായി. അകലെ കേൾക്കാം ഒരട്ടഹാസം. ഏലിക്കു മനസ്സിലായി അതു തന്റെ ഭർത്താവിന്റെ പുറപ്പാടാണെന്നു്. ഘോഷക്കാരങ്ങളും പൂരപ്പാട്ടുകളും തുടർച്ചയായി അന്തരീക്ഷത്തിൽ മുഴങ്ങുന്നുണ്ടു്. പെട്ടെന്നു് ആ ശബ്ദകോലാഹലം ഒന്നുമന്നടങ്ങി. പിറകെ ദയനീയമായ ഒരലർച്ചയും. ഏലി ആ ഇരുട്ടിലൂടെ ഓടി സ്വരം കേട്ട ദിക്കിലേയ്ക്കു്. അടുത്തുള്ള നാലഞ്ചുപേർ വിളക്കുമായി ഓടിയെത്തി. അതാ, അയാൾ അവിടെക്കിടന്നു പുളയുന്നു അസഹനീയമായ വേദനമൂലം. കള്ളിന്റെ മണം 'കമുകുമാന്നു''; മൂക്കുചീററിയാൽ കിട്ടും മുക്കുടം. ഓടിക്കൂടിയ ആളുകളുടെ സഹായത്തോടെ അവർ ഭർത്താവിനെ ഒരു വിധം വീട്ടിൽ കൊണ്ടുവന്നു കിടത്തി.

ഏലി ആകാംക്ഷാപൂർവ്വം അടുത്തിരുന്നു ചൂടുപിടിക്കുന്നുണ്ടു്. പക്ഷേ, അയാളുടെ വേദനയ്ക്കു് ഒട്ടും കുറവില്ല. "എടി,

. . . . ടീ. . . . എ. . . .എന്റെ . . . നെഞ്ചുപൊ. . . ട്ടുന്നെ ടീ. . . ." അയാറം വളരെ വിഷമിച്ചു പറഞ്ഞു. "എന്റെ മാതാവേ," ചുമരിലെക്ക കണ്ണുയർത്തിക്കൊണ്ട് അവറം നിശ്വസിച്ചു. അവറം ആ രൂപം എടുത്തു ഭർത്താവിന്റെ ചുണ്ടുകളോടു ചേർത്തു. ഒന്നു തുറിച്ചുനോക്കിയതിനുശേഷം അയാറം അതു തട്ടിക്കളഞ്ഞു. "ഹാ . . .ഹാ. . . എന്റെ നെഞ്ചു പൊടിയുന്നെടീ ഞാ. . . ഞാൻ.". ." അയാറം അർദ്ധോക്തിയിൽ വിരമിച്ചു. ഏലി വീണ്ടും ആ രൂപം ഭക്തിപുരസ്സരം എടുത്തു് അയാളുടെ നെഞ്ചിനോടു ചേർത്തുപിടിച്ചു. അതു കണ്ടെങ്കിലും ഇത്തവണ അയാറം ഒന്നും മിണ്ടിയില്ല. ആ കിടപ്പിൽക്കിടന്നു് അയാറം ഗാഢനിദ്രയിൽ ലയിച്ചു. ഏലി അവിടെത്തന്നെയിരുന്നു.

നേരം പുലർന്നു. ഒരു 10 മണിയോടുകൂടിയാണു് അയാറം പതുക്കെ കണ്ണുതുറന്നതു്.

"ഏലീ". അയാറം ഭാര്യയെ വിളിച്ചു "ഇന്നലേ ഞാൻ മരിച്ചുപോകുമെന്നു വിചാരിച്ചു. ചങ്കിനകത്തിരുന്നു പെട്ടെന്നൊരു വേദന. നീ ആ രൂപം നെഞ്ചോടു ചേർത്തുപിടിച്ചപ്പോറം അതു കുറേശ്ശ കുറയുവാൻതുടങ്ങി. പിന്നെ ഞാൻ ഒന്നും അറിഞ്ഞില്ല."

"വ്യാകുലമാതാവു നിങ്ങളെ രക്ഷിച്ചു. ഇനിയെങ്കിലും കള്ളു കുടിക്കല്ലേ, മാതാവിനെപ്രതി ഞാൻ അപേക്ഷിക്കുന്നു."

"ഇല്ല ഏലീ, ഇല്ല; ഇനി ഞാൻ കുടിക്കുകയില്ല ആ വിഷദ്രാവകം."

"എനിക്കു സമാധാനമായി. വ്യാകുലമാതാവു നമുക്കു ചെയ്ത ഉപകാരത്തിനു നമുക്കെന്നും ആ അമ്മയോടു ഭക്തിയുള്ളവരായിരിക്കാം. തന്റെ വ്യാകുലങ്ങളോടു ഭക്തിയുള്ളവരെ അമ്മ ഒരിക്കലും ഉപേക്ഷിക്കുകയില്ല; പ്രത്യേകം മരണനേരത്തിലും. ഏഴു വ്യാകുലങ്ങളുടെ സ്തുതിക്കായുള്ള 7 ആ. 7 നന്മ. 7 ത്രി. നമുക്കെന്നും ഭക്തിപൂർവ്വം എത്തിക്കണം." "തീർച്ചയായും" അയാറം സസന്തോഷം അതിനു സമ്മതിച്ചു.

---

# 81. കൊലപ്പുള്ളി

ചുററും കനത്ത കരിങ്കല്ലുകൊണ്ടു പൊക്കിക്കെട്ടിയ ചുററൻമതിലുകൾ. ഘാതകന്മാരേയും കള്ളന്മാരേയും അടച്ചുപൂട്ടിയിട്ടുള്ള അനേകം ഇരുമ്പഴിക്കൂടുകൾ അതിനുള്ളിലുണ്ടു്. നിറതോക്കും പിടിച്ചു്, നിശ്ചേഷ്ടരായി നിവർന്നുനില്ക്കുന്ന രണ്ടു പോലീസുകാർ പടിക്കലും. ഫാദർ മൂർ അനുവാദപത്രം കാണിച്ചു് അകത്തേക്കു കടന്നു. കൈച്ചങ്ങലയും കാൽവളയവുമുള്ള അനേകം ദുർഭഗരെ പിന്നിട്ടുകൊണ്ടു് അദ്ദേഹം മുന്നോട്ടുനടന്നു. ദുർഗ്ഗന്ധം വമിക്കുന്ന ഒരഴിക്കൂട്ടിലേക്കു് അച്ചൻ പ്രവേശിച്ചു. ജടപിടിച്ച മുടിയും വളർന്നുപിരിഞ്ഞ താടിയുമുള്ള ഒരു മനുഷ്യൻ ആ മുറിയിൽ ഉണ്ടായിരുന്നു. കഴുവുമരത്തിലേക്കു കഴുത്തു നീട്ടിയ ആ കൊലപ്പുള്ളിക്കു വക്കുപൊട്ടിയ ഒരു മൺചട്ടിയും പരുപരുത്ത ഒരു തടിക്കഷണവുമായിരുന്നു കൂട്ടുകാർ. ആ കാരിരുമ്പഴിയിൽക്കൂടെ കാർമുകിൽ പരന്നു ശൂന്യമായിക്കിടക്കുന്ന ആകാശപ്പരപ്പിലേക്കു് അയാൾ അമർഷത്തോടെ ഇടയ്ക്കിടയ്ക്കു കണ്ണുരുട്ടിനോക്കിക്കൊണ്ടിരുന്നു. അച്ചനെ കണ്ടപ്പോൾ അയാളൊന്നു മാറിനിന്നു. ശാന്തശീലനും സുസ്മേരവദനനുമായ ഫാദർ മൂർ അനുകമ്പാർദ്രമായ നയനങ്ങളോടുകൂടെ തടവുപുള്ളിയെ നോക്കി. അടുത്തക്ഷണത്തിൽ മൃദുലവും പവിത്രവുമായ ആ അഭിഷിക്തകരങ്ങൾ ചെളിപുരണ്ട ആ ശരീരത്തെ തടവിത്തുടങ്ങി. വൈദികന്റെ ഈ പ്രവൃത്തിയിൽ സന്തുഷ്ടനായ കൊലപ്പുള്ളി തന്റെ ദന്തനിര പുറത്തേക്കു കാട്ടി; പക്ഷേ, അയാൾക്കു കഴിഞ്ഞില്ല ഒരു മനുഷ്യനെപ്പോലെ മന്ദഹാസം പൊഴിക്കുവാൻ.

ഫാദർ മൂർ കരുണാമസൃണമായ സാന്ത്വനോക്തികൾക്കിടയിൽ, പാപസങ്കീർത്തനം നടത്തുവാൻ അയാളെ ഉപദേശി

ക്കാതിരുന്നില്ല. എന്നാൽ പശ്ചാത്താപത്തിന്റെ കണികപോലും ആ മഹാപാതകി കാണിച്ചില്ല. "ഞാൻ കുററക്കാരനല്ല; ആ പരമദുഷ്ടൻ എന്നെ വഞ്ചിച്ചതാണു്. ഞാനാരേയും കൊന്നിട്ടില്ല. ഹും! കപടലോകം എന്നെ കഴുമരത്തിലേയ്ക്കു വിധിച്ചു. വഞ്ചന! കൊടുംവഞ്ചന!!" ജയിൽപുള്ളി പല്ലിറുമ്മിക്കൊണ്ടു പറഞ്ഞുനിറുത്തി. "താങ്കൾ നിരപരാധിയെങ്കിൽ എന്തിനിത്ര വ്യസനിക്കുന്നു. വെറും ശരീരംമാത്രമേ കഴുവുമരത്തിനു വിധേയമാകുകയുള്ളു. അനശ്വരവും അമൂല്യവുമായ ആത്മാവിനെ ആർക്കാണു നശിപ്പിക്കുവാൻ സാധിക്കുക? കഴിഞ്ഞകാലത്തിലെ തെററുകളെ അനുതാപത്തോടുകൂടെ ഏററുപറയുക. ദൈവത്തിന്റെ പ്രതിനിധിയായ ഒരു പുരോഹിതനു താങ്കളോടു പറയുവാനുള്ളതു് ഇതൊന്നുമാത്രമാണു്. അനുഗ്രഹമൂർത്തിയായ ദൈവം നിങ്ങളുടെ ഹൃദയകവാടത്തുങ്കൽ ഇതാ മുട്ടിവിളിക്കുന്നു.

"അച്ചാ, തത്വങ്ങളൊക്കെക്കൊണ്ടുകള. മാസക്കുമ്പസാരവും തിരുഹൃദയഭക്തിയുമൊക്കെ വലിയ കാര്യമായി വച്ചുകൊണ്ടിരുന്നവനാണു ഞാൻ. ഇവയുടെ ഒക്കെ കാപട്യം എനിക്കു് ഇപ്പോൾ നന്നായി മനസ്സിലായിരിക്കുന്നു. തിരുഹൃദയം! എന്തു തിരുഹൃദയമെടാ. . . . . ഹാ. . . . . ഹാ. . . . . അവരെന്നെ തൂക്കുവാൻ വിധിച്ചു. ഹും. . . . രണ്ടേരണ്ടു ദിവസത്തേയ്ക്കുകൂടെ ഞാൻ ജീവിക്കും. ഹാ! ഞാൻ ശ്വാസംമുട്ടി മരിക്കും. ചടയം വീട്ടിൽ ചാർളിക്കു തിരുഹൃദയംതന്ന സമ്മാനം" ഒരു ഭ്രാന്തനെപ്പോലെ, തലമുടി ചുററിപ്പിടിച്ചുകൊണ്ടു് അയാൾ അട്ടഹസിച്ചു.

"ചടയംവീട്ടിൽ ചാർളി" ആ പദദ്വയം വളരെ പരിചയമുള്ളതുപോലെ ഫാദർ മൂറിനു തോന്നി. അദ്ദേഹം ആ കുററപ്പുള്ളിയെ സൂക്ഷ്മനിരീക്ഷണംചെയ്തു. "നിങ്ങളുടെ രാജ്യമേതാണു്" അച്ചൻ അന്വേഷിച്ചു. "വള്ളുവനാട്ടിൽ പെരുന്തൽമണ്ണു്" ചാർളി പ്രതിവചിച്ചു. ഉത്തരക്ഷണത്തിൽ വൈദികൻ വികാരഭാരത്തോടെ ആ കൊലപ്പുള്ളിയെ ആലിംഗനം

ചെയ്തു. "ചാർളീ! പ്രിയ സുഹൃത്തേ." അച്ചന്റെ ആലിംഗനം ആ മനുഷ്യനെ സ്തംഭിപ്പിച്ചു. അയാൾ ഫാദർ മൂറിനെ നഖശിഖാന്തം നോക്കിക്കൊണ്ടു ചോദിച്ചു: "അങ്ങയെ എനിക്കു മനസ്സിലായില്ലല്ലോ." "പള്ളിക്കൂടത്തിൽവച്ചു നിന്റെ ആപ്തമിത്രമായിരുന്ന തോമസ് മൂറാണു ഞാൻ" അച്ചൻ പ്രതിവചിച്ചു. ഇതു കേട്ടയുടനെ ചാർളി അച്ചനെ കെട്ടിപ്പിടിച്ച് ഒരു കൊച്ചുകുട്ടിയെപ്പോലെ വാവിട്ടു കരഞ്ഞു. പതിനഞ്ചു കൊല്ലങ്ങളായി, അവർതമ്മിൽ കണ്ടിട്ട്. അച്ചന്റെ കണ്ണിൽനിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിച്ചുതുടങ്ങി. കുറേ സമയത്തേയ്ക്ക് അവർ യാതൊന്നും സംസാരിച്ചില്ല. അപ്പോഴേയ്ക്കും ജയിൽസൂക്ഷിപ്പുകാരൻ അവിടെ ആഗതനായി, സന്ദർശനത്തിന്റെ സമയം കഴിഞ്ഞിരിക്കുന്നു എന്ന് അച്ചനെ അറിയിച്ചു. അച്ചൻ പുറത്തുകടന്നു. വാർഡൻ വാതിലുമടച്ചു. "ഈശോയുടെ ദിവ്യഹൃദയമേ, അങ്ങയുടെ ഒരു ഭക്തദാസനായിരുന്ന ചാർളി എങ്ങനെ ഈ കൊലപാതകത്തിൽ പെട്ടു?" വൈദികന്റെ വെന്തുനീറുന്ന ഹൃദയത്തിൽനിന്നു ചൂടുപിടിച്ച ഒരു ചോദ്യശകലം സ്വർഗ്ഗത്തിലേക്കുയർന്നു.

തെരുവിൽക്കൂടെ നഗ്നശിരസ്കനായി നടന്നുവരുന്ന ആ വൈദികന്റെനേരേ ഒരു പെൺകുട്ടി ഓടിപ്പാഞ്ഞുചെന്നു "അച്ചാ, അപ്പച്ചൻ മരിക്കാൻപോകുന്നു. കുമ്പസാരിക്കണമെന്നാവശ്യപ്പെടുന്നു" എന്നു പറഞ്ഞു. "കുഞ്ഞേ, എന്താണ് അപ്പച്ചന്റെ സുഖക്കേട്?" അച്ചൻ ചോദിച്ചു. "എന്റെ അപ്പച്ചൻ ഒരു കള്ളുകുടിയനാണച്ചാ. ഇന്നലെ ഒരു തല്ലുകേസിൽപ്പെട്ടു മുറിവുപറ്റിയതാണ്; വേഗം വരണമച്ചാ." ഇരുളടഞ്ഞ ഒരു കൊച്ചുമുറിയിലേയ്ക്ക് അച്ചൻ പ്രവേശിച്ചു. വേദനകൊണ്ടു പിടയുന്ന ഒരു മനുഷ്യസത്വം അവിടെ കട്ടിലിൽ കിടന്നിരുന്നു. അച്ചനെ കണ്ടപ്പോൾ അയാൾ പറഞ്ഞു: "അച്ചാ, ഞാനാണാ കൊലപാതകം ചെയ്തവൻ. ആ ചെറുപ്പക്കാരൻ കളങ്കമില്ലാത്തവനാണ്. ഞാനവനെ ദ്വേഷിച്ചിരുന്നു. പാവം! ആ യുവാവിനെ കൊലക്കളത്തിലേയ്ക്കു നയിച്ച പരമദുഷ്ടൻ ഞാനാണു."

"ഏതു ചെറുപ്പക്കാരൻ, എന്തു കൊലപാതകം?" അച്ചൻ ജിജ്ഞാസാപൂർവം ചോദിച്ചു. "ചാർളി എന്നു പേരുള്ള ഒരു യുവാവിനെ തൂക്കിക്കൊല്ലുവാൻ വിധിച്ച വിവരം അച്ചൻ വർത്തമാനക്കടലാസിൽ കണ്ടില്ലേ? അവൻ കളങ്കമില്ലാത്തവനാണ്. കണ്ണൂർക്കാരനല്ല അവൻ. കച്ചവടത്തിനു വന്നവനായിരുന്നു. അവൻ സെൻട്രൽജയിലിലുണ്ടച്ചാ."

ഫാദർ മൂറിന്റെ നെററിത്തടത്തിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞുനിന്നു. വികാരം അടക്കിപ്പിടിച്ചുകൊണ്ട് അദ്ദേഹം തുടർന്നു ചോദിച്ചു: "അതിനു ഞാനെന്തു വേണം?", "അച്ചാ, ഞാനിതാ തളർന്നുകിടക്കുന്നു. എനിക്കിനി രക്ഷയില്ല. പിന്നെ, അവനെ ഞാനെന്തിനു കൊല്ലിക്കുന്നു. എന്റെ കൈയൊപ്പു ഞാൻ തന്നേക്കാം. പോലീസ് എന്നെ പിടിച്ചുകൊള്ളട്ടെ. ചാർളി നിരപരാധിയാണ്."

അച്ചൻ അതിശീഘ്രം ടൗൺമജിസ്ട്രേററിനെ ചെന്നു കണ്ടു. രണ്ടുപേരുംകൂടിവന്നു 'സ്റ്റേററ്മെൻറ്' എഴുതിവാങ്ങി. മജിസ്ട്രേററ് തിരിച്ചുപോയി. ഫാദർ മൂർ മുറിവേററുകിടക്കുന്ന ആ മധ്യവയസ്കനെ സമാശ്വസിപ്പിച്ചുകൊണ്ട് അവിടെത്തന്നെ നിന്നു. അപ്പോഴേയ്ക്കും കൈയ്യാമവുമായി രണ്ടു പോലീസുകാർ അവിടെയെത്തി. അല്പംകൂടെ ക്ഷമിക്കുക. ഞാനിയാൾക്കു പാപമോചനവും അന്ത്യകൂദാശകളും നല്കട്ടെ" വൈദികൻ പോലീസുകാരോടാവശ്യപ്പെട്ടു. രോഗി കണ്ണീരൊഴുക്കിക്കൊണ്ട് ഒരു നല്ല കുമ്പസാരം കഴിച്ചു. അയാൾ പിഴയിടിച്ചുകൊണ്ട് എല്ലാവർക്കും കേൾക്കത്തക്ക രീതിയിൽ കുററം ചെയ്തവൻ താൻതന്നെയാണെന്ന് ഏററുപറഞ്ഞു. പോലീസ് അയാളെ ഒരു കുതിരവണ്ടിയിലേയ്ക്ക് എടുത്തു കിടത്തുവാൻ ശ്രമിക്കുന്നതിനിടയിൽ അയാളുടെ ആത്മാവ് ഈ ലോകത്തോടു യാത്രപറഞ്ഞു.

നിത്യവിശ്രമസ്ഥലത്തേക്ക് അയാളുടെ മൃതദേഹത്തെ യാത്രയൊരുക്കുന്നതിനു ചിലരെ ഏർപ്പെടുത്തിയശേഷം ഫാ. മൂർ പോലീസുകാരുമൊന്നിച്ചു സെൻട്രൽജയിലിലേക്കു തിരിച്ചു.

മി. ചാർളിയെ തടവിൽനിന്നു മോചിപ്പിച്ചുകൊണ്ടുള്ള ഗവ. ഉത്തരവ് അദ്ദേഹംതന്നെ അയാളുടെ കൈയിൽ കൊടുത്തു. ചാർളിക്കു തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഹൃദയതാപം അയാളെ നിരുദ്ധകണ്ഠനാക്കി. അയാളുടെ കൈയിലിരുന്ന കടലാസുകഷണത്തിൽ കണ്ണുനീർക്കണങ്ങൾ ഇററിററു വീണുകൊണ്ടിരുന്നു. "പ്രിയ സ്നേഹിതാ," ഫാ. മൂർ വികാരഭരിതനായിപ്പറഞ്ഞു "നോക്കുക; ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹാധിക്യം. അവിടുന്നു തന്റെ ഭക്തരെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. യഥാർത്ഥഘാതകനായ ആ മഹാപാപിയെത്തന്നെ തന്റെ തിരുഹൃദയത്തിന്റെ സ്നേഹോഷ്മളമായ ജ്വാലയിൽ സ്ഫുടംചെയ്തെടുത്തതു നിങ്ങളെപ്രതി അവിടുന്നു പ്രവർത്തിച്ച ഒരു മഹാത്ഭുതംതന്നെ; സംശയമില്ല."

ആ പുണ്യവൈദികന്റെ കാൽക്കൽ വീണുകൊണ്ട് ചാർളി പരിദേവനം ചെയ്തു: "അച്ചാ, ഈശോയുടെ തിരുഹൃദയം എന്റെ പരിഷോകതികൾക്കു മാപ്പു തരികയില്ലേ?"

"നിശ്ചയമായും" അയാളെ പിടിച്ചെഴുന്നേല്പിക്കുന്നതിനിടയിൽ ഫാ. മൂർ സസ്മിതം പ്രത്യുത്തരിച്ചു.

# 82. സേവനം

സമാധാനവും സംതൃപ്തിയും കളിയാടുന്ന ഒരു കൊച്ചുകുടുംബമാണത്. ജോൺസൺ അതിസമർത്ഥനായ ഒരു തൊഴിലാളിയാണ്. സ്വഭാവവൈശിഷ്ട്യവും ആകാരസൗഷ്ഠവവും ഒത്തിണങ്ങിയ തങ്കമ്മ അയാൾക്കനുരൂപയായ ഭാര്യയും. അവരുടെ ദാമ്പത്യാരാമത്തിൽ വികസിച്ച ആ മോഹനസൂനങ്ങൾ— സണ്ണിയും ഡേവിയും— അവരുടെ ജീവിതത്തിൽ വെണ്ണിലാ

വുവൃശി. സമ്പാദ്യമൊന്നുമില്ലെങ്കിലും അകപ്പാടെ അവരുടെ ജീവിതം സുഖപ്രദമായിരുന്നു.

ശങ്കരാനന്ദമില്ലിൽ അക്കൊല്ലം ഒന്നുരണ്ടു സഖാക്കൾ നുഴഞ്ഞുകയറി. താമസംവിനാ ഒരു തൊഴിലാളിയൂണിയൻ അവിടെ രൂപീകൃതമായി; തൊഴിലാളികൾ മില്ലുടമസ്ഥനോടു 'മല്ലുപിടുത്ത'വുംതുടങ്ങി. ജോൺസൺ ആദ്യമൊക്കെ അല്പമവജ്ഞയോടെയാണ് ആ അഭിനവപ്രസ്ഥാനത്തെവീക്ഷിച്ചിരുന്നത്. പക്ഷേ, പ്രചരണവിദ്യാപ്രവീണനായസഖാവു മുകുന്ദൻ ജോൺസണെയും 'പോക്കററി'ലാക്കി. ക്രമേണ അയാളും ഒരു കമ്മ്യൂണിസ്റ്റനുഭാവിയായിത്തീർന്നു.

ലെനിൻദിനം കൊണ്ടാടാൻ യൂണിയൻ നിശ്ചയിച്ചു. തൊഴിലാളികൾ അന്നു പണിമുടക്കി. കുപിതനായ മാനേജർ മില്ലു പൂട്ടി. തൊഴിലാളികൾ വിഷമിച്ചുവലഞ്ഞു. പക്ഷേ, കമ്മ്യൂണിസ്ററുസഖാക്കൾക്കു സുവർണ്ണകാലം. എന്നുമെന്നും ജാഥാകളും പ്രതിഷേധയോഗങ്ങളും. ഇവയിലെല്ലാം ജോൺസൺ സജീവമായി പങ്കെടുക്കാൻതുടങ്ങി. പ്രശാന്തശീലനായിരുന്ന ആ യുവാവു വികാരവിജ്റുംഭിതനായ ഒരു വിപ്ലവകാരിയായിത്തീർന്നു.

ഭർത്താവിൻെറ ഈ 'തലതിരിച്ചിൽ' തങ്കമ്മയ്ക്കു രസിച്ചില്ല. പലപ്പോഴും അവൾ പ്രിയതമനെ വിവേകപൂർവ്വം ഉപദേശിച്ചു. പക്ഷേ, ജോൺസൺ അതൊന്നും കൂട്ടാക്കിയില്ല. ഉണ്ടായിരുന്ന ആഭരണങ്ങളും ഓട്ടുപാത്രങ്ങളുമെല്ലാം പണയംവയ്ക്കുവാൻ തങ്കമ്മ നിർബന്ധിതയായി. അയൽവക്കത്തെ ഓക്കാണ്ടച്ചേട്ടനാണ് ഈ 'പണയബിസിനസ്സി'ൻെറ ദല്ലാൾ. ഒരു 'പാത്രത്തിനു' വകകൊടുത്താൽ അത്തരം രഹസ്യസേവനങ്ങൾ ചെയ്യുന്നതിനു കിഴവൻ ബദ്ധതല്പരനായിരുന്നു. വിലപ്പിടിപ്പുള്ള സാധനങ്ങളെല്ലാം തീർന്നു. തങ്കമ്മ നിരാലംബയായി. വിശപ്പെങ്ങനെയും സഹിക്കാം. പക്ഷേ, ആ ഓമൽസന്താനങ്ങളുടെ ദീനരോദനം അവളെങ്ങനെ സഹിക്കും! പോരെ

ങ്കിൽ 'കുനിന്മേൽ കുരു'വെന്നവണ്ണം അവൾക്കൊരു പനിയും. അവൾ കിടപ്പിലായി.

“ദൈവശാപമാണിതു മോനേ. പള്ളീയും പട്ടക്കാരനുമില്ലാതെ നടക്കുന്നതിൻെറ ഫലമാ ഇതൊക്കെ. ഇനിയെങ്കിലും പഠിച്ചോ.” ഓക്കാണച്ചേട്ടൻ ജോൺസണു് ഒരു താക്കീതു നല്കി. “പള്ളീയും പട്ടക്കാരും! പാവങ്ങളെ മയക്കാനുള്ള വെറും മന്ത്രമാണപ്പാപ്പാ ഈ മതവിശ്വാസം. പണക്കാരെ വച്ചു പൂജിക്കുന്നവരല്ല്യ അവരൊക്കെ? അപ്പാപ്പൻ ഇന്നത്തെ ജാഥായ്ക്കു പോരുന്നോ? ഒന്നാന്തരം പ്രസംഗങ്ങൾ കേൾക്കാം. അപ്പോളറിയാം കാര്യങ്ങളുടെ വാസ്തവം.”

ഒരു തൊഴിലാളിജാഥാ മാർക്സ് മൈതാനത്തെത്തി. ചെങ്കൊടി പിടിച്ചിരുന്നതു ജോൺസനാണു്. മേഘം തുളയ്ക്കുന്ന മുദ്രാവാക്യങ്ങൾകൊണ്ടു് അന്തരീക്ഷം മുഖരിതമായി. അരിവാളും ചുററികയും കൈയിലേന്തിയിരുന്ന ആ തൊഴിലാളിസഖാക്കൾ പൂഴിപ്പുരപ്പിൽ പടിഞ്ഞിരുന്നു. ഓക്കാണച്ചേട്ടനുമുണ്ടു് അക്കൂട്ടത്തിൽ. ചുവന്ന മുറിക്കുപ്പായം ധരിച്ചിരുന്ന സഖാവു മുകുന്ദൻ പ്രസംഗം തുടങ്ങി: “മാളികപ്പുറത്തിരുന്നു മധുവുണ്ണുന്ന മഹാധനികരെ പിടലിക്കുപിടിച്ചിറക്കുവാൻ—മാടപ്പുരയിൽ മയങ്ങിക്കിടക്കുന്ന പട്ടിണിപ്പാവങ്ങളെ കൈകൊടുത്തുയർത്തുവാൻ— സ്ഥിതിസമത്വം സമ്പാദിക്കുവാൻ— തൊഴിലാളിഭരണം സ്ഥാപിക്കുവാൻ— സഖാക്കളേ! സംഘടിക്കുവിൻ.” വിയർത്തൊലിക്കുന്ന ആ കമ്മ്യൂണിസ്ററുകാരൻ മുഷ്ടിചുരുട്ടി, പിടലിഞരമ്പുകൾ പിടപ്പിച്ചു തകർത്തുവിട്ട ആ 'തീപ്പൊരിപ്രസംഗം' താടിക്കു കൈയ്യുംകൊടുത്തു് ഒരു മൂലയിൽ ഇരിപ്പുറപ്പിച്ചിരുന്ന ഓക്കാണച്ചേട്ടനെ ലഹരിപിടിപ്പിച്ചു. അയാൾ വിളിച്ചുചോദിച്ചു “എന്നാ മോനേ, ഈ തമത്തംവരുന്നോ?” സഖാവു പറഞ്ഞു: “സാധുക്കൾ സംഘടിച്ചുസംഘടിച്ചുവരികയാണു്. അപ്പൂപ്പൻ മരിക്കുന്നതിനുമുമ്പുതന്നെ ആ മഹാഭാഗ്യം കൈവരും.” “അതേ, മോനേ, ഒക്കെ ഒപ്പവൊപ്പം പങ്കുവെയ്ക്കുതന്നെ

ണ്ടാ വേണ്ടത്. ഉം. ആ പാലമ്പറമ്പിൽ കുഞ്ഞിപ്പാലൂന് എന്തോരം തമ്പാല്യാ. അവനെന്നും പ്രാണ്ട്യാ കുടിക്കുന്നു. ഞാനാണെങ്കി ഒരു തൊടം കള്ള്. ഒരാശാന്റെ കീഴി നെലത്തെഴുത്തിന്നിരുന്നോരാ ഞങ്ങള്. എനിക്കെന്നാ പ്രാണ്ടി എറങ്ങുകേലേ?” ഓക്കാണ്ടച്ചേട്ടൻ തട്ടിവിട്ടു. കൂടെ ഭരണഘടനാപരമായ ഒരു പ്രശ്നവും. “അല്ലാ, മോനേ, തമത്തം വന്നാപ്പിന്നെ എല്ലാർക്കും കള്ള തന്നെയാണോ?” സഖാവ്: “ഛീ, കള്ളോ! സോവ്യറ്റുരഷ്യയിലെ വയോവൃദ്ധൻ വിസ്കിയും വീഞ്ഞുമാണു കുടിക്കുന്നത്.”

നനഞ്ഞ വെള്ളമിറക്കുന്നതിനിടയിൽ കൃതകേതരമായ കൃതജ്ഞതാഭാവത്തോടേ ആ പടുവൃദ്ധൻ പറയുകയാണ്: “മോനേ, തമത്തം വന്നാ അപ്പൂപ്പന്ന വിസ്കീം കുസ്കീം ഒന്നും വേണ്ട. തരുന്നുണ്ടെങ്കി അത്താഴപ്പൂറമേ രണ്ടു തൊടം നാടൻചാരായം തന്നാ മതി. അപ്പൂപ്പന് സൊകായിട്ടൊന്നൊറങ്ങാനാ.

“നല്ലനല്ല വിദേശമദ്യംതന്നെ കുടിക്കരുതോ അപ്പൂപ്പാ. ഇതിനെല്ലാം ഒരു കാർഡു് തരും. ഒരു മാസത്തേ മദ്യം ഒന്നിച്ചുവാങ്ങി സൂക്ഷിക്കുകയും ചെയ്യാം” കമ്മ്യൂണിസ്റ്റുവ്യവസ്ഥിതിയിൽ സദസ്യർക്കുള്ള വിശ്വാസത്തെ ദൃഢമൂലമാക്കുവാൻ സഖാവ് തട്ടിമൂളിച്ചു.

“അപ്പോ കള്ളായാൽ പുളിക്കലേ മോനേ, ചാരായംതന്നെ മതി അപ്പൂപ്പന്” രണ്ടാംമുണ്ടുചുരുട്ടി മേല്പോട്ടെറിഞ്ഞിട്ട് ഒരു കൈ വടിത്തലയ്ക്കലും മറ്റെ കൈ മാറിലുംവെച്ച് ഓക്കണ്ടച്ചേട്ടൻ ഇങ്ക്വിലാബ് വിളിതുടങ്ങി. മുകുന്ദൻ ആ വൃദ്ധനെ പ്രസംഗപീഠത്തിൽ എഴുന്നെള്ളിച്ചുനിർത്തിക്കൊണ്ട്, സദസ്യരുടെ പ്രഹർഷപ്രഘോഷങ്ങൾക്കിടയിൽ തട്ടിമൂളിച്ചു: “സഖാക്കളേ, കണ്ടാലും ചുക്കിച്ചുളിഞ്ഞ ഈ തൊലികൾക്കുള്ളിൽ ഇതാ ചുടുരക്തം പ്രവഹിക്കുന്നു. നരയും ജരയും വന്ന ഈ വന്ദ്യവയോധികന്റെ മങ്ങിമറഞ്ഞ കണ്ണുകളിൽ വിപ്ലവത്തിന്റെ തീപ്പൊരികൾ ഇതാ പാറിപ്പറക്കുന്നു.”

യോഗം അവസാനിക്കുന്നതിനുമുമ്പ് പണിമുടക്കുഫണ്ടി

ലേയ്ക്കു് ഒരു പണപ്പിരിവും നടന്നു. കിട്ടിയതു കീശയിലാക്കി മുകുന്ദനും മൂന്നുനാലു മുറിമീശക്കാരും സ്ഥലംവിട്ടു. ജോൺസൺ ക്ഷണത്തിൽ വീട്ടിലേയ്ക്കു മടങ്ങി. ഓക്കാണ്ടച്ചേട്ടനാകട്ടെ സഖാക്കളെ പ്രത്യാശാപൂർവ്വം അനുയാത്രചെയ്തു.

വീടിനോടടുക്കുംതോറും ജോൺസന്റെ തലയിൽനിന്നു 'പൊളിററിക്സ്' ഓടിമറഞ്ഞുകൊണ്ടിരുന്നു. വിശന്നുപൊരിയുന്ന സണ്ണിയും ഡേവിയും പനിപിടിച്ചുകിടക്കുന്ന പ്രേമപത്നിയും അയാളുടെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. ചിന്താഗ്രസ്തനായ ആ മനുഷ്യൻ അർദ്ധപ്രജ്ഞയോടെ വീട്ടിൽ വന്നുകയറി. ഹൃദയസ്പർശകമായ ഒരു രംഗമാണു് അദ്ദേഹത്തെ സ്വാഗതം ചെയ്തതു്. 'പിച്ചും പേയും' പറഞ്ഞു് തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന തങ്കമ്മ! വയറൊട്ടി വാടിത്തളർന്നുകിടക്കുന്ന രണ്ടു കുഞ്ഞുങ്ങൾ!!

ആരറിഞ്ഞു ആ കുടുംബത്തിന്റെ ആഭ്യന്തരചെയ്തികൾ ജോൺസൺ കൂട്ടിലിട്ട വെരുകിനെപ്പോലെ ഇരിക്കപ്പൊറുതിയില്ലാതെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. നിശയുടെ നിശ്ശബ്ദത ആ വിപ്ലവകാരിയുടെനേരെ കൊഞ്ഞനംകാട്ടി "ദുഷ്പ്രഭുത്വം, അക്രമം, അനീതി," അയാൾ ആക്രോശിച്ചു. 'ഇരുളുവെളി'വില്ലാതെ പനിക്കുന്ന ഭാര്യയെ നോക്കി അയാൾ ആത്മഗതം ചെയ്തു "നാളെ ഞാൻ മുകുന്ദനെ സമീപിക്കും. സഖാവു് പണിമുടക്കുഫണ്ടിൽനിന്നു് ഒരു ചെറിയ സംഖ്യയെങ്കിലും തന്നു സഹായിക്കാതിരിക്കയില്ല. ഡോക്ടർ പത്മനാഭയ്യരെത്തന്നെ കാണിക്കണം."

നേരം പുലർന്നു. ഡേവിയും സണ്ണിയും അപ്പോഴും ഉറങ്ങുകതന്നെയാണു്. "എങ്ങനെയിരിക്കുന്നു തങ്കമ്മയുടെ മേലുകാച്ചിൽ?" ഉപവിക്കടുത്ത ഒരാമുഖത്തോടെ ഓക്കാണ്ടച്ചേട്ടൻ ഒരു കമ്പിളിപ്പുതപ്പും പുതച്ചു് മുറിയിൽക്കയറി. രോഗിണിയുടെ നെററിത്തടത്തിൽ തണുത്തുവിറങ്ങലിച്ച ആ കൈപ്പത്തി അമർത്തിവച്ചുകൊണ്ടു് അയാൾ പറഞ്ഞു: "അല്ലാ, മോനേ, വല്ല

അപ്പോത്തിക്കരിയേയും കാണിയ്ക്കണം. പെങ്കുട്ടിയ്ക്കു വല്ലാതെ പനിയ്ക്കുന്നുണ്ട്." "അതിനുള്ള മാർഗ്ഗമെന്തെന്നാണ് ഞാനും നോക്കുന്നത്." "അപ്പോ ഇന്നാലെ മൊകന്ദനു പെരുത്തു കാശു പിരിഞ്ഞു കിട്ടിയല്ലോ മോനൊന്നും തന്നില്ലേ?ഞാനിന്നലെ അവരുടെക്കൂടെ പോണ കണ്ടില്ലേ? പിള്ളേര് നേരെ തലേക്കെട്ടും നീലപ്പട്ടയുംവച്ച ആ ശിപായിമാരുള്ള കാപ്പിക്കടേലേക്കാ കേറിപ്പോയത്. എന്നാ ഒരു കോപ്പ കാപ്പിയെങ്കിലും മേടിച്ചുതരുമെന്നാ ഞാനോർത്തത്. പൊറത്തു ഞാൻ കാത്തുനിന്നു സിക്രേട്ടും വലിച്ച് പൊകേം വിട്ട് അവറങ്ങെറങ്ങിപ്പോയി. ഒന്നു മിണ്ടണമല്ലോ. ഉം"

പടികയറിവരുന്ന സഖാവു മുകുന്ദനെ കണ്ടപ്പോൾ വൃദ്ധൻ നിശ്ശബ്ദനായി. "ലാൽസലാം" സഖാവ് ജോൺസണെ അഭിവാദ്യം ചെയ്തു. വെന്തുരുകുന്ന ഹൃദയത്തിന്റെ ബഹിർസ്ഫുരണത്തെ നിയന്ത്രിച്ചുമത്തിക്കൊണ്ടു ജോൺസൺ ഒന്നു പുഞ്ചിരിതൂകി. "പ്രസിഡണ്ടു ശങ്കർജിയെ അറസ്റ്റുചെയ്തിരിക്കുന്നു. പ്രതിഷേധജാഥാ ഉടനെ പുറപ്പെടണം. ജോൺസണായിരിക്കണം ഇന്നത്തേയും ജാഥാക്യാപ്റ്റൻ. നമ്മുടെ വിപ്ലവധ്വനികളാൽ പോലീസ് സ്റ്റേഷൻ മുഴക്കണം. ഉം. വേഗം ആ ചെങ്കുപ്പായം ധരിക്കു." സഖാവു തിടുക്കംകൂട്ടി.

ജോൺസൺ: "വൈഫിന്റെ ഫീവറ് കുറച്ചു കൂടുതലാണ്." മുകുന്ദൻ: "സഖാവേ, അതൊന്നുമത്ര സാരമില്ല. നമ്മുടെ അപ്പൂപ്പൻ ഇവിടെയിരുന്നുകൊള്ളും. വേഗം പുറപ്പെടുക."

ജോൺസൺ മുകുന്ദനെ പടിഞ്ഞാറേ ഇറയത്തേയ്ക്കു വിളിച്ചുകൊണ്ടുപോയി തന്റെ സ്ഥിതിഗതികൾ തൊണ്ടയിടറിക്കൊണ്ടു വിവരിച്ചു. ഉത്തരക്ഷണത്തിൽ ആ 'സാധുസംരക്ഷകൻ' പ്രതിവചിച്ചു: "സഖാവിത്ര ശുദ്ധഹൃദയനോ? പണിമുടക്കഫണ്ടിൽനിന്നു പണമെടുത്തുതരാൻ എനിക്കെങ്ങനെ സാധിക്കാനാ? വേറെ എത്രയെത്ര ചെലവുകൾക്കുള്ളതാണത്. രോഗവും പട്ടിണിയുമൊക്കെ കമ്മ്യൂണിസ്റ്റുകാരുടെ കൂടപ്പി

റപ്പുകളാണ്. ഒരു വിപ്ലവകാരിയ്ക്കുട്ടത്ത ചങ്കുററത്തോടേ ഇതെല്ലാം തരണംചെയ്യുന്നതിലാണു നമ്മുടെ വിജയം. എന്നാൽ ഞാൻ പോണു. ലാൽസലാം." മുകുന്ദൻ കക്ഷത്തിലൊരു 'മെഗഫോണും'വച്ച് സിഗരററിന്റെ പുകച്ചുരുൾ അന്തരീക്ഷത്തിലേയ്ക്കൂതിക്കയററിക്കൊണ്ടു് ഉടൻ സ്ഥലംവിട്ടു.

പാവം ജോൺസൺ! നാട്ടുപ്രമാണികൾ ആ യുവാവിനെ പണ്ടേ ചവച്ചുതുപ്പി. ഇപ്പോളിതാ സ്വന്തം സഖാക്കളും അയാളുടെനേരേ കണ്ണുരുട്ടുന്നു. കരുണയററ കഠിനലോകം!

മുകുന്ദന്റെ ആ പോക്ക് ഓക്കാണ്ടച്ചേട്ടനെ രോഷാവേശനാക്കി "ഇവരാണോ തമത്വം തമ്പാദിക്കാൻ വരുന്നോര്" വൃദ്ധൻ താടിതിരുമ്മി. കൈയേൽ 'കരണ്ടകോം'കെട്ടി എറങ്ങീരിക്കുകാ. . . . പെണ്ണാണെങ്കി പോതോംപൊക്കണോമില്ലാതെ മയങ്ങിക്കിടക്കുന്നു. ഉം– പ്രതങ്കിക്കാൻ ആക്കാ മേലാത്തേ"

തങ്കമ്മയുടെ ഞരക്കംകേട്ട് അവർ അകത്തേയ്ക്കുചെന്നു. അവൾ അസ്ഥിയും തൊലിയും മാത്രമുള്ള ആ കൈത്തണ്ടു കഴുത്തിൽ വെച്ചുകൊണ്ട് എന്തോ പറഞ്ഞു. മരവിച്ചുനില്ക്കുന്ന ജോൺസന്റെ മുഖത്തേയ്ക്ക് ആ സാദ്ധ്വി രൂക്ഷതയോടേ നോക്കി. അപ്പൂപ്പൻ അവൾ പറഞ്ഞതു് ആവർത്തിച്ചു: "താലി പൊട്ടിച്ചു പണയംവെക്കാൻ." തങ്കമ്മ തുടന്നു: "ഈ ഇങ്കിലാബ് കാർ ഒരപകടംവന്നാൽ ഒത്തിരി സഹായിക്കുമെന്നു ഞാൻ പറയാറുള്ളതല്ലേ" അവൾ ആ താലിച്ചരട് എങ്ങനെയോ പൊട്ടിച്ചു"കർത്താവിനറിയാം നമ്മുടെ കഷ്ടപ്പാട്. നമ്മുടെ ക്രൂദാശാബന്ധം ഈ രണ്ടു പണമിടത്തൂക്കം പൊന്നിലല്ല. കുഞ്ഞുങ്ങളിത്തിരി കഞ്ഞിവെള്ളം കുടിക്കട്ടെ. അപ്പൂപ്പനിതുകൊണ്ടുപോയി പണയംവെച്ചു കിട്ടുന്ന കാശുംകൊണ്ടുവാ" അവളതു് അപ്പൂപ്പന്റെ നേർക്കു നീട്ടി. അപ്പോഴതാ സുസ്മേരവദനരായ രണ്ടു ചെറുപ്പക്കാർ ആ ഗൃഹത്തിലേയ്ക്കു കയറിവരുന്നു. നഗരത്തിലേ വിൻസന്റ് ഡി പോൾസംഘത്തിന്റെ പ്രസിഡ

ണ്ടും സെക്രട്ടറിയും. ഒരു സഞ്ചിയിൽ "യു. എസ്. എ. വി. ഡി പോറം" സൊസൈററിയെന്ന 'ലേബലൊ'ട്ടിച്ചിട്ടുള്ള നാലഞ്ചു പാൽടിന്നുകൾ. മറെറാരു സഞ്ചിയിൽ കുറെ മധുരനാരങ്ങാ. അവർ ആ സഞ്ചികൾ ജോൺസന്റെ കൈയിൽ കൊടുത്തു. സഹാറായിലെ ഒരു കുളിർകാററ് ആ കൊച്ചുഭവനത്തിലും വീശിത്തുടങ്ങി. സണ്ണിയും ഡേവിയും മധുരനാരങ്ങ പൊളിച്ച് ആർത്തിയോടെ തിന്നു.

ജോൺസനെ രഹസ്യത്തിൽ വിളിച്ചുകൊണ്ടുപോയി അവർ എന്തോ ഗൗരവപൂർവ്വം സംസാരിച്ചു . . . "അപ്പോൾ ഈ കുട്ടികളെയോ" അയാൾ ചോദിച്ചു. "ബോസ് കോബോർഡിംഗിൽ തൽക്കാലം താമസിപ്പിക്കുകതന്നെ" അതിഥികൾ പ്രതിവചിച്ചു. അവർ സത്വരം മടങ്ങി. അരമണിക്കൂറിനുള്ളിൽ ഒരു ആംബുലൻസ് കാർ മുററത്തുവന്നുനിന്നു. തങ്കമ്മയെ പതുക്കെപ്പിടിച്ച് കാറിൽ കയററി. ജോൺസന്റെ നെഞ്ചിൽ തല ചാരിവെച്ചുകൊണ്ടു തങ്കമ്മ, രണ്ടുവശത്തും കുഞ്ഞുങ്ങൾ, സീററിന്റെ ഒരു കോണിൽ ഓക്കാണ്ടച്ചേട്ടൻ. ഡ്റൈവറിനടുത്തു സംഘംപ്രസിഡണ്ട്, തൊട്ടടുത്ത് സിക്രട്ടറി. ആംബുലൻസ് കാർ സാവധാനം നീങ്ങി. ഇരമ്പിത്തകർത്തുവരുന്ന ഒരു തൊഴിലാളിജാഥാ അവരെ അഭിമുഖീകരിച്ചു. അതിനെ ഭേദിക്കുവാൻ ഡ്റൈവർക്കു സാധിച്ചില്ല. അയാൾ റോഡിന്റെ ഒരു ചെരുവിൽക്കൂടെ തന്റെ വാഹനത്തെ പതുക്കെപ്പതുക്കെ മുന്നോട്ടുനീക്കി. ജാഥാ കണ്ടമാത്രയിൽ ജോൺസൺ തലതാഴ്ത്തി. എന്നാൽ, ഓക്കാണ്ടച്ചേട്ടൻ കഴുത്തു പുറത്തേയ്ക്കിട്ടുകൊണ്ട് ആ 'തമത്ത'ക്കാരെ നോക്കി കണ്ണുരുട്ടി. ആ നെടുനീളൻ ഘോഷയാത്രയുടെ പിറകിൽ മുകുന്ദനും ഉണ്ടായിരുന്നു. സഖാവു കാറിലേയ്ക്കു മിഴിച്ചുനോക്കി "കണ്ടോടാ കാലമാടാ, ഇവരാടാ ആണുങ്ങള് ഇതാടാ സേവനം." ഓക്കാണ്ടച്ചേട്ടൻ കാറിലിരുന്നു വിളിച്ചുപറഞ്ഞു.

L. D. V M.

# വിഷയസൂചി


1) തിരുഹൃദയഭക്തി നമ്പർ 1. 9. 19. 24. 31. 42  
56. 63. 76. 81.

2) ഉണ്ണിയീശോയോടുള്ള ഭക്തി. „ 21.

3) ദിവ്യകാരുണ്യഭക്തി. „ 7. 10. 29. 65.

4) ദൈവമാതൃഭക്തി. „ 12. 28. 48. 68.

i) വ്യാകുലമാതൃഭക്തി „ 18. 33. 80.

ii) ജപമാലഭക്തി „ 2. 25.

iii) മേയ് മാസഭക്തി „ 39. 71.

iv) ഉത്തരീയഭക്തി „ 55.

5) വി. യൗസേപ്പുപിതാവിനോടുള്ള ഭക്തി „ 3. 44.

6) ശുദ്ധീകരാത്മാക്കളോടുള്ള ഭക്തി „ 75.

7) പ്രാർത്ഥനയുടെ ശക്തി „ 8. 23. 36. 53.

8) മാതാപിതാക്കന്മാരോടുള്ള ഭക്തി „ 41. 45. 68. 72.

9) മിഷൻചൈതന്യം „ 4. 13. 27. 35. 46. 62.

10) കത്തോലിക്കാവിദ്യാലയങ്ങളുടെ വൈശിഷ്ട്യം „ 60. 67

11) ദൈവതിരുമനസ്സിനോടുള്ള യോജിപ്പ് „ 47.

12) ദൈവവിളിയെ സഹായിക്കുക „ 37

13) പ്രകൃതിയിൽനിന്നുള്ള പാഠം „ 64.

നമ്പർ

14) ദൈവസാന്നിദ്ധ്യസ്മരണ 〃 67.
15) സദ്ഗ്രന്ഥപാരായണം 〃 24.
16) ദൈവപരിപാലന 〃 17.
17) വിശ്വാസതീക്ഷ്ണത 〃 20. 57.
18) പരിശ്രമശീലം 〃 38. 64.
19) അന്ധവിശ്വാസം 〃 70.
30) അനുസരണം 〃 50.
21) ദീനാനുകമ്പ 〃 6. 10. 14. 22. 26. 30. 40. 46. 49. 58. 61. 66.
22) കർത്തവ്യബുദ്ധി 〃 11.
33) പരദൂഷണം 〃 51.
24) സത്യസന്ധത 〃 15. 22. 52. 54. 74.
25) ശത്രുസ്നേഹം 〃 5. 43. 59. 69.
26) കൂട്ടുകെട്ട് 〃 52.
27) സുശിക്ഷണം 〃 15.
28) കമ്മ്യൂണിസം 〃 82
29) വിനയം 〃 77.
30) സന്മാതൃക 〃 16. 32. 34.
31) സഹനം. 〃 32.
32) സിനിമാ 〃 79.
33) ഔദാര്യം 〃 1. 38. 54. 78.
34) ത്യാഗം. 〃 5. 37. 66. 73.

# കഥാചന്ദ്രിക

Q. 31/1421

MB:23.5
EA

Indic Digital Archive Foundation
gpura.org